കേരള
വിദ്യാഭ്യാസ കമ്മീഷൻ
റിപ്പോർട്ട്

ഡോ. അശോക് മിത്ര *(ചെയർമാൻ)*
പ്രൊഫ. എസ്. അനന്തലക്ഷ്മി
പ്രൊഫ. എൻ. ബാലകൃഷ്ണൻ നായർ
ഡോ. കെ. ഗോപാലൻ
ശ്രീ. ടി. എൻ. ജയചന്ദ്രൻ
ഡോ. സി. ടി. കുര്യൻ
പ്രൊഫ. കെ. എൻ. പണിക്കർ
ശ്രീ. പി. കെ. ഉമാശങ്കർ
പ്രൊഫ. എം. വിജയൻ

സംഘാടനം :
കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

കേരള
വിദ്യാഭ്യാസ കമ്മീഷൻ
റിപ്പോർട്ട്

കേരള
വിദ്യാഭ്യാസ കമ്മീഷൻ
റിപ്പോർട്ട്

ഡോ. അശോക് മിത്ര (ചെയർമാൻ)

പ്രൊഫ. എസ്. അനന്തലക്ഷ്മി

പ്രൊഫ. എൻ. ബാലകൃഷ്ണൻ നായർ

ഡോ. കെ. ഗോപാലൻ

ശ്രീ. ടി.എൻ. ജയചന്ദ്രൻ

ഡോ. സി.ടി. കുര്യൻ

പ്രൊഫ. കെ.എൻ. പണിക്കർ

ശ്രീ. പി.കെ. ഉമാശങ്കർ

പ്രൊഫ. എം. വിജയൻ

സംഘാടനം:

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് ● സംഘാടനം : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ● ഒന്നാം പതിപ്പ് : മെയ് 1999 ● രണ്ടാം പതിപ്പ് : സെപ്തംബർ 2000 ● പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചി-24 ● ലിപിവിന്യാസം : മാക്‌വെൽ ഗ്രാഫിക്സ്, കൊച്ചി-35 ● അച്ചടി : എസ്.കെ. എന്റർപ്രൈസസ്, കൊച്ചി-18 ● വില : 100ക (1996ലെ റൈറ്റ് ലൈവ്‌ലിഹുഡ് അവാർഡ് ലഭിച്ച തുക കൊണ്ട് ഭാഗികമായി സാമ്പത്തിക സഹായം ഉപയോഗിച്ച് പ്രസിദ്ധീകരിക്കുന്നത്.)

Report of the Kerala Education Commission ● Constituted by: Kerala Sastra Sahitya Parishad ● First Edition : May 1999 ● Second Edition : September 2000 ● Published & Distributed by : Kerala Sastra Sahitya Parishad, Kochi - 24 ● Typesetting : Macwell Graphics, Kochi -35 ● Printed at : S.K. Enterprises, Kochi - 18 ● Price : Rs. 100/-

(Partly financed by The Right Livelyhood Award of 1996).

KSSP 1006 IIE SEPT 00 Crl/4 2K 1000 FT 574/99

മുഖവുര

1995 നവമ്പറിൽ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച 'വിദ്യാഭ്യാസജാഥ' കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, സംസ്ഥാനമാകെ സഞ്ചരിക്കുകയുണ്ടായി. ജാഥയുടെ സമാപനം കുറിച്ചുകൊണ്ട്, 1995 നവംബർ 18ന് തൃശൂരിൽ ഒരു 'വിദ്യാഭ്യാസ ജനസഭ' ചേർന്നു. വിദ്യാഭ്യാസരംഗത്തെ വിവിധപ്രശ്നങ്ങൾ പഠിക്കാനും സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാനും ഉദ്ദേശിച്ചു കൊണ്ട് ഒരു ജനകീയ കമ്മീഷനെ നിയമിക്കാൻ ജനസഭയിൽ ഐകകണ്ഠ്യമായ തീരുമാനമുണ്ടായി അങ്ങിനെ നിലവിൽ വന്ന കേരള വിദ്യാഭ്യാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ 1996 മാർച്ചിലാണ് ഔപചാരികമായി ആരംഭിച്ചത്.

കമ്മീഷന്റെ പശ്ചാത്തലം

ജനകീയ വിദ്യാഭ്യാസകമ്മീഷൻ എന്ന ആശയം രൂപപ്പെട്ടു തുടങ്ങിയിട്ടു തന്നെ ഏതാണ്ട് രണ്ട് ദശകക്കാലമായി. കേരളത്തിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രശ്നങ്ങൾ വിശദമായി പരിശോധിക്കാൻ 1981ൽ പരിഷത്ത് ഒരു സംഘത്തിനെ നിയോഗിച്ചു. 1982ൽ ആ പഠന സംഘം അതിന്റെ നിർദ്ദേശങ്ങളങ്ങിയ രേഖ സമർപ്പിച്ചു. 1986ൽ, വിദ്യാഭ്യാസരംഗത്തെ ഗുരുതരമായ അഴിമതികൾ അന്വേഷിക്കാൻ ഒരു 'കമ്മീഷനെ' പരിഷത്ത് നിയോഗിച്ചു. കേരളത്തിലെ വിദ്യാഭ്യാസത്തെ കുറിച്ച് സമഗ്രമായി പഠിക്കേണ്ടതിന്റെ ആവശ്യകത സംഘടനയ്ക്കകത്ത് പിന്നീടും പലവട്ടം ഉയർന്നുവന്നു. പ്രത്യേകിച്ചും സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ 1987-88ലും, 1989-90ലും.

കേരളത്തിലെ വിദ്യാഭ്യാസസംവിധാനത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലും 90കളുടെ മധ്യത്തിൽ വലിയതോതിലുള്ള മാറ്റങ്ങളുമുണ്ടായി. സർക്കാർ നിയന്ത്രണത്തിനും ജനാധിപത്യ മൂല്യങ്ങൾക്കും വിദ്യാഭ്യാസ വ്യവസ്ഥയിലുണ്ടായിരുന്ന പിന്തുണ ക്രമേണ കച്ചവടവൽക്കരണത്തിനും ഉദാരവൽക്കരണത്തിനും വഴിമാറിക്കൊടുത്തു. പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപിനു തന്നെ വെല്ലുവിളിയുയർത്തിക്കൊണ്ട് കച്ചവടം ലക്ഷ്യമാക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു ശൃംഖല തന്നെ സർക്കാർ പിന്തുണയോടെ സ്കൂൾ വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും തഴച്ചു വളർന്ന്. സൗകര്യങ്ങളുടേയും ഫണ്ടിന്റെയും അഭാവവും നിരന്തരമായ നിലവാരത്തകർച്ചയും പൊതുവിദ്യാഭ്യാസത്തെ ബാധിച്ചു. പൊതുവിദ്യാലയങ്ങളുടെ ഈ ശോചനീയാവസ്ഥ, പൊതു വിദ്യാഭ്യാസത്തെ തന്നെ തല്ലാനുള്ള വടിയായും കച്ചവട-'അൺഎയിഡഡ്' മേഖലയ്ക്കുള്ള അംഗീകാരവുമായി മാറി. ശാസ്ത്രത്തെ ജനങ്ങളിലെത്തിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു സംഘടനയായ പരിഷത്ത് ഇത്തരമൊരു മാറ്റം ബാധിക്കുക സമൂഹത്തിലെ പിന്നാക്കക്കാരെയാണെന്ന് കണ്ടെത്തി. ജനകീയ വിദ്യാഭ്യാസത്തിനായുള്ള ഏതൊരു നിർദേശത്തിന്റേയും മുന്നോടിയായി വിശദമായ പഠനവും ചർച്ചകളും നടക്കേണ്ടതുണ്ട് എന്നത് വ്യക്തമാണ്. അതാകട്ടെ, കേരളത്തിലെ വിദ്യാഭ്യാസത്തെ കുറിച്ച് നന്നായറിയാവുന്ന, പ്രതിബദ്ധരും നവീനാശയഗതിക്കാരുമായ ഒരു സംഘമാണ് നിർവഹിക്കേണ്ടത്. അത്തരമൊരു വിദഗ്ദ്ധ ഗ്രൂപ്പിനെ കണ്ടെത്താനുള്ള പരിശ്രമത്തിന്റെ ഫലമാണ് കേരള വിദ്യാഭ്യാസ കമ്മീഷൻ.

പ്രഗത്ഭ സാമ്പത്തിക, വിദ്യാഭ്യാസ വിദഗ്ദ്ധനായ ഡോ: അശോക് മിത്രയാണ് കമ്മീഷൻ ചെയർമാൻ. ഇനിപ്പറയുന്നവരാണ് കമ്മീഷനിലെ അംഗങ്ങൾ:

- പ്രൊഫ. എസ്. അനന്തലക്ഷ്മി - ഡൽഹി യൂണിവേഴ്സിറ്റിയിലെ വിദ്യാഭ്യാസവിഭാഗത്തിന്റെ മുൻമേധാവി, ശിശുവിദ്യാഭ്യാസ വിദഗ്ദ്ധ.
- പത്മശ്രീ ഡോ. എൻ. ബാലകൃഷ്ണൻ നായർ - പ്രശസ്ത ശാസ്ത്രജ്ഞൻ, മുൻ യൂണിവേഴ്സിറ്റി പ്രൊഫസർ, കേരള സർക്കാരിന്റെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ മുൻ ചെയർമാൻ.
- ഡോ. കെ. ഗോപാലൻ - മുൻ വൈസ് ചാൻസലർ, എൻ.സി.ഇ.ആർ.ടി.യുടെ മുൻ ഡയറക്ടർ.
- ശ്രീ. ടി.എൻ. ജയചന്ദ്രൻ, ഐ.എ.എസ് - മുൻ വൈസ് ചാൻസലർ, കേരള സർക്കാരിന്റെ മുൻ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും കമ്മീഷണറും.
- ഡോ. സി.ടി.കുര്യൻ - പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞൻ, ചെന്നൈയിലെ MIDSന്റെ മുൻ ഡയറക്ടർ
- പ്രൊഫ. കെ.എൻ. പണിക്കർ - പ്രശസ്ത ചരിത്രകാരൻ, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ആർക്കൈവ്സ് ഓൺ കണ്ടമ്പററി ഹിസ്റ്ററിയുടെ ചെയർമാനും പ്രൊഫസറും.
- ശ്രീ. പി. കെ. ഉമാശങ്കർ, ഐ.എ.എസ് - കേരള, കേന്ദ്ര സർക്കാരുകളുടെ മുൻ സീനിയർ വിദ്യാഭ്യാസ അഡ്മിനിസ്ട്രേറ്റർ.
- പ്രൊഫ. എം. വിജയൻ - പ്രശസ്ത ശാസ്ത്രജ്ഞൻ, ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ മോളിക്കുലാർ ബയോഫിസിക്സ് വിഭാഗത്തിന്റെ തലവൻ.

കമ്മീഷൻ അംഗങ്ങൾ നൽകിയ ഹൃദയംഗമായ സഹകരണത്തിന് ശാസ്ത്രസാഹിത്യ പരിഷത്ത് ഓരോരുത്തരോടും കടപ്പെട്ടിരിക്കുന്നു.

ഡോ. എം.പി. പരമേശ്വരൻ, ശ്രീ. സി.പി. നാരായണൻ, ഡോ. ആർ.വി.ജി. മേനോൻ, ശ്രീ. ഒ.എം. ശങ്കരൻ, ശ്രീ. സി. രാമകൃഷ്ണൻ ഡോ. കെ.എൻ. ഗണേഷ് എന്നിവരടങ്ങിയ ഒരു സെക്രട്ടേരിയൽ ടിം കമ്മീഷനെ സഹായിച്ചു.

പ്രീ-സ്കൂൾ തൊട്ട് ഉന്നതവിദ്യാഭ്യാസവും ഗവേഷണവും വരെയുള്ള മൊത്തം വിദ്യാഭ്യാസ സംവിധാനം, എല്ലാതരത്തിലുമുള്ള സ്ഥാപനങ്ങളും ഏജൻസികളും എന്നിവ കമ്മീഷന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുമെന്നതിനാൽ ഏറ്റെടുത്ത ചുമതല അത്യന്തം സങ്കീർണ്ണമായിരുന്നു. പരിഗണനാവിഷയങ്ങളും അതനുസരിച്ചുള്ള പ്രവർത്തന പദ്ധതിയും തീരുമാനിക്കാൻ കമ്മീഷൻ രണ്ടുവട്ടം സമ്മേളിച്ചു. ജീവിതത്തിന്റെ നാനാതുറകളിലും പെട്ടവരുമായി കൂടിക്കാഴ്ച നടത്താനും തെളിവുകൾ ശേഖരിക്കാനും പലദിവസത്തെ കഠിനമായ യാത്ര വേണ്ടിവന്നു. കൂടാതെ നിരവധി വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ചില പ്രശ്നങ്ങൾക്ക് വിശദമായ പ്രതികരണങ്ങൾ തേടുകയും ചെയ്തു. നിരവധി സന്നദ്ധപ്രവർത്തകർ മുഖേന മാസങ്ങളോളം ഊർജ്ജിതമായ വിവരശേഖരണവും നടത്തി.

കമ്മീഷന്റെ മുമ്പാകെയുണ്ടായിരുന്ന പ്രശ്നങ്ങൾ

റിപ്പോർട്ടിന് അവസാനരൂപം നൽകുന്നതിന്റെ ഭാഗമായി നിരവധി കുഴഞ്ഞ പ്രശ്നങ്ങൾ

കമ്മീഷന് കൈകാര്യം ചെയ്യേണ്ടി വന്നു. പൊതുവിദ്യാഭ്യാസത്തിന്, പ്രത്യേകിച്ച് സമൂഹത്തിലെ താഴ്ന്നവരുടെ മക്കൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങൾക്ക് ഏതൊരു ബദൽ സംവിധാനത്തിലൂടെയായാലും മുൻഗണന കിട്ടണമെന്ന കാര്യത്തിൽ കമ്മീഷൻ അംഗങ്ങൾ ഏകാഭിപ്രായക്കാരായിരുന്നു. എന്നാൽ മികവിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള ശ്രമവും സമത്വവാദവും തമ്മിൽ എങ്ങിനെ പൊരുത്തപ്പെടുത്താമെന്ന കാര്യത്തിൽ ഒരു തീരുമാനത്തിലെത്തുക എളുപ്പമായിരുന്നില്ല. 'മികവ്'(excellence) എന്നത് ഉന്നതർക്കു മാത്രം അവകാശപ്പെട്ടതും അക്കാദമികപ്രകടനത്തിന്റെ ഔന്നത്യത്തിലെത്തുന്ന ഏതാനും അനുഗൃഹീതർക്ക് വേണ്ടിയുള്ളതുമായ ഒരാശയമായാണല്ലോ കരുതപ്പെടുന്നത്. ആകയാൽ മികവിനു വേണ്ടിയുള്ള ഏതൊരു ശ്രമത്തിലും സാമൂഹികമായ വേർതിരിവിന്റെ ഒരംശം നിലവിലുണ്ട്; എങ്കിലും, വർഗ്ഗ, ജാതി, ലിംഗ-വ്യത്യാസങ്ങൾക്കെല്ലാം അതീതമായി ഏതൊരു വ്യക്തിക്കും പരമാവധി വിദ്യാഭ്യാസനേട്ടങ്ങൾ കൈവരിക്കാനുള്ള സാധ്യത പ്രദാനം ചെയ്യാൻ സമൂഹത്തോട് ബാധ്യതയുള്ള ഏതൊരു വിദ്യാഭ്യാസസംവിധാനത്തിനും കഴിയേണ്ടതാണ്. ഈ ലക്ഷ്യം നേടാൻ, നിലവിലുള്ള രീതിയിൽ മാറ്റം വരുത്താനും തികച്ചും വ്യത്യസ്തമായ ഒരു വിദ്യാഭ്യാസകാഴ്ചപ്പാട് വികസിപ്പിച്ചെടുക്കാനും ശ്രമിക്കേണ്ടതാണ്.

പഠന-ബോധന പ്രവർത്തനങ്ങൾ ഏത് ഭാഷയിലാവണം എന്നതായിരുന്നു മറ്റൊരു ചോദ്യം. ഭൂരിപക്ഷം കുട്ടികളും ഇപ്പോഴും മാതൃഭാഷയിൽ തന്നെയാണ് പഠിക്കുന്നതെങ്കിലും, ഇംഗ്ലീഷിനോടുള്ള ആഭിമുഖ്യം വളർന്നുവരുന്നതായി കാണാം. ഈ പ്രവണതയ്ക്കു പിന്നിൽ ഭാഷാപരമോ ബോധനശാസ്ത്രപരമോ ആയ വാദങ്ങളേക്കാൾ, ഉന്നതവിദ്യാഭ്യാസത്തിന് ഇംഗ്ലീഷ് ആവശ്യമാണെന്ന തോന്നൽ ആണ് പ്രവർത്തിക്കുന്നത്. ഇന്ത്യക്കകത്ത് 'മാന്യമായ' മധ്യവർഗത്തൊഴിലിനോടുള്ള ആകർഷണവും വിദേശങ്ങളിലെ തൊഴിലവസരങ്ങളുമാണ് ഈ താല്പര്യത്തിലേക്ക് നയിച്ചത്. ഇതൊക്കെയാണെങ്കിലും, ഇംഗ്ലീഷ് ബോധനം ഇപ്പോഴും ദയനീയമാണ്. ഭൂരിപക്ഷം കുട്ടികൾക്കും ഇംഗ്ലീഷ് വമ്പിച്ച ഒരു കടമ്പയായിത്തന്നെയാണ് അനുഭവപ്പെടുന്നത്. ഭാഷാധ്യാപനത്തോടും, ബോധനമാധ്യമത്തോടും ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ് ഇവയും ഉയർത്തുന്നത്. പൊതുജനങ്ങളെ സംബന്ധിച്ച്, ഒരു ഭാഷ ഫലപ്രദമായി പഠിക്കുകയെന്നാൽ അത് അധ്യയനമാധ്യമമായി ഉപയോഗിക്കുകയെന്നാണർത്ഥം. ഈ പ്രശ്നവും പ്രാധാന്യത്തോടു കൂടിത്തന്നെ കമ്മീഷന്റെ മുമ്പാകെ വരികയുണ്ടായി. കമ്മീഷനു കിട്ടിയ പ്രതികരണങ്ങളിൽ ഇക്കാര്യത്തിൽ ഏകാഭിപ്രായം ഉണ്ടായിരുന്നില്ല. എന്നാൽ, മാതൃഭാഷ തന്നെയാവണം മുഖ്യമായി പഠിക്കേണ്ട ഭാഷയെന്ന കാര്യത്തിലും അതുതന്നെയാവണം അധ്യയന മാധ്യമമെന്ന കാര്യത്തിലും ഏതാണ്ട് ഏകാഭിപ്രായം ഉണ്ടായിരുന്നു. അതുപോലെ, ഒരു ഭാഷാപഠനത്തിലുള്ള വൈദഗ്ദ്ധ്യവും, അധ്യയന മാധ്യമമെന്ന നിലയിലുള്ള അതിന്റെ ഉപയോഗവും രണ്ടും രണ്ടാണെന്ന കാഴ്ചപ്പാടും ഏതാണ്ട് ദൃശ്യമായിരുന്നു.

മൂന്നാമത്തെ പ്രശ്നം വിദ്യാഭ്യാസത്തിന്റെ തൊഴിൽവൽക്കരണത്തെ സംബന്ധിച്ചതാണ്. തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാൻ സർക്കാരും സർവകലാശാലകളും നടത്തുന്ന ശ്രമത്തിന്റെ പശ്ചാത്തലത്തിൽ, എല്ലാ ചർച്ചകളിലും ഇത് മുഖ്യമായിത്തന്നെ ഉയർന്നുവന്നു. വിദ്യാഭ്യാസം തികച്ചും തൊഴിലധിഷ്ഠിതമാക്കാൻ സാധ്യമാണോ എന്ന ചോദ്യവും ഉയർത്തപ്പെട്ടു. ചില ട്രേഡുകളുടെ പരിശീലനഘട്ടത്തിൽ മാത്രമേ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാവൂ. എങ്കിലും, നിലവിലുള്ള 'അക്കാദമിക'വിദ്യാഭ്യാസം കൈത്തൊഴിലിനോടുള്ള അഭിഭാവം സൃഷ്ടിക്കുകയോ സാങ്കേതിക ശേഷികൾ നേടാൻ സഹായിക്കുകയോ ചെയ്യുന്നില്ലെന്ന അഭിപ്രായം കമ്മീഷനു കിട്ടിയ

പ്രതികരണങ്ങളിൽ ദൃശ്യമായിരുന്നു. തൊഴിലിന്റെ മാഹാത്മ്യത്തോടുള്ള ആരോഗ്യകരമായ ആദരവും നിലവിലുള്ള വിദ്യാഭ്യാസരീതി സൃഷ്ടിക്കുന്നില്ല. അവിദഗ്ദ്ധരായ തൊഴിൽ രഹിതരുടെ എണ്ണം കൂട്ടാനേ അത് സഹായിക്കുന്നുള്ളു. അതുകൊണ്ട് കൈത്തൊഴിലിനോടുള്ള അഭിഭാവം വളർത്താനും പ്രായോഗിക ശേഷികൾ കൈക്കലാക്കാനും ഉതകുന്ന രീതിയിൽ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ പരിവർത്തിപ്പിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

മൂല്യനിർണ്ണയ സമ്പ്രദായമായിരുന്നു മറ്റൊരു കാര്യം. വിദ്യാഭ്യാസത്തിന്റെ പരിതാപകരമായ അവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് പരീക്ഷാ സമ്പ്രദായമാണെന്ന പ്രതികരണമുയർന്നുവന്നു. അതേ സമയം ആന്തരിക വിലയിരുത്തൽ പോലുള്ള ഇതര മൂല്യനിർണ്ണയ സമ്പ്രദായങ്ങളോടുള്ള കടുത്തതും പലപ്പോഴും പ്രസ്കതവുമായ വിമർശനവും ലഭിക്കുകയുണ്ടായി. പഠന പ്രക്രിയയെ ശരിക്കും സഹായിക്കുന്ന ഒരു മൂല്യനിർണ്ണയ സമ്പ്രദായം എങ്ങിനെ വികസിപ്പിച്ചെടുക്കുമെന്നത് ഗൗരവതരമായ ചർച്ചക്കുള്ള മറ്റൊരു വിഷയമായിരുന്നു.

മാനേജ്മെന്റ്, ധനവിനിയോഗം എന്നിവയും കമ്മീഷന്റെ കാര്യമായ ആലോചനകൾക്ക് വിധേയമായി. വ്യത്യസ്ത മാനേജ്മെന്റുകൾക്ക് അംഗീകാരമുള്ള ഒരു സമ്പ്രദായത്തിൽ, ഒരു പൊതുമാനദണ്ഡം രൂപീകരിക്കുകയെന്നത് ശ്രമകരമായ ഒരു കൃത്യമാണ്. നിയമനരീതി, പ്രവേശനം, സാമ്പത്തിക ഇടപാടുകൾ തുടങ്ങിയ കാര്യങ്ങളിൽ തങ്ങൾക്കുള്ള പ്രവർത്തനപരമായ സ്വാതന്ത്ര്യം ഉറപ്പിച്ചു നിർത്താൻ ന്യൂനപക്ഷങ്ങൾക്കുള്ള ഭരണഘടനാപരമായ സംരക്ഷണം മറയാക്കുകയാണ് മാനേജ്മെന്റുകൾ ചെയ്യുന്നത്. വിശേഷിച്ചും, പൊതുമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടില്ലെന്നതാണ് കേരളത്തിന്റെ ചരിത്രപരമായ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. എങ്കിലും, സാമൂഹ്യനീതിയുടേയും ന്യൂനപക്ഷ സംരക്ഷണത്തിന്റേയും തത്വങ്ങൾ ലംഘിക്കാതെ തന്നെ ചില പൊതുമാനദണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന ആശയത്തെ അംഗീകരിക്കുന്ന കാര്യത്തിൽ ഏതാണ്ടൊരു ഏകാഭിപ്രായം ഉണ്ടായി.

'സ്വാശ്രയം', 'ചെലവ് പങ്കുവയ്ക്കൽ' എന്നിങ്ങനെ വിളിക്കപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള കച്ചവടവൽക്കരണത്തിന്റെ സമകാലിക പ്രവണതയുമായി ബന്ധപ്പെടുത്തി പരാമർശിക്കുമ്പോൾ ഈ പ്രശ്നം വർദ്ധിച്ച പ്രാധാന്യം നേടുന്നു. പലതരം തൊടു ന്യായങ്ങളുടെ മറവിലാണ് അത്തരം സ്ഥാപനങ്ങൾ നിലവിൽ വന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിൽ കൂടുതൽ മുതൽ മുടക്കാനാവില്ലെന്ന വാദം സർക്കാർ ഉന്നയിക്കുന്നു. തൊഴിലധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്ക് വൻതോതിൽ ആവശ്യക്കാർ ഉണ്ടെന്നതാണ് വേറൊരു ന്യായം. കർണ്ണാടക പോലുള്ള അയൽ സംസ്ഥാനങ്ങളിലെ സമാന സ്ഥാപനങ്ങളിലേക്കുള്ള പണത്തിന്റെ ഒഴുക്ക് തടയണമെന്നതാണ് ഇനിയുമൊരു വാദം. കാരണമെന്തായാലും പല സർക്കാർ 'സംരംഭങ്ങ'ളുടേയും (ഉദാ: IHRD, ലാൽ ബഹദൂർ ശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ട്) സർവകലാശാലകളുടേയും മുഖ്യപ്രവർത്തനമായി സ്വാശ്രയസ്ഥാപനങ്ങളുടെ നടത്തിപ്പ് മാറിക്കഴിഞ്ഞു. യാതൊരു മുതൽമുടക്കുമില്ലാതെ ഒരു സ്ഥാപനം പടുത്തുയർത്തുവാനുള്ള അവസരം സ്വകാര്യ സംരംഭകരും കളഞ്ഞു കുളിച്ചില്ല. കാപിറ്റേഷൻ, ഫീസ് നിക്ഷേപം എന്നീയിനങ്ങളിൽ പലതും പടുത്തുയർത്താനായി. കമ്മീഷൻ അല്പം വിശദമായിത്തന്നെ കൈകാര്യം ചെയ്ത ഈ കാര്യം വിദ്യാഭ്യാസത്തിലെ സാമ്പത്തികമുതൽമുടക്കുമായി ബന്ധപ്പെട്ട പ്രധാന ചർച്ചക്ക് വിഷയമായി. വിദ്യാഭ്യാസത്തിൽ സംസ്ഥാനത്തിന്റെ പങ്കിനെ സംബന്ധിച്ചതായിരുന്നു വേറൊരു ചിന്താധാര. ലോകവ്യാപാര സംഘടനയും, ലോകബാങ്കിന്റെയും നിർദ്ദേശങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ

രംഗത്തുനിന്നും സംസ്ഥാന സർക്കാർ പിൻവാങ്ങുകയാണെന്ന വ്യാപകമായ വിമർശനം നിലവിലുണ്ട്. കമ്മീഷൻ മുമ്പാകെ ഹാജരായ ചിലർ സംസ്ഥാനത്തിന്റെ പിന്നാക്കം പോക്കിനെ ശക്തമായിത്തന്നെ എതിർത്തു. എന്നാൽ നിലവിലുള്ള സാമ്പത്തിക ഞെരുക്കം പരിഗണിക്കുമ്പോൾ ഇത് അനിവാര്യമാണെന്നതായിരുന്നു മറ്റു ചിലരുടെ അഭിപ്രായം. എങ്ങനെയായാലും ഇപ്പോൾ നടമാടുന്ന തരത്തിലുള്ള കച്ചവടവത്കരണത്തെ തടയാനും പിന്നോട്ടടിപ്പിക്കാനും മേൽനോട്ടപരവും ധനപരവുമായ കഴിവുകളിൽ നിന്നുകൊണ്ട് സംസ്ഥാനം അതിന്റേതായ പങ്ക് വഹിക്കേണ്ടത് ആവശ്യമാണ്. സംസ്ഥാന ഇടപെടൽ എത്രത്തോളം വേണമെന്നത് കമ്മീഷന്റെ മറ്റൊരു പരിഗണനാ വിഷയമായിരുന്നു.

വിദ്യാഭ്യാസത്തിലെ ജനാധിപത്യവത്ക്കരണമായിരുന്നു മറ്റൊരു പ്രധാന ചർച്ചാവിഷയം. വിദ്യാഭ്യാസ രംഗത്ത് ജനാധിപത്യ സ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിൽ കേരളത്തിന് മെച്ചപ്പെട്ട ഒരു പാരമ്പര്യമുണ്ട്. പക്ഷേ, സമീപകാലത്ത് അത്തരം സ്ഥാപനങ്ങൾ കടുത്ത വിമർശനങ്ങൾ നേരിടുകയാണ്. തെറ്റായ നടത്തിപ്പ്, ഉദ്യോഗസ്ഥ മേധാവിത്വം, അഴിമതി, അക്കാദമിക താല്പര്യങ്ങൾ സംരക്ഷിക്കുകയോ അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്യായ്ക തുടങ്ങിയ വിമർശനങ്ങൾക്ക് അവ വിധേയമായി. ഇത്തരം വിമർശനങ്ങൾ കമ്മീഷന് ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതുണ്ടായിരുന്നു. ഒപ്പം, സാമൂഹ്യ പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുകയെന്ന കാഴ്ച്ചപ്പാടിന്റെ ഭാഗമായി ജനാധിപത്യ സ്ഥാപനങ്ങളുടെ നിലനിൽപ്പും വികസനവും ഉറപ്പുവരുത്തേണ്ട ആവശ്യകതയും ഉണ്ടായിരുന്നു. പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ വികസനത്തോടെ ജനാധിപത്യവത്ക്കരണത്തിന് പുതിയ സാധ്യതകൾ തുറന്നിരിക്കയാണ്. സാമൂഹിക സേവന മേഖലയിൽ വമ്പിച്ച മുന്നേറ്റങ്ങൾക്കു തന്നെ രൂപം കൊടുക്കാൻ ജനകീയാസൂത്രണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി അവ പ്രാപ്തമായിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം ഇപ്പോൾ തന്നെ അവയുടെ പരിധിയിലാണ്. പ്രാദേശിക തലത്തിൽ സാമൂഹ്യ മൂല്യ നിർണ്ണയം, സാമൂഹ്യ ദിശാഗതി നിർണയം, പഠനബോധനപ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യമൊരുക്കൽ തുടങ്ങിയവ ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയെന്നത് ഈ സന്ദർഭത്തിൽ പ്രധാനമാണ്.

ജനാധിപത്യവൽക്കരണത്തെക്കുറിച്ചുള്ള ഏതൊരു സംവാദത്തിലും ക്യാമ്പസ്സ് രാഷ്ട്രീയ ചർച്ചയും കടന്നുവരും. ക്യാമ്പസിന്റെ രാഷ്ട്രീയവൽക്കരണത്തെ പല പ്രമുഖരും വിദ്യാഭ്യാസ വിദഗ്ദ്ധരും അപലപിച്ചിട്ടുണ്ട്. അതേസമയം ഉത്തരവാദിത്വപൂർണ്ണമായ രാഷ്ട്രീയ പ്രവർത്തനത്തെ, പ്രത്യേകിച്ചും, ഉന്നത വിദ്യാഭ്യാസ മേഖലയിൽ, അനുകൂലിക്കുന്നവരുടെ വിപുലമായ നിരയുമുണ്ട്. ജനാധിപത്യവത്ക്കരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്നനിലയിൽ രാഷ്ട്രീയവും അക്കാദമികവുമായ സ്വാതന്ത്ര്യം സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ക്യാമ്പസ്സ് രാഷ്ട്രീയം ഏതുപരിധി വരെ അഭിലഷണീയമാണെന്നത് മറ്റൊരു തർക്കവിഷയമാണ്.

പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും അടിച്ചമർത്തപ്പെട്ടവരുടേയു പ്രശ്നങ്ങൾ, ലിംഗപരമായ വിവേചനം എന്നിവയും ജനാധിപത്യവത്ക്കരണത്തിന്റെ ഭാഗമായി ഉയർന്നു വരുന്നു. സാമൂഹ്യവിവേചനങ്ങൾ – അവക്കു വിദ്യാഭ്യാസത്തിന്റെ ഘടനയിലും പാഠ്യപദ്ധതിയിലും ബോധനശാസ്ത്രത്തിലുമുള്ള സ്വാധീനം – എന്നിവ ഏതൊരു ജനകീയ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ ഭാഗമായും പരിശോധിക്കപ്പെടണം. എല്ലാവർക്കും തുല്യ അവസരങ്ങൾ പ്രദാനം ചെയ്യുന്ന സമതുലിതമായ ഒരു വിദ്യാഭ്യാസ പ്രക്രിയ ഉറപ്പുവരുത്താൻ സാധ്യമാണെന്ന് കേരളത്തിന്റെ

ചരിത്രപരമായ അനുഭവം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങൾക്ക് പരിമിതികളോ പരാധീനതകളോ വൈകല്യമോ ഇല്ലാതില്ല. ഈ പ്രശ്നം വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുണ്ട്.

1997 ഫെബ്രുവരിയിലാണ് കമ്മീഷൻ അതിന്റെ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചത്. തുടർന്ന് അവസാന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനത്തിലേക്ക് കടന്നു. മേൽ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങളും കമ്മീഷൻ പരിഗണിക്കുകയുണ്ടായി. സാമൂഹികമായും ബോധനശാസ്ത്രപരമായും നിലവിലുള്ള തെളിവുകളുടേയും പരിമിതികളുടേയുമെല്ലാം അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ബദൽ കാഴ്ചപ്പാടിൽ എത്തിച്ചേരാൻ കമ്മീഷൻ ശ്രമിച്ചു. സാങ്കല്പികമായ സാഹസിക ചിന്തകളിലേക്ക് തെന്നിപ്പോവാൻ വിദ്യാഭ്യാസം പോലുള്ള മേഖലയിൽ സർവദാ സാധ്യതയുണ്ട്. എങ്കിലും കഴിയുന്നത്ര യാഥാർത്ഥ്യാധിഷ്ഠിതവും പ്രായോഗികവുമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്താൻ കമ്മീഷൻ ശ്രമിച്ചിട്ടുണ്ട്.

റിപ്പോർട്ടിന്റെ ഭാഗമായി വളരെ കൃത്യമായ ശുപാർശകൾ മുന്നോട്ടു വെയ്ക്കാൻ കമ്മീഷൻ ശ്രമിച്ചിട്ടില്ല. ഒരു കൂട്ടം പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കാനും നിർദേശങ്ങളിൽ എത്തിച്ചേരാനുമാണ് കമ്മീഷൻ ശ്രമിച്ചത്. അവ പരിശോധിക്കാനും അതിലൂടെ മറ്റൊരു കൂട്ടം പരിഗണനാ വിഷയങ്ങൾ ഉരുത്തിരിയിക്കാനും ശ്രമിക്കാവുന്നതാണ്. ഇവയൊക്കെയും ജനങ്ങൾക്കിടയിൽ പൊതുവായ ചർച്ചക്കും സംവാദത്തിനും വിധേയമാക്കണമെന്നാണ് കമ്മീഷന്റെ ആഗ്രഹം. ഈയൊരർത്ഥത്തിൽ ഇതൊരു തുറന്ന റിപ്പോർട്ടാണ്. ജനങ്ങളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സംവാദങ്ങൾ ഉയർത്താനും മൂർത്തമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാനും ഇതിലൂടെ സാധ്യമാവുമെന്നാണ് പ്രതീക്ഷ.

കേരള വിദ്യാഭ്യാസ കമ്മീഷന്റെ പ്രവർത്തന ഡയറി (1996-98)

1995 നവംബർ 18: തൃശൂരിൽ നടന്ന 'വിദ്യാഭ്യാസ ജനസഭ'യിൽ വെച്ച് കേരള വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണം ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ടു.

1996 മാർച്ച് 23,24: എറണാകുളത്തെ ഭാരത് ടൂറിസ്റ്റ് ഹോമിൽ കമ്മീഷന്റെ ആദ്യ യോഗം. വിദ്യാഭ്യാസ സംവിധാനത്തിലെ പ്രശ്നങ്ങളേയും കമ്മീഷനു വേണ്ടി തയ്യാറാക്കിയ പരിഗണനാ വിഷയങ്ങളേയും സംബന്ധിച്ച പ്രാഥമിക ചർച്ച. കമ്മീഷൻ പ്രവർത്തനങ്ങളുടെ സഹായത്തിന് വിവരശേഖരണം, കർമ്മ സമിതികളുടെ രൂപികരണം എന്നിവ ആവശ്യമാണെന്ന് തീരുമാനിച്ചു.

1996 ജൂലൈ 12,13,14: തിരുവനന്തപുരത്ത് രണ്ടാം സമ്മേളനം. പ്രധാന ഉദ്ദേശ്യങ്ങൾ:- a) പരിഗണനാ വിഷയങ്ങൾക്ക് അവസാനരൂപം നൽകുക. b) പ്രാഥമിക റിപ്പോർട്ടിന്റെ സാധ്യത. c) കർമ്മ സമിതികളുടെ രൂപീകരണവും അവയുടെ പ്രവർത്തന മേഖലയും. d) തല്പരരായ ഗ്രൂപ്പുകളും പ്രഗത്ഭ വ്യക്തികളുമായുള്ള പരസ്പര ചർച്ച. കമ്മീഷൻ പരിഗണനാ വിഷയങ്ങൾക്ക് അന്തിമ രൂപം നൽകുകയും പ്രാഥമിക റിപ്പോർട്ടിന്റെ ഘടന ചർച്ച ചെയ്യുകയും ചെയ്തു. കമ്മീഷൻ അംഗങ്ങൾക്കിടയിൽ പ്രവൃത്തി വിഭജനം നടത്തി. കർമ്മ സമിതികൾക്ക് അന്തിമ രൂപം നൽകി. ശ്രീ. ഇ.എം.എസ്സ് നമ്പൂതിരിപ്പാട്, എം.ജി സർവകലാശാല വൈസ് ചാൻസലർ, നിരവധി അധ്യാപക-വിദ്യാർത്ഥി നേതാക്കൾ എന്നിവരുമായി അഭിമുഖം നടത്തി.

1996 ഒക്ടോബർ 3,4: കമ്മീഷൻ രണ്ടു ഗ്രൂപ്പായിത്തിരിഞ്ഞ് വിവിധ മേഖലകളിലുള്ള വിദ്യാഭ്യാസപ്രവർത്തകർ, അഡ്മിനിസ്ട്രേറ്റർമാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി അഭിമുഖം നടത്തി. കണ്ണൂർ-കോഴിക്കോട്, കൊച്ചി-എം.ജി സർവകലാശാല ക്യാമ്പസ്സുകൾ എന്നിവിടങ്ങളിൽ വച്ചാണ് അഭിമുഖങ്ങൾ നടന്നത് അതിലൂടെ ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട ഏതാണ്ട് 400 വ്യക്തികളിൽനിന്നും തെളിവെടുപ്പ് നടത്താനായി.

1996 ഒക്ടോബർ 5,6: എറണാകുളത്ത് മൂന്നാം കൂടിയിരിപ്പ്. വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ. ജോസഫ് ഉൾപ്പെടെയുള്ളവരുമായും അഭിമുഖം നടത്തി. വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടുമായി ബന്ധപ്പെട്ട പലവിധ കാര്യങ്ങളും കമ്മീഷൻ ചർച്ചചെയ്തു. വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ, നടത്തിപ്പ്, ധനവിനിയോഗം എന്നിവയും ചർച്ചചെയ്യപ്പെട്ടു. ശ്രീ. പി.കെ. ഉമാശങ്കർ, പ്രൊ.കെ.എൻ. പണിക്കർ എന്നിവരുടെ കുറിപ്പുകളെ ആധാരമാക്കിയാണ് ചർച്ചകൾ നടന്നത്.

1996 നവംബർ 7,8,9: തിരുവനന്തപുരത്ത് നാലാമത്തെ കുടിയിരുപ്പ്. ഡോ.ഐ.എസ് ഗുലാത്തി, ഡോ.കെ.എൻ.രാജ്, ശ്രീമതി ബി. ഹൃദയകുമാരി, പ്രൊ.ഒ.എൻ.വി. കുറുപ്പ്, ശ്രീ. പി. ഗോവിന്ദപ്പിള്ള തുടങ്ങിയവരുമായി അഭിമുഖം. വനിതാ വിമോചക പ്രവർത്തകരുമായുള്ള കൂടിച്ചേരലിനെപ്പറ്റി കമ്മീഷൻ അംഗം പ്രൊ. അനന്തലക്ഷ്മി റിപ്പോർട്ട് ചെയ്തു. വർത്തമാന സ്ഥിതിഗതികളെക്കുറിച്ചുള്ള പ്രബന്ധം വിശദചർച്ച ഉളവാക്കി. ഇടക്കാല റിപ്പോർട്ട് എന്ന് പേരിട്ട ആദ്യ റിപ്പോർട്ടിന്റെ അധ്യായത്തെ സംബന്ധിച്ച രൂപരേഖ പുന:ക്രമീകരിക്കാൻ തീരുമാനിച്ചു. അതുവരെ നടന്ന അഭിമുഖങ്ങൾ, ശേഖരിച്ച തെളിവുകൾ, ചർച്ചകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഇടക്കാല റിപ്പോർട്ടിന് 97 ജനുവരി അവസാനത്തോടെ അവസാനരൂപം നൽകാൻ തീരുമാനിച്ചു.

1997 ഫെബ്രുവരി 3,4,5,6: തിരുവനന്തപുരം CDSൽ അഞ്ചാം കൂടിച്ചേരൽ. പ്രാഥമിക റിപ്പോർട്ട് എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഇടക്കാല റിപ്പോർട്ടിന് അവസാനരൂപം നൽകുകയായിരുന്നു ഉദ്ദേശ്യം. തയ്യാറാക്കിയ അധ്യായങ്ങൾ വായിച്ചു. ആയത് പ്രാഥമിക റിപ്പോർട്ടിന്റെ താത്കാലിക രൂപമായി അവതരിപ്പിക്കുവാൻ തീരുമാനിച്ചു.

1997 ഫെബ്രുവരി 7: കേരള നിയമസഭാ സ്പീക്കർ ശ്രീ. എം. വിജയകുമാറിന് നൽകിക്കൊണ്ട് പ്രാഥമിക റിപ്പോർട്ട് ഡോ. അശോക് മിത്ര പ്രകാശനം ചെയ്തു. ചടങ്ങിൽ കമ്മീഷൻ അംഗങ്ങളായ ശ്രീ. പി.കെ. ഉമാശങ്കർ, പ്രൊ. കെ.എൻ. പണിക്കർ, ഡോ. സി.ടി. കുര്യൻ, പ്രൊ. എം. വിജയൻ എന്നിവർ പങ്കെടുത്തു.

1997 ഏപ്രിൽ 3,4,5: ആറാം കുടിയിരിപ്പ് എറണാകുളത്ത്. സ്കൂൾ-കോളേജ് സ്വകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച വ്യക്തമായ ഒരു ധാരണ അവതരിപ്പിക്കുകയായിരുന്നു ഉദ്ദേശം.

1997 ജൂൺ 20,21,22: ഏഴാം കൂടിയിരിപ്പ് തിരുവനന്തപുരത്ത്. പ്രാഥമിക റിപ്പോർട്ട് പുന: പരിശോധിക്കുകയും ചില ഭേദഗതികൾ പരിഗണിക്കുകയും ചെയ്തു. ചെയർമാൻ ഉൾപ്പെടെയുള്ള പല അംഗങ്ങളും വിമർശനപരമായ പ്രതികരണങ്ങൾ സമർപ്പിച്ചു. റിപ്പോർട്ടിന് അവസാനരൂപം നൽകുന്നതിനു മുമ്പായി അവ പരിഗണിക്കാൻ തീരുമാനിച്ചു. സർക്കാർ-സർവ്വകലാശാല ഉദ്യോഗസ്ഥരുമായുള്ള അഭിമുഖം നടന്നു.

1997 സെപ്റ്റംബർ 20,21,22: ആലുവായിൽ എട്ടാം കൂടിയിരുപ്പ്. മുൻകൂട്ടി വിതരണം ചെയ്തിരുന്ന പുതുക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ കരട് ചർച്ച ചെയ്യപ്പെട്ടു. അധ്യായങ്ങളിൽ വരുത്തേണ്ട പ്രധാനപ്പെട്ട

കൂട്ടിച്ചേർക്കലുകളും നീക്കം ചെയ്യേണ്ട ഭാഗങ്ങളും വിശദമായി ചർച്ച ചെയ്തു. റിപ്പോർട്ട് പുന:ക്രമീകരിക്കാനും സൂക്ഷ്മ പരിശോധന നടത്താനും ഡോ. സി.ടി. കുര്യൻ, ശ്രീ.പി.കെ. ഉമാശങ്കർ, പ്രൊ. എസ്. അനന്തലക്ഷ്മി എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മീഷൻ അംഗങ്ങളുടെ എല്ലാവിധ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ കമ്മിറ്റിയെ ഏല്പിക്കാനും തീരുമാനിച്ചു. കമ്മിറ്റി 98 മാർച്ചോടെ റിപ്പോർട്ട് പരിഷ്കരിച്ച് മറ്റ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തു. അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് വീണ്ടും ചില മാറ്റങ്ങൾ വരുത്തി. 1998 ജൂണിൽ ന്യൂഡൽഹിയിലെ തൂലികാ കമ്മ്യൂണിക്കേഷൻസിലെ ശ്രീമതി. ഇന്ദിരാ ചന്ദ്രശേഖർ റിപ്പോർട്ട് എഡിറ്റ് ചെയ്തു. അവസാന പ്രൂഫിന്റെ പരിശോധന ഡോ. കെ.എം.എൻ. മേനോൻ നിർവ്വഹിച്ചു. അവരുടെ ഹൃദയംഗമായ സഹകരണത്തിന് പരിഷത്ത് അങ്ങേയറ്റത്തെ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു. വീണ്ടും ചില മാറ്റങ്ങളുൾപ്പെടുത്തി അവസാന രൂപം നൽകപ്പെട്ട റിപ്പോർട്ട് ചെയർമാന്റെ അംഗീകാരം കിട്ടിയ ഉടൻ 98 ഡിസംബറിൽ പ്രസ്സിലേക്കയച്ചു. ശ്രീ. പി.എസ്. രവീന്ദ്രൻ, ശ്രീ.പി.വി. പുരുഷോത്തമൻ എന്നിവരാണ് റിപ്പോർട്ട് മലയാളത്തിലേക്ക് പരിഭാഷ നടത്തിയത്.

കർമ്മ സമിതി യോഗങ്ങൾ

ഇതിനിടയിൽ വിവിധ കർമ്മ സമിതികൾ താഴെപ്പറയുന്ന തീയതികളിൽ യോഗം ചേരുകയുണ്ടായി.

1996 ആഗസ്റ്റ് 15: തൃശൂരിൽ കർമ്മ സമിതികളുടെ പൊതുവായ കൂടിച്ചേരൽ

1996 സെപ്റ്റംബർ 8: തൃശൂരിൽ സ്കൂൾ - ഉന്നത വിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റുമായി ബന്ധപ്പെട്ട കർമ്മസമിതിയുടെ യോഗം

1996 സെപ്റ്റംബർ 14: എറണാകുളത്ത് ഉന്നതവിദ്യാഭ്യാസ കർമ്മസമിതി യോഗം.

1996 സെപ്റ്റംബർ 14: തൃശൂരിൽ തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ കർമ്മസമിതി യോഗം.

1996 സെപ്റ്റംബർ 15: തൃശൂരിൽ സെക്കന്ററി വിദ്യാഭ്യാസ കർമ്മ സമിതി യോഗം.

1996 നവംബർ 6: തിരുവനന്തപുരത്ത് വനിതാ വിമോചക പ്രവർത്തകരുടേയും വനിതാ വിദ്യാഭ്യാസ പ്രവർത്തകരുടേയും യോഗം

1996 നവംബർ 23, 24: തിരുവനന്തപുരത്ത് വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങൾ സംബന്ധിച്ച ശില്പശാല

1997 ജനുവരി 2,3: തൃശൂരിൽ കരിക്കുലം സമീപന ചർച്ച

1997 ജനുവരി 3,4: കോഴിക്കോടും തൃശൂരും വനിതാ വിമോചക പ്രവർത്തകരുമായി കൂടിച്ചേരൽ.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

അവതാരിക

കേരളത്തിലെ വിദ്യാഭ്യാസ സംവിധാനം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുവാനും ഭാവിയിൽ ഏതു ദിശയിൽ നീങ്ങണമെന്നു നിർദ്ദേശിക്കുവാനുമുള്ള ഉദ്ദേശ്യത്തോടെ, കേരള ശാസ്ത്ര സാഹിത്യപരിഷത്ത് 1996 മാർച്ചിൽ കേരള വിദ്യാഭ്യാസ കമ്മീഷനെ രൂപീകരിച്ചു. വിദ്യാഭ്യാസ സംവിധാനത്തിന്റെ ഏതാണ്ടെല്ലാ വശങ്ങളും ഉൾപ്പെടും വിധത്തിലുള്ള പരിഗണനാവിഷയങ്ങളുടെ സമഗ്രമായ ഒരു പട്ടികയാണ് കമ്മീഷൻ ചുമതലയായി ഏല്പിച്ചത്. പ്രവർത്തനമാരംഭിച്ചപ്പോൾ തന്നെ, ഊർജ്ജിതമായ പരിശോധന ഓരോ കാര്യത്തിലും ആവശ്യമാകയാൽ, ഏറ്റെടുത്ത ചുമതല അത്രയൊന്നും എളുപ്പമല്ലെന്നു കമ്മീഷനു ബോധ്യമായി. രാജ്യത്തെ മറ്റു ഭാഗങ്ങളിൽ നിന്നും വിഭിന്നമായതാണ് വിദ്യാഭ്യാസരംഗത്ത് കേരളത്തിന്റെ അനുഭവങ്ങൾ. നിരവധി വികസിതരാജ്യങ്ങളുമായി തുലനം ചെയ്യപ്പെടും വിധം പ്രാഥമിക വിദ്യാഭ്യാസരംഗത്തും സ്ത്രീ സാക്ഷരതയിലും മറ്റും കേരളം കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്. അതേ സമയം, പ്രധാനപ്പെട്ട നിരവധി മേഖലകളിൽ വമ്പിച്ച വിടവുകൾ പ്രത്യക്ഷമാണുതാനും. അതിന്റെ പ്രകടന തലങ്ങളും മെച്ചപ്പെടുത്തേണ്ട ആവശ്യകതയുണ്ടെന്ന് വ്യക്തമാണ്. വിദ്യാഭ്യാസ മാനേജ്മെന്റിനേയും ധനവിനിയോഗത്തേയും സംബന്ധിച്ച പ്രശ്നങ്ങൾ വളരെയേറെ രൂക്ഷമാണ്. വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളുടെ തുല്യമായ വിതരണകാര്യത്തിൽ ഇതിനകം ഉണ്ടായ വമ്പിച്ച നേട്ടങ്ങളെ അക്കാദമികവുമായി കൂട്ടിയിണക്കുകയെന്ന പ്രശ്നം നിലനിൽക്കുന്നു. കഴിഞ്ഞ ഏതാനും ദശകങ്ങൾക്കുള്ളിൽ കേരള സമൂഹത്തിലും ഭരണ സംവിധാനത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഓരോ പ്രശ്നവും വിശകലനം ചെയ്യാൻ.

അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ച ആശയങ്ങൾക്കു വ്യക്തത നൽകാൻ കമ്മീഷൻ പലവട്ടം കൂടിച്ചേർന്ന് വിദ്യാഭ്യാസമേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തികളിൽ നിന്നു വിവരശേഖരണം നടത്തുകയും അവരുടെ അഭിപ്രായങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ സംഘടനകളുടെ പ്രതിനിധികളുമായും, വിദ്യാഭ്യാസ പ്രശ്നങ്ങളിൽ തല്പരരായവരുടെ ഒരു നിരയുമായും അഭിമുഖങ്ങൾ നടത്തി. കമ്മീഷൻ അംഗങ്ങൾ സംസ്ഥാനമാകെ സഞ്ചരിച്ച് ജില്ലകളിൽ നിന്നും സർവകലാശാലാ കേന്ദ്രങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. അതുവരെ നടത്തിയ പഠനങ്ങളുടേയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള പ്രാഥമിക റിപ്പോർട്ട് 1997 മാർച്ചിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പോലും കമ്മീഷന് അതിന്റെ പരിമിതികളെ കുറിച്ച് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. വിവിധ തലങ്ങളിലും മേഖലകളിലും സ്വീകരിക്കേണ്ട പാഠ്യപദ്ധതിയുടെ പൊതു കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ കമ്മീഷൻ വിജയിച്ചിട്ടുണ്ട്. എങ്കിലും ഓരോ കോഴ്സിന്റെയും വിശദാംശങ്ങൾ അതത് മേഖലകളിലുള്ള വിദഗ്ദ്ധകമ്മിറ്റികളുടെ തീരുമാനത്തിന് വിടാനാണ് കമ്മീഷൻ തീരുമാനിച്ചത്. അതിനു പുറമേ, സംസ്ഥാനത്തെ വിദ്യാഭ്യാസ മാനേജ്മെന്റിന്റേയും ധനവിനിയോഗത്തിന്റേയും പുന:ക്രമീകരണത്തെ സംബന്ധിച്ച ശുപാർശകൾ രൂപപ്പെടുത്തുന്ന കാര്യത്തിലും കമ്മീഷൻ പ്രശ്നങ്ങൾ അഭിമുഖീകരിച്ചു. ഈ മേഖലകളിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ സങ്കീർണ്ണവും ബഹുതല സ്പർശിയുമാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളുടെ പരിധിക്കുള്ളിൽ അവയ്ക്ക് മുൻകൂറായ പരിഹാരവുമില്ല. ലഭ്യമായ സാഹചര്യത്തിൽ സാധ്യമായതെന്തോ, അതേക്കുറിച്ച് സ്വന്തം നിലപാട് വ്യക്തമാക്കുകയാവും ഉചിതമെന്ന തീരുമാനത്തിൽ എത്തിച്ചേരുകയാണുണ്ടായത്.

ആകയാൽ, സ്വകാര്യമാനേജ്മെന്റ് ഉൾപ്പെടെ, വിദ്യാഭ്യാസമാനേജ്മെന്റും ധനവിനിയോഗവുമായി അടുത്ത ബന്ധമുള്ള കൂടുതലാളുകളുമായി ഒരുവട്ടം കൂടി അഭിമുഖം നടത്തി. കൂടുതൽ വിവരങ്ങളും

വിശദീകരണങ്ങളും ശേഖരിച്ചു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും ഇന്നത്തെ വിദ്യാഭ്യാസ ആവശ്യങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ട് കമ്മീഷൻ എത്തിച്ചേർന്ന സാമാന്യനിഗമനങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാനേജ്മെന്റിന്റേയും ധനവിനിയോഗത്തിന്റേതുമായ ഈ മുഖ്യപ്രശ്നത്തിൽ കമ്മീഷൻ എത്തിച്ചേർന്ന തീരുമാനങ്ങൾക്ക് വ്യാപകമായ സ്വീകാര്യതയുണ്ടാകുമെന്ന വ്യാമോഹം ഇല്ല. ഒരു ജനകീയശാസ്ത്രസംഘടന രൂപം കൊടുത്ത കമ്മീഷനെന്ന നിലയിൽ, കേരളത്തിലെ ജനങ്ങളോടാണ് പ്രാഥമികമായ ബാധ്യത ഉണ്ടാവേണ്ടതെന്ന് കമ്മീഷൻ കരുതുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് യോജിച്ച ഒരു കാഴ്ചപ്പാട് ജനങ്ങൾക്കു വേണ്ടി മുന്നോട്ട് വെയ്ക്കേണ്ടത് കമ്മീഷന്റെ ഉത്തരവാദിത്തമാണെന്നും ഞങ്ങൾ കരുതുന്നു. സമൂഹത്തിൽ ഈ നിഗമനങ്ങളെ സംബന്ധിച്ച ചർച്ചകളും സംവാദങ്ങളും നടക്കണം. അതുവഴി ഉരുത്തിരിയുന്ന ശുപാർശകൾ സർക്കാരിനു മുമ്പിൽ വെയ്ക്കാൻ സമൂഹത്തിനു സാധിക്കും. അതുകൊണ്ടാണ് ഈ റിപ്പോർട്ടിൽ 'ശുപാർശകൾ' ഉൾപ്പെടുത്തുന്നതിന് കമ്മീഷൻ മുതിരാതിരുന്നത്. അക്കാര്യം ജനങ്ങൾക്ക് വിടുന്നതാണ് ഉചിതമെന്നു ഞങ്ങൾ തീരുമാനിച്ചു. കേരളത്തിൽ വ്യാപകമായ പല പരിഷ്കാരങ്ങളും വിദ്യാഭ്യാസത്തിന്റെ പല തലങ്ങളിലും നടന്നു വരുന്ന സാഹചര്യത്തിൽ, ചില വിവാദ വിഷയങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുവാനുള്ള സ്വാതന്ത്ര്യം ഞങ്ങൾ ഉപയോഗിക്കുകയാണ്. ജനങ്ങളുടെ ചർച്ച അതിൽ കേന്ദ്രീകരിക്കുമെന്നും അതിലൂടെ അർത്ഥവത്തായ ചില തീരുമാനങ്ങളും പ്രവർത്തന പരിപാടിയും ഉണ്ടാകുമെന്നുമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഒട്ടേറെപ്പേർ തെളിവുകൾ നൽകുകയും കമ്മീഷൻ പ്രവർത്തനത്തിൽ സഹായിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ വിശദമായ ഒരു പട്ടിക അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. കമ്മീഷനെ വിവിധ രീതിയിൽ സഹായിച്ച കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. പി.ജെ. ജോസഫ്, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ, പൊതുവിദ്യാഭ്യാസ സെക്രട്ടറി ശ്രീ. കെ. ജയകുമാർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ലിഡാജേക്കബ് എന്നിവരോടും കമ്മീഷനുമായി ആശയവിനിമയം നടത്തുകയും അതത് കേന്ദ്രങ്ങളിൽ അതിഥേയത്വം വഹിക്കുകയും ചെയ്ത കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ, കൊച്ചിൻ സർവകലാശാല, വൈസ് ചാൻസലർമാരോടും ഞങ്ങൾ കൃതജ്ഞരാണ്. കമ്മീഷനുമായി അഭിപ്രായങ്ങൾ പങ്കുവെച്ച പ്രമുഖ സാംസ്കാരിക-രാഷ്ട്രീയ നേതാക്കളോടും, ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട മറ്റനേകമാളുകളോടും കമ്മീഷന്റെ നന്ദി പ്രകാശിപ്പിക്കട്ടെ.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകരുടെ ഹൃദയപൂർവ്വമായ സഹകരണം. ഇല്ലായിരുന്നെങ്കിൽ ഈ റിപ്പോർട്ട് പൂർണമാകില്ലായിരുന്നു. ഡോ. എം.പി. പരമേശ്വരൻ, ശ്രീ. സി.പി. നാരായണൻ, ഡോ. ആർ.വി.ജി. മേനോൻ, ശ്രീ. ഒ.എം. ശങ്കരൻ, ശ്രീ. സി. രാമകൃഷ്ണൻ, ഡോ. കെ.എൻ. ഗണേഷ് എന്നിവരങ്ങിയ സെക്രട്ടേരിയൽ ടീം കമ്മീഷനെ സഹായിച്ചിട്ടുണ്ട്. ഒടുവിൽപ്പറഞ്ഞ രണ്ടു സുഹൃത്തുക്കൾ പൂർണസമയം പ്രവർത്തകരായിരുന്നു. മേൽപ്പറഞ്ഞ ഓരോരുത്തരോടും ഞങ്ങൾ അതീവ കൃതജ്ഞരാണ്.

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കേണ്ട ഏതൊരു അന്തിമ തീരുമാനവും കേരളത്തിലെ ജനങ്ങളാണ് കൈക്കൊള്ളേണ്ടതെന്ന അഭിപ്രായമാണ് കമ്മീഷനുള്ളത്. ആകയാൽ, ഈ റിപ്പോർട്ട് കേരളത്തിലെ ജനങ്ങളുടെ പരിഗണനക്കായി വിനയപൂർവം സമർപ്പിക്കുന്നു.

അശോക് മിത്ര
ചെയർമാൻ

ഉള്ളടക്കം

അധ്യായം 1

ആമുഖം ➢ 19 – 32

പരിശോധനാ വിഷയങ്ങൾ ➢ 32

അധ്യായം 2

വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിലേക്ക് ➢ 33–36

അധ്യായം 3

കേരളത്തിലെ വിദ്യാഭ്യാസരംഗം – അവലോകനം ➢ 37–73

സാക്ഷരത ➢ 37

വിദ്യാഭ്യാസത്തിൻെറ പൊതുവിലുള്ള വ്യാപനം ➢ 37

പ്രീ-സ്കൂൾ വിദ്യാഭ്യാസം ➢ 42

പ്രൈമറി വിദ്യാഭ്യാസം ➢ 44

സെക്കണ്ടറി വിദ്യാഭ്യാസം ➢ 48

വികലാംഗ വിദ്യാഭ്യാസം ➢ 51

അനൗപചാരിക വിദ്യാഭ്യാസം ➢ 51

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ➢ 52

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ➢ 54

എസ്.സി.ഇ.ആർ.ടി. ➢ 56

അധ്യാപക വിദ്യാഭ്യാസവും പരിശീലനവും ➢ 56

സ്കൂൾ മാനേജ്മെൻറ് ➢ 58

സംസ്ഥാനതല മാനേജ്മെൻറ് ➢ 58

ജില്ലാതല മാനേജ്മെൻറ് ➢ 58

ഉന്നത വിദ്യാഭ്യാസം ➢ 59

ബിരുദാനന്തര വിദ്യാഭ്യാസവും ഗവേഷണവും ➢ 64

സാങ്കേതിക വിദ്യാഭ്യാസം ➢ 66

മെഡിക്കൽ വിദ്യാഭ്യാസം ➢ 67

അലോപ്പതി ➢ 67

ആയുർവേദം ➢ 69

ഹോമിയോപ്പതി ➢ 69

കാർഷിക വിദ്യാഭ്യാസം ➢ 69

ഉന്നത വിദ്യാഭ്യാസത്തിൻെറ മാനേജ്മെൻറ് ➢ 71

ഗവൺമെൻറ് തലം ➢ 71

അധ്യായം 4

സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഘടനയും ഉള്ളടക്കവും ➢ 74–103

സെക്കണ്ടറി – ഉന്നത വിദ്യാഭ്യാസത്തിൻെറ പാഠ്യപദ്ധതി സംബന്ധമായ പൊതുപ്രശ്നങ്ങൾ ➢ 75

സ്കൂൾ വിദ്യാഭ്യാസം ➢ 79

പ്രീ-സ്കൂൾ ഘട്ടം ➢ 79

ലോവർ പ്രൈമറി ഘട്ടം ➢ 82

അപ്പർപ്രൈമറി ഘട്ടം ➢ 86
സെക്കണ്ടറിഘട്ടം ➢ 91
ഹയർ സെക്കണ്ടറിഘട്ടം ➢ 96
സ്ത്രീപുരുഷ ഭേദവും വിദ്യാഭ്യാസവും ➢ 100
വികലാംഗ വിദ്യാഭ്യാസം ➢ 102
അധ്യായം - 5
ഉന്നത വിദ്യാഭ്യാസത്തിൻെറ ഘടനയും ഉള്ളടക്കവും ➢ 104-124
ഉന്നത വിദ്യാഭ്യാസം ➢ 104
ബിരുദ വിദ്യാഭ്യാസം ➢ 104
വൊക്കേഷണൽ വിദ്യാഭ്യാസവും പരിശീലനവും ➢ 109
പ്രൊഫഷണൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം ➢ 110
മെഡിക്കൽ വിദ്യാഭ്യാസം ➢ 114
അധ്യാപക വിദ്യാഭ്യാസം ➢ 115
ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം ➢ 117
സർവകലാശാലകൾ ➢ 118
ഗവേഷണം ➢ 121
കാർഷിക വിദ്യാഭ്യാസം ➢ 122
അനൗപചാരിക-വിദൂര വിദ്യാഭ്യാസം ➢ 122
ഉപസംഹാരം ➢ 123
അധ്യായം - 6
ഭാഷയും സാഹിത്യവും അധ്യയന മാധ്യമവും ➢ 125-129
അധ്യായം - 7
വിദ്യാഭ്യാസത്തിൻെറ കൈകാര്യകർത്തൃത്വം ➢ 130-143
സർക്കാരിൻെറ പങ്ക് ➢ 130
ഒറ്റയൊറ്റ സ്ഥാപനങ്ങളുടെ കൈകാര്യകർത്തൃത്വം ➢ 132
ഏജൻസികളുടെ ബഹുത്വം ➢ 135
ന്യൂനപക്ഷ സ്ഥാപനങ്ങൾ ➢ 138
സ്വാശ്രയസ്ഥാപനങ്ങൾ ➢ 140
അധ്യായം - 8
കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ധനവിനിയോഗം ➢ 144-164
വിദ്യാഭ്യാസത്തിലെ സർക്കാർ ചെലവ് ➢ 144
പൊതു ചെലവിൻെറ പരിമിതികൾ ➢ 153
വിദ്യാഭ്യാസത്തിന് പണം വകയിരുത്തുന്നതിന് നിലവിലുള്ള രീതികൾ ➢ 155
പ്രാഥമിക വിദ്യാഭ്യാസം ➢ 156
സെക്കണ്ടറി വിദ്യാഭ്യാസം ➢ 156
ഉന്നത വിദ്യാഭ്യാസം ➢ 157
ആർട്ട്സ്-സയൻസ് കോളേജുകൾ ➢ 157
പ്രൊഫഷണൽ കോളേജുകൾ ➢ 157

സർവകലാശാലകൾക്കുള്ള ധനവിനിയോഗം ➢ 159
ധനവിനിയോഗം സംബന്ധമായ ശുപാർശ ➢ 163
അധ്യായം - 9
പുതുയുഗത്തിന്റെ പൂമുഖപ്പടിയിൽ ➢ 165–173
വികേന്ദ്രീകരണം ➢ 165
വിദ്യാഭ്യാസത്തിലെ ജനാധിപത്യ പ്രക്രിയ ➢ 169
രാഷ്ട്രീയത്തിന്റെ പങ്ക് ➢ 172
അധ്യായം - 10
പുതിയ വിദ്യാഭ്യാസ സംവിധാനം ഉണ്ടാവാൻ ➢ 174–179
പാഠ്യപദ്ധതി ➢ 175
മൂല്യനിർണ്ണയം ➢ 175
അധ്യാപകന്റെ പങ്കും അധ്യാപക പരിശീലനവും ➢ 175
ഭാഷയും അധ്യയന മാധ്യമവും ➢ 176
മൂല്യങ്ങളുടെ രൂപീകരണം ➢ 176
തുല്യതയും മികവും ➢ 176
അക്കാദമികവും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസം ➢ 177
വിദ്യാഭ്യാസ മാനേജ്മെന്റ് ➢ 177
സംസ്ഥാനത്തിന്റെ പങ്ക് ➢ 177
ധനവിനിയോഗം ➢ 177
വികേന്ദ്രീകരണം ➢ 178
അനുബന്ധം ➢ 180–182
ബന്ധപ്പെട്ട വ്യക്തികളുടെ വിവരം ➢ 183–197
പട്ടികകൾ ➢ 198

അധ്യായം 1
ആമുഖം

1.1 കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച ഏത് വിലയിരുത്തൽ നടത്തുമ്പോഴും, അത് കൈവരിച്ച താഴെ പറയുന്ന നേട്ടങ്ങൾ ആദ്യമേ തന്നെ കണക്കിലെടുക്കേണ്ടതുണ്ട്: ഏതാണ്ട് സമ്പൂർണ്ണമായ സാക്ഷരത; പ്രാഥമിക തലത്തിലെ സാർവത്രികമായ സ്കൂൾ പ്രവേശനം, സെക്കണ്ടറി തലത്തിലെ കൊഴിഞ്ഞുപോക്കിൽ ദൃശ്യമാവുന്ന വമ്പിച്ച കുറവ്, പട്ടണ-ഗ്രാമപ്രദേശങ്ങളിൽ മിക്ക വീടുകളുടേയും തൊട്ടയൽപക്കത്തുതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാകൽ എന്നിവ. വികസിത രാജ്യങ്ങളിലേയും ചൈന പോലുള്ള രാജ്യങ്ങളിലേയും സ്ഥിതിഗതികളുമായി തുലനം ചെയ്യപ്പെടുംവിധമുള്ള പ്രശംസ ഈ നേട്ടങ്ങളുടെ പേരിൽ രാജ്യത്തിനകത്തും പുറത്തും നമുക്ക് ലഭിച്ചിട്ടുണ്ട്.

1.2 വിദ്യാഭ്യാസരംഗത്ത്, പ്രത്യേകിച്ചും രാജ്യത്തിന്റെ ഇതര ഭാഗങ്ങൾ വളരെ പിൻനിരയിലായപ്പോഴും കേരളം കൈവരിച്ച വിജയത്തിനു പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. വ്യാപകമായ തോതിൽ നടന്ന മിഷനറി പ്രവർത്തനങ്ങൾ, പത്തൊമ്പതാം നൂറ്റാണ്ടിന്റെയൊടുവിൽ മുൻ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഗവൺമെന്റുകൾ വഹിച്ച പങ്ക്, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിവിധ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് എന്നിവ ഉദാഹരണങ്ങളെന്ന നിലയിൽ പരാമർശിക്കപ്പെടേണ്ടവയാണ്. സംസ്ഥാനത്തുടനീളം സ്കൂളുകളും കോളേജുകളും ഉയർന്നുവരുന്നതിന് ഈ പ്രവർത്തനങ്ങൾ ഇടയാക്കി.

കേരളത്തിനകത്ത് തൊഴിലവസരങ്ങൾ വളർന്നതും ഇൻഡ്യയുടെ ഇതരഭാഗങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും തൊഴിൽ തേടി പോകാനുള്ള അവസരങ്ങൾ കൈവന്നതുമാണ് മറ്റൊരു പ്രചോദന ഘടകം. ഈ നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ കേരളത്തിൽ ജനാധിപത്യ ശക്തികൾ ഉയർന്നു വന്നതും വിദ്യാഭ്യാസ പുരോഗതിയെ ത്വരിതപ്പെടുത്തി. പട്ടിക 1.1 ഈ പുരോഗതിയുടെ ചിത്രം സാക്ഷരതാ വളർച്ചയുടെ രൂപത്തിൽ വരച്ചുകാട്ടുന്നു.

പട്ടിക 1.1

കേരളത്തിലെ സാക്ഷരതാ വളർച്ച

വർഷം	സാക്ഷരതാ തോത് പുരുഷന്മാർ	സാക്ഷരതാ തോത് സ്ത്രീകൾ	ആകെ
1901	19.15	3.15	11.14
1911	22.25	4.43	13.31
1921	27.88	10.26	19.02
1931	30.89	11.00	21.34
1941	-	-	-
1951	49.79	31.41	40.47
1961	54.97	38.90	46.85
1971	66.62	54.31	60.42
1981	87.74	75.65	80.42
1991	93.62	86.17	89.81

അവലംബം: കേരള സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ ഇക്കണോമിക്ക് റിവ്യൂ 1994.

1.3 പത്തൊമ്പതാം നൂറ്റാണ്ടിൽ മിഷനറിമാരും, തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജഭരണാധികാരികളും കൈക്കൊണ്ട മുൻകൈ നടപടികൾ കൊളോണിയൽ വ്യവസ്ഥയുടെ പൊതു പശ്ചാത്തലത്തിലായിരുന്നു. സിവിൽ ഭരണകൂടത്തെ സഹായിക്കുന്നതും അഭിഭാഷകർ, ഭിഷഗ്വരർ, അധ്യാപകർ എന്നിവരുടെ തുടർച്ചയായ ലഭ്യത ഉറപ്പുവരുത്തുന്നതുമായ ഒരു മധ്യവർഗത്തെ

വളർത്തിയെടുക്കുന്നതിനുള്ള മുഖ്യ ഉപാധിയായാണ് വിദ്യാഭ്യാസം പരിഗണിക്കപ്പെട്ടത്. കൂടാതെ, മിഷനറിമാർ തദ്ദേശീയ ഭാഷയിൽ വിദ്യാഭ്യാസ പ്രചരണത്തിനുള്ള യത്നത്തിന് തുടക്കം കുറിച്ചു. ഇത് മലയാളത്തിലുള്ള എഴുത്തും വായനയും അതിവേഗത്തിൽ വ്യാപിക്കാനിടയാക്കി. തിരുവിതാംകൂർ-കൊച്ചി നാട്ടുരാജ്യങ്ങളും മലയാളത്തിലുള്ള വിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചു. ഈ യത്നങ്ങളുടെ ഫലമായി തിരുവിതാംകൂറിൽ മലയാളത്തിലുള്ള വിദ്യാഭ്യാസം വ്യാപിച്ചതിന്റെ സ്ഥിതിവിവരം പട്ടിക 1.2ൽ നൽകിയിരിക്കുന്നു.

പട്ടിക 1.2

തിരുവിതാംകൂറിലെ മലയാള വിദ്യാഭ്യാസത്തിന്റെ വളർച്ച

വർഷം	എണ്ണം		പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം
	ഗവൺമെന്റ് സ്കൂളുകൾ	എയ്ഡഡ് സ്കൂളുകൾ	
1873 - 74	177	20	9,637
1883 - 84	223	440	35,588
1893 - 94	255	1,388	57,314

അവലംബം - ടി.കെ. വേലുപിള്ള രചിച്ച തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ; വോള്യം - 3. ഗവ: പ്രസ് തിരുവനന്തപുരം 1990. പേജ് 695.

ഇതിനോടൊപ്പം സാമൂഹികപുരോഗതിയിലുണ്ടായ നേട്ടങ്ങൾ ഗണ്യമായിരുന്നു. ബോധനമാധ്യമമായി മാതൃഭാഷ ഉപയോഗപ്പെടുത്തുന്നതിനെ ആശ്രയിച്ചാണ് വിദ്യാഭ്യാസരംഗത്തെ മുന്നേറ്റമെന്ന വസ്തുത ഇത് സ്ഥിരീകരിക്കുന്നു.

1.4 പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ പാകിയ അടിത്തറയെ ആധാരമാക്കി 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കൂടുതൽ മുന്നേറ്റങ്ങൾ കൈവരിക്കാൻ സാധിച്ചു. സാക്ഷരതയുടെ നിലവാരത്തിലും ഔപചാരിക വിദ്യാലയങ്ങളുടെ എണ്ണത്തിലും പ്രകടമായ വർദ്ധനവാണ് തൽഫലമായുണ്ടായത്. കേരളത്തിൽ അരങ്ങേറിക്കൊണ്ടിരുന്ന സാമൂഹികപരിവർത്തനത്തിൻെറ ചുവടൊപ്പിച്ചുകൊണ്ടുള്ളതും അതിന്റെതന്നെ ഉപോല്പന്നമെന്ന നിലയിലും ആയിരുന്നു അത്. പരിഷ്കരണ പ്രസ്ഥാനങ്ങൾ, പ്രത്യേകിച്ചും ഈഴവർക്കും അധ:സ്ഥിത വിഭാഗങ്ങൾക്കും ഇടയിലുണ്ടായ ദേശീയാവബോധത്തിന്റെ ഉണർവ് തൊഴിലാളിവർഗത്തേയും കർഷകജനസാമാന്യത്തേയും അണിനിരത്തുന്നതിലുണ്ടായ മുന്നേറ്റം - ഇവയെല്ലാം വിദ്യാഭ്യാസത്തെ കർമ്മപരിപാടിയുടെ മുൻനിരയിലേക്ക് നയിച്ചു. അധ:സ്ഥിത വിഭാഗങ്ങളും സ്ത്രീകളുമുൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും സ്കൂൾ വിദ്യാഭ്യാസത്തിന് അവസരം കൈവന്നു. സാമൂഹിക തനിമയിലേക്കും ചലനാത്മകതയിലേക്കുമുള്ള ചവിട്ടുപടിയായി വിദ്യാഭ്യാസത്തെ കണക്കാക്കിയ സാമൂഹികപരിഷ്കരണ ത്വരയുള്ള വ്യക്തികളുടേയും, സാമുദായിക വിഭാഗങ്ങളുടേയും ഏജൻസികളുടേയും ഗണ്യമായ 'സ്വകാര്യ' മുൻകൈ ഈ പ്രക്രിയയെ പിന്തുണച്ചു. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ലിബറൽ - വിപ്ലവാശയങ്ങൾ അതിവേഗം വ്യാപിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് സാമൂഹികരാഷ്ട്രീയപ്രസ്ഥാനങ്ങളുടെ സ്വാധീനമാണ്. വർഗ-സമുദായ ഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസത്തിന് അവസരം ലഭ്യമാക്കണമെന്ന ആശയം ഉയർന്നുവരുന്നതിലേക്കും അത് നയിക്കുകയുണ്ടായി. സ്ത്രീകളുടെ സാക്ഷരതാ തോതിലുണ്ടായ വർദ്ധനവ് ഈ പ്രവണതക്ക് ഉത്തമദൃഷ്ടാന്തമാണ്. 1931-51 കാലഘട്ടത്തിൽ സ്ത്രീ സാക്ഷരത മൂന്ന്

മടങ്ങായി വർദ്ധിക്കുകയുണ്ടായി ; പിന്നീടൊരിക്കലും അത് താഴോട്ടുപോയിട്ടുമില്ല. ഈ കാലഘട്ടത്തിലെ; വിദ്യാഭ്യാസത്തിൻെറ പൊതു പ്രവണതകൾ പട്ടിക 1.3ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.3

തിരുവിതാംകൂറിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സ്കൂൾ പ്രവേശനത്തിന്റേയും വളർച്ച (1884-1947)

വർഷം	സ്ഥാപനം		പ്രവേശനം നേടിയവർ (ആയിരങ്ങളിൽ)		സർക്കാർ സ്ഥാപനങ്ങൾ ചെലവ് (ആയിരംരൂപയിൽ)
	സർക്കാർ	സ്വകാര്യഎയ്ഡഡ്	സർക്കാർ സ്ഥാപനങ്ങൾ	സ്വകാര്യഎയ്ഡഡ് സ്ഥാപനങ്ങൾ	
1884 - 85	228	514	13.4	18.4	218
1902 - 03	434	1013	49.4	56.6	641 (1904-05)
1909 - 10	519	805	79.8	56.5	760
1919 - 20	1116	1642	291.0	153.2	2853
1924 - 25	NA	2108	241.8	382.5	3713
1945 - 46	1192	-	393.5	431.5	6316
1946 - 47	1723	2152	555.0	420.6	7853

(അവലംബം: പി. ആർ. ഗോപിനാഥൻ നായർ 'എജ്യൂക്കേഷൻ ആന്റ് ഇക്കണോമിക് ചെയിഞ്ച് ഇൻ കേരള') (സെന്റർ ഫോർ ഡവലെപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം, 1978.)

1.5 വിദ്യാഭ്യാസത്തിനുവേണ്ടിയുളള ആവശ്യകത വർദ്ധിച്ചത്, അതിൽ മുതൽമുടക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുളള ബോധമുണ്ടാക്കി. ഗവൺമെന്റ് നേരിട്ടോ സ്വകാര്യ മുൻകൈ മുഖേനയോ സ്കൂളുകൾ സ്ഥാപിക്കാനാരംഭിച്ചു. ഗവൺമെന്റിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് പദ്ധതി ഈ പ്രക്രിയക്ക് കൂടുതൽ സഹായകമായി. എയ്ഡഡ് മേഖലയെന്നു വിശേഷിപ്പിക്കപ്പെടുന്ന വിഭാഗത്തിന്റെ ആവിർഭാവത്തിലേക്ക് ഇത് ക്രമേണ നയിച്ചു. വ്യാപകമായ പൊതുജനപിന്തുണ ഈ സ്കൂളുകളെ നിലനിർത്തി. ഇവയിൽ പലതും തന്നെ സ്ത്രീകളുൾപ്പെടെയുളള, അതുവരേയും പിന്നാക്കാവസ്ഥയിലായിരുന്ന, വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ ദിശയിൽ മെച്ചപ്പെട്ട ഫലങ്ങൾ ലഭിക്കുന്നതിനായി പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനു വേണ്ടിയുളള പല പരീക്ഷണങ്ങളും ഏറ്റെടുത്ത് പ്രാദേശികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്തു.

ആധുനികതയുടെ പ്രതീകമായി സമൂഹം പൊതുവേ വിദ്യാഭ്യാസത്തെ കണക്കാക്കുന്ന ഒരു സ്ഥിതി ഈ സാഹചര്യങ്ങൾ കൊണ്ടുണ്ടായി. ഓരോ പ്രദേശത്തേയും സാമൂഹികപ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവായി സ്കൂളുകൾ കണക്കാക്കപ്പെട്ടു. സ്കൂൾ അധ്യാപകനാകട്ടെ വിജ്ഞാനത്തേയും സാമൂഹികസേവനത്തിന്റെ മഹനീയാദർശങ്ങളേയും കൂട്ടിയിണക്കുന്ന മാതൃകാവ്യക്തിയായിത്തീർന്നു. മാനേജ്മെന്റിന്റെ ഘടനയുടേയോ സാമൂഹികവീക്ഷണത്തിന്റേയോ ഭേദമില്ലാതെ സ്കൂളുകൾ ഒരേ പാഠ്യപദ്ധതി നടപ്പിലാക്കി. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ മുഖ്യതാല്പര്യങ്ങളെ അവ പ്രതിഫലിപ്പിക്കുകയും ചെയ്തു. അംഗീകാരമില്ലാത്തവയും തദ്ദേശീയവുമായ സ്കൂളുകൾ പോലും മുഖ്യധാരാവിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് ആഗിരണം ചെയ്യപ്പെട്ടു.

1.6 അതോടൊപ്പം വന്നുകൊണ്ടിരുന്ന സാംസ്കാരിക പരിവർത്തനങ്ങളും സ്കൂൾ വിദ്യാഭ്യാസത്തിൻെറ വ്യാപനം ത്വരിതപ്പെടുത്തുവാൻ സഹായകമായി. മലയാളത്തിന് അഭിമാനാർഹമായ സ്ഥാനം നൽകുന്ന സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെട്ടിരുന്നത്. അധ്യയനത്തിനായി ഉപയോഗിക്കപ്പെടുന്ന ഭാഷ മാത്രമായിരുന്നില്ല അത്. ദേശഭക്തിയിലും, ലിബറലായ - പലപ്പോഴും ഉല്പതിഷ്ണുത്വപരമായ - ആദർശങ്ങളിലും വേരൂന്നിയ ഒരു പുതിയ സാംസ്കാരിക പ്രക്രിയയേയും അത് വെളിവാക്കി. അച്ചടി ഗ്രന്ഥങ്ങൾ, പത്രികകൾ, വൃത്താന്തപത്രങ്ങൾ എന്നിവ

വിപുലമായ തോതിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുവാൻ തുടങ്ങി. ഏറ്റവും വിദൂരഗ്രാമങ്ങളിൽ പോലും അവയുടെ പ്രചാരണം ഉറപ്പുവരുത്തുന്ന വിധത്തിൽ വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിതമായി. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സാമൂഹികരംഗത്ത് പ്രകടമായ ശക്തമായ ദേശീയ-ഉല്പതിഷ്ണുത്വ പ്രസ്ഥാനങ്ങളുടെ സ്വാധീനവും മലയാള ഭാഷയുടെ വിപുലമായ ഉപയോഗവും മുഴുവൻ വിദ്യാഭ്യാസപ്രക്രിയക്കും സവിശേഷമായ കൊളോണിയൽ വിരുദ്ധ സ്വഭാവം പകർന്നു.

1.7 ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയുടെ അവസാനത്തോടെ ഏതാനും പ്രവണതകൾ വ്യക്തമായും പ്രകടമായി. ഒന്നാമതായി, സാക്ഷരതയുടെ പ്രചാരണവും സാമാന്യജനങ്ങൾക്കിടയിലെ വിദ്യാഭ്യാസാവസരങ്ങളുടെ വർദ്ധനവും പുരോഗതിയുടെ മുഖമുദ്രയായി അംഗീകരിക്കപ്പെട്ടു. രണ്ടാമതായി, സ്കൂൾ വിദ്യാഭ്യാസത്തിൽ മുഖ്യമായും ഉപയോഗിച്ചത് മലയാളമായിരുന്നുവെങ്കിലും തദ്ദേശീയ സമ്പ്രദായങ്ങളേക്കാൾ മികച്ചത് പാശ്ചാത്യവിദ്യാഭ്യാസമാതൃകകളാണെന്ന് കണക്കാക്കപ്പെട്ടു. മൂന്നാമതായി, അപ്പോഴും വിദ്യാഭ്യാസത്തെ തൊഴിലവസരങ്ങളുടെ വ്യാപനവുമായി നേരിട്ട് ബന്ധപ്പെടുത്തിയിരുന്നില്ല; അഭിഭാഷകർ, അധ്യാപകർ തുടങ്ങിയ പ്രൊഫഷണൽ ഉദ്യോഗങ്ങൾ മാത്രമായിരുന്നു ഇതിന് അപവാദം. തൊഴിലധിഷ്ഠിതമായ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഗൗരവപൂർവമായ യാതൊരു ശ്രമവും നടന്നിരുന്നില്ല. ഇടത്തരക്കാർക്കിടയിൽ, വിദ്യാഭ്യാസത്തേയും സാമൂഹികപദവിയേയും അധികാരത്തേയും ബന്ധിപ്പിക്കുന്ന പ്രവണത പ്രബലമായി തുടർന്നു. പ്രാഥമിക വിദ്യാലയങ്ങളിൽ ബോധനമാധ്യമമായി മലയാളം സ്വീകരിക്കപ്പെട്ടപ്പോൾ തന്നെ സെക്കണ്ടറി-കോളേജ് വിദ്യാഭ്യാസത്തിന് അധ്യയന മാധ്യമമായി ഇംഗ്ലീഷ് സ്വീകരിക്കപ്പെട്ടതിൽ ഇതാണ് പ്രതിഫലിച്ചത്. എന്നാൽ പ്രാദേശിക തലത്തിലെ വിദ്യാഭ്യാസാനുഭവം വ്യത്യസ്തമായിരുന്നു. സാംസ്കാരിക കേന്ദ്രങ്ങൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, സാമൂഹിക-സാംസ്കാരിക സംഘടനകൾ, കർഷക-തൊഴിലാളിവർഗ-യുവജന സംഘടനകൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിന് അതു വഴിവച്ചു. രാഷ്ട്രീയ പ്രസ്ഥാനങ്ങളും കരുത്താർജ്ജിച്ചത് ഈ പരിതസ്ഥിതിയിൽ നിന്നു തന്നെ.

1.8 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഭൂരിപക്ഷവും 'സ്വകാര്യ- എയ്ഡഡ്' എന്ന് പൊതുവേ വിശേഷിപ്പിക്കപ്പെടുന്ന സർക്കാർ ഇതര ഏജൻസികളുടെ ആഭിമുഖ്യത്തിലാകുന്ന സ്ഥിതിവിശേഷം ഈ കാലഘട്ടമായപ്പോഴേക്കും കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് വളർന്നുവന്നു. മിഷനറിമാർ, വിവിധ ധർമ്മസ്ഥാപനങ്ങൾ, സാമുദായിക പരിഷ്കരണ സംഘടനകൾ, മുതലായവയും വ്യക്തികളും 19-ാം നൂറ്റാണ്ടിൽ തുടക്കം കുറിച്ച വിദ്യാഭ്യാസപ്രചരണ യത്നത്തിന്റെ ഫലമായിരുന്നു ഇത്. പൊതുവേ ജനങ്ങളിൽ നിന്ന് സമാഹരിച്ച സ്ഥലവും പണവും കൊണ്ടാണ് അവ നടത്തിപ്പോന്നത്. എയ്ഡഡ് സ്കൂളുകളേക്കാൾ എണ്ണത്തിൽ കുറവായിരുന്നു സർക്കാർ സ്കൂളുകൾ. സർക്കാരിൽ നിന്നും ധനസഹായമൊന്നും ലഭിച്ചിരുന്നില്ലെങ്കിലും വിദ്യാർത്ഥികളെ സ്റ്റേറ്റ് പരീക്ഷകൾക്ക് സജ്ജമാക്കാൻ അനുമതി ലഭിച്ച 'അംഗീകൃത' വിദ്യാലയങ്ങൾ എന്ന മൂന്നാമതൊരു വിഭാഗവും നിലനിന്നിരുന്നു. പക്ഷേ അവയുടെ എണ്ണം കുറവായിരുന്നുതാനും. സെക്കണ്ടറി സ്കൂളുകളുടേയും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടേയും എണ്ണം ആപേക്ഷികമായി തീരെ കുറവായിരുന്നുവെന്നതും അത്രതന്നെ ശ്രദ്ധേയമാണ്.

1.9 സെക്കണ്ടറി-കോളേജ് വിദ്യാഭ്യാസത്തിന്റെ അതിദ്രുതമായ വ്യാപനം 1950കളിലും 60കളിലുമായി നടന്നു. (പട്ടിക 1.4 നോക്കുക). ഹൈസ്കൂളുകളുടെ എണ്ണത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ സംഭവിച്ചു. എസ്.എസ്.എൽ.സി പരീക്ഷക്കിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും തദനുസൃതമായി വർദ്ധിച്ചു. എഞ്ചിനീയറിംഗ്-മെഡിക്കൽ കോളേജുകളുൾപ്പെടെ അനേകം കോളേജുകളും സ്ഥാപിതമായി. പ്രീഡിഗ്രി കോഴ്സുകൾ സെക്കണ്ടറി സ്കൂളുകൾക്ക് പകരമായി കോളേജുകളിൽ ചേർക്കുവാൻ 1964-ൽ തീരുമാനിച്ചതിന്റെ ഫലമായി കോളേജുകളുടെ എണ്ണം വീണ്ടുമുയർന്നു. മലബാർ മേഖലയിൽ ഒരു

പുതിയ സർവകലാശാല സ്ഥാപിതമാകുന്നതിലേക്ക് അത് നയിച്ചു. പ്രൈമറിസ്കൂൾ തലത്തിൽ കുട്ടികളുടെ പ്രവേശനം ഗണ്യമായി വർദ്ധിച്ചു. 1980-കളായതോടെ അത് ഏതാണ്ട് സാർവത്രികമായി. കൊഴിഞ്ഞുപോക്കിൻെറ തോത് പ്രകടമായി കുറഞ്ഞു. മറുവശത്ത് പ്രീഡിഗ്രി കോഴ്സുകൾക്ക് അപേക്ഷിക്കുന്നവരുടെ സംഖ്യ കോളേജുകളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണത്തിലും കവിഞ്ഞു. നിലവിലുള്ള കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലായി നിരവധി പുതിയ കോളേജുകളും സ്ഥാപിതമായി.

പട്ടിക 1.4

കേരളത്തിൽ വിവിധ തലങ്ങളിലെ പ്രവേശനത്തിന്റെ ഘടന 1960-61 മുതൽ 1996-97 വരെ

നിലവാരം/വർഷം	1960-61	1965-66	1970-71	1975-76	1981-82	1985-86	1996-97
കോളേജ് വിദ്യാഭ്യാസം (പൊതു വിദ്യാഭ്യാസം)	1.3	2.8	2.6	3.3	4.9	5.1	5.8
സാങ്കേതിക വിദ്യാഭ്യാസം, (പ്രൊഫഷണൽ)	10.0	14.4	14.7	16.6	22.2	22.3	27.30
പ്രൈമറി	88.7	82.8	82.7	80.1	72.9	72.6	66.90
ആകെ	100	100	100	100	100	100	100

അവലംബം; സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിങ് (വിവിധ ലക്കങ്ങൾ), കേരള സംസ്ഥാന ആസൂത്രണ ബോർഡ്

1.10 വിദ്യാഭ്യാസരംഗത്തെ പരിമാണപരമായ വമ്പിച്ച വ്യാപനത്തോടൊപ്പം അതിപ്രധാനമായ ഒരു സാമൂഹിക-രാഷ്ട്രീയസംഭവ വികാസവുമുണ്ടായി. സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിന്റെ നീക്കിയിരിപ്പെന്നു പറയാവുന്ന, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തേയും ഉദ്ദേശ്യത്തേയും സംബന്ധിച്ച വിശദമായ സമവായം നഷ്ടപ്പെടുവാൻ തുടങ്ങി. സാമുദായികാവബോധത്തിന്റെ തള്ളിക്കയറ്റവുമായി ബന്ധപ്പെട്ട ഒരു ശിഥിലീകരണ പ്രക്രിയക്ക് കേരളീയസമൂഹം വിധേയമാകാൻ തുടങ്ങിയതോടെയാണിത്. സംസ്ഥാനത്തെ വിദ്യാഭ്യാസപുരോഗതിക്ക് അനുകൂലമായി വിവിധ സാമൂഹികശക്തികളെ അതുവരേയും ഒത്തൊരുമിപ്പിച്ചിരുന്ന, ഒരുപക്ഷേ പരോക്ഷമായിരുന്ന, വിശാലധാരണ ചിന്നിച്ചിതറാൻ തുടങ്ങി. സംഘർഷവും ആശങ്കയും അന്തരീക്ഷത്തിൽ നിറഞ്ഞു. ഒരു പൊതു ഏജൻസിയുടെ അച്ചടക്കത്തിന് വിധേയമായി അധ്യാപകനിയമനം ക്രമീകരിക്കുന്നതു പോലുള്ള വിഷയങ്ങൾ പോലും കടുത്ത ചെറുത്തു നില്പിനെ അഭിമുഖീകരിച്ചു. ഒരു കാലത്ത് വിദ്യാഭ്യാസപുരോഗതിക്കായി മുൻനിരയിൽ നിലകൊണ്ടിരുന്ന സർക്കാരിതര ഏജൻസികളെ, തങ്ങളുടെ സ്വകാര്യ 'സ്വത്തി'നുവേണ്ടി വാദിക്കുന്ന ഏജൻസികളിൽ നിന്ന് വേർതിരിച്ചറിയാൻ നിർവാഹമില്ലാതായി. ഒരു പ്രത്യേക സമുദായത്തിന്റെ പരമാധികാരമെന്ന നിലയിൽപ്പോലും പലപ്പോഴും ഈ അവകാശങ്ങൾ ചിത്രീകരിക്കപ്പെട്ടു. ന്യൂനപക്ഷാവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രധാന തർക്കവിഷയങ്ങളായി. ശിഥിലമായൊരു സമൂഹത്തിൽ രാഷ്ട്രീയ എതിരാളികൾക്കിടയിൽ സംഘട്ടനത്തിന്റേതായ ഒരു പ്രശ്നമായി വിദ്യാഭ്യാസത്തിൻെറ കർമ്മപരിപാടി മാറിയെന്നതാണ് ഏറ്റവും ഖേദകരമായ വസ്തുത.

1.11 1970-കളോടെ സ്കൂൾപ്രായത്തിലുള്ള കുട്ടികൾക്ക് സാർവത്രികമായിത്തന്നെ പ്രവേശനം ലഭിച്ചതോടെ സമൂഹത്തിൽ മിക്കവാറും എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസത്തിന് അവസരം ലഭ്യമാക്കുക എന്ന പ്രശ്നം പരിഹൃതമായി. എന്നാൽ സാർവത്രികമായ സ്കൂൾ പ്രവേശനം അടിസ്ഥാനതലത്തിൽ, ജനകീയതലത്തിൽ, കാർഷിക-വ്യാവസായിക രംഗങ്ങളിലെ അഭിവൃദ്ധിക്ക് കാര്യമായ സംഭാവനയേകിയിട്ടില്ലെന്ന് വൈകാതെ തന്നെ ബോധ്യപ്പെട്ടു. സംസ്ഥാനത്തെ വിപുലമായ വിഭാഗങ്ങളിൽ

സാമ്പത്തികപിന്നാക്കാവസ്ഥ നിലനിന്നു. വ്യവസായത്തിലും കൃഷിയിലും മുരടിപ്പ് പ്രകടമായി. തൊഴിലവസരങ്ങൾ വിരളവും വിദൂരവുമായി. വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ പൂർത്തീകരണവും സാമൂഹിക-സാമ്പത്തിക ലക്ഷ്യങ്ങളുടെ നിറവേറലും തമ്മിലുളള ബന്ധത്തെ സംബന്ധിച്ച ചോദ്യങ്ങൾ ഉയർന്നുവന്നു. ഉദാഹരണത്തിന്, ഉത്പാദന പ്രക്രിയ വികസിപ്പിക്കാൻ വിദ്യാഭ്യാസം എത്രത്തോളം സഹായകമാവുന്നുണ്ട്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാർവത്രികമായ വിദ്യാഭ്യാസാവസരം കൈവന്നത്, കർഷകർക്കിടയിലും തൊഴിലാളിവർഗത്തിനിടയിലും കായികാധ്വാനത്തോട് വിരോധം വളർത്തി ഉല്പാദനം മുരടിപ്പിക്കാനാണോ സഹായിച്ചത്? സാർവത്രികമായി വിദ്യാലയപ്രവേശനം ലഭിക്കുകയും, കൊഴിഞ്ഞുപോക്ക് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്തുകയും, അതേ സമയം സാമൂഹിക നീതിയുടെ ലക്ഷ്യം നിറവേറ്റുകയും ചെയ്യുന്നതിന് വിദ്യാഭ്യാസത്തെ എങ്ങനെ പുന:സംഘടിപ്പിക്കാം? പഠനത്തിലും വിദ്യാഭ്യാസ നേട്ടങ്ങൾ കൈവരിക്കുന്നതിലും സ്ത്രീകൾ പുരുഷന്മാരെ പിന്തള്ളിയെന്നത് ഒരു വാസ്തവമാണെങ്കിലും, സ്ത്രീകളുടെ പൂർണ്ണമായ വ്യക്തിത്വവികാസത്തിന് വിദ്യാഭ്യാസം സംഭാവനയേകിയോ?

1.12 സാർത്ഥകമായ വിധത്തിൽ ഈ പ്രശ്നങ്ങൾ പരിചിന്തനത്തിന് വിധേയമായതായി തോന്നുന്നില്ല. ഈ താത്പര്യക്കുറവിന് രാഷ്ട്രീയ രംഗത്തിന്റെ ശിഥിലീകരണത്തിനു പുറമേ മറ്റു പല കാരണങ്ങളുമുണ്ട്. സ്കൂളുകൾ, കോളേജുകൾ, വിദ്യാർത്ഥികൾ, അധ്യാപകർ മുതലായവയുടെ എണ്ണം കൂട്ടുന്നതിൽ ഇനിയും വിശ്വാസമർപ്പിക്കുന്നത് പ്രയോജനരഹിതമാണെന്ന് അക്കാദമിക സമൂഹത്തിലെ സ്വാധീനശേഷിയുളള വിഭാഗങ്ങളെ ബോധ്യപ്പെടുത്താനായില്ല. വിദ്യാഭ്യാസം കൂട്ടുന്നത് തൊഴിലവസരങ്ങൾ വർദ്ധിക്കാൻ ഏതെല്ലാമോവിധത്തിൽ സഹായകമാകുമെന്ന അവ്യക്തമായ ഒരു ശുഭാപ്തി വിശ്വാസം നിലനിന്നു. എങ്കിലും ഈ ധാരണയ്ക്ക് ഉപോൽബലകമായ കാരണമെന്തെന്നത് തൃപ്തികരമായി വിശദീകരിക്കപ്പെട്ടില്ല. വിദ്യാഭ്യാസരംഗം ഉടച്ചു വാർക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പൊതു സംവാദത്തിലേർപ്പെടുന്നതിന് വൈമുഖ്യം നിലനിന്നു. അത്തരമൊരു സംവാദം, അധ്യാപക നിയമനത്തിന്റേയും വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റേയും രീതി, സ്വകാര്യ സ്ഥാപനങ്ങളുടേയും ഏജൻസികളുടേയും പങ്ക് എന്നിവയുമായി ബന്ധപ്പെട്ട 'ലോലമായ' പ്രശ്നങ്ങളും; അതോടൊപ്പം ജാതി, മതം, ലിംഗഭേദം തുടങ്ങിയ സങ്കുചിതമായ പ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവരുമെന്ന് കരുതപ്പെട്ടു. സ്വകാര്യ ഏജൻസികൾക്ക് തങ്ങളുടെ ജാതി, മതം അഥവാ വ്യക്തിപരമായ മാനേജ്മെന്റ് തുടങ്ങിയ താത്പര്യങ്ങൾക്ക് അതീതമായി വിദ്യാഭ്യാസത്തെ സംബന്ധിച്ച സമഗ്രമായ വീക്ഷണം ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. അധ്യാപകർ, വിദ്യാർത്ഥികൾ, അധ്യാപകേതര ജീവനക്കാർ എന്നിവർക്കിടയിൽ രാഷ്ട്രീയാഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട സംഘടനകളുടെ ബാഹുല്യവും കിടമത്സരവും കാരണം വൈയക്തികതാല്പര്യങ്ങൾക്ക് അതീതമായ വിഷയങ്ങളെക്കുറിച്ച് ആരോഗ്യകരമായ ചർച്ച വളർത്താനും സാധിച്ചില്ല. കേരളത്തിൽ ഇരുപക്ഷത്തുമായി നിലകൊണ്ട രാഷ്ട്രീയ നേതൃത്വം സംസ്ഥാനത്തിന് ആവശ്യമായ വിദ്യാഭ്യാസ പരിഷ്കരണങ്ങളെ സംബന്ധിച്ച ശക്തമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ അശക്തമാവുകയോ അല്ലെങ്കിൽ അതിന് മുതിരാതിരിക്കുകയോ ചെയ്തു.

1.13 പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കുന്നതിൽ ഒരു അഖിലേന്ത്യാരീതി യാന്ത്രികമായി പ്രയോഗിക്കപ്പെട്ടതാണ് മറ്റൊരു പ്രധാന ദൗർബല്യം. എൻ.സി.ഇ.ആർ.ടി പാഠ്യപദ്ധതി ഇന്ത്യയിൽ ആദ്യം ഏർപ്പെടുത്തിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേന്ദ്രപാഠ്യപദ്ധതിയിൽ പിന്നീട് വരുത്തിയ എല്ലാ മാറ്റങ്ങളും സംസ്ഥാനപാഠ്യപദ്ധതിയിൽ വിശ്വസ്തതയോടെ ഉൾക്കൊള്ളിക്കുകയും ചെയ്തു. അധ്യാപകരെ പരിശീലിപ്പിക്കുന്നതിലും വിദ്യാഭ്യാസമൂല്യനിർണ്ണയപരിപാടികളിലും അഖിലേന്ത്യാസമിതികളുടെ നിർദേശപ്രകാരം ഇതുപോലുള്ള മാറ്റങ്ങൾ വരുത്തി. എങ്കിലും, ലോവർ പ്രൈമറി ക്ലാസുകളിലൊഴികെ മറ്റൊരു തലത്തിലും സംസ്ഥാനത്തിന്റേതായ പാഠ്യപദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടില്ല. സാർവത്രികമായ സ്കൂൾ പ്രവേശനത്തിന് അനുസൃതമായും സംസ്ഥാനത്ത്

നിലവിലുള്ള സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലും, അതിനുതക്ക സിലബസ്സും പാഠ്യപദ്ധതിയും ആവിഷ്കരിക്കാൻ ശ്രമങ്ങളൊന്നുമുണ്ടായില്ല. വിദ്യാഭ്യാസത്തെ ഉത്പാദനപ്രക്രിയയുമായി ബന്ധപ്പെടുത്തുന്ന തരത്തിലുള്ള യാതൊരു നടപടികളുമുണ്ടായില്ല.

1.14 1976 ൽ വിദ്യാഭ്യാസം സംയുക്ത (Concurrent) പട്ടികയിലാക്കിയതോടെ അഖിലേന്ത്യാരീതി യാന്ത്രികമായി പ്രയോഗിക്കുന്നത് കൂടുതൽ പ്രകടമായി. ഇന്ത്യയെ മൊത്തത്തിലെടുത്ത് പ്രശ്നങ്ങൾ പരിഗണിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ദേശീയനയങ്ങൾ ആവിഷ്കരിക്കപ്പെടുന്നത്. പ്രാദേശികയാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കാതെ കേന്ദ്രമാതൃകകൾ നടപ്പിലാക്കുന്നതിനുള്ള പ്രവണത ഉന്നത വിദ്യാഭ്യാസരംഗത്ത് സ്വന്തം പാത വെട്ടിത്തെളിക്കുന്നതിൽ നിന്ന് കേരളത്തെ തടഞ്ഞു. ഇതിനു പ്രേരിപ്പിച്ച ഒരു പ്രധാനഘടകം; കേന്ദ്രപദ്ധതികളെ മുറുകെ പിടിച്ചുകൊണ്ട് കൂടുതൽ പണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വെമ്പലായിരുന്നുവെന്നു തോന്നുന്നു. എന്നാൽ അക്കാര്യത്തിലും സംസ്ഥാനം പ്രത്യേക വിജയമൊന്നും കൈവരിച്ചില്ല. കാരണം, കേന്ദ്രാഭിമുഖ്യത്തിലുള്ള നിരവധി പദ്ധതികൾ സംസ്ഥാനത്ത് ഫലപ്രദമായി ഉപയോഗിക്കപ്പെടുകയുണ്ടായില്ല.

1.15 ഇതിനിടയിൽ, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരപ്രശ്നം ശ്രദ്ധാകേന്ദ്രമായി. പ്രത്യേകിച്ചും; വിവിധതരത്തിലുള്ള അഖിലേന്ത്യാ മത്സരപരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മോശമായ പ്രകടനത്തിന്റെ സാഹചര്യത്തിൽ. വിദ്യാഭ്യാസ ഗവേഷണ - പരിശീലനത്തിനായുള്ള ദേശീയസമിതി (എൻ. സി. ഇ. ആർ. ടി) ഈയിടെ നടത്തിയ ഒരു പഠനത്തിൽ തെളിഞ്ഞത്, പ്രൈമറി സ്കൂൾ കുട്ടികളുടെ പഠനനിലവാരത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കേരളം വളരെ താഴ്ന്ന നിലയിലാണെന്നാണ്. പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കിയതുപോലുള്ള പ്രധാന നേട്ടങ്ങൾക്കുമേൽ ഇത് കരിനിഴൽ പരത്തി. ഈ ഗുണനിലവാരത്തകർച്ച ഉത്കണ്ഠയും നിരാശയും ഉളവാക്കി. ഒപ്പം, ഇടത്തരക്കാരിലൊരു വിഭാഗത്തെ ഇംഗ്ലീഷ് അധ്യയനമാധ്യമമാക്കിയ അംഗീകൃത, അൺഎയ്ഡഡ് മേഖലയിലുള്ള സ്വകാര്യ സ്കൂളുകളിലേക്ക് തിരിയാൻ പ്രേരിപ്പിച്ചു. കമ്പോള ശക്തികൾക്ക് ഏതാണ്ട് പൂർണ്ണമായും ഊന്നൽ നൽകിക്കൊണ്ട് 'ആഗോളവത്കരണ'ത്തിലേക്കും 'ഉദാരവത്കരണ'ത്തിലേക്കും നയിക്കുന്ന സമീപകാല പ്രവണതകൾ, കേരളീയവിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം കൂടുതൽ രൂക്ഷമാക്കി. ഉയർന്ന വിലയ്ക്കു നൽകപ്പെടുന്ന വിദ്യാഭ്യാസം താങ്ങാൻ കഴിവുള്ളവർ മുഖ്യധാരാ വിദ്യാഭ്യാസരീതിയിൽ നിന്ന് അധികമധികം അകലുകയാണ്. ശേഷിയില്ലാത്തവർ പോലും സർക്കാർ അഥവാ എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപകർ നൽകുന്ന സ്വകാര്യ ട്യൂഷനെ ആശ്രയിക്കുവാൻ തുടങ്ങുന്നു. മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടുന്നതിനുള്ള പന്തയമായി മാത്രം വിദ്യാഭ്യാസം വീക്ഷിക്കപ്പെടുന്ന പ്രവണത കൂടിക്കൂടി വരുന്നു. പണമുള്ളവർക്ക് അതിന്റെ സഹായം ലഭിക്കും; പ്രത്യേകിച്ചും മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ അന്തസ്സുറ്റതും ആദായകരവുമായ പ്രൊഫഷനുകളുടെ കാര്യത്തിൽ. ഇടത്തരക്കാരുടെ അഭിരുചികൾക്ക് മുഖ്യധാരാവിദ്യാഭ്യാസസ്ഥാപനങ്ങൾ അധികമധികം ഇണങ്ങാതായതോടെ, വിദ്യാഭ്യാസപ്രക്രിയ അപ്പാടെ അലങ്കോലപ്പെട്ടു. നിരവധി മുഖ്യധാരാസ്ഥാപനങ്ങളിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ കുത്തഴിഞ്ഞ അവസ്ഥ ഈ പ്രവണത ശക്തിപ്പെടുത്തുകയും ചെയ്തു.

1.16 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലുള്ള സാമൂഹികനിയന്ത്രണമെന്നത്, പ്രത്യേകിച്ചും സർവകലാശാലകളെ സംബന്ധിച്ച്, ഗണ്യമായ, പലപ്പോഴും രൂക്ഷമായ ചർച്ചകൾക്ക് വഴിയൊരുക്കിയിരിക്കുന്നു. 1960 കളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ കൈകാര്യകർത്തൃത്വത്തിന്റെ മർമ്മപ്രധാന തത്ത്വമെന്ന നിലയിൽ ആലേഖനം ചെയ്യപ്പെട്ടതും, സർവകലാശാലകളുടെ സിൻഡിക്കേറ്റും സെനറ്റും രൂപീകരിക്കുന്നതിനു വഴികാട്ടിയുമായ ജനാധിപത്യാദർശം ഗുരുതരമായ വിമർശനങ്ങൾക്ക് വിധേയമായി. തൽഫലമായി കേരളത്തിലെ വിവിധ സർവകലാശാലകളുടെ ഭരണനിർവഹണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഘടകത്തിന്റെ പങ്ക് തികച്ചും

വ്യത്യസ്തമായി. കേരള, കാലിക്കറ്റ് സർവകലാശാലകളുടെ സിൻഡിക്കേറ്റുകളിൽ ഭൂരിപക്ഷം അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ടവരാണ്; എന്നാൽ എൺപതുകളിൽ സ്ഥാപിതമായ മഹാത്മാഗാന്ധി സർവകലാശാലയുടേതാകട്ടെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ മാത്രം അടങ്ങിയതാണ്. എങ്കിലും ഈ സർവകലാശാലകളുടെയെല്ലാം സിൻഡിക്കേറ്റിന്റെ പങ്കും പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സദൃശമാണുതാനും. ജനാധിപത്യപരമായ നിയന്ത്രണത്തെ സംബന്ധിച്ച ചർച്ച പലപ്പോഴും ഉള്ളടക്കത്തേക്കാളേറെ രൂപത്തെ കേന്ദ്രീകരിക്കുന്നു. ഒരു ജനാധിപത്യസമൂഹത്തിൽ വിദ്യാഭ്യാസരംഗം സമൂഹത്തിന്റെ നിയന്ത്രണത്തിനു വിധേയമാകേണ്ടത് അനുപേക്ഷണിയമാണ്; പക്ഷേ, ഭരണപരവും അക്കാദമികവുമായ സാധാരണപ്രവർത്തനങ്ങളിൽ നടത്തുന്ന അനാവശ്യ ഇടപെടലുകളിലേക്ക് അതു നയിച്ചുകൂടാ. അടിസ്ഥാനപരമായ അക്കാദമിക്സ്വാതന്ത്ര്യത്തിന്മേലും സ്വയംഭരണാവകാശത്തിന്മേലും വിട്ടുവീഴ്ച കൂടാതെ തന്നെ സമൂഹത്തിന്റെ ആവശ്യങ്ങളോടും താല്പര്യങ്ങളോടും പ്രതികരിക്കാൻ തക്ക സംവേദനക്ഷമത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കണം. മാത്രവുമല്ല, പ്രധാനപ്രശ്നമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആഭ്യന്തരജനാധിപത്യമെന്നത് ബന്ധപ്പെട്ട ചർച്ചകളിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിൽ സമൂഹനിയന്ത്രണത്തിന്റേയും ആഭ്യന്തരജനാധിപത്യത്തിന്റേയും സ്വഭാവവും രൂപവും ഉള്ളടക്കവും ഇനിയും വ്യക്തമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല.

1.17 മുപ്പതു വർഷം മുമ്പത്തേതിൽ നിന്നും വീക്ഷണങ്ങളിലും സമീപനങ്ങളിലും വന്ന മാറ്റങ്ങൾ മനസ്സിലാക്കുവാൻ, സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിൽ സംഭവിച്ച പരിവർത്തനങ്ങൾ പരിശോധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസാവസരം സാർവത്രികമാക്കുന്നതിനും പരിമാണപരമായ വ്യാപനത്തിനും ഊന്നൽ നൽകുന്നതും, അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ വിമോചനപരമായ പങ്കിൽ വിശ്വാസമർപ്പിക്കുന്നതുമായിരുന്നു അറുപതുകളുടെ ആപ്തവാക്യം. അതനുസരിച്ചാണ് വിദ്യാഭ്യാസനയങ്ങൾ ആവിഷ്കരിക്കപ്പെട്ടത്. വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനായിരുന്നു പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നത്. ഗുണനിലവാരം ഉറപ്പു വരുത്തുകയെന്നത് അധ്യാപകർക്കായി നീക്കിവെക്കപ്പെട്ട ചുമതലയായി; തങ്ങളുടെ കടമ നിറവേറ്റുന്നതിൽ സമൂഹം അക്കാദമിക് വിഭാഗത്തിൽ വിശ്വാസമർപ്പിച്ചു. അക്കാദമിക് സ്വാതന്ത്ര്യം, സർവകലാശാലകളുടെ സ്വയംഭരണാധികാരം, അധ്യാപകരുടെ ജനാധിപത്യാവകാശങ്ങൾ എന്നിവയെ സംബന്ധിച്ച ആദർശങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു ഈ ശുഭാപ്തി വിശ്വാസം. സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായ വിഭാഗങ്ങളുടെ അഭ്യുന്നതിക്ക് അവസരങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ സാർവത്രികസാക്ഷരത എന്ന ആശയം ഉത്ഘോഷിച്ചവരും ജനാധിപത്യത്തിന്റെ ശക്തിദുർഗങ്ങൾ എന്ന നിലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറുമെന്ന് ആഗ്രഹിച്ചവരും അവരുടേതായ വ്യത്യസ്ത സ്വപ്നങ്ങൾ നെയ്തു. ഒപ്പം, ലിബറലും ഉല്പതിഷ്ണുത്വപരവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായം ആവിഷ്കരിക്കുന്നതിനായി അവരുടെ സ്വപ്നങ്ങൾ ഒന്നുചേർന്നു.

1.18 വർഗപരമായും ജാതീയമായും ലിംഗപരമായും വിഭജിതമായ ഒരു സമൂഹത്തിൽ നിരവധി സമ്മർദ്ദങ്ങൾക്കു വിധേയമായാണ് വിദ്യാഭ്യാസരംഗം പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസാവസരങ്ങളുടെ വളർച്ച എന്നതിനർത്ഥം, എല്ലാ സാമൂഹികവർഗങ്ങളിലുംപെട്ട കുട്ടികൾ ഇപ്പോൾ സ്കൂളുകളിൽ പ്രവേശനം നേടുന്നുവെന്നതാണ്. ഈ പ്രക്രിയക്ക് 1957 മുതൽ നടന്നു വരുന്ന കാർഷികപരിഷ്കരണങ്ങൾ വളരെയേറെ സഹായകമായി. എന്നാൽ വിദ്യാഭ്യാസരംഗത്തെ പരിഷ്കരണങ്ങൾ ഉണ്ടാക്കിയ മാറ്റങ്ങൾ പുതിയ ശക്തികളെ കെട്ടഴിച്ചുവിട്ടു. ഉയർന്നുവരുന്ന സാമുദായികബോധം വിദ്യാഭ്യാസരംഗത്ത് എല്ലാ ജാതികൾക്കും സമുദായങ്ങൾക്കും പ്രകടമായ വിധത്തിൽ പങ്കാളിത്തം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തി. ഈ സാമൂഹികവിഭജനങ്ങളുടെ ആവിർഭാവം, പുതിയ സമ്മർദ്ദ സംഘങ്ങളേയും രാഷ്ട്രീയ രൂപങ്ങളേയും സൃഷ്ടിക്കുന്നുവെന്നതാണ് കൂടുതൽ പ്രധാനപ്പെട്ട വസ്തുത. ഈ പ്രവണതകൾ അക്കാദമിക്ക് സമൂഹത്തേയും ആഴത്തിൽ ബാധിച്ചതിൽ അതിശയമില്ല. ശിഥിലമായ ഒരു സാമൂഹികസംവിധാനത്തിൽ,

സമീപനങ്ങളുടേയും ആശയങ്ങളുടേയും സംഘർഷങ്ങളാൽ മുദ്രിതമായ ശിഥിലമായ അക്കാദമിക് സമൂഹമാണുണ്ടാകുക.

1.19 പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിന്റെ പ്രശ്നവുമുണ്ട്. അക്കാദമിക് യത്നങ്ങൾക്ക് അവയിൽ കവിഞ്ഞ ഒരു ഉദ്ദേശ്യമില്ലെന്നും അവ വിജ്ഞാനവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിനു മാത്രമുള്ളതാണെന്നുമുള്ള ധാരണയിൽ നിന്നാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച ലിബറൽ ആശയങ്ങൾ ആരംഭിക്കുന്നത്. മികവുറ്റതെന്ന് അറിയപ്പെടുന്ന ഏതാനും ചില സ്ഥാപനങ്ങളിൽ മാത്രമേ ഈ ആദർശം സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ളൂ എന്നതാണ് പൊതു അനുഭവം. മറ്റിടങ്ങളിലെല്ലാം സാർവത്രികവത്ക്കരണത്തിന് നൽകപ്പെട്ട ഊന്നൽ ഗുണനിലവാരത്തെ ബാധിച്ചു. പ്രതീക്ഷകൾക്കു വിരുദ്ധമായി, അത് സ്വയമേവ വളർന്നില്ല. തൊഴിൽ വിദ്യാഭ്യാസമെന്ന ബദൽ സംവിധാനത്തിനുമേൽ പ്രത്യാശകൾ അർപ്പിക്കപ്പെട്ടു. തൊഴിലുന്മുഖമായ പരിശീലനകോഴ്സുകളിലേക്ക് ഒരു വിഭാഗം വിദ്യാർത്ഥികളെ ആകർഷിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. എന്നാൽ, തൊഴിൽപരമായ പ്രവർത്തനത്തെ അക്കാദമിക് യത്നവുമായി കൂട്ടിയിണക്കുന്നതിനുള്ള പരീക്ഷണം വിജയിച്ചില്ല. തൊഴിൽ വൈദഗ്ദ്ധ്യത്തിന് ഊന്നൽ നല്കിയ വൊക്കേഷണലൈസേഷൻ സാമൂഹിക പുരോഗതിയെ സംബന്ധിച്ച മദ്ധ്യവർഗ സമീപനവുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല.

1.20 ഇങ്ങനെ വിദ്യാഭ്യാസം നിശ്ചേതനമായ വൈജ്ഞാനികാഭ്യാസമായി. അത് അസ്വസ്ഥമായ രാഷ്ട്രസംവിധാനം നേരിടുന്ന പ്രശ്നങ്ങളെ കടുപ്പിച്ചു. വ്യവസായത്തൊഴിലാളികൾ, കർഷകർ, മത്സ്യത്തൊഴിലാളികൾ, കൈവേലക്കാർ എന്നിവരുടെ മക്കൾ പോലും വൈജ്ഞാനിക പരിശീലനം നേടുമ്പോൾ, ഉപജീവനമാർഗമെന്നത് അവർക്കുമേൽ ഒരു ചോദ്യചിഹ്നമായി ഉയർന്നു നിൽക്കുന്നു. എഴുപതുകൾ മുതൽ സംസ്ഥാനത്തെ വ്യാവസായികോല്പാദനം മിക്കവാറും മുരടിച്ചിരിക്കുകയാണ്. കൃഷിയും കാർഷികാധിഷ്ഠിത വ്യവസായങ്ങളും മുരടിക്കുക മാത്രമല്ല, തകരുക കൂടിയാണ്. വിദ്യാഭ്യാസ പ്രക്രിയയിലൂടെ കടന്നുപോകുന്ന കർഷകത്തൊഴിലാളികൾ, കൈവേലക്കാർ, മറ്റു തൊഴിലാളികൾ എന്നിവരുടെ മക്കൾ പരമ്പരാഗതതൊഴിലുകളുടെ മണ്ഡലത്തിൽ നിന്ന് അകന്നുപോകുന്നു. മറ്റെവിടേയും സ്ഥിരതയാർന്നതും പ്രയോജനകരവുമായ തൊഴിൽ നേടാൻ അവർക്കു കഴിയുന്നുമില്ല. തൊഴിൽ ലഭിച്ചവർക്ക്, തങ്ങൾക്കു ലഭിച്ച വിദ്യാഭ്യാസവുമായി യാതൊരു ബന്ധവുമില്ലാത്ത ജോലികളിൽ ഏർപ്പെടേണ്ടതായും വരുന്നു. ഈ ലിബറൽ വാർപ്പിലുള്ള വിദ്യാഭ്യാസത്തിൽ പ്രയോജനകരമായ ഉദ്യോഗങ്ങളുമായി ബന്ധമുള്ളത് മെഡിസിൻ, എഞ്ചിനീയറിംഗ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ, നിയമം എന്നിവ മാത്രമാണെന്ന സ്ഥിതി തുടരുന്നു. അധ്യാപനം, നഴ്സിംഗ്, ലാബറട്ടറി അസിസ്റ്റൻസ് എന്നിവയാണ് ഇതേത്തുടർന്നുള്ളത്. ധനിക വിഭാഗങ്ങളിൽപ്പെട്ടവർ ആദ്യത്തെ മൂന്നും സ്വന്തമാക്കുന്നു. ദരിദ്രകുടുംബങ്ങളിൽ നിന്നുള്ളവരാകട്ടെ എളിയ തൊഴിലവസരങ്ങൾ തേടുന്നു. രണ്ട് വിഭാഗങ്ങളിലും, ആവശ്യത്തിലും എത്രയോ കുറവാണ് ലഭ്യമായ അവസരങ്ങൾ.

1.21 ചിത്രത്തിന്റെ മറ്റൊരു വശമെടുക്കാം. സാർവത്രികമായി വിദ്യാലയപ്രവേശനം അനുവദിക്കുകയും 'ആൾ പ്രമോഷൻ' എന്നറിയപ്പെടുന്ന ക്ലാസ്സുകയറ്റ പദ്ധതി നടപ്പിലാക്കുകയും ചെയ്തതിനാൽ ഒമ്പതാംതരം വരെ സ്കൂളിൽ നിലനിർത്തപ്പെടുന്ന വിദ്യാർത്ഥികളുടെ തോത് വളരെ ഉയർന്നതാണ്. ഗണ്യമായൊരു വിഭാഗം വിദ്യാർത്ഥികൾ സെക്കണ്ടറി സ്കൂൾ (എസ്.എസ്.എൽ.സി) പരീക്ഷയിൽ പരാജയപ്പെടുന്നു. രക്ഷപ്പെടുന്നവരിൽ ഭൂരിപക്ഷവും പ്രീഡിഗ്രി കോഴ്സിൽ തോൽക്കുന്നു. അങ്ങനെ ലിബറൽ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും കഴിയാതെ വരുന്നു. സാമൂഹികമായി പ്രയോജനമാർന്നതും, നേട്ടമുണ്ടാക്കുന്ന ഉപജീവനമാർഗം തേടാൻ സജ്ജമാക്കുന്നതുമായ, അടിസ്ഥാനപരമായ വൈദഗ്ദ്ധ്യമോ വിജ്ഞാനമോ ആർജ്ജിക്കുന്നതിലും അവർ പരാജയപ്പെടുന്നു. കേരളത്തിലെ തൊഴിൽരഹിതരിൽ വലിയൊരു വിഭാഗം ഇവരാണ്.

വിദ്യാഭ്യാസരംഗത്തെ വഴിപിഴച്ച ലക്ഷ്യങ്ങളുടെ ജീവിക്കുന്ന തെളിവുകളാണവർ. ജനകീയചർച്ചകളിൽ നിറഞ്ഞുനില്ക്കുന്നത് ഭൂരിപക്ഷം ഇടത്തരക്കാരുടെ ആകുലതകളും വേവലാതികളുമാണ്. കേരളീയസമൂഹത്തിലെ അധ:സ്ഥിതവിഭാഗങ്ങളിൽ പെടുന്നവരും, പരീക്ഷയും അതിന്റെ ഫലമായ ഒഴിവാക്കൽ പ്രക്രിയയും വഴി വ്യവസ്ഥിതിക്ക് പുറത്തേക്ക് തള്ളപ്പെടുന്നവരുമായ ഗണ്യമായൊരു വിഭാഗം ശ്രദ്ധിക്കപ്പെടാതെ പോകുകയും ചെയ്യുന്നു.

1.22 സാമൂഹികപ്രക്രിയകളും വിദ്യാഭ്യാസവും തമ്മിലുള്ള സങ്കീർണ്ണമായ ഇടകലരൽ പ്രതിഫലിപ്പിക്കുന്നതാണ് കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ രൂപപരിണാമമെന്ന് ഇങ്ങനെ തെളിയുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൈകാര്യം ചെയ്യപ്പെടേണ്ടതായ സമകാലിക പ്രശ്നങ്ങളെ താഴെ പറയും വിധം ക്രോഡീകരിക്കാം :

(i) മറ്റുപലതിനുമൊപ്പം, സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നതിനാൽ സംസ്ഥാനത്ത് ജനനനിരക്ക് കുറഞ്ഞു. സ്കൂളുകളിൽ, വിശേഷിച്ചും താഴ്ന്ന ക്ലാസ്സുകളിൽ, കുട്ടികളുടെ എണ്ണം കുറയുന്നുവെന്നതാണ് ഇതിന്റെ ഒരു അനന്തരഫലം. ലോവർപ്രൈമറി തലത്തിൽ പ്രവേശനം നേടുന്നവരുടെ സംഖ്യ ഏറ്റവും ഉയർന്നത് 1988-ലായിരുന്നു. അതിൽപിന്നീട് അത് കുറഞ്ഞുവന്നു. അപ്പർ പ്രൈമറി തലത്തിൽ ഏറ്റവും കൂടുതൽ പ്രവേശനം 1992-ലായിരുന്നു. പിന്നീടത് കുറഞ്ഞുകൊണ്ടിരുന്നു. 'ആദായകരമല്ലാത്ത സ്കൂളുകൾ', 'പ്രൊട്ടക്റ്റഡ് അധ്യാപകർ' എന്നീ പ്രശ്നങ്ങളിലേക്ക് അത് നയിച്ചു.

(ii) 1960-കൾ മുതൽക്കാണ് പ്രൈമറിവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനും കേരളം ആദ്യം ലക്ഷ്യമിട്ടത്. തുടക്കത്തിൽ ഹൈസ്കൂൾതലം വരെയായിരുന്നത് പിന്നീട് പ്രീഡിഗ്രിതലം വരെയായി. ഏതാണ്ട് തിരിച്ചറിയാവുന്ന ചില മേഖലകളിലൊഴികെ (മലബാറിലെ ചില ജില്ലകളിലെ പട്ടികജാതി-പട്ടികവർഗക്കാർക്കിടയിലും, തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കിടയിലും) സാർവത്രികമായ പ്രൈമറി വിദ്യാഭ്യാസമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെട്ടു. ഉച്ചഭക്ഷണപരിപാടി, ആൾപ്രമോഷൻ സംവിധാനം മുതലായ നടപടികൾ സ്കൂളുകളിൽ വിദ്യാർത്ഥികൾ ഉയർന്നതോതിൽ തുടരുവാൻ സഹായകമായി. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ സാർവത്രികതയിലും, വിദ്യാർത്ഥികളെ സ്കൂളിൽ ഉയർന്ന തോതിൽ നിലനിർത്തുന്ന കാര്യത്തിലും കേരളം രാജ്യത്തെ ഇതര സംസ്ഥാനങ്ങളേക്കാളും വളരെ മുന്നിലായി. എങ്കിലും ഈ നേട്ടങ്ങളുടെ തുടർച്ചയായി രണ്ട് പ്രശ്നങ്ങൾ ഉയർന്നുവന്നു. എല്ലാ തലങ്ങളിലും നിലവാരം ഇടിഞ്ഞു എന്നതാണ് ആദ്യത്തേത്. വളരെ ഉദാരമായ മോഡറേഷൻ നൽകിയതിനു ശേഷവും എസ്.എസ്.എൽ.സി തലത്തിൽ നടുക്കമുളവാക്കുന്ന വിധത്തിൽ ഉയർന്ന ശതമാനം പേർ പരാജയപ്പെടുന്നുവെന്നതാണ് രണ്ടാമത്തേത്. ഇത് താഴ്ന്ന നിലവാരത്തിലുള്ള തയ്യാറെടുപ്പിന്റെ ലക്ഷണവും, ക്ലാസ് കയറ്റ സംവിധാനത്തിലൂടെ എസ് എസ് എൽ സി യിൽ എത്തുന്നവർക്ക് പരിമിതമായ ഒരു പരീക്ഷാ രൂപത്തെപ്പോലും നേരിടാനുള്ള കഴിവില്ലായ്മയുടെ സൂചനയുമാണ്. നടപടി ക്രമത്തിലെ ചെറിയൊരു വ്യതിയാനം പോലും അവർക്ക് ഉൾക്കൊള്ളാനാവുന്നില്ല. തത്ഫലമായി പതിനഞ്ചോ, പതിനാറോ, വയസ്സ് പ്രായമുള്ള കുട്ടികളിൽ വലിയൊരു വിഭാഗം വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് അപമാനിതരായി പുറത്താകുന്നുവെന്ന പ്രശ്നം സംസ്ഥാനം നേരിടുന്നു.

(iii) കഴിഞ്ഞ ഒരു ദശകമോ മറ്റോ ആയി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം പൊതുവിൽ മോശപ്പെട്ടതിന്റെ ഫലമായി സംസ്ഥാനത്തിന് പുറത്തുള്ള ബോർഡ്സ് ഓഫ് എഡ്യുക്കേഷനിൽ അഫിലിയേറ്റ് ചെയ്ത ഒട്ടേറെ സ്വകാര്യ സ്കൂളുകൾ ആവിർഭവിച്ചു. ഇവ ഉയർന്ന തോതിൽ ഫീസ് ഈടാക്കുകയും മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. അവയിലേതാണ്ടെല്ലാം തന്നെ മാധ്യമമായി ഉപയോഗപ്പെടുത്തുന്നത് ഇംഗ്ലീഷാണ്. സ്വാഭാവികമായും ഈ സ്കൂളുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, മതിയായ വിദ്യാഭ്യാസ പശ്ചാത്തലമുള്ള ധനിക

കുടുംബങ്ങളിൽപ്പെട്ട കുട്ടികളിലാണ്. അത്തരം സ്കൂളുകളും സംസ്ഥാനത്തെ ഇതര സ്കൂളുകളും തമ്മിൽ സാമ്പത്തിക-സാംസ്കാരിക-ബോധന തലങ്ങളിലുള്ള അന്തരം സമീപവർഷങ്ങളിലായി വർദ്ധിച്ചുവരുന്നു.

(iv) കൂടുതൽ വിപുലമായൊരു പ്രശ്നത്തിന്റെ ലക്ഷണമാണ് ഈ പ്രതിഭാസം. കേരളം സാമൂഹികസേവന തുറകൾക്ക് പൊതുവിലും വിദ്യാഭ്യാസത്തിന് പ്രത്യേകിച്ചും പണം ചെലവാക്കുന്നതിൽ രാജ്യത്തെ ഏറ്റവും മുന്നിലുള്ള സംസ്ഥാനമായി തീർന്നിട്ടുണ്ട്. ആളോഹരി വരുമാനത്തിൻെറ കാര്യത്തിൽ കേരളം അഖിലേന്ത്യാ ശരാശരിക്ക് താഴെയായി തുടരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതമായും സംസ്ഥാനത്തിൻെറ ആഭ്യന്തരോത്പാദനത്തിൻെറ (എസ്.ഡി.പി) ശതമാനത്തോതിലും വിദ്യാഭ്യാസത്തിനുള്ള പൊതുവിഹിതം രാജ്യത്തെ ഏറ്റവും ഉയർന്നതാണ്. വിദ്യാഭ്യാസത്തിന് നൽകപ്പെടുന്ന ഈ സവിശേഷ പരിഗണനയുടെ പേരിൽ സംസ്ഥാനം സാർവദേശീയ പ്രശംസ നേടിയെങ്കിലും ധനപരമായൊരു പ്രതിസന്ധിയിലേക്ക് അത് നയിച്ചു. ഗവൺമെന്റിന്റെ ബജറ്റ്, പ്രത്യേകിച്ചും റവന്യൂബജറ്റ് അമിത തോതിലുള്ള കമ്മിയാണ് കാണിക്കുന്നത്. വിദ്യാഭ്യാസത്തിനുള്ള വർദ്ധമാനമായ ചെലവ് നിറവേറ്റുവാൻ സംസ്ഥാനത്തിന് കഴിയാതായിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിയുന്നതിന് ഭാഗികമായ ഹേതു ഇതാണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. ഗവൺമെന്റ് നടത്തുന്ന സ്ഥാപനങ്ങളാണ് ഇതിന് നേരിട്ടിരയാവുന്നത്. എയ്ഡഡ് സ്വകാര്യസ്ഥാപനങ്ങളോട് ഗവൺമെന്റിനുള്ള ബാധ്യത ഏറ്റവും കുറഞ്ഞ തോതിൽ മാത്രം നിറവേറ്റുവാൻ മാത്രമേ പൊതു ഖജനാവിന് കഴിയുന്നുള്ളുവെന്നതും പരസ്യമായി അംഗീകരിക്കപ്പെടുന്നു. ഗവൺമെന്റിന്റെ പൊതുവിലുള്ള പങ്കിനെ സംബന്ധിച്ചും വിദ്യാഭ്യാസരംഗത്തും ഇതര ക്ഷേമ പ്രവർത്തനങ്ങളിലും അതിനുള്ള ചുമതലകളെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ പ്രശ്നങ്ങൾ ഉയർന്നുവന്നത് എന്നതിനാൽ എല്ലാ തലങ്ങളിലും, പ്രത്യേകിച്ചും ഉന്നതതലങ്ങളിലും, പ്രൊഫഷണൽ കോഴ്സുകളിലും, വിദ്യാഭ്യാസത്തിന്റെ ചെലവ് നിറവേറ്റുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനെ സംബന്ധിച്ച് കൂടുതൽ വിപുലമായ (പലപ്പോഴും ആഴത്തിലല്ലെങ്കിലും) ചർച്ചകളിലേക്ക് അവ നയിച്ചു. നേരിട്ടു പങ്കാളികളായവർക്കാണ് മിക്കവാറും പ്രയോജനം സിദ്ധിക്കുന്നതെന്നതിനാൽ പ്രൊഫഷണൽ കോഴ്സുകളുടെ കാര്യത്തിലെങ്കിലും അവയുടെ മുഴുവൻ ചെലവും അവരവർ വഹിക്കണമെന്ന് വാദിക്കുന്ന ശക്തമായൊരു വീക്ഷണം രൂപപ്പെട്ടു. തങ്ങളുടെ നിലനില്പിന്റെ യുക്തി എന്ന നിലയിലും തങ്ങളുടെ ഫീസ് സംവിധാനത്തിൻെറ ന്യായീകരണമെന്ന നിലയിലും 'സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ' ഈ വാദം ഉന്നയിക്കുന്നു.

(v) വിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. സമൂഹം പൊതുവിലും അതിൻെറ പ്രവർത്തന ഏജൻസി എന്ന നിലയിൽ ഭരണകൂടവും, ഇവയുമായി ബന്ധപ്പെട്ട പ്രധാന തത്വങ്ങളും നയങ്ങളും ആവിഷ്കരിക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങളെ സാമൂഹിക പ്രശ്നങ്ങളായി പരിഗണിക്കേണ്ടതുണ്ടോ? അതോ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പ്രത്യേകിച്ചും വിദ്യാഭ്യാസച്ചെലവുകൾ അവരവർ വഹിക്കുകയാണെങ്കിൽ അവരവരുടെ മാത്രം കാര്യമായാണോ പരിഗണിക്കപ്പെടേണ്ടത്? വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട, വ്യത്യസ്ത തലങ്ങളിൽ ഈ ചോദ്യങ്ങൾ ഉയർന്നുവരുന്നു. ഉദാഹരണത്തിന്, സ്കൂളിലെ അധ്യയന മാധ്യമത്തെ സംബന്ധിച്ച് പൊതുവായൊരു സാമൂഹ്യ നയം ആവിഷ്കരിക്കപ്പെടേണ്ടതുണ്ടോ? അതോ തീരുമാനം കുട്ടികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കും വിട്ടുകൊടുക്കേണ്ടതുണ്ടോ? ഒരു പ്രൊഫഷണൽ കോളേജ് നടത്തപ്പെടുന്നത് ഫീസിന്റേയും വിദ്യാർത്ഥികളിൽ നിന്ന് പിരിക്കുന്ന മറ്റു സംഭാവനകളുടേയും ബലത്തിൽ മാത്രമായി പൊതുപണത്തെ ആശ്രയിക്കാതെയാണെങ്കിൽ, ഒരു ബാഹ്യ ഏജൻസിയുടേയും തീർപ്പിനു വിധേയമാകാതെ പ്രവേശനം നല്കുന്നതിന് സ്വന്തമായ നയം ആവിഷ്കരിക്കുവാൻ അതിന് അവകാശം നൽകാതിരിക്കേണ്ടതുണ്ടോ?

(vi) മാനേജ്മെന്റുമായി ബന്ധപ്പെട്ട മറ്റൊരു വിധത്തിലുള്ള പ്രശ്നങ്ങളും ഉയർന്നുവരുന്നു. രണ്ടു നൂറ്റാണ്ടിലേറെക്കാലമായി ഗവൺമെന്റും സ്വകാര്യ ഏജൻസികളും വിദ്യാഭ്യാസരംഗത്ത് സജീവമായുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ധനപരമായി അല്പം മാത്രം പിന്തുണയേകിയപ്പോൾ ഫീ ഘടനയെ സംബന്ധിച്ചും പ്രവേശന-നിയമനങ്ങളെ സംബന്ധിച്ചും സ്വന്തം തീരുമാനങ്ങളെടുക്കാൻ അവയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കുന്ന നയം ഗവൺമെന്റ് പ്രാവർത്തികമാക്കിയതോടെ സ്വകാര്യ സ്കൂളുകൾക്കുള്ള ധനപരമായ പിന്തുണയും വർദ്ധിപ്പിക്കേണ്ടി വന്നു; ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് നയം ചിട്ടയോടെ പ്രാവർത്തികമാക്കേണ്ടി വന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾ മേലിൽ അവഗണിക്കപ്പെടുന്നില്ല എന്ന് പ്രത്യേകിച്ചും ഉറപ്പുവരുത്തുന്നതിനായി പ്രവേശനത്തെ സംബന്ധിച്ച് ഗവൺമെന്റിന് ചില നിബന്ധനകൾ ആവിഷ്കരിക്കേണ്ടിവന്നു. വിദ്യാഭ്യാസരംഗത്ത് ഭരണകൂടത്തിന്റെ പങ്ക് ഇങ്ങനെ വർദ്ധിപ്പിച്ചതോടെ സ്വകാര്യ എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെ മുഴുവൻ അധ്യാപരുടേയും ശമ്പളം നൽകേണ്ട ചുമതല ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നത് സ്വാഭാവികമായിരുന്നു. അപ്പോൾ അധ്യാപകരെ റിക്രൂട്ട് ചെയ്യുകയും നിയമിക്കുകയും ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കായിരിക്കണം? സ്വകാര്യ മാനേജ്മെന്റുകളുടെ മാനേജീരിയൽ അധികാരങ്ങൾ എങ്ങനെ, എത്രത്തോളം ആയിരിക്കണം? കാരണം തങ്ങളുടെ സ്ഥാപനങ്ങളെ സംബന്ധിച്ച ധനപരമായ ചുമതലകൾ അവയും നിറവേറ്റേണ്ടതുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജ് അധ്യാപകരുടേയും ശമ്പളം നൽകേണ്ട ഉത്തരവാദിത്വം 1972-ൽ ഗവൺമെന്റ് ഏറ്റെടുത്തു. ട്യൂഷൻ ഫീസായി പിരിക്കുന്ന തുക സ്വകാര്യ കോളേജുകൾ ഖജനാവിൽ അടക്കുന്ന സംവിധാനവും നിലവിൽ വന്നു. ഇതോടെ മാനേജ്മെന്റ് സംബന്ധമായ പ്രശ്നം കൂടുതൽ തർക്കവിഷയമായി. ഇതിന് ഭാഗികമായ കാരണം ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുതു പ്രകാരമുളള 'ന്യൂനപക്ഷാവകാശങ്ങൾ' അവകാശപ്പെടുന്ന സ്ഥാപനങ്ങളുടെ പ്രത്യേക അവകാശവാദങ്ങളെ ചെറുക്കുന്നതിന് ഗവൺമെന്റ് തയ്യാറായില്ലെന്നതാണ്.

(vii) 1972 ലെ ഒത്തുതീർപ്പിനു ശേഷം സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് 'സാമുദായിക വികാരത്തിന്റെ നിലവാരവും തീവ്രതയും' ഉയർന്നു. മുൻകാലങ്ങളിൽ ചില പ്രത്യേക മതസമുദായങ്ങളുടെ (ആദ്യഘട്ടത്തിൽ ക്രൈസ്തവരുടേത്) വകയായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രകടമായും മതപരമായ വിഷയങ്ങളും കാര്യപരിപാടികളും (പ്രാർത്ഥനകളും വേദപഠനവും) ഉണ്ടായിരുന്നുവെങ്കിലും, വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കുകയും അധ്യാപകരെ നിയമിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ അവർക്ക് തുറന്ന സമീപനമായിരുന്നു. എങ്കിലും, സമീപവർഷങ്ങളിലായി സ്വകാര്യമേഖലയിൽ പരസ്പരം മത്സരിക്കുന്ന ഒരുതരം വർഗീയ സമീപനം ആവിർഭവിച്ചിരിക്കുകയാണ്. അത്തരം സ്ഥാപനങ്ങളുടെ എണ്ണത്തിലെ വർദ്ധനവും അവ പ്രതിനിധാനം ചെയ്യുന്ന നിലപാടുകളുടെ വൈവിധ്യവുമാണ് ഭാഗികമായി ഇതിനു കാരണം. എന്നാൽ 1972 ലെ ഒത്തുതീർപ്പിനു ശേഷം തങ്ങളുടെ പ്രത്യേക സ്വത്വങ്ങൾ ഉയർത്തിക്കാട്ടുകയും അവയെ ന്യായീകരിക്കുകയും ചെയ്യുന്നതിന് അവ പ്രകടമായും ശ്രദ്ധാലുക്കളായി എന്നതാണ് മുഖ്യകാരണം. സംസ്ഥാനത്തെ സാമുദായികാടിസ്ഥാനത്തിലുളള കക്ഷിരാഷ്ട്രീയം ഇത്തരം പ്രവണതകളെ ബലപ്പെടുത്തുകയും ചെയ്യു.

1972 ലെ ഒത്തുതീർപ്പിൽ ഉദ്ദേശിക്കപ്പെടാതിരുന്ന (എങ്കിലും വിഭാവനം ചെയ്യാവുന്നതായിരുന്നു അത്) മറ്റൊരു അനന്തരഫലം അധ്യാപകരുടെ കൂറ് മൂന്നായി വിഭജിക്കപ്പെട്ടുവെന്നതാണ് - അവർ ജോലി ചെയ്യുന്ന സ്ഥാപനത്തോട്, അവർക്ക് ശമ്പളം നൽകുന്ന ഗവൺമെന്റിനോട്, അവരുടെ തൊഴിൽ സാഹചര്യങ്ങൾ നിർണയിക്കുന്ന സർവകലാശാലയോട്. ഈ സ്ഥിതി വിജ്ഞാനത്തോടും വിദ്യാർത്ഥികളോടുമുള്ള അവരുടെ പ്രതിബദ്ധത നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും അനുയോജ്യമല്ല.

(viii) മുകളിൽ പരാമർശിച്ച നിരവധി പ്രശ്നങ്ങൾക്ക് പിറകിലുളളത്, ഒരു ജനാധിപത്യ സംവിധാനവും

വിദ്യാഭ്യാസപ്രക്രിയയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനപ്രശ്നമാണ്. രാഷ്ട്രീയപ്രബുദ്ധമായ കേരള സംസ്ഥാനത്തിൽ അതിന്റെ ഘടനയുടെ രൂപീകരണ വർഷങ്ങളിൽ ജനാധിപത്യത്തിന്റെ സത്തായി പരിഗണിക്കപ്പെട്ടത് തെരഞ്ഞെടുപ്പുകളും ഭൂരിപക്ഷത്തിന്റെ അഭിപ്രായപ്രകടനവുമാണ്. 1950-60കളിൽ സദുദ്ദേശ്യപ്രേരിതരായ നിരവധി രാഷ്ട്രീയ നേതാക്കളും വിദ്യാഭ്യാസ വിചക്ഷണരും തെരഞ്ഞെടുപ്പ് സമ്പ്രദായം വിദ്യാഭ്യാസരംഗത്തും രൂപപ്പെടുത്തുവാൻ കഠിനമായി യത്നിച്ചു. എങ്കിലും ജനാധിപത്യത്തിന്റെ അടിസ്ഥാനവശങ്ങൾ പരിപോഷിപ്പിക്കുന്നതിനേക്കാൾ എളുപ്പമാണ് രൂപങ്ങൾ മുറുകെപ്പിടിക്കുന്നത്. ഉള്ളടക്കത്തിന് ഹാനികരമായി രൂപത്തിന് നൽകപ്പെട്ട പ്രാധാന്യം ഒട്ടേറെ വൈകല്യങ്ങളിലേക്ക് നയിച്ചു. പിന്നീടുള്ള വർഷങ്ങളിൽ അവ തീക്ഷ്ണമാവുകയും ചെയ്തു. ഭാവിക്ക് പ്രത്യാഘാതങ്ങളുളവാക്കുന്ന തരത്തിൽ കേരളം ഇന്നു നേരിടുന്ന ഗണ്യമായ വെല്ലുവിളികളിലൊന്ന് വിവിധ തലങ്ങളിൽ നുഴഞ്ഞുകയറിയിരിക്കുന്ന അമിതവും അനാരോഗ്യകരവുമായ രാഷ്ട്രീയ വത്കരണത്തിൽ നിന്ന് വിദ്യാഭ്യാസ സമ്പ്രദായത്തെ എങ്ങനെ മോചിപ്പിക്കാം എന്നതാണ്. ആരോഗ്യകരമായൊരു ജനാധിപത്യാവബോധം എങ്ങനെ പരിപോഷിപ്പിക്കാം എന്നതും പരിശോധിക്കണം.

എന്നാൽ, ജനാധിപത്യവുമായുള്ള സമ്പർക്കം നിഷേധാത്മകഫലങ്ങൾ മാത്രമേ സൃഷ്ടിച്ചുള്ളൂ എന്ന ധാരണ ഉളവാക്കുന്നത് അന്യായമായിരിക്കും. ഇതുവരേയും അവഗണിക്കപ്പെട്ടിരുന്ന ദുർബലവിഭാഗങ്ങളുടെ കാര്യത്തിലുള്ള ശുഷ്കാന്തിയും അവർക്ക് പ്രത്യേകം പരിഗണന നൽകപ്പെട്ടതും ജനാധിപത്യാവബോധത്തിന്റെ മൊത്തത്തിലുള്ള ഫലമാണ്. ഈയൊരു താത്പര്യം പ്രായോഗിക നയങ്ങളായി എങ്ങനെ സാക്ഷാത്കരിക്കാമെന്നത് ഒരു പ്രധാന പ്രശ്നമാണ്.

(ix) വിരുദ്ധ ദിശകളിൽ പിടിച്ചുവലിക്കുന്ന രണ്ട് സാമൂഹികശക്തികളുടെ സ്വാധീനത്തിന് വിധേയമായിരിക്കുകയാണ് കേരളസമൂഹമിപ്പോൾ. അവ രണ്ടും വിദ്യാഭ്യാസ സമ്പ്രദായത്തെ സ്വാധീനിക്കുന്നു. ആദ്യത്തേത് സമ്പദ്ഘടനയെ വിദേശശക്തികൾക്ക് തുറന്നു കൊടുക്കുന്ന പ്രക്രിയയാണ്. ജനകീയ ചർച്ചാ വേദികളിൽ 'ആഗോളവത്കരണം' എന്ന് ഇത് വിശേഷിപ്പിക്കപ്പെടുന്നു. ഇൻഫർമേഷൻ-കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളിലെ വിപ്ലവാത്മക പരിവർത്തനമാണ് അതിന്റെ ഒരു സ്വഭാവ വിശേഷം. വരും വർഷങ്ങളിൽ വിജ്ഞാനത്തിന്റെ ഉത്പാദനവും പരിപാലനവും വിനിമയവും സമൂലപരിവർത്തനത്തിന് വിധേയമാകുമെന്നതിൽ സംശയമില്ല. ബോധന-പഠന പ്രക്രിയകളിൽ പ്രവചനാതീതമായ അനന്തരഫലങ്ങളും ഉളവാകും. രണ്ടാമത്തെ സ്വഭാവവിശേഷം ലോകത്തിൻെറ ഇതരഭാഗങ്ങളുമായി വിപുലമായ സമ്പർക്കത്തിനുള്ള അവസരം തുറന്നു കിട്ടുന്നുവെന്നതാണ്. വർദ്ധിതമായ വ്യാപാരം, പണപ്രവാഹം, കുടിയേറ്റം, തൊഴിലവസരങ്ങൾ മുതലായവയിലൂടെയായിരിക്കും അത്. ഇവയോട് കേരളത്തിലെ ജനങ്ങൾ അനുകൂലമായി പ്രതികരിക്കുന്നുവെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. സമൂഹം വമ്പിച്ച പരിവർത്തനങ്ങൾക്ക് വിധേയമാകും. ആഗോളവത്കരണത്തിലൂടെ തുറന്നുകിട്ടുന്ന ആവശ്യങ്ങൾക്കും അവസരങ്ങൾക്കും അനുസൃതമായി സംസ്ഥാനത്തെ വിദ്യാഭ്യാസസമ്പ്രദായം സജ്ജമാക്കപ്പെടുന്നത് സംബന്ധമായ നിർദേശങ്ങളും ആശയങ്ങളും ആവശ്യങ്ങളും ഉന്നയിക്കപ്പെടും.

(x) അതേ സമയംതന്നെ കേരളസമൂഹം തുല്യപ്രാധാന്യമുള്ള ആഭ്യന്തരമായ ഒരു തുറന്നുകൊടുക്കൽ പ്രക്രിയക്കു വിധേയമാവുകയാണ്. അധികാരവികേന്ദ്രീകരണത്തിനുള്ള ബോധപൂർവമായ തീരുമാനത്തിന്റേയും കൊണ്ടുപിടിച്ച നടപടികളുടേയും ഫലമാണത്. തങ്ങളുടെ ജീവിതത്തെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി അതാതു പ്രദേശത്തെ ജനങ്ങളെ അണിനിരത്തുന്നതിനായി പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ഊർജ്ജിതപ്പെടുത്തുകയും അവക്കു കഴിവേകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസം പൊതുവേയും, പ്രാഥമിക വിദ്യാഭ്യാസം പ്രത്യേകിച്ചും, ഈ ഏജൻസികളുടെ അധികാര പരിധിയിൽ കൊണ്ടുവന്നു കഴിഞ്ഞു.

പ്രാദേശികാവശ്യങ്ങൾക്കും പ്രാദേശികവിഭവങ്ങൾക്കും അനുസൃതമായി പഠനപ്രക്രിയയെ സംബന്ധിച്ച സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അതാതു പ്രദേശത്തെ ജനങ്ങൾക്കും അവസരം ലഭിക്കുന്നു. നീതിപൂർവവും ജനാധിപത്യപരവുമായ സാമൂഹികക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഈ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ പുതിയ കരുത്ത് ലഭിക്കുമെന്ന് തീർച്ചയാണ്.

1.23 അതിനാൽ കേരളത്തിലെ ഇപ്പോഴത്തെ സാമൂഹിക സ്ഥിതിവിശേഷം പെട്ടെന്ന് മാറിക്കൊണ്ടിരിക്കുന്നതും, ചലനാത്മകവും പുതിയ വെല്ലുവിളികളും സംഘർഷങ്ങളും അവസരങ്ങളും നിറഞ്ഞതുമാണ്. ഈ പരിതസ്ഥിതിയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് എന്താണ്? പങ്കാളികളെ സംബന്ധിച്ചിടത്തോളം പഠനപ്രക്രിയ സാർത്ഥകമാക്കുവാനും സമൂഹത്തിന് പൊതുവിൽ പ്രസക്തമാക്കുവാനുമായി എന്തെല്ലാം മാർഗനിർദേശങ്ങൾ ഉന്നയിക്കാൻ കഴിയും?

1.24 ഇത്തരം ആകുലതകളാണ് കേരള വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുവാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന് പ്രേരകമായത്. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ സമഗ്രമായ പരിശോധനക്ക് വിധേയമാക്കി ഒരു ബദൽ വിദ്യാഭ്യാസസമ്പ്രദായം ആവിഷ്കരിക്കുന്നതിലേക്കായി മൂർത്തമായ നിർദേശങ്ങൾ സമർപ്പിക്കുകയാണ് അതിന്റെ ദൗത്യം. 1995 സെപ്റ്റംബറിൽ രൂപംകൊടുത്തതും, 1996 മാർച്ചിൽ ഔപചാരികമായി സമ്മേളിച്ചതുമായ കമ്മീഷൻെറ പരിശോധനാ വിഷയങ്ങൾ താഴെ പറയുന്നവയാണ്:

പരിശോധനാ വിഷയങ്ങൾ (Terms of Reference)

1. കേരളത്തിൽ നിലവിലുള്ള എല്ലാ തലങ്ങളിലേയും, ഗവൺമെന്റ്-സ്വകാര്യമേഖലകളിലെ - വിദ്യാഭ്യാസ സമ്പ്രദായത്തെ സമൂഹത്തിന്റെ ആവശ്യങ്ങളും മുൻഗണനകളും കണക്കിലെടുത്തുകൊണ്ട് ഉടച്ചുവാർക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു സമഗ്രമായ പരിശോധനക്ക് വിധേയമാക്കുക.
2. സമത്വപൂർണവും നീതിയുക്തവും നിലനിൽക്കുന്നതുമായ ഒരു സാമൂഹികക്രമം വളർത്തിയെടുക്കുന്നതിനായി വിദ്യാഭ്യാസത്തിൽ സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങൾ ഉൾക്കൊള്ളിക്കുന്നതു സംബന്ധമായ മാർഗങ്ങൾ നിർദേശിക്കുക.
3. വിദ്യാഭ്യാസരംഗത്ത് സമത്വത്തിന്റേയും മികവിന്റേയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായ ഘടകങ്ങൾ തിരിച്ചറിയുകയും അവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദേശിക്കുകയും ചെയ്യുക.
4. വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിന്റെ സാധ്യതയും ലക്ഷ്യങ്ങളും നിർണയിക്കുകയും വിവിധ ഘട്ടങ്ങൾ തമ്മിലുള്ള ബന്ധം കണക്കിലെടുക്കുകയും ചെയ്യുക.
5. നിലവിലുള്ള പാഠ്യപദ്ധതി, ബോധന മാധ്യമം, മൂല്യനിർണയ രീതികൾ എന്നിവ പരിശോധനാ വിധേയമാക്കി ആവശ്യമായ മാറ്റങ്ങൾ നിർദേശിക്കുക.
6. നിലവിലുള്ള അധ്യാപകരുടെ റിക്രൂട്ട്മെന്റ് രീതി, പരിശീലന സമ്പ്രദായം, എന്നിവയും അധ്യാപന രീതികളും പരിശോധനാ വിധേയമാക്കി ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുക.
7. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം വിലയിരുത്തി സംസ്ഥാന ഗവൺമെന്റിന്റേയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും പങ്ക് ചൂണ്ടിക്കാണിക്കുക.
8. കേരളത്തിലെ വിദ്യാഭ്യാസത്തിനു വേണ്ട പണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, ഈ പശ്ചാത്തലത്തിൽ ഗവൺമെന്റിനും സ്വകാര്യ ഏജൻസികൾക്കും വിഭാവനം ചെയ്യപ്പെടുന്ന പങ്കും പരിശോധനാ വിധേയമാക്കുക.
9. വിദ്യാഭ്യാസപ്രക്രിയയിൽ ജനകീയ പങ്കാളിത്തവും അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മാതാപിതാക്കളുടേയും സക്രിയമായ ഇടപെടലും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ നിർദേശിക്കുക.
10. വിദ്യാഭ്യാസരംഗത്ത് അധഃസ്ഥിത വിഭാഗങ്ങളും സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അവയ്ക്കുള്ള പരിഹാര നടപടികൾ നിർദേശിക്കുക.

അധ്യായം 2

വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിലേക്ക്

2.1 തങ്ങളുടെ നടപടികൾക്കു മാർഗദർശനം നൽകുന്നതിനായി, എല്ലാ അംഗങ്ങൾക്കും പൊതുവേ യോജിക്കാൻ കഴിയുന്ന വിശാലമായൊരു ചട്ടക്കൂട് ആവശ്യമുണ്ടെന്ന് വിദ്യാഭ്യാസ കമ്മീഷൻ തീരുമാനിച്ചു. അങ്ങനെ പ്രാഥമിക ചർച്ചകളിലൂടെ എത്തിച്ചേർന്ന സമവായമനുസരിച്ചുള്ള ഒരു പരിപ്രേക്ഷ്യം രൂപപ്പെട്ടു. കേരളത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിമർശനം നടത്തുക മാത്രമല്ല, അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ക്രിയാത്മക തന്ത്രങ്ങളും ബദൽസമീപനങ്ങളും നിർദേശിക്കുകകൂടി കമ്മീഷന്റെ കാര്യപരിപാടിയിൽ ഉൾപ്പെട്ടിരുന്നു. ഈ ലക്ഷ്യത്തോടെ, അഭിപ്രായൈക്യത്തിലെത്തിയവയും വിട്ടുവീഴ്ച സാധ്യമല്ലാത്തവ എന്നു പരിഗണിക്കുകയും ചെയ്ത തത്ത്വങ്ങൾ ചർച്ച ചെയ്ത് അവതരിപ്പിക്കുകയും ചെയ്തു.

2.2 ജാതി-വർഗ-മത-ലിംഗ ഭേദാടിസ്ഥാനത്തിൽ നിലവിലുള്ള വിവേചനങ്ങൾക്കും മുൻവിധികൾക്കും അതീതമായി ജനകീയ വിദ്യാഭ്യാസ സമ്പ്രദായം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ഒന്നിലേക്കു നീങ്ങുക എന്നതായിരുന്നു കമ്മീഷന്റെ പ്രധാന ഉദ്ദേശ്യം. കൊളോണിയൽ കാലഘട്ടത്തിൽ ആവിർഭവിച്ചതും, അല്പം ചില ഭേദഗതികളോടെ ഇപ്പോഴും തുടരുന്നതുമായ വിദ്യാഭ്യാസരീതി അങ്ങേയറ്റം പക്ഷപാതപരവും വിവേചനപരവുമാണെന്ന വസ്തുതയാണ് അത്തരമൊരു സമീപനം അനുപേക്ഷണീയമാക്കിത്തീർക്കുന്നത്. കൊളോണിയൽ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ (പ്രാദേശിക ഭേദഗതികളോടെ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലുമടക്കം നിലനിന്നത്) കീഴിൽ വിജ്ഞാനത്തിന്റെ ഉത്പാദനത്തിലും പ്രചരണത്തിലും രണ്ടു ദൗർബല്യങ്ങളാണുണ്ടായത്. (1) സമൂഹത്തിലെ വരേണ്യവിഭാഗത്തിൽ അത് ശ്രദ്ധ കേന്ദ്രീകരിച്ചു; (2) അത് പ്രാദേശികസംസ്കാരത്തിൽ നിന്നും അന്യമായിരുന്നു. വിദേശഭരണാധികാരികൾക്കും രാജ്യത്തെ ജനസാമാന്യത്തിനുമിടയിൽ നിൽക്കുന്ന ഒരു പ്രത്യേകവർഗത്തെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നയത്തിന്റെ ഫലമായിരുന്നു ആദ്യത്തേത്; തങ്ങളുടെ പ്രത്യയശാസ്ത്ര പ്രചാരണത്തിൽ ഭരണാധികാരികളോട് സഹകരിക്കുന്ന ഒരു വർഗത്തെയാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. തദനുസൃതമായി, സംസ്ഥാനത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷത്തേയും നിരക്ഷരരാക്കി, ഏതാനും പേരിലായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തുന്ന ഒരു സമ്പ്രദായം ആവിഷ്കരിക്കപ്പെട്ടു. അന്യമായൊരു സാംസ്കാരിക-ജ്ഞാനസിദ്ധാന്ത പാരമ്പര്യത്തിൽ നിന്ന് കടം കൊണ്ടതായിരുന്നു ഈ വിദ്യാഭ്യാസരീതിയുടെ ഉള്ളടക്കം. സ്വന്തം സർഗശേഷി വികസിപ്പിക്കുന്നതിന് യുവമനസ്സുകൾക്കുള്ള ശേഷിയെ അത് പ്രതികൂലമായി ബാധിച്ചു. ഗുരുതരമായ ഈ തകരാറുകൾക്ക് പുറമേ വിദ്യാഭ്യാസ ഭരണസംവിധാനത്തിന്റെ ഉദ്യോഗസ്ഥ മേധാവിത്വപരവും ജനാധിപത്യവിരുദ്ധവുമായ സ്വഭാവവും ഈ സമ്പ്രദായത്തെ ബാധിച്ചു.

2.3 സ്വാതന്ത്ര്യലബ്ധിക്കുശേഷം, രാജ്യത്തെ കൊളോണിയൽ വിദ്യാഭ്യാസസമ്പ്രദായം പൊളിച്ചുമാറ്റുവാൻ ശ്രമം നടന്നുവെന്ന് നയസംബന്ധമായ പ്രസ്താവനകളിലും റിപ്പോർട്ടുകളിലും കാണാം. എങ്കിലും ഇതുവരേയും തൊലിപ്പുറമേയുള്ള പരിവർത്തനങ്ങൾ മാത്രമേ കൈവരിച്ചുള്ളൂ; പഴയ സമ്പ്രദായത്തിന്റെ അനേകവശങ്ങൾ രാജ്യത്തുടനീളം ഇന്നും പ്രബലമാണ്. ഗുണപരമായൊരു പരിവർത്തനത്തിന് ഗവൺമെന്റും പ്രൊഫഷണൽ സംഘടനകളും സന്നദ്ധസംഘടനകളും മുൻകൈയെടുത്ത സംസ്ഥാനമാണെങ്കിലും കേരളവും ഇതിനൊരപവാദമല്ല.

2.4 ജനകീയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ വികാസത്തിന്റേയും സംഘാടനത്തിന്റേയും രണ്ട് പ്രധാനപ്പെട്ട ഭാഗങ്ങൾ വിദ്യാഭ്യാസത്തിന്റെ സാർവത്രികവത്കരണവും അതിന് സംസ്കാരവുമായുള്ള ബന്ധവുമാണ്. ആദ്യത്തേത് സാക്ഷാത്കരിക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള അവകാശം എന്ന തത്ത്വം ആവശ്യമാണെങ്കിലും അത് മതിയായ ഒരു ഉപാധിയാവുന്നില്ല. സാമൂഹികവും സാമ്പത്തികവുമായ ഭേദങ്ങൾ കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം കരഗതമാക്കുന്നതിന് ഉതകുന്ന പൊതുവായ ഒരു പശ്ചാത്തലസംവിധാനം അതിന് ആവശ്യമാണ്. വിദ്യാഭ്യാസത്തിന്റെ കേവലമായ ലഭ്യതയ്ക്കും ഉപരിയായ

ഒന്നാണ് സാർവത്രികവത്ക്കരണം എന്നത്. വിജ്ഞാനത്തിന്റെ ഉള്ളടക്കവും അതിന്റെ വിനിമയരീതിയും അതിലുൾപ്പെടുന്നു. ഇവയില്ലാതെ, നിലവിലുള്ള സാമൂഹിക വേർതിരിവുകളും അസമമായ അധികാര ബന്ധങ്ങളും നിർമാർജനം ചെയ്യുന്നതിൽ സാർവത്രികവത്കരണം വിജയിക്കുകയില്ല.

2.5 നടപ്പിലായിക്കൊണ്ടിരിക്കുന്ന കമ്യൂണിക്കേഷൻ വിപ്ലവം ഈ പ്രശ്നത്തിന് ഒരുദാഹരണമായി എടുത്തു കാട്ടാനാവും. ഇലക്ട്രോണിക് മാധ്യമരംഗത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ പഠനപ്രക്രിയയെ ഒരർത്ഥത്തിൽ 'തുറന്നു' കൊടുക്കുന്നു; വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള ശേഷിയും അതിനുണ്ട്. എന്നാൽ ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ ഈ പരിവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഒരു വിഭാഗത്തിന് മാത്രം ലഭ്യമാവുകയും വിജ്ഞാനം കരഗതമാക്കുന്നതിൽ നിലവിലുള്ള അസമത്വങ്ങൾ മൂർച്ഛിക്കുകയും ചെയ്യും. കമ്യൂണിക്കേഷൻ വിപ്ലവത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ കോളനിവത്കരണ ശേഷിയെക്കുറിച്ചും നമുക്ക് ബോധമുണ്ടാകേണ്ടതുണ്ട്.

2.6 പഠനപ്രക്രിയയും സാംസ്കാരികാനുഭവവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചാണ് ജനകീയ വിദ്യാഭ്യാസത്തിന്റെ വികാസം. കൊളോണിയൽ ഇന്ത്യയിൽ വിദ്യാഭ്യാസം പ്രധാനമായും നടന്നിരുന്നത് ഇംഗ്ലീഷിലായിരുന്നു; വൈദേശികമായൊരു സാംസ്കാരികാനുഭവത്തെയാണ് അതുൾക്കൊണ്ടിരുന്നത്. ജനജീവിതവുമായി അതിന് ജൈവബന്ധമുണ്ടായിരുന്നില്ല. സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ സ്വതന്ത്രഭാരതത്തിൽ 'ഇംഗ്ലീഷ്' വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ത്വര ശമിക്കുകയല്ല, മറിച്ച് കൂടുതൽ കരുത്താർജ്ജിക്കുകയാണ് ചെയ്തത്. സമീപകാലങ്ങളിലായി കേരളത്തിലിത് പ്രത്യേകിച്ചും പ്രകടമാണ്. അധ്യയനമാധ്യമത്തിന്റെ മാത്രം പ്രശ്നമല്ല ഇത്. (സമൂഹത്തിന്റെ സാംസ്കാരിക വിഭവങ്ങളുടെ മുഖ്യമായ കലവറയും കൈമാറുന്നതിനുള്ള ഉപാധിയും ഭാഷയാണെന്നതിനാലാണ് അധ്യയനമാധ്യമം മാതൃഭാഷയാകണമെന്ന് നിർദ്ദേശിക്കപ്പെടുന്നത്.) ബാഹ്യലോകത്തോട് നിസ്സംഗത പുലർത്താതെതന്നെ സമൂഹത്തിന്റെ സാംസ്കാരികവും ബൗദ്ധികവുമായ പാരമ്പര്യങ്ങൾ ഉൾകൊണ്ടുള്ള പഠനപ്രക്രിയ ആവിഷ്കരിക്കുന്നതിന്റെ പ്രശ്നമാണത്.

2.7 വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിന് ഏറ്റവും നിർണായകമായ ഉല്പാദനമടക്കമുള്ള ജീവിതത്തിലെ മുഖ്യപ്രവർത്തനങ്ങളുമായി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസത്തിന് ഉത്പാദനപ്രക്രിയയുമായുള്ള ബന്ധം നഷ്ടപ്പെടുമ്പോഴുളള അനിവാര്യമായ അനന്തരഫലമാണ് കായികതലവും ബൗദ്ധികതലവും തമ്മിലുള്ള അകൽച്ച. കായികജോലികൾക്ക് അനിവാര്യമായും അധമസ്ഥാനം കല്പിക്കപ്പെടുന്നു. ഈ ദ്വിഭാഗീകരണം കേരളത്തിൽ പല വിധത്തിലും പ്രകടമാണ്. വെള്ളക്കോളർ ജോലികളോട് അമിതമായ ആഭിമുഖ്യവും കായികാധ്വാന പ്രധാനമായ ജോലികളോട് പൊതുവായുള്ള വൈമുഖ്യവുമാണ് ഇതിലേറ്റവും പ്രധാനം. സാമൂഹികമായി പ്രതികരണാത്മകമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അവിഭാജ്യഘടകമാണ് ബൗദ്ധികവും കായികവുമായ വശങ്ങൾ തമ്മിലുള്ള ക്രിയാത്മകമായ പ്രതിപ്രവർത്തനം. കാരണം ഈ രണ്ടു മണ്ഡലങ്ങളും പരസ്പരപൂരകവും പരസ്പരം പുഷ്ടിപ്പെടുത്തുന്നതുമാണ്. പരസ്പരപൂരകത്വം എങ്ങനെ സാക്ഷാത്കരിക്കാമെന്നത് എളുപ്പത്തിൽ തീരുമാനിക്കാവുന്ന ഒന്നല്ല; കായികാധ്വാനം വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അവിഭാജ്യ ഭാഗമാക്കുകയാണ് അത് കൈവരിക്കുന്നതിനുള്ള ഒരു മാർഗം.

2.8 സാമൂഹികജീവിതത്തിന്റെ പ്രത്യേക വശങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് വിദ്യാഭ്യാസവും ഉല്പാദനപ്രക്രിയയും തമ്മിലുള്ള ബന്ധം ആവശ്യമാണ്. വിജ്ഞാനത്തെ സംബന്ധിച്ച സമഗ്രവീക്ഷണത്തെ ആധാരമാക്കിയ ഒരു ബോധന വിപ്ലവത്തിലൂടെയല്ലാതെ വിദ്യാഭ്യാസത്തിന് ഒരു പുതിയ ദിശാബോധം പകരാനാവില്ല. പിന്നിട്ട വർഷങ്ങളിലൂടെ വിജ്ഞാനം വളരെയേറെ പെരുകിയതിനെ, അതിന്റെ ശിഥിലീകരണത്തിലേക്കു നയിച്ചു. ശാസ്ത്രങ്ങൾ, കലകൾ, മാനവികവിഷയങ്ങൾ എന്നിങ്ങനേയും,

അവ വീണ്ടും ഉപവിഭാഗങ്ങളായി വിഭജിതമായത് ഇതിനു സാക്ഷ്യം വഹിക്കുന്നു. വിജ്ഞാനത്തെ ഒരളവോളം അറകളായി വേർതിരിക്കേണ്ടത് ബോധനപരമായി ഒരു ആവശ്യകതയാണ്; പക്ഷേ പലപ്പോഴും അത് നിരർത്ഥകമായ അവസ്ഥയിലെത്തുന്നു. കുട്ടികളുടെ മൂർത്തമായ സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായി പഠനപ്രക്രിയയെ ബന്ധപ്പെടുത്തിക്കൊണ്ട്, താഴെ തലങ്ങളിൽ ഇതു സംഭവിക്കുന്നത് തടയേണ്ടത് അതിപ്രധാനമാണ്. ഉയർന്നതലങ്ങളിൽ, വിജ്ഞാനശാഖകളിൽ പ്രത്യേക വൈദഗ്ദ്ധ്യം ആർജിക്കേണ്ടത് ആവശ്യമാണെങ്കിലും, സാമൂഹികവും ഭൗതികവുമായ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് വിജ്ഞാനശാഖകൾ തമ്മിലുള്ള സംവാദവും ഉറപ്പാക്കണം.

2.9 ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന് എല്ലാതലങ്ങളിലും അധ്യാപനത്തിൽ സമൂലപരിവർത്തനം ആവശ്യമാണ്. ഇപ്പോൾ അധ്യാപനം വിവരം നൽകുന്നതിൽ ഒതുങ്ങുന്ന ഏകദിശാ പ്രക്രിയയാണ്. വിദ്യാർത്ഥികൾ നിഷ്ക്രിയരായ സ്വീകർത്താക്കൾ മാത്രമാണ്. വിജ്ഞാനകുതുകികളെന്ന നിലയിൽ അവർ സക്രിയപങ്കാളിത്തം വഹിക്കുന്നില്ല. മറിച്ചുള്ള ദിശയിലേക്കുള്ള പരിവർത്തനത്തിന് ക്ലാസ് മുറിയെ ഒരു പഠനകേന്ദ്രമായി മാറ്റേണ്ടതാവശ്യമാണ്. അധ്യാപനത്തിൽ നിന്ന് പഠനത്തിലേക്ക് മാറുന്ന വിധത്തിൽ അധ്യാപകരും വിദ്യാർത്ഥികളും ക്ലാസിൽ ക്രിയാത്മകമായി ഇടപെടണം.

2.10 അക്കാദമിക് സമൂഹത്തിന്റെ നിയന്ത്രണത്തിലുള്ള ജനാധിപത്യപരിസരവുമായി ബന്ധമുള്ള ശിക്ഷണരീതികളാണ് ഇന്ന് ആവശ്യമായിരിക്കുന്നത്. നയങ്ങളാവിഷ്കരിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന സമിതികൾക്കകത്ത് പ്രാതിനിധ്യം എന്ന അർത്ഥത്തിലാണ് ഈ പരിസരം പൊതുവേ നിർവചിക്കപ്പെടുന്നത്. എങ്കിലും ഇതുമാത്രം പോര. ക്രിയാത്മകമായ ഇടപെടലിനും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുൻകൈനടപടികൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തിക്കൊണ്ട് അക്കാദമിക് രംഗത്തേക്ക് വ്യാപിപ്പിക്കുമ്പോഴാണ് ജനാധിപത്യവത്കരണം സാർത്ഥകമാകുക.

2.11 പൊതുവിൽ പറഞ്ഞാൽ, സാമൂഹ്യവത്കരണത്തിലൂടെ ഒരു വ്യക്തി പക്വത ആർജിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സമൂഹവും പ്രകൃതിയുമായി ബന്ധപ്പെട്ട സ്വന്തം സ്ഥാനം നിർണയിക്കുവാനും, അനുസ്യൂതമായും സർഗാത്മകമായും ചിന്താപരമായും മനുഷ്യർക്ക് അവയോട് ഇടപെടുവാനും വിദ്യാഭ്യാസം ശേഷിയേകുന്നു. സാമൂഹികവും ധാർമികവുമായ മൂല്യങ്ങളും ഭാവുകത്വങ്ങളും പകർന്നുകൊടുത്തുകൊണ്ട് അത്തരമൊരു സംവേദനത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന താത്പര്യങ്ങളിലൊന്ന്. ഈ മൂല്യങ്ങളെന്തെല്ലാമാണെന്നതും, ഈ ഭാവുകത്വങ്ങളുടെ സ്വഭാവമെന്താണെന്നതും എളുപ്പത്തിൽ ഏകകണ്ഠമായ തീരുമാനത്തിൽ എത്തിച്ചേരാവുന്ന പ്രശ്നങ്ങളല്ല. എങ്കിലും നാം വിഭാവനം ചെയ്യുന്ന സമൂഹത്തിന്റെ വെളിച്ചത്തിൽ അവയിൽ പലതിനേയും തിരിച്ചറിയുക സാധ്യമാണ്. ഒരു ജനാധിപത്യക്രമത്തിന്റെ അഭേദ്യഭാഗങ്ങളായ സമത്വം, നീതി, മതനിരപേക്ഷത, എന്നിവയും സ്ഥായിയായ വികസനത്തിന് അവശ്യം ആവശ്യമായ പരിസ്ഥിതിയോടുള്ള ആദരവും ചില ഉദാഹരണങ്ങളാണ്. സമകാലിക ഇന്ത്യൻ സമൂഹത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ചിടത്തോളം നിർണായകവുമാണവ. പഠനപ്രക്രിയയുടെ ഭാഗമായി ഈ മൂല്യങ്ങളും മറ്റുപലതിനുമൊപ്പം വിദ്യാഭ്യാസ സമ്പ്രദായം പകർന്നു നൽകേണ്ടതുണ്ട്.

2.12 ഒരു ജനകീയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഇരട്ട സ്വഭാവവിശേഷങ്ങളാണ് സമത്വവും മികവും. ലഭ്യതയിൽ മാത്രമല്ല, പ്രകടനസാഹചര്യങ്ങളിലും തുല്യ അവസരങ്ങൾ വ്യവസ്ഥ ചെയ്യുകയാണ് വിദ്യാഭ്യാസത്തിലെ തുല്യത. ജനനത്തിന്റെ യാദൃച്ഛികത അഥവാ ജീവിക്കുന്ന സാമൂഹികസാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മുൻവിധികൾ നീക്കം ചെയ്യും, അത്തരം കാരണങ്ങളാൽ മുൻ കാലങ്ങളിൽ വിവേചനത്തിന് വിധേയരായവർക്ക് പ്രത്യേക പരിഗണന നൽകിയും മാത്രമേ വിദ്യാഭ്യാസത്തിൽ തുല്യത കൈവരിക്കാനാവൂ. വർഗപരമോ ജാതീയമോ സാമ്പത്തിക പദവിയുമായി ബന്ധപ്പെട്ടതോ ആയ

ഭേദങ്ങളില്ലാതെ കുട്ടികൾ ഒത്തുചേരുന്ന അയൽപക്കത്തെ സ്കൂൾ എന്നതാണ് ഈ പരിപ്രേക്ഷ്യത്തിൽ വിഭാവനം ചെയ്യപ്പെടുന്നത്. സ്കൂളിലെ പഠനം കുട്ടിയുടെ നിലവാരത്തിൽ നിന്നുകൊണ്ടായിരിക്കും. താത്പര്യത്തിനനുസരിച്ച് ഒട്ടേറെ മേഖലകളും പ്രയോഗരീതികളും ലഭ്യമാകും. സ്വന്തം ശേഷി തിരിച്ചറിഞ്ഞ് അവ വളർത്തിയെടുക്കാൻ കുട്ടിക്ക് കഴിവേകുന്ന, യോഗ്യതയാർന്നവരും ധാരണാശേഷിയുള്ളവരുമായ അധ്യാപകരുടെ മാർഗനിർദ്ദേശം ലഭ്യമാക്കും. സ്കൂൾ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടുപോകാതിരുന്നാൽ താൻ പിന്തള്ളപ്പെടുകയോ പുറത്താക്കപ്പെടുകയോ ചെയ്യുമെന്ന തോന്നൽ അവനിൽ അല്ലെങ്കിൽ അവളിൽ ഉളവാക്കുകയല്ല വേണ്ടത്. ഈ രീതിയിൽ മുഴുവൻ കുട്ടികളേയും ഹയർ സെക്കണ്ടറി ഘട്ടം വരെ കൊണ്ടുപോകാനും വിജ്ഞാന നിലവാരം ഉയർത്തുന്നതിന് സൗകര്യപ്രദമായ രൂപങ്ങളിൽ വിദ്യാഭ്യാസം തുടരുവാനും സാധിക്കും.

2.13 വിദ്യാഭ്യാസത്തിലെ തുല്യതയുടെ സൈദ്ധാന്തികവും പ്രവർത്തനപരവുമായ വശങ്ങൾ ഇപ്പോൾ വ്യാപകമായി അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും (അവ സ്വീകരിക്കപ്പെടുകയോ പാലിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിലും), വിദ്യാഭ്യാസത്തിലെ മികവ് എന്നത് ശരിയായ വിധത്തിൽ മനസ്സിലാക്കപ്പെടുന്ന ഒരു കാഴ്ചപ്പാടല്ല. ഒരു ബാഹ്യപരീക്ഷയിലെ മത്സരം പോലുള്ള ഏതോ "വസ്തുനിഷ്ഠ" പ്രക്രിയയിലൂടെ സ്ഥിരീകരിക്കപ്പെടുന്ന വൈയക്തികമായ ഒരു സിദ്ധിവിശേഷം എന്ന നിലയിലാണ് മിക്കപ്പോഴും അത് പരിഗണിക്കപ്പെടുന്നത്. സമൂഹത്തിലെ ഉന്നതതലങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായവുമായി ഉറ്റബന്ധം പുലർത്തുന്ന ഇത്തരമൊരു വ്യാഖ്യാനം ബാഹ്യമായതിനെ വസ്തുനിഷ്ഠത എന്നു തെറ്റിദ്ധരിക്കാൻ ഇടയാക്കുകയും, കുട്ടികളെല്ലാവരും ഒരു പോലെയല്ലെന്നും ഭിന്നരുചികളും ശേഷികളുമാർന്നവരുമാണ് അവരെന്നുമുള്ള വസ്തുത അവഗണിക്കുകയും ചെയ്യുന്നു. ഓരോ കുട്ടിയിലേയും ഏറ്റവും ഉത്തമമായതിനെ പുറത്തേക്ക് കൊണ്ടുവരുന്നതിന്, ഔപചാരിക വിദ്യാഭ്യാസം പൂർത്തീകരിച്ചതിനുശേഷവും സ്വയംപഠിക്കുവാൻ അവന് അഥവാ അവൾക്കുള്ള ശേഷി മെച്ചപ്പെടുത്തുന്നതിന്, സദാ മാറിക്കൊണ്ടിരിക്കുന്ന സാമൂഹികക്രമത്തിൽ ജീവിതത്തെ സംബന്ധിച്ച് സാർത്ഥകമായി പര്യാലോചിക്കുവാൻ അവരെ തയ്യാറാക്കുന്നതിന്, കൈക്കൊണ്ട നടപടികളുമായി ബന്ധപ്പെട്ടുവേണം വിദ്യാഭ്യാസത്തിലെ മികവ് പരിഗണിക്കുവാൻ. വിദ്യാഭ്യാസ സമ്പ്രദായം സാർവത്രികവും സമഗ്രവുമാക്കുന്നതിന് ഉയർത്തിപ്പിടിക്കേണ്ടതും വികസിപ്പിക്കേണ്ടതുമായ രണ്ട് വശങ്ങളാണ് സമത്വവും മികവും. പരസ്പരം മത്സരിക്കുന്നതോ ഒന്നു കുറച്ചു മറ്റേതു കൂട്ടാവുന്നവയോ ആയ ലക്ഷ്യങ്ങളല്ല അവ.

2.14 സാമ്പത്തികവും സാംസ്കാരികവും ബൗദ്ധികവുമായ സ്വന്തം ശേഷി സാക്ഷാത്കരിക്കുന്നതിന് കഴിവുറ്റ മാനവികമായൊരു സമൂഹം സൃഷ്ടിക്കുന്നതിനുള്ള വിപുലമായ യത്നത്തിലെ ഒരു സുപ്രധാന ഘടകമാണ് ജനകീയ വിദ്യാഭ്യാസം എന്നു ചുരുക്കം. ഒഴിച്ചുകൂടാനാവാത്തതും എന്നാൽ വെല്ലുവിളികൾ ഉയർത്തുന്നതുമായ ഒരു സംരംഭമാണത്.

അധ്യായം 3

കേരളത്തിലെ വിദ്യാഭ്യാസരംഗം - അവലോകനം

സാക്ഷരത

3.1 ഇന്ത്യയിൽ ഏറ്റവും ഉയർന്ന സാക്ഷരത നേടിയ സംസ്ഥാനമാണിന്ന് കേരളം. 1991 ൽ മൊത്തം സാക്ഷരതാ നിരക്ക് 89.81% ആയിരുന്നപ്പോൾ ദേശീയ സാക്ഷരതാ നിരക്ക് 52.21% ആയിരുന്നു. കേരളത്തിലെ സ്ത്രീ സാക്ഷരതാ തോത് 1981 ൽ 75.69% ആയിരുന്നത് 1991 ൽ 86.17% ആയി. പുരുഷൻമാരുടേതാകട്ടെ 1981 ൽ 87.73% ആയിരുന്നത് 1991 ൽ 93.62% ആയി.

എങ്കിലും, കേരളത്തിൽ പട്ടികജാതിക്കാരുടെ (എസ്.സി) സാക്ഷരതാതോത് 1991ൽ 79.65 ശതമാനവും പട്ടികവർഗക്കാരുടേത് (എസ്.റ്റി) 51.09 ശതമാനവും മാത്രമായിരുന്നു. ദുർബല ജനവിഭാഗങ്ങൾക്കിടയിൽ, പ്രത്യേകിച്ചും പട്ടികവർഗങ്ങൾക്കിടയിൽ, ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. എസ്.സി-എസ്.റ്റി വിഭാഗങ്ങളുടെ സ്ഥിതി ജില്ല തിരിച്ച് താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സാക്ഷരതാ രംഗത്തെ നേട്ടകോട്ടങ്ങൾ കൂടുതൽ സ്പഷ്ടമാകും. സമാനവും സമഗ്രവുമായ തോതിൽ സാക്ഷരത കൈവരിക്കുകയെന്നത് ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത കടമയാണെന്നും അത് വ്യക്തമാക്കുന്നു.

പട്ടിക 3.1

സാക്ഷരതാ തോത് (ശതമാനം) 1991

ജില്ല	പട്ടികജാതിക്കാർ			പട്ടികവർഗ്ഗക്കാർ			മൊത്തം ജനസംഖ്യ		
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	മൊത്തം
കാസർകോട്	59.05	47.80	53.45	63.55	49.75	56.74	88.97	76.29	82.51
കണ്ണൂർ	78.64	70.51	74.56	55.15	44.10	49.65	95.54	87.65	91.48
വയനാട്	70.13	58.90	64.62	48.29	36.54	42.41	87.59	77.69	82.73
കോഴിക്കോട്	80.15	71.62	75.85	48.42	40.46	44.37	95.58	86.79	91.10
മലപ്പുറം	70.72	62.37	66.49	40.80	31.49	36.09	92.08	84.09	87.94
പാലക്കാട്	63.32	51.07	57.05	34.31	25.10	29.75	87.24	75.72	81.27
തൃശ്ശൂർ	73.77	65.54	69.55	46.53	40.70	43.57	93.77	86.94	90.18
എറണാകുളം	77.43	69.45	73.42	70.75	62.42	66.72	95.46	89.27	92.35
ഇടുക്കി	69.56	55.16	62.37	57.89	49.07	53.54	90.82	82.96	86.94
കോട്ടയം	83.08	77.00	80.03	79.88	78.05	78.96	97.46	94.00	95.72
ആലപ്പുഴ	83.02	75.89	79.42	70.50	61.33	65.94	96.79	91.12	93.87
പത്തനംതിട്ട	79.09	73.58	76.29	65.97	61.10	63.53	96.55	93.29	94.86
കൊല്ലം	74.30	65.24	69.71	58.62	47.60	53.11	94.09	87.00	90.47
തിരുവനന്തപുരം	74.97	68.02	71.41	70.57	57.98	64.10	92.84	85.76	89.22
കേരളം	73.86	65.03	69.38	53.68	43.53	48.62	93.62	86.17	89.81

അവലംബം: 1. 1991 ലെ കാനേഷുമാരി

2. സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ്, സംസ്ഥാന ആസൂത്രണ ബോർഡ് (വിവിധ ലക്കങ്ങൾ)

വിദ്യാഭ്യാസത്തിന്റെ പൊതുവിലുള്ള വ്യാപനം

3.2 കേരളത്തിൽ 5-11 പ്രായക്കാരായ കുട്ടികളിൽ 98 ശതമാനത്തിലേറെ പ്രൈമറി സ്കൂളിൽ പഠിക്കുന്നു. പ്രാഥമിക തലത്തിൽ ഇങ്ങനെ ഏതാണ്ട് മുഴുവൻ പേരും പ്രവേശനം നേടുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ

നഗര-ഗ്രാമ പ്രദേശങ്ങളിൽ തുല്യമായും നല്ല നിലയിലും വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഏതാണ്ട് ഓരോ മൂന്ന് ചതുരശ്ര കിലോമീറ്ററിനും ഒരു സ്കൂൾ എന്ന നിലയിലാണ് സ്കൂളുകൾ വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഓരോ ലക്ഷംപേർക്കും ഏതാണ്ട് 42 സ്കൂളുകൾ. പട്ടിക 3.2 വിസ്തൃതിയുടേയും ജനസംഖ്യയുടേയും അടിസ്ഥാനത്തിൽ സ്കൂൾ വിതരണത്തിന്റെ സ്ഥിതി വ്യക്തമാക്കുന്നു.

പട്ടിക 3.2

ഓരോ 10 ച.കി.മീറ്ററിലും ഓരോ ലക്ഷം ജനസംഖ്യക്കും ലഭ്യമായ സ്കൂളുകളുടെ എണ്ണം.

സ്കൂളിന്റെ ഇനം	10 ച.കി.മീറ്ററിൽ സ്കൂളുകളുടെ എണ്ണം		ലക്ഷം ജനസംഖ്യക്ക് സ്കൂളുകളുടെ എണ്ണം		ഒരു സ്കൂളിന്റെ സേവനം ലഭ്യമാകുന്ന ജനസംഖ്യ	
	1986-87	1996-97	1986-87	1996-97	1986-87	1996-97
HS	0.63	0.66	8.74	8.35	11440	11967
UP	0.74	0.76	10.37	9.62	9640	10391
LP	1.76	1.73	24.56	21.86	4071	4575

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരളഗവൺമെന്റ്.

1997-98 കാലഘട്ടത്തിൽ ഒന്നു മുതൽ പത്ത് വരെയുള്ള സ്റ്റാന്റേർഡുകളിലായി 54.14 ലക്ഷം വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്. ഇവരിൽ ആൺകുട്ടികൾ 27.46 ലക്ഷവും പെൺകുട്ടികൾ 26.68 ലക്ഷവുമായിരുന്നു. 1995 ഏപ്രിൽ 1ലെ കണക്കുപ്രകാരം കേരളത്തിലെ ജനസംഖ്യ ഏതാണ്ട് 307.68 ലക്ഷമായിരിക്കുന്നു. അതായത് മൊത്തം ജനസംഖ്യയുടെ ആറിലൊന്ന് സ്കൂളുകളിലാണുള്ളത്.

3.3 1996-97ൽ സ്കൂളിലെ മൊത്തം അധ്യാപകരുടെ സംഖ്യ 1.88 ലക്ഷമായിരുന്നു; അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ഉം മൊത്തം അംഗീകൃത സ്കൂളുകളുടെ സംഖ്യ 1996-97ൽ 12257 ആയിരുന്നു. (ഹൈസ്കൂളുകൾ - 2571, യു. പി. - 2961,എൽ.പി.-6725.) ഇവയിൽ 4457 എണ്ണം (36.36%) സർക്കാർ സ്കൂളുകളും 7310 എണ്ണം (59.64%) സ്വകാര്യ എയിഡഡ് സ്കൂളുകളും 490 എണ്ണം (4%) സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുമാണ്. ഇവയ്ക്കു പുറമെ അനധികൃതവും അംഗീകാരമില്ലാത്തതുമായ ഏതാനും സ്കൂളുകളുമുണ്ട്.

പട്ടിക 3.3

സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം (ലക്ഷങ്ങളിൽ)

വർഷം	എൽ.പി.	യു.പി.	എൽ.പി.+യു.പി.	സെക്കണ്ടറി	മൊത്തം
1960-61	20.57	8.82	29.39	3.31	32.70
1965-66	25.21	10.32	35.53	6.15	41.68
1969-70	27.69	12.20	39.89	7.09	46.98
1972-73	29.89	13.86	43.75	7.81	51.56
1975-76	26.71	17.96	44.67	9.08	53.75
1979-80	26.48	16.68	43.16	12.65	55.81
1983-84	25.01	18.05	43.06	13.42	56.48
1987-88	26.37	18.05	44.42	13.46	57.88
1988-89	25.96	18.48	44.44	14.08	58.52
1989-90	25.27	18.95	44.22	14.60	58.82
1990-91	24.72	19.30	44.02	14.99	59.01
1991-92	24.20	19.33	43.53	15.49	59.02
1992-93	23.62	19.03	42.65	15.86	58.51
1993-94	23.25	18.67	41.92	16.16	58.08
1994-95	22.52	18.39	40.91	16.26	57.17
1995-96	21.98	18.13	40.11	16.17	56.28
1996-97	21.22	17.81	39.03	16.05	55.08
1997-98	20.68	17.50	38.18	15.96	54.14

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരളാ ഗവൺമെന്റ്

3.4 കേരളത്തിൽ സ്കൂൾ വിതരണം ആപേക്ഷികമായി സന്തുലിതമായാണെന്ന് എൻ.സി.ഇ.ആർ.ടി. 1993–94ൽ നടത്തിയ ആറാമത് അഖിലേന്ത്യാ വിദ്യാഭ്യാസ സർവെ തെളിയിക്കുന്നു. ലോവർ പ്രൈമറി സ്കൂളുകളിൽ 77 ശതമാനവും അപ്പർ പ്രൈമറി സ്കൂളുകളിൽ 50.5 ശതമാനവും നിശ്ചിത തോതിലുള്ള ആവാസകേന്ദ്രങ്ങളിൽ (5000 ജനങ്ങൾക്ക്) ആണെന്ന് സർവെ തെളിയിക്കുന്നു. 90% ജനങ്ങൾക്കും ഒരു കിലോമീറ്ററിനകം ഒരു ലോവർ പ്രൈമറി സ്കൂളുണ്ട്: 67.5% പേർക്ക് ഒരു അപ്പർ പ്രൈമറി സ്കൂളും 62% പേർക്ക് ഒരു സെക്കണ്ടറി സ്കൂളും ഒരു കിലോമീറ്ററിനകം ലഭ്യമാണ്. പ്രസക്തമായ കണക്കുകൾ പട്ടിക 3.4ൽ

പട്ടിക 3.4

വിവിധ ഘട്ടങ്ങളിലുളള സ്കൂളുകളുടെ സ്ഥാനവും ദൂരവും, സൗകര്യം ലക്ഷ്യമാകുന്ന ജനങ്ങളുടെ തോതും (ഗ്രാമങ്ങളിൽ)

ദൂരം	എൽ.പി. സ്കൂൾ ലഭ്യമാകുന്ന ജനങ്ങളുടെ സംഖ്യ	യു.പി. സ്കൂൾ ലഭ്യമാകുന്ന ജനങ്ങളുടെ സംഖ്യ	സെക്കണ്ടറി സ്കൂൾ ലഭ്യമാകുന്ന ജനങ്ങളുടെ സംഖ്യ	ഹയർ സെക്കണ്ടറി സ്കൂൾ ലഭ്യമാകുന്ന ജനങ്ങളുടെ സംഖ്യ
ആവാസ കേന്ദ്രത്തിലെ സ്കൂളുകൾ*	16989209 (76.68)**	11199914 (50.55)	6567040 (29.64)	1272867 (5.74)
1 കി. മീറ്റർ ദൂരത്തിലെ സ്കൂൾ	2879487 (13.00)	3758167 (16.96)	7332729 (33.09)	4516890 (20.39)
2 കി. മീറ്റർ ദൂരത്തിലെ സ്കൂൾ	1327783 (5.99)	3399001 (15.34)	- -	- -
2 കി. മീറ്റർ ദൂരത്തിലേറെ സ്കൂൾ	960215 (4.33)	3799612 (17.15)	- -	- -
2-4 കി. മീറ്റർ ദൂരത്തിലെ സ്കൂൾ	- -	- -	5389277 (24.32)	3329979 (15.03)
4 കി. മീറ്റർ ദൂരത്തിലെ സ്കൂൾ	- -	- -	2867648 (12.95)	13036958 (58.84)

** 1993 ലെ എൻ.സി.ഇ.ആർ.ടി.ഇ സർവെയിൽ നിന്നു ശേഖരിച്ച കണക്കുകൾ.*

*** ഗ്രാമീണ ജനതയെ നിർവചിക്കുന്നതിന് സർവെയിൽ 5000 മുതൽ 500 വരെയുളള വ്യത്യസ്ത സ്ലാബുകൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇവിടെ 5000 എന്ന സ്ലാബാണ് അവലംബമാക്കിയത്.*

3.5 പെൺകുട്ടികളുടെ വിദ്യാഭ്യാസരംഗത്ത് സംസ്ഥാനം കൈവരിച്ച പുരോഗതി ഐതിഹാസികമാണ്. ഒന്നു മുതൽ പത്തു വരെയുളള സ്റ്റാന്റേർഡുകളിൽ സ്കൂളുകളിൽ പ്രവേശനം നേടുന്ന പെൺകുട്ടികളുടെ തോത് ആൺകുട്ടികളുടേതിനോട് ഏതാണ്ട് തുല്യം തന്നെയാണ്. കഴിഞ്ഞ എട്ടുവർഷത്തെ കണക്കുകൾ പട്ടിക 3.5ൽ നൽകിയിരുന്നു.

പട്ടിക 3.5

ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സ്കൂൾ പ്രവേശനം (1-10)

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ
1990-91	51.04%	48.96%
1991-92	50.95%	49.05%
1992-93	50.77%	49.23%
1994-95	50.74%	49.26%
1995-96	50.75%	49.25%
1996-97	50.65%	49.35%
1997-98	50.80%	49.20%

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള ഗവൺമെന്റ്.

3.6 കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ മറ്റൊരു സ്വാഭാവവിശേഷം പ്രാഥമികതലത്തിൽ കൊഴിഞ്ഞുപോക്ക് ഏതാണ്ട് ഇല്ല എന്നതാണ്. എന്നാൽ അഖിലേന്ത്യാതലത്തിലിത് 53 ശതമാനത്തോളമാണ്. കേരളത്തിൽ ഒന്നാം സ്റ്റാൻഡേർഡു മുതൽ പത്താം സ്റ്റാൻഡേർഡ് വരെ കൊഴിഞ്ഞുപോക്കിന്റെ തോത് ഏതാണ്ട് മുപ്പതു ശതമാനത്തോളമാണ്. ദേശീയ തലത്തിലിത് 70 ശതമാനത്തോളവും. 9-ാം സ്റ്റാൻഡേർഡിനു ശേഷം നിലനിൽക്കുന്നവരുടെ സംഖ്യയിൽ കുത്തനെ ഇടിവുള്ളതായി കാണുന്നു. ഇതിനു കാരണം മോശപ്പെട്ട പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാർത്ഥികളുടെ തുടർന്നുള്ള പഠനം തടയാൻ സ്കൂളധികൃതർക്ക് അധികാരമുണ്ട് എന്നതാണ്. പട്ടികജാതി-പട്ടികവർഗക്കാർക്കിടയിൽ കൊഴിഞ്ഞുപോക്കിന്റെ തോത് ഇതര വിദ്യാർത്ഥികളിലേതിലും ഉയർന്നതാണ്. പട്ടികവർഗ വിദ്യാർത്ഥികൾ 60 ശതമാനത്തോളം കൊഴിഞ്ഞുപോകുന്നു. ഉത്കണ്ഠക്കിടയാക്കുന്ന ഒരു വിഷയമാണിത്.

പട്ടിക 3.6

ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ നിലനില്പ് പുരോഗതിയുടെ സാമ്പിൾ (ബ്രാക്കറ്റിലുള്ളത് ശതമാന തോത്)

വർഷം	ആകെ സംഖ്യ	ഗവൺമെന്റ് സ്കൂളുകൾ	സ്വകാര്യ എയ്ഡഡ്	സ്വകാര്യ അൺഎയ്ഡഡ്	പട്ടികജാതി	പട്ടികവർഗം
1986-87	614636 (100)	253615 (100)	344902 (100)	16119 (100)	74735 (100)	8084 (100)
1987-88	687381 (111.84)	281147 (110.86)	389748 (113.00)	16486 (102.28)	81602 (109.19)	8861 (109.61)
1988-89	671373 (109.23)	275343 (108.57)	380044 (110.19)	15986 (99.17)	78807 (105.45)	8279 (102.41)
1989-90	660417 (107.45)	270354 (106.60)	373983 (108.43)	16080 (99.76)	76640 (102.55)	7818 (96.71)
1990-91	660062 (107.39)	237583 (93.68)	407512 (118.15)	14967 (92.85)	74868 (100.18)	7248 (89.66)
1991-92	643425 (104.68)	227675 (89.77)	400750 (116.19)	16000 (99.26)	72570 (97.10)	6463 (79.95)
1992-93	655294 (106.61)	229486 (90.49)	411696 (119.37)	14135 (87.69)	71873 (96.17)	6142 (75.98)
1993-94	620609 (100.97)	248288 (97.9)	358045 (103.81)	14276 (88.57)	68957 (92.27)	5537 (68.49)
1994-95	569137 (92.60)	225677 (88.98)	329809 (95.62)	13651 (84.69)	60499 (80.95)	4648 (57.50)
1995-96	446466 (72.64)	175908 (69.36)	258274 (74.88)	12284 (76.21)	44039 (58.93)	3164 (39.14)

1996 : എസ്എസ്എൽസി പരീക്ഷക്ക് ഹാജരായവരുടെ എണ്ണം - 434507 (70.69)

പാസായവരുടെ എണ്ണം - 201603 (32.81)

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കണക്കുകൾ.

3.7 കേരളത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലമായ ഒരു ശൃംഖലയുണ്ട്. നാല് സർവകലാശാലകളിലായി 206 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്നു. അവയിൽ 3.54 ലക്ഷത്തോളം വിദ്യാർത്ഥികൾ പ്രവേശനം നേടുന്നു. പ്രൊഫഷണൽ കോളേജുകൾ, അറബിക് കോളേജുകൾ, ഫൈൻ ആർട്സ് കോളേജുകൾ എന്നിങ്ങനെ വേറെ 105 കോളേജുകളുമുണ്ട്. ഇങ്ങനെ കോളേജുകളുടെ മൊത്തംസംഖ്യ 311 ആയി.ഇതിനുംപുറമേ ഉന്നതവിദ്യാഭ്യാസമേഖലയിലേർപ്പെട്ട 4000ൽ പരം സമാന്തരകോളേജുകളുമുണ്ട്. സ്വകാര്യ ഏജൻസികൾ നടത്തുന്ന അഫിലിയേഷൻ ഇല്ലാത്തതും സർക്കാരിന്റെ ധനസഹായമില്ലാത്തതുമായ സ്ഥാപനങ്ങളാണ് സമാന്തരകോളേജുകൾ. പ്രീഡിഗ്രി, ഡിഗ്രി എന്നിവയും ബിരുദാനന്തര കോഴ്സുകൾ പോലും അവ നൽകുന്നു. സർവകലാശാലയിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണിത്. ഏതാണ്ട് 9 ലക്ഷം വിദ്യാർത്ഥികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. അവയിൽ മിക്കവയിലും അടിസ്ഥാനപരമായ പശ്ചാത്തലസൗകര്യങ്ങൾ പോലുമില്ല.

3.8 കേരളത്തിലെ വിദ്യാഭ്യാസ വളർച്ച പട്ടണപ്രദേശങ്ങൾ കേന്ദ്രീകരിച്ചല്ല. 1995-96 ലെ മൊത്തം വിദ്യാർത്ഥികളിൽ 8.98 ലക്ഷം (15.96%) പട്ടണപ്രദേശങ്ങളിലും 47.29 ലക്ഷം (84.04%) ഗ്രാമപ്രദേശങ്ങളിലുമായിരുന്നു. പട്ടണ-ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങളുടെ തോതുമായി തികച്ചും ഒത്തുപോകുന്നതാണിത്. മൊത്തം ജനസംഖ്യയിൽ 18.74 ശതമാനം മാത്രമാണ് പട്ടണപ്രദേശങ്ങളിൽ വസിക്കുന്നത്. പട്ടണപ്രദേശങ്ങളിലെ ജനസംഖ്യയിൽ 21.9% വിദ്യാർത്ഥികളാണെങ്കിൽ ഗ്രാമീണ ജനസംഖ്യയുടെ 19.84 ശതമാനമാണവർ. പട്ടണപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും വിദ്യാർത്ഥികളുടെ പ്രവേശനത്തിലുളള അന്തരം ഇതര സംസ്ഥാനങ്ങളിലേതുപോലെ ആശങ്കാജനകമല്ല.

3.9 കേരളത്തിലെ ജനസംഖ്യയിൽ അഞ്ചിലൊന്നോളം വിദ്യാർത്ഥികളാണ്. വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളേർപ്പെടുത്തുവാൻ സർക്കാർ ചെലവിന്റെ ഗണ്യമായ ഒരുഭാഗം ഉപയോഗിക്കുന്നു. സമീപകാലം വരേയും സംസ്ഥാനം ബജറ്റ് ചെലവിന്റെ 35- 40% വരെ വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചു. 1994-95ൽ സംസ്ഥാനം ബജറ്റ് ചെലവിന്റെ 30.09 ശതമാനമാണ് വിദ്യാഭ്യാസത്തിനായി ചെലവഴിച്ചത്. ദേശീയ തോത് (കേന്ദ്രമേഖല ഉൾപ്പടെ) 11.10 ശതമാനം മാത്രമാണ്. സംസ്ഥാനത്തിന്റെ വരുമാനവും വിദ്യാഭ്യാസത്തിനുള്ള പൊതുചെലവിന്റെ അനുപാതവുമായി തട്ടിക്കുമ്പോൾ കേരളം ലോകത്തിലെ നിരവധി വികസിത രാജ്യങ്ങൾക്കൊപ്പമാണ്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ (എസ്.ഡി.പി) 7.5 ശതമാനമാണ് വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നത്. രാജ്യമാകെയെടുത്താൽ ഇത് 3.90 % മാത്രമാണ്. ഈ ചെലവിന്റെ സിംഹഭാഗവും (90 ശതമാനത്തിലേറെ) സ്റ്റാഫിന്റെ ശമ്പളത്തിനായാണ് വിനിയോഗിക്കപ്പെടുന്നത് എന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മുതൽമുടക്ക് താരതമ്യേന കുറവാണ്.

പ്രീ സ്കൂൾ വിദ്യാഭ്യാസം

3.10 ശൈശവകാല വിദ്യാഭ്യാസത്തിന്റെ (Early Childhood Education ഇസിഇ) പ്രാധാന്യം സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കുട്ടിയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയവും വിദ്യാഭ്യാസപരമായി ഏറ്റവും നിറമുള്ളതുമായ കാലഘട്ടത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണിത്. പിൽക്കാലത്തെ മുഴുവൻ വികാസത്തിനും ഇ സി ഇ അടിത്തറ പാകുന്നു. ഇ സി ഇ പരിപാടികൾ നടപ്പിലാക്കുന്നതിനായി നിരവധി ഏജൻസികളും സർക്കാർ വകുപ്പുകളും കേരളത്തിൽ പ്രവർത്തിക്കുന്നു. അങ്കണവാടികൾ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ക്രെഷെകൾ എന്നിവ അക്കൂട്ടത്തിൽപ്പെടുന്നു. എൻ സി ഇ ആർ ടിയും കേരള സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പും ചേർന്നു സംഘടിപ്പിച്ച ആറാമത് അഖിലേന്ത്യാ

വിദ്യാഭ്യാസ സർവേ വിവിധ ഇ സി ഇ സ്ഥാപനങ്ങളെ സംബന്ധിച്ച് താഴെ പറയുന്ന കണക്കുകൾ നൽകുന്നു. എങ്കിലും പ്രസ്തുത സർവേ ഇതിനകം നിലവിൽ വന്ന അംഗീകാരമില്ലാത്ത നിരവധി സ്ഥാപനങ്ങളെ കണക്കിലെടുക്കുന്നില്ല. ഇവകൂടി കണക്കിലെടുത്താൽ കേരളത്തിൽ പ്രീ സ്കൂൾ സ്ഥാപനങ്ങളുടെ എണ്ണം ഇരുപതിനായിരത്തോളം വരും.

പട്ടിക 3.7

കേരളത്തിലെ പ്രീ പ്രൈമറി സ്ഥാപനങ്ങൾ

സ്ഥാപനങ്ങളുടെ ഇനം	എണ്ണം
ബാലവാടികളും അംഗൻവാടികളും 92-93 വരെ	16293
സ്വതന്ത്ര പ്രീപ്രൈമറി സ്കൂളുകൾ	846
സ്കൂളുകളുമായി ബന്ധപ്പെട്ടവ	540
ആകെ	17679

അവലംബം : ആറാമത് അഖിലേന്ത്യാ വിദ്യാഭ്യാസ സർവേ. എൻ.സി..ഇ.ആർ.ടി 1993, സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറാക്കിയ സ്റ്റേറ്റ് പ്ലാൻ ഓഫ് ആക്ഷൻ ഫോർ ദ ചൈൽഡ് ഇൻ കേരള.

3.11 സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ഇ) അല്പകാലം മുമ്പ് നടത്തിയ ഒരു പഠനം തെളിയിച്ചത്, ഇ.സി.ഇ സ്ഥാപനങ്ങളിൽ പാഠ്യപദ്ധതി, അധ്യാപന നിലവാരം, ലഭ്യമാകുന്ന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് നിശ്ചിതരീതിയൊന്നും പാലിക്കപ്പെടുന്നില്ല എന്നാണ്. അധ്യാപകരുടെ സംഖ്യ 1 മുതൽ 5 വരെയാണ്. ഒന്നോ രണ്ടോ സഹായികളുമുണ്ടാവും. അധ്യാപക-വിദ്യാർത്ഥി അനുപാതം 1:20 മുതൽ 1:50 വരെയും അതിനുമുകളിലുമാകാം. ഗവൺമെന്റ് ഇ.സി.ഇ സ്ഥാപനങ്ങളിൽ മുഴുവൻ അധ്യാപകർക്കും നഴ്സറി ടീച്ചർമാരെന്ന നിലയിലോ ബാലസേവികമാർ എന്ന നിലയിലോ ഒരു വർഷത്തെ പരിശീലനം നല്കപ്പെട്ടിരിക്കുന്നു. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിലെ മിക്ക അധ്യാപകരും യാതൊരു പരിശീലനവും സിദ്ധിക്കാത്തവരോ വെറും മൂന്നു മാസത്തെ പരിശീലനം സിദ്ധിച്ചവരോ ആണ്. ഇതാകട്ടെ തീർത്തും അപര്യാപ്തമാണ്. അധ്യാപകർക്ക് നല്കുന്ന ശമ്പളത്തിന്റെ കാര്യത്തിലും അന്തരം നിലനില്ക്കുന്നു. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിലുള്ളവർക്ക് വളരെ കുറഞ്ഞ ശമ്പളമാണ് ലഭിക്കുന്നത്. യാതൊരു ഉത്സാഹവും ശേഷിയും കൂടാതെ വിരസമായൊരു ചടങ്ങ് എന്ന നിലയിലാണ് അവർ തങ്ങളുടെ ജോലി നിർവഹിക്കുന്നത്. ഇ.സി.ഇ സ്ഥാപനങ്ങളിൽ പ്രത്യേകിച്ചും പട്ടണപ്രദേശങ്ങളിൽ, പ്രവേശനം ലഭിക്കുന്നതിന് കുട്ടികൾ പ്രവേശന പരീക്ഷകൾക്കോ അഭിമുഖങ്ങൾക്കോ വിധേയരാകേണ്ടി വരുന്നു. ശാസ്ത്രീയമായി സാധുതയില്ലാത്ത ഈ സമ്പ്രദായം കുട്ടികളിലും രക്ഷാകർത്താക്കളിലും വളരെയേറെ ഉത്ക്കണ്ഠ ജനിപ്പിക്കുകയും, കുട്ടിയെ തങ്ങൾ തഴയപ്പെടുകയും പരാജയപ്പെടുകയും ചെയ്യുമെന്ന തോന്നലിലേക്ക് നയിക്കുകയും ചെയ്യുന്നു.

3.12 ഗവൺമെന്റ് സ്ഥാപനങ്ങളിൽ യാതൊരു ഫീസും ഈടാക്കുന്നില്ലെങ്കിലും അനംഗീകൃത സ്കൂളുകൾ കനത്ത ഫീസ് ഈടാക്കുന്നു. പ്രീപ്രൈമറി സ്കൂളുകളേയും ഇ.സി.ഇ പരിപാടികളേയും രജിസ്റ്റർ ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്യുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല. ഇ.സി.ഇ സ്വഭാവേന കളികളേയും പ്രവർത്തനങ്ങളേയും അടിസ്ഥാനപ്പെടുത്തിയ പരിപാടിയായതിനാൽ മുറികൾക്കകത്തും പുറത്തുമായി മതിയായ സ്ഥലവും സുരക്ഷിതത്വം, ശുചീകരണം, വെളിച്ചം, വായുസഞ്ചാരം എന്നിവക്കായി മതിയായ ഏർപ്പാടുകളും ഉണ്ടായിരിക്കേണ്ടതാണ്. മിക്ക ഇ.സി.ഇ സ്ഥാപനങ്ങളും ഈ ആവശ്യങ്ങൾ നിറവേറ്റുന്നില്ല. പ്രത്യേകിച്ചും പട്ടണപ്രദേശങ്ങളിൽ അവ സ്ഥിതി

ചെയ്യുന്നത് ഇടുങ്ങിയതും വായുസഞ്ചാരം കുറഞ്ഞതുമായ സ്ഥലങ്ങളിലാണ്. വീടുക അനുബന്ധമായോ മേൽപുരക്ക് മുകളിലോ പോലും അവ ഏർപ്പെടുത്തുന്നു. സുരക്ഷിതമായ തുറസ്സായ സ്ഥലമോ കുട്ടികൾക്ക് കളിക്കാനുള്ള സ്ഥലമോ അവയിലില്ല. ഗ്രാമപ്രദേശങ്ങളിലാകട്ടെ, മറ്റു പരിമിതികൾക്കു പുറമേ അനുയോജ്യരായ ജീവനക്കാരെ ലഭ്യമല്ല എന്ന പ്രശ്നവുമുണ്ട്.

മിക്ക ഇ.സി.ഇ സ്ഥാപനങ്ങളും അധ്യാപനത്തിന് ശുപാർശ ചെയ്യപ്പെട്ട രീതികളല്ല പിന്തുടരുന്നത്. ഏറ്റവും വ്യാപകമായി പ്രയോഗിക്കപ്പെടുന്നത് ഔപചാരികമായ അധ്യാപനമാണ്. പ്രൈമറി സ്കൂളുകളുടെ താഴേക്കുള്ള നീട്ട് എന്ന മട്ടിൽ പ്രീപ്രൈമറി സ്കൂളുകൾ പരിഗണിക്കപ്പെടുന്നു. മിക്ക സന്ദർഭങ്ങളിലും കുട്ടികളെ നോക്കുക എന്ന രീതി മാത്രമാണുള്ളത്. ഒരു ഇ.സി.ഇ പരിപാടിയുടെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല.

പ്രൈമറി വിദ്യാഭ്യാസം

3.13 കേരളത്തിൽ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രായം ജൂൺ ഒന്നിന് 5 വയസ്സ് എന്നതാണ്. പ്രൈമറി വിദ്യാഭ്യാസത്തിന് രണ്ട് തലങ്ങളുണ്ട്. ലോവർ പ്രൈമറി (1-ാം സ്റ്റാൻഡേർഡ് മുതൽ 4-ാം സ്റ്റാൻഡേർഡ് വരെ), അപ്പർ പ്രൈമറി (5-ാം സ്റ്റാൻഡേർഡു മുതൽ 7-ാം സ്റ്റാൻഡേർഡു വരെ). സംസ്ഥാനത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ ഏറ്റവും വലിയ വിഭാഗം പ്രൈമറി വിദ്യാഭ്യാസമാണ്. 1997-98 ലെ കണക്കുകൾ പ്രകാരം പ്രൈമറി തലത്തിൽ 38.19 ലക്ഷം വിദ്യാർത്ഥികളുണ്ട്. ഇവരിൽ 19.61 ലക്ഷം (48.73%) പെൺകുട്ടികളാണ്. 1.28 ലക്ഷം അധ്യാപകർ അവരെ പഠിപ്പിക്കുന്നു. അവരിൽ 88,865 പേർ (68%) സ്ത്രീകളാണ്. മൊത്തം ജനസംഖ്യയിലെ 12.45% പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസത്തിലേർപ്പെട്ട കുട്ടികളാണ്. കേരളത്തിൽ 6725 ലോവർ പ്രൈമറി സ്കൂളുകളും 2961 അപ്പർ പ്രൈമറി സ്കൂളുകളുമുണ്ട്. മിക്കവാറും ഓരോ ഗ്രാമത്തിലും അഞ്ചിൽ കൂടുതൽ പ്രൈമറി സ്കൂളുകളുണ്ട്. പ്രൈമറി സ്കൂളുകളിൽ 61.07% സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളാണ്. സ്വകാര്യ അൺ-എയ്ഡഡ് മേഖലയിൽ 2.98% ഉണ്ട്. 35.95% സർക്കാർ സ്കൂളുകളാണ്. പ്രൈമറി തലത്തിലുള്ള സ്കൂളുകളുടെ വർദ്ധനവ് ഏറെക്കുറെ സ്ഥിരമായിരിക്കുന്നു. 1987-88 ൽ പ്രൈമറി തലത്തിലുള്ള സ്കൂളുകളുടെ സംഖ്യ 9702 ആയിരുന്നു. (എൽ.പി - 6917 ; യു.പി. - 2885). 96-97 ൽ അത് 9686 ആയി കുറഞ്ഞു. (എൽ.പി. - 6725, യു.പി. - 2961).

3.14 കഴിഞ്ഞ വർഷങ്ങളിലായി അധ്യാപകരുടെ സംഖ്യയും വർദ്ധിച്ചു. ലോവർ പ്രൈമറി അധ്യാപകരുടെ സംഖ്യ 1961-62 കാലഘട്ടത്തിൽ 62000 ആയിരുന്നത് 87-88 ൽ 74613 ആയി. പിന്നീടത് 96-97 കാലഘട്ടത്തിൽ 65,687 ആയി കുറഞ്ഞു. ഇതേ കാലഘട്ടത്തിൽ അപ്പർ പ്രൈമറി അധ്യാപകരുടെ സംഖ്യ 33000 ത്തിൽ നിന്നു് 61985 ആയി വർദ്ധിച്ച് പിന്നീട് 60,378 ആയി കുറഞ്ഞു. ലോവർ പ്രൈമറി തലത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1961-62 ൽ 1:33 ആയിരുന്നത് 95-96 ലും തുടർന്നു. അപ്പർ പ്രൈമറി തലത്തിൽ അനുപാതം 1:27 ആയിരുന്നത് പിന്നീട് 1:30 ആയി മാറി. ഇങ്ങനെ കഴിഞ്ഞ 35 വർഷങ്ങളിലേറെക്കാലമായി പ്രൈമറി തലത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം ഏതാണ്ട് 1:30 എന്ന നിലയിൽ ഏറെക്കുറെ സ്ഥിരമായി തുടർന്നു. പട്ടിക 3.8 വിശദാംശങ്ങൾ നൽകുന്നു.

പട്ടിക 3.8

അധ്യാപക-വിദ്യാർത്ഥി അനുപാതം

തലം	1960-61	1988-89	1995-96	1996-1997
ലോവർപ്രൈമറി	1:33	1:35	1:33	1:33
അപ്പർ പ്രൈമറി	1:27	1:29	1:30	1:30
സെക്കണ്ടറി	1:24	1:24	1:27	1:26
ശരാശരി	1:28	1:29	1:30	1:29

അവലംബം : പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള ഗവൺമെന്റ്

3.15 സമീപവർഷങ്ങളിലായി ലോവർ പ്രൈമറി തലത്തിലും (സ്റ്റാൻഡേർഡ് 1-4), അപ്പർ പ്രൈമറി തലത്തിലും (സ്റ്റാൻഡേർഡ് 5-7) പ്രവേശനം നേടുന്നവരുടെ തോത് കുറയുകയാണ്. ലോവർ പ്രൈമറി സ്കൂളുകളിൽ പ്രവേശനം നേടിയവരുടെ സംഖ്യ 1960-61ൽ 20.57 ലക്ഷമായിരുന്നത് 1972-73 ൽ 29.89 ലക്ഷമായി വർദ്ധിച്ചുവെങ്കിലും 1996-97 ആയതോടെ 21.22 ലക്ഷമായി ക്രമത്തിൽ കുറഞ്ഞു. അപ്പർ പ്രൈമറി തലത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ 1960-61 ൽ 8.82 ലക്ഷമായിരുന്നത് 1991-92 ൽ 19.33 ലക്ഷമായതിനു ശേഷം 1996-97 ൽ 17.81 ലക്ഷമായി കുറഞ്ഞു. മൊത്തത്തിൽ പ്രൈമറി തലത്തിൽ (സ്റ്റാൻഡേർഡ് 1-7) പ്രവേശനം നേടിയവരുടെ സംഖ്യ 1960-61 ൽ 29.39 ലക്ഷമായിരുന്നത് 80 കളുടെ ഒടുവിൽ 44.44 ലക്ഷമായി ഉയർന്നതിനു ശേഷം 1996-97 ൽ 39.03 ലക്ഷമായി ക്രമത്തിൽ കുറഞ്ഞു.

3.16 സ്കൂൾ പ്രവേശനം നേടിയവരുടെ, പ്രത്യേകിച്ചും പ്രൈമറി തലത്തിൽ, വിശദമായ പഠനം തെളിയിക്കുന്നത് കുറവു സംഭവിച്ചത് ജനസംഖ്യാപരമായ കാരണങ്ങളാലാണെന്നാണ്. ബന്ധപ്പെട്ട പ്രായപരിധിയിലുള്ള ജനസംഖ്യ ഇടിഞ്ഞുകൊണ്ടിരിക്കുന്ന പ്രവണതയുള്ളതിനാൽ സ്കൂൾ പ്രവേശനത്തോത് ഇനിയും കുറയാനാണ് സാധ്യത. സ്കൂൾ പ്രായക്കാരുടെ ബന്ധപ്പെട്ട കണക്കുകൾ പട്ടിക 3.9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.9

സ്കൂൾ പ്രായക്കാരുടെ ജനസംഖ്യാപരമായ പ്രവണതകൾ

വർഷം	0 - 4	5 - 9	10 - 14
1991	2748612	2867642	2949611
1996	2592234	2698659	2823894
2001	2313360	2592126	2695141

അവലംബം : 1981ലെയും 1991ലെയും കാനേഷുമാരികൾ; സ്കൂൾ പ്രായക്കാരുടെ ജനസംഖ്യയെ സംബന്ധിച്ച വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ 1996, 2001 വർഷങ്ങളിലേക്കുള്ള പ്രവചനങ്ങൾ (സംസ്ഥാന ആസൂത്രണ ബോർഡ്, 1994 ജൂൺ).

3.17 ആദായകരമല്ലാത്ത സ്കൂളുകളുടെ ആവിർഭാവത്തിൽ പ്രതിഫലിക്കുന്നത് ജനസംഖ്യാപരമായ പരിവർത്തനങ്ങളുടെ സ്വാധീനമാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ.ഇ.ആർ) അനുശാസിക്കുന്നത് ഓരോ ക്ലാസിലും 25ൽ താഴെ കുട്ടികളാകുമ്പോൾ സ്കൂൾ ആദായകരം അല്ലാതാകുന്നുവെന്നാണ്. 1988-89 കാലഘട്ടത്തിൽ സംസ്ഥാനത്ത് ആദായകരമല്ലാത്ത 650 സ്കൂളുകളുണ്ടായിരുന്നു. ഇവയിൽ 278 എണ്ണം സർക്കാർ മേഖലയിലും ബാക്കിയുള്ളവ സ്വകാര്യ മേഖലയിലുമാണ്. 1997ൽ ആദായകരമല്ലാത്തതായി 1407 സ്കൂളുകളുണ്ടായി. ഇവയിൽ 625 എണ്ണം സർക്കാർ മേഖലയിലും ബാക്കി സ്വകാര്യമേഖലയിലുമാണ് (പട്ടിക 3.10 കാണുക).

പട്ടിക 3.10

കേരളത്തിൽ ആദായകരമല്ലാത്ത സ്കൂളുകൾ

വർഷം	സർക്കാർ	സ്വകാര്യമേഖല	മൊത്തം
1993	491	798	1289
1994	482	793	1265
1995	542	805	1347
1996	609	804	1413
1997	625	782	1407

അവലംബം : വിവിധ വർഷങ്ങളിലെ സാമ്പത്തിക റിവ്യൂ റിപ്പോർട്ടുകൾ

3.18 ഇതിനും പുറമേ പ്രൊട്ടക്റ്റഡ് അധ്യാപകർ എന്ന പ്രതിഭാസവുമുണ്ട്. നിരവധി സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ സംഖ്യ കുറയുന്നതിനാൽ തൊഴിൽ നഷ്ടപ്പെടുമെന്ന ഭീതിയിൽ കഴിയുന്നവരും സർക്കാരിന്റെ പരിരക്ഷണം ലഭിക്കുന്നവരുമാണ് ഇവർ. 1969ലാണ് ആദ്യമായി സംരക്ഷണം നിലവിൽ വന്നത്. അധ്യാപകർക്ക് നല്കപ്പെട്ട പ്രൊട്ടക്ഷൻ ആനുകൂല്യങ്ങൾ 1970ൽ അധ്യാപകേതര ജീവനക്കാർക്കും ലഭ്യമാക്കി. ജനനനിരക്ക് കുറയുന്ന പ്രവണത കണക്കിലെടുക്കുമ്പോൾ സ്കൂളുകളിൽ പ്രവേശനം നേടുന്നവരുടെ സംഖ്യ കേവലമായിത്തന്നെ ഇനിയും ഇടിയാനാണ് സാധ്യത.

3.19 പ്രവേശനം നേടുന്നവരുടെ സംഖ്യ കുറയുന്നതിന് മറ്റൊരു കാരണം സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഉപദേശത്തിനു വിരുദ്ധമായി വിവേചനമില്ലാതെ പുതിയ സ്കൂളുകൾ അനുവദിക്കപ്പെടുന്നതാണ്. നിലവിലുള്ള സ്വകാര്യ-സർക്കാർ സ്കൂളുകളുടെ ശേഷിയെ അത് ബാധിക്കുന്നു.

ഈ സ്ഥിതി വിശേഷം ഒട്ടേറെ അഴിമതികളിലേക്കു നയിക്കുന്നു. അധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിനായി എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ നിർണയിക്കുന്നതിനായി കാലാകാലം പരിശോധന നടത്തുകയെന്ന സംവിധാനം കർശനമായി പാലിക്കപ്പെടുന്നില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അതിനാൽ കൂടുതൽ തസ്തികകൾ അനുവദിക്കപ്പെടുന്നതിനായി എണ്ണം പെരുപ്പിച്ചു കാണിക്കുവാൻ മാനേജ്മെന്റുകൾക്ക് സാധിക്കുന്നു. ഇതിനുംപുറമേ, അധ്യാപകർക്ക് ജോലി സംരക്ഷണത്തിന് അർഹത നേടാൻ വേണ്ടി അവരുടെ സേവനകാലം തുടർച്ചയായ രണ്ട് വെക്കേഷനുകളിലായി ദീർഘിപ്പിക്കുന്നതിനും മാനേജ്മെന്റുകൾ വിവിധ അടവുകൾ പ്രയോഗിക്കുന്നു. ഇക്കാരണങ്ങളാലും മറ്റും പ്രൊട്ടക്റ്റഡ് വിഭാഗത്തിൽപ്പെടുന്ന അധ്യാപകരുടെ സംഖ്യ വർഷം തോറും വർദ്ധിക്കാതിരിക്കണമെങ്കിൽ ഉചിതമായ നയങ്ങളാവിഷ്കരിക്കുകയും കർശനമായ മേൽനോട്ടമേർപ്പെടുത്തുകയും വേണം.

പട്ടിക 3.11

കേരളത്തിൽ സംരക്ഷിതാധ്യാപകർ (1996-97)

ജില്ല	എച്ച്.എസ്.എ	പിഡി അധ്യാപകർ	സ്പെഷൽ	മൊത്തം
തിരുവനന്തപുരം	14	92	8	114
കൊല്ലം	64	186	62	312
പത്തനംതിട്ട	21	29	38	88
ആലപ്പുഴ	104	146	135	385
കോട്ടയം	43	79	101	223
ഇടുക്കി	4	42	14	60
എറണാകുളം	64	219	104	387
തൃശൂർ	13	51	48	112
പാലക്കാട്	15	79	13	107
മലപ്പുറം	2	83	8	93
കോഴിക്കോട്	22	185	32	239
കണ്ണൂർ	6	21	4	31
വയനാട്	3	37	17	57
കാസർഗോഡ്	5	18	8	31
മൊത്തം	380	1267	592	2239

അവലംബം : 1997ലെ സാമ്പത്തിക റിവ്യൂ

3.20 സ്കൂളുകളുടെ വ്യാപനത്തെ സംബന്ധിച്ചിടത്തോളം നേട്ടങ്ങൾ ഗംഭീരമാണെങ്കിലും പശ്ചാത്തലസൗകര്യങ്ങളുടെ കാര്യത്തിൽ അനേകം സ്കൂളുകളിലെ സ്ഥിതി മോശമാണ്. നിരവധി സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം പോലുമില്ല. സർക്കാർ നിർദേശങ്ങൾ പ്രകാരം എൽ.പി. സ്കൂളുകൾക്ക് ഒരേക്കറും യു.പി. സ്കൂളുകൾക്ക് ഒന്നര ഏക്കറും സെക്കണ്ടറി സ്കൂളുകൾക്ക് മൂന്നേക്കറും സ്ഥലസൗകര്യം ഉണ്ടായിരിക്കണം. നിരവധി സ്കൂളുകൾ ഈ നിബന്ധനകൾ നിറവേറ്റുന്നില്ല. പഴയ ജീർണ്ണിച്ച കെട്ടിടങ്ങളിലും ഓലപ്പുരകളിലുമാണ് നിരവധി സ്കൂളുകൾ പ്രവർത്തിക്കുന്നത്. പരീക്ഷണശാലകൾ, ഗ്രന്ഥശാലകൾ, ഫർണിച്ചർ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പോലും അവയ്ക്കില്ല. കുടിവെളളത്തിനുളള സൗകര്യം, കക്കൂസുകൾ, മൂത്രപ്പുരകൾ എന്നിവയുടെ അഭാവം നിരവധി സ്കൂളുകൾ നേരിടുന്നു. സർക്കാർ സ്കൂളുകളിലാണ് സ്ഥിതി കൂടുതൽ രൂക്ഷമായിട്ടുളളത്. മിക്ക സ്കൂളുകളിലും, കോളേജുകളിലും പെൺകുട്ടികൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

3.21 പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ പഠനനേട്ടത്തെ സംബന്ധിച്ച ഗുരുതരമായ ചോദ്യങ്ങൾ ഉയർന്നുവരുന്നു. പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിക്കുന്ന കുട്ടികളിൽ 30 ശതമാനത്തിന് അക്ഷരജ്ഞാനത്തിന്റേയും അക്കജ്ഞാനത്തിന്റേയും കാര്യത്തിൽ ആവശ്യമായ നിലവാരം കൈവരിക്കുവാൻ കഴിയുന്നില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിങ്ങ് ആന്റ് അഡ്മിനിസ്ട്രേഷൻ (എൻ.ഐ.ഇ.പി.എ) ജില്ലാ പ്രൈമറി വിദ്യാഭ്യാസപരിപാടി (ഡി.പി.ഇ.പി.)ക്കായി മലപ്പുറം ജില്ലയിൽ നടത്തിയ പഠനം ഈ വിമർശനം

സ്ഥിരീകരിക്കുന്നതാണ്. സ്കൂളുകളിലെ നില മെച്ചപ്പെടുത്തുന്നതിനായി അധ്യാപന-പഠനപ്രക്രിയ മെച്ചപ്പെടുത്തുവാൻ ഗൗരവപൂർവം നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് എൻ.ഇ.സി.ഇ.ആർ.ടി യുടെ ഒരു പഠനം വ്യക്തമാക്കുന്നു.

3.22 വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന, തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും ജില്ലകളിലായി പ്രൈമറി വിദ്യാഭ്യാസം മൊത്തത്തിൽ ഉടച്ചുവാർക്കുന്നതിനുദ്ദേശിച്ച് ബഹുമുഖപരിപാടികളോടെ ആവിഷ്കരിക്കപ്പെട്ട കേന്ദ്രാഭിമുഖ്യത്തിലുള്ള ഒരു പദ്ധതിയാണ് ഡി.പി.ഇ.പി. വികേന്ദ്രീകൃതമായ ആസൂത്രണത്തിനും മാനേജ്മെന്റിനും സമൂഹപങ്കാളിത്തത്തിനും അത് ഊന്നൽ നല്കുന്നു. 1994 ഡിസംബറിൽ മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിലാണ് ഈ പരിപാടി ഏർപ്പെടുത്തിയത്. എന്നാൽ പരിപാടിയുടെ നടത്തിപ്പുകാരും പ്രവർത്തകരും വിഭാവനം ചെയ്തതു പോലെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. സ്വന്തം പങ്കിനേയും ചുമതലകളേയും സംബന്ധിച്ച് അവർ ഉദ്ബുദ്ധരല്ല. സമൂഹപങ്കാളിത്തവും പങ്കാളിത്ത രീതിയിലുള്ള ആസൂത്രണവും നടത്തിപ്പും തൃപ്തികരമല്ല. ഒരു പണവിതരണ സംരംഭമായാണ് ഈ പരിപാടി ഒന്നാമതായും വീക്ഷിക്കപ്പെടുന്നത്. ഈ പരിപാടി നടപ്പിലാക്കുന്നതിൽ നിർണായക പങ്ക് വഹിക്കേണ്ട ജില്ലാ വിദ്യാഭ്യാസ-പരിശീലന സ്ഥാപനങ്ങളെ (ഡയറ്റ്) മതിയായ തോതിൽ ഉദ്യോഗസ്ഥരേയും വിഭവങ്ങളും ലഭ്യമാക്കി കാര്യക്ഷമമാക്കേണ്ടതുണ്ട്. പഠനപ്രക്രിയയിൽ ശുഷ്കാന്തി പുലർത്താത്ത സർക്കാർ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു പതിവു ചടങ്ങായി പ്രൈമറി വിദ്യാഭ്യാസം തുടരുന്നു. ക്ലാസ്സ് മുറികൾക്കകത്തെ പഠനത്തിലും അക്കാദമിക് വികേന്ദ്രീകരണത്തിലും പുതിയ കണ്ടെത്തലുകളിലും, പരിസരബന്ധിതവും സാമൂഹിക അടിസ്ഥാനത്തിലുള്ളതുമായ മുൻകൈ നടപടികളിലും ശ്രദ്ധ പതിപ്പിക്കുന്നില്ല.

സെക്കണ്ടറി വിദ്യാഭ്യാസം

3.23 കേരളത്തിൽ 1960-61 ൽ 895 സെക്കണ്ടറി സ്കൂളുകൾ ഉണ്ടായിരുന്നപ്പോൾ 1996-97 ൽ 2571 എണ്ണമായി - ഗണ്യമായ വർദ്ധനവ്. ഇവയിൽ 976 എണ്ണം (37.96%) സർക്കാർ സ്കൂളുകളും 1394 എണ്ണം (54.22%) സ്വകാര്യ എയ്ഡഡ് സ്കൂളുകളുമാണ്. 1960-61 ൽ 3.31 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 1995-96 ൽ 16.17 ലക്ഷമായി. അധ്യാപകർ 1960-61 ൽ 14000 ആയിരുന്നപ്പോൾ 1995-96 ൽ 91984 ആയി.

3.24 സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തെ സംബന്ധിച്ച കണക്കുകൾ രസകരമായ ചില പ്രവണതകൾ കാണിക്കുന്നു. പ്രൈമറി തലത്തിൽ നിന്ന് സെക്കണ്ടറി തലത്തിലേക്ക് വിദ്യാർത്ഥികൾ സുഗമമായി ഒരു കൊഴിഞ്ഞുപോക്കും ഇല്ലാതെ കടക്കുന്നു. സെക്കണ്ടറി തലത്തിലാണ് കൊഴിഞ്ഞുപോക്ക്. ഒമ്പതാം സ്റ്റാൻഡേർഡ് കഴിയുന്നതോടെ വ്യക്തമായ കുറവുണ്ടാകുന്നു. സ്ഥാനക്കയറ്റം സംബന്ധമായ ചില ചട്ടങ്ങൾ സ്കൂളുകൾ കർശനമായി നടപ്പിലാക്കുന്നതുകൊണ്ടാണിത്. തുടക്കത്തിൽ ചേർന്ന വിദ്യാർത്ഥികളിൽ 70% മാത്രമേ പത്താം സ്റ്റാൻഡേർഡിൽ എത്തുന്നുള്ളൂ.

3.25 കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമായ എസ്എസ്എൽസി പരീക്ഷ പത്താം ക്ലാസ് കഴിഞ്ഞാലാണ് നടത്തുന്നത്. സമീപകാലങ്ങളിലായി എസ്എസ്എൽസി ഫലങ്ങൾ വ്യത്യാസമില്ലാത്ത രീതിയാണ് പ്രകടമാക്കുന്നത്. പരീക്ഷക്ക് ഇരിക്കുന്നവരിൽ 50% മാത്രമേകടന്നുകൂടുന്നുള്ളൂ. ഉദാരമായ മൂല്യനിർണയവും ഗ്രേസ്മാർക്ക് നൽകലുമായി പാസാകുന്നവരുടെ തോത് യഥാർത്ഥത്തിൽ പെരുപ്പിച്ചു കാട്ടുന്നതാണെന്ന് സൂക്ഷ്മപഠനം വ്യക്തമാക്കുന്നു. അവസാന പരീക്ഷയിൽ പെൺകുട്ടികളാണ് ആൺകുട്ടികളേക്കാൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നതെന്ന് സാന്ദർഭികമായി രേഖപ്പെടുത്തട്ടെ.

3.26 1974-75 ൽ ഒന്നാം സ്റ്റാൻഡേർഡിൽ ചേർന്ന ഓരോ 1000 കുട്ടികളിൽ 174 പേർ മാത്രമാണ് 1983-84ൽ

എസ്എസ്എൽസി പരിക്ഷ പാസായത്. 17.40% മാത്രം. 1984-85 ലെ പരീക്ഷയിൽ ഇത് 206 ആയിരുന്നു. 20.60%. സമീപവർഷങ്ങളിൽ മൂല്യനിർണയവും മോഡറേഷനും ഉദാരമാക്കിയതു കാരണം ഒന്നാം സ്റ്റാൻഡേർഡിൽ ചേർന്ന ഓരോ 1000 വിദ്യാർത്ഥികൾക്കും 330 പേർ (33%) എസ്എസ്എൽസി തലം പാസാകുന്നു.

പട്ടിക 3.12

എസ്എസ്എൽസി ഫലം 1993-1998

വർഷം	വിദ്യാർത്ഥികളുടെ എണ്ണം		വിജയശതമാനം
	ഹാജരായവർ	പാസായവർ	
മാർച്ച് 1993	5,14,030	2,80,655	54.47
മാർച്ച് 1994	5,70,011	2,80,297	49.12
മാർച്ച് 1995	5,38,707	2,72,366	50.55
മാർച്ച് 1996	5,36,617	2,62,038	48.83
മാർച്ച് 1997	5,50,192	2,78,544	50.62
മാർച്ച് 1998	5,41,479	2,81,961	52.07

അവലംബം : പരീക്ഷാ ഭവൻ, കേരള സർക്കാർ

3.27 സമീപവർഷങ്ങളിലെ എസ്എസ്എൽസി ഫലത്തെ സംബന്ധിച്ച പഠനങ്ങൾ രസകരമായ ചില പ്രത്യേകതകൾ എടുത്തുകാട്ടുന്നു. 'നൂറു ശതമാനം പാസാ'കുന്ന ഏതാനും സ്കൂളുകളും മറ്റുള്ളവയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. 'നൂറു ശതമാനം പാസാ'കുന്ന സ്കൂളുകളിൽ കുട്ടികളെ ചേർക്കാൻ രക്ഷാകർത്താക്കൾ തിരക്കു കൂട്ടുന്നു. കൂടെക്കൂടെയുള്ള ടെസ്റ്റുകൾ, ട്യൂട്ടോറിയലുകൾ, സ്കൂളുകളിൽതന്നെ സ്വകാര്യ ട്യൂഷൻ എന്നിങ്ങനെയുളള യാന്ത്രികമായ അഭ്യാസപ്രക്രിയകൾ അവിടെ നടക്കുന്നു. എല്ലാ സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളും ചില എയ്ഡഡ് സ്കൂളുകളും പ്രവേശനം നൽകുന്നത് ഉയർന്ന വരുമാനമുള്ള വിഭാഗക്കാർക്ക് മാത്രമായിട്ടാണ്. അവർക്ക് പരിമിതപ്പെടുത്തുന്ന വിധത്തിൽ എൻട്രൻസ് ടെസ്റ്റ് നടത്തുന്നു. പശ്ചാത്തല സൗകര്യങ്ങളും പ്രവേശനരീതിയും സ്കൂളിന്റെ ഫലത്തെ നിർണയിക്കുന്നുണ്ടെന്നത് വ്യക്തമാണ്.

3.28 സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അധ്യാപന നിലവാരത്തിന്റെ ഇടിവ് സമീപവർഷങ്ങളിലായി അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണം പെരുകാനിടയാക്കി. അവയിൽ പലതും സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ലാഭോദ്ദേശ്യത്തോടുകൂടിയാണ്. സംഭാവനകളായും പലിശരഹിത വായ്പകളായും ഉയർന്ന ഫീസായും പണം പിരിക്കുന്നു.

സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എജ്യൂക്കേഷനിലും (സിബിഎസ്ഇ) കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷനിലും (സിഐഎസ്സിഇ) അഫിലിയേറ്റ് ചെയ്ത 230 ൽ പരം സ്കൂളുകളുണ്ട്. ഇവയിൽ 25 എണ്ണം കേന്ദ്രീയ വിദ്യാലയങ്ങളും 12 എണ്ണം നവോദയാ വിദ്യാലയങ്ങളുമാണ്. ഈ സമിതികളിൽ അഫിലിയേഷൻ കാത്തിരിക്കുന്ന വേറെയും നിരവധി സ്ഥാപനങ്ങളുണ്ട്. സിബിഎസ്ഇ, സിഐഎസ്സിഇ ചട്ടങ്ങൾ സംഭാവനകൾ വാങ്ങുന്നതിനേയും ഉയർന്നതോതിൽ ഫീസ് ഈടാക്കുന്നതിനേയും വിലക്കുന്നുവെങ്കിലും നിരവധി സ്കൂളുകൾ ഈ രീതി പിന്തുടരുന്നു.

3.29 സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ദ്രുതഗതിയിലുള്ള വ്യാപനം സ്കൂളുകളിലെ സ്ഥലസൗകര്യത്തേയും സജ്ജീകരണങ്ങളേയും സംബന്ധിച്ച പ്രശ്നങ്ങൾ ഉയർത്തുന്നു. അനേകം സെക്കണ്ടറി സ്കൂളുകൾ

ഇന്നും പ്രവർത്തിക്കുന്നത് താൽകാലിക ഷെഡുകളിലും മോശപ്പെട്ട നിലവാരത്തിലുള്ള കെട്ടിടങ്ങളിലുമാണ്. ക്ലാസ് മുറിയുടെ ശരാശരി സ്ഥലസൗകര്യം നിശ്ചിതതോതിലും എത്രയോ കുറവായതിനാൽ പൊതുവെ കുട്ടികൾക്ക് തിക്കിത്തിരക്കി കഴിയേണ്ടി വരുന്നു. ക്ലാസ് മുറിയിലെ ഫർണിച്ചർ അപര്യാപ്തമോ ഉപയോഗയോഗ്യമല്ലാത്തതോ ആണ്. സ്കൂൾ ലൈബ്രറികൾ നിലവിലില്ല. ഉള്ളവ തന്നെ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നുമില്ല.

3.30 വിവിധ വിഷയങ്ങൾക്കായി നിർദേശിക്കപ്പെടുന്ന പാഠ്യപദ്ധതിയും പഠനക്രമവുമാണ് മറ്റൊരു പ്രധാന പ്രശ്നം. അപ്പർ പ്രൈമറി, സെക്കണ്ടറി തലങ്ങളിൽ ഔപചാരിക പാഠ്യപദ്ധതി നിലവിലില്ല. ചില 'ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും' മാത്രം. സിലബസാകട്ടെ കാലഹരണപ്പെട്ടതാണ്. മിക്ക അധ്യാപകരും സിലബസ് കാണുന്നതുപോലുമില്ല. പാഠപുസ്തകങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ് അവർ ക്ലാസുകൾ നടത്തുന്നത്. പലപ്പോഴും അവയിൽ കാണപ്പെടുന്ന അബദ്ധങ്ങളും പൊരുത്തക്കേടുകളും പോലും പഠിക്കാനും പരീക്ഷകളിൽ ആവർത്തിക്കാനും വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നു. സെക്കണ്ടറി തലത്തിൽ പഠനം എന്നതു വെറും കുത്തിച്ചെലുത്തൽ മാത്രമാണ്. വിവരങ്ങളുടെ ഭാരം വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാനാവാത്തവിധം ഉയർന്നതും, അധ്യാപന-പഠന പ്രക്രിയ വിദ്യാർത്ഥികളുടെ ഭാവനയും താത്പര്യവും ഉണർത്താത്ത വിധത്തിലുമാണ്. ഒരു തലത്തിലും കുട്ടികളെ കേന്ദ്രീകരിച്ചുള്ള പഠനത്തിന് യാതൊരു ശ്രമവും നടത്തുന്നില്ല.

3.31 കോച്ചിംഗ്, കുത്തിച്ചെലുത്തൽ, കുത്തിച്ചെലുത്തിയ വിവരങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ പുനരാവിഷ്കരിക്കൽ എന്നിവയെ ലക്ഷ്യമാക്കുന്നതാണ് അധ്യാപന-പഠന പ്രക്രിയ. അതുകൊണ്ട് ആധുനികപഠന സാമഗ്രികൾ വിദ്യാർത്ഥികൾക്കു ലഭ്യമാക്കുന്നതിന് യാതൊരു ശുഷ്കാന്തിയും പ്രകടമാവുന്നില്ല എന്നതിൽ അതിശയമില്ല. ദൃശ്യ-ശ്രാവ്യ പഠനസഹായികൾ, കമ്പ്യൂട്ടറുകൾ മുതലായ ഉപകരണങ്ങളും ഉപയോഗിക്കപ്പെടുന്നില്ല.

3.32 കേരളത്തിൽ 1980ൽ ഒരു വിദ്യാഭ്യാസ സാങ്കേതിക (ഇ.ടി.) സെൽ രൂപീകരിക്കുകയുണ്ടായി. പിന്നീട് ഇതിനെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷന്റെ (എസ്.ഐ.ഇ) ഒരു ഘടകമാക്കി. എസ്.ഐ.ഇ. പിന്നീട് വിദ്യാഭ്യാസ-ഗവേഷണ- പരിശീലനത്തിനായുള്ള സംസ്ഥാന സമിതി (എസ്.സി.ഇ.ആർ.ടി.) ആയി പുന:സംഘടിപ്പിക്കപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇ.ടി. ഉപയോഗം വളർത്താനുദ്ദേശിച്ചായിരുന്നു ഈ സെൽ. എങ്കിലും ഈ ദിശയിൽ പ്രസ്താവ്യമായ പുരോഗതിയൊന്നും ഇതിലൂടെ കൈവരിക്കപ്പെട്ടിട്ടില്ല. 'സ്കൂളുകളിൽ കമ്പ്യൂട്ടർ സാക്ഷരതാ-പഠനങ്ങൾ' (ക്ലാസ്) എന്ന പദ്ധതി 1984-85ൽ ആരംഭിച്ചുവെങ്കിലും അതും നടപ്പിലായില്ല. ഈ പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകളിൽ മിക്കവയും ഉപയോഗിക്കാതെ കിടക്കുകയാണെന്നാണ് റിപ്പോർട്ട്.

3.33 മിക്ക സ്കൂളുകളിലും സാഹിത്യസമാജങ്ങളും സയൻസ് ക്ലബുകളും പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്ന ഇടങ്ങളിലാകട്ടെ, അവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ച ഏതാനും പാഠങ്ങളുടെ രൂപത്തിലല്ലാതെ മൂല്യ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കപ്പെടുന്നില്ല. പലപ്പോഴും അധ്യാപകർ നിലവിലുള്ള സാമൂഹിക മുൻവിധികളും മനോഭാവങ്ങളും വിദ്യാർത്ഥികളിലേക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് ഇന്ത്യൻ സമൂഹത്തിൽ പ്രബലമായ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻവിധികൾ ഒരു അനിവാര്യതയായി പാഠപുസ്തകങ്ങളിൽ കടന്നുകൂടുകയും പുരുഷാധിപത്യ മൂല്യങ്ങളായി അധ്യാപകർ അത് പകർന്നുകൊടുക്കുകയും ചെയ്യുന്നു. പ്രത്യുൽപാദന വ്യവസ്ഥ പാഠ്യപദ്ധതിയുടെ ഭാഗമാണെങ്കിലും നിരവധി അധ്യാപകർ അതൊഴിവാക്കുന്നു. പ്രായത്തിനനുസൃതമായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രശ്നം ഉന്നയിക്കപ്പെടുന്നതുപോലുമില്ല. ഇതുപോലെ സാമൂഹികവും സാമുദായികവുമായ മുൻവിധികളും നിലനിൽക്കുന്നു.

3.34 സ്കൂൾ വിദ്യാഭ്യാസത്തിന്റെ പരിമാണപരമായ വളർച്ചയ്ക്കൊപ്പം ഗുണനിലവാരമുയർന്നിട്ടില്ല. നിലവിലുള്ള വിദ്യാഭ്യാസ സംവിധാനം ആവശ്യത്തിലേറെ കർക്കശമാണ്. ഓരോ വിദ്യാർത്ഥിയുടേയും ആവശ്യവും സാധ്യതകളും അത് കണക്കിലെടുക്കുന്നില്ല. പാഠ്യസംബന്ധവും പാഠ്യേതരവുമായ പ്രവർത്തനങ്ങൾ സ്കൂളിൽ സംഘടിപ്പിക്കപ്പെടുന്നത് ഏറ്റവും മിതമായി പറഞ്ഞാൽ ഭാവനാ ശൂന്യമായാണ്. കുട്ടികളുടെ സർഗപ്രതിഭ വികസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ളവയാണ് അവയെങ്കിലും അത്തരം പ്രവർത്തനങ്ങളിൽ മിക്കവയും കലാ-കായിക-ശാസ്ത്ര-പ്രവൃത്തിപരിചയ 'മേള'കൾക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിൽ മാത്രമാണ് ഊന്നൽ നൽകുന്നത്. മത്സരത്തിനിടയിൽ കുട്ടികളുടെ യഥാർത്ഥ സർഗശേഷി മുങ്ങിപ്പോകുന്നു. സംസ്ഥാനതല 'യുവജന മേളകൾ' ഭീമമായ മത്സരപരിപാടികളായി മാറിയിരിക്കുകയാണെന്നത് സുവിദിതമാണ്. അധികാരവും പദവിയുമാണ് അവിടെ പരിഗണിക്കപ്പെടുന്നതെന്നും വിജയികളാവുന്നത് പ്രൊഫഷണൽ കോളേജിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധിയാവുകയാണെന്നും പരക്കെ അറിവുള്ളതാണ്. കുട്ടികളിൽ മഹാഭൂരിപക്ഷത്തേയും സംബന്ധിച്ചിടത്തോളം ഇത്തരം മേളകൾ അർത്ഥശൂന്യമാണ്. അവരുടെ പ്രതിഭ ഗുപ്താവസ്ഥയിൽത്തന്നെ തുടരുന്നു.

വികലാംഗ വിദ്യാഭ്യാസം

3.35 വികലാംഗർക്കായി 23 പ്രത്യേക അംഗീകൃത വിദ്യാലയങ്ങൾ നിലവിലുണ്ട്. അവയിൽ 3000 ഓളം കുട്ടികൾ പഠിക്കുന്നു. അവയിൽ മിക്കതും അപ്പർപ്രൈമറി തലംവരെ മാത്രമേ വിദ്യാഭ്യാസം നൽകുന്നുള്ളൂ. ഏതാനും ചിലവ പത്താം സ്റ്റാൻഡേർഡു വരേയും. ജീവകാരുണ്യ സ്ഥാപനങ്ങളാണ് വികലാംഗർക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നവയിൽ മിക്കവയും. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് പോലുള്ള സ്ഥാപനങ്ങളുമുണ്ട്. എങ്കിലും ഈ സൗകര്യങ്ങൾ വളരെ പരിമിതമാണ്. വികലാംഗരായ കുട്ടികളിൽ മഹാഭൂരിപക്ഷവും കേരളത്തിലെ മുഖ്യധാരാ വിദ്യാഭ്യാസസമ്പ്രദായത്തിന് പുറത്താണ് കഴിയുന്നത്.

3.36 ഭാഗികമായി അംഗവൈകല്യമുള്ള കുട്ടികൾക്ക്, വികലാംഗർക്കായുള്ള ഉദ്ഗ്രഥിത വിദ്യാഭ്യാസ പദ്ധതി പ്രകാരം റഗുലർ സ്കൂളുകളിൽ പ്രവേശനം നൽകുവാൻ ചില ശ്രമങ്ങളുണ്ട്. എന്നാൽ റഗുലർ സ്കൂളുകളിൽ അവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുവാൻ ഉതകുന്ന പ്രത്യേക സൗകര്യങ്ങളൊന്നുമില്ല. അധ്യാപകർ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രത്യേക പരിശീലനം സിദ്ധിച്ചവരല്ല.

അനൗപചാരിക വിദ്യാഭ്യാസം

3.37 സ്കൂൾ തലത്തിൽ പരിമിതമായ അനൗപചാരിക വിദ്യാഭ്യാസ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. കൊഴിഞ്ഞുപോയവരേയും സ്കൂൾ വിദ്യാഭ്യാസം നഷ്ടപ്പെട്ട മുതിർന്ന കുട്ടികളേയും ഉദ്ദേശിച്ചാണ് ഈ പരിപാടി. പ്രാബല്യത്തിലുള്ള പരിപാടിയുടെ വിശദാംശങ്ങൾ പട്ടിക 3.13ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.13

കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ

നിലവാരം	സർക്കാർ	സന്നദ്ധസംഘടനകൾ	മൊത്തം
എൽ.പി	4	22	26
യു.പി.	0	6	6
എൽ.പിയും യു.പിയും	6	6	12
ആകെ	10	34	44

അവലംബം: ആറാം അഖിലേന്ത്യാ വിദ്യാഭ്യാസ സർവ്വേ. എൻ സി ഇ ആർ ടി

ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രവേശനം ലഭിക്കാത്തവരേയും കൊഴിഞ്ഞുപോയവരേയും ഉദ്ദേശിച്ചുള്ള അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സാധ്യത കേരളത്തിൽ സ്വാഭാവികമായും പരിമിതമാണ്.

ഹയർസെക്കണ്ടറി വിദ്യാഭ്യാസം

3.38 വർഷംതോറും ശരാശരി ഏതാണ്ട് 2.74 ലക്ഷം വിദ്യാർത്ഥികളാണ് എസ്എസ്എൽസി പരീക്ഷ പാസായി നിരവധി കോഴ്സുകളിൽ പഠനം തുടരുന്നതിനായി ശ്രമിക്കുന്നത്.

പട്ടിക 3.14

എസ്എസ്എൽസി പാസാകുന്നവരുടെ തുടർന്നുള്ള വിദ്യാഭ്യാസം

ക്രമ നമ്പർ	കോഴ്സുകളുടെ ഇനങ്ങൾ	വാർഷിക പ്രവേശനം	എസ്എസ്എൽസി പാസായവരുടെ ശതമാനം
1	പ്രീഡിഗ്രി	99,041	35.75
2	ഹയർസെക്കണ്ടറി	5,040	1.82
3	വൊക്കേഷണൽ ഹയർ സെക്കണ്ടറി	17,250	6.22
4	കേന്ദ്രീയ-നവോദയ വിദ്യാലയങ്ങൾ	5,000	1.80
	മൊത്തം	1,26,331	45.59
5	ഐടിഐകളും, ഐടിസികളും	51,570	18.62
6	പോളിടെക്നിക്കുകൾ	5,525	1.99
7	ടെക്നിക്കൽ ഹയർസെക്കണ്ടറി	360	0.13%
	മൊത്തം	57,455	20.74%
	ആകെ മൊത്തം	1,83,786	66.33%

അവലംബം: ഡയറക്ടറേറ്റ് ഓഫ് ഹയർസെക്കണ്ടറി എജ്യുക്കേഷൻ, കേരള സർക്കാർ.

3.39 എസ്എസ്എൽസി പാസാകുന്നവരും സീററുകളുടെ ലഭ്യതക്കുറവിനാൽ വിവിധ സ്ഥാപനങ്ങളിൽ പ്രവേശനം നേടാൻ കഴിയാത്തവരുമായ ഏതാണ്ട് മുഴുവൻ വിദ്യാർത്ഥികളും അഫിലിയേറ്റ് ചെയ്ത യൂണിവേഴ്സിറ്റികൾ നടത്തുന്ന പ്രീഡിഗ്രി കോഴ്സുകൾക്കായി പ്രൈവറ്റായി രജിസ്റ്റർ ചെയ്ത് സമാന്തര കോളേജുകളിൽ ചേരുന്നു. 1995 ൽ പ്രീഡിഗ്രി കോഴ്സുകൾക്ക് പ്രൈവറ്റായി രജിസ്റ്റർ ചെയ്തവരുടെ

മൊത്തം സംഖ്യ 95,704 ആയിരുന്നു. പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ 20 ശതമാനത്തോളം മാത്രമാണ് പ്രീഡിഗ്രി പരീക്ഷകൾ പാസാവുന്നത്.

3.40 രാജ്യമെമ്പാടും സ്കൂൾ വിദ്യാഭ്യാസത്തിന് പൊതുവായ ഒരു ഘടന ആവിഷ്കരിക്കപ്പെടുകയും 10+2+3 വിദ്യാഭ്യാസരീതി ഏർപ്പെടുത്തുകയും ചെയ്തു. വൈകിയാണെങ്കിലും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി +2 ഏർപ്പെടുത്തുവാൻ കേരളവും തീരുമാനിച്ചു. തദനുസൃതമായി 1990-91 കാലഘട്ടത്തിൽ 31 സർക്കാർ സ്കൂളുകളിൽ ഹയർസെക്കണ്ടറി കോഴ്സുകൾ (XI, XII സ്റ്റാൻഡേർഡുകൾ) ഏർപ്പെടുത്തി. ഹയർസെക്കണ്ടറി വിദ്യാഭ്യാസം ഘട്ടംഘട്ടമായി വ്യാപിക്കുന്നതോടെ പ്രീഡിഗ്രി കോഴ്സുകളെ കോളേജുകളിൽ നിന്നും വേർപെടുത്തണമെന്ന് തത്ത്വത്തിൽ തീരുമാനിക്കപ്പെട്ടു. 1997-98 ലാണ് ഈ പ്രക്രിയ ഔപചാരികമായി ആരംഭിച്ചത്. 26 സർക്കാർ കോളേജുകളിലെ പ്രീഡിഗ്രി കോഴ്സുകൾ വേർപെടുത്തുകയും 103 സർക്കാർ സ്കൂളുകളിൽ ഹയർസെക്കണ്ടറി കോഴ്സുകൾ അനുവദിക്കുകയും ചെയ്തു. 1998 ജൂണിൽ 145 കോളേജുകളിൽ നിന്നായി 307 പ്രീഡിഗ്രി ബാച്ചുകൾ (സയൻസ് - 111, മാനവികവിഷയങ്ങൾ - 139, കോമേഴ്സ് - 57). 1997-98ലും 98-99ലുമായി മൊത്തം 30,000ത്തിനടുത്ത് സീറ്റുകൾ വേർപെടുത്തിയിട്ടുണ്ട്.

3.41 1995 ഡിസംബറിലെ കണക്കു പ്രകാരം കേരളത്തിൽ 84 ഹയർസെക്കണ്ടറി സ്കൂളുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവയിൽ 49 എണ്ണം സർക്കാർ മേഖലയിലും 33 എണ്ണം എയ്ഡഡ് മേഖലയിലും 2 എണ്ണം അൺ എയ്ഡഡ് മേഖലയിലുമാണ്. 49 സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ 22 സ്കൂളുകളിൽ മാത്രമാണ് ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നത്; 27 സ്കൂളുകളിൽ മാനവികവിഷയങ്ങളും. എയ്ഡഡ് മേഖലയിൽ 26 സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുമ്പോൾ 7 സ്കൂളുകളിലാണ് മാനവിക വിഷയങ്ങൾ. 2 അൺ എയ്ഡഡ് സ്കൂളുകളും ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നു. 95-96 കാലഘട്ടത്തിൽ 84 ഹയർസെക്കണ്ടറി സ്കൂളുകളിലുമായി മൊത്തം 11,566 വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിരുന്നത്. ഇതിനും പുറമേ 1995-96 കാലഘട്ടത്തിൽ, വിദ്യാഭ്യാസപരമായി പിന്നാക്കമായ ന്യൂനപക്ഷങ്ങൾക്കായുള്ള പ്രത്യേകപരിപാടിപ്രകാരം, പെൺകുട്ടികൾക്കായി 6 റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളും സർക്കാർ അനുവദിക്കുകയുണ്ടായി. 1998 ഒക്ടോബറിലെ കണക്കനുസരിച്ച് 524 ഹയർസെക്കണ്ടറി സ്കൂളുകളുണ്ട്. അവയിൽ 256 എണ്ണം സർക്കാർ മേഖലയിലും 260 എണ്ണം എയിഡഡ് മേഖലയിലും 2 എണ്ണം അൺ-എയിഡഡ് മേഖലയിലുമാണ്. 6 എണ്ണം പെൺകുട്ടികൾ താമസിച്ചു പഠിക്കുന്ന ഹയർസെക്കണ്ടറി സ്കൂളുകളാണ്. ഇവയിലെല്ലാം കൂടി 73800 വിദ്യാർത്ഥികളുണ്ടാവും.

പട്ടിക 3.15

1998-99 ലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ബാച്ചുകളുടെയും എണ്ണം

സ്കൂളുകൾ	എണ്ണം	ബാച്ചുകൾ		
		സയൻസ്	ഹ്യൂമാനിറ്റീസ്	കൊമേഴ്സ്
സർക്കാർ	256	323	213	151
എയ്ഡഡ്	260	464	153	160
അൺ-എയ്ഡഡ്	2	2	2	2
പ്രാദേശിക പ്രത്യേക പദ്ധതി	6	6		
ആകെ	524	795	368	313

അവലംബം: ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പട്ടിക 3.16			
1998-99ൽ ഹയർ സെക്കണ്ടറി തലത്തിൽ പ്രവേശനം നേടിയവരുടെ എണ്ണം			
സ്കൂളുകൾ	സയൻസ്	ഹ്യൂമാനിറ്റീസ്	കൊമേഴ്സ്
സർക്കാർ	16150	10650	7550
എയ്ഡഡ്	23200	7650	8000
അൺ-എയ്ഡഡ്	100	100	100
പ്രാദേശിക പ്രത്യേക പദ്ധതി	300		
ആകെ	39750	18400	15650

അവലംബം: ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റ്

3.42 ഭരണപരവും അക്കാദമികവും സ്ഥാപനപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 1990-91ൽ ഒരു ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കണ്ടറി എജ്യുക്കേഷൻ സ്ഥാപിതമായി. എങ്കിലും 1995 ഡിസംബർ വരേയും അതിന് അധികാരങ്ങളൊന്നും ഔപചാരികമായി വിട്ടുകൊടുത്തില്ല. മതിയായ തോതിൽ ഉദ്യോഗസ്ഥരുടെ സേവനമോ സൗകര്യങ്ങളോ അതിന് ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി സ്കൂളുകൾ ഇനിയും അംഗീകാരം നേടിക്കഴിഞ്ഞിട്ടില്ല. പ്രഥമ പരിഗണന കല്പിക്കപ്പെടുന്നത് പ്രീഡിഗ്രി കോഴ്സുകൾക്കാണ്. നിലവാരമോ ഗുണമേന്മയോ ഗൗനിക്കപ്പെടാതെ ഉദാസീനമായ രീതിയിലാണ് ഹയർസെക്കണ്ടറി കോഴ്സുകൾ കൈകാര്യം ചെയ്യുന്നത്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം

3.43 1983-84 വിദ്യാഭ്യാസ വർഷത്തിലാണ് കേരളത്തിലെ ഹയർസെക്കണ്ടറി തലത്തിൽ (+2 സ്കൂൾ വിദ്യാഭ്യാസ ഘട്ടം) വൊക്കേഷണൽ വിദ്യാഭ്യാസം ഔപചാരികമായി ഏർപ്പെടുത്തിയത്. തുടക്കത്തിൽ പദ്ധതി 11 സർക്കാർ ഹൈസ്കൂളുകളിലും 8 ടെക്നിക്കൽ ഹൈസ്കൂളുകളിലുമാണ് ഏർപ്പെടുത്തിയത്. പിന്നീട് കൂടുതൽ ഹൈസ്കൂളുകളിൽ ഇത് ഏർപ്പെടുത്തി. ഈ സ്കൂളുകൾ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ (വി എച്ച് എസ്) എന്നറിയപ്പെടുന്നു. 1998 ൽ കേന്ദ്രാഭിമുഖ്യത്തിലുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചപ്പോൾ കേരളത്തിലെ പദ്ധതി ശക്തിപ്പെട്ടു. ഇപ്പോൾ 293 വി എച്ച് എസ് സ്കൂളുകളുണ്ട് (സർക്കാർ മേഖലയിൽ 222, സ്വകാര്യ മേഖലയിൽ 71). 45 വിഷയങ്ങളിലായി 692 വൊക്കേഷണൽ കോഴ്സുകൾ അവ കൈകാര്യം ചെയ്യുന്നു. വിവിധ വൊക്കേഷണൽ കോഴ്സുകളിലായി 17,250 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. നിലവിലുള്ള വി എച്ച് എസ് സ്കൂളുകളിൽ 59 എണ്ണത്തിൽ 25 വൊക്കേഷണൽ കോഴ്സുകൾക്കുകൂടി അനുമതി നൽകിക്കൊണ്ട് സർക്കാർ ഈയിടെ ഉത്തരവിട്ടു.

3.44 കോഴ്സുകളുടെ (+2 ഘട്ടത്തിൽ) കാലാവധി 2 വർഷമാണ്. കോഴ്സിന്റെ അവസാനത്തിൽ ഒരു പൊതുപരീക്ഷ നടത്തുന്നു. കൃഷി (മൃഗപരിപാലനവും മത്സ്യബന്ധനവും ഉൾപ്പെടെ) ആരോഗ്യ-പാരാമെഡിക്കൽ സേവനത്തുറകൾ, ബിസിനസ് ആന്റ് കോമേഴ്സ്, ഹോംസയൻസ്, മാനവികവിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ് 45 വൊക്കേഷണൽ വിഷയങ്ങൾ. എഞ്ചിനീയറിംഗ്- സാങ്കേതിക രംഗങ്ങളിലെ സേവനമേഖലകളും അതിലുൾപ്പെടുന്നു.

3.45 എല്ലാ വൊക്കേഷണൽ കോഴ്സുകളും എ,ബി,സി,ഡി എന്നീ നാല് വിഭാഗങ്ങളായി പൊതുവേ

തിരിക്കപ്പെട്ടിരിക്കുന്നു. എ ഗ്രൂപ്പിലുള്ള വൊക്കേഷണൽ കോഴ്സുകളിൽ ചേരുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്രം എന്നിവയിൽ ഉന്നതപഠനത്തിനു പോകാം; ബി ഗ്രൂപ്പിൽ പെടുന്നവർക്ക് ജന്തുശാസ്ത്രം, സസ്യശാസ്ത്രം, കൃഷി, വെറ്ററിനറി സയൻസ്, മെഡിസിൻ എന്നിവയിലും ഉന്നതപഠനമാകാം; സി, ഡി എന്നീ ഗ്രൂപ്പുകളിൽ പാസാകുന്നവർക്ക് ആർട്സ്, കോമേഴ്സ് മുതലായവയിലും ഉന്നതപഠനമാകാം. എങ്കിലും കേരളത്തിനു പുറത്തെ നിരവധി സർവകലാശാലകൾ സംസ്ഥാനത്തെ വി എച്ച് എസ് കോഴ്സുകൾക്ക് അംഗീകാരം നൽകുന്നില്ല.

3.46 ഏതു വൊക്കേഷണൽ കോഴ്സുകളിലും ചേരാൻ പെൺകുട്ടികൾക്ക് സ്വാതന്ത്ര്യമുണ്ടെങ്കിലും, ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി, കോസ്മറ്റോളജി - ബ്യൂട്ടിപാർലർ മാനേജ്മെന്റ്, ക്രഷെ - പ്രീ സ്കൂൾ മാനേജ്മെന്റ് എന്നിവയിൽ പെൺകുട്ടികൾക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുന്നത്. തിരുവനന്തപുരത്തെ ബധിരർക്കായുള്ള വി എച്ച് എസ് സ്കൂളിലും കോഴിക്കോട്ടെ വികലാംഗർക്കായുള്ള റഹ്മാനിയ വി എച്ച് എസ് സ്കൂളിലും വികലാംഗ വിദ്യാർത്ഥികൾക്കും വൊക്കേഷണൽ കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

3.47 എങ്കിലും കേരളത്തിലെ വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ പ്രകടനം തെല്ലും തൃപ്തികരമല്ല. ഒട്ടേറെ പ്രശ്നങ്ങൾ അതിനെ അലട്ടുന്നു. റഗുലർ ഹൈസ്കൂളുകളുടെ ഉപവിഭാഗങ്ങളെന്നോണമാണ് വി എച്ച് എസ് വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. വി എച്ച് എസ് വിഭാഗത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് പ്രത്യേക പ്രിൻസിപ്പാൾ പോലും ഇല്ല. പ്രിൻസിപ്പാൾ എന്ന നിലയിൽ പുനർനിശ്ചയിക്കപ്പെട്ട ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ വി എച്ച് എസ് വിഭാഗത്തിന്റേയും കാര്യങ്ങൾ നോക്കി നടത്തുന്നു. ഈ പ്രിൻസിപ്പാൾമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ (ഡി പി ഐ) ഭരണപരമായ നിയന്ത്രണത്തിലാകയാൽ ഡയറക്ടറേറ്റ് ഓഫ് വി എച്ച് എസ് എജ്യുക്കേഷന് (ഡി വി എച്ച് എസ് ഇ) അവരുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. ഇക്കാരണത്താൽ വി എച്ച് എസ് വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു. പൊതുവേ വി എച്ച് എസ് വിദ്യാഭ്യാസത്തിന്റ മാനേജ്മെന്റ് സംവിധാനം ദുർബലമാണ്.

3.48 സർക്കാർ വി എച്ച് എസ് സ്കൂളുകളിലെ 4206 അധ്യാപകർ എല്ലാവരും താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലികാടിസ്ഥാനത്തിൽ വർഷംതോറും അവർ നിയമിക്കപ്പെടുന്നു. അനുഭവജ്ഞാനമില്ലാത്തതിനാൽ സാർത്ഥകമായ വിദ്യാഭ്യാസമോ പരിശീലനമോ നൽകാൻ അവർക്കു കഴിയുന്നില്ല. 71 എയ്ഡഡ് സ്കൂളുകളിലായി 730 അധ്യാപകരുണ്ട്. അവർ മിക്കവാറും സ്ഥിരക്കാരാണ്. വൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ശരിയായ ടെക്സ്റ്റ് ബുക്കുകളോ ഉപകരണങ്ങളോ ഇല്ല. സുസജ്ജമായ പരീക്ഷണശാലകൾ, വർക്ക്ഷോപ്പുകൾ തുടങ്ങി പ്രായോഗിക പരിശീലനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും വി എച്ച് എസ് സ്കൂളുകളിലില്ല. വ്യവസായവുമായി തീരെ ബന്ധപ്പെടുത്തുന്നതുമില്ല. ഉദാരമായ രീതിയിൽ മൂല്യനിർണ്ണയം നടത്തിയിട്ടും 40 ശതമാനത്തോളം വിദ്യാർത്ഥികൾ വി എച്ച് എസ് പരീക്ഷയിൽ പരാജയപ്പെടുന്നു. ഗുണനിലവാരം മോശമായതിനാൽ വി എച്ച് എസ് വിദ്യാഭ്യാസത്തിന് സാമൂഹികാംഗീകാരവുമില്ല. 45 വൊക്കേഷണൽ കോഴ്സുകളിൽ 5 എണ്ണം മാത്രമാണ് സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ (പി എസ് സി) അംഗീകരിച്ചിട്ടുള്ളത്. തൊഴിൽപരമായി തുടർന്നുള്ള വളർച്ചക്ക് യാതൊരു മാർഗവുമില്ല. അതിനാൽ പാസാകുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുടർന്നു ചേരുന്നു. ഇങ്ങനെ തൊഴിൽ വിദ്യാഭ്യാസമെന്നതിന്റെ ഉദ്ദേശ്യം തന്നെ നഷ്ടപ്പെടുകയാണ്. ഈ പരിപാടിക്കായി ചെലവഴിക്കപ്പെടുന്ന ദുർബലമായ വിഭവങ്ങൾ ഉദ്ദേശിച്ച തോതിലുള്ള സാമ്പത്തികമോ സാമൂഹികമോ ആയ നേട്ടങ്ങൾ ഉണ്ടാക്കുന്നില്ല.

എസ് സി ഇ ആർ ടി

3.49 സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) എന്ന് പുനർനാമകരണം ചെയ്യപ്പെട്ട സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ഇ) 1964ലാണ് സ്ഥാപിതമായത്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണനിലവാരം സർവതോന്മുഖമായി മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് വൈവിധ്യമാർന്ന പരിപാടികൾ ആവിഷ്കരിക്കുകയാണ് അതിന്റെ ലക്ഷ്യം. അധ്യാപകവിദ്യാഭ്യാസവും പരിശീലനവുമായി ബന്ധപ്പെട്ടതാണ് അതിന്റെ മുഖ്യചുമതല.

വിവിധ വിഷയങ്ങളിൽ പാഠപുസ്തകങ്ങൾ, അധ്യാപകർക്കുള്ള ഗൈഡുകൾ എന്നിവ തയ്യാറാക്കുക, പഠനസാമഗ്രികളും അധ്യാപന സഹായികളും തയ്യാറാക്കുക, ഇൻസർവീസ്-റിട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കുക, ശില്പശാലകളും റിഫ്രഷർ കോഴ്സുകളും ഏർപ്പെടുത്തുക, കരിക്കുലവും സിലബസ്സും പരിഷ്കരിക്കുക, വിദ്യാഭ്യാസഗവേഷണങ്ങൾ നടത്തുക തുടങ്ങിയ ചുമതലകളുള്ള ഇരുപതോളം യൂണിറ്റുകൾ/സെല്ലുകൾ എസ്.സി.ഇ.ആർ.ടി.ക്ക് ഉണ്ട്. എങ്കിലും സംസ്ഥാനത്തെ സെക്കണ്ടറി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടി.യിൽ നിന്ന് പ്രതീക്ഷിച്ച അക്കാദമിക്ക് നേതൃത്വവും പിന്തുണയും നൽകാൻ അതിനു സാധിച്ചിട്ടില്ല.

അധ്യാപക വിദ്യാഭ്യാസവും പരിശീലനവും:

3.50 സംസ്ഥാനത്തെ പ്രൈമറി സ്കൂളുകൾക്കുള്ള അധ്യാപകർക്കായി ഏതാണ്ട് 101 ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ടി.ടി.ഐ) നിലവിലുണ്ട്. വർഷംതോറും 3800 പേർക്ക് അവ പ്രവേശനം അനുവദിക്കുന്നു. ഈ സ്ഥാപനങ്ങളിൽ മിക്കതും സ്വകാര്യ എയ്ഡഡ് മേഖലയിലാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ (ഡി.പി.ഐ) കീഴിൽ അവ പ്രവർത്തിക്കുന്നു. ടീച്ചർ ട്രെയിനിംഗ് കോഴ്സുകളുടെ കാലാവധി 2 വർഷമാണ്. പ്രവേശനത്തിന് മിനിമം യോഗ്യത എസ്.എസ്.എൽ.സി.യാണ്. വിവിധ പരിശീലന കേന്ദ്രങ്ങളിലായി മലയാളം, ഹിന്ദി, തമിഴ്, സംസ്കൃതം, അറബിക്, കന്നട, ഉറുദു എന്നിവയ്ക്കുള്ള അധ്യാപകരെ വാർത്തെടുക്കുന്നതിനായി ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സുകളും സംഘടിപ്പിക്കുന്നു.

3.51 സെക്കണ്ടറി സ്കൂളുകളിലെ അധ്യാപകർക്കുള്ള പരിശീലനമായ ബി.എഡ്. കോഴ്സുകൾ 42 ട്രെയിനിംഗ് കോളേജുകളിലും 25 യൂണിവേഴ്സിറ്റി ടീച്ചർ എജ്യുക്കേഷൻ സെന്ററുകളിലുമായി നടത്തപ്പെടുന്നു. തൃശൂരിലെ കേന്ദ്രീയ സംസ്കൃത വിദ്യാപീഠവും ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ അംഗീകരിച്ച വിവിധ സ്ഥാപനങ്ങളും യഥാക്രമം സംസ്കൃതത്തിലും ഹിന്ദിയിലും കോഴ്സുകൾ നടത്തുന്നു. കോഴ്സുകളുടെ കാലാവധി ഒരു വർഷമാണ്. പ്രവേശനത്തിനുള്ള കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാലയും, കേരള കാർഷിക സർവകലാശാലയും ഒഴികെ കേരളത്തിലെ എല്ലാ സർവകലാശാലകളും എം.എഡ്. കോഴ്സുകളും നടത്തുന്നു. യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററുകൾ സെൽഫ് ഫൈനാൻസിംഗ് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കോഴ്സുകൾ നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ സൗകര്യങ്ങൾപോലും അവയിൽ നിരവധി എണ്ണത്തിനും ഇല്ലെന്നാണ് റിപ്പോർട്ട്.

3.52 കേരളത്തിൽ എല്ലാ തലങ്ങളിലും അധ്യാപകപരിശീലന കോഴ്സുകൾക്ക് വളരെയേറെ ആവശ്യക്കാരുണ്ട്. ഇത് വിദ്യാഭ്യാസ സംവിധാനത്തിൽ വ്യാപകമായ അഴിമതിക്ക് ഇടയാക്കുന്നു. മിക്ക സ്വകാര്യസ്ഥാപനങ്ങളും സംഭാവന വാങ്ങിയാണ് പ്രവേശനം നൽകുന്നത്. മൂന്നോ നാലോ മാസം മാത്രം കോഴ്സുകൾ നടത്തിയശേഷം സർവകലാശാലാ പരീക്ഷക്ക് ബി.എഡ്. വിദ്യാർത്ഥികളെ അയക്കുന്ന സ്ഥാപനങ്ങളുമുണ്ട്.

3.53 വർഷംതോറും കേരളത്തിലെ അധ്യാപകപരിശീലന കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത അനേകംപേർ എളുപ്പത്തിൽ പ്രവേശനം നേടാൻ കഴിയുന്ന അയൽസംസ്ഥാനങ്ങളിലേക്ക് പോകുന്നു. അവിടെ കനത്ത ഫീസ് നൽകി ബിരുദം നേടുന്നു. അയൽ സംസ്ഥാനങ്ങളിലെ സർവകലാശാലകൾ നടത്തുന്ന കറസ്പോണ്ടൻസ് കോഴ്സുകളും കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ പ്രചാരം നേടിയിരിക്കുന്നു.

3.54 കേരളത്തിലെ വൊക്കേഷണൽ വിദ്യാഭ്യാസത്തിന് അധ്യാപകരെ പരിശീലിപ്പിക്കുവാൻ യാതൊരു സൗകര്യങ്ങളും നിലവിലില്ല. കായികമായും മാനസികമായും അവശതയനുഭവിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനുളള അധ്യാപകരുടെ പരിശീലനത്തിനും സൗകര്യങ്ങൾ ലഭ്യമല്ല. കോമേഴ്സ് ബിരുദധാരികൾക്ക് ബി.എഡ്. അനുവദിക്കുന്നില്ലെന്നതാണ് കേരളത്തിലെ മറ്റൊരു സവിശേഷത. അതിനാലവർ അയൽസംസ്ഥാനങ്ങളിലേക്ക് പോകാൻ നിർബന്ധിതരാവുന്നു. ഈ പ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്.

3.55 വാണിജ്യാടിസ്ഥാനത്തിൽ അധ്യാപകപരിശീലന പരിപാടികൾ വ്യാപിക്കുന്നത് നിരവധി പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അധ്യാപകർക്ക് നൽകപ്പെടുന്ന ഒരു വർഷമോ അതിൽ കുറഞ്ഞ കാലമോ ഉളള പരിശീലനം ക്ലാസുമുറിയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അപര്യാപ്തമാണ്.

ബി.എഡ്. ബിരുദധാരിയുടെ നേട്ടത്തിന്റെ നിലവാരം പരിശോധിക്കപ്പെടുന്നതേയില്ല. പലപ്പോഴും ഒരു വെറും ബി.എഡ്. ബിരുദം അധ്യാപകനിയമനത്തിന് മതിയായ യോഗ്യതയായി പരിഗണിക്കപ്പെടുന്നു. അധ്യാപന നിലവാരം മോശമാകുന്നതിനാണ് ഇതിടയാക്കുന്നത്. പ്രത്യേകിച്ചും തങ്ങളുടെ വിജ്ഞാനം ഉയർത്തുന്നതിനും അധ്യാപന-പരിശീലന പ്രക്രിയയിൽ സൃഷ്ടിപരമായ സമീപനങ്ങൾ അവലംബിക്കുന്നതിനും അധ്യാപകർക്കുളള കഴിവിനെ ഇതു ബാധിക്കുന്നു.

3.56 പ്രൈമറി സ്കൂളുകളുടെ അക്കാദമിക് ഭരണത്തിൽ സുപ്രധാന ഇടപെടലുകളാണ് 'ഡയറ്റ്' (ഡി ഐ ഇ റ്റി - ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം). ജില്ലാ വിഭവകേന്ദ്രം (ഡി.ആർ.യു.), പ്രീ സർവീസ് ടീച്ചർ എജ്യൂക്കേഷൻ, ഇൻസർവീസ് ടീച്ചർ എജ്യൂക്കേഷൻ, വിദ്യാഭ്യാസ സാങ്കേതികവിദ്യ, പ്രവൃത്തിപരിചയം, കരിക്കുലവും മൂല്യനിർണയവും എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഡയറ്റിൽ പ്രവർത്തിക്കുന്നുണ്ട്. പ്രീ സർവീസ് അധ്യാപക പരിശീലന ശാഖയുമായാണ് പ്രിൻസിപ്പാൾ ബന്ധപ്പെടുന്നത്. ഇതര ശാഖകൾ സീനിയർ ലക്ചറർമാർക്ക് കീഴിൽ പ്രവർത്തിക്കുന്നു. വയോജന വിദ്യാഭ്യാസത്തെ സഹായിക്കുന്നത് ഡി ആർ യു വാണ്. എല്ലാ റവന്യൂ ജില്ലകളിലും സ്ഥാപിതമായിട്ടുള്ള ഡയറ്റുകൾ ഡി പി ഇ പി പരിപാടികൾ നടപ്പിലാക്കുന്നതിൽ കേന്ദ്രസ്ഥാനത്ത് വർത്തിക്കുന്നു. പ്രൈമറി സ്ക്കൂളുകളുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ചില ഡയറ്റുകൾ തനതായ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

3.57 ഡയറ്റുകൾ പ്രൈമറി സ്കൂളുകൾക്കെന്നപോലെ സെക്കണ്ടറി സ്ക്കൂളുകൾക്ക് അക്കാദമിക് പിന്തുണ നൽകാനുദ്ദേശിച്ചുള്ളതാണ് സി ടി ഇ കൾ അഥവാ കോളേജസ് ഫോർ ടീച്ചർ എജ്യുക്കേഷൻ. ഇതുവരേയും അവ ഫലപ്രദമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. സി ടി ഇ കളുടെ പ്രതിബന്ധം അവ ഔപചാരികമായി ഡയറക്ടറേറ്റ് ഓഫ് കൊളീജിയറ്റ് എജ്യുക്കേഷന്റെ കീഴിലാണെന്നതാണ്. അവയുടെ പരിപാടികളാവട്ടെ, സ്കൂൾ വിദ്യാഭ്യാസത്തിന് ഉദ്ദേശിച്ചുമാണ്.

3.58 സെക്കണ്ടറി സ്ക്കൂൾ സംവിധാനത്തിന് പരിശീലന-വിഭവ പിന്തുണ നൽകുന്നതിനും എസ് സി ആർ ടി യുടെ പ്രവർത്തനത്തിന് പൂരകമായും തൃശൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എജ്യുക്കേഷൻ (ഐ എ എസ് ഇ) സ്ഥാപിതമായിട്ടുണ്ട്. എങ്കിലും ഐ എ എസ് ഇ യിൽ നിന്ന് പ്രതീക്ഷിക്കുന്ന കടമകൾ അത് തൃപ്തികരമായി നിറവേറ്റേണ്ടിയിരിക്കുന്നു.

സ്കൂൾ മാനേജ്മെന്റ്

സംസ്ഥാനതല മാനേജ്മെന്റ്

3.59 സ്കൂൾ വിദ്യാഭ്യാസത്തിന്റെ സംസ്ഥാനതല മാനേജ്മെന്റ് ഇപ്പോൾ സംഘടിപ്പിക്കപ്പെടുന്നത് മൂന്നു തലങ്ങളിലായാണ്. സെക്രട്ടറിയുടെ കീഴിലുള്ള പൊതുവിദ്യാഭ്യാസ വകുപ്പാണ് ആദ്യത്തേത്; വിവിധ ഡയറക്ടറേറ്റുകളാണ് രണ്ടാമത്തേത് - ഇതിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റാണ് ഏറ്റവും പ്രധാനപ്പെട്ടത്; പുതുതായി രൂപീകരിക്കപ്പെട്ട എസ് സി ഇ ആർ ടി യാണ് മൂന്നാമത്തേത്. മൂന്നര വയസു മുതൽ 15 വയസു വരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് അക്കാദമിക് പിന്തുണ നൽകുന്നത് മൂന്നാമത് പറഞ്ഞതാണ്.

3.60 നയപരമായ കാര്യങ്ങൾക്കു പുറമേ ചട്ടങ്ങളും ക്രമീകരണങ്ങളും, അധ്യാപകരുടേയും സ്കൂൾ കെട്ടിടങ്ങളുടെയും പ്രശ്നങ്ങൾ, പാഠപുസ്തകങ്ങളുടെ അച്ചടി, സിലബസ്, കരിക്കുലം, വൊക്കേഷണൽ വിദ്യാഭ്യാസം തുടങ്ങിയ വിദ്യാഭ്യാസ മാനേജ്മെന്റിന്റെ വിശദാംശങ്ങൾ സെക്രട്ടറിയേറ്റിലെ വിവിധ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നു. പതിവുകാര്യങ്ങളിൽ ഇടപെടുന്നതിന് സെക്രട്ടറിയേറ്റിലെ വകുപ്പിന് ഇതുമൂലം അധികാരം ലഭിക്കുന്നു. പ്രത്യേക വൈദഗ്ദ്ധ്യമാർന്ന വകുപ്പുകളും സംവിധാനങ്ങളും സെക്രട്ടറിയേറ്റിനെ ആശ്രയിക്കാൻ നിർബന്ധിതമാവുകയും ചെയ്യുന്നു. നടപടിക്രമങ്ങളുടെ കാലവിളംബത്തിനും ഭരണനിർവഹണത്തിനുമുള്ള സമയം പാഴാവുന്നതിനും ഇതിടയാക്കുന്നു.

3.61 കൈകാര്യം ചെയ്യപ്പെടുന്ന പ്രശ്നങ്ങളും അവയുടെ എണ്ണവും കണക്കിലെടുക്കുമ്പോൾ വിദ്യാഭ്യാസ മാനേജ്മെന്റിലെ ഏറ്റവും സങ്കീർണമായ ഭാഗം സ്കൂൾ ഭരണമാണ്. സംവിധാനം ഊർജ്ജസ്വലമാക്കുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ മുഴുവൻ പ്രവർത്തന മേഖലയേയും 31 വിദ്യാഭ്യാസ ജില്ലകളും 157 ഉപജില്ലകളും ആയി വിഭജിച്ചിരിക്കുന്നു. സംസ്ഥാനത്ത് സാധാരണ നിലയിലുള്ള 14 റവന്യു ജില്ലകൾക്കു പുറമേയാണിത്. ഓരോ തലത്തിലും ഓഫീസർമാരെ നിയമിച്ചിട്ടുമുണ്ട്. ഒരളവോളം വികേന്ദ്രീകരണം-പ്രത്യേകിച്ചും ജില്ലാ-ഉപജില്ലാതലങ്ങളിൽ- ഉറപ്പുവരുത്താനും സ്കൂളുകളുടെ അക്കാദമിക് പ്രകടനത്തിൽ ഓഫീസർമാർക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും കഴിയുന്നതിനുള്ള ഒരു ശ്രമമായിരുന്നു ഇത്. എന്നാൽ താഴെ തട്ടിലുള്ള ഓഫീസർമാർ ഭരണപരമായ വിശദാംശങ്ങളിലും നൂലാമാലകളിലും കുടുങ്ങിക്കിടക്കുകയും പ്രധാന തീരുമാനങ്ങളെല്ലാം കേന്ദ്രതലത്തിൽ കൈക്കൊള്ളുകയുമാണ്.

ജില്ലാതല മാനേജ്മെന്റ്

3.62 സ്കൂൾവിദ്യാഭ്യാസ ജില്ലാതല മാനേജ്മെന്റിന് ത്രിതല ഘടനയാണുള്ളത് - റവന്യു ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല. വിദ്യാഭ്യാസ ജില്ലകളും, ഉപജില്ലകളും മുഴുവൻ സ്കൂളുകളേയും നേരിട്ട് നിരീക്ഷണ വിധേയമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ വികേന്ദ്രീകരണത്തിന്റെ ഘടകങ്ങളാണ്. പ്രൈമറി സ്കൂളുകൾ ഉപജില്ലാ തലത്തിലും ഹൈസ്കൂളുകൾ വിദ്യാഭ്യാസജില്ലാ തലത്തിലും നിരീക്ഷണ വിധേയമാക്കുന്നു. ഈ തലങ്ങളെയും സംസ്ഥാനതല മാനേജ്മെന്റിനേയും ബന്ധപ്പെടുത്തുന്നത് റവന്യു ജില്ലകളിലുള്ള വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാരാണ് (ഡി.ഡി.ഇ). വിദ്യാഭ്യാസ ജില്ലാ തലത്തിൽ 31 ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രവർത്തിക്കുന്നു. ഹൈസ്കൂളുകളുടെ ചുമതല അവർക്കാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിലേയും ഉപജില്ലകളുടെ മേലധികാരികളുമാണവർ. പ്രൈമറി സ്കൂളുകളുടെ ചുമതലക്കാരായി ഉപജില്ലാ തലത്തിൽ 157 അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർമാരുണ്ട്. വിദ്യാഭ്യാസ പ്രക്രിയയിൽ സാമൂഹിക-പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് കാര്യമായ പങ്കാളിത്തമില്ല. എങ്കിലും വികേന്ദ്രീകൃതാസൂത്രണ പരിപാടി പ്രകാരം സ്ഥിതി ക്രമേണ മെച്ചപ്പെടുന്നുണ്ട്.

സാമൂഹികപങ്കാളിത്തത്തിന്റെ മുഖ്യരൂപമായി പ്രവർത്തിക്കുന്നത് അധ്യാപക-രക്ഷാകർത്തൃസമിതി (പി.ടി.എ)കളാണ്.

3.63 കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് സ്കൂൾ വിദ്യാഭ്യാസ മാനേജ്മെൻറ് കേന്ദ്രീകൃതവും ദുഷ്കരവുമായിത്തീർന്നു. വിദ്യാഭ്യാസ സംവിധാനത്തിന്റെ അയവാർന്ന സ്വഭാവവും ഊർജ്ജസ്വലതയും തന്മൂലം നഷ്ടപ്പെട്ടു. ചരിത്രപരമായി വിവിധ കാലഘട്ടങ്ങളിലെ ആവശ്യകതകൾക്ക് പരിഹാരമെന്ന നിലയിൽ രൂപം കൊണ്ട സ്ഥാപനങ്ങളുടേയും ഘടനകളുടേയും ബാഹുല്യവും കാലഹരണപ്പെട്ട മുൻഗണനാ ചട്ടങ്ങളും നടപടിക്രമങ്ങളും - കൊളോണിയൽ കാലഘട്ടത്തിന്റെ ബാക്കിപത്രമാണ്. അവയിൽ പലതും – ആണ് ഈ സ്ഥിതിവിശേഷം സൃഷ്ടിച്ചത്. ലളിതവും അയവാർന്നതും ഫലപ്രദവുമായ ഒരു മാനേജ്മെന്റ് സംവിധാനമാണ് സ്കൂൾ വിദ്യാഭ്യാസത്തിൻെറ ഊർജ്ജസ്വലത വീണ്ടെടുക്കാനാവശ്യമായിട്ടുള്ളത്.

3.64 സ്കൂൾ മാനേജ്മെന്റിന്റെ അടിത്തറക്കുള്ള നിയമപരമായ പിന്തുണ നൽകുന്നത് കേരള വിദ്യാഭ്യാസനിയമവും ചട്ടങ്ങളുമാണ്. അബോധപൂർവമായി തന്നെ കേന്ദ്രീകരണവും കാർക്കശ്യവും ഏകമുഖത്വവും ശക്തിപ്പെടുത്തി. മാറുന്ന സാഹചര്യങ്ങളോട് പ്രതികരിക്കുന്ന വിധത്തിലും വികേന്ദ്രീകരണത്തിന്റേതായ ഇപ്പോഴത്തെ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും അവ പുനഃപരിശോധിക്കേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസം :

3.65 കേരളത്തിലിപ്പോൾ 7 സർവകലാശാലകളുണ്ട്. തിരുവനന്തപുരത്തെ കേരള സർവകലാശാല, കോഴിക്കോട്ടെ കാലിക്കറ്റ് സർവകലാശാല, കൊച്ചിയിലെ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി, കോട്ടയത്തെ മഹാത്മാഗാന്ധി സർവകലാശാല, കണ്ണൂരിലെ കണ്ണൂർ സർവകലാശാല, തൃശൂരിലെ കേരള കാർഷിക സർവകലാശാല, കാലടിയിലെ ശ്രീശങ്കര സംസ്കൃത സർവകലാശാല എന്നിവയാണവ. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിലെ സർവകലാശാലകൾ അഫിലിയേറ്റിംഗ് ഇനത്തിൽ പെടുന്നവയാണ്. ഇതിനും പുറമേ ഒരു സമ്പൂർണ്ണ സർവകലാശാലയുടെ പദവിയോടെ, 'ദേശിയ പ്രാധാന്യമുള്ള സ്ഥാപനം' എന്ന നിലയിൽ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജിയും കേരളത്തിലുണ്ട്.

3.66 ഉന്നത വിദ്യാഭ്യാസത്തിനുള്ള ആവശ്യം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നത് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയ മാർഗങ്ങളും ഉപാധികളും ആരായാൻ സംസ്ഥാന ഗവൺമെന്റിനെ പ്രേരിപ്പിച്ചു വരുന്നു. ഉന്നത വിദ്യാഭ്യാസത്തിന് മതിയായ സൗകര്യങ്ങളേർപ്പെടുത്തുക എന്ന വീക്ഷണത്തോടെ വിദ്യാഭ്യാസയത്നങ്ങളിലും നയങ്ങളിലും പല പരിവർത്തനങ്ങൾക്കും കഴിഞ്ഞ ഏതാനും വർഷങ്ങൾ സാക്ഷ്യംവഹിച്ചു; കൂടുതൽ കോളേജുകൾ സ്ഥാപിതമായി; ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. കൂടുതൽ സീറ്റുകൾ അനുവദിച്ചു. പുതിയ കോഴ്സുകൾ ആരംഭിച്ചു; കറസ്പോണ്ടൻസ് കോഴ്സുകളും പ്രൈവറ്റ് രജിസ്ട്രേഷനും ഏർപ്പെടുത്തി. അങ്ങിനെ പലതും. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിലെ വർദ്ധനവ് തന്നെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചക്കും വ്യാപനത്തിനും വ്യക്തമായ നിദർശനമാണ്. 1956–57 കാലത്ത്, അന്ന് നിലവിലുണ്ടായിരുന്ന 28 ആർട്സ് ആന്റ് സയൻസ് കോളേജുകളിലായി പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ്ഗ്രാജ്വേറ്റ് കോഴ്സുകൾക്കായി 22,254 വിദ്യാർത്ഥികൾ മാത്രമാണുണ്ടായിരുന്നത്. 1982-83ൽ 174 കോളേജുകളിലായി 2.82 ലക്ഷമായി ഇതുയർന്നു. പിന്നീട് 96-97 കാലത്ത് 206 കോളേജുകളിലായി 3.54 ലക്ഷമായും ഉയർന്നു. മൊത്തം പ്രവേശനം നേടുന്നവരിൽ 59 ശതമാനത്തോളം പ്രീഡിഗ്രി ക്ലാസുകളിലാണ്.

3.67 കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സംവിധാനത്തിൽ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് 1995-96 ൽ നടത്തിയ അപഗ്രഥനം കാണിക്കുന്നത് ആൺകുട്ടികളേക്കാൾ കൂടുതൽ പ്രവേശനം നേടുന്നത് പെൺകുട്ടികളാണെന്നാണ്. എങ്കിലും പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിൽ കൂടുതലും ആൺകുട്ടികളാണ്. പട്ടിക 3.17ലെ വിശദവിവരങ്ങൾ ഇത് വെളിവാക്കുന്നു.

പട്ടിക 3.17

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പ്രവേശനം

കോഴ്സ്	മൊത്തം പ്രവേശനം നേടുന്നവർ	പെൺകുട്ടികളുടെ എണ്ണം	പെൺകുട്ടികളുടെ ശതമാനം
പ്രീഡിഗ്രി	2,07,850	1,12,250	54
ബി.എഡ്	3,688	2,858	77
ബി.എ	58,453	37,539	64
ബി.എസ്.സി	58,695	37,115	63
ബി.കോം	16,865	8,770	52
എം.ബി.ബി.എസ്	3,367	1,259	37
ബി.ഇ./ബി.ടെക്	13,110	3,120	24
എം.എസ്.സി	3,738	2,586	69
എം.എ	6,301	4,004	64
എം.കോം	1,221	681	56
പി.എച്ച്.ഡി/ഡി.എസ്.സി	1,526	678	44

അവലംബം : വിദ്യാഭ്യാസ സംബന്ധമായ തെരഞ്ഞെടുക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ - 1996 എം.എച്ച്.ആർ.ഡി, ഗവ.ഓഫ് ഇന്ത്യ.

3.68 കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെ ബാധിച്ച മുഖ്യദോഷം നിലവാരം നിലനിർത്തുന്നതിലെ വീഴ്ചയാണ്. നിരവധി കോളേജുകൾ സ്ഥാപിതമായത് ബന്ധപ്പെട്ട പ്രദേശങ്ങളുടെ ആവശ്യങ്ങളോടുള്ള പ്രതികരണം എന്ന നിലയിലല്ല, മറിച്ച് രാഷ്ട്രീയവും സാമുദായികവുമായ സമ്മർദ്ദങ്ങൾക്ക് വിധേയമായാണ്. അവയിൽ നിരവധി എണ്ണത്തിൽ യോഗ്യരായ അധ്യാപകരില്ല; കെട്ടിടങ്ങൾ, ക്ലാസ്മുറികൾ, പരീക്ഷണശാലകൾ, ലൈബ്രറികൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ല. എങ്കിലും അവ നിലനിൽക്കുകയും തരംതാണ വിദ്യാഭ്യാസം തുടർന്നും പ്രദാനം ചെയ്യുകയും ചെയ്യുന്നു. തദ്വാരാ കേരളത്തിലെ സർവകലാശാലകളുടെ ബിരുദങ്ങൾക്ക് അവയുടെ അന്തസ്സ് നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല, അവ പാടെ അവഗണിക്കപ്പെടുകയുമാണ്. (അവലംബം : വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട്, സംസ്ഥാന ആസൂത്രണബോർഡ്, 1984, വോള്യം - 11, പേജ് - 9)

3.69 സമകാലികമോ ഉയർന്നു വരുന്നതോ ആയ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം മിക്ക കോഴ്സുകളും പരിപാടികളും അപ്രസക്തമാണ്. വിവിധ സ്പെഷലൈസേഷനുകളുടെ വളർന്നുവരുന്ന സങ്കീർണതയ്ക്കനുസൃതമായോ കോഴ്സുകൾക്കിടയിലുള്ള സഞ്ചാരത്തിന് സൗകര്യപ്രദമായ വിധത്തിലോ അവ പുനരാവിഷ്കരിക്കപ്പെടുന്നില്ല. പഠനപ്രക്രിയയെ പ്രായോഗികാനുഭവവുമായി അവ ഉദ്ഗ്രഥിപ്പിക്കുന്നില്ല. പ്രാദേശികമായോ സംസ്ഥാനതലത്തിലോ ദേശീയതലത്തിലോ ഉള്ള ആവശ്യകതകളുമായി ബന്ധമുള്ളതല്ല കോഴ്സുകളുടെ ഉള്ളടക്കം.

3.70 സമീപകാലത്തെ മറ്റൊരു സംഭവവികാസം മതിയായ തോതിലുള്ള ആലോചനയോ തയ്യാറെടുപ്പോ കൂടാതെ ഏകപക്ഷീയമായി നിരവധി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ഏർപ്പെടുത്തിയതാണ്. സർവകലാശാലകളുടെ അക്കാദമിക് സമിതികളുമായി ആലോചിക്കാതെയോ അവയുടെ

അസാന്നിധ്യത്തിലോ ആണ് ഈ കോഴ്സുകളടെ പാഠ്യപദ്ധതികളും സിലബസും തയ്യാറാക്കപ്പെടുന്നത്. ധനപരമായ ശേഷി, പശ്ചാത്തല സൗകര്യങ്ങൾ, യോഗ്യതയുളള അധ്യാപകരുടെ ലഭ്യത, വിദ്യാർത്ഥികളുടെ ഉദ്യോഗസാധ്യതകൾ എന്നിവ കണക്കിലെടുക്കാതെയാണ് ഈ കോഴ്സുകളിലധികവും ഏർപ്പെടുത്തിയത്. ഏറ്റവും അർഹരായ വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിധത്തിലുമല്ല പ്രവേശനത്തിനുളള നടപടിക്രമങ്ങൾ ആവിഷ്കരിച്ചത്.

3.71 അപര്യാപ്തമായ പുസ്തകശേഖരം, അശാസ്ത്രീയമായ സാങ്കേതിക സംഘാടനം, മോശപ്പെട്ട സേവനം, സർവോപരി അവയുടെ സുപ്രധാനമായ അക്കാദമിക്ക് പങ്ക് അംഗീകരിക്കപ്പെടാതിരിക്കൽ തുടങ്ങിയ കെടുതികൾ കോളേജ് ലൈബ്രറികളെ ബാധിച്ചിരിക്കുന്നു. മിക്കയിടത്തും പുസ്തകങ്ങൾ ശരിയായി തരംതിരിക്കുകയോ കാറ്റലോഗ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ലൈബ്രറികളിലിരുന്ന് വായിക്കുന്നതിനുളള സൗകര്യങ്ങളുമില്ല. വിദ്യാർത്ഥികളെ ലൈബ്രറിയിൽ കടക്കാനനുവദിക്കാത്ത കോളേജുകൾ പോലുമുണ്ട്. പുസ്തകങ്ങൾ അവർക്ക് വിതരണം ചെയ്യുന്നുവെന്നു മാത്രം. അടിസ്ഥാനപരമായ റഫറൻസ് ഗ്രന്ഥങ്ങളുടേയും മതിയായ പ്രൊഫഷണൽ ജീവനക്കാരുടേയും അഭാവം കാരണം റഫറൻസ് സേവനങ്ങളും നല്കപ്പെടുന്നില്ല. സ്ഥാപനത്തിന്റെ ഒരു അനുബന്ധമായി വഴിപാടെന്ന നിലയിലാണ് കോളേജ് ലൈബ്രറികൾ പ്രവർത്തിക്കുന്നത്. ലക്ചററെ കേന്ദ്രീകരിച്ച് ക്ലാസ് റൂമുകളിലുളള അധ്യാപനവും ഗൈഡ് പുസ്തകങ്ങളേയും കാപ്സ്യൂളുകളേയും ആശ്രയിക്കുന്ന മനോഭാവവും പരീക്ഷകളുടെ ഇപ്പോഴത്തെ രീതിയും കൂടിയാകുമ്പോൾ വിദ്യാർത്ഥികളേയും അധ്യാപകരേയും സംബന്ധിച്ചിടത്തോളം ലൈബ്രറി അപ്രസക്തമായിത്തീരുന്നു.

3.72 സർവകലാശാലകളും കോളേജുകളും വർഷത്തിൽ ചുരുങ്ങിയത് 180 ദിവസം പ്രവർത്തിക്കണമെന്ന് സർവകലാശാലാ ധനസഹായ കമ്മീഷൻ (യു.ജി.സി) അനുശാസിക്കുന്നു. കേരളത്തിൽ ഇതൊരിക്കലും നടക്കാറില്ല. പലവിധ അക്കാദമികേതര പ്രവർത്തനങ്ങൾക്കായി ഒട്ടേറെ പ്രവൃത്തിദിനങ്ങൾ പാഴാക്കപ്പെടുന്നു. വിവിധ വിഭാഗങ്ങൾ കൂടെക്കൂടെ സംഘടിപ്പിക്കുന്ന പണിമുടക്കുകൾ പ്രവൃത്തി ദിവസങ്ങളുടെ ഗണ്യമായ തോതിലുളള നഷ്ടത്തിന് കാരണമാകുന്നു. പരീക്ഷകൾ ന്യായീകരണമില്ലാതെ ദീർഘമായ കാലയളവിലേക്ക്, പലപ്പോഴും മാസങ്ങളുടെ ദൈർഘ്യത്തിൽ നീട്ടിക്കൊണ്ട് അധ്യാപനം അലങ്കോലപ്പെടുത്തുന്നതിൽ സർവകലാശാലകളും അവയുടേതായ പങ്ക് വഹിക്കുന്നു. അധ്യാപനത്തേയും വിദ്യാർത്ഥികളുടെ ആത്മവീര്യത്തേയും ഇത് വളരെയേറെ ദോഷകരമായി ബാധിക്കുന്നു. ക്ലാസുകളിൽ ഹാജർ കുറയുന്നതാണ് ഗുരുതരമായ മറ്റൊരു പ്രശ്നം. ക്ലാസിൽ ഹാജരെടുക്കുന്നത് ഒരു ചടങ്ങായി മാറിയിരിക്കുകയാണ്. സർവകലാശാലാ പരീക്ഷകൾക്ക് ഹാജരാവുന്നതിന് മിനിമം ഹാജർ വേണമെന്ന് നിബന്ധനയുണ്ടെങ്കിലും മിക്കപ്പോഴും ഇത് പാലിക്കപ്പെടുന്നില്ല.

3.73 ഉന്നതവിദ്യാഭ്യാസ സംവിധാനത്തിൻെറ കാര്യക്ഷമത ഗൗരവമേറിയ പരിഗണനയർഹിക്കുന്ന വിഷയമാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദതലത്തിലെ മാത്രം കൊഴിഞ്ഞുപോക്ക് ഏതാണ്ട് 30 ശതമാനത്തോളം വരും (കോഴ്സിന്റെ മൂന്നാം വർഷത്തോടെ). *കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി (1991-92 മുതൽ 95-96വരെ) കേരള സർവകലാശാല നടത്തിയ പരീക്ഷകളുടെ ഫലങ്ങൾ കാണിക്കുന്ന പരാജയത്തിന്റെ ശരാശരി തോത് ഇപ്രകാരമാണ്: പ്രീഡിഗ്രി-60%, ബി.എ.-38%, എം.എ.-59%, ബി.കോം-69%. കേരള സർവകലാശാല 1996 ഏപ്രിലിൽ നടത്തിയ എം.എ. ഇക്കണോമിക്സ് അവസാന വർഷ പരീക്ഷയിൽ 1296 പേർ ഹാജരായതിൽ 92 പേർ മാത്രമാണ് പാസായത്. പരാജയത്തിന്റെ തോത് 93%. ഇതര അഫിലിയേറ്റിംഗ് സർവകലാശാലകളിലും കാര്യങ്ങൾ ഭിന്നമല്ല. 1996 ഏപ്രിൽ/ മെയ് മാസങ്ങളിലായി നടത്തിയ ബി.കോം അവസാന വർഷ പരീക്ഷയിൽ മൊത്തം 12737 പേർ ഹാജരായെങ്കിലും 3012 പേർ മാത്രമാണ് പാസായത്. വിജയശതമാനം 23.65% മാത്രം.

3.74 പാഠ്യപദ്ധതിയുടെ വിശദാംശങ്ങൾ, ഇതര സൗകര്യങ്ങൾ മതിയായ തോതിൽ ലഭ്യമാക്കൽ എന്നിവ പോലെതന്നെ ഉന്നതവിദ്യാഭ്യാസ പുരോഗതിക്ക് പ്രാധാന്യമാർന്നതാണ് പ്രഗത്ഭരായ അധ്യാപകർ. അധ്യാപകന്റെ വൈദഗ്ദ്ധ്യം, ശേഷി, പ്രതിബദ്ധത, പ്രൊഫഷണലായുള്ള തയ്യാറെടുപ്പ് എന്നിവയെ ആശ്രയിച്ചാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം. യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ, പ്രാദേശിക സങ്കുചിതത്വത്തോടെയും സാമുദായികവും മറ്റുമായ പരിഗണനകളോടെയും തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് ഗുണനിലവാരമുള്ള ഫാക്കൽറ്റി കെട്ടിപ്പടുക്കാൻ കഴിയുകയില്ല.

3.75 നിരവധി അധ്യാപകർ ശരിയായി പഠിപ്പിക്കുന്നില്ലെന്നും അനേകം ക്ലാസുകൾ ഹാജരാകാൻ തക്ക യോഗ്യമല്ലെന്നും വ്യാപകമായ പരാതി വിദ്യാർത്ഥി സമൂഹത്തിനിടയിലുണ്ട്. മുൻകൂറായി പല ദിവസങ്ങളോളം ഹാജരൊപ്പുവെയ്ക്കുകയും, സ്വകാര്യ ഇടപാടുകൾ നടത്തുന്നതിനായി ക്ലാസിലെത്താതിരിക്കുകയും ചെയ്യുന്ന പല അധ്യാപകരുടേയും കഥകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധമാണെങ്കിലും സ്വകാര്യ ട്യൂഷൻ നൽകുന്ന രീതി പ്രബലമാണ്. ശമ്പളത്തിന് ഉറപ്പ് നൽകുന്ന നിലവിലുള്ള പദ്ധതി, പെർഫോമെൻസ് ക്രെഡിറ്റ് സംവിധാനത്തിന്റെ അഭാവം, ഉദ്യോഗക്കയറ്റത്തിന് അക്കാദമിക് മാനദണ്ഡങ്ങൾ ബാധകമാക്കാതിരിക്കൽ എന്നിവ അധ്യാപകരുടെ പ്രകടനത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

3.76 അധ്യാപക സംഘടനകളുമായി കൂടിയാലോചിച്ച് യു.ജി.സി. 1988ൽ അധ്യാപകർക്കായി തൊഴിൽപരമായ ഒരു ധർമ്മ സംഹിത തയ്യാറാക്കുകയും സ്വീകരിക്കുകയും ചെയ്തു. എന്നാൽ യു.ജി.സിയോ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോ, അത് നടപ്പിലാക്കുന്ന കാര്യം നിർബന്ധിച്ചില്ല.

3.77 ഉയർന്ന യോഗ്യതാനിലവാരമുള്ളവരും അധ്യാപനശേഷിയുള്ളവരുമായ വ്യക്തികൾ നിയമിക്കപ്പെടുമെന്ന് ഉറപ്പുവരുത്തുന്നതിന് നിഷ്പക്ഷവും വസ്തുനിഷ്ഠവും തുറന്ന രീതിയിലുള്ളതുമായ നിയമന നടപടിക്രമങ്ങളില്ല. അധ്യാപകരുടെ മൂല്യനിർണ്ണയത്തിന് സുതാര്യവും പങ്കാളിത്തസ്വഭാവമുള്ളതും വിവരങ്ങളുടെ അടിത്തറയുള്ളതുമായ ഒരു സംവിധാനം ആവശ്യമാണ്. ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള പാണ്ഡിത്യവും വസ്തുനിഷ്ഠതയും യോഗ്യതയുടെ അംഗീകാരവുമാണ് തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളേയും വേർതിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ട ബാധ്യത അധ്യാപകർക്കുണ്ട്. മികച്ച പ്രകടനത്തെ പ്രോത്സാഹിപ്പിക്കുകയും മോശപ്പെട്ടതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതുണ്ട്.

3.78 ഒന്നര നൂറ്റാണ്ട് പഴക്കമുള്ള, അഫിലിയേറ്റിംഗ് സർവകലാശാലാ സംവിധാനം പുനഃപരിശോധിക്കേണ്ടതുണ്ട്. ഈ സംവിധാനത്തിന് തുടക്കം കുറിച്ച ബ്രിട്ടനിൽ സർവകലാശാലാ സംവിധാനം വമ്പിച്ച പരിവർത്തനങ്ങൾക്കു വിധേയമായെങ്കിലും കേരളം കാലഹരണപ്പെട്ട രൂപത്തിലുള്ള അഫിലിയേറ്റിംഗ് സർവകലാശാലാസംവിധാനം തുടർന്നും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ബിരുദാനന്തര വിദ്യാഭ്യാസം, ഗവേഷണം, വിദ്യാഭ്യാസത്തിന്റെ വ്യാപനവും വികസനവും എന്നിങ്ങനെയുള്ള തങ്ങളുടെ മുഖ്യചുമതലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ നിന്ന് സർവകലാശാലകളെ തടയുന്നതാണ് അഫിലിയേറ്റിംഗ് സംവിധാനമെന്നതാണ് നിരവധി പേരുടെ അഭിപ്രായം.

3.79 കേരളത്തിലെ സർവകലാശാലകൾ തുടർന്നുകൊണ്ടിരിക്കുന്ന പരീക്ഷാസമ്പ്രദായമാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മോശമാകുന്നതിന് ഇടയാക്കുന്ന മുഖ്യഘടകം. ഇതര സർവകലാശാലകളിൽ വിജയകരമായി പരീക്ഷിക്കപ്പെട്ട അനുസ്യൂതവും സമഗ്രവുമായ ആഭ്യന്തര മൂല്യനിർണ്ണയത്തെ വിവിധ കാരണങ്ങളാൽ അക്കാദമിക് സമൂഹം ചെറുക്കുന്നു. 38 ടീച്ചിംഗ് ഡിപ്പാർട്ടുമെന്റിൽ ക്രെഡിറ്റ്-സെമസ്റ്റർ സംവിധാനം കേരള സർവകലാശാല ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചി സർവകലാശാലയും എം.ജി സർവകലാശാലയും ഒരു തലം വരെ ആഭ്യന്തര

മൂല്യനിർണ്ണയസംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. എങ്കിലും ഉന്നത വിദ്യാഭ്യാസ സംവിധാനത്തിലാകെ അനുസ്യൂതവും സമഗ്രവുമായ മൂല്യനിർണയരീതി ഇനിയും ഏർപ്പെടുത്തേണ്ടതായിട്ടാണ് ഉള്ളത്.

3.80 കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരവധി ദശകങ്ങളായി പ്രയോഗത്തിലുള്ള വിദ്യാഭ്യാസത്തിലെ ജനാധിപത്യവത്കരണം ആരോഗ്യകരമായൊരു കാംപസ് അന്തരീക്ഷം വളർത്തിയെടുക്കുന്നതിന് സംഭാവനയേകിയിട്ടുണ്ട്. എങ്കിലും സംസ്ഥാനത്തെ പ്രബല രാഷ്ട്രീയചേരികളുടെ അടിസ്ഥാനത്തിൽ സംഘടനകൾ തമ്മിലുള്ള മാത്സര്യം മുതലായ ചില അനാശാസ്യപ്രവണതകൾ ഈയിടെയായി കാംപസുകളിൽ പ്രബലമാണ്. ഇത് ആരോഗ്യകരമായ രാഷ്ട്രീയ സംവാദങ്ങൾക്കും ചർച്ചകൾക്കും തടസം സൃഷ്ടിക്കുന്നു. ഈ പ്രവണതകളെ നിയന്ത്രിക്കുകയും, കാംപസുകളിൽ ആരോഗ്യകരമായ അന്തരീക്ഷം നിലനിർത്തുന്നതിനായി മതിയായ നിയന്ത്രണങ്ങളും സന്തുലനങ്ങളും ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

3.81 ആവശ്യക്കാർക്ക് വിജ്ഞാനം എത്തിച്ചുകൊടുക്കുന്നതിന് വിഭാവനം ചെയ്യപ്പെട്ട, വിവിധ സർവകലാശാലകളിലെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. കോൺടാക്റ്റ് പരിപാടികൾ, പഠന സാമഗ്രികൾ എന്നിവ മുഖേനയുള്ള പരമ്പരാഗത ഡിഗ്രി കോഴ്സുകളാണ് അവ സംഘടിപ്പിക്കുന്നത്. ഇത്തരം കോഴ്സുകൾ മോശപ്പെട്ട നിലയിലാണ് നടക്കുന്നതെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ദ സ്കൂൾ ഓഫ് കറസ്പോണ്ടൻസ് കോഴ്സ് ആന്റ് കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ ഉദാരമായൊരു ബിരുദപരിപാടി ഏർപ്പെടുത്തിയത് ആയിരക്കണക്കിന് വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ട്. ഈ പരിപാടി വിജ്ഞാനം പകരുക എന്നതിനേക്കാളേറെ പരീക്ഷകൾ നടത്തി ബിരുദങ്ങൾ നൽകുക എന്നതായതോടെ അതിന്റെ മുഖ്യ ഉദ്ദേശ്യം നഷ്ടപ്പെട്ടു. ആധുനിക വിദ്യാഭ്യാസ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് വിദൂര വിദ്യാഭ്യാസകേന്ദ്രങ്ങളും സജ്ജമായിട്ടില്ല.

തുടർ വിദ്യാഭ്യാസ - പുനർ പരിശീലന പരിപാടികളെക്കുറിച്ച് ബോധം വളരുന്നുവെങ്കിലും ഇതിനു നിലവിലുള്ള സൗകര്യങ്ങൾ തെല്ലും തൃപ്തികരമല്ല. കേരള - കാലിക്കറ്റ് സർവകലാശാലകൾക്കായി രണ്ട് അക്കാദമിക് സ്റ്റാഫ് കോളേജുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ ഒരു ചടങ്ങെന്ന നിലയിൽ നടത്തുന്ന റിഫ്രഷർ കോഴ്സുകളും ഓറിയന്റേഷൻ കോഴ്സുകളും തീർത്തും അപര്യാപ്തമാണ്. തങ്ങളുടെ വിഷയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനവികാസവുമായി പൊരുത്തപ്പെടാൻ കോളേജ് അധ്യാപകർക്ക് ഇതു സഹായകമാവുന്നില്ല.

3.82 കേരളത്തിലെ സർവകലാശാലകളുടെ നിലവിലുള്ള ഘടനകൾ ഉദ്യോഗസ്ഥവത്കരണത്തിന്റേയും രാഷ്ട്രീയവത്കരണത്തിന്റേയും മുദ്രകൾ പതിഞ്ഞതാണ്. ആദ്യത്തേത് കൊളോണിയൽ കാലഘട്ടത്തിന്റെ ബാക്കിപത്രമാണെങ്കിൽ രണ്ടാമത്തേത് സ്വാതന്ത്ര്യാനന്തര പ്രതിഭാസമാണ്. സിൻഡിക്കേറ്റ്, സെനറ്റ്, അക്കാദമിക് കൗൺസിലുകൾ എന്നിങ്ങനെയുള്ള സർവകലാശാലാസമിതികൾ അവയുടെ ഘടന, ചുമതലകളും അധികാരങ്ങളും എന്നിവയ്ക്കനുസൃതമായി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. സർവകലാശാലകളുടെ ദൈനംദിന ഭരണങ്ങളിൽ സർക്കാരും സിൻഡിക്കേറ്റ് അംഗങ്ങളും ഇടപെടുന്നതിന്റെ ഉദാഹരണങ്ങളുണ്ട്. പലപ്പോഴും ഏതെല്ലാം സ്ഥാപനങ്ങളിൽ എന്തെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കണമെന്നത് വരെ രാഷ്ട്രീയസമ്മർദ്ദങ്ങൾക്ക് വിധേയമായാണ് തീരുമാനിക്കപ്പെടുന്നത്.

3.83 ഉന്നതവിദ്യാഭ്യാസരംഗത്ത് പണത്തിന്റെ ആവശ്യം വർദ്ധിച്ചപ്പോൾ ഈ മേഖലകൾക്കുള്ള വകയിരുത്തൽ ആപേക്ഷികമായി കുറയുകയാണുണ്ടായത്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ അവസ്ഥയുടെ പ്രധാന ഘടകങ്ങളിലൊന്ന് വിഭവ ദാരിദ്ര്യമാണ്. കാൽശതകം മുമ്പ് നിശ്ചയിച്ച ഫീസ് ഘടനയിൽ മാറ്റമുണ്ടായിട്ടില്ല. സർക്കാർ കോളേജുകൾ പണമില്ലാതെ വലയുമ്പോൾ സ്വകാര്യ മാനേജ്മെന്റുകൾ

വിഭവ സമാഹരണത്തിന് ധാർമ്മികമല്ലാത്ത വിവിധ നടപടികൾ കൈക്കൊള്ളുന്നു. അത്തരം സമ്പ്രദായങ്ങളും നിലവാരം ഇടിയാൻ ഇടയാക്കി.

ബിരുദാനന്തര വിദ്യാഭ്യാസവും ഗവേഷണവും

3.84 ഏഴ് സർവകലാശാലകളുടെ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലുമാണ് ബിരുദാനന്തര പഠന സൗകര്യങ്ങളുള്ളത്. കേരളത്തിൽ 140 പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജുകളാണ് നിലവിലുള്ളത് (20 സർക്കാർ കോളേജുകളും 120 സ്വകാര്യ കോളേജുകളും). 1996-97 ൽ പ്രവേശനം നേടിയ മൊത്തം വിദ്യാർത്ഥികളുടെ സംഖ്യ 11,160 ആയിരുന്നു (2954 ആൺകുട്ടികളും 8206 പെൺകുട്ടികളും). കേരള സർവകലാശാലയിൽ 38 പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്പാർട്ട്മെന്റുകളും കാലിക്കറ്റ് സർവകലാശാലയിൽ 25 എണ്ണവും എം.ജി സർവകലാശാലയിൽ 20 എണ്ണവും കൊച്ചിൻ സർവകലാശാലയിൽ 27 എണ്ണവുമാണുള്ളത്. ഇതിനും പുറമേ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, കാർഷിക സർവകലാശാല എന്നിവിടങ്ങളിലും ബിരുദാനന്തര കോഴ്സുകളുണ്ട്. കാലിക്കറ്റ് സർവകലാശാലയിൽ 2000 ബിരുദാനന്തര വിദ്യാർത്ഥികളും 200 അധ്യാപകരുമാണുള്ളത്. എം.ജി സർവകലാശാലയിൽ 800 വിദ്യാർത്ഥികളും കൊച്ചിൻ സർവകലാശാലയിൽ 700 വിദ്യാർത്ഥികളും 250 അധ്യാപകരുമാണുള്ളത്. സർവകലാശാലകളിലെ ബിരുദാനന്തര വിദ്യാഭ്യാസത്തിന്റെ നിലവാരം അടിക്കടി മോശമാവുന്നതായാണ് കാണപ്പെടുന്നത്. ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന അഫിലിയേറ്റഡ് കോളേജുകളിൽ പൊതുവേ അവ നടത്തുന്നതിന് മതിയായ സൗകര്യങ്ങളില്ല.

3.85 ഉന്നതവിദ്യാഭ്യാസത്തിന്റെ, വിശേഷിച്ചും ബിരുദാനന്തര വിദ്യാഭ്യാസത്തിന്റെ, അവശ്യഘടകമാണ് ഗവേഷണം. കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ ഗവേഷണം മുഖ്യമായും പിഎച്ച്ഡി പരിപാടികളിൽ ഒതുങ്ങുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ കേരള സർവകലാശാല വർഷംതോറും ശരാശരി 123 പി എച്ച് ഡി കൾ സൃഷ്ടിച്ചു. 1995 ൽ 189 പേരാണ് പി എച്ച് ഡി ക്ക് രജിസ്റ്റർ ചെയ്തിരുന്നത്. 1996 ൽ കാലിക്കറ്റ് സർവകലാശാലയിൽ 96 പേർ പിഎച്ച്ഡി ക്ക് രജിസ്റ്റർ ചെയ്യുകയും 36 പേർ പിഎച്ച്ഡി നേടുകയും ചെയ്തു.. കഴിഞ്ഞ എട്ടു വർഷങ്ങൾക്കിടയിൽ എം.ജി സർവകലാശാല 120 പി എച്ച് ഡി കൾ സൃഷ്ടിച്ചു. കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ കൊച്ചിൻ സർവകലാശാല 51 പിഎച്ച്ഡികളാണ് സൃഷ്ടിച്ചത്. ചില സർവകലാശാലാ ഡിപ്പാർട്ട്മെന്റുകളിൽ ഗവേഷണത്തിന്റെ ഏതാനും പച്ചത്തുരുത്തുകളുണ്ടെങ്കിലും അത് സംവിധാനത്തിനകത്തെ വ്യാപകമായ ഒരു പ്രതിഭാസം അല്ല. ഗവേഷണരംഗത്ത് യാതൊരു സാമൂഹിക ഓഡിറ്റിങ്ങുമില്ല.

3.86 ഗവേഷണം വളർത്തുന്നതിന് ഒരു സർവകലാശാലാ ലൈബ്രറി നാനാരംഗങ്ങളിൽ സേവനം ലഭ്യമാക്കേണ്ടതുണ്ട്: പുസ്തകങ്ങളും ജേർണലുകളും ലഭ്യമാക്കൽ, ഡോക്കുമെന്റേഷൻ, വിവരങ്ങൾ തിരഞ്ഞെടുത്ത് പ്രദാനം ചെയ്യൽ, സമകാലിക ബോധമുളവാക്കൽ, ഇൻഡക്സ് ചെയ്യലും ആബ്സ്ട്രാക്ട് ചെയ്യലും, ബിബ്ളിയോഗ്രഫികൾ തയ്യാറാക്കൽ, തർജ്ജമകൾ, ലൈബ്രറികൾ തമ്മിൽ വായ്പാ സംവിധാനം, റഫറൽ സേവനങ്ങൾ, വിവരങ്ങളുടെ സ്രോതസ്സുകളെ സംബന്ധിച്ച ഉപദേശങ്ങൾ നൽകൽ, വിവരങ്ങളും രേഖകളും വീണ്ടെടുക്കൽ മുതലായവ അക്കൂട്ടത്തിൽപ്പെടുന്നു. എങ്കിലും കേരളത്തിലെ ഒരു സർവകലാശാലാ ലൈബ്രറിയും ഈ ചുമതലകളെല്ലാം നിറവേറ്റുന്നില്ല. അവയ്ക്ക് മതിയായ ഫണ്ടില്ല. ഉള്ളതാകട്ടെ കുറഞ്ഞു വരുന്നു. സർവകലാശാലക്കകത്തെ മുൻഗണനാക്രമം അതിനു സഹായിക്കുന്നില്ല. സമീപകാലത്തിറങ്ങിയ പുസ്തകങ്ങൾ പോലും ശേഖരിക്കുവാൻ ലൈബ്രറികൾക്കു കഴിയുന്നില്ലെന്നിരിക്കെ, ജേർണലുകളുടേയും പ്രബന്ധങ്ങളുടേയും കാര്യം പറയാനുമില്ല. ഗവേഷണ കേന്ദ്രങ്ങൾ എന്ന നിലയിൽ

അവ കണക്കാക്കപ്പെടുന്നില്ല. ഗവേഷണത്തിന് മതിയായ സൗകര്യങ്ങളും നിലവിലില്ല. സർവ്വകലാശാലാ ലൈബ്രറിയുമായി കോളേജ് അഥവാ ഡിപ്പാർട്ട്മെന്റ് ലൈബ്രറികളെ ബന്ധപ്പെടുത്തുന്നുമില്ല. ലൈബ്രറികളുടെ അവസ്ഥ സംസ്ഥാനത്തെ സർവകലാശാലാ കാംപസുകളിൽ നിലവിലുള്ള ഗവേഷണത്തിന്റെ അവസ്ഥ പ്രതിഫലിപ്പിക്കുന്നു.

3.87 യു.ജി.സി, അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ സമിതി (എ ഐ സി ടി ഇ), ശാസ്ത്ര- സാങ്കേതിക വകുപ്പ് (ഡി എസ് ടി), പരിസ്ഥിതി വകുപ്പ് (ഡി ഒ ഇ), ഇന്ത്യൻ സാമൂഹ്യ ശാസ്ത്ര- ഗവേഷണ സമിതി (ഐ സി എസ് എസ് ആർ), ഇന്ത്യൻ കാർഷിക ഗവേഷണ സമിതി (ഐ സി എ ആർ) എന്നീ ഏജൻസികൾ സർവകലാശാലകളിലെ ഗവേഷണം പരിപോഷിപ്പിക്കുകയും ഫണ്ട് നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിലെ സർവകലാശാലകൾ ഈ ഫണ്ട് പ്രയോജനപ്പെടുത്തുന്നതായി തോന്നുന്നില്ല. കേരള കാർഷിക സർവകലാശാല ഇപ്പോൾ ബാഹ്യസഹായത്തോടെ 18 കോടി രൂപ ചെലവിൽ മൊത്തം 185 ഗവേഷണ പദ്ധതികൾ ഏറ്റെടുത്തിരിക്കുകയാണ്. സ്പോൺസർ ചെയ്ത ഗവേഷണരംഗത്ത് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മികച്ച പ്രകടനം കാഴ്ചവെച്ചിരിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കൊച്ചിൻ സർവകലാശാല 8 കോടി രൂപ ഫണ്ട് നൽകിക്കൊണ്ട് സാമൂഹിക ഏജൻസികൾ സ്പോൺസർ ചെയ്ത 100 ഗവേഷണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാല 1.6 കോടി രൂപയുടെ 26 പദ്ധതികൾ ഏറ്റെടുത്തിരിക്കുന്നു. എങ്കിലും ഇത് സർവകലാശാലകളുടെ മൊത്തം വിഭവത്തിന്റെ 2–3 ശതമാനം മാത്രമേ വരുന്നുള്ളൂ.

3.88 കോളേജുകളിൽ ഗവേഷണം ഫലത്തിൽ നിലവിലില്ല. പശ്ചാത്തല സംവിധാനങ്ങളുടെ അഭാവവും, പ്രീഡിഗ്രി – അണ്ടർ ഗ്രാജ്വേറ്റ് അധ്യാപനത്തിന് നൽകുന്ന പൂർണമായ ശ്രദ്ധയുമാണ് ഇതിനു കാരണം. മോശപ്പെട്ട ലൈബ്രറി, അപര്യാപ്തമായ വിവര വിനിമയ സംവിധാനങ്ങൾ, കംപ്യൂട്ടേഷണൽ – റിപ്രോഗ്രാഫിക് സംവിധാനങ്ങളുടെ അഭാവം എന്നിവ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഭൂരിപക്ഷത്തേയും ബാധിച്ച കെടുതികളാണ്. സുസജ്ജമായ സ്ഥാപനങ്ങളിൽത്തന്നെയും സ്പെയർ ഉപകരണങ്ങൾ, ഉപയോഗിച്ചവക്ക് പകരമായവ ലഭ്യമാക്കൽ, ഹ്രസ്വകാല ആയുസ്സുള്ള ഉപകരണങ്ങൾക്ക് പകരമുള്ളവ നൽകൽ എന്നിവ അപര്യാപ്തമാണ്. എങ്കിലും ലഭ്യമായ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ഗവേഷണബിരുദങ്ങളുള്ള യുവഅധ്യാപകരുടെ തലമുറ ചില മുൻകൈ നടപടികളെടുക്കുന്നുണ്ട്.

3.89 ബിരുദാനന്തര വിദ്യാർത്ഥികളും ഗവേഷണവിദഗ്ദ്ധരും ഏറ്റെടുത്ത ഗവേഷണപരിപാടികൾ ശരിയായ പരിശോധനക്കും മൂല്യനിർണ്ണയത്തിനും വിധേയമാക്കേണ്ടതുണ്ട്. ഇപ്പോഴത്തെ ഗവേഷണങ്ങളിലധികവും തരംതാണതും ആവർത്തനസ്വഭാവമുള്ളതും പലപ്പോഴും പ്രസക്തമല്ലാത്തതുമാണ്. ചിലപ്പോഴെല്ലാം സൂപ്പർവൈസറുടെ ഗവേഷണഫലങ്ങൾ അല്പം ചില ഭേദഗതികളോടെ വിദ്യാർത്ഥികൾ വീണ്ടും അവതരിപ്പിക്കുന്ന ഉദാഹരണങ്ങളുമുണ്ട്. യു ജി സി നിബന്ധനകൾ പ്രകാരം ഗവേഷണബിരുദത്തിന് പ്രാധാന്യമുള്ളതിനാൽ അപ്രസക്തമോ, കാലഹരണപ്പെട്ടതോ ആയ വിഷയങ്ങളിൽപ്പോലും ഗവേഷണം ഏറ്റെടുക്കുന്നു. 1930 ന് ശേഷമുള്ള ഒരൊറ്റ ഉദ്ധരണി പോലുമില്ലാത്ത ഗവേഷണ പ്രബന്ധങ്ങളുമുണ്ട്!

3.90 സർവകലാശാലാ കേന്ദ്രങ്ങളേക്കാൾ മികച്ച രീതിയിൽ ഗവേഷണസൗകര്യങ്ങൾ ലഭ്യമാക്കുകയും പ്രകടനങ്ങൾ കാഴ്ചവെക്കുകയും ചെയ്യുന്ന ഏതാനും സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി ഡി എസ്), സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സി ഇ എസ് എസ്), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (സി ഡബ്ല്യു ആർ ഡി എം), കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ എഫ് ആർ ഐ), ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി ബി ജി ആർ ഐ) എന്നിവ അക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ അവ പ്രവർത്തിക്കുന്നത് പ്രത്യേക മേഖലകളിലാണ്. പണത്തിന് അവയും സംസ്ഥാന ഗവൺമെന്റിനെ മുഖ്യമായും ആശ്രയിക്കേണ്ടി വരുന്നു.

3.91 കേരളത്തിലെ പ്രധാനപ്പെട്ട മറ്റു ഗവേഷണ - വികസന കേന്ദ്രങ്ങളിൽ വിക്രം സാരാഭായ് സ്പേസ് സെന്റർ (വി എസ് എസ് സി), സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി പി സി ആർ ഐ), സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി ടി സി ആർ ഐ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സി ഐ എഫ് ടി), സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി സി ആർ ഐ), റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ആർ ആർ ഐ), റീജിയണൽ റിസർച്ച് ലാബറട്ടറി (ആർ ആർ എൽ) എന്നിവ ഉൾപ്പെടുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളാണവ.

സാങ്കേതിക വിദ്യാഭ്യാസം :

3.92 സമീപവർഷങ്ങളിലായി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസം വലിയൊരളവോളം നയിക്കപ്പെടുന്നത് ദേശീയതലത്തിൽ ആവിഷ്കരിക്കപ്പെടുന്ന നയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസരിച്ചാണ്. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ സമിതിയാണ് അത് നിർവഹിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ നാല് ദശകങ്ങൾക്കിടയിൽ വ്യാപിക്കുകയുണ്ടായി. 1962 ൽ കേരളത്തിൽ 6 എഞ്ചിനീയറിംഗ് കോളേജുകളും 15 പോളിടെക്നിക്കുകളുമാണ് നിലവിലുണ്ടായിരുന്നത്. ഒരു വർഷം യഥാക്രമം 780 ഉം 3024 ഉം വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിയത്. ഇന്ന് 16 എഞ്ചിനീയറിംഗ് കോളേജുകളും 33 പോളിടെക്നിക്കുകളുമുണ്ട്. വർഷത്തിൽ യഥാക്രമം 4500 ഉം 5500 ഉം വിദ്യാർത്ഥികൾക്ക് അവ പ്രവേശനം നൽകുന്നു. ഇതിനും പുറമേ 51 ടെക്നിക്കൽ ഹൈസ്കൂളുകളുമുണ്ട്. ഇവയിൽ 47 എണ്ണം സർക്കാർ സ്ഥാപനങ്ങളാണ്.

3.93 സംസ്ഥാനത്ത് സാങ്കതികവിദ്യാഭ്യാസത്തിന് വളരെയേറെ ആവശ്യക്കാരുണ്ട്. സാമൂഹികാന്തസ്സും അധികാരവും ഉറപ്പുവരുത്തുന്ന സുരക്ഷിതമായ തൊഴിൽ അത് നൽകുമെന്നതാണ് കാരണം. എങ്കിലും 6 അപേക്ഷകരിൽ ഒരാൾക്ക് വീതം മാത്രമേ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നുള്ളു. പോളിടെക്നിക്കുകളിലാകട്ടെ, ഈ അനുപാതം 1:10 ആണ്. അതിനാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് വളരെയേറെ തിരക്ക് ഉളവാകുന്നു. അനേകം വിദ്യാർത്ഥികൾ കർണ്ണാടകം, തമിഴ്നാട് മഹാരാഷ്ട്ര തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്ക് പോകാൻ ഇതിടയാക്കുന്നു. സംഭാവനകളായും കാപ്പിറ്റേഷൻ ഫീ മുതലായവയായും അവിടങ്ങളിൽ ഭീമമായ തുക ചെലവഴിക്കേണ്ടതായി വരുന്നു. സാങ്കേതിക മേഖലയിൽ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ എന്നു വിളിക്കപ്പെടുന്നവ വ്യാപിക്കാൻ ഇടയായ സാമൂഹിക പശ്ചാത്തലം സൃഷ്ടിച്ചത് സാങ്കേതിക - പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഈ ആവശ്യം ആണ്.

3.94 മിക്ക എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും പശ്ചാത്തല സൗകര്യങ്ങൾ ആശങ്കാജനകമായ വിധത്തിൽ അപര്യാപ്തമാണ്. പരിശീലനത്തിന്റേയും - അധ്യാപക - പഠനപ്രക്രിയകളുടേയും ഗുണനിലവാരം ഉയർത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു. നിരവധി കോഴ്സുകൾ കാലഹരണപ്പെട്ടതാണ്. സാർത്ഥകമായ ഗവേഷണ - വികസന പ്രവർത്തനങ്ങൾ നടക്കുന്നുമില്ല. അവയെ ഉപയോഗപ്പെടുത്തുന്ന ഏജൻസികളുമായി യാതൊരുവിധ ബന്ധമോ ഇടപെടലോ കൂടാതെ, ഒറ്റപ്പെട്ടാണ്, പൊതുവേ സാങ്കേതിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

3.95 എഞ്ചിനീയർമാർക്കും ടെക്നീഷ്യൻമാർക്കുമിടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. വിദ്യാർത്ഥികൾക്ക് ഉപദേശം നൽകുകയും നിയമനവുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നതിനുള്ള സെല്ലുകൾ നിലവിലില്ലാതാവുകയോ പ്രവർത്തനരഹിതമാവുകയോ ചെയ്തിരിക്കുന്നു. എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും സാങ്കേതികവിദ്യകളിൽ ഡിപ്ലോമ ഉള്ളവർക്കും അപ്രന്റീസ് പരിശീലനത്തിനുള്ള

പദ്ധതി ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. കൊഴിഞ്ഞുപോക്കിന്റെ തോത് വളരെ ഉയർന്നതാണ്. ബിരുദ തലത്തിൽ 30 ശതമാനത്തോളവും, ഡിപ്ലോമാതലത്തിൽ 40 ശതമാനവും ബിരുദാനന്തര തലത്തിൽ 45 ശതമാനത്തോളവുമാണത്. ഫാക്കൽറ്റിയുടെ ദൗർല്ലഭ്യവും നേരിടുന്നുണ്ട്. ഫാക്കൽറ്റിയുടെ തസ്തികകളിൽ 25 ശതമാനത്തോളം ഒഴിഞ്ഞുകിടക്കുന്നു. മിക്ക അധ്യാപകർക്കും തങ്ങളുടെ മണ്ഡലത്തിൽ വ്യാവസായികമോ പ്രായോഗികമോ ആയ അനുഭവജ്ഞാനവുമില്ല.

3.96 കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് 1957 ൽ സ്ഥാപിതമായ സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിന് (ഡി ടി ഇ) കീഴിലാണ്. സർക്കാർ തലത്തിലെ നിയന്ത്രണാധികാരി ഉന്നത വിദ്യാഭ്യാസകാര്യ കമ്മീഷണറാണ്. കോളേജുകളുടെ ഇപ്പോഴത്തെ അഫിലിയേറ്റഡ് പദവി, കാര്യക്ഷമമോ പ്രത്യുല്പാദനപരമോ അല്ല. അവയ്ക്ക് വളരെ പരിമിതമായ അധികാരങ്ങളേ ഉള്ളൂ. പ്രിൻസിപ്പാൾമാരുടെ അടുത്ത നിരയിലുള്ള ഓഫീസർമാരിലേക്ക് യാതൊരു അധികാരവും കൈമാറ്റം ചെയ്യപ്പെട്ടില്ല. അതിനാൽ ഫാക്കൽറ്റിക്ക് സ്ഥാപനങ്ങളുടെ ഭരണ- മാനേജ്മെന്റ് കാര്യങ്ങളിൽ യാതൊരു പങ്കാളിത്തവുമില്ല. പലവിധ കാരണങ്ങളാൽ കേന്ദ്രാഭിമുഖ്യത്തിലുള്ള പല പദ്ധതികളും പരിപാടികളും സാങ്കേതിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനം വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

397 പൊതുവേ പറഞ്ഞാൽ, സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും അഭിവൃദ്ധിയുമായി സാങ്കേതിക വിദ്യാഭ്യാസം ജൈവ ബന്ധം പുലർത്തുന്നില്ല. ഒറ്റപ്പെട്ട്, യാന്ത്രികമായി, ചടങ്ങ് എന്ന രീതിയിലാണ് അവ പ്രവർത്തിക്കുന്നത്.

മെഡിക്കൽ വിദ്യാഭ്യാസം :

3.98 മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ എല്ലാ സമ്പ്രദായങ്ങളും ഗവൺമെന്റിന്റെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു.

I. അലോപ്പതി :

കേരളത്തിലെ ആദ്യത്തെ മെഡിക്കൽകോളേജ് 1951ൽ തിരുവനന്തപുരത്ത് സ്ഥാപിതമായി. പിന്നീട് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ-പരിശീലന സൗകര്യങ്ങൾ ആറു മെഡിക്കൽ കോളേജുകളായി വളർന്നു. (തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം). 4 ഡന്റൽ കോളേജുകളും (തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ എന്നിവിടങ്ങളിൽ ഒന്നു വീതം) നിലവിലുണ്ട്. വർഷംതോറും വിവിധ കോഴ്സുകളിൽ പ്രവേശനം നൽകപ്പെടുന്നത് ഇനിപ്പറയുന്ന വിധത്തിലാണ്; എം.ബി.ബി.എസ്.-700, ബി.ഡി.എസ്-80, ബി.ഫാം-28, എം.ഡി.എസ്-25, ഡെന്റൽ ഹൈജീനിക്സ് സർട്ടിഫിക്കേഷൻ കോഴ്സ്-10, ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡവലെപ്മെന്റ്-12, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി കോഴ്സുകൾ-227, പ്ലാസ്റ്റിക് സർജറി, ഗ്യാസ്ട്രോ എൻറോളജി, കാർഡിയോളജി തുടങ്ങിയ സ്പെഷലൈസ്ഡ് കോഴ്സുകളിൽ 40; ചൈൽഡ് ഹെൽത്ത്, ഓഫ്ത്താൽമോളജി, ഡെന്റൽ മെക്കാനിക്സ് തുടങ്ങിയ വിഷയങ്ങളിൽ ഡിപ്ലോമ-സർട്ടിഫിക്കറ്റ്-കോഴ്സ് - 793, ബി.എസ്.സി. നഴ്സിംഗ് - 150.

3.99 കണ്ണൂരിലെ മെഡിക്കൽ കോളേജ് പുതിയതാണ്. തുടക്കത്തിൽ സ്വകാര്യ മേഖലയിൽ സ്ഥാപിതമായ അത് ഈയിടെ ഗവൺമെന്റ് ഏറ്റെടുത്തു. മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷൻ, മെഡിക്കൽ-പാരാമെഡിക്കൽ എജ്യുക്കേഷൻ കോഴ്സുകൾ, പ്രത്യേകിച്ചും

നഴ്സിംഗ് നടത്തുന്നു. അവയിൽ പലതും കോട്ടയം മെഡിക്കൽ കോളേജാശുപത്രിയോട് ഏകോപിപ്പിച്ചാണ് നടത്തുന്നത്. 1983-ൽ സ്ഥാപിതമായ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് (ഡി എം ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളും ചുമതലകളും ഏകോപിപ്പിക്കുന്നു.

3.100. മെഡിക്കൽ കോളേജുകളിൽ മിക്കതും തിരക്കേറിയതാണ്. എം.ബി.ബിഎസ് തലത്തിൽ വർഷത്തിൽ 50 പേർക്ക് വീതം പ്രവേശനം നൽകാൻ ഉദ്ദേശിച്ച് സ്ഥാപിതമായ തിരുവനന്തപുരത്തേയും കോട്ടയത്തേയും മെഡിക്കൽ കോളേജുകൾ പശ്ചാത്തല സൗകര്യങ്ങളിൽ ആനുപാതിക വർദ്ധനവ് വരുത്താതെ ഇപ്പോൾ 200 പേർക്ക് വീതം പ്രവേശനം അനുവദിക്കുന്നു. ഉപകരണങ്ങളുടെ ദൗർലഭ്യം, ലൈബ്രറി സൗകര്യങ്ങളുടെ കുറവ് മുതലായ പല പ്രശ്നങ്ങളിലേക്കും ഇത് നയിച്ചു. മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ചുള്ള ആശുപത്രികൾക്ക് അവയുടേതായ പ്രശ്നങ്ങളുണ്ട്. എക്സ്-റേ യന്ത്രങ്ങൾ തുടർച്ചയായി ദിവസങ്ങളോളം പ്രവർത്തിക്കാറില്ല; ലാബറട്ടറികളിൽ ആവശ്യമായ സൗകര്യങ്ങളില്ല; ബ്ലഡ് ബാങ്കുകളുടെ അവസ്ഥ ഇനിയും വൻതോതിൽ മെച്ചപ്പെടാനുണ്ട്. അടുത്തകാലത്ത് കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയുടെ സ്ഥിതി വ്യാപകമായ ജനരോഷത്തിനിടയാക്കി.

3.101 ഇന്റേൺഷിപ്പ് പരിശീലനം (സി.ആർ.ആർ.ഐ) അവഗണിക്കപ്പെടുന്നു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ (ഐ.എം.സി) നിബന്ധനകളിലൊന്നായിരുന്നിട്ടും നിരവധി വിദ്യാർത്ഥികൾ ആശുപത്രിയിൽ തങ്ങുന്നില്ല. ഈ സമയമുപയോഗപ്പെടുത്തി അവരിൽ പലരും ബിരുദാനന്തര കോഴ്സുകളുടെ പ്രവേശനപരീക്ഷകൾക്ക് തയ്യാറെടുക്കുകയാണ്. ഇന്റേൺഷിപ്പിനെ ഗൗരവപൂർവം പരിഗണിക്കുന്നവർക്ക് അർഹമായ പ്രോത്സാഹനം ലഭിക്കുന്നുമില്ല. മിക്ക ബിരുദധാരികൾക്കും ലഭിക്കുന്ന 'തൃപ്തികരം' എന്നോ 'നല്ലത്' എന്നോ ഉള്ള വെറും വിശേഷണം ബിരുദാനന്തര കോഴ്സുകളിൽ തെരഞ്ഞെടുക്കപ്പെടാൻ അനുയോജ്യമാകുന്നില്ല. യോഗ്യതാ പരീക്ഷകളിലെന്ന പോലെ ഇന്റേൺഷിപ്പ് പരിശീലനത്തിലും മികച്ച പ്രകടനത്തിന് അർഹമായ പരിഗണന നൽകുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ബിരുദധാരികൾ ഗ്രാമപ്രദേശത്ത് യോഗ്യതയുള്ള ഡോക്ടർക്ക് കീഴിൽ രണ്ടു വർഷക്കാലമെങ്കിലും സേവനമനുഷ്ഠിച്ച ശേഷമേ ബിരുദാനന്തരപഠനത്തിന് അപേക്ഷിക്കാവൂ എന്ന് നിർബന്ധിതമാക്കാവുന്നതാണ്.

3.102 ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ അധികാരപരിധിക്ക് പുറത്തുള്ള ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി സമ്പൂർണ്ണ സർവകലാശാലയുടെ പദവിയോടെയുള്ള 'ദേശീയപ്രാധാന്യ'മുള്ള സ്ഥാപനമാണ്. അവിടെ കാർഡിയോ വാസ്കുലാർ, ന്യൂറോളജിക്കൽ വിഷയങ്ങളിൽ ഡി.എം., എം.സി.എൽ ഡിഗ്രികൾ നൽകിക്കൊണ്ട് ഏതാനും ബിരുദാനന്തര പരിശീലനപരിപാടികൾ നടത്തുന്നുണ്ട്. മെഡിക്കൽ സയൻസിലും അനുബന്ധ ശാസ്ത്രങ്ങളിലും ബയോ മെഡിക്കൽ സാങ്കേതികവിദ്യയിലും പി.എച്ച്.ഡിയും നൽകുന്നു. അനസ്തേഷ്യോളജി, റേഡിയോളജി എന്നിവയിൽ പോസ്റ്റ് ഡോക്ടറൽ സർട്ടിഫിക്കറ്റ് കോഴ്സുകളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു. മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (എം.പി.എച്ച്) ബിരുദത്തിലേക്ക് നയിക്കുന്ന 18 മാസത്തെ കോഴ്സും അവിടെ നടത്തുന്നുണ്ട്. സ്ഥാപനം നടത്തുന്ന മറ്റു ചില കോഴ്സുകൾ ഇവയാണ് : കാർഡിയോ വാസ്കുലാർ, ന്യൂറോ നഴ്സിംഗ് എന്നിവയിൽ പോസ്റ്റ് ബേസിക് കോഴ്സുകൾ, കാർഡിയാക് ലാബറട്ടറി ടെക്നിക്സ്, ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി, അഡ്വാൻസ്ഡ് മെഡിക്കൽ ഇമേജിംഗ്, ന്യൂറോളജി, മോഡേൺ ബ്ലഡ് ബാങ്കിംഗ് ടെക്നിക്സ് എന്നിവയിൽ ഡിപ്ലോമ. മുകളിൽ പറഞ്ഞ റഗുലർ കോഴ്സുകൾക്കു പുറമേ മെഡിസിൻ, നഴ്സിംഗ് എന്നിവയിലും ബന്ധപ്പെട്ട മറ്റു മേഖലകളിലും ഇന്ത്യയിലും വിദേശങ്ങളിലുമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലന പരിപാടികളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.

II. ആയുർവേദം :

3.103 ആയുർവേദ സ്ഥാപനങ്ങളുടെ ഒരു ശൃംഖലതന്നെ സംസ്ഥാനത്തുണ്ട്. തിരുവനന്തപുരം, തൃപ്പൂണിത്തുറ, ഒല്ലൂർ, കോട്ടക്കൽ, കണ്ണൂർ എന്നിവിടങ്ങളിലായുള്ള 5 ആയുർവേദകോളേജുകളിലായി വർഷംതോറും 170 വിദ്യാർത്ഥികൾക്ക് ബി.എ.എം.എസ് കോഴ്സിന് പ്രവേശനം നൽകുന്നു. തിരുവനന്തപുരത്തെ ആയുർവേദ കോളേജിൽ നടത്തുന്ന ആയുർവേദത്തിനുള്ള എം.ഡി. കോഴ്സിൽ വർഷം തോറും 42 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. തിരുവനന്തപുരം ആയുർവേദകോളേജിലെ ബി.എ.എം.എസ് ഡിഗ്രി മാത്രമേ സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ അംഗീകരിച്ചിട്ടുള്ളു. ഈ കോളേജ് ഡയറക്ടറേറ്റ് ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിന്റെ അധികാരപരിധിക്കു കീഴിലാണ്. കേരളത്തിലെ ആയുർവേദത്തിന് ദേശീയതലത്തിൽ അംഗീകാരമുണ്ടെങ്കിലും ഉയർന്ന ഗുണനിലവാരം നിലനിർത്തുന്നതിനുള്ള ശ്രമങ്ങളും നടപടികളും പ്രകടമല്ല.

III. ഹോമിയോപ്പതി :

3.104 ഹോമിയോപ്പതിക് മെഡിസിനിൽ ഡിഗ്രി കോഴ്സ് ഏർപ്പെടുത്തിക്കൊണ്ട് ആദ്യത്തെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് 1975-ൽ കോഴിക്കോട്ട് സ്ഥാപിതമായി. ഇന്ന് സംസ്ഥാനത്ത് അഞ്ച് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളുണ്ട്. ഇവയിൽ രണ്ടെണ്ണം സർക്കാർ മേഖലയിലും ബാക്കി സ്വകാര്യ മേഖലയിലുമാണ്. രണ്ട് സർക്കാർ കോളേജുകളിലും ബി.എച്ച്.എം.എസ്സ് ഡിഗ്രി കോഴ്സുകളും ബി.എച്ച്എം.എസ് (ഗ്രേഡഡ്) ഡിഗ്രി കോഴ്സുകളും നടത്തുന്നു. ഓരോ കോഴ്സിലും വർഷത്തിൽ 100 വിദ്യാർത്ഥികൾക്കു വീതം പ്രവേശനം നൽകുന്നു. സ്വകാര്യമേഖലയിലുള്ള കുറിച്ചിയിലെ ആതുരാശ്രമം എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജ്, ബി.എച്ച്.എം.എസ് ഡിഗ്രി-ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു. വർഷത്തിൽ യഥാക്രമം, 50,120 വിദ്യാർത്ഥികൾക്കു വീതം പ്രവേശനം നേടുന്നു. മറ്റു രണ്ട് സ്വകാര്യ കോളേജുകൾ ബി.എച്ച്.എം.എസ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു. വർഷംതോറും 60 വിദ്യാർത്ഥികൾക്കു വീതമാണ് പ്രവേശനം. സംസ്ഥാനത്ത് ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ ഡയറക്ടറേറ്റ് ഓഫ് ഹോമിയോപ്പതിയുടെ കീഴിലാണ്. വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജ് എന്ന മറ്റൊരു സ്ഥാപനത്തിന് ഈയിടെ കേരള സർവകലാശാല താത്കാലികമായി അഫിലിയേഷൻ നൽകുകയുണ്ടായി. ചെലവു കുറഞ്ഞതായതിനാൽ ഹോമിയോപ്പതി സമ്പ്രദായത്തിന് സ്ഥിരമായ തോതിൽ ആവശ്യക്കാരുണ്ട്. എങ്കിലും സംസ്ഥാനത്തെ മൊത്തം ആരോഗ്യനയത്തിൽ തദനുസൃതമായ പങ്കു നൽകപ്പെട്ടിട്ടില്ല.

കാർഷിക വിദ്യാഭ്യാസം :

3.105 കാർഷികരംഗത്തെ ഉന്നതവിദ്യാഭ്യാസം കേരള കാർഷിക സർവകലാശാലയുടെ (കെ.എ.യു) ചുമതലയിലാണ്. ആദ്യത്തെ കാർഷിക കോളേജ്, കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനമെന്ന നിലയിൽ 1953ൽ തിരുവനന്തപുരത്തെ വെള്ളായണിയിൽ സ്ഥാപിതമായി. അതോടൊപ്പം തൃശൂരിലെ മണ്ണുത്തിയിൽ ഒരു വെറ്ററിനറി-അനിമൽ സയൻസസ് കോളേജും സ്ഥാപിക്കപ്പെട്ടു.

3.106 ഗവൺമെന്റിൻെറ കൃഷിവകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിലുള്ള കേരള കാർഷിക സർവകലാശാല 1971ലാണ് സ്ഥാപിതമായത്. 1972 ൽ അത് പ്രവർത്തനമാരംഭിച്ചു. മുകളിൽ പറഞ്ഞ സ്ഥാപനങ്ങളും റിസർച്ച് ഫാമുകളും സർവകലാശാലയുടെ ഘടകങ്ങളെന്ന നിലയിൽ അതിനു കീഴിലേക്കു മാറ്റി. അങ്ങനെ കെ.എ.യു.വിന് 4 വിഭാഗങ്ങളുണ്ട്. കൃഷി, കാർഷിക എഞ്ചിനീയറിംഗും സാങ്കേതികവിദ്യയും, വെറ്ററിനറി-അനിമൽ സയൻസസ്, ഫിഷറീസ് സയൻസ് ആന്റ് ടെക്നോളജി. അങ്ങനെ ഭക്ഷ്യോത്പാദന ചക്രത്തിന്റെ എല്ലാ വശങ്ങളും - ക്രോപ് സയൻസ്, അനിമൽ സയൻസ്, ഫിഷറീസ്

സയൻസ്-ഉൾക്കൊള്ളുന്നതാണ് കാർഷിക വിദ്യാഭ്യാസം. അധ്യാപനം, ഗവേഷണം, വിപുലീകരണ പ്രവർത്തനം എന്നിവ എല്ലാ അക്കാദമിക് പരിപാടികളിലും ഉദ്ഗ്രഥിക്കപ്പെട്ടിരിക്കുന്നു. തുടക്കത്തിൽ സർവകലാശാല പിന്തുടർന്നിരുന്നത് ആഭ്യന്തര മൂല്യനിർണ്ണയത്തോടെ ഒരു ട്രൈമെസ്റ്റർ സമ്പ്രദായമാണ്. 1987ൽ ആഭ്യന്തര മൂല്യ നിർണയത്തോടെ സെമസ്റ്റർ സമ്പ്രദായമേർപ്പെടുത്തി. ഇപ്പോൾ ബാഹ്യമൂല്യനിർണയ സമ്പ്രദായവുമുണ്ട്. സർവകലാശാലയിൽ ഇപ്പോൾ 404 അധ്യാപകരുള്ളതിൽ 141 പേർ സ്ത്രീകളാണ്.

3.107 ആറു ക്യാംപസുകളിലും 23 റിസർച്ച് സ്റ്റേഷനുകളിലുമായി വ്യാപിച്ചു കിടക്കുന്ന 8 കോൺസ്റ്റിറ്റ്യുവെന്റ് കോളേജുകൾ കെ..എ.യു.വിനുണ്ട്. കൃഷിവിഭാഗത്തിൽ 3 കാർഷിക കോളേജുകളുണ്ട്. തിരുവനന്തപുരം, തൃശൂർ, പീലിക്കോട്-നീലേശ്വരം (കാസർകോട് ജില്ല) എന്നിവിടങ്ങളിൽ ഒന്ന് വീതം. തിരുവനന്തപുരത്തേയും, തൃശൂരിലേയും കോളേജുകൾ കൃഷിശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങളിലായി ചുരുങ്ങിയത് രണ്ട് ദശകങ്ങളോളമായി അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ്, ഡോക്ടറൽ തലങ്ങളിൽ പരിപാടികൾ നടപ്പിലാക്കി വരുന്നു. പിലിക്കോട്-നീലേശ്വരം കോളേജ് 1993-94ൽ മാത്രമാണ് സ്ഥാപിതമായത്. അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകൾ മാത്രമേ അവിടെ നടത്തുന്നുള്ളൂ. ഇതിനും പുറമേ കോളേജ് ഓഫ് ഫോറസ്ട്രി, കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് എന്നിവയുമുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും അണ്ടർ ഗ്രാജ്വേറ്റ്-പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ അതാതു മേഖലകളിൽ നടത്തുന്നു. മലപ്പുറം ജില്ലയിലെ തവനൂരുള്ള കാർഷിക എഞ്ചിനീയറിംഗ് - ടെക്നോളജി കോളേജ് നാലുവർഷത്തെ ബി.ടെക് കോഴ്സ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗിലും വിവിധ രംഗങ്ങളിൽ സ്പെഷലൈസേഷനോടെ രണ്ടു വർഷത്തെ എം.ടെക് കോഴ്സുകളും നടത്തുന്നു. രാജ്യത്തെ ഏറ്റവും മികച്ച ഫാക്കൽറ്റികളിലൊന്നാണ് മണ്ണുത്തിയിലെ വെറ്ററിനറി- അനിമൽ സയൻസസ് കോളേജിലുള്ളത്. വി.വി.എസ്.ഇ, എ.എച്ച്.എം.വി.എസ്.സി. എന്നിവയും വിവിധ വിഷയങ്ങളിൽ പി.എച്ച്.ഡി പരിപാടികളും അവിടെ നടപ്പിലാക്കുന്നു. മൃഗപരിപാലന സാങ്കേതികവിദ്യയിലെ ദേശീയ നിലവാരത്തിൽത്തന്നെയുള്ള ഒരു വികസിത കേന്ദ്രമാണ് ഈ കോളേജിലുള്ളത്. ഡയറി സയൻസ് ആന്റ് ടെക്നോളജിയിൽ 4 വർഷത്ത ഡിഗ്രി പരിപാടിയും കോളേജ് നടപ്പിലാക്കുന്നു.

3.108. വെറ്ററിനറി- അനിമൽ സയൻസസ് ഫാക്കൽറ്റി ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ നൽകുന്നത് മീറ്റ് ടെക്നോളജി സെന്ററിലെ സൗകര്യങ്ങൾ ഉപയോഗപ്പടുത്തിയാണ്. മായം ചേർക്കുന്നത് കണ്ടെത്തുന്നതിനും ജനുസുകൾ തിരിച്ചറിയുന്നതിനും ഉതകുന്ന, ദേശീയതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ട ഒരു റഫറൽ ലാബറട്ടറിയാണത്. മാംസം സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യയിൽ ഏറ്റവും മികച്ചു നിൽക്കുന്ന ദേശീയകേന്ദ്രമായി അതംഗീകരിക്കപ്പെട്ടിരിക്കുന്നു.

3.109 ഔപചാരിക അക്കാദമിക് പരിപാടിക്കു പുറമേ വിവിധ ഫാക്കൽറ്റികൾ കൃഷി, മൃഗപരിപാലനം, ഡയറിയിംഗ്, മത്സ്യ ബന്ധനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രയോജനകരമായ ഇൻസർവീസ് കോഴ്സുകളും നടത്തുന്നു. വിവിധ ഫാക്കൽറ്റികളും റിസർച്ച് സ്റ്റേഷനുകളും മുഖേന ഏതാനും ആഴ്ച മുതൽ 6 മാസം വരെ നീണ്ടു നിൽക്കുന്ന തൊഴിലുന്മുഖമായ ഹ്രസ്വകാല കോഴ്സുകളും നടപ്പിലാക്കുന്നു.

3.110 സാങ്കേതിക വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥരുടെ സംഘടിതമായ മധ്യ-തല പരിശീലനം നൽകപ്പെടാത്തതാണ് കാർഷിക വിദ്യാഭ്യാസ മേഖലയിലെ ഒരു ദൗർബല്യം. ഈ മേഖല ഫലത്തിൽ ഇപ്പോൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. മെഡിക്കൽ, പാരാമെഡിക്കൽ രംഗങ്ങളിലേതുപോലുള്ള അത്തരം പരിശീലന കോഴ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. കൃഷി, മൃഗപരിപാലനം, ഡയറിയിംഗ്, മത്സ്യബന്ധനം എന്നി വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ കഴിവുകൾ ആധുനീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുന:പരിശീലന-തുടർവിദ്യാഭ്യാസ പരിപാടികൾ ഉതകും.

3.111 സർവകലാശാല നടപ്പിലാക്കുന്ന മിക്കവാറും എല്ലാ അക്കാദമിക് പരിപാടികളും മാമൂൽ രീതികളിലാണ്. പ്രശ്നപരിഹാരത്തിന് ഉതകുന്ന ഉള്ളടക്കങ്ങൾ കൂടുതലായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. പരമ്പരാഗതമായ ലക്ചറിംഗിനും നോട്ടുകൊടുക്കലിനും പകരം ആധുനിക പാഠോപകരണങ്ങളും വിദ്യാഭ്യാസ സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്താവുന്നതാണ്.

ഉന്നതവിദ്യാഭ്യാസത്തിന്റെ മാനേജ്മെൻറ്

3.112 ഉന്നതവിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റിന് 3 കേന്ദ്രസ്ഥാനങ്ങളാണ് ഇപ്പോഴുള്ളത്. (1) ഗവൺമെൻറ് (2) സർവകലാശാല (3) കോളേജ്. കൈകാര്യം ചെയ്യാൻ വളരെ പ്രയാസമുള്ള സങ്കീർണമായ സംവിധാനങ്ങളായാണ് ഇവയിലോരോന്നും കെട്ടിപ്പടുത്തിട്ടുള്ളത്. ഓരോതലത്തിലും കെട്ടിപ്പടുത്ത ഭാവനാശൂന്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ വൻതോതിൽ കുത്തഴിഞ്ഞതാണ്. ഇത് അസംഖ്യം പ്രശ്നങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കുന്നു.

ഗവൺമെന്റ് തലം

3.113. മൂന്ന് തലങ്ങളിലുള്ള വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. (1) സെക്രട്ടറിയേറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് (2) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വിവിധ ഡയറക്ടറേറ്റുകൾ (3) മേഖലാതലത്തിലുള്ള കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറേറ്റുകൾ.

3.114 പൊതുവിദ്യാഭ്യാസ വകുപ്പിലേതിനോട് പൊതുവേ സമാനമായ സ്റ്റാഫ് പാറ്റേണാണ് സെക്രട്ടറിയേറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുള്ളത്. നയപരമായ തീരുമാനങ്ങൾക്കുപുറമേ, സർവകലാശാലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, അധ്യാപകരുടേയും അധ്യാപകേതര ജീവനക്കാരുടേയും സർവീസ് സംബന്ധമായ കാര്യങ്ങൾ എന്നിവയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിൽ കൊണ്ടുവരുന്നു. ഡി.സി.ഇ.യുടേയും ഇതര ഡയറക്ടറേറ്റുകളുടെയും ചുമതലകൾ ആവർത്തിക്കപ്പെടുന്നതിലേക്ക് നയിക്കുന്ന ഇത് പൊതുവിദ്യാഭ്യാസ വകുപ്പിലേതുപോലെ ഉദ്യോഗസ്ഥസംവിധാനത്തിന്റെ കേന്ദ്രീകരണം ദൃഢീകരിക്കുന്നു.

3.115 കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണസംവിധാനം പരിശോധിക്കുമ്പോൾ കാണുന്നത് ഉന്നത വിദ്യാഭ്യാസരംഗത്തെ ഭരണസംവിധാനം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. മുഴുവൻ സർക്കാർ കോളേജുകളുടേയും ഭരണത്തിനു പുറമെ, എല്ലാ കോളേജുകളിലെയും പി.എഫ്. പെൻഷൻ പദ്ധതികളും സ്കോളർഷിപ്പുകളും ഡയറക്ടറേറ്റാണ് കൈകാര്യം ചെയ്യുന്നത്. കോളേജുകളിലേക്ക് ഫണ്ടുകളും ഗ്രാന്റുകളും ശമ്പളവും വിതരണം ചെയ്യുന്നതിൽ ഡയറക്ടറേറ്റിനുള്ള അധികാരം സമീപകാലഘട്ടങ്ങളിലായി അധ്യാപകരുടെ യോഗ്യത നിർണയിക്കൽ, അധ്വാനഭാരം നിശ്ചയിക്കൽ മുതലായ അക്കാദമിക് വശങ്ങളിൽ ഇടപെടുന്നതിലേക്ക് നയിച്ചു. സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ടറി ചുമതലകളാണിവ. ഫണ്ട് വിതരണം ചെയ്യുന്ന കേന്ദ്രം എന്ന സ്ഥാനം ഉപയോഗിച്ചാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് ഈയിടെ മുൻകൈയെടുത്തത്. ഇവയെല്ലാം കേന്ദ്രീകരണ പ്രവണതകളിലേക്കാണ് നയിച്ചത്.

3.116 അഞ്ച് ഡപ്യൂട്ടി ഡയറക്ടറേറ്റുകളാണ് നിലവിലുള്ളത് : കൊല്ലം, കോട്ടയം, തൃപ്പൂണിത്തുറ, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലാണ് അവ. ആർട്സ് ആന്റ് സയൻസ് കോളേജുകളും ട്രെയിനിംഗ് കോളേജുകളും അവയ്ക്ക് തുല്യമായി ഭാഗിച്ചു നൽകിയിരിക്കുന്നു. ഓരോ ഡി.സി.ഇ.യുടെ കീഴിലും

നാല്പതോളം ആർട്സ് ആന്റ് സയൻസ് കോളേജുകൾ, ഫിസിക്കൽ എജ്യുക്കേഷൻ കോളേജുകൾ, മ്യൂസിക് കോളേജുകൾ, സംസ്കൃത കോളേജുകൾ എന്നിവയും കോളേജ് ഹോസ്റ്റലുകളും ഉണ്ട്. സ്വകാര്യ കോളേജുകളുടെ ശമ്പളവിതരണത്തിന് സൗകര്യപ്രദമായാണ് വിചിത്രമായ ഈ 'വികേന്ദ്രീകരണം'. സ്വകാര്യ കോളേജുകളിലെ അധ്യാപകർക്ക് അംഗീകാരം നൽകുന്നതും ഡപ്യൂട്ടി ഡയറക്ടറേറ്റുകളാണ്. എങ്കിലും ധനപരവും സ്ഥാപനപരവുമായ മിക്കവാറും മറ്റെല്ലാ വിഷയങ്ങളിലും കോളേജുകൾ ഡി.സി.ഇ.യുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്നു.

3.117 കോളേജുകളുടെ ഭരണത്തിന് പ്രൻസിപ്പൽ, കോളേജ് സ്റ്റാഫ് കൗൺസിൽ, ഭരണവിഭാഗം എന്നിവയാണുളളത്. സ്വകാര്യ കോളേജുകളിൽ ഗവേണിംഗ് ബോഡികളും ഗവേണിംഗ് കൗൺസിലുകളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും മിക്ക കോളേജുകളിലും അവ നിലവിലില്ലാതിരിക്കുകയോ മാനേജ്മെന്റുകളുടെ അനുബന്ധങ്ങളെന്ന നിലയിൽ നിലനിൽക്കുകയോ ചെയ്യുന്നു. ചില ഗവൺമെന്റ് കോളേജുകളിൽ കോളേജ് വികസന സമിതികൾ എന്ന് വിളിക്കപ്പെടുന്ന സമിതികൾ ഈയിടെയായി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

3.118 സ്വകാര്യ-ഗവൺമെന്റ് കോളേജുകളുടെ ഭരണസംവിധാനത്തിൽ പല അന്തരങ്ങളും നിലനിൽക്കുന്നു. ഒരു സർക്കാർ കോളേജിന്റെ പ്രിൻസിപ്പൽ ആ സ്ഥാപനത്തിന്റെ ഡ്രോയിംഗ് ഓഫീസറാണ്. കോളേജുമായി ബന്ധപ്പെട്ട മിക്കവാറും കാര്യങ്ങളിൽ അദ്ദേഹത്തിനധികാരമുണ്ട്. സ്വകാര്യ കോളേജിന്റെ പ്രിൻസിപ്പൽ ഡ്രോയിംഗ് ഓഫീസറല്ല. ഒരു വശത്ത് കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറും മറുവശത്ത് മാനേജുമെന്റും ചേർന്ന് അദ്ദേഹത്തിന്റെ/അവരുടെ അധികാരത്തിന് പരിമിതികൾ സൃഷ്ടിക്കുന്നു. ശമ്പളവും സേവനകാര്യങ്ങളും ഉൾപ്പെടെ മിക്കവാറും രേഖകൾ ഡി.ഡി.സി.ഇ ആണ് കൈകാര്യം ചെയ്യുന്നത്. കാഷ്വൽ ലീവ് ഒഴികെ മറ്റ് അവധികൾ അനുവദിക്കുന്നതിനുള്ള അധികാരം മാനേജർക്കാണ്.

3.119 ഗവൺമെന്റും പ്രൈവറ്റ് കോളേജുകളുടെ മാനേജ്മെന്റും തമ്മിൽ 1972 ലുണ്ടാക്കിയ നേരിട്ടു ശമ്പളം നൽകൽ സംബന്ധമായ ഒത്തുതീർപ്പ് (ഡി.പി.എ) സ്വകാര്യ കോളേജുകളുടെ മാനേജുമെൻറ് സംബന്ധമായി ഒരു ഇരട്ട സമ്പ്രദായം അടിച്ചേല്പിച്ചിരിക്കുകയാണ്. അധ്യാപകരുടേയും അധ്യാപകേതര ജീവനക്കാരുടേയും ശമ്പളം ഗവൺമെന്റ് നൽകുന്നു. സേവന വ്യവസ്ഥകൾ സർക്കാർ കോളേജധ്യാപകരുടേതു തന്നെയാണ്. പൊതുവേ അംഗീകരിക്കപ്പെട്ട ചില നടപടിക്രമങ്ങൾക്ക് വിധേയമായി അധ്യാപകരെ നിയമിക്കുവാനും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുമുള്ള അവകാശം മാനേജ്മെന്റുകൾക്ക് ഡി.പി.എ നൽകിയിരിക്കുന്നു. മാനേജ്മെന്റ് പ്രതിനിധികൾക്ക് നിർണായക സ്വാധീനമുള്ള ഒരു സെലക്ഷൻ കമ്മിറ്റി അധ്യാപകരെ നിയമിക്കുന്ന രീതിയാണ് നിലവിലുളളത്. വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ കമ്മ്യൂണിറ്റി മെറിറ്റ്, മാനേജ്മെന്റ് ക്വാട്ട എന്നീ സംവിധാനങ്ങൾ ഈ ഒത്തുതീർപ്പിന്റെ ഫലമാണ്.

ന്യൂനപക്ഷങ്ങൾക്ക് മതിയായ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് സ്വകാര്യകോളേജുകളുടെ മാനേജ്മെൻറിനെ പൊതുസംവിധാനത്തിൻ കീഴിലാക്കുന്നുവെന്നാണ് ഒരുവശത്ത് ഡി.പി.എ.യുടെ പ്രത്യേകത. അതേസമയം ഭരണഘടനാവ്യവസ്ഥകളുടെ പോലും ചെലവിൽ വിവിധ സമുദായങ്ങളുടെ വിഭാഗീയ താത്പര്യങ്ങൾ നിലനിർത്തുന്നതുമാണ് ഈ സംവിധാനം. ന്യൂനപക്ഷ സമുദായങ്ങൾക്കെന്ന പോലെയുള്ള സംരക്ഷണം ഭൂരിപക്ഷ സമുദായങ്ങൾക്കുപോലും നൽകപ്പെട്ടിരിക്കുന്നു. ഒരു സ്വകാര്യ കോളേജും അധ്യാപകനിയമനത്തിൽ പട്ടികജാതി-പട്ടികവർഗ സംവരണമെന്ന ഭരണഘടനാവ്യവസ്ഥ പാലിക്കുന്നില്ല. നിരവധി മാനേജുമെൻറുകൾ അധ്യാപകനിയമനത്തേയും വിദ്യാർത്ഥികളുടെ പ്രവേശനത്തേയും പരസ്യമായി വാണിജ്യവത്കരിച്ചിരിക്കുകയാണ്. ഏറ്റവും കുറഞ്ഞ യോഗ്യതകൾ മാത്രമുള്ള അധ്യാപകരെ നിയമിക്കുകയോ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയോ ചെയ്തുകൊണ്ട് ഭീമമായ തോതിൽ പണം പിരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിൽ സ്ഥലംമാറ്റത്തിനും നിയമനം

നൽകുന്നതിനും രാഷ്ട്രീയനിറം നൽകപ്പെടുന്നു. സ്ഥാപനത്തിന്റെ തനിമ ഉണ്ടാക്കിയെടുക്കുന്നതിനായി സ്ഥാപനങ്ങൾക്ക് അക്കാദമിക് കാര്യങ്ങളിലും ഭരണകാര്യങ്ങളിലും കാര്യമായ അധികാരങ്ങളൊന്നും നൽകുന്നില്ല. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ മാനേജ്മെന്റ് സർവകലാശാലാ തലത്തിലായാലും സർക്കാർ തലത്തിലായാലും സ്ഥാപന തലത്തിലായാലും വളരെയേറെ കേന്ദ്രീകൃതമായ, കാര്യമായ സ്വയംഭരണാധികാരമോ അയവോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. അക്കാദമിക് രംഗത്തുള്ളവരുടേയും വിദ്യാർത്ഥി സമൂഹത്തിന്റേയും പങ്കാളിത്തം ഔപചാരികത മാത്രമായി മാറുന്നു. അക്കാദമിക് രംഗത്ത് നവീനാശയങ്ങൾ വ്യാപിപ്പിക്കുന്നതിനോ പരീക്ഷണങ്ങൾക്കോ സാധിക്കുന്നില്ല.

അധ്യായം നാല്
സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും

4.1 വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിലേക്കു കടക്കുന്നതിനു മുമ്പ് അതിനെ മൊത്തത്തിൽ പരിശോധിച്ച് അതിന്റെ മർമ്മ സ്വഭാവവും അടിസ്ഥാനപരമായ ലക്ഷ്യങ്ങളും നിർണയിക്കുന്നത് ഉചിതമായിരിക്കും. വിദ്യാഭ്യാസ സമ്പ്രദായം മൊത്തത്തിൽ ഉദ്ഗ്രഥിതമാണ്. അതിലെ ഓരോ മേഖലയും വ്യതിരിക്തവും അതാതിന്റെ സവിശേഷതകൾ നിലനിർത്തവേ തന്നെ ഇതരമേഖലകളും ഖണ്ഡങ്ങളുമായി ബന്ധം നിലനിർത്തുന്നതുമാണ്. അതിനാൽ സംവിധാനത്തിലെ ഭിന്നമേഖലകൾ പരസ്പരാശ്രിതവും പരസ്പരപൂരകവുമാണ്. നിശ്ചിതമായ സാമൂഹ്യ ലക്ഷ്യങ്ങളും അക്കാദമിക് നിലവാരവും വൈദഗ്ദ്ധ്യവും തൊഴിൽപരമായ വിജ്ഞാനവും ഉന്നംവെച്ച ഏതൊരു വിദ്യാഭ്യാസ വ്യവസ്ഥയേയും. അനുസ്യൂതം മെച്ചപ്പെടുത്തുകയും, സംവിധാനത്തിനകത്ത് അനുയോജ്യമായ വിധത്തിൽ പൊരുത്തപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. വിപുലമായ ലക്ഷ്യങ്ങളാർന്ന കാതൽ നിലനിർത്തവേതന്നെ ബഹുമുഖമായി അത് വൈവിദ്ധ്യമേകുകയും ചെയ്യുന്നു.

4.2 വിദ്യാഭ്യാസസമ്പ്രദായം ഉടച്ചുവാർക്കുന്നതിനുള്ള ഏതു പരിശ്രമത്തിലും പ്രധാന പരിഗണനയർഹിക്കുന്ന, കേരളത്തിലെ ജനസംഖ്യാപരമായ സവിശേഷതകൾ തുടക്കത്തിൽ തന്നെ കണക്കിലെടുക്കണം. സംസ്ഥാനത്ത് സ്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കുകയാണ്; പ്രത്യേകിച്ചും പ്രാഥമിക തലത്തിൽ. കുറേക്കാലമായി തുടരുന്ന ഈ പ്രവണത സമീപഭാവിയിലും നിലനിൽക്കുകയും ഉയർന്ന തലത്തിലേക്കു കൂടി വ്യാപിക്കുകയും ചെയ്യുമെന്നാണ് ഏറ്റവും ഒടുവിലത്തെ കാനേഷുമാരി കണക്കുകളും ജനസംഖ്യാപരമായ അപഗ്രഥനങ്ങളും വ്യക്തമാക്കുന്നത്.

4.3 സ്കൂൾ പ്രായത്തിലുള്ള കുട്ടികളുടെ കുറവ് ആസൂത്രണത്തിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രൈമറി-സെക്കണ്ടറി ഘട്ടങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനഗവൺമെന്റ് ആസൂത്രണം ചെയ്യേണ്ടതില്ല; എന്നാൽ നിലവിലുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഉചിതമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പരിശ്രമിക്കണം. വിദ്യാർത്ഥികളുടെ കുറവ് അധ്യാപക-വിദ്യാർത്ഥി അനുപാതം ആശാസ്യമായ പരിധിയിലാക്കാനും ക്ലാസ്സ്മുറിയിലെ അധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും സഹായകമാകും. നിലവിലുള്ള അധ്യാപക പരിശീലനസൗകര്യങ്ങൾ പുന:പരിശീലനം നൽകുന്നതിനും സേവനനിലവാരം ഉയർത്തുന്നതിനും ഉപയോഗപ്പെടുത്താം. ഹയർസെക്കണ്ടറി-ഡിഗ്രി തലങ്ങളിലെ പ്രവേശനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളും നിർദേശങ്ങളും പരിഗണിക്കാവുന്നതാണ്. പ്രൈമറി ഘട്ടം മുതൽ ഡിഗ്രി കോഴ്സുകൾ വരെയുള്ളവയിൽ പ്രവേശനത്തോത് സ്ഥിരപ്പെടുത്തുവാനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ഊന്നൽ നൽകുന്ന പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

4.4 ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഭിന്നമായ ചില സവിശേഷതകൾ കേരളത്തിലെ വിദ്യാഭ്യാസരംഗത്തിനുണ്ട്: ഭൗതികമായ പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത; ഹയർസെക്കണ്ടറി തലം വരെ ഉയർന്ന തോതിലുള്ള വിദ്യാർത്ഥി പ്രവേശനം, കുറഞ്ഞതോതിലുള്ള കൊഴിഞ്ഞുപോക്ക് അക്കൂട്ടത്തിൽപ്പെടുന്നു. അതിനാൽ ഹയർസെക്കണ്ടറിതലം വരെ വിദ്യാഭ്യാസം സാർവത്രികമാക്കുമെന്ന് ഉറപ്പ് വരുത്തുന്ന സംവിധാനം സമീപഭാവിയിൽ സാധ്യവും ആശാസ്യവുമാണ്. മുകളിൽ പരാമർശിച്ച ജനസംഖ്യാപരമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകൾക്കും ബാധകമായ വിശദമായ ആസൂത്രണവും മാനേജ്മെന്റും നടപ്പിലാക്കാവുന്നതാണ്. സമത്വം, ഗുണനിലവാരം, സാമൂഹിക പ്രസക്തി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഇത് സാധ്യമാണെന്നതാണ് ആവേശജനകമായ വസ്തുത.

സെക്കണ്ടറി - ഉന്നത വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി സംബന്ധമായ പൊതു പ്രശ്നങ്ങൾ

4.5 നിലവിലുള്ള സാമൂഹിക-രാഷ്ട്രീയ പരിത:സ്ഥിതിയിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ നിറവേറ്റുവാൻ സഹായകമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും പാഠ്യപദ്ധതിയും. സർവതോന്മുഖമായ വികാസം, ലോകാവബോധം പരിപോഷിപ്പിക്കുകയും അതിൽ പ്രവർത്തിക്കാൻ സജ്ജമാക്കുകയും ചെയ്യൽ, വിജ്ഞാനവും വൈദഗ്ദ്ധ്യവും ആർജ്ജിക്കാൻ സഹായിക്കൽ, ക്രിയാത്മകത വളർത്തൽ എന്നിവയായിരിക്കണം അതിന്റെ ലക്ഷ്യങ്ങൾ. സ്വഭാവഗുണം വളർത്തുന്നതിനും, കായികവും ബൗദ്ധികവുമായ ശേഷികൾ സാക്ഷാത്കരിക്കുന്നതിനും, സാമൂഹികവും മാനവികവുമായ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും അത് ഉതകണം. ആഗോള പരിപ്രേക്ഷ്യമേകുമ്പോൾ തന്നെ സ്വന്തം ദേശീയവും ഉപദേശീയവുമായ ലക്ഷ്യങ്ങളും അഭിലാഷങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ സജ്ജമാക്കുകയും ചെയ്യണം. സ്വന്തം സാംസ്കാരിക പൈതൃകങ്ങളേയും സമൂഹത്തോടുള്ള ബാധ്യതകളേയും സംബന്ധിച്ച ബോധം വളർത്തണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യതയും അവകാശാധികാരങ്ങളും ലഭ്യമാകുന്നതിലേക്ക് അത് നയിക്കണം. അധ്വാനത്തിന്റെ മാന്യത ഉയർത്തിപ്പിടിക്കുന്നതും കായികവും ബൗദ്ധികവുമായ ജോലിക്ക് മൂല്യം കല്പിക്കുന്നതുമാകണം. വിജ്ഞാനം സൃഷ്ടിക്കുകയും നവീകരിക്കുകയും ചെയ്യുക എന്നത് വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമാണ്. വിദ്യാഭ്യാസപരവും ഉത്പാദനപരവുമായ പ്രക്രിയകളെ പരസ്പരം ബന്ധിപ്പിക്കുന്നതും അന്യോന്യം പുഷ്ടിപ്പെടുത്തുന്നതുമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം. പ്രയോജനകരമായ തൊഴിലവസരങ്ങളിലേക്കും അത് നയിക്കണം.

4.6 സാർവത്രികമായ പ്രയോഗക്ഷമത, ദേശീയമായ ചട്ടക്കൂട്, ഉപദേശീയ വൈജാത്യങ്ങൾ, മേഖലാതലത്തിലും പ്രാദേശികവുമായ ആവശ്യകതകൾ എന്നിവയുടെ ഘടകങ്ങളെ സമന്വയിപ്പിക്കുന്നതായിരിക്കണം സന്തുലിതമായ പാഠ്യപദ്ധതി. ലോകത്തെവിടെയുമുള്ള പാഠ്യപദ്ധതിക്ക് ഭാഗമാകുക ഈ ഘടകങ്ങളാണ്. ഉദാഹരണത്തിന്, ഏതു രാജ്യത്തേയും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മം വായിക്കാനും എഴുതാനും കണക്കുകൂട്ടുവാനുമുള്ള ശേഷികളുടെ വളർച്ചയാണ്. മറ്റൊരു തലത്തിലെ ഉദാഹരണമെടുക്കാം : ലോകത്തെവിടെയും ഊർജ്ജതന്ത്രത്തിലെ ഉന്നതവിദ്യാഭ്യാസത്തിന് അനുപേക്ഷണീയമായ ഒരു ഘടകമാണ് ക്വാണ്ടം മെക്കാനിക്സ് പഠനം. രാഷ്ട്രീയമായും സാമ്പത്തികമായും ഭരണപരമായും സാമൂഹികമായും സാംസ്കാരികമായും കേരളം ഇന്ത്യയുടെ അവിഭാജ്യഭാഗമായതിനാൽ, വളരെയേറെ പര്യാലോചനകൾക്കും ചർച്ചകൾക്കും ശേഷം രൂപപ്പെടുന്നതും അതേസമയം കർക്കശമല്ലാത്തതും മാറ്റത്തിനു വിധേയവുമായ ദേശീയപാഠ്യപദ്ധതി സംബന്ധമായ ചട്ടക്കൂടായിരിക്കണം കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ പൊതുവായ രൂപരേഖക്ക് ആധാരം. ദേശീയ ചട്ടക്കൂട് യാന്ത്രികമായി പ്രയോഗിക്കുന്നത് അനാവശ്യമായിരിക്കും. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ ലഭ്യമായതിലും വളരെ വിഭിന്നമാണ് കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നില. അതുപോലെതന്നെയാണ് സംസ്ഥാനത്തെ സാമൂഹിക-രാഷ്ട്രീയ പരിത:സ്ഥിതിയും. അതിനാൽ കേരളത്തിലെ യാഥാർത്ഥ്യങ്ങളും സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യങ്ങളും പ്രതിഫലിപ്പിക്കുന്നതായിരിക്കണം പാഠ്യപദ്ധതി. സംസ്ഥാനത്തിനകത്തു തന്നെയും, മേഖലാതലത്തിലുള്ളതും പ്രാദേശികവുമായ ആവശ്യങ്ങളും ആകുലതകളുമായി പൊരുത്തപ്പെടുന്നതായിരിക്കണം പാഠ്യപദ്ധതി.

4.7 കേരളത്തിലെ ഗണ്യമായൊരു വിഭാഗം ജനങ്ങൾ വിവിധ നിലവാരത്തിലുള്ള വിദ്യാഭ്യാസത്തെ കാണുന്നത് ആത്യന്തിക ലക്ഷ്യമായ പ്രൊഫഷണൽ ബിരുദങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് സർവീസുകളിൽ പ്രവേശനം നേടൽ, അതുമല്ലെങ്കിൽ വിദേശത്തെ പരിശീലനം എന്നിവയിലേക്കുള്ള ചവിട്ടുപടികൾ എന്ന നിലയിൽ മാത്രമാണെന്നാണ് പൊതുവേ പ്രചരിച്ചിട്ടുള്ള ഒരു നിരീക്ഷണം. പ്രയോജനകരമായ മറ്റ്

ഉദ്യോഗങ്ങൾക്കുള്ള മാർഗങ്ങളുടെ അഭാവത്തിൽ വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ തുടർന്ന് സ്വാഭാവികമായി തൊട്ടടുത്ത ഉയർന്ന ഘട്ടത്തിലേക്ക് മാറുന്നുവെന്നതാണ് വസ്തുത. ഇത് തൃപ്തികരമായ ഒരു അവസ്ഥയല്ല. പരാജയപ്പെട്ടുള്ള കൊഴിഞ്ഞുപോക്കിലൂടെയല്ലാതെ ഒരു ഘട്ടവും യുക്തിപരമായി അന്ത്യഘട്ടമാവില്ലെന്ന തോന്നൽ ഉളവാകുന്നു. വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിന്റെയും ഉദ്ദേശ്യം നിർവചിക്കുകയും ആ ലക്ഷ്യബോധത്തോടെ പാഠ്യപദ്ധതിക്ക് രൂപം നൽകുകയും ചെയ്യേണ്ടത് അതിപ്രധാനമാണ്. പ്രാഥമികഘട്ടം കഴിഞ്ഞാൽ ഓരോഘട്ടവും പഠനത്തിന്റെ പര്യവസാനം കുറിക്കുന്നതോ തൊട്ടടുത്ത ഘട്ടത്തിലേക്കുള്ള തയ്യാറെടുപ്പിന്റേതോ ആയ ഘട്ടമാണെന്നത് ഓർത്തിരിക്കേണ്ടത് പ്രധാനമാണ്. അതിനാൽ ഓരോ ഘട്ടത്തിലേയും പാഠ്യപദ്ധതി ഈ രണ്ടു പങ്കുകളും നിറവേറ്റുന്ന വിധത്തിലായിരിക്കണം. ഈ രണ്ടു കാര്യങ്ങളും തമ്മിൽ അന്തർലീനമായ യാതൊരു പൊരുത്തക്കേടുമില്ല. വിദ്യാഭ്യാസ പ്രക്രിയയുടെ ബലതന്ത്രവുമായും നൈരന്തര്യവുമായും സ്വാഭാവികമായും ഒത്തുപോകുന്നതാണവ. ഓരോ ഘട്ടവും ഒന്നിന്റെ അവസാനവും മറ്റൊരു ലക്ഷ്യത്തിലേക്കുള്ള ഉപാധിയുമാണ്.

4.8 മാനവ വിഭവവികസനത്തിനും രാഷ്ട്രനിർമ്മാണത്തിനുമുള്ള കരുത്തുറ്റ ഒരുപകരണമാണ് വിദ്യാഭ്യാസം. ദേശീയ ലക്ഷ്യങ്ങളും സാംസ്കാരികമായ അന്തഃസത്തയും പരിപോഷിപ്പിക്കുന്ന വിധത്തിലായിരിക്കണം അതിന്റെ ഉള്ളടക്കം. ജീവിതത്തിന്റെ നാനാമുഖങ്ങളിലും അസുഖകരമായ അന്യസ്വാധീനത്തിന്റേയും അനിയന്ത്രിതമായ ഉപഭോഗത്വരയുടേയും സ്വദേശീയമായ സാംസ്കാരിക പൈതൃകങ്ങളോടുള്ള വൈമുഖ്യത്തിന്റേതുമായ ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. കേരളത്തിലെ ഈ പ്രശ്നത്തിന്റെ ഒരുത്തമോദാഹരണമാണ് മലയാളത്തോടുള്ള സമീപനം. മലയാളം അധ്യയനമാധ്യമമായിരിക്കുകയും സെക്കണ്ടറി ഘട്ടത്തിന്റെ അവസാനം വരെയെങ്കിലും ഒരു വിഷയമെന്ന നിലയിൽ പഠിപ്പിക്കുകയും ചെയ്യണം. അതേസമയം അന്യഭാഷകളുടെ പഠനം യാതൊരു വിധത്തിലും അവഗണിക്കപ്പെട്ടുകൂടാ. അപ്പർ പ്രൈമറി ഘട്ടത്തിൽ ഇംഗ്ലീഷും ഹിന്ദിയും ഏർപ്പെടുത്തുകയും സെക്കണ്ടറി ഘട്ടത്തിലുടനീളം വിഷയങ്ങളെന്ന നിലയിൽ അവ തുടർന്നും പഠിപ്പിക്കുകയും ചെയ്യണം. കേരളത്തിന്റെ സംസ്കാരത്തിന്റേയും ചരിത്രത്തിന്റേയും സവിശേഷസ്വഭാവങ്ങളും സ്കൂൾ പാഠ്യപദ്ധതിയുടെ മർമ്മഭാഗമാകേണ്ടതുണ്ട്. ഏതു വിധത്തിലുള്ള പുനരുത്ഥാനവാദവും പാഠ്യ പദ്ധതിയിൽ കടന്നുകൂടാതിരിക്കാൻ നിഷ്കർഷിക്കുകയും ചെയ്യണം. ദേശീയവും സാർവദേശീയവുമായ പശ്ചാത്തലത്തിലാണ് കേരളത്തിലെ സാംസ്കാരികത്തനിമ വീക്ഷിക്കപ്പെടേണ്ടത്. കേരളത്തിന്റേയും ഇന്ത്യയുടേയും സാംസ്കാരിക പൈതൃകത്തിലെ അവിഭാജ്യമായ ബഹുത്വം ഊന്നിപ്പറയുകയും ചെയ്യണം.

4.9 തൊഴിലില്ലായ്മ, അർഹതയുള്ള തൊഴിൽ ലഭിക്കായ്ക, എന്നിങ്ങനെ കേരളത്തിൽ, പ്രത്യേകിച്ചും അഭ്യസ്തവിദ്യർക്കിടയിലുള്ള വ്യാപകമായ പ്രശ്നങ്ങൾ കണക്കിലെടുക്കണം. ഒപ്പം, വെള്ളക്കോളർ ജോലികളൊഴികെയുള്ളവ ഏറ്റെടുക്കാനുള്ള വൈമുഖ്യവും കഴിവുകേടും പരിഹരിക്കുന്നതിന് ഉതകുന്നതാകണം പാഠ്യപദ്ധതി. ഒരു വശത്ത് കടുത്ത തൊഴിലില്ലായ്മ നിലനിൽക്കുകയും, അതേസമയം തന്നെ മറുവശത്ത് യോഗ്യതയുള്ള കൈവേലക്കാർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കും കേരളത്തിനു നൽകാൻ കഴിയുന്ന മറ്റുനിരവധി തൊഴിലവസരങ്ങൾ ഭാവനാപൂർണ്ണമായി ഏറ്റെടുക്കാൻ കഴിവുള്ളവർക്കും കടുത്ത ദൗർലഭ്യം നേരിടുകയും ചെയ്യുന്നു. ഈ പ്രഹേളികയുമായി ബന്ധപ്പെട്ട മനോഭാവപരവും ശിശുബോധനപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതാകണം പാഠ്യപദ്ധതി. പ്രൈമറി ക്ലാസ്സുകൾ മുതൽ സ്ഥലവാസികളുടെ സജീവ-പങ്കാളിത്തത്തോടെ ഉദ്യാനപരിപാലനം, സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കൽ മുതലായ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. അതാത് പ്രദേശത്തിനുചേർന്ന തൊഴിലുന്മുഖമായ പ്രവർത്തനങ്ങൾ പ്രാരംഭം മുതൽക്കേ

പ്രോത്സാഹിപ്പിക്കണം. സെക്കണ്ടറി-ഹയർ സെക്കണ്ടറി ഘട്ടങ്ങളിൽ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് ഔപചാരിക പാഠ്യപദ്ധതിയുടെ ഭാഗമായി കൈവേലകൾ, സാങ്കേതിക പരിശീലനം, പുഷ്പകൃഷി, കാർഷിക വൃത്തികൾ, മത്സ്യബന്ധനം മുതലായവ ഉൾപ്പെടുത്താവുന്നതാണ്. അതുവഴി ഹയർസെക്കണ്ടറി ഘട്ടം കഴിഞ്ഞാൽ അവരിൽ മിക്കവർക്കും പ്രയോജനകരമായ തൊഴിലുകളിൽ ഏർപ്പെടാനോ, പ്രസക്തമായ മേഖലകളിൽ ഉയർന്ന പരിശീലനത്തിനു പോകാനോ സാധിക്കും. പാഠ്യപദ്ധതിയിൽ ഈ ഘടകത്തിന്റെ കോഴ്സുകൾ രൂപകല്പന ചെയ്യുമ്പോൾ മതിയായ തോതിലുള്ള അയവാർന്ന സമീപനം അവലംബിക്കണം. ഇത്തരം കോഴ്സുകൾ വികസിപ്പിക്കുമ്പോൾ പ്രാദേശിക ജനതയെ, പ്രത്യേകിച്ചും ഉല്പാദന പ്രക്രിയകളിൽ നേരിട്ട് ഏർപ്പെട്ടിട്ടുള്ളവരെ ക്രിയാത്മകമായി പങ്കാളികളാക്കണം.

4.10 ഉന്നത വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതി, വിജ്ഞാനത്തിന്റെ അതിരുകളിലേക്ക് നയിക്കുന്നതാകണം. സമൂഹത്തിന്റെ അടിയന്തിരാവശ്യങ്ങളോടു പ്രതികരിക്കുന്നതാകണം സർവകലാശാലയുടേയും സാങ്കേതിക മേഖലകളിലേയും (എഞ്ചിനീയറിംഗ്-മെഡിസിൻ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റേയും പാഠ്യപദ്ധതി. സാങ്കേതിക വിദ്യാഭ്യാസം സമൂഹത്തിന്റെ ആവശ്യങ്ങളോടു ബന്ധപ്പെട്ടിരിക്കുമ്പോൾ തന്നെ ഉയർന്ന തോതിലുള്ളതും അഗാധവുമായ വൈജ്ഞാനിക ഉള്ളടക്കവും അതിനുണ്ടായിരിക്കണം. സാമാന്യമായി പറഞ്ഞാൽ ഡിഗ്രി തലത്തിലെ എഞ്ചിനീയറിംഗ് പാഠ്യപദ്ധതി അടിസ്ഥാനപരമായ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ അവഗാഹമേകണം. അതിലുള്ള സ്പെഷലൈസേഷൻ ബിരുദാനന്തര ഘട്ടത്തിലായിരിക്കണം. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയും സമൂഹവുമായി ബന്ധപ്പെട്ടതാകണമെങ്കിലും സമൂഹത്തിന്റെ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലായിക്കൊള്ളണമെന്നില്ല. പഠിക്കുന്ന വിഷയങ്ങളിൽ തികഞ്ഞ അവഗാഹം നേടുന്നതിന് ഊന്നൽ നൽകിക്കൊണ്ടായിരിക്കണം ഉന്നതതല വിദ്യാഭ്യാസം. സംസ്ഥാനത്തും ദേശീയ-അന്താരാഷ്ട്ര നിലവാരങ്ങളിലും മികവിന്റെ പതാകാവാഹകരാവണം സർവകലാശാലകൾ; സംസ്ഥാനത്തെ ബൗദ്ധിക ജീവിതത്തിൽ നേതൃത്വപരമായ പങ്ക് അവ വഹിക്കണം.

4.11 വിദ്യാഭ്യാസ പ്രകിയയിൽ, വിജ്ഞാനത്തിന്റെ ഉള്ളടക്കത്തെപ്പോലെ തന്നെ പ്രധാനമാണ് വിജ്ഞാന വിനിമയ രീതി. പലപ്പോഴും സംസ്കരിക്കപ്പെടാത്ത വിവരം യാന്ത്രികമായി പകർന്നുകൊടുക്കുന്നതിനും നിലനിർത്തുന്നതിനും പുനരുത്പാദിപ്പിക്കുന്നതിനും അനർഹമായ ഊന്നൽ നൽകുന്നതാണ് ഇപ്പോഴത്തെ രീതി. ഇത് മാറ്റേണ്ടത് ആവശ്യമാണ്. പഠനപ്രക്രിയ വിദ്യാർത്ഥിയെ കേന്ദ്രീകരിച്ചായിരിക്കണം. സാഹചര്യത്തിനു നിരക്കാത്ത വിവരത്തിനും കാണാപ്പാഠത്തിനും പകരം വിജ്ഞാനത്തിനും അപഗ്രഥനശേഷിക്കും ഊന്നൽ നൽകുന്നതാകണം. അറിവ് നേടുന്നതുപോലെ പ്രധാനമാണ് അറിവ് ഉത്പാദിപ്പിക്കുന്ന പ്രക്രിയയെ കുറിച്ചുള്ള പഠനവും. അധ്യാപന/പഠനപ്രക്രിയ പരസ്പരം പ്രതികരണത്തിൽ ഊന്നിയതും അയവാർന്നതുമാകണം. പഠനം ആസ്വാദ്യകരമായൊരു പ്രക്രിയയാക്കുകയും സർഗാത്മകമായ ആവിഷ്കാരത്തിനു സഹായകമാവുകയും വേണം. ഊന്നലിലെ ഈ മാറ്റം സാക്ഷാത്കരിക്കുന്നതിന് അധ്യാപകർക്ക് കഴിവേകുന്നതാകണം, അധ്യാപകപരിശീലനത്തിന്റെ പാഠ്യപദ്ധതി. അധ്യാപന രീതികളിൽ കാലാകാലം പുനഃപരിശീലനം നൽകുന്നതിലും അവരുടെ പ്രത്യേക വൈദഗ്ധ്യം നവീകരിക്കുന്നതിലും മതിയായ ശ്രദ്ധ പതിപ്പിക്കണം. അധ്യാപകർക്ക് സ്വയം മെച്ചപ്പെടുത്തുവാൻ ഉതകുന്നതായിരിക്കണം അവധിക്കാലങ്ങൾ. അധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അധ്യാപനത്തിനുള്ള അഭിരുചിയും താത്പര്യവും ഉൾക്കൊള്ളുന്നതാകണം.

4.12 പാരമ്പര്യേതരമായ അധ്യാപന രീതികൾ അധ്യാപന പ്രക്രിയയിൽ വർധിച്ച പ്രാധാന്യം നേടിക്കൊണ്ടിരിക്കുകയാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾക്കുള്ള വ്യാപ്തിയും ഇലക്ട്രോണിക് അധ്യാപന സഹായികളുടെ ക്ഷിപ്രലഭ്യതയും ഈ രംഗത്തിന് പുതിയതും സുപ്രധാനവുമായ മാനമേകുന്നു.

പൂർണ്ണമായ പ്രയോജനം സിദ്ധിക്കുന്ന വിധത്തിൽ ഈ ഉപാധികൾ വികസിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം. വിജ്ഞാനം പകർന്നുകൊടുക്കുന്നതിന് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ അനുയോജ്യമായ മാർഗങ്ങൾ ആരായുന്നതിന് ശ്രദ്ധ പതിപ്പിക്കണം. സുസജ്ജമായ ഗ്രന്ഥശാലകളുടെ ആവശ്യകത ഇല്ലാതാക്കുന്നതല്ല ഇത്. എല്ലാ തലങ്ങളിലും വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിന് പ്രാധാന്യം നൽകണം. ഈ പശ്ചാത്തലത്തിൽ ഗ്രന്ഥശാലകളുടെ പ്രാധാന്യം എത്ര എടുത്തു പറഞ്ഞാലും അധികമാകുകയില്ല. ജേർണലുകളിൽ പ്രത്യക്ഷപ്പെടുന്ന ഗവേഷണ പ്രബന്ധങ്ങളുടെ പാരായണവും വിശകലനവും ബിരുദാനന്തര തലത്തിലെ പാഠ്യപരിപാടിയുടെ ഭാഗമായിരിക്കണം.

4.13 വിദ്യാഭ്യാസ പ്രക്രിയയിലെ സുപ്രധാനഘടകമാണ് വിദ്യാർത്ഥികളുടെ മൂല്യനിർണയം. ബഹുഭൂരിപക്ഷം സന്ദർഭങ്ങളിലും വിദ്യാർത്ഥികളുടെ മൂല്യനിർണയമെന്നത് അന്തിമ പരീക്ഷകളാണ്; ഏതാനും മണിക്കൂറുകൾക്കകം നൽകപ്പെടുന്ന ലിഖിത ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായി അവർ വിലയിരുത്തപ്പെടുന്നു. ഈ മൂല്യനിർണയരീതിയെ അമിതമായി ആശ്രയിക്കുന്നത് ആശാസ്യമല്ലെന്ന് സാർവത്രികമായി അംഗീകരിക്കപ്പെടുന്നുണ്ട്. ലിഖിതപരീക്ഷകൾക്കു പുറമേ പ്രശ്നപരിഹാരവേളകൾ, പരീക്ഷണപദ്ധതികൾ മുതലായവയ്ക്കും വ്യവസ്ഥയുണ്ടാകണം. വിഷയത്തിന്റെ നിലവാരത്തേയും സ്വഭാവത്തേയും ആശ്രയിച്ച് വിവിധ മൂല്യനിർണയരീതികൾ ശ്രദ്ധാപൂർവം തിരഞ്ഞെടുക്കണം. ഓർമ്മിക്കാനും പുനരുത്പാദിപ്പിക്കാനുമുള്ള ശേഷി പരീക്ഷിക്കുന്ന വിധത്തിൽ മാത്രമല്ല, വിഷയം യഥാർത്ഥത്തിൽ ഗ്രഹിക്കുന്നതിനും ക്രിയാത്മകതക്കും ഉള്ള ശേഷികൂടി പരിശോധിക്കപ്പെടുന്ന തരത്തിൽ അന്തിമ പരീക്ഷകൾ പരിഷ്കരിക്കണം. വിദ്യാർത്ഥികളുടെ പ്രകടനത്തിന്റെ ഗ്രേഡ് തിരിക്കുന്നതിനു മാത്രം ഉദ്ദേശിച്ചല്ല മൂല്യനിർണയം; കൂടുതൽ പുരോഗതി കൈവരിയ്ക്കുന്നതിന് അവരെ സഹായിക്കുന്ന വിധത്തിൽ അവരുടെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിയുന്നതിനും തിട്ടപ്പെടുത്തുന്നതിനും അത് ഉതകണം. വിദ്യാഭ്യാസസമ്പ്രദായത്തിലെ മൂല്യനിർണയം അധ്യാപകർക്കും സ്ഥാപനങ്ങൾക്കും കൂടി ബാധകമാകണം.

4.14 പാഠ്യപദ്ധതിയുടേയും സിലബസുകളുടേയും വികാസം നിരന്തരമായ ഒരു പ്രക്രിയയാണ്. നിരന്തരമായി അവലോകനം ചെയ്യുന്നതിനും ആവശ്യമായ വിധത്തിൽ നിലവാരം ഉയർത്തുന്നതിനുമായി വിവിധ തലങ്ങളിൽ സ്ഥാപനസംവിധാനങ്ങൾ ഏർപ്പെടുത്തണം. ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെയായിരിക്കണം പരിവർത്തന-നവീകരണ പ്രക്രിയ. പാഠ്യപദ്ധതിയുടെ വികസന സംവിധാനങ്ങൾക്ക് ഗണ്യമായ തോതിൽ സ്വയംഭരണാധികാരം നൽകുകയും വിവിധതലങ്ങളിൽ അവ അയവാർന്നതാകുകയും വേണം. ബോധനസാമഗ്രികളുടെ, വിശേഷിച്ചും പാഠപുസ്തകങ്ങളുടെ വികസനവും ഈ രംഗത്ത് ശ്രദ്ധിക്കേണ്ട കാര്യമാണ്. പാഠപുസ്തക രചനയ്ക്ക് ഏറ്റവും അനുയോജ്യരായത് അധ്യാപകരാണ്; ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ദ്ധരുടെ ഉപദേശം ലഭ്യമാക്കുന്നതും പ്രയോജനകരമായിരിക്കും. ഇത് മറ്റ് അധ്യാപനസഹായികൾക്കും ബാധകമാണ്.

4.15 പാഠ്യപദ്ധതി ശരിയായ വിധത്തിൽ നടപ്പിലാക്കേണ്ടത് അതിപ്രധാനമാണെന്ന കാര്യം ഊന്നിപ്പറയേണ്ടതുണ്ട്. നല്ലതും അനുയോജ്യവുമായ പാഠ്യപദ്ധതി ആവിഷ്കരിക്കുകയെന്നത് ക്ലേശകരമായ കർത്തവ്യമാണ്. ആസൂത്രിതമായ വിധത്തിൽ അത് നടപ്പിലാക്കപ്പെട്ടില്ലെങ്കിൽ അതൊരു വൃഥാ വ്യായാമമാകും. നിശ്ചിത പാഠ്യപദ്ധതി ശരിയായ വിധത്തിൽ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഉചിതമായ സംവിധാനം ഏർപ്പെടുത്തണം. ഏതൊരു പാഠ്യപദ്ധതിയും വിജയകരമായി നടപ്പിലാക്കുന്നതിനുള്ള മുന്നുപാധി പ്രതിജ്ഞാബദ്ധരും ഉൽസാഹശീലരുമായ അധ്യാപക സമൂഹമാണ്.

4.16 പാഠ്യപദ്ധതിയുടെ ആവിഷ്കരണവുമായി ബന്ധപ്പെട്ട പൊതു പ്രശ്നങ്ങളും, വിദ്യാഭ്യാസപരിപാടികളുടെ പ്രസക്തിയും മികവും വർദ്ധിപ്പിക്കുന്നതിൽ അതിനുള്ള പങ്കും പരിശോധിച്ചു കഴിഞ്ഞതിനാൽ വിവിധഘട്ടങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ഇനി വിശദമായി പരിശോധിക്കാം.

സ്കൂൾ വിദ്യാഭ്യാസം

4.17 ഈയിടെവരെ കേരളത്തിൽ പത്തുവർഷത്തെ സ്കൂൾ വിദ്യാഭ്യാസസമ്പ്രദായമായിരുന്നു. ഇപ്പോൾ പ്രീസ്കൂൾ രീതിക്ക്, ഫലപ്രദമായൊരു സംവിധാനം എന്ന നിലയിൽ അംഗീകാരം സിദ്ധിക്കുകയും +2 രീതി സ്കൂളിന്റെ ഭാഗമായി തീരുകയും ചെയ്തതോടെ സ്കൂൾ സമ്പ്രദായം വിപുലീകൃതമാകുകയാണ്. രണ്ടുവർഷത്തെ പ്രീ-സ്കൂളും പന്ത്രണ്ടുവർഷത്തെ സ്കൂൾ വിദ്യാഭ്യാസവും കണക്കിലെടുത്ത് പത്തുവർഷത്തെ സ്കൂൾ രീതിയുടെ ലക്ഷ്യങ്ങൾ ഭേദഗതി ചെയ്യേണ്ടതായി വന്നിരിക്കുന്നു.

പ്രീസ്കൂൾ ഘട്ടം

4.18 കഴിഞ്ഞ ഏതാനും ദശകങ്ങളിലായി പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ സാമൂഹ്യാംഗീകാരം വർദ്ധിച്ചിരിക്കുകയാണ്. അണുകുടുംബ സംവിധാനത്തിലെ തൊഴിലെടുക്കുന്ന മാതാപിതാക്കളുടെ കുട്ടികൾക്കുള്ള ഒരു സ്ഥലമായും കുട്ടികളെ സ്കൂൾ പഠനത്തിന് തയ്യാറാക്കുന്ന ഒരു കേന്ദ്രമായും പ്രീസ്കൂൾ സ്വീകരിക്കപ്പെടുന്നു. ശിശുക്കളുടേയും പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടികളുടേയും പരിചരണകേന്ദ്രം മാത്രമാണ് പലപ്പോഴും ക്രഷെകളും ഡേകെയർ സെന്ററുകളും. മറുവശത്ത് നഴ്സറിസ്കൂൾ, വിജ്ഞാന വികസനത്തിനും സ്കൂൾ പാഠനത്തിന് സജ്ജമാക്കുന്നതിനും ഊന്നൽ നല്കുന്നു. പല പ്രീസ്കൂൾ പരിപാടികളും ശിശുപരിചരണ കേന്ദ്രങ്ങളെ മുഖ്യമായും കാണുന്നത് ആരോഗ്യപരിപാലനത്തിനും പോഷകാഹാരം ലഭ്യമാക്കുന്നതിനും പ്രതിരോധ കുത്തിവെപ്പുകൾക്കുമുള്ള കേന്ദ്രങ്ങൾ എന്ന നിലയിലാണ്; കളിയാണ് മാതൃകാപരമായ രീതി എന്നും കണക്കാക്കപ്പെടുന്നു. എന്നാൽ മിക്ക പ്രീസ്കൂളുകളും ഊന്നൽ നൽകുന്നത് കുട്ടിക്ക് സ്കൂൾതല വൈദഗ്ദ്ധ്യം നേടുന്നതിനുള്ള ഔപചാരിക പഠനത്തിലാണ്. മുറപ്രകാരമുള്ള സ്കൂളുകളുടെ താഴോട്ടുള്ള അനുബന്ധങ്ങളെന്ന നിലയിൽ പ്രീസ്കൂൾ കേന്ദ്രങ്ങളെ മാതാപിതാക്കളും അധ്യാപകരും കണക്കാക്കുന്നതിലാണ് ഇത് കലാശിക്കുന്നത്.

4.19 ആറോ ഏഴോ വയസ്സ് പ്രായമുള്ളപ്പോഴാണ് ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസത്തിന് കുട്ടി സജ്ജമാകുന്നത് എന്ന് ഈ രംഗത്തെ അനുഭവങ്ങളും ഗവേഷണവും തെളിയിക്കുന്നു. എങ്കിലും ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസത്തിനു മുമ്പുതന്നെ കുട്ടി തന്റെ തൊട്ടടുത്ത ചുറ്റുപാടുകൾ അന്വേഷിക്കുന്നതിന് ആഭിമുഖ്യം പ്രകടിപ്പിക്കുകയും സൗന്ദര്യാത്മകമായ ആസ്വാദനശേഷി പ്രകടമാക്കുകയും ചെയ്യുന്നുണ്ട്. കുട്ടികൾ വളരെയേറെ ചലനാത്മകതയുള്ളവരും പ്രകൃതി പ്രതിഭാസങ്ങളിലും ചുറ്റുമുള്ള ജനങ്ങളിലും പരിസ്ഥിതിയിലെ വസ്തുതകളിലും കൗതുകം കൊള്ളുന്നവരുമാണ്. ഇവ പ്രാപ്യമാവുന്നതു കൂടാതെ ഇന്ദ്രിയങ്ങളുടേയും അവയവങ്ങളുടേയും വളർച്ചയും സങ്കല്പനങ്ങളുടെ രൂപീകരണവുമാണ് പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യപരിപാടി. ക്രമീകൃതമായ ഇന്ദ്രിയ വികാസത്തിനും കാഴ്ചപ്പാടുകൾ സ്വാംശീകരിക്കുന്നതിനും ഏറ്റവും ഉത്തമമായ പ്രായം നാലുവയസ്സ് മുതൽ ആറ് വയസ്സ് വരെയാണ്. പ്രീസ്കൂൾ രീതിയുടെ കാലഘട്ടവും അതുതന്നെ.

4.20 പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനധർമ്മം കുട്ടിയുടെ ശാരീരികവും സാമൂഹികവും വൈകാരികവും ബുദ്ധിപരവും ഭാഷാപരവുമായ വളർച്ചയും വികാസവുമാണ്. കുട്ടികൾ സർഗ്ഗാത്മകശേഷിയുള്ളവരാണ്. എല്ലാ സംഭവങ്ങളോടും മൗലികമായും പുതുമയോടെയും പ്രതികരിക്കുന്നവരുമാണ്. സ്വാഭാവികമായൊരു നർമ്മഭാവം അവർക്കുണ്ട്. കായികമായും ബൗദ്ധികമായും ക്രമേണയായി വളരുന്നതിനും, ആത്മാഭിമാനവും മറ്റ് കുട്ടികളുമായുള്ള മൈത്രിയും വികസിപ്പിക്കുന്നതിനും കഴിവേകുന്ന വിവിധതരം കളികൾ അവർക്ക് ആവശ്യമാണ്. മണൽ, വെള്ളം, കളിമണ്ണ്, ഇലകൾ, കമ്പുകൾ, കൽക്കഷ്ണങ്ങൾ തുടങ്ങിയ പ്രകൃതി പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നത് ഇക്കൂട്ടത്തിൽ പെടുന്നു. കളിമണ്ണുകൊണ്ട്

ലളിതമായ രൂപങ്ങൾ നിർമ്മിക്കുന്നത് കുട്ടികൾ ഇഷ്ടപ്പെടുന്നു. മണൽ കൂമ്പാരങ്ങൾ കൂട്ടുകയും തകർക്കുകയും ചെയ്യുന്നത് അവർക്ക് രസകരമാണ്. പല വലിപ്പത്തിലും ആകൃതിയിലുമുള്ള കട്ടകൾ നൽകിയാൽ അവർ വീടുകളും പാലങ്ങളും നിർമ്മിക്കും. വിരൽകൊണ്ട് ചായം തേയ്ക്കുന്നതു പോലുള്ള പ്രവർത്തനങ്ങളിലൂടെ അവരുടെ ഇന്ദ്രിയക്ഷമത വികസിക്കുന്നു. ഇങ്ങിനെ വലിപ്പം, നീളം, നിറം, എണ്ണം എന്നിവയെ സംബന്ധിച്ച പ്രാഥമിക കാഴ്ചപ്പാടുകൾ നല്കുന്നതായിരിക്കണം പാഠ്യപദ്ധതി. പാട്ട്, ആംഗ്യങ്ങൾ, നാടകം, പാവകളി, പലതരം കഥ പറയൽ തുടങ്ങിയ പരിപാടികളിൽ കുട്ടികളെ ഒറ്റക്കും കൂട്ടായും പങ്കെടുപ്പിക്കുവാനും അതിൽ അവസരമുണ്ടായിരിക്കണം.

4.21 ഈ ഘട്ടത്തിൽ ആശയവിനിമയത്തിന് ഏറ്റവും ഉത്തമമായ മാധ്യമം മാതൃഭാഷയാണ്. ഗ്രഹിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും മാതൃഭാഷക്കു പകരം മറ്റൊന്നില്ല. പ്രകടന സന്ദർഭങ്ങളായ കഥപറയൽ, പാട്ടുപാടൽ, നാടകം മുതലായവയ്ക്ക് ഇത് ഉപയോഗിക്കണം. കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വികാസത്തിന് ഇതാണ് അനുയോജ്യമായത്. പിന്നീടുള്ള ഭാഷാപരമായ വികാസത്തിന് അടിത്തറ എന്ന നിലയിൽ ഇത്തരം ഭാഷാഭ്യസനം ആവശ്യമാണ്. ഭാഷയ്ക്ക് ഇത്തരത്തിൽ ഊന്നൽ നൽകുമ്പോൾ ഭാഷാവൈദഗ്ദ്ധ്യത്തിനുള്ള ഔപചാരിക അധ്യാപനത്തിലേക്കു അത് നയിച്ചുകൂട. മറിച്ച്, സംസാരിക്കുവാനും തന്റെ കൂട്ടുകാരോടും മുതിർന്നവരോടും ആശയവിനിമയം നടത്തുവാനും മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കുവാനും പ്രോത്സാഹിപ്പിക്കണം. അക്ഷരങ്ങൾ വായിക്കാനും എഴുതാനും പക്വതയായിട്ടില്ല എന്നതിനാൽ പ്രീസ്കൂൾ കേന്ദ്രങ്ങളിൽ അവ പഠിപ്പിച്ചു കൂടാ.

4.22 പ്രീസ്കൂൾ ഘട്ടത്തിൽ ഔപചാരികപഠനവും കാണാപ്പാഠം പഠിപ്പിക്കലും നിരുത്സാഹപ്പെടുത്തണം. ഇളംപ്രായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് കുഞ്ഞിനെ നിർബന്ധിക്കുന്നത് സാമൂഹ്യവും വൈകാരികവും ബുദ്ധിപരവുമായ വികാസത്തെ ഗുരുതരമായി ബാധിക്കും. പ്രീസ്കൂളിൽ പഠനത്തിനുള്ള മാധ്യമം കളികളാണ് ; ധാരണകൾ അഭ്യസിപ്പിക്കുന്നതിനുള്ള ഏക രീതിയും അതുതന്നെ. കളികളിലൂടെ നാഡീവ്യൂഹത്തിന്റെ പ്രവർത്തനക്ഷമത വളരുകയും തന്നെക്കുറിച്ചുള്ള ബോധം വികസിക്കുകയും ചെയ്യുന്നു. പ്രീസ്കൂൾ ഘട്ടത്തിൽ കുട്ടിയെ സംബന്ധിച്ചിടത്തോളം ഒറ്റക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളുടെ സന്തുലനം ആവശ്യമാണ്; കർക്കശവും വിശ്രമാത്മകവുമായ പ്രവർത്തനങ്ങളുടെയും, ശബ്ദമുഖരിതവും ശാന്തവുമായ നിമിഷങ്ങളുടേയും സന്തുലനവും ആവശ്യമാണ്. ഓരോ ദിവസത്തേയും പരിപാടിയിൽ വൈവിധ്യമുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ് ; ഓരോ സമയത്തും അവർ ഇഷ്ടപ്പെടുന്ന ഏതുവിധം പ്രവർത്തനവും തിരഞ്ഞെടുക്കാൻ അവർക്കു സാധിക്കണം.

4.23 പ്രകൃതിയെ അറിയാനുള്ള പര്യടനങ്ങൾ പ്രീസ്കൂൾ പരിപാടിയുടെ ഭാഗമാകണം. മരങ്ങൾ, പൂക്കൾ, അണ്ണാൻ, ചിത്രശലഭങ്ങൾ എന്നിവയെ കുട്ടികൾ കാണുന്നു. സ്കൂളിലെ പ്രകൃതി മൂലയിലേക്കായി കൽക്കഷ്ണങ്ങളും ഉണങ്ങിയ ഇലകളും അവർ ശേഖരിക്കുന്നു. അവ പഠനോപകരണങ്ങളുടെ ഭാഗവുമാകാം. ഊഞ്ഞാലുകൾ, സ്ലൈഡുകൾ, സീസോ, പഴയ റബർ ടയറുകൾ മുതലായവകൊണ്ടും കളികൾക്കു സൗകര്യമേർപ്പെടുത്താം. പ്രീസ്കൂൾ കേന്ദ്രം വായുസഞ്ചാരമുള്ളതും ധാരാളം തുറസ്സായ സ്ഥലമുള്ളതുമാകണം. ശിശുസൗഹൃദപരവും സുരക്ഷിതവുമാകണം. കൂട്ടായ പ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമായവിധം മുറികളിൽ ഫർണിച്ചർ കുറഞ്ഞിരിക്കണം; മുറികളിൽ ധാരാളം വെളിച്ചവുമുണ്ടാകണം.

4.24 പ്രീസ്കൂൾ കേന്ദ്രത്തിന്റെ പ്രവർത്തനം വൈവിധ്യപൂർണവും അയവാർന്ന വിധത്തിലുമായിരിക്കണം. പാഠ്യപദ്ധതി എന്ന നിലയിൽ കർക്കശമായ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിക്കൂടാ. കുട്ടികളോട് ശരിയായ മനോഭാവം, അവരുടെ വളർന്നുവരുന്ന കഴിവുകൾ പ്രകടിപ്പിക്കാനുള്ള ശരിയായ സാഹചര്യങ്ങൾ എന്നിവയാണ് വേണ്ടത്. കേന്ദ്രത്തിന്റെ നടത്തിപ്പിനായി അർപ്പണബോധമുള്ളവരും പരിശീലനം സിദ്ധിച്ചവരുമായ അധ്യാപകരുണ്ടാകണം. പ്രാദേശിക സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കും

ഇണങ്ങുന്ന ചട്ടക്കൂട് സ്വീകരിക്കാൻ ഓരോ സ്കൂൾ കേന്ദ്രത്തിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. എന്നാൽ ഔപചാരികമായ അധ്യാപനത്തിനും വായനയും എഴുത്തും പഠിപ്പിക്കുന്നതിനുമുള്ള തൊടുന്യായമായി ഈ സ്വാതന്ത്ര്യം വ്യാഖ്യാനിക്കപ്പെട്ടുകൂടാ. കുട്ടികൾ ഇഷ്ടപ്പെടുന്നത് സ്വന്തമായ പര്യവേക്ഷണങ്ങളിലൂടെ അവരെപ്പറ്റിയും അവരുടെ തൊട്ടടുത്ത ചുറ്റുപാടുകളെപ്പറ്റിയും പഠിക്കുന്നതാണ്; അല്ലാതെ എല്ലാ കാര്യങ്ങളും ബോധനത്തിലൂടെയല്ല. അതിനാൽ ഇന്ദ്രിയപരമായ സംവേദനത്തിന് അനുയോജ്യമായ സാമഗ്രികൾ ലഭ്യമാക്കുകയെന്നത് ഒരു കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപാധിയാണ്.

4.25 സ്വന്തമായ വേഗതയിൽ പ്രവൃത്തിയിൽ ഏർപ്പെടുന്നതിനാണ് കുട്ടികൾ ഇഷ്ടപ്പെടുന്നത്. അവർ ഒരു പ്രത്യേക പ്രവർത്തനം തെരഞ്ഞെടുത്ത് അതിൽ ആമഗ്നരാകും. ഇത്തരം പ്രവർത്തനങ്ങളിൽ കൂട്ടുകാർ പങ്കാളികളാകുന്നത് അവർ ഇഷ്ടപ്പെടുന്നു. അധ്യാപകരുടേയും മാതാപിതാക്കളുടേയും ഒരു സഹകരണ സംരംഭമായി പ്രീസ്കൂൾ വിദ്യാഭ്യാസത്തെ കണക്കാക്കണം. കുട്ടികളുമായി ക്രിയാത്മകമായ ഇടപെടൽ ആസ്വാദ്യകരമാണെങ്കിലും എളുപ്പമായ കാര്യമല്ല അത്. ശിശുവികസനരംഗത്തെ വിദഗ്ദ്ധർ, മന:ശാസ്ത്രജ്ഞർ, ഭിഷഗ്വരന്മാർ, പോഷകാഹാര വിദഗ്ദ്ധർ എന്നിവരുടെ ഉചിതമായ വിധത്തിലുള്ള പരിശീലനം അധ്യാപകർക്ക് ആവശ്യമാണ്. ആരോഗ്യ -പോഷകാഹാര പരിപാടികൾ പ്രീസ്കൂളിന്റെ അവിഭാജ്യ ഭാഗമാണ്. കുട്ടിയെ നേരിട്ട് പരീക്ഷിക്കാതെ പ്രീസ്കൂൾ കേന്ദ്രം മൂല്യനിർണയത്തിനു വിധേയമാക്കണം. കുട്ടികൾ ഇടപഴകുന്നതിന്റെ തോത്, സങ്കീർണത, സൗന്ദര്യാത്മകത, പ്രവർത്തനങ്ങളിൽ കുട്ടികൾക്കുള്ള സന്തുഷ്ടി എന്നിവയുടെ അടിസ്ഥാനത്തിൽ ഭാവനാപൂർണമായി അതു നിറവേറ്റണം.

4.26 സ്കൂൾ പ്രായത്തിനു മുമ്പുള്ള കുട്ടികളെ ഉദ്ദേശിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നിരവധി കേന്ദ്രങ്ങൾ പ്രൈമറി സ്കൂളുകളുടെ കൊച്ചുപതിപ്പുകൾ മാത്രമാണ്. ഔപചാരികമായ വായനയും എഴുത്തും അങ്ങേയറ്റം ക്രമീകൃതമായ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുമാണ് അവയിലുള്ളത്. നാലോ, അഞ്ചോ വയസ് പ്രായമുള്ള കുട്ടിയെക്കൊണ്ട് അക്ഷരങ്ങൾ വായിപ്പിക്കുകയും എഴുതിപ്പിക്കുകയും പെൻസിലും കടലാസും ഉപയോഗിക്കാൻ നിർബന്ധിക്കുകയും 'ഗൃഹപാഠം' ചെയ്യിക്കുകയും ചെയ്യുന്നതു മൂലം കുട്ടിയുടെ നൈസർഗിക ശേഷിക്ക് ഹാനി സംഭവിക്കുന്നു. അധ്യാപികയുടെ കർക്കശ മേൽനോട്ടത്തിൽ അക്ഷരവും അക്കവും അഭ്യസിക്കുന്നതും, സ്കൂൾ പ്രായമെത്താത്ത കുട്ടിയെ നിർബന്ധിക്കുകയും അപൂർണതയുടെ പേരിലോ മികവു കുറവിന്റെ പേരിലോ ശിക്ഷിക്കുന്നതും കുട്ടിയെ സംബന്ധിച്ചിടത്തോളം പോലീസ്രാജിന്റെ ആദ്യാനുഭവമാകും. സംഭവങ്ങളേയും വസ്തുക്കളേയും കുറിച്ച് കുട്ടി ഗ്രഹിക്കുന്നതിനാണ് ഇവിടെ ഊന്നൽ നൽകേണ്ടത്. കാണാപ്പാഠം പഠിക്കുന്നതിലൂടെ നിർവഹിക്കാവുന്നതല്ല ഇത്. അപരിചിതമായ ചുറ്റുപാടിലുള്ളതോ അന്യഭാഷയിലുള്ളതോ ആയ നഴ്സറി പദ്യങ്ങൾ ആവർത്തിക്കാൻ കുട്ടിയെ നിർബന്ധിക്കുന്നത് സർവ പ്രവർത്തനങ്ങളിലും വെച്ച് ഏറ്റവും നിരർത്ഥകമാണ്. ശിശുവിന്റെ പഠനവുമായി യാതൊരു ബന്ധവുമില്ലാത്ത യാന്ത്രികമായ ആവർത്തനമാണത്. ധാരണകൾ വികസിപ്പിക്കുന്നതിനോ ഭാവനയോ സർഗ്ഗശേഷിയോ വളർത്തുന്നതിനോ സഹായകമല്ല ഇത്തരം പ്രവർത്തനങ്ങൾ. അതേസമയം, കുട്ടിയുടെ മാതൃഭാഷയിലുള്ള ആംഗ്യപാട്ടുകളും റൈമുകളും പഠനത്തിനുതകുന്ന അനുഭവമായിരിക്കും. കുട്ടികൾ അതാസ്വദിക്കുകയും ചെയ്യും.

4.27 അയൽപക്ക സ്കൂളായിരിക്കും മാതൃകാപരമായ പ്രീസ്കൂൾ. മാതാപിതാക്കളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും വീടിന്റെയും സ്കൂളിന്റെയും ഭാഗമായ തങ്ങളുടെ തൊട്ടടുത്ത ചുറ്റുപാടുകളെക്കുറിച്ച് പഠിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുതകും. ജാതി, വരുമാനം, ലിംഗഭേദം എന്നിവയുടെ വേർതിരിവുകൾ ഇല്ലാതാക്കാൻ അയൽപക്ക സ്കൂളുകൾക്ക് കഴിയും. കുടുംബപരമോ സാമൂഹികമോ ആയ പശ്ചാത്തലം എന്തുതന്നെയായാലും കുട്ടികൾക്കിടയിലെ

സ്വതന്ത്രമായ ഇടപഴകൽ അത് ഉറപ്പ് വരുത്തും. തൊട്ടടുത്ത ഏതാണ്ട് 250 കുടുംബങ്ങളാണ്, തങ്ങളുടെ കുട്ടികളെ അയച്ച് ഓരോ പ്രീസ്കൂൾ കേന്ദ്രത്തേയും നിലനിർത്തേണ്ടത്. സമൂഹപങ്കാളിത്തത്തിന് ഇത് സൗകര്യപ്രദമാകുകയും ചെയ്യും.

4.28 വിദ്യാഭ്യാസത്തിന്റെ പ്രീ പ്രൈമറി, പ്രൈമറി ഘട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിലാകുന്ന വികേന്ദ്രീകരണ സംവിധാനത്തിൽ ഇത്തരം അയൽപക്ക സ്കൂളുകൾ യാഥാർത്ഥ്യമാകും. പഞ്ചായത്തിന്റെ പൊതുവായ മേൽനോട്ടത്തിനു വിധേയമായി സമൂഹത്തിന്റേയും സന്നദ്ധസംഘടനകളുടെയും ആഭിമുഖ്യത്തിലും സ്വകാര്യമുൻകൈയോടെയും അയൽപക്ക പ്രീ സ്കൂൾ കേന്ദ്രങ്ങൾ സ്ഥാപിക്കാനാവും. സംസ്ഥാന സർക്കാർ നിയമപരമായ ചട്ടക്കൂട് ഏർപ്പെടുത്തുകയും സംഘാടനം, പരിപാടിയുടെ ഉള്ളടക്കം, പഠനരീതി, അധ്യാപകപരിശീലനം എന്നിവയ്ക്ക് മാർഗ്ഗനിർദ്ദേശമേകുകയും ചെയ്യണം. പഞ്ചായത്ത് സംവിധാനപ്രകാരം ചട്ടങ്ങളും പിൻബലവുമാവാം. മോണിറ്ററിങ്ങിനും അഫിലിയേഷൻ നൽകാനും സംവിധാനം ഏർപ്പെടുത്താവുന്നതാണ്. പ്രാദേശിക പരിത:സ്ഥിതികൾക്ക് അനുസൃതമായ വിശദമായ പരിപാടികൾ പ്രീ സ്കൂൾ കേന്ദ്രങ്ങൾ തന്നെ ആവിഷ്കരിക്കണം. 'ഡയറ്റ്' പോലുള്ള സ്ഥാപനങ്ങൾ നൽകുന്ന പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളെ ആധാരമാക്കിയാവണമത്. അംഗൻവാടികൾ, ബാലവാടികൾ, സ്വതന്ത്രമായ പ്രീ സ്കൂളുകൾ, നഴ്സറികൾ തുടങ്ങി നിലവിലുള്ള വിവിധതരം പ്രീ-സ്കൂളുകളെ ഒരു പൊതുസംവിധാനത്തിൻ കീഴിൽ ഉദ്ഗ്രഥിപ്പിക്കാവുന്നതാണ്. ഇത്തരം വ്യത്യസ്ത സ്ഥാപനങ്ങളിൽ അവലംബിച്ചിട്ടുള്ള നാനാവിധ പഠനരീതികളെ അലങ്കോലപ്പെടുത്താതെ തന്നെ ഇത് നിർവഹിക്കാം. കേരളത്തിൽ പ്രീ സ്കൂൾ പ്രായക്കാരായി ഏതാണ്ട് 15 ലക്ഷം കുട്ടികളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ കുട്ടികളെ തൊട്ടയൽപക്കത്തെ പ്രീ സ്കൂൾ സംവിധാനത്തിൽ ചേർക്കുക എന്നത് അടുത്ത പത്ത് വർഷങ്ങൾക്കകം സാധ്യമാകേണ്ടതാണ്.

ലോവർ പ്രൈമറിഘട്ടം

4.29 വിദ്യാഭ്യാസത്തിന്റെ പ്രഥമഘട്ടമായ ലോവർ പ്രൈമറിഘട്ടമാണ് കേരളത്തിലെ വിദ്യാഭ്യാസവ്യവസ്ഥയിലെ ഏറ്റവും വലിയ ഖണ്ഡം. വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതിന്റേയും – അത് ഏതാണ്ട് സമ്പൂർണ്ണം തന്നെയാണ് – സ്കൂളുകളുടെ എണ്ണത്തിന്റേയും അടിസ്ഥാനത്തിലും ഇതുതന്നെയാണ് സ്ഥിതി. ഗോത്രവർഗ മേഖലകൾ പോലുള്ള പ്രദേശങ്ങളിൽ ലോവർപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും നിലവിലില്ല. ഈ ഘട്ടത്തിലെ വിദ്യാർത്ഥികളിൽ ഗണ്യമായൊരു വിഭാഗത്തിന്റെ നേട്ടം പ്രതീക്ഷിത നിലവാരത്തിലും താഴെയാണെന്ന് ഈയിടെ നടത്തിയ ചില പഠനങ്ങൾ വ്യക്തമാക്കുന്നു. അധ:സ്ഥിത വിഭാഗങ്ങൾ, പട്ടികജാതിക്കാർ, ആദിവാസി വിഭാഗങ്ങൾ എന്നിവരിൽപ്പെട്ട കുട്ടികൾക്കിടയിലാണ് നിലവാരം മോശമായി കാണപ്പെടുന്നത്. അക്ഷരാഭ്യാസം നേടിയ ആദ്യതലമുറയുടെ മക്കളോ ആദ്യ തലമുറക്കാർ തന്നെയോ ആണവർ. സാമൂഹ്യമായ അവശതകളും ഒരുപക്ഷേ വിവേചനം തന്നെയുമാണ് ഈ പ്രശ്നത്തിന് മുഖ്യകാരണം. ഉദാഹരണത്തിന് സ്കൂളുകളിലെ വാമൊഴിയിലെ അന്തരങ്ങൾ ചില ആദിവാസി മേഖലകളിലെ വിദ്യാഭ്യാസത്തെ ബാധിച്ചതായി കാണുന്നു. ചില പ്രദേശങ്ങളിൽ മുസ്ലീങ്ങൾ ആപേക്ഷികമായി പിറകിലായതിനു പിന്നിൽ സാംസ്ക്കാരിക കാരണങ്ങളാണുള്ളത്. പ്രാദേശിക തലത്തിൽ സഗൗരവം ശ്രദ്ധപതിപ്പിക്കേണ്ട പ്രദേശങ്ങളാണിവ. പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ പ്രാദേശികമായ തന്ത്രങ്ങൾ ശിശുവിദ്യാഭ്യാസത്തിന്റേയും സ്കൂളുകളിലെ സൗകര്യങ്ങളുടെയും കാര്യത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. 3-5 പ്രായത്തിൽ പ്രീ സ്കൂൾ സംവിധാനം സാർവത്രികമാക്കുന്നതോടെ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്കൂൾ പ്രവേശന പ്രായം 5 വയസ്സ് എന്നതിൽ നിന്ന് ആറ് വയസ്സ് ആക്കാവുന്നതാണ്.

4.30 ലോവർ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചിടത്തോളം പൊതുവേ യോജിപ്പുള്ള

ചില മേഖലകളുണ്ട്. മാതൃഭാഷയിൽ അടിസ്ഥാനപരമായ പരിജ്ഞാനം വളർത്തുക, ഭൗതികവും ജൈവശാസ്ത്രപരവും സാമൂഹികവുമായ തൊട്ടടുത്ത ചുറ്റുപാടുകളെ സംബന്ധിച്ച് അടിസ്ഥാന വിജ്ഞാനമേകുക, അക്കബോധവും പ്രാഥമിക ഗണിതക്രിയകൾ ചെയ്യുന്നതിനുള്ള ശേഷിയും വളർത്തുക എന്നിവയാണ് അത് ലക്ഷ്യമാക്കുന്നത്. കുട്ടിയുടെ സർഗ്ഗശേഷികൾ വികസിപ്പിക്കുന്നതിനും യുക്തിപൂർവമായ ചിന്താശേഷി വളർത്തുന്നതിനും ലോവർപ്രൈമറിഘട്ടം ലക്ഷ്യമിടണം. അതോടൊപ്പം വിശേഷിച്ചും പരിസരവുമായി ബന്ധപ്പെട്ട ഉത്പാദന പ്രക്രിയകളോട് ആഭിമുഖ്യം വളർത്തുകയും ചെയ്യണം. സാംസ്കാരവുമായി ബന്ധപ്പെട്ട വശങ്ങളിലും ശ്രദ്ധപതിയേണ്ടതുണ്ട്; സർഗ്ഗകലകൾ ആസ്വദിക്കുവാനും അവയിൽ പങ്കാളിയാകാനും കുട്ടിക്കു സാധിക്കണം. കുട്ടിയുടെ പ്രാഥമിക സാമൂഹികവല്ക്കരണം പൂർത്തിയാകുന്ന ഘട്ടമാണിത്. സമപ്രായക്കാരായ കൂട്ടുകാർ അവർക്ക് ഉണ്ടാകുകയും സാധാരണ സാമൂഹ്യപ്രവർത്തനങ്ങളിൽ അവർ പങ്കാളികളാകുകയും ചെയ്യുന്നു. കുട്ടിക്ക് സാമൂഹ്യ ചുമതലാബോധം പകരാനും സാധിക്കും. മറ്റ് കുട്ടികളുമായി പൊതുവായ താൽപര്യങ്ങൾ തനിക്കുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുവാനും സാമൂഹ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പ്രേരണ ചെലുത്തുവാനും സാധിക്കും.

4.31 കളികളെ കേന്ദ്രീകരിച്ച പ്രീ-സ്കൂൾ പ്രവർത്തനങ്ങളിൽ നിന്ന് കൂടുതൽ ഘടനാപരമായ ഔപചാരിക പഠനത്തിലേക്കുള്ള അന്തരാള ഘട്ടമാണ് ലോവർ പ്രൈമറി ഘട്ടം. ഈ പരിവർത്തനം പൊടുന്നനെ സാധ്യമാകുകയില്ല. കർക്കശമായ ഔപചാരിക പഠനത്തിലേക്ക് കുട്ടികളെ ഉടനെ തന്നെ നയിച്ചുകൂടാ. കളികളും പ്രവർത്തനങ്ങളും ലോവർപ്രൈമറി ഘട്ടത്തിലും തുടരുകയും പ്രധാന പഠനരീതിയാക്കുകയും ചെയ്യണം. എങ്കിലും കളികളും പ്രവർത്തനവും വ്യക്തമായ ലക്ഷ്യബോധമുള്ളവയും ക്രമീകൃതവും ആയിരിക്കണം.

4.32 ആദ്യമായി പരിചയപ്പെടുത്തേണ്ട അമൂർത്താശയങ്ങൾ അക്ഷരവും അക്കങ്ങളുമായിരിക്കും. അക്ഷരമാലയിലെ അക്ഷരങ്ങൾ ഓരോന്നും ഉൾപ്പെടുന്ന വാക്കുകൾ കുട്ടി തിരിച്ചറിയുകയും സംസാരഭാഷയിൽ വാക്യങ്ങളുണ്ടാക്കാൻ പഠിക്കുകയും ചെയ്യുന്നു. കഥാകഥനം, വിവരവിനിമയം, ആലാപനം, സംഭാഷണം എന്നിവയിലൂടെ ഭാഷാപരമായ കഴിവുകൾ കൂടുതൽ വളർത്താൻ സാധിക്കും. സ്വാഭാവികമായും കളികളിലൂടെ വായനയുടേയും എഴുത്തിന്റേയും ലോകത്തിലേക്ക് കുട്ടിയെ നയിക്കാനാവും. എഴുതുന്നതിനേക്കാൾ മുമ്പ് വായിക്കാൻ പഠിക്കണം. വായനയും എഴുത്തും പരിചയപ്പെടുന്നതിനു മുന്നോടിയായി മൂകാഭിനയത്തിന്റേയും വാചികാഭിനയത്തിന്റേയും അംശങ്ങൾ പ്രയോജനപ്പെടുത്താം.

4.33 ആദ്യത്തെ രണ്ട് സ്റ്റാന്റേർഡുകളിലൂടെ വായ്മൊഴിയിൽ നിന്ന് അക്ഷരജ്ഞാനത്തിലേക്കുള്ള പരിവർത്തനം സാദ്ധ്യമാകും. രണ്ടാം സ്റ്റാന്റേർഡിന്റെ അവസാനത്തോടെ കുട്ടി അക്ഷരങ്ങൾ പ്രയോഗിക്കുന്നതിൽ പ്രാവീണ്യം നേടുന്നു. മൂന്നാം സ്റ്റാന്റേർഡിൽ കുട്ടി ചെറുവാചകങ്ങൾ എഴുതാൻ പഠിക്കുന്നു. ആശയവിനിമയത്തിന് അധികതരമായി പ്രയോജനപ്പെടുന്ന വിധത്തിൽ കൂടുതൽ വിപുലമായ പദസമ്പത്തും കൈവരുന്നു. നാലാം സ്റ്റാന്റേർഡാകുമ്പോഴേക്കും തന്റെ പ്രദേശത്തെ സംഭാഷണഭാഷയിലെ വാക്കുകളിൽ വലിയൊരു ഭാഗം പ്രയോഗിക്കാൻ കുട്ടി പഠിക്കുന്നു. സ്വന്തം ആശയങ്ങൾ പ്രകടിപ്പിച്ചുകൊണ്ടോ താൻ നിരീക്ഷിച്ച പ്രകൃതിയിലേയോ സമൂഹത്തിലേയോ ഒരു പ്രവർത്തനം വിവരിച്ചുകൊണ്ടോ ചെറു ഖണ്ഡികകൾ എഴുതുവാനും കുട്ടി പഠിക്കുന്നു.

4.34 ഗണിതപഠനം കുട്ടിയുടെ നേരിട്ടുള്ള അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാവണം. വലുത്/ചെറുത്, അടുത്തുള്ളത്/അകലെയുള്ളത്, ഭാരംകുറഞ്ഞത്/ഭാരം കൂടിയത്, ദീർഘമായത് /ഹ്രസ്വമായത് മുതലായവയെ സംബന്ധിച്ച കാഴ്ചപ്പാടുകളും തരംതിരിവിന്റെ രൂപങ്ങളും കുട്ടിക്ക് മനസ്സിലാകുന്നു. അനുഭവമണ്ഡലം വിപുലമാകുന്തോറും ബൗദ്ധികശേഷി വർദ്ധിക്കുന്നു; എണ്ണാൻ പഠിപ്പിക്കുകയും

തുടർന്ന് അടിസ്ഥാനപരമായ ഗണിതക്രിയകൾ പരിശീലിപ്പിക്കുകയുമാവാം. ഒന്നാം സ്റ്റാന്റേർഡിൽ പൂർണ്ണമായും പ്രാക്-ഗണിതപ്രവർത്തനങ്ങൾക്കായി നീക്കിവക്കണം; അതിന്റെ അവസാനത്തോടെ എണ്ണൽ പരിചയപ്പെടുത്താം. തുടർന്നുള്ള മൂന്ന് സ്റ്റാന്റേർഡുകളിൽ നാല് അടിസ്ഥാന ഗണിതക്രിയകളും ഉൾക്കൊള്ളിക്കാം. സ്വാഭാവികാനുഭവത്തിന്റെ ഭാഗമെന്ന നിലയിൽ കുട്ടിക്ക് എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ശേഷി കൈവരും. അഞ്ചോ, ആറോ അക്കങ്ങളുള്ള സംഖ്യകൾ, അതിസങ്കീർണ്ണങ്ങളായ ഗുണന-ഹരണങ്ങൾ തുടങ്ങി അനുഭവത്തിന്റേയോ ധാരണയുടേയോ പരിധിക്കപ്പുറത്തുള്ള അഭ്യാസങ്ങൾ ഈ ഘട്ടത്തിൽ ഏർപ്പെടുത്തരുത്. വസ്തുക്കളും ഉപകരണങ്ങളും ഉപയോഗപ്പെടുത്തി അളവുതൂക്കങ്ങൾ പഠിപ്പിക്കാം. ഘടികാരം നോക്കൽ, കലണ്ടറിന്റെ ഉപയോഗം, നാണയങ്ങൾ എണ്ണൽ, വിവിധ ആകൃതികളുടെ നിർമ്മാണവും തിരിച്ചറിയലും, സംഖ്യകളുടെ സ്ഥാനം തുടങ്ങിയവ ഈ ഘട്ടത്തിൽ പരിചയപ്പെടുത്താം.

4.35 ഒരു കാര്യത്തിൽ ജാഗ്രത ആവശ്യമാണ്. അക്ഷരമാലയും അക്കങ്ങളും പോലുള്ള ആശയങ്ങൾ പരിചയപ്പെടുത്തുക എന്നതിനർത്ഥം ഔപചാരികമായ അധ്യാപനത്തിലെ ഒരംശം ആരംഭിക്കുക എന്നാണ്. കളികളിലൂടെയുള്ള രീതിയെ ഔപചാരിക അധ്യാപനവുമായി കൂട്ടിയിണക്കുകയെന്നത് വെല്ലുവിളി ഉയർത്തുന്ന പ്രവർത്തനമാണ്. പഠിക്കാനുള്ള കുട്ടിയുടെ ത്വരയിൽ കുറവു വരുത്തുന്ന മന:പാഠ രീതിയിലേക്ക് അധ്യാപകൻ തിരികെ പോകുക എളുപ്പമാണ്. ചില സന്ദർഭങ്ങളിൽ ഓർമ്മിക്കൽ പ്രയോജനകരമായേക്കാം. പക്ഷേ അത് കുട്ടിയുടെ മേൽ ഏകപക്ഷീയമായി അടിച്ചേല്പിക്കുന്നതിനു പകരം സംവിധാനത്തിൽ ശ്രദ്ധാപൂർവ്വം കെട്ടിപ്പടുക്കുകയാണ് വേണ്ടത്.

4.36 പ്രാഥമികഘട്ടത്തിൽ കുട്ടിയുടെ തൊട്ടടുത്ത ചുറ്റുപാട്, വീട്, സ്കൂൾ, കളിസ്ഥലം, അവർ താമസിക്കുന്ന പ്രദേശം അല്ലെങ്കിൽ ഗ്രാമം എന്നിവയാണ് പരിചയപ്പെടുത്തേണ്ടത്. നിരീക്ഷിക്കാനും പ്രതികരിക്കാനും, നിരീക്ഷിക്കപ്പെടുന്ന പ്രതിഭാസങ്ങളെ തരംതിരിക്കാനും അവയുടെ കാരണങ്ങൾ കണ്ടെത്താനും പഠിപ്പിക്കേണ്ടതുണ്ട്. കാലാവസ്ഥാമാറ്റങ്ങൾ, സസ്യജന്തുജാലങ്ങൾ, മണ്ണ്, പുഴ മുതലായവ അക്കൂട്ടത്തിൽ പെടുന്നു. നിരീക്ഷണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ് പരിസരപഠനം നടക്കേണ്ടത്. അതുവഴി ശാസ്ത്രപ്രക്രിയയിലേക്കും ശാസ്ത്രീയ ചിന്തയിലേക്കും കുട്ടിയെ നയിക്കാം.

4.37 വിദ്യാഭ്യാസത്തിന്റെ പ്രാരംഭമായി തൊട്ടടുത്ത ചുറ്റുപാടിനും വാക് പ്രപഞ്ചത്തിനും ഊന്നൽ നൽകുക എന്നതിനർത്ഥം പ്രാഥമിക ഘട്ടത്തിൽ ബോധനം തീർത്തും കുട്ടിയുടെ സംസാരഭാഷയിൽ അതായത് മാതൃഭാഷയിലാവണമെന്നാണ്. എന്ത് കാരണത്താലായാലും ഈ ഘട്ടത്തിൽ മറ്റൊരു ഭാഷ അടിച്ചേല്പിക്കാനുള്ള ഏത് ശ്രമവും, കാര്യങ്ങൾ ഗ്രഹിക്കാനും താൻ ജീവിക്കുന്ന ലോകത്തോട് സാർത്ഥകമായി പ്രതികരിക്കാനും കുട്ടിക്കുള്ള ശേഷി മുരടിപ്പിക്കുന്നു. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാലും, കേന്ദ്ര സർവീസുകൾ മുതലായ സേവനത്തുറകളിലെ സ്ഥലംമാറ്റ സാദ്ധ്യതകൾ പോലുള്ള തൊഴിൽപരമായ പരിഗണനകളാലും പല കുട്ടികളേയും ഇപ്പോൾ മാതൃഭാഷാ പഠനത്തിൽ നിന്ന് തടയുകയാണ്. അത്തരം പരിഗണനകൾ തുടർന്നും തടസ്സമായിക്കൂടാ.

4.38 എങ്കിലും ചില അപവാദങ്ങളുണ്ട്. മാതൃഭാഷ മലയാളമല്ലാത്ത ചില ജനവിഭാഗങ്ങൾ കേരളത്തിലുണ്ട്. പലരും തങ്ങളുടെ ചുറ്റുപാടുകളോടിണങ്ങി വീടിനു പുറത്ത് മലയാളം സംസാരിക്കുന്നു. അവർക്ക് മലയാള പഠനം പ്രശ്നമാവില്ല. എങ്കിലും അതിർത്തി പ്രദേശങ്ങളിൽ അധിവസിക്കുന്ന ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ തമിഴ്, കന്നഡ എന്നീ ഭാഷകളാണ് വീടിനകത്തും പുറത്തും സംസാരിക്കുന്നത്. അവർക്ക് മലയാളത്തിൽ പ്രാവീണ്യം കുറവാണ്. അവരുടെ മാതൃഭാഷയിലൂടെ പഠനം ആരംഭിക്കാൻ അവരെ അനുവദിക്കണം. പ്രാദേശിക ഭാഷയെന്ന നിലയിൽ മലയാളം പഠിക്കാൻ വ്യവസ്ഥയുണ്ടാകണമെന്നു മാത്രം. സ്വന്തം മാതൃഭാഷയിൽ അക്ഷരജ്ഞാനം നേടുകയും വായിക്കാനും എഴുതാനും പഠിക്കുകയും ചെയ്തശേഷം ഇതാവാം. ആദിവാസികൾക്ക് വീടിനകത്തും പുറത്തും സ്വന്തമായ സംസാരഭാഷയുണ്ട്;

പക്ഷേ അതിന് ലിപിയില്ല. സംസാരഭാഷയിലെ പ്രയോഗങ്ങളിലൂടെ അവരുടെ ഭാഷാപരിജ്ഞാനം വളർത്തണം. മലയാളം ലിപി ഉപയോഗപ്പെടുത്തി സ്വന്തം ഗോത്ര ഭാഷയിൽ എഴുതാനും വായിക്കാനും പഠിപ്പിക്കുകയുമാവാം. പിന്നീടൊരു ഘട്ടത്തിൽ മാനക മലയാളഭാഷയിലേക്കുള്ള മാറ്റമാവാം.

4.39 ഭാഷ, ഗണിതശാസ്ത്രം, പരിസ്ഥിതിപഠനം എന്നീ വിഷയങ്ങളെ കുട്ടി വ്യത്യസ്തരൂപങ്ങൾ എന്ന നിലയിൽ കാണുന്നില്ല; അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ ഭാഗം എന്ന നിലയിൽ അവ അനുഭവവേദ്യമാകുകയാണ്. സ്കൂളിലേക്കു ചെല്ലുമ്പോൾ കുട്ടിയുടെ മനസ്സ് ഒഴിഞ്ഞ സ്ലേറ്റല്ല. താൻ ജീവിക്കുന്ന ചുറ്റുപാടുകളെ കുറിച്ച് സ്വന്തമായ ധാരണകളും ആശയങ്ങളും വിവരവും അവൾക്കുണ്ട്. സ്കൂളിലെ പഠനം ഉദ്ഗ്രഥിതവും പ്രതിപ്രവർത്തനാത്മകവുമായ പ്രക്രിയയാകണം. അടുത്ത പരീക്ഷ പാസ്സാകുക എന്ന ഏക ഉദ്ദേശ്യത്തോടെ യാതൊരു ബന്ധവുമില്ലാതെ പാഠപുസ്തകത്തിലെ വിവരങ്ങൾ പകർന്നുകൊടുക്കുകയും ഓർമ്മിക്കാൻ ആവശ്യപ്പെടുകയും ചെയ്യരുത്. പ്രേരകനും മാർഗദർശിയുമായ അധ്യാപകന്റെ നേതൃത്വത്തിൽ അന്വേഷണത്തിന്റേയും കണ്ടെത്തലിന്റേയും ആവേശജനകമായ പന്ഥാവിലൂടെ അവർ നയിക്കപ്പെടണം. പാഠപുസ്തകങ്ങളിലും ഉദ്ഗ്രഥിത സമീപനം പ്രതിഫലിക്കണം. ഈ ഘട്ടത്തിൽ ഭാഷ, ഗണിതം, പരിസരം എന്നിവ സംബന്ധമായ പഠനത്തിന് കുട്ടിക്ക് വർക്ക്ബുക്കുകൾ എന്ന നിലയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ പാഠപുസ്തകങ്ങൾ ആവിഷ്കരിക്കണം. പ്രതിപ്രവർത്തനപരമായ ഈ പ്രക്രിയയിൽ ഏക ഘടകം മാത്രമല്ല പാഠപുസ്തകങ്ങൾ. ഇതര വൈദഗ്ദ്ധ്യങ്ങൾ ആർജ്ജിക്കുവാൻ ധാരാളം പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. കുട്ടികളുടെ സൃഷ്ടിപരവും ഭാവനാപരവുമായ കഴിവുകൾ വളർത്താൻ ആവശ്യമായ സന്ദർഭങ്ങൾ ഒരുക്കണം. പ്രതിപ്രവർത്തനപരമായ പ്രക്രിയയുടെ ഭാഗമെന്ന നിലയിൽ കല, സംഗീതം, മൂകാഭിനയം, വാചികാഭിനയം, പാരായണം, കഥകൾ തുടങ്ങി സർഗ്ഗാത്മകമായ മറ്റ് രൂപങ്ങളും ഉപയോഗപ്പെടുത്തണം. ആരോഗ്യപരിപാലനവും ശുചിത്വവുമാണ് ഇതേപോലെ ബന്ധിപ്പിക്കേണ്ട മറ്റ് മേഖലകൾ. ആരോഗ്യപരിപാലനത്തിനും കായികവളർച്ച ഉറപ്പ് വരുത്തുന്നതിനുമുള്ള പ്രാഥമികപാഠങ്ങൾ വേണം. സ്പോർട്സും കളികളും ഉൾപ്പെടെ സംഘടിതമായ കായികപരിശീലനത്തിലൂടെ ഇതിന് തുടക്കം കുറിക്കാവുന്നതാണ്. കായിക രംഗത്തെ പ്രതിഭകളേയോ കലാകാരന്മാരേയോ സംഗീതജ്ഞരേയോ പരിശീലിപ്പിക്കുകയല്ല ഇതിന്റെ ലക്ഷ്യം; കുട്ടികളുടെ ബൗദ്ധികവും കായികവുമായ വികാസത്തിന് അനുപേക്ഷണീയമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ്.

4.40 സിലബസ് ഭാരമെന്ന മറ്റൊരു വിവാദവിഷയത്തിലേക്കാണ് ഇത് നയിക്കുന്നത്. ബാഹ്യലോകത്തെ കുറിച്ച് കുട്ടികൾക്ക് ഒട്ടേറെ അറിവു ലഭിക്കണം എന്നതാണ് ഇപ്പോഴത്തെ സമീപനം. സിലബസ് കനപ്പെട്ടതാക്കുമ്പോൾ കുട്ടികളിൽ ബഹുഭൂരിപക്ഷത്തിനും സ്കൂൾ പ്രവർത്തനവുമായി ഒത്തുപോകാൻ കഴിയുന്നില്ലെന്നാണ് അനുഭവം വ്യക്തമാക്കുന്നത്. അതിനാൽ പ്രൈമറി വിദ്യാർത്ഥികളുടെ വിവരഭാരം കുറക്കുന്നതിനു വേണ്ടിയാണ് വിദ്യാഭ്യാസ വിചക്ഷണർ വാദിക്കുന്നത്. ഒട്ടേറെ വിഷയങ്ങൾ ഉപരിപ്ലവമായി പഠിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ഫലം പ്രദാനം ചെയ്യുന്നത് കുറച്ച് വിഷയങ്ങൾ ആഴത്തിൽ പഠിക്കുന്നതാണ് എന്ന് തെളിഞ്ഞിരിക്കുന്നു. ആഴത്തിലുള്ള പഠനം കുട്ടിയിൽ സ്ഥായിയായ ധാരണ ഉണ്ടാക്കുന്നു; ഉപരിപ്ലവമായ പഠനമാകട്ടെ പരീക്ഷ എഴുതാൻ മാത്രമേ പ്രയോജനപ്പെടുന്നുള്ളു. അതിനുശേഷം അവർ പഠിച്ചതെല്ലാം മറക്കുന്നു. കുട്ടിയെ സംബന്ധിച്ചിടത്തോളം തുടർന്നുള്ള പഠനത്തിന് അടിത്തറയാണ് ലോവർ പ്രൈമറി ഘട്ടം. അവരുടെ അടിസ്ഥാന പഠനം സമഗ്രവും ആഴത്തിലുള്ളതുമാകേണ്ടതുണ്ട്. എന്നാൽ അമിതഭാരം ആശാസ്യമല്ല.

4.41 ഒരു പ്രക്രിയയെന്ന നിലയിൽ പഠനത്തിന് ഊന്നൽ നൽകുകയും, ഒരു പ്രത്യേക പ്രശ്നത്തെ കുറിച്ച് അന്വേഷിച്ചു കണ്ടെത്താൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോഴാണ് ആഴത്തിലുള്ള പഠനം സാധ്യമാകുന്നത്. പൂർവ്വനിർമ്മിതമായ പരിഹാരങ്ങൾ മാത്രം പകർന്നു കൊടുക്കുന്നതു കൊണ്ട് ഇത്

നേടുന്നില്ല. ഇപ്പോഴത്തെ രീതിയിലുള്ള പരീക്ഷകൾക്കാണ് മേല്പറഞ്ഞതരം പരിഹാരങ്ങൾ ആവശ്യമായി വരുന്നത്. അതിനാൽ മിനിമം മാർക്ക്, റാങ്ക് നിർണ്ണയം മുതലായവയോടു കൂടിയ ഇപ്പോഴത്തെ ലിഖിതപരീക്ഷാ സമ്പ്രദായം പാടേ മാറ്റി സമഗ്രവും അനുസ്യൂതവുമായ ആഭ്യന്തര മൂല്യനിർണയസമ്പ്രദായം പകരം വയ്ക്കണം. സാമൂഹ്യവും വൈകാരികവുമായ ഘടകങ്ങളുടെ അടിസ്ഥാനത്തിലും കുട്ടിയുടെ വികാസം തിട്ടപ്പെടുത്തണം. മാർക്ക് നൽകുകയെന്ന ഇപ്പോഴത്തെ രീതിയിലുള്ള മൂല്യനിർണയത്തിനു പകരം കുട്ടിയുടെ വിവിധ നേട്ടങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള ഗ്രേഡിംഗ് രീതിയേർപ്പെടുത്തണം. കുട്ടിയുടെ വ്യത്യസ്തമായ നേട്ടങ്ങൾക്കുള്ള ക്രെഡിറ്റ് നൽകണം. കുട്ടിയുടെ ബഹുവിധ സിദ്ധിവിശേഷങ്ങൾ കണക്കിലെടുത്തായിരിക്കണം ക്രെഡിറ്റ് സമ്പ്രദായം.

4.42 അധ്യാപകനേയും ക്ലാസ് മുറിയേയും സംബന്ധിച്ച് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് ഇതിനാവശ്യമാണ്. തന്റെ ക്ലാസിലെ കുട്ടികളുടെ സാമൂഹ്യ പശ്ചാത്തലവും മാനസിക ഘടനയും സംബന്ധിച്ച അറിവുള്ള, കുട്ടികളുടെ പ്രേരകനും മിത്രവും വഴികാട്ടിയുമായിരിക്കണം അധ്യാപിക. സംവേദനക്ഷമതയുള്ള സാമൂഹ്യപ്രവർത്തകന്റെ സ്വഭാവ വിശേഷങ്ങൾ ലോവർ പ്രൈമറി സ്കൂൾ അധ്യാപകനുണ്ടാകണം. ആവശ്യമെങ്കിൽ പങ്കാളിത്ത രീതിയിലുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവർക്കു സാധിക്കണം. പ്രവർത്തനങ്ങൾക്കോ കളികൾക്കോ ക്ലാസ്മുറി തടസ്സമായിക്കൂടാ. ബഞ്ചുകളും ഡസ്ക്കുകളും കൂടാതെ അധ്യാപകന് ഒരു ഉയർന്ന വേദിയുമായുള്ള ഇപ്പോഴത്തെ ക്ലാസ് മുറി സംവിധാനം ക്രിയാത്മകമായ പ്രതിപ്രവർത്തനങ്ങൾക്ക് ഗുരുതരമായ പരിമിതികൾ ഏർപ്പെടുത്തുകയും ക്ലാസ് മുറികളിലെ നടപടികളെ യാന്ത്രികമായ ചെയ്തികളാക്കി മാറ്റുകയും ചെയ്യുന്നു. പലപ്പോഴും ക്ലാസ്സ്മുറികൾ നിറഞ്ഞു കവിഞ്ഞതാണ്. ഇരുപത്തിയഞ്ചിൽ കവിയാത്ത വിധത്തിൽ ക്ലാസ്സ് മുറിയിൽ കുട്ടികളുടെ എണ്ണം കുറച്ചാൽ സൃഷ്ടിപരമായ ഇടപഴകലും പ്രവർത്തനവും സാദ്ധ്യമാകും. 'ഗൃഹപാഠ'വുമായി മടങ്ങിപ്പോകേണ്ടി വരാത്ത വിധത്തിൽ അക്കാദമിക് പ്രവർത്തനങ്ങൾ മുഴുവനായും സ്കൂളിൽ തന്നെ പൂർത്തിയാകണം.

4.43 തിരക്കില്ലാത്ത ക്ലാസ്മുറി, പ്രേരകൻ എന്ന നിലയിലുള്ള അധ്യാപകൻ, ചുറ്റുപാടുകളുമായി ഉറ്റ ബന്ധം പുലർത്തിയുള്ള പ്രവർത്തനം എന്നിവ അയൽപക്ക സ്കൂളിൽ സാദ്ധ്യമാകും. പ്രൈമറി സ്കൂളുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാകുകയും അയൽക്കൂട്ടത്തിന്റെ പിൻബലത്തോടെ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഈ തലത്തിലുള്ള സംഘാടനം സാദ്ധ്യവും എളുപ്പവുമാകുന്നു.

4.44 പാഠ്യപദ്ധതിയെ സംബന്ധിച്ച ചട്ടക്കൂടിന്റെ പൊതു രൂപരേഖ സംസ്ഥാന തലത്തിൽ ആവിഷ്കരിക്കുകയും ഡയറ്റുകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ജില്ലാ നിലവാരത്തിൽ പുഷ്ടിപ്പെടുത്തുകയും വേണം. സ്കൂളുകൾക്കും അധ്യാപകർക്കും മതിയായ തോതിൽ സ്വാതന്ത്ര്യം നൽകുന്നതായിരിക്കണം അത്. അതാത് പ്രദേശത്തും സമൂഹത്തിലും ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി പുതിയ രൂപങ്ങളിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും കൂടുതൽ മുന്നോട്ടു പോകാൻ അവർക്കു സാധിക്കണം. ബ്ലോക്ക് തലത്തിലുള്ള വിഭവകേന്ദ്രങ്ങൾ, ക്ലസ്റ്റർ വിഭവകേന്ദ്രങ്ങൾ, സ്കൂൾ കോംപ്ലക്സുകൾ എന്നിവ ഈ പ്രക്രിയക്കു സഹായകമാകും.

അപ്പർ പ്രൈമറി ഘട്ടം

4.45 അഞ്ച് മുതൽ ഏഴാം സ്റ്റാന്റേർഡ് വരെയുള്ള അപ്പർപ്രൈമറി ഘട്ടം സംസ്ഥാന പദ്ധതിയിലും ദേശീയ പാഠ്യപദ്ധതിയിലും വ്യതിരിക്തമായി പരിഗണിക്കപ്പെടുന്നു. ഈ ഘട്ടത്തിലെ സ്കൂൾ പ്രവേശനം ഇപ്പോൾ സാർവത്രികമാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ പോലുള്ള ചില വിഭാഗങ്ങളിൽ മാത്രമാണ് കൊഴിഞ്ഞുപോക്ക് ഉള്ളത്. ഈ തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കിടയിലെ പ്രവേശനം

കുത്തനെ കുറയുന്നതിന് ഹേതു ലോവർ പ്രൈമറി ഘട്ടത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ വിശദീകരിക്കപ്പെട്ടവ തന്നെയാണ്. അവർ സാർവത്രികമായി പ്രവേശനം നേടുന്നതിന് സൂക്ഷ്മതലത്തിലുള്ള ആസൂത്രണം മാത്രം പോര; അവർ ഇന്നു നേരിടുന്ന വിവേചനത്തിന്റേതും സാംസ്കാരികമായ അന്യവൽകരണത്തിന്റേതുമായ പ്രശ്നങ്ങളും, അവരുടെ തനതായ സ്വഭാവവിശേഷങ്ങളും കൂടുതലായി ഉൾക്കൊള്ളേണ്ടതുണ്ട്. പഞ്ചായത്ത് രാജ് സമിതികൾക്ക് ഇക്കാര്യങ്ങളിൽ കൂടുതൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാനാവും.

4.46 ഔപചാരികവും ക്രമീകൃതവുമായ പഠനപ്രക്രിയ പൂർത്തീകരിക്കപ്പെടുന്ന ഘട്ടമാണ് അപ്പർ പ്രൈമറി തലം. ലോവർ പ്രൈമറി ഘട്ടത്തിലെ പഠനവേളയിൽ പതിപ്പിച്ച കൗതുകവും സർഗ്ഗാത്മകതയും തുടരുമെങ്കിലും, തൊട്ടടുത്ത ചുറ്റുപാടുകൾക്കപ്പുറത്തേക്കു വ്യാപിക്കുന്ന കൂടുതൽ അമൂർത്തമായ ആശയങ്ങളും അറിവുകളും അതിലുണ്ടാകും. അക്ഷരമാലയും വായനയും എഴുത്തും അഭ്യസിച്ചു കഴിഞ്ഞതിനാൽ അവർക്കിപ്പോൾ മാതൃഭാഷയിൽ കൂടുതൽ സങ്കീർണമായ ആശയങ്ങളിലേക്കും പ്രയോഗങ്ങളിലേക്കും കടന്നുചെല്ലാനാവും; സാഹിത്യത്തിന്റെ വിലോഭനീയ ലോകത്തിലേക്കും പ്രവേശിക്കാം. വിവിധ പ്രയോഗങ്ങളുടെ അടിസ്ഥാനത്തിൽ മാതൃഭാഷയുടെ ഘടനപരിചയപ്പെടുത്താം. യഥാർത്ഥ വ്യാകരണപഠനം മറ്റൊരു ഘട്ടത്തിലേക്കു മാറ്റി വയ്ക്കേണ്ടതുണ്ട്. ഇതര ഭാഷകളുടെ – ഇംഗ്ലീഷും, ഹിന്ദിയും, – പഠനത്തിലൂടെ കുട്ടിയുടെ ഭാഷാപരമായ അനുഭവം വൈവിദ്ധ്യവൽക്കരിക്കാം. ഒരു ഭാഷയുടെ അടിസ്ഥാനപരമായ ഘടകം പരിചയപ്പെട്ടു കഴിഞ്ഞാൽ രണ്ടും മൂന്നും ഭാഷകളുടെ പഠനം വിദ്യാഭ്യാസപരമായി പ്രായോഗികമാണ്..

4.47 ഭാഷകളിലെ ബോധന-പഠനപ്രക്രിയകൾ ഈ ഘട്ടത്തിൽ കൂടുതൽ സങ്കീർണവും വൈവിധ്യമാർന്നതുമായിരിക്കും. അറിയിപ്പുകൾ, വൃത്താന്തപത്രങ്ങൾ, ഫിലിം, ടി.വി., വീഡിയോ-ഓഡിയോ കാസറ്റുകൾ, ആനുകാലികങ്ങൾ, പരിചിതവസ്തുക്കളുടെ ചിത്രങ്ങളോടു കൂടിയ കഥാപുസ്തകങ്ങൾ തുടങ്ങി ഒട്ടേറെ പഠന സാമഗ്രികൾ കുട്ടിക്ക് പ്രാപ്യമാകുന്നു. ഭാഷയുടെ വാചികവും ലിഖിതവുമായ സങ്കീർണതകൾ ആസ്വാദ്യമായി തീരുന്നു. മാതൃഭാഷയുടെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും വാസ്തവമാണ്. പദസമ്പത്ത് വർദ്ധിപ്പിച്ചുകൊണ്ട് മുതിർന്ന ഏതൊരാളേയും പോലെ മാതൃഭാഷ ഉപയോഗിക്കാൻ അവർ പഠിക്കുന്നു. ഭാഷയുടെ സാമൂഹ്യമായ ധർമ്മങ്ങളും ഉപയോഗവുമായുള്ള മുൻപരിചയം ഇംഗ്ലീഷും ഹിന്ദിയും, ഇപ്പോൾ ആരംഭിക്കുകയാണെങ്കിൽ, പഠിക്കാനുള്ള കഴിവ് നൽകുന്നു. എങ്കിലും ഇംഗ്ലീഷും ഹിന്ദിയും പഠിക്കുമ്പോൾ ഊന്നൽ നൽകേണ്ടത് ആശയവിനിമയശേഷി വളർത്തുന്നതിലാണ്. ഇംഗ്ലീഷിലേയും ഹിന്ദിയിലേയും സാഹിത്യാസ്വാദനം ഈ ഘട്ടത്തിൽ കുട്ടിയുടെ ശേഷിക്ക് അതീതമായിരിക്കും.

4.48 ഗണിതശാസ്ത്രത്തിൽ അക്കങ്ങളുടെ പ്രായോഗികവും സൈദ്ധാന്തികവുമായ വശങ്ങൾ പരിചയപ്പെടുത്താം. ഗണിതക്രിയയിൽ പ്രായോഗിക സ്വഭാവമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുട്ടി സജ്ജമായിട്ടുണ്ടാകും. ക്ഷേത്രഗണിത രൂപങ്ങളുടെ അടിസ്ഥാനതത്ത്വങ്ങളും അവയുടെ സ്വഭാവഗുണങ്ങളും വികസിപ്പിക്കാവുന്നതാണ്. ദശാംശ സമ്പ്രദായത്തിന്റേയും ഭിന്നകങ്ങളുടേയും പഠനം ആരംഭിക്കാം. കുട്ടിയുടെ അനുഭവത്തെ പരമാവധി അടിസ്ഥാനപ്പെടുത്തിയായിരിക്കണം ഇത്. തൊട്ടടുത്ത ചുറ്റുപാടുമായി നേരിട്ടുള്ള ബന്ധവും പ്രായോഗിക പ്രവർത്തനത്തിലൂടെയുള്ള ഗണിതശാസ്ത്ര പഠനവും നിരന്തരമായ അന്വേഷണവും ഇതിനെ ആസ്വാദ്യമാക്കും. കുട്ടികൾക്കിടയിൽ യുക്തിസഹമായ ചിന്താശീലം വളർത്തുന്നതിനും ഗണിതശാസ്ത്രം സഹായകമാകും. ബീജഗണിതം പോലുള്ള അമൂർത്ത വിഷയങ്ങളിൽ ഒരളവോളം യുക്തിചിന്ത അനുപേക്ഷണീയമാണ്. അപ്പർപ്രൈമറി ഘട്ടത്തിന്റെ അവസാനത്തിൽ അതാരംഭിക്കാവുന്നതാണ്. ഗണിതശാസ്ത്രം സർഗ്ഗാത്മകവും സൃഷ്ടിപരവുമായ പ്രവർത്തനത്തിലൂടെ വികസിപ്പിക്കേണ്ടതുണ്ട്. അതിന്റെ പ്രായോഗിക പ്രസക്തി എടുത്തുപറയുകയും വേണം.

4.49 പ്രത്യേക വിഷയങ്ങളെന്ന നിലയിൽ ഗണിതശാസ്ത്രത്തേയും ഭാഷകളേയും കൈകാര്യം ചെയ്യുന്നുവെന്നതിനർത്ഥം ലോവർ പ്രൈമറി ഘട്ടത്തിൽ അനുവർത്തിച്ചിരുന്ന ഉദ്ഗ്രഥിതസമീപനം ഇവിടെ സ്വീകരിക്കുന്നില്ലെന്നാണ്. ഒരളവോളം ഇതനിവാര്യമാണ്; കാരണം കുട്ടി അക്ഷരമാലയും അക്കങ്ങളുമായി പരിചയപ്പെടുകയും ലോവർപ്രൈമറി ഘട്ടത്തിൽ അതുപയോഗിക്കാൻ തുടങ്ങുകയും ചെയ്യുവെന്നിരിക്കെ ഭാഷകളിലും ഗണിതശാസ്ത്രത്തിലുമായി അവ വേറിട്ട് പ്രയോഗിക്കുക സാധ്യമാണ്. എന്നാൽ പരിസരപഠനം ഒരു വിഭിന്ന പ്രശ്നമുയർത്തുന്നു. താൻ ജീവിക്കുന്ന ലോകത്തിന്റെ ഭാഗമായി, വേർതിരിവില്ലാതെയാണ് കുട്ടി ഇതുവരേയും തന്റെ ചുറ്റുപാടുകളെ നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുപോന്നത്. തന്റെ ലോകത്തെ ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ചരിത്രം എന്നിങ്ങനെ വേർതിരിഞ്ഞുള്ള പഠനസാമഗ്രികളായി മനസ്സിലാക്കുക പ്രയാസകരമായിരിക്കും. വാസ്തവത്തിൽ വിവിധ ശാസ്ത്രങ്ങളുടെ അടിസ്ഥാനം കൂടുതലായി മനസ്സിലാക്കാനാവുക ഉദ്ഗ്രഥിത രീതിയിലാണ്; ഒരേ വിഷയത്തിന്റെയോ ബഹുവിധ വിഷയങ്ങളുടെയോ നാനാവശങ്ങൾ എന്ന നിലയിൽ 'അഗ്നി' അഥവാ 'ജലം' തുടങ്ങി ഏതെങ്കിലുമൊരു പ്രകൃതി പ്രതിഭാസത്തെ പരിശോധനാ വിധേയമാക്കുന്നതിലൂടെ വിജ്ഞാനത്തിന്റെ വിവിധ മേഖലകളെ സംബന്ധിച്ച അവബോധം കുട്ടികൾക്കിടയിൽ വളർത്താനാകും. വായു, മണ്ണ്, പുഴകൾ, മലകൾ, സസ്യജന്തുജാലങ്ങൾ, ഗതാഗതം, വാർത്താവിനിമയം മുതലായവയെ സംബന്ധിച്ച ഉദ്ഗ്രഥിതപഠനം ഏർപ്പെടുത്തുകയും സമഗ്രചിത്രം ലഭിക്കാവുന്ന വിധത്തിൽ അവയെ ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം എന്നിവയുമായി ബന്ധപ്പെടുത്തുകയും ചെയ്യാവുന്നതാണ്. കുട്ടിക്ക് നിരീക്ഷിക്കാനും അപഗ്രഥിക്കാനും ലളിതമായ പരീക്ഷണങ്ങൾ നടത്താനും കഴിയത്തക്ക വിധത്തിൽ പരിചിതമായ പ്രകൃതിയിലേയും സമൂഹത്തിലേയും പ്രതിഭാസങ്ങളാണ് കുട്ടി പഠിക്കേണ്ടത്. ഇത്തരത്തിലുള്ള അനാവരണത്തിലൂടെ നിരീക്ഷണം, വർഗ്ഗീകരണം, സിദ്ധാന്തങ്ങൾ ആവിഷ്കരിക്കൽ, നിഗമനങ്ങളിലെത്തിച്ചേരൽ എന്നിങ്ങനെയുള്ള ശാസ്ത്രീയരീതി കുട്ടിക്ക് പരിചിതമാകും. ക്ലാസ് മുറിയിൽ നിന്നു മാത്രമല്ല, അതാത് വിഷയവുമായി ബന്ധപ്പെട്ട നേരിട്ടുള്ള പ്രോജക്ടുകളിൽനിന്നും കുട്ടി പഠിക്കണം. ഭൂപടങ്ങൾ, നക്ഷത്രചാർട്ടുകൾ, ഭൂഗോളമാതൃക മുതലായവയും കുട്ടിക്ക് പരിചയപ്പെടുത്തണം. പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിപാടികളിലൂടെ പ്രപഞ്ചവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളിലേക്കു നയിക്കാം. കുട്ടികളിൽ കൗതുകം വളർത്തുന്നതും ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും സ്വയം ഉത്തരം കണ്ടെത്തുന്നതിനും മുൻകൈ എടുക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതുമായിരിക്കണം പാഠ്യപദ്ധതി. പ്രകൃതിയേയും ജീവനേയും സമൂഹത്തേയും സംബന്ധിച്ച അടിസ്ഥാനപരമായ കാഴ്ചപ്പാടുകൾ ഈ ഘട്ടത്തിൽ കുട്ടി പഠിക്കേണ്ടതാണ്. അവയെക്കുറിച്ച് കൂടുതൽ കൂടുതൽ അറിയുന്നതിനുള്ള അടിസ്ഥാനപരമായ രീതിശാസ്ത്രവും കുട്ടി അറിഞ്ഞിരിക്കണം.

4.50 ഭാഷ, ഗണിതശാസ്ത്രം പരിസരപഠനം എന്നിവയുടെ പഠനം ഈ ഘട്ടത്തിൽ പരസ്പര ബന്ധിതമായിരിക്കുമെങ്കിലും ഓരോന്നും മറ്റൊന്നിന് വിശദീകരണമേകുന്ന മാതൃകയോ ഉദാഹരണമോ ആയി വർത്തിക്കുകയും ചെയ്യും. എന്നാൽ പാഠ്യപദ്ധതിയുടേയും കുട്ടിയുടെ ബുദ്ധിപരവും പ്രായോഗികവുമായ കഴിവുകളുടേയും വികാസത്തിന്റെ സ്വഭാവം അവയുടെ ഒരളവോളമുള്ള വേർതിരിവ് ആവശ്യപ്പെടുന്നു. എങ്കിലും ഈ വേർതിരിവിന് അമിതമായ ഊന്നൽ നൽകരുത്; ഏതെങ്കിലും വിധത്തിലുള്ള കർക്കശമായ തരംതിരിവുകൾ ഒഴിവാക്കപ്പെടണം. ഒരു പ്രത്യേക പ്രശ്നം അവതരിപ്പിക്കുക മാത്രമല്ല, ശാസ്ത്രജ്ഞരും ഗണിതശാസ്ത്രകാരന്മാരും മറ്റും ആ പ്രശ്നത്തെ സമീപിക്കുകയും പരിഹരിക്കുകയും ചെയ്യത് എങ്ങനെ എന്നു വ്യക്തമാക്കുന്നതും കൂടിയാകണം പഠനരീതി. ഏതു വിഷയത്തേയും ഒരു പണിതീർന്ന ഉല്പന്നമെന്ന നിലയിൽ മാത്രമല്ല, ആവേശജനകവും ആകർഷകവുമായ വിജ്ഞാനമേഖലയായി കൂടി പരിഗണിക്കണമെന്നാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്.

4.51 അപ്പർപ്രൈമറി ഘട്ടത്തിൽ കുട്ടിയുടെ വ്യക്തിത്വം ക്രമേണ പക്വതയിലെത്തുന്നു. സമൂഹത്തിൽ ഒരു പൂർണ്ണ വ്യക്തിയായിക്കൊണ്ടിരിക്കുകയാണവൾ. സ്വന്തം വ്യക്തിത്വം വികസിപ്പിക്കുന്നതിനായി കുട്ടിയെ

ജീവിതവ്യാപാരത്തിന്റെ നാനാവശങ്ങളുമായി ബന്ധപ്പെടുത്തണം. സുകുമാരകലകൾ, സംഗീതം, ദൃശ്യ-ശ്രാവ്യ പ്രകടനത്തിന്റെ മറ്റു രൂപങ്ങൾ, സൗന്ദര്യപരമായ ആസ്വാദനം, കായിക സംസ്കാരം, സ്പോർട്സും ഗെയിംസും, ആരോഗ്യ-ലൈംഗിക വിദ്യാഭ്യാസം, ആശയവിനിമയത്തിനും ഇടപഴകാനുമുള്ള കഴിവുകൾ മുതലായവയിലെ ക്രിയാത്മക ശേഷികൾ വികസിപ്പിക്കുന്നതും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പാചകം, ഭവനപരിപാലനം, ഉദ്യാനപാലനം, അലക്ക്, വീട്ടുപകരണങ്ങൾ ഉപയോഗിക്കുകയും സൂക്ഷിക്കുകയും ചെയ്യൽ തുടങ്ങി നിത്യജീവിതത്തിലെ ജോലികൾ നിർവ്വഹിക്കുന്നതിലുള്ള വൈദഗ്ദ്ധ്യവും വളർത്തണം. സംഗീതം, നൃത്തം, ചിത്രകല, വാസ്തുവിദ്യ, ശില്പകല, ജീവിതശൈലി, ഉത്പാദനപരവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രാഷ്ട്രത്തിന്റേയും സംസ്ഥാനത്തിന്റേയും സാംസ്കാരികപൈതൃകം ഗ്രഹിക്കുവാനും മാനിക്കുവാനും കുട്ടിക്കു കഴിവുണ്ടാകണം. കുട്ടിക്ക് ഉത്പാദനപ്രവർത്തനങ്ങൾ നിരീക്ഷിച്ചും അവയിൽ പങ്കുകൊണ്ടും പഠിക്കാനുള്ള അവസരമുണ്ടാക്കണം. സ്ത്രീ-പുരുഷ സമത്വം, സാമൂഹ്യനീതി, സത്യസന്ധത, സ്വാശ്രയത്വം, ദേശഭക്തി, തൊഴിൽ സംസ്കാരം എന്നിവയെ സംബന്ധിച്ച കാഴ്ചപ്പാടുകളും ഈ ഘട്ടത്തിൽ പരിപോഷിപ്പിക്കേണ്ടതാണ്. ഉത്തരവാദിത്ത ബോധവും സൃഷ്ടിപരതയുമുള്ള ഒരു സാമൂഹ്യ മനുഷ്യനായി മാറാൻ സഹായിക്കുന്ന സ്വഭാവരൂപീകരണത്തിനും സന്ദർഭമുണ്ടാകണം. കുട്ടികൾക്കിടയിൽ ജനാധിപത്യ പാരമ്പര്യങ്ങൾ പരിചയപ്പെടുത്തുന്നതിന് ക്ലാസ്സ് നടത്തിപ്പിന്റെ വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിൽ അവരെ പങ്കെടുപ്പിച്ചുകൊണ്ട് തുടക്കം കുറിക്കാവുന്നതാണ്.

4.52 പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട ഘടകങ്ങളുടെ ഈ സുദീർഘ പട്ടിക അസ്വാസ്ഥ്യജനകമായി തോന്നിയേക്കാം. ലോവർ പ്രൈമറി ഘട്ടത്തിൽ വിവരഭാരം കുറയ്ക്കണമെന്ന കാഴ്ചപ്പാടിനു വിരുദ്ധമായല്ലേ നാം നീങ്ങുന്നത്? ഇതുവരേയും പാഠ്യപദ്ധതിയുടെ ഭാഗമല്ലാതിരുന്ന വശങ്ങൾ കൂടി ഉൾപ്പെടുത്തി കുട്ടിയുടെമേൽ അധികഭാരം കെട്ടിവയ്ക്കുകയല്ലേ നാം ചെയ്യുന്നത്? എന്നാൽ ഇന്ന് സാമാന്യശാസ്ത്രം, സാമൂഹ്യപാഠങ്ങൾ, ഗണിതശാസ്ത്രം മുതലായ വിഷയങ്ങളും മൂന്നുഭാഷകളും പഠിപ്പിച്ചുകൊണ്ട് കൂടുതൽ വിവരം വിദ്യാർത്ഥികളുടെ മേൽ അടിച്ചേല്പിക്കപ്പെടുന്നുവെന്നതാണ് വാസ്തവം. ഊർജ്ജതന്ത്രം, രസതന്ത്രം, ജൈവശാസ്ത്രം, ഭൂമിശാസ്ത്രം മുതലായവയ്ക്ക് ഓരോ പാഠപുസ്തകത്തിലും പ്രത്യേക അധ്യായങ്ങളുണ്ട്. ഓരോ പുസ്തകത്തിലും യുക്തിസഹമായ ക്രമമോ അധ്യായങ്ങൾ തമ്മിലുള്ള ബന്ധപ്പെടുത്തലോ ഇല്ലാതെ കൂടിക്കുഴഞ്ഞതാണ് ഇപ്പോഴത്തെ പാഠപുസ്തകഘടന. പരസ്പരബന്ധമോ പ്രാധാന്യമോ മനസ്സിലാകാതെ വിവരങ്ങളുടെ പ്രത്യേക ഇനങ്ങൾ പഠിക്കാൻ കുട്ടി നിർബന്ധിതയാകുന്നു. നിർദ്ദിഷ്ടഘടനയിൽ മൊത്തം വിവരഭാരം കുറവായിരിക്കും. നിരവധി വിഷയങ്ങളും അവയുടെ യുക്തിപരവും പ്രായോഗികവുമായ സാദ്ധ്യതകളും കുട്ടിയെ പരിചയപ്പെടുത്തുകയും കൂടുതൽ പര്യവേക്ഷണത്തിനായി അവളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെങ്കിലും ഈ ഘട്ടത്തിന്റെ അവസാനമാകുമ്പോഴേക്ക് കളിയുടെ രീതി മാറി ഔപചാരികമായ അധ്യാപന-പഠന പ്രക്രിയ സ്ഥാനം പിടിക്കും. എങ്കിലും സർഗാത്മകതയുടേയും അന്വേഷണത്തിൻെറയും അംശങ്ങൾ പുതിയ രൂപത്തിൽ തുടരുകയും ചെയ്യും. അപ്പോഴേക്കും സ്പോർട്സ് ഗെയിംസ്, സുകുമാരകലകൾ, സംഗീതം എന്നിവയിലൂടെ ഔപചാരികമായി തന്നെ ഏർപ്പെടുത്തുന്ന കായികവും ബൗദ്ധികവുമായ വളർച്ചക്കുള്ള സംവിധാനങ്ങളുമുണ്ടാവും. അങ്ങനെ പാഠ്യപദ്ധതിയുടെ ഭാരം വർദ്ധിക്കാതെ മുമ്പുണ്ടായിരുന്ന ഘടകങ്ങൾ പുതിയ രൂപം ആർജ്ജിക്കുകയാണ്.

4.53 ഈ ഘട്ടത്തിലേക്ക് അധ്യാപന-പഠന പ്രക്രിയയിൽ മുമ്പത്തേതിനേക്കാൾ പ്രധാനപ്പെട്ട പങ്ക് പാഠപുസ്തകങ്ങൾക്ക് ഉണ്ടാകുമെങ്കിലും പാഠപുസ്തകങ്ങൾക്കു മാത്രമായി മുഴുവൻ പാഠ്യപദ്ധതിയും ഉൾക്കൊള്ളാനാവില്ല. വായിക്കാനും എഴുതാനും കുട്ടി പഠിച്ചു കഴിഞ്ഞിരിക്കേ വായിക്കാൻ പുതിയവ ലഭ്യമാക്കുകയും പുതിയ കാര്യങ്ങൾ എഴുതാൻ ഏല്പിക്കുകയും ചെയ്യേണ്ടതുണ്ട്. അക്കാദമിക്ക് കോഴ്സുകൾക്കു പിൻബലമേകുന്ന പ്രായോഗിക പ്രവർത്തനങ്ങളും വർദ്ധിക്കും. ഇങ്ങനെ ക്ലാസ് മുറിക്കും

പ്രകൃതി പ്രതിഭാസവുമായുള്ള ഇടപഴകലിനും പുറമേ ഗ്രന്ഥശാല, പണിപ്പുര എന്നിവയുമായും സ്കൂളിലോ അയൽപക്കത്തോ ഉള്ള പ്രകൃതി ചരിത്ര മ്യൂസിയവുമായിപ്പോലും കുട്ടിയെ ബന്ധപ്പെടുത്തിയിട്ടുണ്ടാകും.സ്കൂളിലോ തൊട്ടയൽപക്കത്തോ സംഗീതം, സുകുമാരകലകൾ, കൈവേലകൾ, സ്പോർട്ടും, ഗെയിംസും എന്നിവ പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടും ഉണ്ടാവണം. പ്രാദേശിക തലത്തിലുള്ള വിജ്ഞാനവും വൈദഗ്ദ്ധ്യങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ പ്രവർത്തനാധിഷ്ഠിതവും അയവാർന്നതുമാകുന്ന തരത്തിൽ പാഠപുസ്തകങ്ങൾ പുനരാവിഷ്കരിക്കണം. ഭാഷകളിലെ നോൺഡീറ്റെയിൽഡ് പുസ്തകങ്ങൾക്ക് അനുപൂരകമായി പുസ്തകങ്ങളും ആനുകാലികങ്ങളും വൃത്താന്തപത്രങ്ങളും വായിക്കാൻ ലഭ്യമാക്കണം. അക്കാദമിക് പ്രവർത്തനങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് തന്നെ പ്രകൃതി പര്യടനങ്ങൾ, പഠനമേളകൾ, പ്രദർശനങ്ങൾ, ആനുകാലികങ്ങളുടെ പാരായണം, പ്രോജക്റ്റുകളുടെ നിർവഹണം മുതലായവ ഉൾപ്പെടുത്താം. അവയുടെ മുഖ്യകേന്ദ്രസ്ഥാനമായി സ്കൂൾ വർത്തിക്കണം.

4.54 കുട്ടികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ അധ്യാപകർ സന്നദ്ധരാകുകയും, പ്രോജക്റ്റുകളും പര്യവേക്ഷണവും ഉൾപ്പടെയുള്ള പ്രവർത്തനങ്ങളിൽ അവർക്കു മാർഗദർശികളായി വർത്തിക്കുകയും ചെയ്യണം. അധ്യാപകർക്ക് ഒരളവോളം സ്പെഷ്യലൈസേഷൻ പ്രയോജനകരമാണെങ്കിലും ഒരു ഉദ്ഗ്രഥിതസമീപനം അവർ അവലംബിക്കണം. വിവരത്തിന്റേയും വൈദഗ്ദ്ധ്യത്തിന്റേയും നിലവാരം ഉയർത്തുന്നതിന് അധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ ആവശ്യമാണ്; കുട്ടിക്ക് അപരിചിതമായ രണ്ടാമത്തേയും മൂന്നാമത്തേയും ഭാഷകൾ പഠിപ്പിക്കുന്നവർ എന്ന നിലയിൽ ഇംഗ്ലീഷ്-ഹിന്ദി അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ക്ലാസിലെ അംഗസംഖ്യ മുപ്പതിൽ കവിയരുത്. ലോവർപ്രൈമറി ഘട്ടത്തിലെന്ന പോലെ മൂല്യനിർണയം സമഗ്രവും നിരന്തരവുമായിരിക്കണം. ഇപ്പോൾ പരീക്ഷാ വ്യവസ്ഥക്കു ബാഹ്യമായ സ്പോർട്സിലേയും, സുകുമാരകലകളിലേയും നേട്ടങ്ങൾ ഗ്രേഡിംഗ്-ക്രെഡിറ്റ് സംവിധാനത്തിൽ ഉൾക്കൊള്ളിക്കണം. ഡയറ്റുകൾ, ബി.ആർ.സികൾ, സി.ആർ.സികൾ എന്നിവയുടെ സഹകരണത്തോടെ എസ്.സി.ഇ.ആർ.ടി സംസ്ഥാനത്തുടനീളം ലോവർ പ്രൈമറി-അപ്പർ പ്രൈമറിഘട്ടങ്ങളുടെ അവസാനത്തിൽ കുട്ടികൾ കൈവരിച്ച നേട്ടത്തിന്റെ നിലവാരം കാലാകാലം വിലയിരുത്തണം. ആവശ്യമെങ്കിൽ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് അധ്യാപകർക്കും മാതാപിതാക്കൾക്കും പഞ്ചായത്ത്രാജ് സമിതികൾക്കും ഉപയോഗിക്കാവുന്ന സൂചകങ്ങളായി ഇവ വർത്തിക്കും.

4.55 ഏഴാം ക്ലാസ് എന്ന അപ്പർപ്രൈമറി ഘട്ടത്തിന്റെ അവസാനത്തോടെ കുട്ടി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കുന്നു. ഈ ഘട്ടത്തിൽ ചില പ്രധാന പ്രശ്നങ്ങൾ ഉയർന്നുവരുന്നു. ഒരളവോളം തൊഴിൽപരിശീലനം ഏർപ്പെടുത്തുന്നതു സംബന്ധമായതാണ് ഒന്ന്. നിർദിഷ്ട പദ്ധതിപ്രകാരം വിദ്യാർത്ഥിക്ക് വിവിധ ഉത്പാദനപ്രവർത്തനങ്ങൾ പരിചയപ്പെടുത്തും. ഇത്തരം ഓരോ ജോലിയിലും അഭിരുചി ജനിപ്പിക്കുന്നതിനും അത്തരം പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനുമാണിത്. ദേശീയ രീതിപ്രകാരം എട്ടാം സ്റ്റാന്റേർഡും അപ്പർ പ്രൈമറി ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ് രണ്ടാമത്തെ പ്രശ്നം. ഇതുകൊണ്ട് ചില നേട്ടങ്ങളുണ്ട്. എട്ടാം സ്റ്റാന്റേർഡു വരെ സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എന്ന ആശയം സ്വാഭാവികമായും കേരളത്തിൽ ഒരു യാഥാർത്ഥ്യമാകും. 14 വയസ്സുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് നിയമനിർമ്മാണവും സാദ്ധ്യമാകും. മാത്രമല്ല ഈ ഘട്ടത്തിലെ പാഠ്യപദ്ധതിയുടെ ബഹുമുഖ ലക്ഷ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനും എട്ടാം ക്ലാസ് കൂടി ഉൾപ്പെടുത്തുന്നതിലൂടെ സാധിക്കും. പ്രൈമറി-സെക്കണ്ടറി സ്കൂളുകളുടെ ഘടന, അധ്യാപകരുടെ സേവന വ്യവസ്ഥകൾ, ഭരണശ്രേണികൾ തുടങ്ങി സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള ചട്ടക്കൂടിനെ തകിടം മറിക്കുമെന്ന ദോഷവും അതിനുണ്ട്. എട്ടാം ക്ലാസ് ഉൾപ്പെടുത്തുന്നതിന്റെ ഗുണദോഷങ്ങൾ ശ്രദ്ധാപൂർവ്വം തിട്ടപ്പെടുത്തി വ്യാപകമായി ചർച്ച നടത്തിയ ശേഷം വേണം അത് നടപ്പിലാക്കുന്നത്.

സെക്കണ്ടറി ഘട്ടം

4.56 എട്ടു മുതൽ പത്തുവരെ സ്റ്റാന്റേർഡുകൾ അടങ്ങുന്ന സ്കൂൾ സമ്പ്രദായത്തിൽ ഇപ്പോൾ ഏറ്റവും ഉയർന്ന ഘട്ടം സെക്കണ്ടറി തലമാണ്. പ്രാഥമിക ഘട്ടത്തിൽ നിന്നു ഭിന്നമായി സെക്കണ്ടറി ഘട്ടത്തിൽ കൊഴിഞ്ഞുപോക്കിന്റെ പ്രശ്നമുണ്ട്. പ്രകടനം നല്ല രീതിയിൽ നിലനിർത്തുവാനോ മെച്ചപ്പെടുത്തുവാനോ ആയി കുട്ടികളിൽ 20 ശതമാനത്തെ വരെ തോല്പിക്കാമെന്ന വ്യവസ്ഥ സ്കൂളുകൾ ഉപയോഗപ്പെടുത്തുന്നു. പരാജയപ്പെട്ട വിദ്യാർത്ഥികളെ അതേ സ്കൂളിൽ തുടരാൻ അനുവദിക്കുന്നില്ല. അവർ മറ്റു സ്കൂളുകളിൽ ചേരുകയോ സ്കൂൾ വ്യവസ്ഥയിൽ നിന്ന് അപ്പാടെ കൊഴിഞ്ഞുപോകുകയോ ചെയ്യുന്നു. ചില വിദ്യാർത്ഥികൾ പ്രൈവറ്റായി പരീക്ഷയ്ക്ക് ഇരിക്കുന്നുണ്ടെങ്കിലും അധികംപേരും അതിനു തുനിയുന്നില്ല. പ്രാഥമിക ഘട്ടത്തിൽ പ്രവേശനം നേടുന്നവരിൽ നാലിലൊന്ന് അപ്പർ പ്രൈമറി ഘട്ടത്തിനപ്പുറം പോകുന്നില്ലെന്നത് ഗുരുതരമായ ആശങ്കക്കിട നൽകുന്നു. അധ:സ്ഥിത വർഗ്ഗങ്ങൾ, ആദിവാസികൾ എന്നിവർക്കിടയിലാണ് കൊഴിഞ്ഞുപോക്ക് ഏറ്റവും ഗുരുതരമായ തോതിലെന്നും ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കുന്നു. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ അവർ തഴയപ്പെടുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

4.57 ഈ ഘട്ടത്തിൽ പ്രദാനം ചെയ്യപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് വ്യക്തമായ സൂചനകളൊന്നുമില്ല. എസ്.എസ്.എൽ.സി പരീക്ഷയാണ് ഒരു സൂചകമെങ്കിൽ എത്തിച്ചേരുന്ന നിഗമനം സന്തോഷപ്രദമായ ഒന്നല്ല. പ്രൈമറി ഘട്ടത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ മൂന്നിലൊന്ന് മാത്രമേ എസ്.എസ്.എൽ.സി പാസ്സാകുന്നുള്ളു; പത്ത്-പതിനഞ്ച് ശതമാനത്തിൽ കൂടുതൽ പേർക്ക് തുടർന്നുള്ള വിദ്യാഭ്യാസത്തിന് സാധ്യതയുമില്ല. അവശേഷിക്കുന്ന വിദ്യാർത്ഥികൾ പാരലൽ കോളേജിൽ ചേരുകയോ വിവിധ നിലവാരത്തിലുള്ള തൊഴിലുന്മുഖ പരിശീലനം നേടുകയോ ചെയ്യുകയാണ്.

4.58 അതിനാൽ സെക്കണ്ടറി ഘട്ടത്തിന്റെ ഉടച്ചുവാർക്കൽ ഗൗരവപൂർവമായ പുന:പരിശോധന അർഹിക്കുന്നതാണ്. യാതൊരു വിയോജിപ്പുമുണ്ടാകാൻ ഇടയില്ലാത്ത ചില പൊതു ലക്ഷ്യങ്ങളുണ്ട്: ഭാഷാ വൈദഗ്ദ്ധ്യമുയർത്തൽ, ശാസ്ത്രത്തിലെ അടിസ്ഥാനപരമായ ആശയങ്ങൾ സംബന്ധിച്ച കൂടുതൽ ആഴത്തിലുള്ള പഠനം, രാഷ്ട്രത്തിന്റെ സാംസ്കാരിക പൈതൃകം ഗ്രഹിക്കൽ, വിവിധ രാഷ്ട്രങ്ങളേയും സംസ്കാരങ്ങളേയും സംബന്ധിച്ച പഠനം, പലതരം തൊഴിൽ വൈദഗ്ധ്യം വളർത്തിയെടുക്കൽ, ജനാധിപത്യാവബോധം വികസിപ്പിക്കൽ, ലാവണ്യപരമായ ഭാവുകത്വം വളർത്തൽ എന്നിവയാണവ. സ്വഭാവരൂപീകരണം, മതനിരപേക്ഷവും സമത്വപൂർവവുമായ സമീപനം, ശാസ്ത്രീയബോധം വളർത്തൽ എന്നിവയിലും പ്രത്യേതരമായ പ്രവർത്തനങ്ങളിലൂടെ ഈ ഘട്ടത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കണം. പാഠ്യപദ്ധതിക്ക് രൂപം നൽകുകയും പാഠ്യപദ്ധതി ഫലപ്രദമായ വിധത്തിൽ പ്രയോഗിക്കുകയും ചെയ്യുക എന്നത് ഒരു പ്രശ്നം തന്നെയാണ്. ഈ ഘട്ടത്തിലെ പഠനത്തിൽ, തീർത്തും പരീക്ഷാകേന്ദ്രീകൃതമായ സമീപനം സ്ഥിതിവിശേഷം കൂടുതൽ സങ്കീർണ്ണമാക്കുന്നു. പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു വേണ്ടി സ്പോർട്സിലോ, സുകുമാരകലകളിലോ ഉള്ള സർഗ്ഗാത്മകസിദ്ധികൾ പിന്തുടരുന്നതിൽനിന്നു പോലും വിദ്യാർത്ഥികളെ തടയുകയാണ്. വിവിധ കാലഘട്ടങ്ങളിൽ ഏർപ്പെടുത്തിയ എന്തെല്ലാം പരിഷ്കരണങ്ങളുണ്ടെങ്കിലും നിലവിലുള്ള എസ്.എസ്.എൽ.സി പരീക്ഷ ഓർമ്മയുടെ പരീക്ഷണത്തിൽ കവിഞ്ഞ ഒന്നുമല്ല. ഒരു വിദ്യാർത്ഥിയുടെ നേട്ടങ്ങൾ സമഗ്രമായി മൂല്യനിർണ്ണയം ചെയ്യുന്നതിൽ അതു വിജയിക്കുന്നുമില്ല.

4.59 പൊതുവിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമായാണ് സെക്കണ്ടറി ഘട്ടത്തെ ഇതുവരെയും കണക്കാക്കിപ്പോന്നത്. അതിനുശേഷം വിദ്യാർത്ഥികൾ ഉന്നത നിലവാരത്തിലുള്ള പഠനത്തിലേർപ്പെടുകയോ തൊഴിൽസേനയിൽ ചേരുകയോ ചെയ്യുന്നു. എന്നാൽ പ്രയോജനകരമായ

തൊഴിൽ നേടുന്നതിന് ആവശ്യമായ വിജ്ഞാനമോ വൈദഗ്ദ്ധ്യമോ കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നാണ് അനുഭവം. തൊഴിലിനു വേണ്ടിയുള്ള ആവശ്യക്കാർ വൻതോതിലായിരിക്കെ എസ്.എസ്.എൽ.സി മാത്രമുള്ള ഒരു സാധാരണക്കാരന് അവസാന പരിഗണനയാണ് നൽകപ്പെടുന്നത്. മറ്റെന്തെങ്കിലും ബിരുദമോ വൈദഗ്ദ്ധ്യമോ എല്ലായ്പ്പോഴും ആവശ്യമായി വരുന്നു. എസ്.എസ്.എൽ.സി പരീക്ഷയിലെ പ്രകടനരീതി വ്യക്തമാക്കുന്നത് മിക്ക വിദ്യാർത്ഥികൾക്കും തുടർന്നുള്ള അക്കാദമിക് പരിപാടികൾക്ക് ആവശ്യമായ ശേഷിയോ, ഉൽപാദന പ്രവർത്തനങ്ങളിലോ വിദഗ്ദ്ധതൊഴിലുകളിലോ ഏർപ്പെടുന്നതിന് ആവശ്യമായ അവസരമോ അടിസ്ഥാനപരമായ പരിശീലനമോ ലഭിക്കുന്നില്ല എന്നാണ്. പ്രാഥമികതലത്തിൽ അനേകം വിദ്യാർത്ഥികൾ പ്രകടമാക്കുന്ന സർഗ്ഗശേഷിയും അഭിരുചികളും എസ്.എസ്.എൽ.സി പരീക്ഷയിൽ ഡിസ്റ്റിംഗ്ഷനോ ഫസ്റ്റ് ക്ലാസോ ലഭിക്കുന്നതിനു വേണ്ടിയുള്ള പന്തയത്തിനിടയിൽ വറ്റിപ്പോകുന്നു. മികച്ച മാർക്കു നേടാൻ അവർക്ക് സാധിച്ചില്ലെങ്കിൽ അവരുടെ ആത്മവിശ്വാസത്തെ അത് ഗുരുതരമായി ബാധിക്കുകയും ചെയ്യുന്നു.

4.60 വിദ്യാഭ്യാസത്തിലെ സമത്വം എന്നതിനർത്ഥം വർഗപരമോ ജാതീയമോ ലിംഗപരമോ മതപരമോ ആയ ഭേദങ്ങളില്ലാതെ സർഗാത്മകതയും വൈദഗ്ദ്ധ്യവും വിജ്ഞാനവും ആർജ്ജിക്കാൻ ഏതു കുട്ടിക്കും തുല്യമായ അവസരങ്ങളുണ്ടാവുക എന്നതാണ്. ശേഷികളും അഭിരുചിയും കണക്കിലെടുക്കാതെ എല്ലാ കുട്ടികളേയും ഒരേ കാര്യം തന്നെ പഠിപ്പിക്കുക എന്നല്ല ഇതിനർത്ഥം. പ്രാഥമികഘട്ടത്തിൽ സാർവജനികമായ പാഠ്യപദ്ധതി ആവശ്യമാണ്. കാരണം എല്ലാ കുട്ടികളും രൂപീകരണഘട്ടത്തിലാണ്. അഭിരുചികളുടെ അടിസ്ഥാനത്തിൽ അവരെ അപ്പോൾ വേർതിരിക്കുന്നത് അപകടമായിരിക്കും. എന്നാൽ സെക്കണ്ടറി ഘട്ടമെത്തുമ്പോഴേക്കും താൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായ വിജ്ഞാനത്തിന്റെയോ വൈദഗ്ദ്ധ്യത്തിന്റെയോ മേഖലയെക്കുറിച്ച് കുട്ടിക്ക് വ്യക്തമായ ആശയമുണ്ടായിരിക്കണം. അഥവാ അതു കണ്ടെത്താൻ അവളെ സഹായിക്കണം. അക്കാദമിക പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ ഒരേതരം ശേഷിയോ വൈദഗ്ദ്ധ്യമോ എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കുകയില്ലെന്നത് അംഗീകരിക്കേണ്ടതുണ്ട്. ഒന്നിൽ കൂടുതൽ കഴിവുകൾ പ്രകടമാക്കുമ്പോൾ മറ്റൊന്നിൽ മോശമാവാം. തൊഴിൽ വൈദഗ്ദ്ധ്യം മുതൽ വിജ്ഞാനത്തിന്റെ സൈദ്ധാന്തികരൂപങ്ങൾ വരെ വിവിധതരം സാധ്യതകളിൽ നിന്ന് ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കാൻ കുട്ടിക്ക് പ്രചോദനമേകുക എന്നതാണ് പ്രധാനം. സമൂഹത്തിന്റെയോ മാതാപിതാക്കളുടെയോ സ്കൂളിന്റെയോ ഇച്ഛ അവളുടെ മേൽ അടിച്ചേല്പിക്കപ്പെട്ടു കൂടാ. വിദ്യാഭ്യാസ പ്രവർത്തനത്തിൽ സമത്വം വളർത്തിക്കൊണ്ടുള്ള അവസരജനാധിപത്യത്തിന്റെ യഥാർത്ഥ പ്രക്രിയയായിരിക്കുമിത്.

4.61 തീർച്ചയായും ഈ പ്രക്രിയക്ക് ചില പരിമിതികളുണ്ട്. അക്കാദമികമോ തൊഴിൽപരമോ ആയ തുടർ വിദ്യാഭ്യാസവും പരിശീലനവും സമൂഹത്തിന്റെ വികസനത്തിലെ ഇപ്പോഴത്തെ അവസ്ഥയുടെ ആവശ്യങ്ങൾ, അതിനേർപ്പെടുത്താൻ കഴിയുന്ന സൗകര്യങ്ങൾ, വിഭവങ്ങൾ എന്നിവയുമായി സ്വാഭാവികമായും ബന്ധപ്പെട്ടിരിക്കും. അതിനാൽ മുഴുവൻ വിദ്യാർത്ഥികളുടെയും അഭിലാഷങ്ങളോ, അവരുടെ അച്ഛനമ്മമാർ ഉന്നയിക്കുന്ന ആവശ്യങ്ങളോ നിറവേറ്റുവാൻ കഴിയുകയില്ല. ഉത്പാദന മേഖലകളിൽ വിദഗ്ദ്ധ തൊഴിലാളികളുടെ ആവശ്യം ഗുരുതരമായി നേരിടുന്ന കേരളത്തിൽ സംസ്ഥാനത്തിന്റെ ശ്രദ്ധപതിയേണ്ടത് ഈ മേഖലകളിൽ ആവശ്യമായ വിദഗ്ദ്ധരെ വാർത്തെടുക്കുന്നതിലാണ്. സാങ്കേതികവിദഗ്ദ്ധരായ കൈവേലക്കാർ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മറ്റ് സാമൂഹ്യ സേവനതുറകളിൽ ആവശ്യമായ വിവിധ നിലവാരങ്ങളിലുള്ള തൊഴിലാളികൾ എന്നിവരെയും പ്രൊഫഷണൽ- മാനേജീരിയൽ സേവനത്തുറകളിലുള്ളവർ, ആസൂത്രണ വിദഗ്ദ്ധർ എന്നിവരും ഉണ്ടാവണം. ഇവയ്ക്ക് പുറമേ ഓരോ സമൂഹത്തിനും കായികപ്രതിഭകൾ, കലാകാരന്മാർ, മാധ്യമപ്രവർത്തകർ, സാമൂഹ്യശാസ്ത്രകാരന്മാർ, സാങ്കേതികപരിജ്ഞാനം സിദ്ധിച്ചവർ, ശുദ്ധശാസ്ത്രജ്ഞർ എന്നിവരെയും ആവശ്യമുണ്ട്. ഈ തുറകളുമായെല്ലാം ബന്ധപ്പെട്ടതായിരിക്കും വിദ്യാർത്ഥികൾക്ക് മുമ്പാകെയുള്ള അവസരങ്ങൾ.

4.62 ഇത് യാഥാർത്ഥ്യമാക്കുന്നതിന് സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള ഏകീകൃത രൂപത്തിനു പകരം കൂടുതൽ അയവാർന്ന ഒന്ന് ഏർപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ സെക്കണ്ടറിതലത്തിൽ നിശ്ചയിക്കപ്പെടുന്നതെല്ലാം മുഴുവൻ വിദ്യാർത്ഥികളും പഠിക്കേണ്ടതില്ല എന്ന തിരിച്ചറിവാണ് പുതിയ സമീപനത്തിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പ്. താൻ തിരഞ്ഞെടുക്കുന്ന തൊഴിലോ പ്രൊഫഷനോ ഏതുതന്നെയായാലും, സാമൂഹ്യമായ ഉത്തരവാദിത്ത ബോധമുള്ള ഇന്ത്യയിലെ ഓരോ മനുഷ്യജീവിയും അറിഞ്ഞിരിക്കേണ്ടതായ ഭാഷകൾ, സാമാന്യശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, സംസ്കാരം മുതലായവ ഉൾക്കൊള്ളുന്ന പൊതുവായ ഒരു പാഠ്യപദ്ധതി സെക്കണ്ടറി ഘട്ടത്തിലുണ്ടായിരിക്കണം. ഉത്പാദനപരമായ അദ്ധ്വാനവുമായി ബന്ധപ്പെട്ട ഒരു കോഴ്സും അതിലുൾപ്പെടണം. ഈ കോഴ്സുകൾ ജോലി ഉദ്ദേശിച്ചുള്ളതായിരിക്കുകയില്ല. പ്രത്യേക വൈദഗ്ദ്ധ്യം നേടുന്നതിനുള്ള വിഷയങ്ങളോ കാഴ്ചപ്പാടുകളോ അതിലടങ്ങുകയില്ല. സമൂഹത്തിലെ ഉത്പാദനപ്രക്രിയകളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കാൻ ഉദ്ദേശിച്ചുള്ളതാണത്. തൊഴിൽപരം മുതൽ സൈദ്ധാന്തികം വരെയുള്ള ഏതാനും ഐച്ഛികവിഷയങ്ങളും സെക്കണ്ടറിപാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം. അക്കാദമികമോ തികച്ചും തൊഴിൽപരമോ ആയ ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന തയ്യാറെടുക്കൽ ഘട്ടം എന്ന നിലയിൽ വിദ്യാർത്ഥിക്ക് അവയിൽ നിന്നും തിരഞ്ഞെടുക്കാൻ കഴിയണം. ഉദാഹരണത്തിന് ഊർജ്ജതന്ത്രത്തിൽ ഓരോ വിദ്യാർത്ഥിയും അറിഞ്ഞിരിക്കേണ്ടതായുള്ള ആശയങ്ങളും പ്രയോഗങ്ങളും പൊതുവായ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കും. എന്നാൽ ഈ വിഷയത്തിൽ തുടർന്നുള്ള പഠനം നടത്തുന്നതിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ആവശ്യമായ ആശയങ്ങളും പ്രയോഗങ്ങളും ഉന്നത കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കും. കൃഷിയോ സംഗീതമോ പോലെയുള്ള ഒരു തൊഴിലിന് തയ്യാറെടുക്കുന്നവരും പഠനം നടത്തേണ്ടതായ പൊതുവായ ഒരു കോഴ്സുണ്ടായിരിക്കും. ഒപ്പം ബന്ധപ്പെട്ട തൊഴിലിന് തീർത്തും ആവശ്യമായ ഉന്നത കോഴ്സ് ഐച്ഛികവിഷയമായി തിരഞ്ഞെടുക്കാം. തികച്ചും സൈദ്ധാന്തികമോ പൂർണ്ണമായും തൊഴിൽപരമോ ആയ അടിസ്ഥാനത്തിലല്ല ഐച്ഛിക വിഷയങ്ങൾ തിരഞ്ഞെടുക്കപ്പെടേണ്ടത്. രണ്ടും ചേർന്ന സംയുക്തങ്ങൾ തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കപ്പെടണം. കാരണം ജീവിതത്തിൽ തങ്ങൾ ചെയ്യാനുദ്ദേശിക്കുന്നത് സംബന്ധിച്ച ആഗ്രഹം എന്തുതന്നെയായാലും തൊഴിൽ വിദ്യാഭ്യാസത്തിന്റേതായ അടിത്തറയെങ്കിലും അവർക്കുണ്ടായിരിക്കണം.

4.63 നിർബന്ധിതമായ തൊഴിൽ വിദ്യാഭ്യാസത്തോടു കൂടി എട്ടാം സ്റ്റാന്റേർഡ് പൊതുധാരയിൽ തുടർന്നും നിലനിർത്താവുന്നതാണ്. ഐച്ഛികവിഷയങ്ങൾ ഒമ്പതാം സ്റ്റാൻഡേർഡു മുതൽ ഏർപ്പെടുത്താം. തന്റെ പഠനം ഏതു ദിശയിലാകണമെന്ന് തീരുമാനിക്കാൻ കഴിയുന്നതിന് ഐച്ഛികവിഷയം തെരഞ്ഞെടുക്കുവാൻ വിദ്യാർത്ഥിയെ സജ്ജമാക്കുന്നതിനാണിത്. വിദ്യാർത്ഥിയുടെ നേട്ടങ്ങളും വീഴ്ചകളും നിരീക്ഷിച്ച് തിട്ടപ്പെടുത്തുവാനും തദനുസൃതമായി അവൾക്ക് മാർഗ്ഗനിർദ്ദേശമേകുവാനും അധ്യാപികക്ക് ഇത് സഹായകമാകും. സ്വന്തം ഇഷ്ടാനിഷ്ടങ്ങളോ മുൻവിധികളോ വിദ്യാർത്ഥിയുടെ ജോലിയെ സംബന്ധിച്ച കാര്യങ്ങളിൽ അധ്യാപിക അടിച്ചേല്പിച്ചുകൂടാ. ശ്രദ്ധാപൂർവ്വം തയ്യാറാക്കപ്പെട്ടതും സമഗ്രവുമായ മൂല്യനിർണയപദ്ധതിയുടെ ചട്ടക്കൂടിനകത്തുള്ള വിലയിരുത്തലായിരിക്കണം നടത്തേണ്ടത്. വിദ്യാർത്ഥിയുടെ തൊഴിലിന് ആവശ്യമായ ഗുണവിശേഷങ്ങളിൽ ശ്രദ്ധപതിപ്പിക്കുകയും വേണം. ഇതിനർത്ഥം തുടർച്ചയായി മൂന്നു വർഷക്കാലം സെക്കണ്ടറിഘട്ടത്തിൽ ആഭ്യന്തര മൂല്യനിർണ്ണയ സമ്പ്രദായം ഉണ്ടായിരിക്കണമെന്നാണ്. പ്രാഥമികഘട്ടത്തിലെ മൂല്യനിർണയം പഠിതാവിന്റെ അടിസ്ഥാനപരമായ നേട്ടങ്ങൾ പുറത്തുകൊണ്ടുവരുമ്പോൾ സെക്കണ്ടറിഘട്ടത്തിലെ മൂല്യനിർണയം സമഗ്രമായിരിക്കെ തന്നെയും കുട്ടിയുടെ സവിശേഷമായ ഗുണങ്ങൾ പുറത്തുകൊണ്ടുവരുവാൻ സഹായകമാകും. സൂക്ഷ്മമായ ഈ കടമ നിർവഹിക്കുന്നതിനുള്ള പരിശീലനവും ദിശാബോധവും അധ്യാപകർക്കുണ്ടായിരിക്കണം.

4.64 എസ്.എസ്.എൽ.സി പരീക്ഷയുടെ പങ്കും പരിവർത്തന വിധേയമാകേണ്ടതുണ്ട്. ഇപ്പോഴത്തെ

അടിസ്ഥാനപരമായ മാനദണ്ഡം നേട്ടത്തിൻെറ ഒരു നിശ്ചിത നിലവാരമാണ്. സാമൂഹ്യപശ്ചാത്തലം, സൗകര്യങ്ങൾ, അഭിരുചികൾ എന്നിവയുടെ ഭേദമില്ലാതെ മുഴുവൻ കുട്ടികളും 2-3 മണിക്കൂർ നീളുന്ന ഒരേ രീതിയിലുള്ള മൂല്യനിർണയ സമ്പ്രദായപ്രകാരം പരിശോധനാ വിധേയമാവുകയാണിപ്പോൾ. പരീക്ഷ നടക്കുന്ന അങ്ങേയറ്റം മത്സരാധിഷ്ഠിതമായ അന്തരീക്ഷത്തിൽ, മത്സരാധിഷ്ഠിത സംവിധാനത്തിൽ, ആവശ്യമായ, മതിയായ തോതിലുള്ള സൗകര്യങ്ങളും ചിട്ടയായ പ്രയോഗസംവിധാനവുമുള്ള ഉയർന്ന സാമൂഹ്യപശ്ചാത്തലത്തിൽ നിന്നുവരുന്ന കുട്ടികൾ റാങ്കുകളും ഡിസ്റ്റിംഗ്ഷനുകളും നേടുന്നതിൽ അതിശയമില്ല. ഈ തലത്തിലെ പ്രകടനം സ്കൂൾ സമ്പ്രദായത്തിനകത്ത് രൂപം കൊള്ളാതെപോയ അഭിരുചികൾ പ്രതിഫലിപ്പിക്കുന്നില്ലെന്നത് സുവിദിതമാണ്. നേരെമറിച്ച് എസ്.എസ്എൽ.സി പരിക്ഷക്ക് ഒരു വിദ്യാർത്ഥി മോശപ്പെട്ട മാർക്ക് വാങ്ങുന്നത് അവളുടെ സാമൂഹ്യമായ പ്രയോജനക്ഷമത മോശപ്പെട്ടതിന്റെ പ്രതിഫലനമായി കണക്കാക്കപ്പെടുകയും ചെയ്യും. അവളുടെ തുടർന്നുള്ള സമൂഹ്യപ്രകടനത്തിൽ സ്ഥിരമായ വൈകല്യമായി അതു മാറുകയും ചെയ്യുന്നു. അസാധാരണമായ പ്രതിഭാവിലാസമില്ലെങ്കിൽ അവളുടെ അഭിരുചികൾ പരിഗണിക്കപ്പെടുകയില്ല. ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. പ്രത്യേക വിധത്തിലുള്ള വൈയക്തികനേട്ടങ്ങളെ നിരാകരിച്ചുകൊണ്ട് വിദ്യാർത്ഥികളിൽ 50 ശതമാനത്തെ കൊള്ളരുതാത്തവരെന്നു വിധിക്കുന്ന നിലവിലുള്ള പരീക്ഷാരീതി ഉപേക്ഷിച്ചാൽ മാത്രമേ ഈ സ്ഥിതി മാറ്റാനാവൂ. മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ വിജയം നിർണ്ണയിക്കുന്ന രീതി അവസാനിപ്പിച്ചേ ഇത് സാധ്യമാകൂ. പൊതുവിഷയങ്ങൾക്കെന്ന പോലെ ഐച്ഛിക വിഷയങ്ങൾക്കും ക്രെഡിറ്റ് നൽകുന്ന ഗ്രേഡിംഗ് സമ്പ്രദായത്തിലേക്ക് എസ്.എസ്.എൽ.സി മാറണം. പാഠാനുബന്ധമായ കലാ-കായിക രംഗങ്ങളിലെ പ്രാവീണ്യത്തിനും ക്രെഡിറ്റ് നൽകണം. വിദ്യാർത്ഥിക്ക് എസ്.എസ്.എൽ.സിക്ക് ഗ്രേഡ് നൽകുന്നതിന് ഒമ്പതും പത്തും സ്റ്റാൻഡേർഡുകളിലെ തുടർമൂല്യനിർണയ ഫലങ്ങളും അവസാനപരീക്ഷയിലെ പ്രകടനവും പരിഗണിക്കണം. അവസാനപരീക്ഷ തന്നെ വാചിക പരിശോധനകൾ, കൂട്ടായചർച്ചകൾ, ലിഖിതപരീക്ഷകൾ എന്നിവ കൂട്ടിയിണക്കിയുള്ള സമ്പ്രദായം കൊണ്ട് പകരം വെയ്ക്കാം. വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം കൂടുതൽ സമഗ്രമായ മൂല്യനിർണ്ണയ പ്രക്രിയയാകും ഇതെന്നതിനാൽ നേട്ടങ്ങളുടെ കൂടുതൽ നീതിപൂർവമായ സൂചിക ഇതായിരിക്കും. മൊത്തത്തിലുള്ള ഏറ്റവും കുറഞ്ഞമാർക്കോ, ഓരോ വിഷയത്തിനും പ്രത്യേകമായുള്ള കുറഞ്ഞ മാർക്കോ നിജപ്പെടുത്തേണ്ടതില്ല. എന്നാൽ പൊതുവിഷയങ്ങൾക്ക് സാമൂഹികമായി അംഗീകരിക്കപ്പെട്ട പ്രകടന നിലവാരത്തിന്റെ സൂചകമെന്ന നിലയിൽ പ്രകടനത്തിന്റെ ഏറ്റവും കുറഞ്ഞ തോത് നിജപ്പെടുത്താവുന്നതാണ്. അധ്യാപകരുടെ മതിയായ തരത്തിലുള്ള ഉപദേശങ്ങളോടൊപ്പമുള്ള ഗ്രേഡ് നിർണ്ണയം തുടർന്നുള്ള പഠനത്തിന്റെ മേഖല തെരഞ്ഞെടുക്കാൻ വിദ്യാർത്ഥിക്ക് കഴിവേകും. ഏതാനും വിഷയങ്ങളിൽ മോശമായതുകൊണ്ട്, മികവാർന്ന വിഷയങ്ങളിലെ തുടർന്നുള്ള പഠനത്തിൽ നിന്ന് വിദ്യാർത്ഥി തടയപ്പെടുന്നില്ല എന്നതാണ് വിലയിരുത്തലിന്റെ പുതിയ രൂപം കൊണ്ട് അർത്ഥമാക്കുന്നത്. പ്രൈമറി സ്ക്കൂളിൽ അഡ്മിഷൻ നേടുന്നവരെല്ലാം പുറംതള്ളപ്പെടലോ, പുറത്താവലോ, കൊഴിഞ്ഞുപോക്കോ കൂടാതെ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുക എന്നതായിരിക്കണം ലക്ഷ്യം. ഓരോ കുട്ടിക്കും പ്രയോജനകരമായ വിധത്തിൽ പത്തു വർഷത്തെ സ്കൂൾ വിദ്യാഭ്യാസം നൽകുവാൻ ഭരണകൂടം ബാധ്യസ്ഥമാണ്.

4.65 സ്കൂളിൽ പഠിപ്പിക്കുന്ന ഭാഷകളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയവ പൊതു പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കണം. വിദ്യാർത്ഥി ആഗ്രഹിക്കുന്നുവെങ്കിൽ ഇവയിൽ ഐച്ഛികമായി ഉന്നത കോഴ്സുകളിലുള്ള പഠനത്തിനുള്ള വ്യവസ്ഥയുമുണ്ടായിരിക്കണം. അറബിക്, സംസ്കൃതം മുതലായ മറ്റു ഭാഷകളും ഐച്ഛികങ്ങളാവാം. മലയാളപഠനത്തിൽ സർഗ്ഗരചന, പരിഭാഷ, സംസ്ഥാനത്തെ സംസ്കാരത്തിന്റെ ആസ്വാദനം എന്നിവ ഉൾപ്പെടേണ്ടതുണ്ട്. സെക്കണ്ടറി ഘട്ടത്തിൽ

ഇംഗ്ലീഷിലും ഹിന്ദിയിലും പ്രാവീണ്യം വികസിപ്പിക്കുവാനും ആശയവിനിമയത്തിനുള്ള വൈദഗ്ദ്ധ്യമാർജ്ജിക്കുവാനും വിദ്യാർത്ഥികൾക്ക് സാധിക്കണം.

4.66 സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ളതും പ്രാദേശിക വൈവിധ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ വികസന പരിപ്രേക്ഷ്യത്തിന്റെ പ്രതിഫലനമായിരിക്കണം തൊഴിൽപാഠങ്ങൾ. തൊഴിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഏതു തീരുമാനം കൈക്കൊള്ളുന്നതിന്റെയും അടിസ്ഥാനം വികസന പരിപ്രേക്ഷ്യമായിരിക്കും. എങ്കിലും സ്കൂളിലെ വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് നിർണ്ണായകമായത് മേഖലാ തലത്തിലുള്ള വൈവിധ്യങ്ങളായിരിക്കും. തങ്ങളുടെ അയൽപക്കത്ത് ലഭ്യമാവുന്ന സൗകര്യങ്ങൾക്കനുസൃതമായ വൊക്കേഷണൽ കോഴ്സുകൾ സ്ക്കൂളുകൾ തെരഞ്ഞെടുക്കണം. തൊഴിൽപരമായ വിഷയങ്ങൾ മുഴുവനായും സ്ക്കൂളിൽ തന്നെ പഠിപ്പിക്കേണ്ടതില്ല. അതാതു പ്രദേശത്തെ വിദഗ്ദ്ധരുടേയോ തൊഴിൽശാലകളുടേയൊ സ്ഥാപനങ്ങളുടേയോ സേവനം വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അത്തരം വിദഗ്ദ്ധരുടെ സേവനങ്ങളെ പഞ്ചായത്തുകൾ ഏകോപിപ്പിക്കണം. വൊക്കേഷണൽ വിഷയങ്ങളും ഐച്ഛികകോഴ്സുകളും പഠിക്കുന്നതിന് മതിയായ സമയം ലഭ്യമാക്കിക്കൊണ്ട് സ്ക്കൂളിലെ പ്രവർത്തനസമയം പുന:ക്രമീകരിക്കണം.

4.67 സെക്കണ്ടറി പാഠ്യപദ്ധതിയുടെ മറ്റൊരു വശം, സ്പോർട്സിലും സുകുമാരകലകളിലും ഫലപ്രദമായ പരിശീലനമാണ്. ഇപ്പോൾ സ്പോർട്സ് സ്കൂളുകളും ഫൈൻ ആർട്സ് സ്കൂളുകളും അവയുടേതായ സവിശേഷ പാഠ്യപദ്ധതിയോടെ നിലവിലുണ്ട്. എന്നാൽ സുകുമാരകലകളും കായികകലകളും സെക്കണ്ടറി സ്കൂളുകളിൽ ഉദ്ഗ്രഥിപ്പിക്കേണ്ടതുണ്ട്. അവയുടെ പഠനത്തിനും പ്രായോഗിക പ്രവർത്തനത്തിനും ഐച്ഛികവിഷയങ്ങളിൽ മതിയായ സൗകര്യങ്ങളുണ്ടാവണം.

4.68 പാഠ്യപദ്ധതിയിലെ മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി സെക്കണ്ടറി സ്ക്കൂളിന്റെ സ്വഭാവത്തിലും അതിലെ അധ്യാപനപ്രക്രിയയിലും മാറ്റമുണ്ടാകും. സ്കൂൾ അയൽപക്കസമ്പ്രദായമനുസരിച്ചായിരിക്കും. തൊഴിൽപരമായ ഘടകങ്ങൾ അയൽക്കൂട്ടത്തിന്റെയും പഞ്ചായത്തുകളുടെയും നേരിട്ടുള്ള മേൽനോട്ടത്തിനു വിധേയമായിരിക്കും. എല്ലാ സെക്കണ്ടറി സ്കൂളുകളും അയൽപക്കാടിസ്ഥാനത്തിലാക്കുവാൻ ശ്രമം നടത്തേണ്ടതുണ്ട്. ഗുണനിലവാരത്തെ സംബന്ധിച്ച അവബോധം ഉൾക്കൊള്ളിക്കുന്നതിന് ഏറ്റവും മികച്ച മാർഗ്ഗം ഇതായിരിക്കും. ഗ്രന്ഥശാല, പരീക്ഷണശാല, വായനശാല, പണിപ്പുരകൾ എന്നിവയ്ക്കായി അധ്യാപനപഠന പ്രക്രിയകൾക്കുള്ള സൗകര്യം സ്കൂളുകളിൽ വിപുലീകരിക്കേണ്ടിവരും. ഊർജ്ജതന്ത്രം, രസതന്ത്രം, ഭൂമിശാസ്ത്രം മുതലായ പ്രത്യേക വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി ക്ലാസ്മുറിയിൽ തന്നെ പ്രത്യേകസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടി വരും. പാഠപുസ്തകങ്ങൾ പ്രധാന പങ്കുവഹിക്കുമെങ്കിലും കുട്ടികളുടെ വിപുലമായ വായനയ്ക്കും പ്രായോഗികപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പ്രത്യേക മേഖലകളിൽ അധ്യാപകർ വൈദഗ്ദ്ധ്യമാർജ്ജിക്കേണ്ടതുണ്ട്. ഇൻസർവീസ് പരിശീലനത്തിലൂടെ അവരുടെ വിജ്ഞാനവും വൈദഗ്ദ്ധ്യങ്ങളും നിരന്തരം പുഷ്ടിപ്പെടുത്തിക്കൊണ്ടിരിക്കണം. കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനും അവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. കാരണം വിദ്യാർത്ഥികളുടെ ജോലി സാധ്യതകൾ മാത്രമല്ല സാമൂഹിക - വൈകാരിക പ്രശ്നങ്ങളും അവർക്ക് കൈകാര്യം ചെയ്യേണ്ടി വരും.

4.69 നിലവിലുള്ള വ്യാപ്തിയും വിദ്യാർത്ഥികൾ സ്കൂളിൽ തുടരുന്നതിന്റെ തോതും കണക്കിലെടുക്കുമ്പോൾ അനതിവിദൂരഭാവിയിൽ തന്നെ കേരളത്തിൽ പത്തു വർഷത്തെ പൊതുവിദ്യാഭ്യാസം സാർവത്രികമാക്കുവാൻ സാധിക്കും. ശ്രദ്ധാപൂർവമായ ആസൂത്രണവും ഭാവനാപൂർണ്ണമായ കൈകാര്യകർത്തൃത്വവും അല്പം ഉണ്ടായാൽ മതി. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം എന്ന ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്ന പ്രഥമസംസ്ഥാനം കേരളമാകുമെന്നാണ് ഇതിനർത്ഥം.

ഘട്ടങ്ങളായി നിർബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കുവാൻ മതിയായ തോതിൽ പ്രൈമറി - അപ്പർ പ്രൈമറി വിദ്യാഭ്യാസം സംസ്ഥാനത്ത് ഉറപ്പാക്കിയിട്ടുണ്ട്. പ്രവേശനത്തോത് ഉയർന്നു നിൽക്കുന്ന ജില്ലകളിൽ തുടക്കം കുറിച്ചുകൊണ്ട് ഒന്നാം സ്റ്റാൻഡേർഡു മുതൽ ഇത് ആരംഭിക്കാം. ഈ ചുമതല പഞ്ചായത്ത് സമിതികൾക്ക് നന്നായി നിർവഹിക്കാം.

ഹയർ സെക്കണ്ടറി ഘട്ടം

4.70 സ്ക്കൂൾ വിദ്യാഭ്യാസത്തിൽ ഹയർ സെക്കണ്ടറി ഘട്ടമെന്ന കാഴ്ചപ്പാട് കേരളത്തിൽ പുതിയതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയും പ്രീഡിഗ്രിയുമുൾപ്പെടെ ഹയർ സെക്കണ്ടറി കോഴ്സിന്റെ വിവിധ ധാരകൾ ഈയിടെ സ്ക്കൂൾ സമ്പ്രദായത്തിന്റെ ഭാഗമായി മാറ്റി. സ്കൂൾ സംവിധാനത്തിന്റെ ഭാഗമായ ഒരൊറ്റ ഹയർ സെക്കണ്ടറി കോഴ്സായി ഈ വിഭിന്ന ധാരകളെ ഉദ്ഗ്രഥിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അഭിപ്രായ സമന്വയമുണ്ടെങ്കിലും വിശദാംശങ്ങൾ ആവിഷ്ക്കരിക്കപ്പെടാൻ തുടങ്ങിയതേയുള്ളൂ.

4.71 പ്രീഡിഗ്രി കോഴ്സുൾപ്പെടെ ഇന്നു നിലവിലുള്ള ഹയർസെക്കണ്ടറി ഘട്ടം വിദ്യാഭ്യാസത്തിന്റെ ഈ നിർണ്ണായക കാലയളവിനെക്കുറിച്ചുള്ള അനിശ്ചിതത്വവും ആശയക്കുഴപ്പവും പ്രകടിപ്പിക്കുന്നു. എസ് എസ് എൽ സി പാസായ വിദ്യാർത്ഥികളിൽ മിക്കവാറും പേർ റഗുലർ ഹയർ സെക്കണ്ടറി സംവിധാനത്തിലോ പ്രൈവറ്റായോ പഠനം തുടരുന്നു. അവശേഷിക്കുന്നവർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനത്തിന് ചേരുന്നു. ഹയർ സെക്കണ്ടറി സംവിധാനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ മൂന്നിലൊന്ന് മാത്രമാണ് പരീക്ഷ പാസാവുന്നത്. പരാജയപ്പെടുന്നവർ തൊഴിൽരഹിതരുടെ അണികളിൽ ചേരുന്നു. പ്രീഡിഗ്രി കോഴ്സ് എന്ന നിലയിൽ ശരിയായ തയ്യാറെടുപ്പ് ഘട്ടമായി വർത്തിക്കുന്നില്ല. ഹയർ സെക്കണ്ടറി കോഴ്സെന്ന നിലയിൽ അത് ശരിയായ അന്തിമ ഘട്ടവുമാകുന്നില്ല. ഹയർ സെക്കണ്ടറി പൂർത്തീകരിക്കുന്ന കുട്ടികൾ സമൂഹത്തിന് സംഭാവനയേകാൻ തക്ക വിധത്തിൽ അക്കാദമിക പരിജ്ഞാനത്തിലോ തൊഴിൽ വൈദഗ്ദ്ധ്യത്തിലോ സുസജ്ജരാവുന്നില്ല. കാരണം, ജീവിതത്തിനാവശ്യമായ വൈദഗ്ദ്ധ്യം പ്രദാനം ചെയ്യുന്ന കോഴ്സ് എന്ന നിലയിലല്ല അത് വിഭാവനം ചെയ്യപ്പെട്ടത്. അതിനാൽ ഹയർ സെക്കണ്ടറി സംവിധാനത്തിന്റെ ഉദ്ദേശ്യങ്ങൾ പുനരാവിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു.

4.72 ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം സാമൂഹ്യപുരോഗതിക്ക് സാർത്ഥകമായ സംഭാവനയേകുന്ന വിജ്ഞാനവും വൈദഗ്ദ്ധ്യങ്ങളും മൂല്യങ്ങളുമാർജ്ജിക്കാൻ പഠിതാവിനു കഴിവേകുക എന്നതാണ്. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹിക ആവശ്യങ്ങളുമായി നേരിട്ട് ബന്ധമുള്ള ഒരു ഘട്ടമാണിത്. സൂപ്പർവൈസർമാർ, ഇടനിലയിലുള്ള മാനേജർമാർ, വിദഗ്ദ്ധതൊഴിലാളികൾ, പ്രാദേശിക ഭരണകർത്താക്കൾ എന്നീ നിലകളിൽ വിന്യസിക്കപ്പെടാവുന്നവരെ കേരളത്തിനാവശ്യമുണ്ട്. ഇതിനുള്ള സുസജ്ജമായ അടിത്തറ എന്ന നിലയിൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം വർത്തിക്കണം. 2 വർഷത്തെ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് സമൂഹത്തിലെ ഏത് ഉത്പാദന മേഖലയിലും അനുയോജ്യമായ തൊഴിലവസരം ഏറ്റെടുക്കുവാൻ കഴിയണം. സാങ്കേതികമോ അക്കാദമികമോ ആയ കോഴ്സുകളിൽ തുടർന്നുള്ള പഠനത്തിനു പോകുവാനും അവർക്കു കഴിയണം. സെക്കണ്ടറി തലത്തിലുള്ള കോഴ്സിന്റെ യുക്തിസഹമായ തുടർച്ച എന്ന നിലയിൽ അക്കാദമിക് - വൊക്കേഷണൽ ധാരകളുടെ സംയോജനമാണ് ഹയർസെക്കണ്ടറി സംവിധാനം വിഭാവനം ചെയ്യുന്നത്. അങ്ങനെ സെക്കണ്ടറി പരീക്ഷകൾ പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിക്കും അഭിരുചി പ്രകടിപ്പിക്കുന്ന വൊക്കേഷണലോ അക്കാദമികമോ ആയ ഏതു വിഷയത്തിലും, അഥവാ ഏതു വിഷയങ്ങളുടെ സംയോജനത്തിലും

തുടർന്നുള്ള പഠനത്തിനായി ഹയർസെക്കണ്ടറി തലത്തിൽ അനുയോജ്യമായ സംയോജനം തെരഞ്ഞെടുക്കുവാൻ സാധിക്കണം.

4.73 ഹയർ സെക്കണ്ടറി സംവിധാനത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയും അധ്യാപനപഠന പ്രക്രിയയും എൻട്രൻസ് പരീക്ഷ എന്ന ഭൂതത്തിന്റെ പരിപൂർണാധിപത്യത്തിനു കീഴിലാണ്. തെരഞ്ഞെടുക്കപ്പെടുന്ന സിലബസ് ഏതായാലും - സി ബി എസ് ഇ, ഐ സി എസ് ഇ അഥവാ സ്റ്റേറ്റ് സിലബസ് - ബോധനരീതിയും മൂല്യനിർണ്ണയ നടപടികളും സെലക്ഷൻ ടെസ്റ്റുകളുടെ സ്വാധീനത്തിന് വിധേയമാണ്. ഹയർസെക്കണ്ടറി ഐച്ഛികമായെടുക്കുന്ന വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും ഈ എൻട്രൻസ് പരീക്ഷകളിലെ യോഗ്യതകൾ നേടുന്നതിനല്ല ആ കോഴ്സിന് ചേർന്നതെന്നത് അംഗീകരിക്കപ്പെടേണ്ടതുണ്ട്. പ്രയോജനകരമായ ജോലി ലഭിക്കുന്നതിന് ആവശ്യമായ യോഗ്യത എന്ന നിലയിലാണ് ഹയർസെക്കണ്ടറിയേയും ഉന്നതവിദ്യാഭ്യാസത്തേയും പോലും അവർ കണക്കാക്കുന്നത്. അത്തരം ജോലികൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യമോ പരിജ്ഞാനമോ മഹാഭൂരിപക്ഷത്തിനും ലഭിക്കുന്നില്ല. എൻട്രൻസ് പരീക്ഷകൾ പാസാവുന്നതിനായി പ്രത്യേക കോച്ചിംഗും പരിശീലനവും പൂർത്തിയാക്കുന്നവരുമായി മൽസരിക്കാനും അവർക്ക് സാധിക്കുന്നില്ല. പ്രീഡിഗ്രി കോഴ്സുകളിലെ വൻതോതിലുള്ള പരാജയങ്ങൾ പ്രതിഫലിപ്പിക്കുന്നത് ഭൂരിപക്ഷം വിദ്യാർത്ഥികളെയും സംബന്ധിച്ചിടത്തോളം നിലവിലുള്ള സംവിധാനം തീർത്തും നിഷ്ഫലമാണെന്നതാണ്. അതിനാൽ ശാസ്ത്രം, മാനവിക വിഷയങ്ങൾ, കോമേഴ്സ് എന്നിങ്ങനെ നിലവിലുള്ള വിഷയസംയോജനത്തിനു പകരം കൂടുതൽ അയവാർന്നത് ഏർപ്പെടുത്തണം. വൊക്കേഷണൽ, വൊക്കേഷണൽ അക്കാദമിക്, അക്കാദമിക് എന്നിങ്ങനെ മൂന്ന് ബദൽ വിഷയ സംയോജനങ്ങൾ ഏർപ്പെടുത്താൻ കഴിയും. ആദ്യത്തേതിൽ ഒരു വൊക്കേഷണൽ മേഖലയോ സാമൂഹിക പ്രസക്തിയുള്ള മേഖലകളുടെ ഒരു കൂട്ടമോ തെരഞ്ഞെടുക്കാൻ വിദ്യാർത്ഥിയെ പ്രേരിപ്പിക്കാൻ കഴിയും. രണ്ടാമത്തേതിൽ വൊക്കേഷണൽ വിഷയങ്ങളുടെ കൂട്ടത്തോടൊപ്പം അക്കാദമിക വിഷയങ്ങളും തെരഞ്ഞെടുക്കാം. മൂന്നാമത്തേതിൽ ശാസ്ത്രങ്ങൾ, സാമൂഹ്യശാസ്ത്രങ്ങൾ, ഭാഷ, സംസ്കാരം എന്നിവ ഉൾപ്പെടും. ഈ പദ്ധതി പ്രകാരം മുഖ്യ ഊന്നൽ വൊക്കേഷണൽ പഠനങ്ങൾക്കായിരിക്കുമെങ്കിലും അഭിരുചിയും പ്രകടനനിലവാരവും കണക്കിലെടുത്ത് മറ്റുള്ളവയ്ക്കും സ്ഥാനമുണ്ടായിരിക്കും. പ്രത്യേക വിഷയങ്ങളെന്ന നിലയിൽ സ്പോർട്സും സുകുമാരകലകളും ഏർപ്പെടുത്താം. അവയ്ക്കായി അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

4.74 നയാവിഷ്കർത്താക്കളുൾപ്പെടെ മിക്കവർക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തേയും തൊഴിൽ പരിശീലനത്തേയും കുറിച്ച് ആശയക്കുഴപ്പമുണ്ട്. തൊഴിൽ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പൊതുവായ ചില വശങ്ങൾ ഉണ്ടെങ്കിലും ഉദ്ദേശ്യത്തിന്റേയും നടപടിക്രമത്തിന്റേയും കാര്യത്തിൽ അവ വിഭിന്നങ്ങളാണ്. തൊഴിൽ പരിശീലനം യഥാർത്ഥ പ്രയോഗത്തിലൂടെ ഒരു പ്രത്യേക തൊഴിലിന് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും വിജ്ഞാനവും അഭ്യസിപ്പിക്കുമ്പോൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മുൻഗണന കല്പിക്കുന്നത് അടിസ്ഥാനപരമായ വിജ്ഞാനത്തിനും പൊതുധാരണക്കുമാണ്. ജോലി നിറവേറ്റുന്നതിന് ആവശ്യമായ അടിസ്ഥാനപരമായ വൈദഗ്ദ്ധ്യങ്ങൾ ആർജ്ജിക്കുവാൻ പഠിതാവിനെ സഹായിക്കുന്നതാണ് തൊഴിൽ പരിശീലനം. ഭൗതിക സാമഗ്രികളോ പ്രക്രിയകളോ ആയി ബന്ധപ്പെട്ട സങ്കീർണ്ണങ്ങളായ പ്രവർത്തനങ്ങളിലുള്ള യോഗ്യതയാണ് അതാവശ്യപ്പെടുന്നത്. ഒരു ഉദ്യോഗത്തിലേക്ക് നയിക്കുന്ന എൻട്രൻസ് പരീക്ഷകളിലേക്കും, അതുവഴി ഒരു ജീവിത വൃത്തിയിലേക്കും നയിക്കുന്ന വിജ്ഞാനം പ്രദാനം ചെയ്യുകയാണ് വൊക്കേഷണൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വൊക്കേഷണൽ വിദ്യാഭ്യാസത്തിൽ തൊഴിൽ പരിശീലനവും ഉൾപ്പെടുമെങ്കിലും പ്രമുഖസ്ഥാനം അതിനായിരിക്കുകയില്ല. വിദ്യാഭ്യാസവും പരിശീലനവും, സ്ഥാപനങ്ങളിലും ബോധനത്തിലും

ഭരണകർത്താക്കളിലും വ്യത്യസ്തങ്ങളായ ആവശ്യങ്ങളാണ് ഉന്നയിക്കുന്നത് എന്നതാണ് മറ്റൊരു പ്രധാന കാര്യം. വൊക്കേഷണൽ വൈദഗ്ദ്ധ്യങ്ങൾ പ്രദാനം ചെയ്യുവാൻ സജ്ജമായ ഘടനയോ സംവിധാനങ്ങളോ ഇപ്പോൾ ഹൈസ്കൂളുകളിലില്ല.

4.75 സ്പെഷലൈസേഷൻ എന്ന ഘടകത്തിനർത്ഥം ഓരോ വിഭാഗവും തീർത്തും വ്യതിരിക്തമായി നിലകൊള്ളണമെന്നല്ല. അറകളായി തിരിക്കുന്ന അത്തരം രീതികൾക്കെതിരായ ഒരു മുൻകരുതൽ സ്കൂളിൽ നിലവിലുള്ള ശാഖകളിലോ വിഷയങ്ങളിലോ നിന്ന് ഏതെങ്കിലും നാലെണ്ണം തിരഞ്ഞെടുക്കുവാൻ വിദ്യാർത്ഥിയോട് ആവശ്യപ്പെടുകയാണ്. ഇങ്ങനെ ഊർജ്ജതന്ത്രവും രസതന്ത്രവും ഗണിതശാസ്ത്രവും സ്വീകരിക്കുന്ന ഒരു വിദ്യാർത്ഥിക്ക് മലയാളസാഹിത്യമോ ചരിത്രമോ കൂടി തെരഞ്ഞെടുക്കാൻ അവസരമുണ്ടാവണം.

4.76 പാഠ്യപദ്ധതി തയ്യാറാക്കുമ്പോൾ 'ഭാരമേറിയതും ഡിമാന്റുള്ളതും' എന്ന നിലയിൽ വിഷയത്തെ മാറ്റുന്ന അമിതമായ തോതിലുള്ള സ്പെഷലൈസേഷൻ ഒഴിവാക്കേണ്ടതുണ്ട്. കാരണം ഒരു വിഷയത്തിൽ അഭിരുചിയുളളവർക്ക് പിന്നീടുള്ള ഘട്ടത്തിലും അത് പഠിക്കാൻ സാധിക്കും. വൊക്കേഷണൽ കോഴ്സുകളിൽത്തന്നെയും അമിതമായ തോതിലുള്ള സ്പെഷലൈസേഷൻ ഒഴിവാക്കപ്പെടേണ്ടതുണ്ട്. കാരണം മതിയായ തോതിൽ അക്കാദമിക പശ്ചാത്തലവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള തൊഴിലാളിയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. സൈദ്ധാന്തിക വിഷയങ്ങൾക്കുള്ള പാഠ്യപദ്ധതി പോലും സിദ്ധാന്തവും അതിന്റെ പ്രായോഗിക സാക്ഷാൽക്കാരവും കൂട്ടിയിണക്കിക്കൊണ്ടായിരിക്കണം. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള കോഴ്സുകൾ മുഖേന പൊതുവിദ്യാഭ്യാസവുമായി വിദ്യാർത്ഥിയുടെ ബന്ധം നിലനിർത്തേണ്ടതുണ്ട്. സാങ്കേതികവിദ്യാപരവും ശാസ്ത്രീയവും സാംസ്കാരികവുമായ ആശയവിനിമയത്തിനുള്ള ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ സംസ്കാരത്തിലേയും സമൂഹത്തിലേയും രാഷ്ട്രീയത്തിലേയും സമീപകാല പ്രവണതകളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്ന ഭാഷ എന്ന നിലയിലാണ് മലയാളത്തിന്റെ സ്ഥാനം.

4.77 ഹയർസെക്കണ്ടറി സംവിധാനത്തിലെ അധ്യാപനപഠന പ്രക്രിയയും പുന:പരിശോധിക്കേണ്ടതുണ്ട്. നിരവധി വിദ്യാർത്ഥികൾ ഈ കോഴ്സ് പൂർത്തിയാക്കുന്നത് പ്രൊഫഷണൽ അഥവാ സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുന്നതിനുള്ള ഉപാധി എന്ന നിലയിൽ മാത്രമാണ്. ശാസ്ത്രങ്ങൾ, മാനവികവിഷയങ്ങൾ എന്നിവയിലും വൊക്കേഷണൽ വിഷയങ്ങളിലും അടിക്കടി നിലവാരമിടിയുന്നതിലാണ് ഇത് കലാശിക്കുന്നത്. അതിനാൽ പാഠ്യപദ്ധതി പുനരാവിഷ്കരിക്കേണ്ടത് ആവശ്യമായിരിക്കുന്നു. സാമൂഹ്യാവശ്യങ്ങളും പ്രശ്നങ്ങളുമായി അക്കാദമിക വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയവും കൂടുതൽ ഫലദായകവുമായ പഠനപരിപാടി ആവിഷ്കരിക്കണം. ഊർജ്ജതന്ത്രത്തെ വർക്ഷോപ്പുകളുമായും രസതന്ത്രത്തെ അനാലിറ്റിക്കൽ ലാബറട്ടറികളുമായും ജീവശാസ്ത്രത്തെ പൊതുജനാരോഗ്യസ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തണം. ഇതിനർത്ഥം അക്കാദമിക പരിപാടിയുടെ ഭാഗമായി പ്രയോഗമേഖലകളിൽ വിദ്യാർത്ഥി പ്രോജക്ട് ചെയ്യണമെന്നാണ്. അത്തരം പ്രോജക്ടുകൾ വിദ്യാർത്ഥിയുടെ അഭിരുചിയുടെ സൂചകവുമായിരിക്കും. സേവനത്തിനുള്ള മൂല്യം വിദ്യാർത്ഥിയിൽ ഉത്തേജിപ്പിക്കുന്നതിനും പ്രോജക്ടുകൾ കൊണ്ടുദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന തൊഴിൽ പദവിയുടെ പ്രതീകം മാത്രമാവരുത്, മറിച്ച് വിജ്ഞാനവും വൈദഗ്ദ്ധ്യവും പ്രതിബദ്ധതയും ആവശ്യമായ സേവനത്തിന്റെ രൂപമായും അത് പരിഗണിക്കപ്പെടണം. ഈ വിധത്തിൽ മൂല്യവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കാനാകും. സാമൂഹ്യാവബോധമുള്ള വ്യക്തിയെ വളർത്തിയെടുക്കാൻ ഇതുമൂലം വിദ്യാഭ്യാസപ്രക്രിയക്ക് സാധിക്കും.

4.78 സുഘടിതമായ സ്വയംപഠനം പാഠ്യപദ്ധതിയുടെ ഭാഗമാവുന്നത് ഈ ഘട്ടത്തിലാണ്. ആദ്യ ഘട്ടങ്ങളിലും സ്വയംപഠനവുമായി വിദ്യാർത്ഥികൾ പരിചയപ്പെട്ടു കഴിഞ്ഞിരിക്കും. അതിനാൽ ലൈബ്രറിയിലോ

ലാബറട്ടറിയിലോ ചെന്ന് പ്രവർത്തിച്ച് പ്രോജക്ടുകളും നിർദ്ദിഷ്ടദൗത്യങ്ങളും പൂർത്തീകരിക്കാൻ അവരോട് ആവശ്യപ്പെടുവാൻ സാധിക്കും. ലാബറട്ടറിയിലെ പ്രവർത്തനം ചട്ടപ്പടിയും യാന്ത്രികവും ആക്കുന്നതിനു പകരം പരീക്ഷണങ്ങളുടെ ഒരു പരമ്പര ഏറ്റെടുക്കുന്നതിന് വിദ്യാർത്ഥിക്ക് പ്രോൽസാഹജനകമായ വിധത്തിൽ പരീക്ഷണങ്ങളുടെ ഒരു വ്യൂഹം നൽകാം. പരീക്ഷണം നടത്തുന്നതെങ്ങനെയെന്നതു സംബന്ധമായ പഠനം സുപ്രധാനമാണ്. പുസ്തകം തെരഞ്ഞെടുക്കൽ, ഇൻഡക്സ് ഉപയോഗപ്പെടുത്തൽ, വായനയുടേയും കുറിപ്പുകളെടുക്കുന്നതിന്റേയും രീതികൾ തുടങ്ങി ലൈബ്രറി പ്രവർത്തനത്തിന്റെ പ്രാഥമിക വശങ്ങൾ ഈ നിലവാരത്തിൽ എല്ലാ വിഷയങ്ങൾക്കും ബാധകമാക്കാം.

4.79 ഹയർസെക്കണ്ടറി ഘട്ടത്തിലും ഗ്രേഡിംഗ് - ക്രെഡിറ്റ് സംവിധാനം തുടരണം. ഭാവിയിലെ തൊഴിൽദായകന്റേയോ ഉന്നത വിദ്യാഭ്യാസത്തിന്റേയോ മാനദണ്ഡം എന്ന നിലയിൽ ആശ്രയിക്കാവുന്ന വിധത്തിലായിരിക്കണം ആവശ്യമായ വൈദഗ്ദ്ധ്യങ്ങൾ, വിജ്ഞാനം, അഭിരുചി എന്നിവ പ്രതിഫലിപ്പിക്കുന്ന ഗ്രേഡിംഗ്. പൊതുവായ ഒരു പരീക്ഷ ആവശ്യമാണ്. എന്നാൽ ഏറ്റവും കുറഞ്ഞമൊത്തം മാർക്ക്, ഓരോ വിഷയത്തിലും വേണ്ട ഏറ്റവും കുറഞ്ഞ മാർക്ക് എന്നിവയുൾക്കൊള്ളുന്ന ഇപ്പോഴത്തെ സമ്പ്രദായം ഉപേക്ഷിക്കണം. പ്രാക്ടിക്കലുകളോ പ്രോജക്ടുകളോ, അല്ലെങ്കിൽ അസൈൻമെന്റുകളോ ഉൾക്കൊള്ളുന്ന തുടർച്ചയായ ആഭ്യന്തര മൂല്യനിർണ്ണയവും അവസാനത്തെ പൊതുപരീക്ഷയും ചേർത്തായിരിക്കണം വിദ്യാർത്ഥിയുടെ ഗ്രേഡ് നിർണ്ണയിക്കേണ്ടത്.

4.80 വിദ്യാർത്ഥികളുടെ മുഴുവൻ ബാച്ചിനും കൈവരിക്കാൻ സാധിക്കുന്ന ഉചിതമായ നിലവാരത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം സിലബസ് തയ്യാറാക്കുന്നതും മൂല്യനിർണ്ണയവും. മികച്ച നേട്ടം കൈവരിക്കുന്ന ഒരു ന്യൂനപക്ഷത്തെ സൃഷ്ടിക്കുകയും മോശപ്പെട്ടവർ എന്ന നിലയിൽ ബഹുഭൂരിപക്ഷത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് പുറന്തള്ളുകയും ചെയ്യുന്ന പ്രവണത പ്രകടമാക്കുന്നത് ഈ തത്വം പലപ്പോഴും മറന്നുപോകുന്നുവെന്നാണ്. തൊഴിലുടമക്കോ സമൂഹത്തിനോ ശരിയായ വിധിയെഴുത്ത് നടത്താൻ കഴിയാതാവുകയും പുറന്തള്ളപ്പെടുന്ന വിദ്യാർത്ഥികൾ തൊഴിൽരഹിതരായ വൻ ജനസാമാന്യത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നുവെന്നതാണ് ഇതിന്റെ ഫലം.

4.81 ക്ലാസ് മുറിയേയും അധ്യാപകനേയും സംബന്ധിച്ച വ്യത്യസ്തമായൊരു കാഴ്ചപ്പാട് ഹയർസെക്കണ്ടറി സംവിധാനത്തിന് ഉണ്ടാകണം. ഒരു സ്കൂളിൽ സ്വയംപഠനത്തിനേർപ്പെടുത്തുന്ന സൗകര്യങ്ങളായിരിക്കും ക്ലാസിലെ അംഗസംഖ്യയുടെ അടിസ്ഥാനം. ആദ്യ ഘട്ടങ്ങളിലേതിലും ഉയർന്നതാകാം അത് - ഒരുപക്ഷേ 50 വരെ. സ്വയംപഠനത്തിന് കൂടുതൽ സമയം കണ്ടെത്തേണ്ടതുണ്ട്. വിദ്യാർത്ഥികൾക്ക് പ്രവർത്തിപ്പിക്കാവുന്ന വിവിധതരം സാങ്കേതികഉപകരണങ്ങളും പഠനത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. അധ്യാപകർ പഠനപ്രക്രിയക്ക് സൗകര്യമേർപ്പെടുത്തുന്ന ആൾ മാത്രമായിരിക്കുകയില്ല, പ്രോജക്ടുകളും അസൈൻമെന്റുകളും ഉൾപ്പെടെയുള്ള സ്വയംപഠന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ആൾ കൂടിയാവണം. അധ്യാപകന്റെ വൈദഗ്ദ്ധ്യ നിലവാരം സ്വാഭാവികമായും ഉയർന്നതായിരിക്കണം; നിലവാരമുയർത്തുന്നതിനുള്ള പരിശീലനപരിപാടികൾ മുഖേന അത് ഉറപ്പു വരുത്തേണ്ടതാണ്.

4.82 നിർദ്ദിഷ്ട ഹയർസെക്കണ്ടറി സംവിധാനം വികസിപ്പിക്കുന്നതിന് നിലവിലുള്ള കോഴ്സുകളെ സ്കൂൾ സംവിധാനവുമായി പരിപൂർണ്ണമായും ഉദ്ഗ്രഥിപ്പിക്കേണ്ടത് ആവശ്യമാണ്. ഒരു വശത്ത് ഹയർസെക്കണ്ടറി നിലവിലുള്ള സെക്കണ്ടറി ഘട്ടത്തിന്റെ തുടർച്ചയായിരിക്കണം; മറുവശത്ത് വി എച്ച് എസ് ഇ, ഹയർസെക്കണ്ടറി, പ്രീഡിഗ്രി എന്നിവയും തത്തുല്യമായ വൊക്കേഷണൽ പരിശീലന പരിപാടികളും ഒരൊറ്റ സംവിധാനമായി ഉദ്ഗ്രഥിപ്പിക്കണം. സ്കൂളിലെ ഭൗതികസൗകര്യങ്ങളിലെ കുറവ് അയൽപക്കത്ത് ലഭ്യമാവുന്ന തൊഴിൽശാലകളും സഹകരിക്കാൻ സന്നദ്ധമാവുന്ന സ്ഥാപനങ്ങളും വഴി നികത്തേണ്ടതാണ്.

ഇക്കാര്യത്തിലും പഞ്ചായത്തുകൾക്ക് ഏകോപനപരമായ പങ്കു വഹിക്കാൻ കഴിയും. ഹയർസെക്കണ്ടറി ഘട്ടം ഉൾപ്പെടെയുള്ള സെക്കണ്ടറി വിദ്യാഭ്യാസ സംവിധാനം പുനരാവിഷ്കരിക്കപ്പെടുമ്പോൾ പ്രഥമവും സുപ്രധാനവുമായ പ്രശ്നം അധ്യാപകന്റെ പങ്കും ചുമതലകളുമാണ്. പൂർണ്ണമായും പ്രൊഫഷണലുകളും ആത്മവിശ്വാസമാർന്നവരും സ്വയംപര്യാപ്തരും ആകുന്ന വിധത്തിൽ അധ്യാപകരെ പരിശീലിപ്പിക്കുകയും അവർക്ക് ദിശാബോധം പകരുകയും ചെയ്യേണ്ടതുണ്ട്. പാഠ്യപദ്ധതിയുടെ നിലവിലുള്ള വിപുലമായ ചട്ടക്കൂടിനകത്ത് പരീക്ഷണങ്ങൾ നടത്തുവാനും പുതിയവ കണ്ടെത്തുന്നതിനും വൈവിധ്യവൽക്കരണത്തിനും, അവർക്ക് അധികാരമുണ്ടാകണം. ലഭ്യമായ എല്ലാ മാർഗ്ഗങ്ങളിൽ നിന്നും പിന്തുണയും മാർഗ്ഗനിർദ്ദേശവും തേടാൻ അവരെ പ്രോൽസാഹിപ്പിക്കണം. തങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോടും, തങ്ങളുടെ പ്രവർത്തന മേഖലയുടെ അധികാരപരിധിയിൽപ്പെട്ട പഞ്ചായത്ത്രാജ് സ്ഥാപനങ്ങളോടും അവർക്ക് വിധേയത്വമുണ്ടായിരിക്കണം. പരിവർത്തനങ്ങൾക്ക് തിരികൊളുത്തുന്ന സ്ഥാനം അധ്യാപകനുണ്ടാവണം. എസ് സി ഇ ആർ ടി, ഡയറ്റ്, ബി ആർ സി, സി ആർ സി എന്നിവയുടേയും അനൗദ്യോഗിക സംഘടനകളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും പങ്കും പ്രധാനപ്പെട്ടതാണ്. അവയും തങ്ങളുടെ മുൻഗണനകൾ പുന:ക്രമീകരിക്കണം. അധ്യാപകരെ പ്രൊഫഷണലുകളും ആത്മവിശ്വാസമാർന്നവരും സ്വന്തം നിലയിൽ പ്രവർത്തിക്കാൻ കഴിവുറ്റവരും ആക്കുക എന്നതാണ് അവയുടെ മുഖ്യകടമ. അക്കാദമിക പ്രവർത്തനത്തിന്റെ വികേന്ദ്രീകരണത്തിനായും അവ ഒരേ സമയം പ്രവർത്തിക്കേണ്ടതുണ്ട്. പാഠ്യപദ്ധതിയും പാഠ്യവിഷയങ്ങളും സംബന്ധമായ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം അവയുടെ ലക്ഷ്യം ഇവ ഉപയോഗപ്പെടുത്തി സ്വന്തം ഉപാധികൾ ആവിഷ്കരിക്കുവാൻ അധ്യാപകർക്ക് പ്രോൽസാഹനമേകുക എന്നതായിരിക്കണം. തങ്ങളുടെ എല്ലാ പരിപാടികളും ചട്ടപ്പടിയാക്കുന്നതിനുള്ള ഈ സംവിധാനങ്ങളുടെ ഇപ്പോഴത്തെ പ്രവണത ഉപേക്ഷിക്കണം. അയവാർന്നതും സ്വയംഭരണപരവും പുതിയവ കണ്ടുപിടിക്കാൻ ഉതകുന്നതും പരീക്ഷണപരവും ഗവേഷണപരവും ജീവസ്സുറ്റതുമായ എല്ലാ വശങ്ങളേയും അവ പ്രോൽസാഹിപ്പിക്കണം. അതേസമയം സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിൽ കൈവരിച്ച നേട്ടങ്ങളുടെ നിലവാരം തിട്ടപ്പെടുത്തുന്നതിനും ഭാവിപരിപാടിക്ക് രൂപകല്പന ചെയ്യുന്നതിനും നിരീക്ഷണഗോപുരങ്ങൾ എന്ന നിലയിലും അവ വർത്തിക്കണം.

4.83 സമൂഹത്തേയും രക്ഷിതാക്കളെയും മാനേജ്മെന്റിനേയും പ്രതിനിധീകരിക്കുന്ന പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ തങ്ങളുടെ ചുറ്റുപാടിൽ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ വേരോടുന്നതിനുള്ള സഹായം നൽകണം. വൊക്കേഷണൽ പരിപാടികൾക്ക് പശ്ചാത്തല സൗകര്യങ്ങളും സജീവപിന്തുണയും ലഭ്യമാക്കുന്നതിനുള്ള വിഭവങ്ങൾ സമൂഹത്തിൽ നിന്ന് ലഭ്യമാക്കുവാൻ അവർക്ക് കഴിയും. ഹയർ സെക്കണ്ടറി തലം വരെ ഓരോ കുട്ടിക്കും സ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നുവെന്നും ആ വിദ്യാഭ്യാസം സമൂഹത്തിന് കൂടുതൽ പ്രയോജനകരമാവുന്നുവെന്നും ഉറപ്പുവരുത്തേണ്ട ചുമതല അവയ്ക്കുണ്ട്.

സ്ത്രീ പുരുഷഭേദവും വിദ്യാഭ്യാസവും

4.84 കമ്മീഷൻ ഈ റിപ്പോർട്ടിന്റെ പ്രധാനഭാഗങ്ങൾ ആവിഷ്കരിക്കാൻ മുതിർന്നപ്പോൾ അവയിലൊന്ന് സ്ത്രീപുരുഷ ഭേദത്തിന്റെ പ്രശ്നമാകണമെന്ന് കരുതുകയുണ്ടായി. എന്നാൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ പഠനവിധേയമാക്കിയപ്പോൾ കണ്ടത് വിദ്യാഭ്യാസത്തെ സംബന്ധിച്ച മിക്കവാറും എല്ലാ സ്ഥിതിവിവരക്കണക്കുകളിലും ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും, പുരുഷൻമാരുടേയും സ്ത്രീകളുടേയും സ്ഥിതി ഏതാണ്ട് തുല്യമാണെന്നാണ്. അപ്പോൾ ഉയർന്നു വരുന്ന ചോദ്യമിതാണ്. സ്ത്രീകളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിക്കേണ്ടതുണ്ടോ? അതോ, വിവരങ്ങൾ

മൊത്തത്തിൽ പരിശോധിച്ചാൽ മതിയോ? വിദ്യാഭ്യാസത്തിലെ സ്തീ പുരുഷഭേദത്തിന്റെ പ്രശ്നം ചർച്ച ചെയ്യാനായി ഏതാനും പേജുകൾ നീക്കിവെക്കാമെന്ന് തീരുമാനിക്കപ്പെട്ടു.

4.85 സംസ്ഥാനത്തിന്റെ ചരിത്രം - പ്രത്യേകിച്ചും വിദ്യാഭ്യാസത്തിന്റെ ചരിത്രം–ഈ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് പ്രതിപാദിക്കുകയുണ്ടായി. ഒന്നു രണ്ടു കാര്യങ്ങൾകൂടി ഇവിടെ ഊന്നിപ്പറയേണ്ടതുണ്ട്. ആദ്യത്തെ അച്ചടിശാല കേരളത്തിൽ സ്ഥാപിതമായത് 16-ാം നൂറ്റാണ്ടിലാണ്. ഏറ്റവും അധ:സ്ഥിതരുൾപ്പെടെ എല്ലാവർക്കും സാക്ഷരത കൈവരിക്കുന്നതിന് ഇത് അവസരമേകി. 1817 ൽ തന്നെ വിദ്യാഭ്യാസം സർക്കാരിന്റെ ചുമതലയായി തിരുവിതാംകൂറിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഈ നിയമനടപടി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കി. 1950 ആകുമ്പോഴേക്കും കൊച്ചിയിലും തിരുവിതാംകൂറിലും 5 മുതൽ 10 വയസുവരെ പ്രായമുള്ള പെൺകുട്ടികളിൽ 80 ശതമാനവും സ്കൂളിൽ പോകുന്ന നിലയായി.

4.86 കേരളത്തിലെ സാക്ഷരതാനിരക്ക് സമകാലികമായ ഇതിഹാസപദവി കൈവരിച്ചു. വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ഏതാനും കേന്ദ്രങ്ങളൊഴികെ സംസ്ഥാനത്ത് സമ്പൂർണ്ണ സാക്ഷരത കൈവന്നു. സ്തീകളുടെ സാക്ഷരതാ തോത് കഴിഞ്ഞ 5 ദശകങ്ങളിലായി അനുക്രമം വർദ്ധിച്ചു വരികയായിരുന്നുവെന്നത് ശ്രദ്ധേയമാണ്. 1951ൽ 31 ശതമാനമായിരുന്നത് 1971ൽ 54 ശതമാനമായും 1991ൽ 86 ശതമാനമായും ഉയർന്നു. ഇന്ത്യയിലെ ദേശീയ ബജറ്റിൽ വിദ്യാഭ്യാസത്തിനുള്ള വകയിരുത്തൽ തുലോം തുച്ഛമാണ്. ഇത് വ്യക്തമാക്കുന്നത് രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം ഒന്നു മാത്രമാണ്. എങ്കിലും, 1971ൽ ആളോഹരി വകയിരുത്തൽ 28 രൂപയായിരുന്നത് 1986ൽ 167 രൂപയും 1991ൽ 282 രൂപയായും വർദ്ധിച്ചു. സ്കൂളിൽ പോകുന്ന കുട്ടികളിൽ പകുതിയോളം പെൺകുട്ടികളായതിനാൽ ആളോഹരി വകയിരുത്തലിന്റെ തോതിനെ സംബന്ധിച്ച കണക്കുകൾ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ അവസ്ഥയും തുല്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും സമാനമായ കഥയാണ് പറയുന്നത്. പ്രധാനപ്പെട്ട മൂന്ന് സൂചകങ്ങൾ ഇവിടെ പരിശോധിക്കാം. 1000 പുരുഷന്മാർക്ക് 1036 സ്ത്രീകൾ എന്നതാണ് ലിംഗപരമായ അനുപാതം. പ്രതിക്ഷിത ആയുസ്സ് 1991ൽ സ്ത്രീകളുടേത് 72.4 വർഷമായിരുന്നപ്പോൾ പുരുഷന്മാരുടേത് 67.3 വർഷമായിരുന്നു. ശിശുമരണനിരക്ക് (ഐ എം ആർ) 1971ൽ 61 ആയിരുന്നത് 1981ൽ 37 ആയും 1991ൽ 16 ആയും കുറഞ്ഞു. ജീവനുള്ള 1000 കുഞ്ഞുങ്ങളെ പ്രസവിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഐ എം ആർ കണക്കാക്കുന്നത് എന്നതിനാൽ ആരോഗ്യശുശ്രൂഷയെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച സൂചകങ്ങളിലൊന്നാണിത്. ഇന്ത്യ മൊത്തമായെടുത്താൽ ഐ എം ആർ 1991ൽ 80 ആയിരുന്നു.

4.87 ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന മൊത്തം കുട്ടികളിൽ 54.2 ശതമാനം പെൺകുട്ടികളാണ്. സ്കൂളുകളിലെ അധ്യാപകരിൽ മൂന്നിൽ രണ്ട് സ്ത്രീകളാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽപ്പോലും ഫാക്കൽറ്റിയിൽ 25 ശതമാനത്തിലേറെ സ്ത്രീകളാണ്. ഇങ്ങനെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം കണക്കിലെടുക്കുമ്പോൾ സ്ത്രീകളുടെ പദവി പുരുഷന്മാരുടേതു പോലെ നല്ല നിലയിലാണ്. എന്നാൽ വൈയക്തികമായ ആശയവിനിമയവും അനൗപചാരിക സംഘങ്ങളിലെ ചർച്ചകളും വ്യക്തമാക്കുന്നത് ശ്രദ്ധ ആവശ്യപ്പെടുന്ന മറ്റൊരു ചിത്രം ഉരുത്തിരിയുന്നുവെന്നതാണ്.

4.88 കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി കമ്മീഷന്റെ ഔപചാരിക ചർച്ചകൾക്ക് പുറമേ ഒട്ടേറെ കൂടിയാലോചനകൾ നടക്കുകയുണ്ടായി. ഈ ചർച്ചകളിൽ പങ്കാളികളായ സ്ത്രീകളിൽ സർവകലാശാലാ ഫാക്കൽറ്റി, സ്ക്കൂളധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ, പണ്ഡിതർ, സാമൂഹ്യ ശാസ്ത്രജ്ഞർ, പ്രീ സ്കൂൾജീവനക്കാർ, പഞ്ചായത്തംഗങ്ങൾ എന്നിവരുൾപ്പെടുന്നു. ജനസംഖ്യാപരമായ ചിത്രം നല്ല നിലയിലാണെങ്കിലും തങ്ങളുടെ ജീവിത ഗുണനിലവാരത്തെ സംബന്ധിച്ചിടത്തോളം ആശാസ്യമായ ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നതിനോട് ഭൂരിപക്ഷം സ്ത്രീകളും യോജിച്ചു. നിത്യ ജീവിതത്തിലെ

നിരവധി വശങ്ങളുമായി കേന്ദ്രീകരിച്ചതാണ് അവരുടെ അസംതൃപ്തി. സ്ത്രീകൾ വിധേയത്വമാർന്നവരും ഒന്നിലും ഇടപെടാത്തവരും ലജ്ജാശീലരും സ്വയം ശ്രദ്ധാകേന്ദ്രമാകാതിരിക്കേണ്ടവരും ആകുന്നതിന് അനുകൂലമായ മൂല്യബോധം ശക്തമായി വളർന്നുവരുന്നു. കോളേജുകളിലും സർവകലാശാലകളിലും പ്രചരിക്കുന്ന കഥകളുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനം. പെൺകുട്ടികൾ ക്ലാസിൽ ചോദ്യങ്ങളുന്നയിക്കാറില്ലെന്നും അധ്യാപികമാർ സ്റ്റാഫ് യോഗങ്ങളിൽ സംസാരിക്കാറില്ലെന്നും പറയപ്പെടുന്നു. ഇതിന്റെ കാരണങ്ങൾ സങ്കീർണ്ണമാണെന്നതിനാൽ ഇവിടെ അപഗ്രഥനത്തിന് മുതിരുന്നില്ല. എങ്കിലും പാഠ്യപദ്ധതിയിലും അധ്യാപനരീതിയിലും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന രീതിയിലും മാറ്റങ്ങൾ ആവശ്യമാണെന്ന് മിക്ക സ്ത്രീകളും കരുതുന്നു. അവയിൽ ചിലതിന്റെ പട്ടിക താഴെ കൊടുക്കുന്നു:

4.89 പാഠ്യപദ്ധതി : പാഠപുസ്തകങ്ങളിൽ നിന്ന് സ്ത്രീവിവേചന പരാമർശങ്ങൾ നീക്കം ചെയ്യണം. വീട്ടുജോലികൾ മാത്രം നിറവേറ്റേണ്ട അടിയാളരെന്ന നിലയിൽ സ്ത്രീകളെ ചിത്രീകരിക്കുന്നതിനു പകരം എല്ലാ രംഗങ്ങളിലും സ്ത്രീകൾ കൈവരിച്ച നേട്ടങ്ങളും അവർക്ക് ജീവിതത്തിലുള്ള സ്ഥാനവും വിശദീകരിക്കണം. ലിംഗപരമായ നീതി ഉറപ്പുവരുത്തുന്നതിന് പാഠപുസ്തകസമിതികളിൽ സ്ത്രീകളായ അംഗങ്ങളേയും ഉൾക്കൊള്ളിക്കണം.

4.90 കൗൺസലിംഗ് : സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്കായി കൗൺസലിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും പെൺകുട്ടികളുടേയും സ്ത്രീകളുടേയും കൗൺസലിംഗിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും വേണം.

4.91 പ്രവർത്തനോന്മുഖത : സ്കൂളുകളിലേയും കോളേജുകളിലേയും അധ്യാപനത്തിൽ വിദ്യാർത്ഥികൾ കൂടുതൽ സക്രിയമായി പങ്കാളികളാവേണ്ടതുണ്ട്. പ്രതിഭാവിലാസം - പ്രത്യേകിച്ചും പെൺകുട്ടികൾക്കിടയിൽ - പ്രകടമാക്കപ്പെടുന്നതിന് സയൻസ് സൊസൈറ്റി, ലാബറട്ടറി, ലൈബ്രറി, സാഹിത്യസമാജം തുടങ്ങി പാഠ്യപദ്ധതിയുടെ ഭാഗമായും പാഠ്യപദ്ധതിയോടൊപ്പം പോകുന്നതുമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

4.92 അധ്യാപകരുടെ സമീപനം മെച്ചപ്പെടുത്തൽ : സാമൂഹികാവബോധം വർദ്ധിപ്പിക്കുന്നതിനും മുഴുവൻ കുട്ടികളുടേയും സാമൂഹിക വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതിനും, പെൺകുട്ടികൾക്കിടയിൽ ആത്മവിശ്വാസം വളർത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ടും ക്ലാസ് മുറിയിലെ സ്ഥിതി ഉപയോഗപ്പെടുത്താനായി അധ്യാപകർക്ക് പുന:പരിശീലനം നൽകുകയും ലക്ഷ്യബോധം പകരുകയും വേണം.

4.93 അത്യാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ : കുടിവെള്ളം, ശുചിത്വമുള്ള ശൗചാലയങ്ങൾ, കൈകഴുകാനുള്ള സൗകര്യം തുടങ്ങി ഏറ്റവും കുറഞ്ഞ സൗകര്യങ്ങളുടെ ആവശ്യകത പോലും മിക്ക സ്കൂളുകളിലും അംഗീകരിക്കപ്പെടുന്നില്ല. സംഭാഷണത്തിന് സന്നദ്ധരായവരിൽ മിക്കവരുടേയും അഭിപ്രായത്തിൽ അവ ലഭ്യമാവുന്നതേയില്ല. ഈ പോരായ്മകൾ വളരെയേറെ അസൗകര്യങ്ങൾ സൃഷ്ടിക്കുകയും ആരോഗ്യത്തിനും ശുചിത്വപരിപാലത്തിനും വ്യക്തമായ ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് മുഖ്യ പരിഗണന നൽകണം.

വികലാംഗ വിദ്യാഭ്യാസം

4.94 കേരളത്തിൽ ഏറെ വികസിതമായിട്ടില്ലാത്ത ഒരു വിദ്യാഭ്യാസ മേഖലയാണിതെന്ന് തോന്നുന്നു. പ്രത്യേക ആവശ്യങ്ങൾ ഉള്ള കുട്ടികൾ എന്ന് ഈയിടെയായി പരാമർശിക്കപ്പെടുന്ന വികലാംഗരായ കുട്ടികൾക്കുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു കണക്കെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. സന്നദ്ധമേഖലയിലെ സ്ഥാപനങ്ങളുടെ പൂർണ്ണമായ പട്ടികയും ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ സ്കൂൾ

പ്രായക്കാരായ വികലാംഗരായ കുട്ടികളുടെ കണക്കെടുപ്പും നടത്തേണ്ടതുണ്ട്. നാമകരണവും പദാവലിയും പരിഷ്കരിക്കേണ്ടതുണ്ട്. അപകീർത്തികരമായ വിധത്തിലുള്ള പ്രയോഗങ്ങൾക്കു പകരം 'ശ്രവണശേഷിത്തകരാറുള്ള കുട്ടികൾ' എന്ന പദം ഉപയോഗിക്കണം. പ്രീ സ്കൂൾ കുട്ടികളെ പരിചരിക്കുന്ന അധ്യാപകർക്ക് ന്യൂനതകൾ, തകരാറുകൾ, അന്തരങ്ങൾ മുതലായവ തുടക്കത്തിലേ തിരിച്ചറിയുന്നതിന് പരിശീലനം നൽകണം, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് ആദ്യ വർഷങ്ങളിൽ തന്നെ പുനരധിവാസ പരിപാടികൾ പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഇത് സഹായകമാകും. ശരിയായ വിധത്തിലുള്ള ഇടപെടലുണ്ടായാൽ പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ മുഖ്യ ധാരയിലേക്ക് ഉദ്ഗ്രഥിപ്പിക്കുവാൻ സാധിക്കും. പ്രത്യേകം സ്ഥാപനങ്ങൾ ആവശ്യമായി വരികയുമില്ല. അവരിൽ പലർക്കും പ്രത്യേക പരിചരണം ആവശ്യമായേക്കാമെങ്കിലും മറ്റു കുട്ടികളിൽ നിന്ന് ഒറ്റപ്പെടുത്തേണ്ടതില്ല.

4.95 പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നം അപ്പാടെ കൈകാര്യം ചെയ്യുന്നതിനായി കേരള ഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റേയും സാമൂഹ്യക്ഷേമമന്ത്രാലയത്തിന്റേയും പ്രതിനിധികളും തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധരും ഉൾക്കൊള്ളുന്ന സംയുക്ത പ്രവർത്തനസമിതി രൂപീകരിക്കണം.

അധ്യായം അഞ്ച്

ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും

ഉന്നതവിദ്യാഭ്യാസം

5.1 വികസനത്തിന്റേയും പരിവർത്തനത്തിന്റേയും ഒരു പ്രധാന ഉപകരണമാണ് ഉന്നതവിദ്യാഭ്യാസം. ജീവിതത്തിൽ വിവിധ തുറകളിലെ - (സാമൂഹ്യം, രാഷ്ട്രീയം, സാംസ്കാരികം, ശാസ്ത്രീയം, സാങ്കേതികവിദ്യാപരം) - വിദഗ്ദ്ധരെ സജ്ജമാക്കുക എന്ന പ്രധാന കടമ അതിനുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രങ്ങളെന്ന നിലയിൽ സർവകലാശാലകൾ പ്രവർത്തിക്കുന്നു. പണ്ഡിതോചിതമായ അധ്യാപന-ഗവേഷണ ധർമ്മങ്ങൾക്കു പുറമേ വിപുലീകരണ-വികസന ചുമതലകളും അവ ഇപ്പോൾ ഏറ്റെടുക്കുന്നു. പുതിയ വിജ്ഞാനത്തിന്റെ ഉത്പാദനത്തിലും കൈമാറ്റത്തിലും പ്രയോഗത്തിലും അവ നിർണ്ണായക പങ്ക് വഹിക്കുന്നു. ഏതൊരു രാഷ്ട്രത്തിന്റേയും ബൗദ്ധികമായ ഊർജ്ജസ്വലതയും വിഭവസമൃദ്ധിയും സാമ്പത്തികൈശ്വര്യവും വലിയൊരളവോളം നിർണ്ണയിക്കപ്പെടുന്നത് സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്താലാണ്.

5.2 കേരളത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ സംവിധാനം വ്യാപകമായി പടർന്നിരിക്കുന്നു. പ്രൈമറി സ്കൂളിൽ പ്രവേശനം നേടുന്നവരിൽ 10 ശതമാനത്തോളം വിവിധതരം ബിരുദകോഴ്സുകളിൽ പ്രവേശനം നേടുന്നു. ഇതിനും പുറമേ ഒട്ടേറെ വിദ്യാർത്ഥികൾ പ്രൈവറ്റായും പരീക്ഷക്ക് ഹാജരാവുന്നു. ഏകദേശ കണക്കു പ്രകാരം ഓരോ വർഷവും ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ ഒരു ലക്ഷത്തോളമാണ്. ബന്ധപ്പെട്ട പ്രായക്കാരിലെ 15 ശതമാനത്തോളമാണിത്. സ്ഥാപനങ്ങളുടെ എണ്ണവും വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതും വ്യാപിച്ചിട്ടും കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം മുരടിച്ചു നിൽക്കുന്നു. ആർട്സിലും സയൻസിലും നൽകപ്പെടുന്ന പ്രഥമ ബിരുദകോഴ്സുകൾ അവയുടെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്ന ധാരണ വിപുലമായുണ്ട്. ഭാഗികമായി ഈ ധാരണ കാരണമാണ് പ്രൊഫഷണൽ - ടെക്നിക്കൽ കോഴ്സുകൾക്ക് തിക്കും തിരക്കും അനുഭവപ്പെടുന്നത്.

ബിരുദ വിദ്യാഭ്യാസം

5.3 ബിരുദ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ കാഴ്ചപ്പാടിന്റെ അഭാവമുണ്ട്. സാമ്പ്രദായിക കാഴ്ചപ്പാട് പ്രകാരം ബിരുദ വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഒരു വികസിത ഘട്ടമാണ്. ഈ കാഴ്ചപ്പാടാണ് വെള്ളക്കോളർ ജോലികൾക്ക് അടിസ്ഥാനമായി 10+2+3 എന്ന സമീപനം അംഗീകരിക്കപ്പെട്ടിട്ടുള്ളതിനു പിന്നിൽ. കേരളത്തിൽ അക്കാലത്തു വികസിച്ചുകൊണ്ടിരുന്ന സാമൂഹ്യവും സാംസ്കാരികവുമായ പരിത:സ്ഥിതിക്ക് അനുസൃതമായിരുന്നു ഈ കാഴ്ചപ്പാട്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർ - അവരിൽ മിക്കവരും വിജയകരമായി പാസാവുകയും ചെയ്തു - കോളേജുകളിൽ പ്രവേശനം നേടുകയോ ബിരുദ പരീക്ഷക്ക് ഹാജരാവുന്നതിനായി പ്രൈവറ്റായി രജിസ്റ്റർ ചെയ്യുകയോ ചെയ്തു. കഴിഞ്ഞ ഏതാനും ദശകങ്ങൾക്കകം ഈ കോഴ്സുകൾ ഗണ്യമായ തോതിൽ വ്യാപിക്കാൻ ഈ സാമൂഹ്യാവശ്യം ഇടയാക്കി. ഒരേ ഘടനയും ഉള്ളടക്കവും ലക്ഷ്യവും ഉള്ള കോഴ്സുകൾ ഒട്ടേറെ കോളേജുകളിൽ ഏർപ്പെടുത്തപ്പെട്ടു. കോമേഴ്സൊഴികെ മിക്കവാറും എല്ലാ കോഴ്സുകളും സ്കൂൾ തലത്തിൽ പഠിപ്പിക്കപ്പെടുന്ന വിഷയങ്ങളെ ആധാരമാക്കിയായിരുന്നു. കോഴ്സുകളുടെ രീതിയും സ്ഥിരമായി ; ഒരു മുഖ്യ വിഷയവും ഉപവിഷയങ്ങളും ഒരു ഭാഷയും എന്ന രീതി. സാമൂഹ്യാഭിലാഷങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ കോഴ്സുകളുടെ ഏതൊരു പുന:സംഘാടനവും അസാധ്യമാവുകയും ചെയ്തു. ബിരുദതലത്തിൽ അധ്യാപന-പഠന പ്രക്രിയ ഒരു യാന്ത്രികാഭ്യാസമായി മാറി. അധ്യാപകൻ പഴയ കുറിപ്പുകൾ ആവർത്തിക്കുമ്പോൾ വിദ്യാർത്ഥി പരീക്ഷകൾ പാസാവുന്നതിനായി ഗൈഡ് ബുക്കുകൾ കരളുന്നു. അധ്യാപന-പഠന പ്രക്രിയയുടെ ഗുണനിലവാരം ഉയർത്തുന്നതിനോ, ബന്ധപ്പെട്ട ശാഖയിലെ സമീപകാല സംഭവവികാസങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനോ

യാതൊരു ശ്രമവും ഉണ്ടായില്ല. പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിന് ചുമതലപ്പെട്ട സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് സമീപകാല വൈജ്ഞാനിക മാറ്റങ്ങളെ ഒരധ്യായത്തിൻെറ അനുബന്ധ ഭാഗമെന്ന നിലയിൽ ഉൾക്കൊളളിക്കുന്നതിലാണ് സൗകര്യം കണ്ടത്. അധ്യാപന-പഠന പ്രക്രിയയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ അവഗണിക്കപ്പെട്ടു.

5.4 പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിലും അധ്യാപന-പഠനപ്രക്രിയയിലും ഉണ്ടായ മുരടിപ്പിന്റെ മറ്റൊരു ഹേതു പരീക്ഷാ സമ്പ്രദായത്തിന്റെ സ്വഭാവമാണ്. കോഴ്സിൽ ചേരുന്ന വിദ്യാർത്ഥികളുടെ മുഖ്യലക്ഷ്യം ബിരുദം നേടുക എന്നതാവുകയും സ്ഥാപനങ്ങളുടെ കടമ അവരെ അതിനു സജ്ജമാക്കുക എന്നതാകുകയും ചെയ്തതിനാൽ വിദ്യാഭ്യാസ സംവിധാനമാകെ പരീക്ഷോന്മുഖമായി മാറി. എന്നാൽ മൂല്യനിർണ്ണയ പ്രക്രിയയിൽ മാറ്റമുണ്ടായതുമില്ല. വിജ്ഞാനത്തിന്റെ നിലവാരം ഉയർത്തിക്കൊണ്ട് വിദ്യാർത്ഥിയെ യഥാർത്ഥ പുരോഗതി കൈവരിക്കാൻ സഹായിക്കുന്ന വിധത്തിലായില്ല ചോദ്യക്കടലാസുകൾ തയ്യാറാക്കപ്പെടുന്നതും രീതിയും മൂല്യനിർണ്ണയവും. അവരുടെ അപഗ്രഥന ശേഷിയോ പുതിയ വിജ്ഞാനം ഉളവാക്കുന്നതിനുള്ള ശേഷിയോ തിട്ടപ്പെടുത്തപ്പെട്ടില്ല. പഠനവിഷയവും സാമൂഹ്യ-സാമ്പത്തിക വികാസത്തിന്റെ ആവശ്യങ്ങളും തമ്മിലുളള ബന്ധത്തെ സംബന്ധിച്ച വിദ്യാർത്ഥിയുടെ കാഴ്ചപ്പാടും ഗൗനിക്കപ്പെട്ടില്ല. വിജ്ഞാനനിലവാരം ഉയർത്തുന്നതിനുള്ള ശ്രമം ശാസ്ത്രവിഷയങ്ങളിൽ ഒരളവോളം ഉണ്ടായെങ്കിലും ഈ ഉയർത്തലിന് സ്ഥായിയായ യാതൊരു മൂല്യവും ഇല്ലാത്ത വിധത്തിലാകാൻ പഠനത്തിന്റെ പരീക്ഷോന്മുഖ സ്വഭാവം ഇടയാക്കി.

5.5 പൊതുവേ സ്വീകാര്യമായ ലക്ഷ്യങ്ങളുടേയും, മറ്റുളളിടങ്ങളിലെ ബിരുദ വിദ്യാഭ്യാസത്തിന്റെ അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്വന്തം പരിത:സ്ഥിതിക്കനുയോജ്യമായ ഏതാനും ലക്ഷ്യങ്ങളോടെ ബിരുദ വിദ്യാഭ്യാസത്തിന് പുനർദിശാനിർണയം നൽകുക ഇപ്പോൾ സാധ്യമാണ്. പുതിയ വിജ്ഞാനം ഉളവാക്കുവാൻ കഴിയുംവിധം ഉയർന്ന വിജ്ഞാനവും വൈദഗ്ദ്ധ്യവും ഉളള ഒരു ജനവിഭാഗത്തെ സൃഷ്ടിക്കുക എന്നതായിരിക്കണം ബിരുദ വിദ്യാഭ്യാസത്തിന്റെ മുഖ്യചുമതല. അക്കാദമീയമായും സാങ്കേതികവിദ്യാപരമായും സാമൂഹ്യ-സാമ്പത്തിക വികാസത്തിന് സംഭാവനയേകുവാനും നിലവിലുള്ള സാമൂഹ്യപരിത:സ്ഥിതിയിൽ നേതൃത്വം പ്രദാനം ചെയ്യുവാനും അവർക്ക് സാധിക്കണം. നിർണ്ണായക മേഖലകളായ വിദ്യാഭ്യാസം, പൊതുജനാരോഗ്യം, എഞ്ചിനീയറിംഗ്, വാർത്താവിനിമയം എന്നിവയിലും ഇതര സേവനത്തുറകളിലും സംഭാവനയേകാൻ പ്രാപ്തരായ പ്രൊഫഷണൽ-സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വ്യക്തികളെ വാർത്തെടുക്കുക എന്നതും അതിലുൾപ്പെടും. ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വ്യക്തികളുടെ വൈദഗ്ദ്ധ്യവും വികസിപ്പിക്കേണ്ടതായുണ്ട്. ബിരുദ വിദ്യാഭ്യാസത്തെ സാമൂഹ്യ-സാമ്പത്തിക വികാസത്തിന്റെ വെല്ലുവിളികളുമായി ബന്ധപ്പെടുത്തുന്ന അത്തരം കാഴ്ചപ്പാടായിരിക്കും ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ സാർത്ഥകമാക്കുന്നതിനുള്ള ഏക മാർഗ്ഗം. ഈ ലക്ഷ്യങ്ങളൊന്നും തന്നെ നേടുവാൻ നിലവിലുള്ള ബിരുദ വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ലെന്നുള്ളത് സ്പഷ്ടമാണ്.

5.6 തൊഴിൽ നേടുന്നതിനുള്ള യോഗ്യത എന്ന നിലക്കാണ് ഉന്നത വിദ്യാഭ്യാസം നേടുന്നതെന്നതും കഴിഞ്ഞ ഏതാനും ദശകങ്ങളിലായി തൊഴിലവസരങ്ങളുടെ സാധ്യതകൾ ഗണ്യമായി മാറിയെന്നതും അംഗീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ, അഭിഭാഷകർ, അധ്യാപകർ എന്ന കൊളോണിയൽ ഘടന, സാങ്കേതികവിദഗ്ദ്ധർ, മാനേജർ, എക്സിക്യൂട്ടിവ് എന്ന രീതിയിലേക്ക് വഴിമാറി. സർവ്വകലാശാലകളിൽത്തന്നെ പ്രൊഫഷണൽ-ടെക്നിക്കൽ കോഴ്സുകൾക്ക് നൽകപ്പെടുന്ന ഊന്നൽ പ്രബലമായ ഈ പ്രവണതയുടെ പ്രതിഫലനമാണ്. സാമൂഹ്യശാസ്ത്ര ബിരുദം പോലും മാനേജ്മെന്റ് പോലുള്ള വിഷയങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ സ്വീകാര്യമാവുന്നു. ജൈവസാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തപ്പെടുമ്പോൾ ജൈവശാസ്ത്രം കൂടുതൽ പ്രശസ്തമാവുന്നു. ഈ മാറ്റത്തിന് സുപ്രധാനമായ

അനന്തരഫലങ്ങളാണുള്ളത്. ശാസ്ത്രത്തിന്റേയും സോഷ്യൽ സയൻസിന്റേയും പാഠം പിൻനിരയിലേക്ക് തള്ളപ്പെടുന്നത് അവ അക്കാദമിക് തലത്തിൽ സുസ്പഷ്ടമല്ലാത്തതിനാലോ സാമൂഹ്യമായി പ്രസക്തമല്ലാത്തതിനാലോ അല്ല. മറിച്ച്, സാങ്കേതിക വിദ്യാപരമോ മാനേജീരിയലോ ആയ വൈദഗ്ദ്ധ്യം നേടുന്നതിന് അവ പ്രസക്തമല്ലെന്ന് തോന്നുന്നതിനാലാണ്. ഭാഷ, ചരിത്രം, സംസ്കാരം എന്നിവയുടെ പാഠം പുതിയ മുൻഗണനകളുടെ പരിധിക്ക് പുറത്താണ്. പ്രൊഫഷണൽ-സാങ്കേതിക വിദ്യാഭ്യാസം വ്യാപിപ്പിക്കേണ്ടതുണ്ട്. അതിനോടൊപ്പം അഭിപ്രായം രൂപീകരിക്കുന്ന വർഗ്ഗങ്ങളുടെ മനോഭാവം പ്രതിഫലിപ്പിച്ചുകൊണ്ട് സാമൂഹ്യശാസ്ത്രം, ഭാഷ, വിദ്യാഭ്യാസം എന്നിവയുടെ പാഠം വ്യാപിപ്പിക്കുന്ന കാര്യത്തിൽ പുനർചിന്തനം ആവശ്യമുണ്ട്.

5.7 ഉന്നതവിദ്യാഭ്യാസ സംബന്ധമായ ഏതൊരു സർക്കാർ നയത്തെ സംബന്ധിച്ചിടത്തോളവും കൂടുതൽ പക്വമായ പരിഗണന ആവശ്യപ്പെടുന്ന മറ്റു പ്രശ്നങ്ങളുമുണ്ട്. വികസ്വരമായൊരു വ്യാവസായിക സമൂഹത്തിന് സാമൂഹ്യവിദഗ്ദ്ധരേയും സംരംഭകരേയും മാനേജർമാരേയും ആവശ്യമുണ്ട്. പുതിയതും വൈവിധ്യമാർന്നതുമായ മാർഗ്ഗങ്ങളിലേക്ക് സാമ്പത്തിക വികസനത്തെ നയിക്കുന്നതിന് അടിസ്ഥാനപരമായ ശാസ്ത്രവിജ്ഞാനത്തിലും ഗവേഷണത്തിലുമുള്ള വളർച്ചയും പുതിയ വിജ്ഞാനത്തിന്റെ ഉത്പാദനവും തുല്യനിലയിൽ തന്നെ ആവശ്യമാണ്. നിലവിലുള്ള ആർട്സ്-സയൻസ് കോഴ്സുകൾ നിലനിർത്തേണ്ടത് ആവശ്യമാണ്. കാരണം ഉന്നത വിദ്യാഭ്യാസത്തിന്റേയും ഗവേഷണത്തിന്റേയും അടിസ്ഥാനപരമായ ആധാരശിലകളെ അവ പ്രതിനിധാനം ചെയ്യുന്നു. പാണ്ഡിത്യത്തിന്റെ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള വികാസം നിലനിർത്തുന്നതിലും അവ പ്രധാന പങ്ക് വഹിക്കുന്നു. എന്നാൽ വിജ്ഞാനത്തിന്റെ നിരന്തരമായ പുരോഗതി ഉൾക്കൊള്ളുന്ന വിധത്തിൽ ഈ കോഴ്സുകൾ പരിഷ്കരിക്കേണ്ടതുണ്ട്. അതാതു വൈജ്ഞാനിക മേഖലയിലെ യോഗ്യതയുടേയും അഭിരുചിയുടേയും അടിസ്ഥാനത്തിലായിരിക്കണം കോഴ്സുകളിലെ പ്രവേശനം. കർശനമായ വ്യവസ്ഥകൾ പ്രകാരമാണ് പ്രവേശനം നൽകേണ്ടത്. ജാതി,വർഗ്ഗം, ലിംഗഭേദം, മതം, പ്രാദേശിക അസമത്വങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള അസന്തുലനം പ്രകടമായ നമ്മുടേതുപോലുള്ള സമൂഹത്തിൽ സാങ്കേതികവിദ്യാപരവും നടത്തിപ്പു സംബന്ധവുമായ ശേഷികൾകൊണ്ടു മാത്രം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാനാവില്ല. നമ്മുടെ സാംസ്കാരിക വൈവിദ്ധ്യത്തിന്റേയും പൈതൃകത്തിന്റേയും മർമ്മപ്രധാനമായ സ്വഭാവവിശേഷതകളെ സംബന്ധിച്ച ധാരണയും സാമൂഹ്യബോധവും ചിന്താശീലവും അത്രതന്നെ പ്രധാനമാണ്. സാങ്കേതിക വിദഗ്ദ്ധരെ വാർത്തെടുക്കുന്നതിൽ നൽകപ്പെടുന്ന ഊന്നൽ സ്വാഗതാർഹമാണെങ്കിലും അത് എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമൂലിയല്ല.

5.8 കേരളത്തിലെ പ്രാദേശിക വികസനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ പുന:ക്രമീകരണത്തിന്റെ ആവശ്യകത സ്പഷ്ടമാണ്. അടുത്തകാലത്ത് ആരംഭിച്ച 'തൊഴിലുന്മുഖ കോഴ്സുകളും' സാങ്കേതിക വിദ്യാപരമായ കോഴ്സുകളും ഇതിനകം തന്നെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേരളത്തിനകത്തെ പരിമിതമായ തൊഴിലവസരങ്ങൾ കൊണ്ടു തൃപ്തിപ്പെടുക പ്രയാസമാണ്. സാങ്കേതിക യോഗ്യത നേടിയവർ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലേക്കും പോവുകയാണ് ഇതിന് പരിഹാരം. ഇതും ഏറെ നീണ്ടുനിൽക്കുകയില്ല; കാരണം ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ അവസാനിച്ചു വരികയാണ്. ഇതുപോലുള്ള 'സാങ്കേതിക വിദഗ്ദ്ധരെ' വാർത്തെടുക്കുന്നതിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും കേരളത്തോട് കിടപിടിക്കുന്ന തരത്തിലാകുകയാണ്. അതേ സമയം കേരളത്തിന്റെ സാമ്പത്തിക വികാസം മന്ദഗതിയിലാണെന്നതും ശ്രദ്ധേയമാണ്. കൃഷി, കാർഷികാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ, വ്യവസായമേഖല എന്നിവയിൽ ഉത്പാദനപരമായ സംരംഭങ്ങൾക്ക് നേതൃത്വമേകാൻ കഴിവുറ്റ വിദഗ്ദ്ധരേയോ വിദഗ്ദ്ധതൊഴിലാളികളെയോ സൃഷ്ടിക്കാൻ കേരളത്തിന് സാധിക്കുന്നില്ല. സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനപരമായ ഒരു സ്വഭാവ വിശേഷമെന്ന നിലയിൽ ഉത്പാദനപരമായ ഉദ്ദേശ്യങ്ങൾക്കായി

പ്രാദേശികവിഭവങ്ങളോ കഴിവുകളോ ഉപയോഗപ്പെടുത്തുന്നതിന് ഗൗരവപൂർവ്വം യാതൊരു ശ്രമവുമില്ല. കൂടുതൽ വൈദഗ്ദ്ധ്യമോ വിജ്ഞാനമോ സൃഷ്ടിക്കുന്നതിന് കാര്യമായ യാതൊരു സംഭാവനയും നമ്മുടെ കോളേജുകളിൽ നിന്നോ സർവകലാശാലകളിൽ നിന്നോ ഉള്ള ബിരുദധാരികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട ചില ശ്രമങ്ങളുണ്ടായെങ്കിലും സ്വാധീനം ചെലുത്താൻ അവ പര്യാപ്തമല്ല.

5.9 ഇങ്ങനെ കേരളത്തിന് സാങ്കേതിക വിദഗ്ദ്ധരേയും മാനേജർമാരേയും അതുപോലെ തന്നെ സാമൂഹ്യ-സാമ്പത്തിക വികാസത്തിന് സംഭാവനയേകുന്ന അടിസ്ഥാന ശാസ്ത്രങ്ങളിലും സാമൂഹ്യ ശാസ്ത്രങ്ങളിലും പരിശീലനം സിദ്ധിച്ചവരേയും ആവശ്യമാണ്. വികസനാവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അധികാരം നൽകിക്കൊണ്ടിരിക്കുന്ന പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ വളർച്ചയോടെ ഇത്തരം വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വർദ്ധിച്ചിരിക്കുന്നു. ഓരോ നഗര-ഗ്രാമപഞ്ചായത്തിനും വിവിധ മേഖലകളിൽ പരിജ്ഞാനവും വൈദഗ്ദ്ധ്യവും സിദ്ധിച്ച ഒട്ടേറെപ്പേരെ ആവശ്യമുണ്ട്. എഞ്ചിനീയറിംഗ് മുതൽ ചരിത്രവും സംസ്കാരവും വരെയുള്ള വിഷയങ്ങൾ അക്കൂട്ടത്തിൽപ്പെടുന്നു. പദ്ധതികളാവിഷ്കരിക്കുന്നതിന് ശാസ്ത്രീയവും സാങ്കേതിക വിദ്യാപരവുമായ സഹായം ലഭ്യമാക്കുന്നതിന് അവരുടെ സേവനം ആവശ്യമാണ്. ഈ പ്രക്രിയയിൽ നേരിടുന്ന ഓരോ പ്രശ്നവും പുതിയ വിജ്ഞാനം സൃഷ്ടിക്കുന്നതിനുള്ള ഒരു വെല്ലുവിളിയാണ്. അക്കാദമികവും വൊക്കേഷണലുമായ പാഠങ്ങൾ പുതിയ വിജ്ഞാനത്തെയും ഉത്പാദന പ്രക്രിയയേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആവശ്യമായ കണ്ണി എന്ന നിലയിൽ ഇത് ഉറപ്പു വരുത്തേണ്ടതുണ്ട്.

5.10 ഈ പൊതു പരിഗണനകളെ ആധാരമാക്കി കോളേജുകളിലെ ബിരുദപരിപാടിക്ക് ഒരു പുന:ക്രമീകരണം ഞങ്ങൾ നിർദ്ദേശിക്കുന്നു. കോഴ്സുകൾക്ക് രൂപകല്പന ചെയ്യുന്നതിൽ രണ്ട് മാനദണ്ഡങ്ങൾ പ്രയോജനകരമായിരിക്കും. ഒന്ന് ബിരുദ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സമകാലിക വിജ്ഞാനനിലവാരം ഉയർത്തുക എന്നതായിരിക്കണം. കോഴ്സിലൂടെ പ്രദാനം ചെയ്യപ്പെടുന്ന വിജ്ഞാനം വിദ്യാർത്ഥികളിൽ ഭൂരിപക്ഷത്തിനും സമൂഹത്തിൽ സൃഷ്ടിപരമായ പങ്ക് വഹിക്കാൻ കഴിവേകുന്നതാകണമെന്നതാണ് രണ്ടാമത്തേത്. അവരുടെ വ്യക്തിപരമായ 'തൊഴിലിന്റെ' കാര്യത്തിലും സമൂഹത്തിന്റെ മൊത്തം ആവശ്യങ്ങളുടെ കാര്യത്തിലും ഇത് ബാധകമായിരിക്കണം. ഇതിനർത്ഥം ഏറ്റവും മികച്ച സർവകലാശാലകളിൽ പ്രദാനം ചെയ്യപ്പെടുന്ന വിജ്ഞാനത്തോട് തുല്യമായിരിക്കുന്ന വിധത്തിൽ സുശക്തമായ അക്കാഡമിക് ഉള്ളടക്കം ബിരുദകോഴ്സുകൾക്ക് ഉണ്ടായിരിക്കണമെന്നതാണ്. നിലവിലുള്ള സാമൂഹ്യ പരിതസ്ഥിതിയിൽ പ്രയോഗിക്കാവുന്നതോ പ്രാദേശികമായി പ്രസക്തമായതോ ആയ കോഴ്സുകൾ അവയ്ക്ക് അനുപൂരകമായി ഏർപ്പെടുത്തുകയും ചെയ്യാം. ഒരു ജന്തുശാസ്ത്ര പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് അക്വാകൾച്ചറിലെ ഏതാനും കോഴ്സുകൾ ആവിഷ്കരിക്കുക പ്രയാസമാവുകയില്ല. ഒരു സാമ്പത്തിക ശാസ്ത്ര പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണത്തിലോ ആസൂത്രണത്തിലോ ഉള്ള കോഴ്സുകളും നടത്താവുന്നതാണ്. അടിസ്ഥാനപരമായ പരിപാടി ഒന്നു തന്നെയായിരിക്കെ, പ്രയോഗത്തിലുള്ള കോഴ്സുകൾ പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായിരിക്കും. ഒരിടത്ത് ജന്തുശാസ്ത്രത്തെ മത്സ്യബന്ധനവുമായി സംയോജിപ്പിച്ചാൽ മറ്റൊരിടത്ത് പരിസ്ഥിതി ശാസ്ത്രവുമായി ബന്ധിപ്പിക്കാം. ഒരു പരിപാടിയിലെ അടിസ്ഥാനപരമായ വൈജ്ഞാനികസത്തയെ അലങ്കോലപ്പെടുത്താതെ തന്നെ ഇത്തരത്തിൽ നിരവധി സംയോജനങ്ങളെ കുറിച്ച് ചിന്തിക്കാവുന്നതാണ്. പ്രസ്തുത പരിപാടി സാമൂഹ്യമായി പ്രസക്തവുമായിരിക്കും.

5.11 ബിരുദ പരിപാടിയുടെ ഘടനയും സുപ്രധാനമാണ്. കാരണം ബിരുദത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമായി പ്രകടമാകുന്നത് അവിടെയാണ്. മൂന്നുതരം കോഴ്സുകൾ നല്കാൻ കഴിയും. വിഷയ ഭേദമന്യേ മുഴുവൻ വിദ്യാർത്ഥികൾക്കും അനുപേക്ഷണീയമായ, അടിസ്ഥാനപരമായ കോഴ്സുകളുടെ ഒരു വ്യൂഹമാണൊന്ന്; കോർ കോഴ്സുകളുടെ വ്യൂഹമാണ് മറ്റൊന്ന്; സ്വന്തം സവിശേഷ താത്പര്യങ്ങളുടെ അടിസ്ഥാനത്തിൽ

വിദ്യാർത്ഥിക്ക് തെരഞ്ഞെടുക്കാവുന്ന വൈവിധ്യമാർന്ന കോഴ്സുകളുടെ വ്യൂഹമാണ് മൂന്നാമത്തേത്. ശാസ്ത്രത്തിന്റേയും സമൂഹത്തിന്റേയും പരിസ്ഥിതിയുടേയും ചരിത്രം, ശാസ്ത്രീയരീതി, സമകാലീന ലോകത്തിലെ പ്രശ്നങ്ങൾ എന്നിവ അടിസ്ഥാനപരമായ കോഴ്സുകളിൽ ഉൾപ്പെടും. ബന്ധപ്പെട്ട വിഷയത്തിൽ അടിസ്ഥാനപരമായ പരിജ്ഞാനമേകുന്നതാണ് കോർ കോഴ്സുകൾ. വൈവിധ്യവത്കരിക്കപ്പെട്ട കോഴ്സുകളിൽ അടിസ്ഥാനപരവും വൊക്കേഷണലുമായ കോഴ്സുകൾ ഉൾപ്പെടും. വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമായി ബിരുദത്തെ കണക്കാക്കുന്നതിലാണ് വിദ്യാർത്ഥിക്ക് താത്പര്യമെങ്കിൽ വൊക്കേഷണൽ കോഴ്സ് സ്വീകരിക്കാം. പരസ്പര ബന്ധിതമായ വിഷയങ്ങളോടെ ഒരൊറ്റ വിഷയത്തിലുള്ള പരിപാടികൾ ഏർപ്പെടുത്താവുന്നതാണ്. അതല്ലെങ്കിൽ വിഷയങ്ങൾ പരസ്പരം ബന്ധപ്പെടുത്തി ബഹുവിഷയാത്മകാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളും ഏർപ്പെടുത്താം. സാമ്പ്രദായികമല്ലാത്ത പുതിയ കോഴ്സുകളും ഉൾപ്പെടുത്താവുന്നതാണ്.

5.12 പൊതു ബിരുദവിദ്യാഭ്യാസത്തെ രണ്ട് ധാരകളായി പുന:സംഘടിപ്പിക്കാം. ഒരു വിഷയത്തിലോ ഒരു കൂട്ടം വിഷയങ്ങളിലോ വിദ്യാർത്ഥിയുടെ വിജ്ഞാനവും വൈദഗ്ദ്ധ്യവും ഉയർത്താവുന്ന വിധത്തിൽ അവസാന ഘട്ടമെന്ന നിലയിലുള്ള ബിരുദ കോഴ്സാണ് ഒന്നാമത്തേത്. തുടർന്നുള്ള പഠനമോ പ്രോജക്ട് പ്രവർത്തനമോ ഗവേഷണമോ തുടരാൻ ഉദ്ദേശിക്കാത്ത, തൊഴിലവസരങ്ങളുടെ വിവിധ മേഖലകളിൽ അഭിനിവേശം പ്രകടിപ്പിക്കുന്നവർക്ക് പര്യാപ്തമായതാകും ഈ കോഴ്സ്. ബിരുദാനന്തര പഠനങ്ങളും ഗവേഷണവും തുടരാൻ ഉദ്ദേശിക്കുന്നവർക്കുള്ള, കൂടുതൽ പ്രത്യേകമായുള്ള ബിരുദകോഴ്സാണ് രണ്ടാമത്തേത്. തൊഴിലവസരങ്ങൾക്കുള്ള അടിസ്ഥാനപരമായ വിജ്ഞാനവും വൈദഗ്ദ്ധ്യവും നേടാൻ വിദ്യാർത്ഥികൾക്കു സഹായകമായ വൊക്കേഷണൽ കോഴ്സുകൾ ആദ്യത്തേതിലൂടെയാണ് ഏർപ്പെടുത്തുന്നത്. ബിരുദാനന്തര പഠനങ്ങൾക്കും ഗവേഷണത്തിനും സഹായകമായി ഏതെങ്കിലും പ്രത്യേക മേഖലയിൽ അഥവാ വിഷയത്തിൽ കൂടുതൽ പഠനത്തിനു സൗകര്യപ്രദമായതാണ് രണ്ടാമത്തേത്. സ്പെഷലൈസ് ചെയ്ത മാസ്റ്റേഴ്സ് ഡിഗ്രി നൽകുന്ന അഞ്ച് വർഷത്തെ ഉദ്ഗ്രഥിത എം.എ/എം.എസ്.സി പരിപാടി സർവകലാശാലാ കേന്ദ്രങ്ങളിലും, മതിയായ സൗകര്യങ്ങളും അധ്യാപകരുമുള്ള തിരഞ്ഞെടുക്കപ്പെട്ട ഏതാനും കോളേജുകളിലുമായി ഏർപ്പെടുത്താവുന്നതാണ്. ഈ രണ്ട് പരിപാടികളിലും കോർ കോഴ്സുകൾ ഉദ്ഗ്രഥിത സമീപനം അവലംബിക്കണം. ഇന്ന് നിലവിലുള്ള മെയിൻ-സബ്സിഡിയറിയെന്ന രീതിക്കു പകരമായി, ഒരേ സമയം സമാപിക്കുന്ന രണ്ടോ മൂന്നോ ശാഖകൾ ചേർന്ന കോഴ്സായിരിക്കും അത്.

5.13 ബിരുദ പരിപാടിയുടെ പാഠ്യപദ്ധതിയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കൈവരിക്കേണ്ട ഏറ്റവും കുറഞ്ഞ നിലവാരവും സർവകലാശാല നിശ്ചയിക്കണം. സമൂഹത്തിന് ആവശ്യമായ വിജ്ഞാനത്തിന്റേയും വൈദഗ്ദ്ധ്യത്തിന്റേയും അടിസ്ഥാനത്തിലും, പരിപാടിയിലൂടെ പ്രദാനം ചെയ്യപ്പെടുന്ന വിജ്ഞാനത്തിന്റെ ഉത്പാദനത്തിലും ആസൂത്രണത്തിലും കൈവരിച്ച പുരോഗതിയുടെ അടിസ്ഥാനത്തിലും ഇവ തീരുമാനിക്കപ്പെടണം. ആനുകാലികമായി പുന:പരിശോധനക്ക് വിധേയമായി കോഴ്സുകളുടേയും പാഠ്യപരിപാടിയുടേയും കൃത്യമായ രൂപകല്പന അതാത് കോളേജിലെ ഫാക്കൽറ്റിക്കു വിട്ടുകൊടുക്കണം. കോഴ്സിന്റെ ഘടന ആവിഷ്കരിക്കുന്നതിൽ അധ്യാപകന് ഗണ്യമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. കോളേജുകൾക്ക് നല്കപ്പെടുന്ന സ്വയംഭരണാധികാരം എന്നാൽ സ്ഥാപനത്തിലെ അക്കാദമിക് പ്രവർത്തനത്തെ നിയന്ത്രിക്കുവാനോ ഇടപെടുവാനോ മാനേജ്മെന്റിനുള്ള അധികാരം എന്നായി മാറുമോ എന്ന ആശങ്ക പൊതുവേയുണ്ട്. അതല്ല ഉദ്ദേശിക്കുന്നത്. ഇത് സംഭവിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ഏർപ്പെടുത്താവുന്നതേയുള്ളൂ. അക്കാദമിക് നിലവാരം ഉയർത്തുവാനും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ വൈവിധ്യവത്കരണത്തിനുമായി സ്വന്തം പരിപാടികൾ രൂപകല്പന ചെയ്യുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിന് സ്ഥാപനത്തിൽ മതിയായ സ്ഥലസൗകര്യവും ഫാക്കൽറ്റിയും

ഉറപ്പ് വരുത്തുക എന്നതാണ് വാസ്തവത്തിൽ ഉദ്ദേശിക്കുന്നത്. ഇത് ഗണ്യമായ തോതിൽ അയവേകുകയും കോളേജിന്റെ അക്കാഡമിക് പ്രകടനത്തെ സംബന്ധിച്ച മൂല്യനിർണ്ണയത്തിന് ഫലപ്രദമായ മാനദണ്ഡമാകുകയും ചെയ്യും. വിദ്യാർത്ഥികളെ സ്വന്തം അധ്യാപകർ തന്നെ മൂല്യനിർണ്ണയത്തിന് വിധേയമാക്കുന്ന ക്രെഡിറ്റ്-സെമസ്റ്റർരീതി ബിരുദ പരിപാടിക്കും ഏർപ്പെടുത്താം. തുടക്കമെന്ന നിലയിൽ പ്രോജക്ട്, അസൈൻമെൻറുകൾ, പ്രാക്ടിക്കൽ വർക്കുകൾ എന്നിവ അധ്യാപകർക്ക് വിലയിരുത്താം. മൂല്യനിർണ്ണയത്തിൽ എന്തെങ്കിലും മുൻവിരോധങ്ങൾ പ്രകടമാകുന്നത് ഒഴിവാക്കാനായി പരാതിസെൽ ഏർപ്പെടുത്തുകയും ചെയ്യാം. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അവസാന സെമസ്റ്റർ പരീക്ഷയിലേക്കും ആഭ്യന്തര മൂല്യനിർണ്ണയരീതി വ്യാപിപ്പിക്കാം. ചില സന്ദർഭങ്ങളിൽ പരീക്ഷക്കു പകരം വൈവാ വോസിയോ കൂട്ടായ ചർച്ചയോ ഏർപ്പെടുത്താം; ഉടൻ തന്നെ ഫലപ്രഖ്യാപനവും നടത്താം. കുറഞ്ഞ ഗ്രേഡ് കിട്ടുന്ന വിദ്യാർത്ഥികളെ കോഴ്സ് ആവർത്തിക്കാൻ അനുവദിക്കാവുന്നതാണ്. കോഴ്സുകൾ ആവർത്തിച്ചിട്ടും നിശ്ചിത നിലവാരം ആർജ്ജിക്കുന്നതിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒഴിവാകാം.

5.14 ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷ എന്നിങ്ങനെ സാമ്പ്രദായികമായ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ ഒതുങ്ങാത്തതെങ്കിലും വളരെയേറെ സാധ്യതകളുള്ള ചില മേഖലകളുണ്ട്. ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, സഹകരണം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് എന്നിവ ചില ഉദാഹരണങ്ങളാണ്. ഇപ്പോൾ തന്നെ നിരവധി സർവകലാശാലകളും കോളേജുകളും ഈ കോഴ്സുകൾ നടത്തുന്നു. സർവകലാശാലകളുടെ അക്കാഡമിക് പിന്തുണയോടെ തൊഴിൽപരമായ ഈ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധം പുലർത്തുന്ന ഏജൻസികൾ ഈ കോഴ്സുകൾ സംഘടിപ്പിക്കുന്നതാണ് അഭികാമ്യം. പഞ്ചായത്ത് സമിതി പോലുള്ള ഒരു അംഗീകൃത ഏജൻസിക്കോ രജിസ്റ്റർ ചെയ്ത ഒരു സംഘത്തിനോ കമ്മ്യൂണിറ്റി കോളേജ് എന്ന നിലയിൽ സ്ഥാപനങ്ങൾ രൂപീകരിച്ച് മേൽപരിപാടികൾ ഏകോപിപ്പിക്കാവുന്നതാണ്. പരിശീലനത്തിനും ബോധനത്തിനും സമൂഹത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് അയവാർന്നതും തുറന്നതുമായ വിവിധതരം കോഴ്സുകൾ ഏർപ്പെടുത്തി വിദ്യാർത്ഥികളെ ജീവിത സജ്ജരാക്കാൻ കമ്മ്യൂണിറ്റി കോളേജുകൾക്ക് സാധിക്കും. ഇത്തരം കോളേജുകൾക്ക് അംഗീകാരം നൽകുന്നതിന് ഒരു അക്രഡിറ്റിംഗ് ഏജൻസി ഉണ്ടായിരിക്കണം. സാമ്പ്രദായികമായ ബിരുദ-പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സമർദ്ദം കുറക്കാൻ ഇത് സഹായമാകും. ജോലിസാദ്ധ്യതയെ സംബന്ധിച്ചും തൊഴിലിന് സജ്ജമാക്കുന്ന കാര്യത്തിലും സാമൂഹ്യ പ്രസക്തിയുടേതായ ഒരംശം ഇതുവഴി നടപ്പിലാക്കാനാവും. സ്വഭാവത്തിലും കാലദൈർഘ്യത്തിലും വ്യത്യസ്തങ്ങളായ ഇത്തരം കോഴ്സുകൾക്ക് ബിരുദ പരിപാടി പോലെ ഒരേ നിയതമാതൃക സാദ്ധ്യമല്ല. അവ സർവകലാശാലകളുടെ ഭരണത്തിൻ കീഴിലാവേണ്ടതുമില്ല. കമ്മ്യൂണിറ്റി കോളേജുകൾക്കു തന്നെ സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുണ്ടാവേണ്ടതാണ്.

വൊക്കേഷണൽ വിദ്യാഭ്യാസവും പരിശീലനവും

5.15 വിവിധ ട്രേഡുകളിൽ വിദ്യാർത്ഥികൾക്കു നേരിട്ട് പരിശീലനം നൽകുന്ന വൊക്കേഷണൽ കോഴ്സുകൾ ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും സെന്ററുകളിലുമായി നിലവിലുണ്ട്. വൻതോതിൽ വിദ്യാർത്ഥികളെ അതാകർഷിക്കുകയും ചെയ്യുന്നു. മറ്റു നിരവധി സ്ഥാപനങ്ങളും ഈ രൂപത്തിലുള്ള പരിശീലനം നല്കുന്നുണ്ട്. ദേശീയതലത്തിൽ സ്ഥാപിക്കപ്പെട്ട കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) വഴി നിലവാരപരിശോധനക്ക് ശ്രമങ്ങൾ നടക്കുന്നുണ്ട്. കച്ചവടതാത്പര്യങ്ങൾക്ക് വൻതോതിൽ സ്വാധീനമുള്ള മേഖലയാണിത്. ശരിയായ സൗകര്യങ്ങളോ പാഠ്യപരിപാടിയോ അധ്യാപകരോ ഇല്ലാതെ കനത്തതോതിൽ ഫീസ് ഈടാക്കുന്ന, സംശയകരമായ

ഗുണനിലവാരമുള്ള കോഴ്സുകളാണ് ഇത്തരം സ്ഥാപനങ്ങളിൽ നടക്കുന്നത്. സർവകലാശാലകൾ നടത്തുന്ന പല വൊക്കേഷണൽ കോഴ്സുകളും അവതാളത്തിലായിരിക്കുകയാണ്.

5.16 വൊക്കേഷണൽ പരിപാടികളെ രണ്ടുവിധത്തിൽ തരംതിരിക്കാൻ കഴിയും. ഹയർസെക്കണ്ടറി പശ്ചാത്തലമുള്ള കുട്ടികൾക്ക് പ്രവേശനം നൽകുന്ന, യോഗ്യത തികഞ്ഞ അധ്യാപകരെയും മതിയായ സൗകര്യങ്ങളും ഏർപ്പെടുത്തി ഉന്നത നിലവാരത്തിലുള്ള വിജ്ഞാനം പ്രദാനം ചെയ്യുന്ന കോഴ്സുകൾ ആണ് ഒന്നാമത്തേത്. നഴ്സിംഗ് പോലുള്ളവ ഇതിൽപ്പെടുന്നു. രണ്ടാമതായി, 6 മാസം മുതൽ രണ്ടു വർഷം വരെയുള്ള ഹ്രസ്വകാല കോഴ്സുകളിൽ വിദ്യാർത്ഥികൾ മതിയായ അക്കാഡമിക് പിൻബലത്തോടെ അപ്രന്റീസുമാർ എന്ന നിലയിൽ പഠനത്തിലേർപ്പെടുന്നു. ആദ്യ തരത്തിലുള്ള വൊക്കേഷണൽ കോഴ്സുകൾ കമ്മ്യൂണിറ്റി കോളേജുകളിലോ ഇപ്പോൾ ചെയ്യുന്നതുപോലെ പ്രത്യേക കോളേജുകളിലോ ഏർപ്പെടുത്താവുന്നതാണ്. രണ്ടാമത്തേത് കമ്മ്യൂണിറ്റി പോളിടെക്നിക്കുകളിലോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലോ ഏർപ്പെടുത്താം. വളർന്നു വരുന്ന ട്രേഡുകൾ ഉൾക്കൊള്ളാവുന്ന വിധത്തിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടേയും സെന്ററുകളുടേയും നിലവാരം ഉയർത്തേണ്ടതുണ്ട്. അതാത് പ്രദേശത്തു പ്രത്യേകമായുള്ള വ്യവസായവിദ്യകളും കൈവേലകളും ഇത്തരം കേന്ദ്രങ്ങളിൽ അഭ്യസിപ്പിക്കാം. സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നിയന്ത്രണത്തിലായി ഇപ്പോൾ പ്രവർത്തിക്കുന്ന വിവിധ തൊഴിൽ വിദ്യാഭ്യാസ-പരിശീലന സ്ഥാപനങ്ങൾ പഞ്ചായത്ത് വ്യവസ്ഥയുടെ കീഴിൽ ഒരുമിപ്പിക്കുകയും, പ്രാദേശികമായ സാമൂഹ്യ-സാമ്പത്തിക ആവശ്യങ്ങൾക്ക് അനുസൃതമായ പരിശീലനപരിപാടികൾ വികസിപ്പിക്കുന്നതിന് അവക്ക് സ്വയംഭരണാധികാരം നൽകുകയും ചെയ്താൽ ഇത് സാധ്യമാകും.

5.17 ഏർപ്പെടുത്തപ്പെട്ട മൊത്തം പഠനപരിപാടികളിൽ ഇന്നും വലിയൊരു ഭാഗം പ്രൊഫഷണൽ-സാങ്കേതിക-വൊക്കേഷണൽ ധാരകളിലായി സംഘടിപ്പിക്കപ്പെട്ട വൊക്കേഷണൽ വിദ്യാഭ്യാസ-പരിശീലന പരിപാടികളാണ്. ഈ ധാരകൾ വികസിപ്പിക്കുന്നതിന് മതിയായ ചിന്തയും ആസൂത്രണവും ഉണ്ടായിട്ടില്ലെന്നതാണ് പ്രശ്നം. സാമ്പ്രദായികമായ ആർട്സ്-സയൻസ് പരിപാടികൾ ഏർപ്പാടുത്തുന്നതിന് അനുകൂലമായ സ്ഥിതി ഉണ്ടാവുന്നതിനും വൊക്കേഷണൽ-സാങ്കേതിക കോഴ്സുകളുടെ നടത്തിപ്പിൽ കച്ചവടതാൽപര്യക്കാർ ഇടങ്കോലിടുന്നതിലേക്കും നയിച്ചത് ഇതാണ്. സർക്കാരും സർവകലാശാലകളും കച്ചവടതാൽപര്യക്കാരുടെ പിറകെ പോയ്ക്കൂടാ. അതേസമയംതന്നെ, കേരളത്തിന്റെ വികസനത്തിൽ ഗണ്യമായ തോതിൽ സംഭാവന ചെയ്യാൻ കഴിവുറ്റ തോതിൽ ഗണ്യമായ പരിജ്ഞാനമുള്ള വിദഗ്ധരേയും പരിശീലനം സിദ്ധിച്ച തൊഴിലാളികളേയും വാർത്തെടുക്കുന്നതിന് ഈ മേഖലക്കുള്ള പ്രാധാന്യം അവഗണിക്കാനും പാടില്ല. ഈ മേഖലയിൽ സർക്കാരിന്റെ മുൻഗണനകൾ സുസ്പഷ്ടമാക്കണം. സർവ്വകലാശാലകളും, പഞ്ചായത്തു സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഈ മേഖലയുടെ നടത്തിപ്പിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയും ചെയ്യണം. ഹയർസെക്കണ്ടറി ഘട്ടം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിൽ 50 ശതമാനത്തെയെങ്കിലും വൊക്കേഷണൽ-സാങ്കേതിക കോഴ്സുകളിലേക്ക് തിരിച്ചുവിടാൻ സാധിക്കണം.

പ്രൊഫഷണൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം

5.18 ഇന്ത്യയിൽ പ്രൊഫഷണൽ-സാങ്കേതിക വിദ്യാഭ്യാസത്തിന് വളരെയേറെ മതിപ്പുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിനുള്ള വിപുലമായ തയ്യാറെടുപ്പ് എന്ന നിലയിലാണ് ഹയർ സെക്കണ്ടറി ഘട്ടം ഉൾപ്പെടെയുള്ള മുഴുവൻ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തേയും ജനതയിൽ ഒരു വിഭാഗം കണക്കാക്കുന്നത്. രാജ്യത്തെ ഏറ്റവും അന്തസ്സുറ്റതും വാശിയേറിയ മത്സരം നടക്കുന്നതുമായ പരീക്ഷകൾ

ഒരുപക്ഷേ, വിവിധ എഞ്ചിനീയറിംഗ്-മെഡിക്കൽ കോളേജുകളിലേക്കുള്ള എൻട്രൻസ് പരീക്ഷകളാണ്. കേരളത്തിലും, സ്കൂളുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്നവർ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നു. ഒട്ടേറെ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിതമായിട്ടുണ്ട്; വിവിധ സർവകലാശാലകൾ കൂടുതൽ സാങ്കേതികകോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. സാങ്കേതിക കോഴ്സുകൾക്ക് മുമ്പത്തേതിലും വൈവിധ്യവും ഉളവായി; എങ്കിലും ഈ പരിപാടികൾ പൂർത്തിയാക്കുന്ന സാങ്കേതികവിദഗ്ദ്ധരുടെ ഗുണനിലവാരം ഇനിയും തൃപ്തികരമല്ല.

5.19 ദേശീയ പരിപ്രേക്ഷ്യവും സാമൂഹ്യപ്രസക്തിയും നൂറ്റാണ്ട് മാറുമ്പോഴത്തെ അവസ്ഥയും കണക്കിലെടുത്ത് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം പുന:സംഘടിപ്പിക്കേണ്ടതുണ്ട്. എല്ലാ പരിപാടികളും ചിട്ടയായും അനുക്രമമായും നിരീക്ഷണ വിധേയമാക്കിക്കൊണ്ട് മെച്ചപ്പെട്ട സാങ്കേതികവിദ്യകളും സംരംഭകത്വ വികസനവും പുതുമയാർന്ന ഗവേഷണങ്ങളുടെ പരിപോഷണവും എല്ലാ തലങ്ങളിലും ഉറപ്പുവരുത്തണം. കാര്യക്ഷമതയും ഫലദായകത്വവും ഉണ്ടാവണം.

5.20 ശാസ്ത്ര-സാങ്കേതിക വിദ്യയുടെ മാറിക്കൊണ്ടിരിക്കുന്ന ഗതിവേഗത്തിനൊത്ത് സാങ്കേതികവിദ്യാഭ്യാസരംഗത്തിനു നീങ്ങാൻ കഴിയണമെങ്കിൽ ചിന്താഗതിയിൽ സമൂലപരിവർത്തനം ആവശ്യമാണ്. പ്രഭാഷണം നടത്തുക, ഗൃഹപാഠം ചെയ്യുക, ചോദ്യങ്ങൾക്ക് ഉത്തരം നൽകുക എന്ന നിലവിലുള്ള രീതി പര്യാപ്തമാകുകയില്ല. സ്വയംപഠനവും അന്വേഷണത്വരയുടെ മാതൃകകളും ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം പുന:രാവിഷ്കരിക്കണം.

5.21 ക്രെഡിറ്റ് വ്യവസ്ഥയോടെ മൊഡ്യൂൾ കോഴ്സുകൾ ഏർപ്പെടുത്തിയും വിവിധ മാർഗ്ഗങ്ങളിലൂടെ പ്രവേശനം അനുവദിച്ചും വിപുലമായ അടിത്തറയോടു കൂടിയ അയവാർന്ന സമ്പ്രദായം ഏർപ്പെടുത്തി, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും രീതികളും മെച്ചപ്പെടുത്താം. പ്രശ്നങ്ങൾക്കും പ്രക്രിയക്കും പ്രാധാന്യമുള്ള പരീക്ഷണശാലാപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകതയും അന്വേഷണത്വരയും പ്രോത്സാഹിപ്പിക്കാം. പാഠ്യപദ്ധതി നിരന്തരമായ പുന:പരിശോധനക്കു വിധേയമാക്കണം. കർശനമായും, യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള തുറന്ന മത്സരത്തിലൂടെയാകണം അധ്യാപക തസ്തികകളിലെ നിയമനം. പഠനാവധി, വേനൽക്കാലപരിശീലനം, ഉപദേശ-നിർദ്ദേശങ്ങൾ ലഭ്യമാക്കൽ, ഗവേഷണാവസരങ്ങൾ പ്രദാനംചെയ്യൽ എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് അധ്യാപകരുടെ വികാസത്തിന് ഊന്നൽ നൽകണം. അധ്യാപകരെ വിലയിരുത്തുന്ന പദ്ധതി വർഷം തോറും നടപ്പിലാക്കണം. സാങ്കേതികവിദ്യാപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന അധ്യാപകേതര ജീവനക്കാർക്കായി ഏകോപിത പരിശീലനപരിപാടികൾ ഏർപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെട്ട ഏതാനും സ്ഥാപനങ്ങൾക്ക് അക്കാഡമിക് സ്വയംഭരണാവകാശവും നൽകാവുന്നതാണ്. സ്ഥാപനങ്ങളുടെ അക്കാഡമിക് സ്ഥിതി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. അനുയോജ്യമായ അക്രഡിറ്റേഷൻ നടപടിക്രമങ്ങളിലൂടെ അവയുടെ ഗുണനിലവാരം ഉയർത്താം.

5.22 അണ്ടർഗ്രാജ്വേറ്റ് തലത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു അഖിലേന്ത്യാരീതി നിലവിലുണ്ട് എങ്കിലും ഐച്ഛിക സംവിധാനം ശുദ്ധ/പ്രയോഗ ശാസ്ത്ര വിഷയങ്ങൾക്കും സാങ്കേതിക കലകൾക്കും നൽകപ്പെടുന്ന വെയിറ്റേജ്, മാനവിക വിഷയങ്ങൾക്ക് കൽപ്പിക്കപ്പെടുന്ന പങ്ക്, ആഭ്യന്തര മൂല്യനിർണ്ണയത്തിന്റെ വ്യാപ്തി എന്നിവയിലെല്ലാം വളരെയേറെ അന്തരങ്ങൾ നിലനിൽക്കുന്നു. സ്ഥാനക്കയറ്റം നൽകുന്നതു സംബന്ധമായ നിയമങ്ങളിലും ഗണ്യമായ വ്യതിയാനങ്ങൾ നിലവിലുണ്ട്. പാഠ്യപരിപാടി തയ്യാറാക്കുന്നതിൽ ഗുരുതരമായ പിഴവുകളുമുണ്ട്. സാങ്കേതിക വിദ്യാമണ്ഡലം 5–7 വർഷങ്ങൾക്കകം ഇരട്ടിക്കുന്ന വിധത്തിൽ വ്യാപിക്കുകയാണ്. കോഴ്സുകൾ ആവിഷ്കരിക്കുകയോ പുന:പരിശോധിക്കുകയോ ഉയർത്തുകയോ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏറെക്കാലം എടുക്കുന്നതു കൊണ്ട് വിദ്യാർത്ഥികളുടെ ആദ്യ ബാച്ച് കോഴ്സ് പൂർത്തിയാക്കുമ്പോഴേക്കും തന്നെ അവ കാലഹരണപ്പെടുന്നു.

5.23 സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പാഠ്യപരിപാടിയുടെ സ്വഭാവം പുനരാവിഷ്കരിക്കേണ്ടത് ആവശ്യമായിരിക്കുകയാണ്. പാഠ്യപരിപാടി ആനുകാലികമായി പരിഷ്കരിക്കുകയും സ്വയം പഠിക്കാൻ വിദ്യാർത്ഥികളെ സജ്ജമാക്കിക്കൊണ്ട് പുഷ്ടിപ്പെടുത്തുകയും ചെയ്യണം. കോളേജിൽ നിന്നും പുറത്തു പോയതിനു ശേഷവും വിവരത്തിന്റേയും വിജ്ഞാനത്തിന്റേയും സദാ വിപുലമായിക്കൊണ്ടിരിക്കുന്ന ചക്രവാളങ്ങൾ സ്വായത്തമാക്കുവാൻ അവർക്കു സാധിക്കണം. ഇതിനു ശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിലും രീതിശാസ്ത്രത്തിലും അവഗാഹം ആവശ്യമാണ്. വിവരം സ്വാംശീകരിക്കുക എന്നതിനേക്കാളേറെ വൈദഗ്ദ്ധ്യങ്ങൾ ആർജ്ജിക്കുന്നതിനും അന്വേഷണപരമായ സമീപനത്തിനും ഊന്നൽ നൽകുന്ന പാഠ്യപദ്ധതി ആവിഷ്കരിക്കണം. അപഗ്രഥനത്തിനുതകുന്ന ഉപാധികൾക്കും സങ്കേതങ്ങൾക്കുമാണ് മുൻഗണന കല്പിക്കേണ്ടത്. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി അടിസ്ഥാനശാസ്ത്രങ്ങളുടേയും പ്രയോഗശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യാപരമായ കലകളുടേയും മാനവികവിഷയങ്ങളുടേയും അനുപാതം ക്രമീകരിക്കണം.

5.24 എഞ്ചിനീയറിംഗിന്റെ പ്രഥമവർഷം എല്ലാ ശാഖകൾക്കും പൊതുവായതാക്കുന്നതാണ് നല്ലത്. 'കോർ'വിഷയങ്ങളുടെ കൂട്ടവും അടിസ്ഥാന വിഷയങ്ങളും വിദ്യാർത്ഥികൾ പഠിക്കണം. ഒരേ മേഖലയിലെ വികസിത വിഷയങ്ങളോ, മാനേജ്മെന്റ്, മാനവിക വിഷയങ്ങൾ തുടങ്ങിയ ഇന്റർഡിസിപ്ലിനറി വിഷയങ്ങളിൽ നിന്നോ അവർക്ക് ഒരുകൂട്ടം ഐച്ഛിക വിഷയങ്ങൾ തെരഞ്ഞെടുക്കാം. കോർ–അടിസ്ഥാന വിഷയങ്ങൾ നിർബന്ധമായിരിക്കണം. ഏറ്റവും കുറഞ്ഞ തോതിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതിലും അധികമായി എത്രയേറെ ഐച്ഛികങ്ങൾ തിരഞ്ഞെടുക്കുവാനും വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. കോഴ്സുകൾ രൂപകല്പന ചെയ്യുന്നതിൽ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം ഉണ്ടായിരിക്കണം.

5.25 ബോധനരീതിയിലും മാറ്റം വരണം. ലൈബ്രറി പ്രവർത്തനം, അസൈൻമെന്റുകൾ തുടങ്ങിയ സ്വയംപഠന രീതികളുമായി ലക്ചർ ക്ലാസുകളെ കൂട്ടിയിണക്കണം. തൊഴിൽ സംബന്ധമായ വിവരങ്ങൾ, ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ തുടങ്ങി പാഠ്യപരിപാടിയുമായി ബന്ധപ്പെട്ട ചില വശങ്ങൾ സെമിനാറുകൾ, ചർച്ചകൾ, ക്ഷണിക്കപ്പെട്ടവരുടെ പ്രഭാഷണങ്ങൾ മുതലായവയിലൂടെ പ്രതിപാദിക്കാം. അവസാന വർഷത്തെ പാഠ്യപദ്ധതിയിൽ ഒരു പ്രോജെക്ടും ഒരു സെമിനാറുമെങ്കിലും ഉൾപ്പെടുത്തണം. അവ ആഭ്യന്തര മൂല്യനിർണ്ണയത്തിനു വിധേയമാകണം. വർക്ക്ഷോപ്പുകൾ, ലാബറട്ടറി പ്രവർത്തനം, ഡ്രോയിങ്ങ് തുടങ്ങിയ പ്രായോഗികവിഷയങ്ങൾ നിരന്തരവും ആഭ്യന്തരവുമായ മൂല്യനിർണ്ണയത്തിനു വിധേയമാകണം. ആവശ്യമായ ഏറ്റവും കുറഞ്ഞ ഗ്രേഡ് നേടുന്നതിൽ പരാജയപ്പെട്ടവർക്ക് പതിവു കോഴ്സിന്റെ പ്രവർത്തനങ്ങൾക്കു പുറമേ കൂടുതൽ അഭ്യാസങ്ങളേൽപ്പിക്കാം. രണ്ടാമത്തെ ശ്രമത്തിലും പരാജയപ്പെട്ടാൽ പഠനം അവസാനിപ്പിക്കേണ്ടിവരും. വിദ്വേഷപ്രേരിതമായോ തെറ്റായ രീതിയിലോ ഉള്ള മൂല്യനിർണ്ണയത്തിനെതിരായി വകുപ്പുതല പരാതിപരിഹാരസമിതികളോ സ്ഥാപന തലത്തിലുള്ള അപ്പലേറ്റ് അതോറിറ്റിയോ പോലുള്ള മതിയായ മുൻകരുതലുകളുണ്ടാകണം.

5.26 സാമൂഹ്യ മൂല്യങ്ങൾ, ദരിദ്രരുടെ അഭ്യുന്നതിയിലുള്ള ശുഷ്കാന്തി എന്നിവ പ്രൊഫഷണൽ കോഴ്സുകളിൽ ഉൾക്കൊള്ളിക്കേണ്ടത് ആവശ്യമാണ്. ഏറ്റവും ചെലവു കുറഞ്ഞ പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തൽ, കുറഞ്ഞ ചെലവിലുള്ള കെട്ടിട നിർമ്മാണത്തിനുള്ള രൂപകല്പന, ശുദ്ധജല വിതരണം, ശുചീകരണ–അഴുക്കുചാൽ നിർമ്മാണപദ്ധതികൾ എന്നിങ്ങനെ സമൂഹത്തിലെ ദരിദ്രവിഭാഗങ്ങൾക്ക് പ്രസക്തമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുവാൻ കോഴ്സ് ഉതകണം. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തൽ, സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകൾ ആവിഷ്കരിക്കൽ എന്നിവയാണ് സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ പകർന്നു നൽകേണ്ട മറ്റു ചില കാര്യങ്ങൾ. സാങ്കേതികവിദ്യയേയും

വികസനത്തേയും ബന്ധപ്പെടുത്തുന്ന നിർണ്ണായകമായ നിലയിലുള്ള ഘട്ടമാണിത്; സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കേണ്ട മേഖലയുമാണിത്.

5.27 വ്യവസായവും വിദ്യാഭ്യാസസ്ഥാപനവും തമ്മിലുള്ള പ്രതിപ്രവർത്തനം വളർത്തേണ്ടതുണ്ട്. അപ്രന്റീസ്ഷിപ്പ്, കൺസൾട്ടൻസി, സ്പോൺസർ ചെയ്ത ഗവേഷണം,വ്യവസായങ്ങളിലെ ജീവനക്കാർക്ക് തുടർവിദ്യാഭ്യാസപരിപാടി, വ്യവസായങ്ങളിൽ നിന്ന് സന്നദ്ധരാകുന്നവരും പ്രഗത്ഭരുമായവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'അഡ്ജങ്ക്റ്റ്' പ്രൊഫസർ സ്ഥാനം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് വ്യവസായത്തിൽ 'റസിഡൻസി', പാഠ്യപദ്ധതിയും കോഴ്സുകളും ആവിഷ്കരിക്കുന്നതിൽ വ്യവസായത്തിന് പങ്കാളിത്തം നൽകുക എന്നിവയിലൂടെ ഇത് നടപ്പിലാക്കാം. വ്യാവസായിക ലെയിസൺ ബോർഡുകൾ, വ്യവസായത്തേയും വിദ്യാഭ്യാസ സ്ഥാപനത്തേയും ബന്ധപ്പെടുത്തുന്ന സെല്ലുകൾ, വ്യാവസായിക ഫൗണ്ടേഷനുകൾ എന്നിവ ഏർപ്പെടുത്തണം. അക്കാഡമിക് സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായ സംരംഭങ്ങളും തമ്മിലുള്ള ഇടപഴകലും വിദഗ്ദ്ധരുടെ വിനിമയവും പ്രോത്സാഹിപ്പിക്കണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശൃംഖലകളായി ഏകോപിപ്പിക്കുന്ന പദ്ധതി കൂടുതൽ ശക്തിപ്പെടുത്തണം. വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും സംഘടിപ്പിക്കുന്നതിലും പ്രൊഫഷണൽ സംഘടനകളുടെ പങ്കാളിത്തവുമുണ്ടാകണം.

5.28 മാനവശേഷിയുടെ ആവശ്യകതയെ സംബന്ധിച്ച് മതിയായ വിവരങ്ങളുടെ അഭാവത്തിൽ സാങ്കേതിക വിദഗ്ദ്ധരെ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും അതിന്റെ വളർച്ചാമേഖലകളും പ്രവചിക്കുക ദുഷ്കരമാണ്. ഇന്നു വളർന്നുകൊണ്ടിരിക്കുന്ന മേഖലകളിലെ മാനവികശേഷിയെ സംബന്ധിച്ച ആവശ്യങ്ങൾ പ്രവചിക്കുന്നതിന് മുൻഗണന നൽകണം. കേരളത്തിൽ സാങ്കേതികവിദ്യാപരമായ മനുഷ്യശേഷി വികസന പദ്ധതി ആവിഷ്കരിക്കുന്നതിന് ടെക്നോളജി ഇൻഫെർമേഷൻ ഫോർകാസ്റ്റിങ്ങ് ആന്റ് അസെസ്മെന്റ് കൗൺസിൽ (ടി.ഐ.എഫ്.എ.സി)യുമായും നാഷണൽ ടെക്നിക്കൽ മാൻപവർ ഇൻഫെർമേഷൻ സിസ്റ്റവു(എൻ.ടി.എം.ഐ.എസ്)മായും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് സഹകരിക്കാവുന്നതാണ്.

5.29 ഒരുപക്ഷേ ഏറ്റവും പ്രധാനമായി വികസിപ്പിക്കേണ്ട രംഗം പോളിടെക്നിക് വിദ്യാഭ്യാസ മേഖലയാണ്. ഒരു വികസ്വര സമൂഹത്തിന് ആവശ്യമായതും എഞ്ചിനീയിറിംഗ് കോളേജുകളിലെ അത്യാധുനിക പ്രൊഫഷണൽ വിദ്യാഭ്യാസം ആവശ്യമില്ലാത്തതുമായ പലവിധ സാങ്കേതിക വിദ്യാശേഷികൾ പ്രദാനം ചെയ്യുവാൻ പോളിടെക്നിക് വിദ്യാഭ്യാസത്തിനു കഴിയും. വിവിധ സാങ്കേതിക രംഗങ്ങളിൽ വികസിത വൈദഗ്ദ്ധ്യം പ്രദാനം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രത്യേക ധാരയായി പോളിടെക്നിക്കുകൾ വർത്തിക്കണം. അത് ഒരു പ്രഥമ ബിരുദ കോഴ്സിന് തുല്യമാകുകയും വേണം. പ്രിന്റിങ്ങ് ടെക്നോളജി, ടെക്സ്റ്റൈൽ ടെക്നോളജി, കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, ലാബറട്ടറി ടെക്നിക് മുതലായവ ഉദാഹരണങ്ങളാണ്. കമ്മ്യൂണിറ്റി കോളേജുകളുടെ ഘടനക്കു സദൃശമായ കമ്മ്യൂണിറ്റി പോളി ടെക്നിക് സംവിധാനത്തിൻ കീഴിൽ ഈ കോഴ്സുകൾ ഏർപ്പെടുത്താം. നൽകപ്പെടുന്ന പരിശീലനത്തിന്റെ നിലവാരം ഉറപ്പ് വരുത്താൻ ഉതകുന്ന അക്രഡിറ്റേഷൻ സംവിധാനത്തിൻ കീഴിൽ ഇത്തരം സ്ഥാപനങ്ങൾ വരണം. ഇത്തരം കോഴ്സുകൾക്കുള്ള സർട്ടിഫിക്കറ്റുകൾ സ്ഥാപനങ്ങൾ നൽകണം. ഈ പരിപാടികളുടെ കാലാവധി നിർണ്ണയിക്കുന്നത് അയവാർന്ന വിധത്തിലായിരിക്കണം; സാമൂഹ്യാവശ്യങ്ങളെ ആശ്രയിച്ചായിരിക്കും ഓരോ പരിപാടിയുടേയും പൊതുവായ ഘടന. ഈ പരിപാടികൾ അനുപേക്ഷണീയമായും തൊഴിലുന്മുഖമായിരിക്കും എങ്കിലും അടിസ്ഥാന കോഴ്സുകളിലൂടെ സാമൂഹ്യമൂല്യങ്ങളേയും താല്പര്യങ്ങളേയും സംബന്ധിച്ച അവബോധം പകരും. വിവിധ രംഗങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികളുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും ആവശ്യം കണക്കിലെടുത്തായിരിക്കും

കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ വ്യാപിപ്പിക്കുക. ഭാരത്തിൽ സമാനമായ കോഴ്സുകൾ തങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സർവ്വകലാശാലകളേയും കോളേജുകളേയും ഒഴിവാക്കുകയും ചെയ്യാം.

മെഡിക്കൽ വിദ്യാഭ്യാസം

5.30 സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള മെഡിക്കൽ വിദ്യാഭ്യാസം വൻതോതിൽ വിദ്യാർത്ഥിനികളെ ആകർഷിക്കുന്നു. ഇതര പ്രൊഫഷണൽ / ടെക്നിക്കൽ വിദ്യാഭ്യാസ കോഴ്സുകളെപ്പോലെ ഇതിനും ഒരഖിലേന്ത്യാ രീതി ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ വിപുലമായ തോതിലുള്ള പൊതുജനാരോഗ്യ സേവനത്തുറ കെട്ടിപ്പടുത്തിട്ടുള്ളത് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ അടിത്തറയിലാണ്. എങ്കിലും പ്രൊഫഷണൽ/ടെക്നിക്കൽ രംഗങ്ങളിലേതുപോലെ കമ്പോളപ്രവണതകൾ ഈ രംഗത്തും വ്യാപിച്ചിരിക്കുന്നു.

5.31 മെഡിക്കൽ വിദ്യാഭ്യാസരംഗത്തിനുള്ള പദവിയും എൻട്രൻസ് പരീക്ഷകളിലൂടെയുള്ള പ്രവേശനവും മെഡിക്കൽ കോളേജുകളെ പ്രകടമായും 'വരേണ്യ' സ്ഥാപനങ്ങളാക്കിയിരിക്കുന്നു. മെഡിക്കൽ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും പട്ടണപ്രദേശങ്ങളിലെ വിദ്യാസമ്പന്നരായ ഇടത്തരക്കാരിൽനിന്ന് വരുന്നവരാണെന്ന് മെഡിക്കൽ എൻട്രൻസ് പരീക്ഷകളെ സംബന്ധിച്ച് ലഭ്യമായ പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രത്യേക വൈദഗ്ധ്യം ആർജ്ജിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി ഇന്ത്യയിലേയും വിദേശങ്ങളിലേയും ഏറ്റവും മികച്ച ആശുപത്രികളിൽ ചേർന്നു കൊണ്ട് അവർ മെഡിക്കൽ രംഗത്തെ ഉന്നതങ്ങളിലേക്ക് ഉയരാൻ ശ്രമിക്കുന്നു; ഗ്രാമ പ്രദേശങ്ങളിൽ അവരുടെ സേവനം വിരളമാണ്. അതിനാൽ ആതുരശുശ്രൂഷാ സംവിധാനവുമായി മെഡിക്കൽ വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തേണ്ടത് പ്രധാനമാണ്. വിദ്യാർത്ഥികളാവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പരിജ്ഞാനത്തിനു പുറമേ, സാമൂഹ്യ പ്രതിബദ്ധത കൂടിയുണ്ടോ എന്നു കണ്ടെത്തുന്നതിനുള്ള യഥാർത്ഥ അഭിരുചി പരിശോധനയായി സ്റ്റേറ്റ് എൻട്രൻസ് പരീക്ഷകളെ പുനരാവിഷ്കരിച്ചുകൊണ്ട് ഇത് നിർവഹിക്കാം. ചികിത്സാപ്രയോഗത്തിൻെറ സാങ്കേതികവിദ്യാപരവും രോഗനിർണ്ണയപരവുമായ ഘടകങ്ങൾക്കൊപ്പം സാമൂഹ്യവും സാമ്പത്തികവുമായ വശങ്ങൾ കൂടി ഉൾപ്പെടുത്തി വൈദ്യ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയെ യഥാർത്ഥത്തിൽ അന്തർ വിഷയാത്മകമാക്കണം. യഥാർത്ഥ പ്രയോഗത്തെ ആസ്പദമാക്കിയ പ്രോജെക്ടുകളും അസൈൻമെന്റുകളും മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താം. ഒരു നിശ്ചിത കാലഘട്ടത്തിൽ ഗ്രാമപ്രദേശത്ത് ഇന്റേൺഷിപ്പ് പൂർത്തീകരിക്കുവാനും ബിരുദത്തിന് അനുപേക്ഷണീയമായ വിധത്തിൽ വിശദമായ പ്രോജെക്ട് റിപ്പോർട്ട് സമർപ്പിക്കുവാനും വിദ്യാർത്ഥിയോട് ആവശ്യപ്പെടാം. മെഡിക്കൽ ഉദ്യോഗം അധികതരമായി ധാർമ്മിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. ഔഷധങ്ങളുടെ യുക്തിസഹമായ ഉപയോഗം, പൊതുജനാരോഗ്യപരിപാലന പരിപാടികളിലുള്ള ശുഷ്കാന്തി, വികസ്വര രാജ്യങ്ങൾക്കു സവിശേഷമായുള്ള പകർച്ചവ്യാധികളുടെ നിർമാർജ്ജനത്തിനും പ്രതിരോധത്തിനുമുള്ള പരിപാടിയിലെ പങ്കാളിത്തം, മോശപ്പെട്ട സാഹചര്യങ്ങളിൽ കഴിഞ്ഞുകൂടുന്ന ഭൂരിപക്ഷത്തിന് ചെലവുകുറഞ്ഞതും ഫലപ്രദമായതുമായ വൈദ്യസഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച അവബോധം, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ പരിപാലനം, ജനസംഖ്യാപരമായ പ്രശ്നങ്ങൾ എന്നിവ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനത്തു വരണം.

5.32 മെഡിസിനിൽ ബാച്ചിലർ ബിരുദം നേടുന്ന ഓരോ വിദ്യാർത്ഥിയും ബിരുദാനന്തരബിരുദത്തിന് അപേക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. ഇപ്പോൾ ഒരു ശരാശരി വൈദ്യബിരുദധാരിക്ക് ചികിത്സാപ്രയോഗം ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസമില്ല. ബിരുദാനന്തര ബിരുദമുള്ള ഡോക്ടർക്ക് കൂടുതൽ അനുഭവസമ്പത്തും സ്പെഷ്യലിസ്റ്റ് എന്ന നിലയിൽ കൂടുതൽ സാമൂഹ്യാംഗീകാരവുമുണ്ട്.

ഇന്ത്യയിലോ വിദേശങ്ങളിലോ ഉള്ള സ്പെഷ്യലിസ്റ്റ് ആശുപത്രികളിൽ പ്രവർത്തിക്കുവാൻ ഗണ്യമായൊരു വിഭാഗം വിദ്യാർത്ഥികൾക്കുള്ള അഭിലാഷമാണ്, ഭാഗികമായി ഈ അവസ്ഥക്കു കാരണം. ബിരുദാനന്തര വിദ്യാഭ്യാസത്തിലേർപ്പെടുന്ന വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിക്കുന്നുണ്ടെങ്കിലും നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഗവേഷണം വിരളമാണ്. ഗവേഷണത്തിനു യഥാർത്ഥ അഭിരുചിയുള്ളവർക്കു മാത്രമായി ബിരുദാനന്തര വൈദ്യവിദ്യാഭ്യാസം ലഭ്യമാക്കണം.

5.33 പ്രകടമായ പ്രസക്തിയുണ്ടായിട്ടും പാരാമെഡിക്കൽ കോഴ്സുകൾക്ക് മെഡിക്കൽ കോളേജിൽ മതിയായ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ സീറ്റുകൾക്കായി അനുഭവപ്പെടുന്ന തിക്കും തിരക്കും അവയുടെ സാമൂഹ്യാംഗീകാരം എടുത്തുകാട്ടുന്നു. മെഡിക്കൽകോളേജ് ഉൾപ്പടെയുള്ള പ്രധാന ആശുപത്രികളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കമ്മ്യൂണിറ്റി കോളേജ് മാതൃകയിൽ പാരാമെഡിക്കൽ കോഴ്സുകൾ ഏർപ്പെടുത്തിയ കോളേജുകൾ സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ഹെൽത്ത് വർക്കർമാർക്ക് പതിവായി പരിശീലനം നൽകേണ്ടത് ആവശ്യമാണ്; ഇതിനായി നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. പഞ്ചായത്ത് സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, പ്രാദേശിക തലത്തിൽ ഹെൽത്ത് വർക്കർമാർക്ക് പരിശീലനം നൽകുന്നതിനുള്ള ഉചിതമായ സംവിധാനം ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്. ഔഷധങ്ങളുടെ രൂപകല്പന, ജൈവപദാർത്ഥങ്ങൾ, മെഡിക്കൽ ഉപകരണ നിർമ്മാണം മുതലായവ സംബന്ധമായ ആധുനിക ബയോമെഡിക്കൽ ഗവേഷണത്തിന്റെ ഘടകങ്ങൾ കൂടി ഉൾപ്പെടുന്നതായിരിക്കണം മെഡിക്കൽ വിദ്യാഭ്യാസം. ക്ലിനിക്കലല്ലാത്തതും ജൈവശാസ്ത്രപരവും ജൈവസാങ്കേതിക വിദ്യാഭ്യാസപരവുമായ വശങ്ങൾക്കും മതിയായ ശ്രദ്ധ കല്പിക്കണം.

അധ്യാപക വിദ്യാഭ്യാസം

5.34 വൻതോതിലുള്ള അപേക്ഷകരുടെ ആവശ്യപ്രകാരം സംസ്ഥാനത്ത് നിരവധി അധ്യാപകവിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിതമായിരിക്കുന്നു. വിദ്യാഭ്യാസ സമ്പ്രദായം നേരിടുന്ന പ്രശ്നങ്ങളുണ്ടെങ്കിലും, സ്കൂൾ ഘടനയിൽ സംഭവിച്ച പരിവർത്തനങ്ങൾ മൂലം അധ്യാപക തസ്തികകൾ പരിമിതപ്പെട്ടുവെങ്കിലും വളരാൻ അവസരങ്ങളുള്ള സുരക്ഷിതജോലി എന്ന നിലയിൽ അധ്യാപക വൃത്തിയുടെ ആകർഷണീയത നിലനിൽക്കുന്നു. എങ്കിലും സാമൂഹ്യാവശ്യത്തോടോ, സമൂഹത്തിലെ ശിശുവിദ്യാഭ്യാസപരമായ ആവശ്യകതകളോടോ മതിയായ തോതിൽ പ്രതികരിക്കുന്നതല്ല, നിലവിലുള്ള അധ്യാപകവിദ്യാഭ്യാസ സമ്പ്രദായം. സെക്കണ്ടറി-പ്രൈമറി സ്കൂൾ അധ്യാപകർക്കായുള്ള ഒരു വർഷത്തേയോ രണ്ടു വർഷത്തേയോ പരിശീലനകോഴ്സുകൾ അപര്യാപ്തമാണ്. അധ്യാപകവിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിയുന്നതിന് ഇടയാക്കിയ ഘടകങ്ങളിലൊന്നാണ്, സർവ്വകലാശാലകൾ വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്ന ഹ്രസ്വകാല 'സെഷണൽ' പരിപാടികൾ. കുട്ടികൾക്ക് വഴികാട്ടിയും സുഹൃത്തുമെന്ന നിലയിൽ അധ്യാപകനെ സംബന്ധിച്ച കാഴ്ചപ്പാടിൽ മാറ്റം വിഭാവനം ചെയ്യപ്പെടുന്ന പരിത:സ്ഥിതിയിൽ അധ്യാപകവിദ്യാഭ്യാസത്തിന് പുതിയദിശാനിർണ്ണയം ആവശ്യമാണ്. സാമൂഹ്യ യാഥാർത്ഥ്യവും കുട്ടിയുടെ മാനസിക ഘടനയും മനസ്സിലാക്കാനുള്ള ശ്രമങ്ങൾക്ക് മതിയായ പിൻബലമേകുന്നവിധത്തിൽ പരിജ്ഞാനവും വൈദഗ്ദ്ധ്യവും നൽകാൻ അധ്യാപകവിദ്യാഭ്യാസത്തിന് കഴിയണം.

5.35 അധ്യാപക വിദ്യാഭ്യാസം പ്രൊഫഷണൽ തലത്തിലാക്കിയാൽ മാത്രമേ ഈ പുനർദിശാ നിർണ്ണയം സാദ്ധ്യമാകൂ. ഹയർ സെക്കണ്ടറി ഘട്ടത്തിനുശേഷം വ്യക്തമായ അഭിരുചിയുടെ അടിസ്ഥാനത്തിലായിരിക്കണം അധ്യാപക വിദ്യാഭ്യാസകോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. വിദ്യാഭ്യാസത്തിൽ ബിരുദം നൽകുന്ന ത്രിവത്സര ഉദ്ഗ്രഥിത കോഴ്സ് ഏർപ്പെടുത്തണം.

പ്രീ–പ്രൈമറി വിദ്യാഭ്യാസം, പ്രാഥമിക വിദ്യാഭ്യാസം, സെക്കണ്ടറി വിദ്യാഭ്യാസം എന്നിവയിൽ വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിന് ത്രിവത്സര കോഴ്സ് ഉതകണം. സാധാരണ നിലയിലുള്ള ത്രിവത്സര ബിരുദകോഴ്സിനു സമാനമായതായിരിക്കണം പാഠ്യപദ്ധതിയുടെ ഘടന. ശിശുവിദ്യാഭ്യാസപരമായ ദിശാബോധത്തോടെ വിഷയങ്ങളുടെ ഒരു കൂട്ടമായിരിക്കും വിദ്യാർത്ഥികൾ പഠിക്കുക. ത്രിവത്സര കോഴ്സിനു ശേഷം ഇന്റേൺഷിപ്പിന്റേതായ ഒരു കാലഘട്ടം ഉണ്ടായിരിക്കും. സെക്കണ്ടറി വിദ്യാഭ്യാസത്തിലെ സവിശേഷവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കും, ഹയർ സെക്കണ്ടറി വിദ്യാഭ്യാസരംഗത്തെ മുഴുവൻ അധ്യാപകർക്കും വിദ്യാഭ്യാസത്തിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം. മറ്റ് എം.എ/ എം.എസ്.സി പരിപാടികൾക്ക് സമാനമായതായിരിക്കും ഈ ബിരുദാനന്തര പരിപാടിയുടെ ഘടന. വിദ്യാർത്ഥികൾ സ്പെഷലൈസേഷൻ എന്ന നിലയിൽ വിദ്യാഭ്യാസം പാഠ്യ വിഷയമാക്കും. പ്രീ പ്രൈമറി അധ്യാപകരാവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി ഘട്ടത്തിനു ശേഷം ഒരു ദ്വിവത്സര കോഴ്സ് ഏർപ്പെടുത്താം. വികലാംഗ കുട്ടികളുടെ അധ്യാപകർക്കായും ഇത്തരം കോഴ്സുകൾ ഏർപ്പെടുത്താം. കായിക വിദ്യാഭ്യാസം ഇപ്പോൾ പ്രത്യേക ബിരുദകോഴ്സായാണ് സംഘടിപ്പിക്കപ്പെടുന്നത്. അത് അപ്രകാരം തുടരാവുന്നതാണ്. അധ്യാപക പരിശീലനത്തിൽ പ്രായോഗികവൈദഗ്ദ്ധ്യം ആർജ്ജിക്കുന്നത് ഉൾപ്പെടുന്നതിനാൽ അതിനു മതിയായ വിധത്തിൽ ഒരുവർഷം വരെ ഇന്റേൺഷിപ്പ് കാലഘട്ടം ഏർപ്പെടുത്താവുന്നതാണ്.

5.36 അധ്യാപകപരിശീലനം നേടുന്നവരുടെ മൂല്യനിർണ്ണയ രീതി ഉടച്ചു വാർക്കേണ്ടതുണ്ട്. സിദ്ധാന്തം, പ്രായോഗിക പ്രവർത്തനങ്ങൾ, അധ്യാപനസാമഗ്രികളുടെ വികസനം, പുതിയ വിദ്യാഭ്യാസ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അവബോധം എന്നിവയ്ക്ക് ആനുപാതികമായ വിധത്തിൽ വെയ്റ്റേജ് നൽകണം. അനുസ്യൂതമായ ആഭ്യന്തരവിശകലനത്തിന്റെ രൂപത്തിലായിരിക്കണം മൂല്യനിർണ്ണയം. ആഭ്യന്തര മൂല്യ നിർണ്ണയത്തിന് രണ്ട് ഘടകങ്ങൾ ഉണ്ടാകും: വിദ്യാർത്ഥികൾ തന്നെ നടത്തുന്ന പരസ്പര മൂല്യനിർണ്ണയവും അധ്യാപകരുടെ വിലയിരുത്തലും. വിദ്യാർത്ഥികൾ സ്വയം മൂല്യനിർണ്ണയം ചെയ്യുന്നതും മൂല്യനിർണ്ണയരീതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കഴിയാവുന്നിടത്തോളം സംഘം ചേർന്നുള്ള ചർച്ചകളെ ആസ്പദമാക്കി സുതാര്യമായിട്ടായിരിക്കണം മൂല്യനിർണ്ണയം.

5.37 അധ്യാപകപരിശീലന സ്ഥാപനങ്ങളുടെ നിലവാരമുയർത്തേണ്ടത് സുപ്രധാനമാണ്. അധ്യാപനം ഒരു പ്രൊഫഷണൽ കോഴ്സായതിനാൽ കോളേജ് ഓഫ് എഡ്യൂക്കേഷൻ എന്ന നിലയിൽ പ്രൊഫഷണൽ കോളേജുകൾക്ക് തുല്യമായി ട്രെയിനിംഗ് കോളേജുകളെ പരിഗണിക്കണം. ഇതര കോളേജധ്യാപകരുടെ അതേ യോഗ്യതകളും അധികയോഗ്യതയായി വിദ്യാഭ്യാസരംഗത്തെ പരിചയവും ഉള്ള ബഹുവിഷയാത്മക വൈദഗ്ദ്ധ്യം നേടിയവരായിരിക്കണം ഇത്തരം കോളേജുകളിലെ അധ്യാപകർ. ശാസ്ത്രവിഷയങ്ങൾ, സാമൂഹ്യശാസ്ത്രങ്ങൾ, മന:ശാസ്ത്രം, സാമൂഹ്യവിജ്ഞാനീയം, ഗണിതശാസ്ത്രം എന്നിവ പഠിപ്പിക്കുന്ന അധ്യാപകർക്ക് അതാത് വിഷയത്തിൽ ബിരുദാനന്തരബിരുദ യോഗ്യത ഉണ്ടായിരിക്കണം. എസ്.സി.ഇ.ആർ.ടി, ഡയറ്റ് എന്നിവയുമായി കൂടിയാലോചിച്ച് വിവിധ വിഷയങ്ങൾക്കുള്ള പാഠ്യപരിപാടി അധ്യാപകർ തയ്യാറാക്കണം. പാഠ്യപദ്ധതിയുടെ മാർഗ്ഗ നിർദ്ദേശകരേഖകൾ എസ്.സി.ഇ.ആർ.ടിക്ക് തയ്യാറാക്കാം; വിദ്യാഭ്യാസ കോളേജുകളുടെ പ്രവർത്തനരീതി അവ നിരീക്ഷണ വിധേയമാക്കുകയും ചെയ്യണം. കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, വൊക്കേഷണൽ വിദ്യാഭ്യാസം എന്നിവയിൽ പരിശീലനം നൽകുന്നതിന് സ്ഥിരമായ സ്ഥാപനങ്ങളുണ്ടാവണം. അത്തരം വിഷയങ്ങളിൽ ഉദ്ഗ്രഥിതമായ വൊക്കേഷണൽ-വിദ്യാഭ്യാസ ബിരുദം വിഭാവനം ചെയ്യാം. സ്കൂളിലെ ശിശുവിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുവാനും നിരന്തരം നിരീക്ഷണ വിധേയമാക്കുന്നതിനുമുള്ള വികസന കേന്ദ്രങ്ങളായി അധ്യാപന പരിശീലന സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താം.

ബിരുദാനന്തരബിരുദ വിദ്യാഭ്യാസം

5.38 അധ്യാപന ജോലികളിലേക്കോ ഗവേഷണത്തിലേക്കോ നയിക്കുംവിധത്തിലുളള ബിരുദ വിദ്യാഭ്യാസത്തിൻെറ തുടർച്ച എന്ന നിലയിലാണ് കേരളത്തിൽ ബിരുദാനന്തരബിരുദ വിദ്യാഭ്യാസം സാധാരണയായി പരിഗണിക്കപ്പെടുന്നത്. പുതിയ വിജ്ഞാനം ഉല്പാദിപ്പിക്കുന്നതിൽ അതിനുളള യഥാർത്ഥ പങ്ക് വേണ്ടത്ര അംഗീകരിക്കപ്പെടാറില്ല. സർവകലാശാലാ കേന്ദ്രങ്ങളിലെ ചില ബിരുദാനന്തര ബിരുദ പരിപാടികൾ വികസിത നിലവാരത്തിൽ ഗവേഷണത്തിൽ ഏർപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. പക്ഷേ പരിപാടികളിൽ മിക്കവയും, പ്രത്യേകിച്ചും കോളേജുകളിലേത്, അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നില്ല. ബിരുദാനന്തര ബിരുദ പരിപാടികൾ പരിപൂർണ്ണമായും പുന:ക്രമീകരിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

5.39 ഉന്നതനിലവാരത്തിൽ വൈദഗ്ദ്ധ്യം പകരുന്നതിനും പുതിയ വിജ്ഞാനം ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അടിത്തറ സൃഷ്ടിക്കുന്നതിനുമുളള ഘടകമെന്ന നിലയിൽ ബിരുദാനന്തര വിദ്യാഭ്യാസത്തെ കാണണം. ഈ അർത്ഥത്തിൽ ബിരുദാനന്തര പരിപാടിയെ പ്രോജെക്ട് പ്രവർത്തനവും ഗവേഷണവുമായി ബന്ധപ്പെടുത്തണം. ബിരുദാനന്തര പഠനത്തിൽ ഏർപ്പെടുന്ന മുഴുവൻ വിദ്യാർത്ഥികളും ഗവേഷണ പണ്ഡിതന്മാരായി തുടരുകയോ ആയുഷ്കാലത്തെ മുഴുവൻ പ്രവർത്തന മേഖലയായി ഗവേഷണത്തെ കണക്കാക്കുകയോ ചെയ്യുകയില്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. അനുഭവത്തെ ആസ്പദമാക്കിക്കൊണ്ട്, ജീവിതത്തിൽ എപ്പോഴെങ്കിലും തൊഴിലിന്റെ ഭാഗമായോ അല്ലാതെയോ ഒരു പഠനപദ്ധതി ഏറ്റെടുക്കാനുളള ശേഷി വിദ്യാർത്ഥിയിൽ വളർത്തിയെടുക്കാൻ ബിരുദാനന്തരബിരുദ പരിപാടി ഉതകണം.

5.40 കോളേജുകളിലും സർവകലാശാലകളിലുമുളള ബിരുദാനന്തരബിരുദ പരിപാടികളുടെ പാഠ്യപദ്ധതിയും നടത്തിപ്പും പുന:പരിശോധിക്കേണ്ടതുണ്ട്. സർവകലാശാലകളിൽ ബിരുദാനന്തര ബിരുദ പരിപാടികൾ നടപ്പിലാക്കുന്നത് ഗവേഷണ സൗകര്യങ്ങളുളള ഡിപ്പാർട്ടുമെന്റുകളുടെ ആഭിമുഖ്യത്തിലാണ്. കോളേജുകളിൽ ഈ നേട്ടമില്ല. കോളേജുകളിൽ സ്പെഷ്യലൈസേഷൻ, സെമിനാറുകൾ, ഗവേഷണം, ഡെസർട്ടേഷൻ എന്നിവ നടക്കുന്നില്ല; അവ നിലനിൽക്കുന്നത് സിലബസ്സിന്റെ അത്യാവശ്യ നിബന്ധനകൾ നടപ്പിലാക്കാൻ വേണ്ടി മാത്രമാണ്. ഒരു ഉദ്ഗ്രഥിത പാഠ്യപദ്ധതിയുടെ പരിപ്രേക്ഷ്യത്തിൽ ബിരുദാനന്തര ബിരുദ പരിപാടികൾ സംഘടിപ്പിക്കേണ്ടതാവശ്യമാണ്. ഒരേ സൗകര്യങ്ങളും പാഠ്യപദ്ധതി വ്യവസ്ഥകളുമുളള പരിപാടിയാണ് കോളേജുകളും സർവകലാശാലകളും നടപ്പിലാക്കേണ്ടത്. ബിരുദാനന്തര ബിരുദ പരിപാടികൾ നടപ്പിലാക്കുന്ന കോളേജുകളുടെ സംഖ്യ പരിമിതപ്പെടുത്തി മാത്രമേ ഇത് നിറവേറ്റാനാവൂ. അത്തരം സ്ഥാപനങ്ങളിലാവട്ടെ, ഉചിതമായ അക്രഡിറ്റേഷൻ ഏജൻസി മുഖേന സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യണം. പ്രത്യേക സാമൂഹ്യ പ്രശ്നത്തേയോ, പുതുതായി തുറന്ന വിജ്ഞാനാതിർത്തികളേയോ ആസ്പദമാക്കി വൈവിധ്യമാർന്ന ബിരുദാനന്തര ബിരുദ പരിപാടികൾ ഏർപ്പെടുത്താവുന്നതാണ്. സാമ്പ്രദായിക വിജ്ഞാനശാഖകൾക്കു കീഴിൽ അവ കൊണ്ടുവരാനാവുകയില്ല. ഉദാഹരണത്തിനു ഊർജ്ജതന്ത്രമോ സാമ്പത്തിക ശാസ്ത്രമോ പോലുളള ബിരുദപഠനത്തിനുളള വിഷയങ്ങളിൽനിന്ന് പല ബിരുദാനന്തര ബിരുദ പരിപാടികളും വികസിപ്പിക്കാനാവും. ഇത് വിദ്യാർത്ഥിക്ക് വിപുലമായ അവസരങ്ങൾ പ്രദാനം ചെയ്യുകയും ഒരു പ്രത്യേകപ്രശ്നത്തെ സംബന്ധിച്ച വിജ്ഞാനം ഉല്പാദിപ്പിക്കുകയെന്ന സാമൂഹ്യാവശ്യം നിറവേറ്റുകയും ചെയ്യും. അർഹരായ വിദ്യാർത്ഥികൾക്ക് അഭിഗമ്യമാക്കുകയും കോളേജുകളിലെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കോളേജുകളുമായി സഹകരിച്ച് ബിരുദാനന്തര കോഴ്സ് സംഘടിപ്പിക്കാനും ഇതുവഴി സർവകലാശാലകൾക്ക് സാധിക്കും.

5.41 ബിരുദാനന്തരബിരുദ പരിപാടിയുടെ പാഠ്യപദ്ധതിയെ സംബന്ധിച്ച പരിപ്രേക്ഷ്യം ബിരുദ പരിപാടിയുടേതിൽ നിന്ന് ഭിന്നമാണ്. ബിരുദ പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഒരു പാഠമേഖലയിലെ

വിദ്യാർത്ഥിയുടെ വിജ്ഞാനവും വൈദഗ്ദ്ധ്യവും ഉയർത്തുന്നതിനാണെങ്കിൽ ബിരുദാനന്തരബിരുദ പരിപാടി, പരിഹരിക്കപ്പെടാത്ത നിരവധി പ്രശ്നങ്ങൾ കുട്ടികളുടെ മുമ്പിൽ അവതരിപ്പിച്ച് അവക്ക് പരിഹാരം കാണാൻ കുട്ടിയെ പ്രേരിപ്പിക്കുകകൂടി ചെയ്യുന്നു. വിജ്ഞാനത്തെ വിമർശന വിധേയമാക്കിയാൽ മാത്രമേ പുതിയ വിജ്ഞാനം ഉല്പാദിപ്പിക്കാനാവൂ. വിമർശനാത്മകമായ ഈ നിലപാട് വളർത്തിയെടുക്കുക എന്നതും പരിപ്രേക്ഷ്യത്തിന്റെ ഭാഗമായിരിക്കണം. ഈ സമീപനം ഗവേഷണദിശ നൽകുകയും സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി പ്രദാനം ചെയ്യുകയും ചെയ്യും. പ്രസ്തുത പരിപാടിയുടെ സാമൂഹ്യപ്രസക്തി എടുത്തുകാട്ടാനും അതുതകും. വിജ്ഞാനോത്പാദനവും സാമൂഹ്യാവശ്യങ്ങളും തമ്മിലുള്ള നിർണായകബന്ധം അത് ഊന്നിപ്പറയും. ലോകത്ത് ഉത്പാദിപ്പിക്കപ്പെടുന്ന പുതിയ വിജ്ഞാനം സ്വാംശീകരിക്കേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടാനും അത് ഉതകും. ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും വനിതകളായതിനാലും പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ഉൾപ്പെടെയുള്ള അധ:സ്ഥിത വർഗ്ഗങ്ങളിൽ പെട്ട കൂടുതൽ കൂടുതൽ വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസ രംഗത്തേക്കു കടന്നു വരുന്നതിനാലും ഇതിന്റെ ആവശ്യം കൂടുതൽ പ്രാധാന്യമുള്ളതാകുന്നു.

5.42 നിശ്ചയിക്കപ്പെട്ട തോതിലുള്ള പ്രഭാഷണങ്ങളിലൂടെയുള്ള അധ്യാപകരുടെ മാർഗനിർദ്ദേശത്തോടൊപ്പം ലൈബ്രറിയിലെ പ്രവർത്തനം, പ്രോജെക്ടുകൾ, പ്രായോഗിക പ്രവർത്തനം, സെമിനാറുകൾ എന്നീ രൂപങ്ങളിലുള്ള സ്വയം പഠനവും ഗണ്യമായ തോതിൽ ഉൾപ്പെടുന്നതായിരിക്കണം പുന:ക്രമീകരിക്കപ്പെട്ട ബിരുദാനന്തര ബിരുദ പരിപാടി. പരിപാടിയിലുൾപ്പെട്ട ചില കോഴ്സുകൾ അധ്യാപകന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സെമിനാർ കോഴ്സുകൾ മാത്രമായിരിക്കും. പ്രസക്തമായ പ്രശ്നങ്ങളെ ആസ്പദമാക്കി വിദ്യാർത്ഥി പ്രോജക്ടുകൾ ഏറ്റെടുക്കുകയും അവ മൂല്യനിർണ്ണയ വിധേയമാക്കുകയും ചെയ്യും. ഒരു പ്രോജെക്ട് ഒരു സംഘം വിദ്യാർത്ഥികളാണ് ഏറ്റെടുക്കുന്നതെങ്കിൽ അത് സംഘപഠനമായിരിക്കും. മാർഗ്ഗദർശിയും മേൽനോട്ടം വഹിക്കുന്നയാളും എന്ന നിലയിലായിരിക്കും അധ്യാപകന്റെ പങ്ക്. പാഠ്യപദ്ധതി മാത്രമല്ല, പ്രധാന പ്രശ്നങ്ങളും വാദഗതികളും സമീപകാല പ്രവണതകളും പരാമർശിക്കുന്നതുമായിരിക്കും പ്രഭാഷണങ്ങൾ. മൂല്യനിർണ്ണയ രീതി ആഭ്യന്തരമായിരിക്കും; സുതാര്യമായ മൂല്യനിർണ്ണയരീതി ആവിഷ്കരിക്കാവുന്നതാണ്. കോഴ്സിനെ സംബന്ധിച്ചും അധ്യാപകനെ സംബന്ധിച്ചും മൂല്യനിർണ്ണയം നടത്തുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാവുന്നതാണ്. സെമിനാറുകൾക്കും പ്രോജക്ടുകൾക്കും പുറമേ കൂട്ടായ ചർച്ചകൾ, മുഴുവൻ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സാന്നിദ്ധ്യത്തിൽ പരസ്യമായി ന്യായവാദങ്ങൾ സമർത്ഥിക്കൽ, വൈവാവോസി എന്നിവയും ഉൾപ്പെടുത്താം. ലിഖിത പരീക്ഷ ഉൾപ്പെടുത്തുന്നുവെങ്കിൽ അത് വിദ്യാർത്ഥിയുടെ വിശകലനശേഷിയും വിമർശനാത്മകമായ പാണ്ഡിത്യവും പ്രകടമാക്കുന്ന വിധത്തിലായിരിക്കണം.

സർവകലാശാലകൾ

5.43 ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച അക്കാഡമിക് സന്ദർഭത്തിലാണ് സർവകലാശാലകളുടെ പങ്കിനെ വീക്ഷിക്കേണ്ടത്. ഉന്നത വിദ്യാഭ്യാസത്തിലെ അക്കാഡമിക് പ്രക്രിയകൾക്കാകെ നേതൃത്വം നൽകുക, ബിരുദ-ബിരുദാനന്തര ബിരുദ പരിപാടികൾക്കുള്ള പാഠ്യപദ്ധതിയും സിലബസ്സും വികസിപ്പിക്കുക, മൂല്യനിർണ്ണയം മോണിറ്റർ ചെയ്യുക, ഗവേഷണം സംഘടിപ്പിക്കുകയും ബിരുദദാനം നിർവഹിക്കുകയും ചെയ്യുക എന്നിവയാണ് സർവകലാശാലകളിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്നത്. പഠനത്തിന്റേയും പാണ്ഡിത്യത്തിന്റേയും മൂർത്തിമദ്ഭാവമെന്ന നിലയിലാണ് സമൂഹമാകെ സർവകലാശാലകളെ വീക്ഷിക്കുന്നത്. ഇപ്പോഴത്തെ പരിത:സ്ഥിതിയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ

ഗുണനിലവാരം വലിയൊരളവോളം ആശ്രയിക്കുന്നത് സർവകലാശാലകളിൽ സാക്ഷാത്കരിക്കപ്പെടുന്ന അക്കാഡമിക് പ്രവർത്തനങ്ങളെയാണ്.

5.44 ആവശ്യങ്ങൾക്കോ പ്രതീക്ഷകൾക്കോ അനുസൃതമായി കേരളത്തിലെ സർവകലാശാലകൾ അവയുടെ അക്കാഡമിക് ചുമതലകൾ നിറവേറ്റുന്നില്ലെന്നത് വ്യക്തമായ വസ്തുതയാണ്. നടപടിക്രമങ്ങളിലും വ്യവസ്ഥകളിലും ഘടനാരീതികളിലും കുടുങ്ങിപ്പോയ ഉദ്യോഗസ്ഥ മേധാവിത്വപരമായ സ്ഥാപനങ്ങളായി അവ മാറിയിരിക്കുകയാണ്. ഊർജ്ജസ്വലമായ അക്കാഡമിക് സമൂഹം ഉറപ്പുവരുത്തപ്പെടുന്നതിനായി നടപടിക്രമങ്ങൾ ലളിതവും അയവാർന്നതുമാകുകയും പ്രവർത്തനരീതി വികേന്ദ്രീകൃതമാകുകയും വേണം. അഫിലിയേഷൻ നൽകൽ, പുതിയ പഠന കോഴ്സുകൾ ആവിഷ്കരിക്കൽ, നിലവിലുള്ള പരിപാടികൾ പരിഷ്കരിക്കൽ, പരീക്ഷാ പരിഷ്കരണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് സർവകലാശാലകൾ നിർവ്വഹിക്കേണ്ടിവരുന്ന വിശദമായ നടപടിക്രമങ്ങൾ. വെല്ലുവിളികളോട് പ്രതികരിക്കാൻ സർവകലാശാലകൾക്കു കഴിവില്ലാതാക്കുന്നു. ഇതാണ് നിലവിലുള്ള അക്കാഡമിക് മുരടിപ്പിന് ഇടയാക്കുന്നത്.

5.45 സർവകലാശാലകളുടെ ഭരണപരവും അക്കാദമികവുമായ വികേന്ദ്രീകരണം ആവശ്യമാണ്. സാമ്പത്തികമായി അധിക ബാദ്ധ്യതകൾ വരാത്ത വിധത്തിൽ പാഠ്യവിഷയങ്ങൾ നിശ്ചയിക്കുന്നതിനും, സർവകലാശാലയുടെ മാർഗനിർദ്ദേശ പ്രകാരം വിദ്യാർത്ഥികളെ മൂല്യനിർണ്ണയത്തിനു വിധേയമാക്കുന്നതിനും സ്വാതന്ത്ര്യമേകിക്കൊണ്ട് കോളേജുകൾക്ക് സ്വയംഭരണാധികാരം ലഭ്യമാക്കുന്നതിന് സുചിന്തിതമായ പരിപാടി ആവിഷ്കരിക്കണം. ഇതോടൊപ്പം തന്നെ സ്വന്തം അക്കാഡമിക് പരിപാടികൾ വികസിപ്പിക്കുന്നതിന് എല്ലാ സർവകലാശാലാ വകുപ്പുകൾക്കും സ്വയംഭരണാധികാരം നൽകണം. നിലവാരം നിലനിർത്തുന്നതോടൊപ്പം അയവുറ്റതും വൈവിദ്ധ്യമാർന്നതുമാകുമെന്ന് ഉറപ്പു വരുത്തത്തക്ക വിധത്തിൽ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ, ഫാക്കൽറ്റി, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിങ്ങനെ ഭരണപരവും അക്കാദമികവുമായ വിവിധ ഘടനകളിൽ ഭേദഗതി വരുത്തണം.

5.46 സർവകലാശാലകളിലെ അക്കാഡമിക് പ്രവർത്തനത്തിന്റെ വികേന്ദ്രീകരണവും ജനാധിപത്യവൽകരണവുമാണ് ഒരുപക്ഷേ ഏറ്റവും അടിയന്തിരാവശ്യമായിട്ടുള്ളത്. പ്രാരംഭത്തിൽ, വികേന്ദ്രീകരണം എന്നതിനർത്ഥം അക്കാഡമിക് കാര്യങ്ങളിൽ സർവകലാശാലാ ഭരണാധികാരികളുടെ പക്കലുള്ള അധികാരങ്ങളിലധികവും അതാത് സർവകലാശാലാ വകുപ്പുകൾക്കു വിട്ടുകൊടുക്കുക എന്നതാണ്. ഇതിന്റെ തുടക്കം ഗവേഷണത്തിലാവാം. പൊതുവായ ചില മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായിട്ടായിരിക്കും ഇത്. ഗവേഷണം, പ്രോജക്ടുകൾ, വിപുലീകരണ പരിപാടികൾ എന്നിവക്കുള്ള പണം അതാത് വകുപ്പുകളെ ഏല്പിക്കുകയും വകുപ്പുകൾ സ്വതന്ത്രമായ അക്കാദമിക് പരിപാടികൾ ഏറ്റെടുക്കുകയും ചെയ്യും. തീരുമാനം കൈക്കൊള്ളുന്നതിന് അധികാരങ്ങളും കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും അനുവദിക്കുകയാണെങ്കിൽ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാഡമിക് കൗൺസിലുകൾ മുതലായ പ്രധാനപ്പെട്ട അക്കാഡമിക് സമിതികളുടെ പ്രവർത്തനവും മെച്ചപ്പെടുത്താൻ സാധിക്കും.

5.47 ഉന്നത വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും അക്കാഡമിക് നിലവാരങ്ങളുടെ ആനുകാലികമായ മൂല്യനിർണ്ണയം, വിശകലനം, മോണിറ്ററിംഗ് എന്നിവ സംഘടിപ്പിക്കണം. സർവകലാശാലകൾ സ്ഥാപിക്കുന്ന അക്കാഡമിക് റവ്യൂ ബോർഡാണ് ഇത് നിർവ്വഹിക്കേണ്ടത്. കമ്മ്യൂണിറ്റി കോളേജുകൾ നടത്തുന്ന കോഴ്സുകളും അക്കാഡമിക് റവ്യൂ ബോർഡിന്റെ നിരീക്ഷണത്തിനു വിധേയമാക്കാം. യു.ജി.സി ഏർപ്പെടുത്തുന്ന ദേശീയതലത്തിലുള്ള അസ്സെസ്സ്മെന്റ്-അക്രഡിറ്റേഷൻ കൗൺസിലിൽ അഫിലിയേഷൻ തേടാൻ സർവകലാശാലകളേയും കോളേജുകളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

5.48 പാഠ്യപരിപാടി ആവിഷ്കരിക്കലും പരീക്ഷാ നടത്തിപ്പും മാത്രമല്ല സർവകലാശാലകളുടെ അക്കാഡമിക് ചുമതല. നവംനവങ്ങളായ അക്കാഡമിക് പരിപാടികളും പുതിയ പാഠ്യപദ്ധതിയും അവ ആവിഷ്കരിക്കണം. അതിനു നേതൃത്വം നൽകാൻ വകുപ്പുകൾക്കു സാധിക്കും. പാഠ്യപരിപാടിയുടെ ആവിഷ്കരണവും കോഴ്സിന്റെ പ്രവർത്തനത്തിന്റെ സംഘാടനവും മൂല്യനിർണ്ണയ രീതിയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ അതാതു വകുപ്പുകൾക്കു വിട്ടുകൊടുക്കാം. ഒരിക്കൽ ഒരു പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ചാൽ അതിനെ ആസ്പദമാക്കി ബോർഡ് ഓഫ് സ്റ്റഡീസിന് മാർഗ്ഗ നിർദേശകരേഖകൾ തയ്യാറാക്കാനാവും. ബാക്കി ജോലി കോളേജുകൾക്ക് വിട്ടുകൊടുക്കാം. ഓരോ പുതിയ പാഠ്യപദ്ധതി ഏർപ്പെടുത്തുമ്പോഴും അധ്യാപകരുടെ നിലവാരം ഉയർത്തുന്ന കാര്യം സർവകലാശാല ഏറ്റെടുക്കണം. പ്രധാനപ്പെട്ട വിപുലീകരണ പ്രവർത്തനമെന്ന നിലയിൽ കോളേജുകളുടേയും അധ്യാപകരുടേയും നിലവാരം ആനുകാലികമായി ഉയർത്തുന്ന ചുമതലയും ഏറ്റെടുക്കണം.

5.49 സർവകലാശാലകൾക്ക് മറ്റൊരു പ്രധാന പങ്കും നിർവഹിക്കാനുണ്ട്: വിവിധ പ്രദേശങ്ങളുടെ വിഭവകേന്ദ്രങ്ങൾ എന്ന നിലയിലുള്ള ചുമതലയും അവ ഏറ്റെടുക്കണം. ഇപ്പോൾ ബിരുദം നേടുന്നതിന് മാത്രമാണ് സർവകലാശാലകളെ സമീപിക്കുന്നത്; വിജ്ഞാനമോ വൈദഗ്ദ്ധ്യമോ തേടുന്നില്ല. ഒരു പ്രദേശത്തെ സാമൂഹികമോ ശാസ്ത്രീയമോ ആയ ഏതെങ്കിലും പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സർവകലാശാലകളുമായി ഒരിക്കലും കൂടിയാലോചിക്കുന്നില്ല. സാമൂഹികമായി പ്രയോജനകരമായ വിഭവകേന്ദ്രമെന്ന നിലയിൽ പങ്ക് വഹിക്കാൻ തങ്ങൾക്കാവുമെന്നത് സർവകലാശാലയും മറന്നു പോകുന്നു. ഈ പങ്ക് ഏറ്റെടുക്കുന്നതിന് സർവകലാശാലകളെ സഹായിക്കാൻ എല്ലാ ശ്രമവും നടത്തണം. സർകലാശാലാ കാമ്പസ്സിനകത്ത് ഗവേഷണത്തിന്റേയും വിജ്ഞാനതത്വരയുടേതുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാകൂ.

5.50 പാഠ്യപരിപാടി ആവിഷ്കരിക്കുകയും കോഴ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിന്റെ വിശദാംശങ്ങളിൽ കുടുങ്ങിക്കിടക്കുന്നതിനു പകരം ഫാക്കൽറ്റികൾ, ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമിക് കൗൺസിലുകൾ എന്നിവയും സർവകലാശാലകളുടെ ഇതര അക്കാഡമിക് സമിതികളും ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തിൽ കൂടുതൽ ശുഷ്കാന്തികാണിക്കുകയും അത് പരിശോധനാ വിധേയമാക്കുകയുമാണ് വേണ്ടത്. പാഠ കോഴ്സുകളുടെ നടത്തിപ്പ്, മൂല്യനിർണ്ണയരീതികളുടെ ഗുണമേന്മയും സുതാര്യതയും, ഏറ്റവും ഉയർന്ന അക്കാഡമിക് രീതികളും നടപടിക്രമങ്ങളും പാലിക്കൽ എന്നിവ നിരീക്ഷണവിധേയമാക്കണം. കോഴ്സുകളുടെ അഫിലിയേഷൻ മാത്രം സർവകലാശാലകൾ നിർവഹിക്കുന്ന സ്ഥിതിയിലേക്കു നീങ്ങണം. ധനസഹായത്തിന്റെ ചുമതല അക്കാഡമിക് പ്രവർത്തനത്തിൽ നിന്ന് വേർപെടുത്തി പ്രത്യേകമായി കൈകാര്യം ചെയ്യണം. അഫിലിയേഷൻ പ്രക്രിയയും പുനരാവിഷ്കരിക്കപ്പെടണം. ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച കാര്യങ്ങളിലാണ് സർവകലാശാലകൾ കൂടുതലായി ശുഷ്കാന്തികാണിക്കുകയും പരിചിന്തനം നടത്തുകയും ചെയ്യേണ്ടത്. അതനുസരിച്ച പരിവർത്തനങ്ങളും പരിഷ്കരണവും ഏർപ്പെടുത്തണം.

5.51 ദേശീയ സമ്പദ്ഘടനയുടെ ഉദാരവല്കരണത്തിൻെറയും ആഗോളവൽകരണത്തിൻെറയും വെളിച്ചത്തിൽ വിദേശ സ്ഥാപനങ്ങളുടേയും പരിപാടികളുടേയും കടന്നുവരവുമായി ബന്ധപ്പെട്ട ഒരു പ്രശ്നവും ഉയർന്നുവരുന്നു. അക്കാഡമിക് നിലവാരമുയർത്തുന്നതിനും, നടപ്പ് പരിപാടികളുടെ നിലവാരവും ഉള്ളടക്കവും മെച്ചപ്പെടുത്തുകയും വൈവിധ്യവൽകരിക്കുകയും ചെയ്യുന്നതിനും ഉതകുമെങ്കിൽ അത്തരം ബന്ധപ്പെടലിൽ യാതൊരു വിധത്തിലും പ്രയാസമുണ്ടാകേണ്ടതില്ല. അത്തരം പരിപാടികളുടെ ഗുണനിലവാരം, അവയുടെ പ്രസക്തി, സംസ്ഥാനത്തിന്റേയും ജനതയുടേയും വികസനത്തിൽ അവ നൽകുന്ന സംഭാവന എന്നിവയുടെ കാര്യത്തിൽ മാത്രമേ ഉൽക്കണ്ഠപ്പെടേണ്ടതുള്ളൂ. കച്ചവടവൽകരണത്തിലേക്കോ നിലവാരം താഴ്ത്തുന്നതിലേക്കോ അധഃപതിക്കരുതെന്ന കാര്യത്തിൽ

ജാഗ്രത പുലർത്തണം. നേരെമറിച്ച് യശസ്സുറ്റ സ്ഥാപനങ്ങളുമായി ശ്രദ്ധാപൂർവ്വം ആവിഷ്കരിക്കപ്പെടുന്ന സഹകരണം പ്രയോജനകരമാകുകയും ചെയ്യും. ജനങ്ങളുടെ വിശാലതാല്പര്യങ്ങൾ മുൻനിർത്തി നേട്ടത്തിന്റെ അടിസ്ഥാനത്തിലും തുറന്ന മനസ്സോടെയും ഓരോ കാര്യവും പരിശോധിക്കപ്പെടണം.

ഗവേഷണം

5.52 എം.ഫിൽ/പിഎച്ച്.ഡി ബിരുദം എന്നിവയിലേക്കു നയിക്കുന്ന ഗവേഷണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ സർവകലാശാലകളും സ്വയംഭരണ ഗവേഷണസ്ഥാപനങ്ങളും ഏതാനും കോളേജുകളും ഏറ്റെടുക്കുന്നു. ബിരുദാനന്തരബിരുദ പരിപാടി പൂർത്തീകരിച്ച ഏതാനും വിദ്യാർത്ഥികൾ ഗവേഷണത്തിനായി ചേരുന്നു. ഈയിടെയായി ഒട്ടേറെ കോളേജ്-സ്കൂൾ അധ്യാപകരും ഉദ്യോഗസ്ഥർ പോലും ഗവേഷണത്തിനായി ചേരുന്നു.

5.53 ഇതെല്ലാമാണെങ്കിലും സർവകലാശാലകളിലെ ഗവേഷണസൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല. പ്രസക്തമായ സാമൂഹ്യപ്രശ്നങ്ങൾ മുൻനിർത്തിയോ വിജ്ഞാനത്തിന്റെ അതിരുകളിലോ ഉള്ള ഗവേഷണത്തിൽ വളരെ ചുരുക്കം സ്ഥാപനങ്ങൾ മാത്രമാണ് ഏർപ്പെടുന്നത്. വർഷംതോറും സർവകലാശാലകളിൽ സമർപ്പിക്കുന്ന പ്രബന്ധങ്ങളിൽ വളരെ ചുരുക്കം ചിലതാണ് പുതിയ വിജ്ഞാനം ഉത്പാദിപ്പിക്കുന്നത്. ശാസ്ത്രങ്ങളും മാനവികവിഷയങ്ങളുമായി ബന്ധപ്പെട്ട അനേകം ഗവേഷണപ്രബന്ധങ്ങൾ കാലഹരണപ്പെട്ട പ്രശ്നങ്ങളെ കുറിച്ചും കാലഹരണം സംഭവിച്ച രീതിശാസ്ത്രങ്ങൾ പ്രകാരവുമാണ്. അവയിൽ ചിലതെല്ലാം അതേ വകുപ്പിൽ നേരത്തെ നടത്തിയ പ്രവർത്തനത്തിന്റെ പരിഷ്കരിച്ച പതിപ്പുകളുമാണ് എന്നതാണ് വാസ്തവം. ജോലി ലഭിക്കുന്നതിനെ തുടർന്ന് നിരവധി വിദ്യാർത്ഥികൾ ഗവേഷണം മതിയാക്കി പോകുന്നു. ചിലപ്പോഴെല്ലാം മതിയായ നിലവാരമില്ലാത്ത പ്രബന്ധങ്ങൾ ബിരുദദാനത്തിനായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

5.54 ഗവേഷണത്തിന്റെ നിലവാരമുയർത്തുക എന്നതിനർത്ഥം മതിയായ സൗകര്യങ്ങളേർപ്പെടുത്തുകയും യോഗ്യതയാർന്ന ഫാക്കൽറ്റിയുടെ ഫലപ്രദമായ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. സർവകലാശാലകളെ ആശയങ്ങളാലും സംവാദങ്ങളാലും ചലനാത്മകമായ യഥാർത്ഥ വിജ്ഞാനകേന്ദ്രങ്ങളായി മാറ്റിയാൽ മാത്രമേ ഗവേഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കൂ. പുതിയ വിജ്ഞാനത്തിന്റെ ആത്യന്തിക സ്വീകർത്താവായ സമൂഹത്തോട് പ്രതിബദ്ധത ഉണ്ടാകുമ്പോൾ മാത്രമേ പുതിയ വിജ്ഞാനം ഉത്പാദിപ്പിക്കുന്നതിനോട് പ്രതിബദ്ധതയുണ്ടാകൂ. സർവകലാശാലകൾ ഗവേഷണത്തിന് മുഖ്യപരിഗണന കല്പിക്കുകയും വികസിത ഗവേഷണകേന്ദ്രങ്ങളായി തങ്ങളുടെ വകുപ്പുകളെ വളർത്തുകയും ചെയ്യുമ്പോൾ മാത്രമാണ് ഇതു സംഭവിക്കുക. പ്രശസ്തമായ ഗവേഷണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള പ്രഗത്ഭരെ നിയമിക്കുകയും ഗവേഷണം പരിപോഷിപ്പിക്കുന്നതിനുള്ള ധനസഹായം ഉൾപ്പെടെ മതിയായ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

5.55 ചില സർവകലാശാലകൾ ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് എൻട്രൻസ് പരീക്ഷകൾ നടത്തുന്നു. ഗവേഷണ പ്രബന്ധങ്ങളെ മൂല്യനിർണ്ണയം ചെയ്യുന്നതിന് പരസ്യമായ ന്യായീകരണസംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. തങ്ങളുടെ ഗവേഷണപദ്ധതികൾ ആവിഷ്കരിക്കുന്നതിന് വകുപ്പുകൾക്ക് സ്വയംഭരണാധികാരം നൽകുകയാണ് ശരിയായ ദിശയിലുള്ള ഒരു പ്രധാന ചുവടുവെയ്പ്. ഗവേഷണമേഖലകൾ നിർണ്ണയിക്കൽ, പ്രവേശനം നൽകപ്പെടേണ്ട വിദ്യാർത്ഥികളുടെ സംഖ്യ നിശ്ചയിക്കൽ എന്നിവ അതിലുൾപ്പെടുന്നു. ഗവേഷകരാവാൻ ആഗ്രഹിക്കുന്നവരെ പരിശോധിക്കുന്നതിനുള്ള ഒരു പ്രക്രിയ മാത്രമാണ് എൻട്രൻസ് പരീക്ഷകൾ.

പിന്നീട് ഗവേഷണത്തിനായി വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നത് വകുപ്പുകളുടെ ചുമതലയായിരിക്കണം. വകുപ്പുകളിൽ നടക്കുന്ന ഗവേഷണം നിരീക്ഷണ വിധേയമാക്കുന്നതിന് ഒരു അംഗീകൃത സംവിധാനം ഏർപ്പെടുത്താവുന്നതാണ്. മേൽനോട്ടം വഹിക്കുന്ന അധ്യാപകരും പുറത്തു നിന്നുള്ള ഏതാനും വിദഗ്ദ്ധരും ഉൾപ്പെടുന്ന വകുപ്പു തലത്തിലുള്ള ഗവേഷണ സമിതിയായിരിക്കണം ഇത്.

കാർഷിക വിദ്യാഭ്യാസം

5.56 സംസ്ഥാനത്തെ കാർഷികസർവകലാശാലയും അനുബന്ധസ്ഥാപനങ്ങളും കാർഷിക-മൃഗപരിപാലന ശാസ്ത്രങ്ങളിൽ പരിശീലനവും സക്രിയമായ ഗവേഷണവും സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. അതിനും പുറമേ, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള വിഭവകേന്ദ്രമെന്ന നിലയിലുള്ള പങ്കും അവ വഹിക്കുന്നു. പരിശീലനം, ഗവേഷണം, വിപുലീകരണം എന്നീ ഘടകങ്ങളെല്ലാം ശക്തിപ്പെടുത്തേണ്ടതായുണ്ട്.

5.57 അക്കാഡമിക് എന്ന പോലെ വൊക്കേഷണൽ ധാരകളിലുള്ള വിദ്യാർത്ഥികൾക്കും സർവകലാശാല പ്രവേശനം നൽകണം. നിലവിലുള്ള യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ടതായിരിക്കണം പരിശീലന പ്രക്രിയകൾ. ഫീൽഡിൽ നിന്നുള്ള നേരിട്ടുള്ള അനുഭവങ്ങളും പരിശീലനത്തിൽ ഉൾക്കൊള്ളിക്കണം.

5.58 ഒരു വിഭവകേന്ദ്രമെന്ന നിലയിലുള്ള സർവകലാശാലയുടെ പങ്ക് ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് സ്ഥാപനങ്ങളുമായുള്ള ബന്ധങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

രാജ്യത്തെ ഒന്നാംകിടയിലുള്ള കാർഷിക ഗവേഷണകേന്ദ്രമായി സർവകലാശാല മാറണം. കാർഷിക ജൈവസാങ്കേതിക വിദ്യയിൽ വമ്പിച്ച മുന്നേറ്റങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇതിനു ഗണ്യമായ പ്രാധാന്യമുണ്ട്.

അനൗപചാരിക-വിദൂര വിദ്യാഭ്യാസം

5.59 എസ്.എസ്.എൽ.സി. മുതൽ എം.എ/എം.എസ്സ് സി വരെയായി അനേകം വിദ്യാർത്ഥികൾ സമാന്തര കോളേജുകളിലെ പഠനത്തെ തുടർന്ന് പ്രൈവറ്റായി വിവിധ പരീക്ഷകളെഴുതുന്നു. കറസ്പോണ്ടൻസ് കോഴ്സുകൾ മുഖേന സർവ്വകലാശാലകളും വിദൂര വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കി വരുന്നു. അതിനാൽ സംസ്ഥാനത്ത് ഇപ്പോഴത്തെ അനൗപചാരിക-വിദൂര വിദ്യാഭ്യാസ സൗകര്യങ്ങളിൽ പ്രമുഖ പങ്ക് പ്രൈവറ്റായുള്ള പഠനത്തിനും കറസ്പോണ്ടൻസ് കോഴ്സുകൾക്കുമുള്ള സംവിധാനമാണ്.

5.60 പ്രൈവറ്റായി പരീക്ഷക്കിരിക്കുന്നവരെ 'അനൗപചാരികം' എന്നു വിശേഷിപ്പിക്കുന്നത് വിചിത്രമാണെന്നു തോന്നാം. റഗുലർ കോളേജുകളിലോ സ്കൂളുകളിലോ പ്രവേശനമില്ലെങ്കിലും ഔപചാരിക സംവിധാനത്തിന്റെ യഥാർത്ഥ ഭാഗമാണവർ. എസ്.എസ്.എൽ.സിക്കു ശേഷമുള്ള വിദ്യാഭ്യാസത്തിനുള്ള ഗണ്യമായ സാമൂഹ്യസമ്മർദ്ദം വിശ്വസനീയമായ ബദലുകൾ വളർത്തുന്നതിൽ സർക്കാരിനുള്ള കഴിവുകേടു മൂലമാണ്. ഹയർസെക്കണ്ടറിഘട്ടം സ്കൂളുകളിൽത്തന്നെ വികസിച്ചുവരുമ്പോൾ സെക്കണ്ടറി ഘട്ടത്തിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഹയർസെക്കണ്ടറി ഘട്ടത്തിലേക്കും പ്രവേശനം അനുവദിക്കുന്നത് വിഭാവനം ചെയ്യാവുന്നതാണ്. ഇങ്ങനെ പ്രൈവറ്റ് വിദ്യാർത്ഥികളിൽ ഗണ്യമായൊരു വിഭാഗം റഗുലർ സംവിധാനത്തിൽ ഉൾക്കൊള്ളിക്കപ്പെടും. എങ്കിലും വൻതോതിലുള്ള കൊഴിഞ്ഞുപോക്കിന്റെ പ്രശ്നം നിലനിൽക്കും. അവർക്ക് മറ്റവസരങ്ങൾ നൽകേണ്ടി വരും.

5.61 സർവകലാശാലാതലത്തിലെ പ്രൈവറ്റ് പഠനം കുറയ്ക്കുവാൻ ബദൽ വിദ്യാഭ്യാസ പരിപാടികൾ മുഖേന മാത്രമേ സാധിക്കൂ. റഗുലർ കോളേജുകളിൽ വൈവിധ്യമാർന്ന അക്കാഡമിക്-വൊക്കേഷണൽ കോഴ്സുകളുടെ ധാരകൾ വികസിപ്പിക്കുകയും കമ്മ്യൂണിറ്റി കോളേജുകളും പോളിടെക്നിക്കുകളും വികസിക്കുകയും ചെയ്യുമ്പോൾ ഒട്ടേറെ പ്രൈവറ്റ് വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കാനാവും.

5.62 വിദ്യാഭ്യാസ സംവിധാനത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നവരുടെ സംഖ്യ നിലനിർത്തപ്പെടുന്നവരേക്കാൾ ഉയർന്നതാണിപ്പോൾ. ഈ റിപ്പോർട്ടിൽ പരാമർശിക്കുന്ന പുതിയ നിർദ്ദേശങ്ങൾ മുഖേന അവരിൽ പലരേയും വ്യവസ്ഥയിലുൾക്കൊള്ളിക്കാൻ കഴിഞ്ഞാൽ തന്നെ അവർ സംവിധാനത്തിനു പുറത്തായി നിലകൊള്ളുന്ന ഒരു ഇടക്കാലഘട്ടമുണ്ടായിരിക്കും. അതിനാൽ സെക്കണ്ടറി തലം മുതൽ ആരംഭിക്കുന്ന വിശ്വസനീയമായ ഒരു അനൗപചാരിക വിദ്യാഭ്യാസസംവിധാനം രൂപീകരിക്കേണ്ടത് അടിയന്തിരാവശ്യമായി തീർന്നിരിക്കുന്നു.

5.63 അനൗപചാരിക വിദ്യാഭ്യാസത്തെ രണ്ടു ഘട്ടങ്ങളായി തിരിക്കാം. ഔപചാരിക വിദ്യാഭ്യാസ സംവിധാനത്തിലെ ഹയർ സെക്കണ്ടറി ഘട്ടത്തിന് തുല്യമായതാണ് ആദ്യഘട്ടം. സെക്കണ്ടറി-ഹയർസെക്കണ്ടറി ഘട്ടങ്ങളിൽ കൊഴിഞ്ഞുപോയവരിലും പുറന്തള്ളപ്പെട്ടവരിലും കേന്ദ്രീകരിക്കുന്നതാണിത്. ഔപചാരിക വിദ്യാർത്ഥികളുടേതിന് തുല്യനിലവാരങ്ങളിലെത്തിക്കുന്ന വൊക്കേഷണൽ- അക്കാഡമിക് വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കണം. പ്രയോജനകരമായ ജോലി ലഭിക്കാൻ കഴിവേകിക്കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ട്രേഡുകളിൽ അവർക്ക് പരിശീലനം നൽകുകയും ചെയ്യും. തുല്യതയാർന്ന ഈ വിദ്യാഭ്യാസ സംവിധാനത്തിന്റെ പാഠ്യപദ്ധതിയും രീതിശാസ്ത്രവും ആവിഷ്കരിക്കുക നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിലായിരിക്കും. ശ്രമിക് വിദ്യാപീഠ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇതര തൊഴിൽപരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ മാതൃക പിന്തുടരുന്നതായിരിക്കും തൊഴിൽപരിശീലന പരിപാടികൾ. ഈ ഘട്ടത്തിൽ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രധാനവശം കൊഴിഞ്ഞുപോയവരുടെ വൈദഗ്ദ്ധ്യം ഉയർത്തുക എന്നതായിരിക്കും.

5.64 വിദൂരവിദ്യാഭ്യാസ സ്കൂളുകൾ മുഖേന നടപ്പിലാക്കുന്ന അനൗപചാരിക മേഖലയിലുള്ള വിവിധ പരിപാടികളുടെ പരമ്പരയായിരിക്കും രണ്ടാമത്തെ ഘട്ടം. പ്രയോജനകരമായ തൊഴിൽ ലഭിക്കുന്നതിന് ഉന്മുഖമായതോ, ഇതിനകം തൊഴിൽ നേടിയവരുടെ വിജ്ഞാനം ഉയർത്തുന്നതിന് ഉതകുന്നതോ ആയിരിക്കുമിത്. പാഠപുസ്തകങ്ങൾ, കോണ്ടാക്ട് ക്ലാസ്സുകൾ, ദൃശ്യ-ശ്രാവ്യ സാമഗ്രികൾ, അസൈൻമെന്റുകൾ, പ്രോജെക്ട് പ്രവർത്തനങ്ങൾ, പരീക്ഷകൾ എന്നിവ മുഖേന കോഴ്സുകൾ നടപ്പിലാക്കും. വിദൂര വിദ്യാഭ്യാസ സ്കൂളുകളിലെ അധ്യാപകർ മുഖേന ആഭ്യന്തരമായും ബാഹ്യമായും വർഷംതോറും മൂല്യനിർണ്ണയപ്രക്രിയ നടപ്പിലാക്കും. ലാബറട്ടറി പ്രവർത്തനം ഏർപ്പെടുത്തുവാൻ സാധിക്കുകയില്ലെങ്കിലും വിദ്യാർത്ഥികൾക്ക് വർക്ക്ഷോപ്പുകളിലോ വ്യവസായത്തിലോ മറ്റേതെങ്കിലും പ്രായോഗിക മേഖലയിലോ ആയി പ്രോജക്ടുകൾ നടപ്പിലാക്കാനാവും. റിപ്പോർട്ട് സമർപ്പിക്കാനും സാധിക്കും. ബിരുദാനന്തര ബിരുദ പഠനങ്ങളിൽ ഈ പരിപാടി ഉൾക്കൊള്ളിക്കാൻ സാധിക്കും. പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫാക്കൽറ്റിയും വിഭവങ്ങളും വിദൂര വിദ്യാഭ്യാസ സ്കൂളുകൾ ലഭ്യമാക്കണമെന്നു മാത്രം. വിദൂരവിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള ബിരുദ-ബിരുദാനന്തര വിദ്യാഭ്യാസം ഒരു പ്രത്യേക പരിപാടിയായതിനാൽ വിദൂരവിദ്യാഭ്യാസ സ്കൂളുകൾക്ക് പരിപൂർണ്ണമായ സ്വയംഭരണാധികാരം ലഭ്യമാക്കണം.

ഉപസംഹാരം

5.65 കേരളത്തിലെ വിദ്യാഭ്യാസരംഗത്തിന്റെ വിവിധ ഘട്ടങ്ങൾ പുന:പരിശോധിക്കുകയും പുന:സംഘടിപ്പിക്കുകയും ചെയ്യുന്നതിനുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിക്കുന്നതാണ്

മുകളിലുള്ള ചർച്ച. പാഠ്യപദ്ധതി, സിലബസ്സ്, അധ്യാപകരുടെ പങ്ക്, മൂല്യനിർണ്ണയം, കാമ്പസ്സിലെ അന്തരീക്ഷം, മാനേജ്മെൻറിന്റേയും ധനസഹായത്തിന്റേയും പ്രശ്നങ്ങൾ എന്നിവ പരിശോധിക്കുന്നതായിരിക്കണം തുടർന്നുള്ള പഠനവും ചർച്ചയും ഗവേഷണവും. ഈ രീതിയിലുള്ള പ്രശ്നങ്ങളിൽ ഗവേഷണത്തിലേർപ്പെട്ടിട്ടുള്ള ഏതെങ്കിലും സമിതിയോ സംഘടനയോ ദൗർഭാഗ്യവശാൽ കേരളത്തിലില്ല. അത്തരമൊരു സ്ഥാപനം ഏർപ്പെടുത്തുകയോ ദേശീയതലത്തിലുള്ള പദവിയും അംഗീകാരവുമുള്ള ഏതെങ്കിലും ഗവേഷണസ്ഥാപനത്തെ മതിയായ സൗകര്യങ്ങളും പണവും നൽകി ഈ ചുമതല ഏല്പിക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

5.66 സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ സംഭവഗതികളും വികാസങ്ങളും ആനുകാലികമായി, സാക്ഷരരും പ്രബുദ്ധരും ഉൽകർഷേച്ഛുക്കളുമായ കേരള ജനതയെ ധരിപ്പിക്കേണ്ടതുണ്ട്. വാർത്താ മാധ്യമങ്ങളും വിവിധ ജനവിഭാഗങ്ങളും ആനുകാലികമായി വികാസഗതികൾ വിലയിരുത്തണം. അർത്ഥവത്തായ ചിത്രം ലഭിക്കുന്നതിന് ആവശ്യമായ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതല്ല ഔദ്യോഗിക റിപ്പോർട്ടുകളും രേഖകളുമെന്ന് നമുക്ക് വ്യക്തമാകും. പലപ്പോഴും അവയ്ക്ക് ഗണ്യമായ തോതിൽ കാലവിളംബം നേരിടുകയും ചെയ്യുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ബാധിക്കുന്ന സമീപകാല സംഭവവികാസങ്ങളും ആശയഗതികളും ചർച്ചകളും അടങ്ങുന്ന ഒരു പത്രികയുടെ പ്രസിദ്ധീകരണം രക്ഷാകർത്താക്കൾക്കും സമൂഹത്തിലെ തല്പരവിഭാഗങ്ങൾക്കും പ്രയോജനകരമായിരിക്കും.

5.67 വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുകയെന്നത് ഇന്ന് ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെട്ടാൽ തന്നെ പരിഷ്കരണം നിലനിർത്തുന്നതിന് സാമൂഹ്യ സമ്മർദ്ദമല്ലാതെ മറ്റൊരു പോംവഴിയില്ല. പ്രദാനം ചെയ്യപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിരീക്ഷണ വിധേയമാക്കുന്നതിന് സ്വയംഭരണാധികാരത്തോടു കൂടിയ രണ്ട് സമിതികൾ രൂപീകരിക്കാവുന്നതാണ്. ഒന്ന് സ്കൂൾ വിദ്യാഭ്യാസസംബന്ധമായും മറ്റേത് ഉന്നത വിദ്യാഭ്യാസത്തിനും. കലാലയങ്ങളിലെ അവസ്ഥ പരിശോധിക്കുന്നതിന് ഇവ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. ചർച്ചകൾക്കും ബന്ധപ്പെട്ട വിദ്യാഭ്യാസാധികൃതരുടെ പരിഗണനക്കും പരിഷ്കരണത്തിനുമായി അവ പ്രശ്നങ്ങൾ ഉന്നയിക്കണം.

അധ്യായം 6

ഭാഷയും സാഹിത്യവും അധ്യയനമാധ്യമവും

6.1 രാജ്യത്തെ ഏറ്റവും സമ്പന്നമായ ഭാഷകളിലൊന്നാണ് മലയാളം. സംസ്കൃതത്തിന്റേയും തമിഴിന്റേയും ഉത്കൃഷ്ടമായ അടിത്തറയിൽ നിന്നാണ് അത് ശക്തി സമാഹരിക്കുന്നത്. പോർത്തുഗീസ്, അറബിക്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നിന്നും അത് ഗണ്യമായി കടം കൊണ്ടു. ദക്ഷിണേന്ത്യയിലെ മറ്റു ഭാഷകളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയാണ് മലയാളം രൂപപ്പെട്ടതും വളർന്നതും.

6.2 രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലെന്ന പോലെ കേരളത്തിലെ വർഗ്ഗവിഭജനം വിവിധ സാമൂഹ്യവിഭാഗങ്ങളുടെ മലയാള ഭാഷയിലുള്ള സംസാരരീതിയിൽ പ്രതിഫലിക്കുന്നില്ല. ലിഖിതഭാഷയുടെ ഏകീകരണത്തിന് ഇടയാക്കിയത് സാർവ്വത്രികമായ സാക്ഷരതയും ഗ്രന്ഥശാലകളുടെ വ്യാപനവും പുസ്തകങ്ങൾ, വൃത്താന്തപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണവുമാണ്. ഒരളവോളം സംസാരഭാഷയിലും ഇത് സംഭവിച്ചു. ആദിവാസികൾ സവിശേഷ വായ്മൊഴി സംസാരിക്കുന്ന ചില കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. അതിർത്തിപ്രദേശങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങൾ കന്നട, തുളു, തമിഴ് എന്നിവ സംസാരിക്കുന്നു. ചില വിഭാഗങ്ങൾ കൊങ്കിണിയും സംസാരിക്കുന്നു. ഈ വൈജാത്യങ്ങളുണ്ടെങ്കിലും വർഗ്ഗപരവും സാമുദായകവുമായ തരംതിരിവുകൾക്കതീതമായി കേരളത്തിലെ ഓരോ മുക്കിലും മൂലയിലും സാമൂഹികസമ്പർക്കത്തിന് മലയാളം ഉപയോഗപ്പെടുത്തുന്നു. നിരന്തരമായി വളർച്ച പ്രാപിക്കുന്നതും ഓജസ്സുറ്റതും സജീവവുമായ ഭാഷയാണിത്.

6.3 എങ്കിലും സംസ്ഥാനത്തെ വിദ്യാഭ്യാസഘടനയെ ദോഷകരമായി ബാധിക്കുന്ന ഒരു ഭാഷാപ്രശ്നം കേരളത്തിലുണ്ട്. രണ്ട് നൂറ്റാണ്ടുകളോളം ഇന്ത്യയെ അടക്കിവാണ കൊളോണിയലിസത്തിൻെറ ബാക്കിപത്രമാണ് ആ പ്രശ്നം. ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ചക്ക് കീഴിൽ ഭരണവർഗ്ഗങ്ങളുടെ ആശയങ്ങൾ മാത്രമല്ല, ഭരണാധികാരികളുടെ ഭാഷപോലും മേൽക്കോയ്മ സ്ഥാപിച്ചു. രാജ്യത്തെ ഭാഷകൾക്ക് ധന്യമായ സാഹിത്യത്തിന്റേയും പദാവലിയുടേയും പൈതൃകം അവകാശപ്പെടാനുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു വിധത്തിലുള്ള അധമബോധം അവയുടെ വികാസത്തെ ബാധിക്കുകയുണ്ടായി. ഔദ്യോഗികാവശ്യങ്ങൾക്ക് അവയുടെ ഉപയോഗം വിലക്കപ്പെട്ടു. ഭരണനടപടികൾക്കും കോടതിനടപടികൾക്കും നീതിനിർവഹണത്തിനും ഇംഗ്ലീഷ് മാത്രം ഉപയോഗപ്പെടുത്തുന്ന നിലവന്നു. അത് സാമ്രാജ്യത്വത്തിന്റെ ഭാഷയായിരുന്നു; സാമ്രാജ്യത്വ വ്യവസ്ഥയ്ക്കകത്ത് ആശയവിനിമയത്തിനുള്ള ഏക ഉപാധിയായി അത് പരിഗണിക്കപ്പെട്ടു. സാമൂഹികപദവിക്കും അധികാരത്തിനും ഒഴിച്ചു കൂടാനാവാത്ത ഗുണവിശേഷമെന്ന നിലയിലും ഉന്നത സംസ്കാരത്തിന്റെ പ്രതീകമായും അത് ഗണിക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും ഈ മാനസികാവസ്ഥ തിരോഭവിച്ചില്ല. അന്താരാഷ്ട്ര വാണിജ്യത്തിന്റേയും വാർത്താവിനിമയത്തിന്റേയും മുഖ്യഭാഷ എന്ന നിലയിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം തുടർന്നു. അക്കാഡമിക് തലത്തിലും ഭരണനിർവ്വഹണത്തിലും അതിന്റെ അധീശത്വപരമായ പങ്ക് അങ്ങനെ ന്യായീകരിക്കപ്പെട്ടു. കേരളത്തിൽപ്പോലും സംസ്ഥാനത്തെ മുഖ്യഭാഷയായ മലയാളത്തിന്റെ അതീവ ധന്യതയെക്കുറിച്ചുള്ള അവബോധം വ്യാപകമായിരുന്നിട്ടും ഇംഗ്ലീഷിനോടുള്ള വിധേയത്വം നിലനിന്നു. വിദ്യാഭ്യാസരംഗത്തെ വികാസങ്ങളേയും ഇത് ബാധിച്ചു. പ്രൈമറിഘട്ടത്തിൽ അധ്യയനമാധ്യമം മലയാളം മാത്രമാക്കുന്നതിനോടുള്ള എതിർപ്പ് കുറയുന്നുണ്ടെങ്കിലും പിന്നീടുള്ള ഘട്ടങ്ങളിൽ, പ്രത്യേകിച്ചും അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠനങ്ങളിൽ, ഇംഗ്ലീഷാണ് ഉചിതമായ അധ്യയനമാധ്യമമെന്ന ധാരണ പ്രബലമാണ്. ഈ സംവാദത്തിൽ മുൻധാരണകൾ വലിയൊരു സ്ഥാനം വഹിച്ചു. ഭൗതികശാസ്ത്രങ്ങളിലായാലും ദർശനം, സാമ്പത്തികശാസ്ത്രം മുതലായ വിഷയങ്ങളിലായാലും ഏറ്റവും ഉചിതമായ മാധ്യമം എന്ന നിലയിലുള്ള സഹജമായ ഗുണവിശേഷങ്ങൾ മലയാളത്തിനില്ല എന്നു കരുതുവാൻ തക്ക ന്യായങ്ങൾ നിലനിൽക്കുന്നില്ല. കലകൾ, ശാസ്ത്രങ്ങൾ എന്നീ പ്രധാന വിഷയങ്ങളിൽ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയാംവിധം പദാവലി വിപുലീകരിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക മാത്രമാണ് ആവശ്യമായിട്ടുള്ളത്.

അവശേഷിക്കുന്ന കടമ സുധീരവും നിശ്ചയദാർഢ്യത്തോടുകൂടിയതുമായ നീക്കങ്ങളിലൂടെ

നിറവേറ്റാവുന്നതേയുള്ളൂ. മുൻ നിരയിലുള്ള ഏതാനും പേർ പ്രഭാഷണങ്ങൾക്കോ കൂടുതൽ വിപുലമായ ഉദ്ദേശ്യങ്ങൾക്കോ ആയി ഒരു ഭാഷ ഉപയോഗപ്പെടുത്തുമ്പോൾ ആ ഭാഷ ചിറകു വെയ്ക്കുന്നുവെന്ന് എല്ലാ ഭാഷകളുടേയും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഉചിതമായ വാക്കുകളിൽ ആശയങ്ങൾ പ്രകാശിപ്പിക്കുന്നതിനും ചിട്ടയോടെ അവതരിപ്പിക്കുന്നതിനും അങ്ങിങ്ങായി ചില വക്കും മുഴയും ഉളവായേക്കാം. എങ്കിലും പൊതുവേ അവയൊന്നും ഒരു പ്രധാന പ്രശ്നമാവുന്നില്ല. മലയാളത്തിന്റെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ല. ആവശ്യം വരുമ്പോഴെല്ലാം ഉചിതമായ അന്യഭാഷാ പ്രയോഗങ്ങൾ കടംകൊള്ളുകയോ പുതിയ വാക്കുകളും പ്രയോഗങ്ങളും ആവിഷ്കരിക്കുയോ ചെയ്തുകൊണ്ട് വല്ലപ്പോഴുമുള്ള തട്ടും തടവും തരണം ചെയ്യാവുന്നതേയുള്ളൂ.

6.4 ഇപ്പോഴത്തെ അവസ്ഥയിൽ ഭാഷയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ചില വൈജാത്യങ്ങൾ നിലനിൽക്കുന്നുണ്ട്. മലയാളത്തിൻെറ ഉപയോഗത്തെ സംബന്ധിച്ചിടത്തോളം അങ്ങിങ്ങായി ചെറുത്തു നില്പുണ്ടാകുന്നുണ്ട്. അറബിയോ ഇംഗ്ലീഷോ മൗലികവാദപരമായി ഉപയോഗപ്പെടുത്തുന്നത് ഒരു ഉദാഹരണമാണ്. എങ്കിലും പ്രാഥമികതലത്തിൽ ഏറ്റവും സ്വീകാര്യമായ അധ്യയനമാധ്യമമായി മലയാളം ആവിർഭവിച്ചിരിക്കുന്നു. ചുറ്റുമുള്ള സസ്യജന്തുജാലങ്ങളുടെ സൗന്ദര്യവും നിഗൂഢതകളും അനാവരണം ചെയ്യുന്നതിന് ഊന്നൽ നൽകിക്കൊണ്ട് 11 വയസ്സുവരെയുള്ള പിഞ്ചുകുട്ടികൾക്ക് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനാണ് ഇനിയങ്ങോട്ട് പ്രാഥമിക വിദ്യാഭ്യാസത്തിലൂടെ ശ്രമിക്കുക; ആ നിലക്ക് മലയാളത്തെ ഒഴിവാക്കാൻ സാധ്യമല്ല.

6.5 പ്രാഥമിക ഘട്ടത്തിൽ മലയാളം ഉപയോഗപ്പെടുത്തുന്നതിനോടുള്ള തുറന്ന മനസ്സോടെയുള്ള സമീപനത്തിന് ഒരു ഹേതു ഈ തലത്തിലെ വിദ്യാഭ്യാസത്തിലധികവും ലളിതമാണെന്ന ധാരണയായിരിക്കും. പ്രാഥമിക ഘട്ടത്തിനുശേഷം സെക്കണ്ടറി–ഹയർ സെക്കണ്ടറി തലങ്ങളിൽ മാത്രമേ കുട്ടികളുടെ വീക്ഷണങ്ങൾ ഫലപ്രദമായി രൂപം പ്രാപിക്കുന്നുള്ളൂ എന്നും കരുതപ്പെടുന്നു. അങ്ങനെ വിവാദത്തിലേർപ്പെടുന്നവർ വിവാദത്തിന്റെ മേഖല പ്രാഥമികതലത്തിൽ നിന്നുമാറ്റി, വൊക്കേഷണൽ, സെക്കണ്ടറി–ഹയർ സെക്കണ്ടറി–അണ്ടർഗ്രാജ്വേറ്റ്–പോസ്റ്റ് ഗ്രാജ്വേറ്റ് ഘട്ടങ്ങളിലെ ഭാഷ തിരഞ്ഞെടുക്കുന്നതു സംബന്ധമായ കാര്യങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. ഇംഗ്ലീഷിനനുകൂലമായ വാദഗതികളുന്നയിക്കുന്നവർ ഈ വിദേശഭാഷയിൽ തീവ്രപരിശീലനം നേടുന്നതു കൊണ്ടുള്ള പലനേട്ടങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന ദേശീയ വിഭാഗങ്ങൾ പരസ്പര സമ്പർക്കത്തിലേർപ്പെടുന്ന മാധ്യമമാണത്; ആ നിലയിൽ അതിനെ 'ബന്ധഭാഷ' എന്ന് വിളിക്കുന്നു. ഇതിനും പുറമേ ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും ലോകവും അന്താരാഷ്ട്ര പണമിടപാടും വാണിജ്യവും മനസ്സിലാക്കുന്നതിനും അതാണ് അനുയോജ്യം എന്ന് അവർ ഊന്നിപ്പറയുന്നു. ഏറ്റവും താഴ്ന്ന തലം മുതൽ അധ്യയനമാധ്യമമായി ഇംഗ്ലീഷ് ഉപയോഗപ്പെടുത്തുകയും അതിനൊപ്പം മലയാളവും പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സത്വരമായി ഇത് നിറവേറ്റാൻ കഴിയൂ എന്നും അവർ വാദിക്കുന്നു.

6.6 ഒരു കുട്ടി എത്ര ഭാഷകൾ പഠിച്ചിരിക്കണം എന്ന വിവാദത്തിൽ നിന്ന് ഈ പ്രശ്നത്തിന്റെ പരിഹാരത്തെ വേർപെടുത്താനാവില്ല. കേരളം ഇതിനകം ത്രിഭാഷാപദ്ധതി അംഗീകരിച്ചിട്ടുണ്ട്. മലയാളത്തിനു പുറമേ സംസ്ഥാനത്തെ സ്കൂളുകളിൽ ഹിന്ദിയും ഇംഗ്ലീഷും പഠിപ്പിക്കുന്നു. അപ്പർ പ്രൈമറി ഘട്ടം മുതലാണ് ഇവ രണ്ടും പഠിപ്പിക്കുന്നത്. ഹിന്ദിയിലേക്കുള്ള പരിവർത്തനം ഒച്ചപ്പാടില്ലാതെയും ശക്തമായ പ്രതികരണങ്ങളൊന്നും ഉളവാക്കാതെയും നടന്നുവെന്നതാണ് കഥയിലെ പ്രോത്സാഹനജനകമായ ഭാഗം. എങ്കിലും ഈ ഭാഷകൾ പഠിപ്പിക്കുന്നതിന് ആധാരമാക്കിയ പഠനനിലവാരത്തിന്റെ ശരിയായ സംയോജനത്തെ സംബന്ധിച്ചിടത്തോളം പ്രശ്നമുണ്ട്. വ്യത്യസ്തങ്ങളായ സാമൂഹ്യവും ഭാഷാപരവുമായ

ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചാണ് മൂന്നു ഭാഷകളും പഠിപ്പിക്കുന്നത്. സംസ്കാരത്തിന്റേയും ആശയവിനിമയത്തിന്റേയും ഭാഷ എന്ന നിലയിലാണ് മലയാളം ഒന്നാമതായും പരിഗണിക്കപ്പെടുന്നത്. ദേശീയ സംസ്കാരവുമായി കുട്ടിയെ പരിചയപ്പെടുത്തുന്നതിനും രാജ്യത്തിന്റെ ഇതരഭാഗങ്ങളുമായി ആശയവിനിമയം സാധ്യമാക്കുന്നതിനുമുള്ള 'ദേശീയ ഭാഷ' എന്ന സ്ഥാനമാണ് ഹിന്ദിക്ക് നൽകപ്പെട്ടത്. വിദേശഭാഷ എന്ന നിലയിൽ ഇംഗ്ലീഷും പരിഗണിക്കപ്പെട്ടു. ഈ മൂന്നു ഭാഷകളോടുമുള്ള വിദ്യാഭ്യാസശാസ്ത്രപരമായ സമീപനം മൂന്നുതന്നെയാണ്; ഇതിനും പുറമേ കേരളത്തിൽ നിലവിലുള്ള ഏർപ്പാടുകൾ അറബിയോ സംസ്കൃതമോ പഠിക്കുന്നതിനേയും പ്രോത്സാഹിപ്പിക്കുന്നു. ക്ലാസിക്കൽ ഭാഷകൾ എന്ന നിലയിലാണ് അവ പരിഗണിക്കപ്പെടുന്നത് എന്ന് നാം അംഗീകരിച്ചാൽ തന്നേയും പലപ്പോഴും വിഭാഗീയമായ കാരണങ്ങളും അതിനു പിന്നിലുണ്ട്. വിവിധ തലങ്ങളിൽ ഈ ഭാഷകളുടെ അഭ്യസനം നടക്കുന്നത് പലപ്പോഴും മലയാളത്തിന്റെ ചെലവിലാണ്. ഒരു ഭാഷയുടെ സൂക്ഷ്മസവിശേഷതകൾ ഗ്രഹിക്കുന്നതിന് ആ ഭാഷയുടെ അടിത്തറയായ ക്ലാസിക്കുകൾ മനസ്സിലായിരിക്കേണ്ടതുണ്ട് എന്ന ഒരു വീക്ഷണഗതി ഉണ്ട്. ഈ വാദത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ സംസ്കൃതം പഠിപ്പിക്കുന്നതിനുള്ള സമയം നീക്കിവയ്ക്കുന്നതിനെ ന്യായീകരിക്കുന്നത്. എന്നാൽ അതേ പ്രാധാന്യമുള്ള തമിഴ് പഠിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുന്നുമില്ല. ഉയർന്നഘട്ടം വരെ അറബിക്കിനു വേണ്ടിയും ചില വിഭാഗങ്ങൾ ആവശ്യം ഉന്നയിക്കുന്നുണ്ട്.

6.7 ഈ വീക്ഷണഗതികളെല്ലാം അംഗീകരിക്കുകയാണെങ്കിൽ കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സെക്കണ്ടറി ഘട്ടത്തിൽ വ്യത്യസ്ത കാലയളവുകളിലായി നാലു ഭാഷകളെങ്കിലും പഠിപ്പിക്കാൻ വ്യവസ്ഥ ഉണ്ടാക്കേണ്ടി വരും. സംസ്ഥാനത്തെ അതിർത്തി പ്രദേശങ്ങളിൽ അധ്യയനമാധ്യമമായി മലയാളം ഉപയോഗപ്പെടുത്തുന്നതിന് സഹായകമായി പ്രാദേശികഭാഷകളായ തമിഴോ കന്നഡയോ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പ്രാദേശിക വികാരങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ കുട്ടികളെ പഠിപ്പിക്കുന്നതിന് ഉപയോഗിക്കേണ്ട ഭാഷകളുടെ എണ്ണം അഞ്ചു വരെയാകുന്നു.

6.8 ഇത് പ്രായോഗികമായ നിർദ്ദേശമല്ല. സെക്കണ്ടറി ഘട്ടത്തിൽ മൂന്നു ഭാഷകളിലേറെ അഭ്യസിപ്പിക്കാൻ കഴിയില്ല. ഇപ്പോൾ തന്നെ ഭാഷകളുടേതായ അധ്യാപന-പഠനഭാരം ഭീമമാണ്; വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ പരിധിക്കപ്പുറത്തേക്ക് നീങ്ങരുത്. ഭാഷകളുടെ എണ്ണം ഇനിയും വർദ്ധിപ്പിച്ചാൽ വിദ്യാഭ്യാസപരമായ കാര്യക്ഷമത കുറയുകയാവും ഫലം. വ്രണിത വികാരങ്ങൾ സാന്ത്വനിപ്പിക്കുന്നതിന്, പഠിക്കേണ്ട മൂന്ന് ഭാഷകൾ സ്വയം തെരഞ്ഞെടുക്കാൻ സൗകര്യം നൽകുകയായിരിക്കും ഉചിതം. മലയാളം എല്ലാവർക്കും നിർബന്ധമാക്കാൻ വ്യവസ്ഥയുണ്ടാക്കുകയും വേണം. സാധാരണനിലയിൽ വിദ്യാർത്ഥികളിൽ ന്യായമായൊരു ഭൂരിപക്ഷം മലയാളവും ഇംഗ്ലീഷും ഹിന്ദിയും തെരഞ്ഞെടുക്കുമെന്നു കരുതുന്നതിൽ അസാംഗത്യമില്ല. എത്രതന്നെ ഖേദകരമാണെങ്കിലും, സംസ്കൃതത്തിനോ അറബിക്കോ ഉള്ള സ്ഥാനം പരിമിതപ്പെടുമെന്നതാണതിന്റെ ഫലം. സെക്കണ്ടറി ഘട്ടത്തിൽ ഹിന്ദിക്കോ ഇംഗ്ലീഷിനോ പകരമായി ഇത് ഏർപ്പെടുത്താവുന്നതാണ്. പ്രാഥമികഘട്ടത്തിൽ അധ്യയനമാധ്യമമായി ഇംഗ്ലീഷോ അറബിയോ ഉപയോഗിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ പാടില്ല. ഭാഷാ ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ, മലയാളവും ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ ഭാഷകളും പഠിപ്പിക്കാവുന്നതാണ്. മൂന്നാം ക്ലാസ്സ് മുതൽക്കോ മറ്റോ മലയാളം തുടങ്ങാം. ഗോത്രസമൂഹങ്ങളുടെ കാര്യത്തിൽ അവരുടെ പ്രാദേശിക സംസാര ഭാഷയിൽ അധ്യയനം ആരംഭിച്ചതിനു ശേഷം മതിയായ സമയപരിധിക്കകം മലയാളലിപിയിലേക്കും ഭാഷയിലേക്കുമുള്ള മാറ്റമാവാം.

6.9 സ്ഥിതിവിശേഷം സങ്കീർണ്ണമായതുകൊണ്ട് ഒരു ഘട്ടത്തിൽ സംസ്ഥാനാധികൃതർക്ക് ചർച്ചയിൽ പങ്ക് ചേരേണ്ടിവരുമെന്നതിൽ സംശയമില്ല. ഇംഗ്ലീഷ് നിലനിർത്തുകയും സെക്കണ്ടറി, പോസ്റ്റ് സെക്കണ്ടറി, ഉന്നത വിദ്യാഭ്യാസ ഘട്ടങ്ങളിലായി അതിന്റെ പരിധി വ്യാപിപ്പിക്കുകയും ചെയ്യണമെന്നു

നിർബന്ധിക്കുന്നത്, ലഭ്യമായ അധ്യാപന സമയത്തേയും അനുയോജ്യരായ അധ്യാപകരേയും സംബന്ധിച്ച തർക്കങ്ങൾക്കപ്പുറത്തേക്കു പോകുന്ന പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നതിൽ സംശയമില്ല. ഒരു പ്രമുഖ അന്താരാഷ്ട്രഭാഷയിലുള്ള അവഗാഹത്തിന്റെ ആവശ്യകത അംഗീകരിക്കപ്പെടണം. എന്നാൽ തുല്യഗൗരവമുള്ള പ്രശ്നങ്ങളും പരിഗണിക്കപ്പെടേണ്ടതായുണ്ട്. വിദ്യാഭ്യാസ രംഗത്തിന്റെ വലിയൊരു ഭാഗത്തിനു മേൽ ഇംഗ്ലീഷിന്റെ ആധിപത്യം തുടരുന്നത് കൊളോണിയലിസത്തിന്റേതായ ഒസ്യത്തും സാമൂഹിക ശ്രേണികളും അവസാനിപ്പിച്ച് കൂടുതൽ സമത്വപൂർണ്ണമായ വിദ്യാഭ്യാസ സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾക്കേറ്റ പ്രഹരമാണ്. ഇംഗ്ലീഷുമായുള്ള സമ്പർക്കം കൊണ്ട് സമൂഹത്തിലെ വരേണ്യ വിഭാഗങ്ങൾ നിർണ്ണായകമായ ഒട്ടേറെ ആനുകൂല്യങ്ങൾ നേടിയെടുത്തിട്ടുണ്ട്. സാമ്പത്തിക കാരണങ്ങളാൽ മുൻകാലങ്ങളിലും വർത്തമാനകാലത്തും ദരിദ്ര വിഭാഗങ്ങൾക്ക് നിഷേധിക്കപ്പെട്ടവയാണിത്. ഇംഗ്ലീഷിന്റെ സംസ്കാരത്തെ മേലാളസംസ്കാരമായി ദരിദ്രർ താദാത്മ്യപ്പെടുത്തുന്നു. ജനാധിപത്യ വ്യവസ്ഥയിൽ ഏറ്റവുമധികം ആദരിക്കപ്പെടുന്ന ഒരു ഗുണവിശേഷം വൈജാത്യത്തോടുള്ള സഹിഷ്ണുതയാണ്. എങ്കിലും സമൂഹത്തിൽ സമ്പത്തിന്റേയും വരുമാനത്തിന്റേയും വിതരണത്തിലെ അസമത്വം മൂർച്ഛിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യ കാർക്കശ്യങ്ങളെ ചെറുക്കേണ്ടതുണ്ട്. കൂടുതൽ ജനാധിപത്യപരമായൊരു പരിസരത്തിലേക്കുള്ള പുരോഗതിയെ, അതായത് ഏറ്റവും എളിയവർ ഉൾപ്പെടെ സമൂഹത്തിലെ ഓരോ അംഗത്തിനും വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ തുറന്നുകൊടുക്കുന്നതിനെ, തടയുന്നതിനുള്ള ആയുധമായി ജനാധിപത്യപരമായ സഹിഷ്ണുതയെ ഉപയോഗിക്കാൻ അനുവദിച്ചുകൂടാ. സംശയത്തിനിടയില്ലാത്ത നേട്ടങ്ങളുള്ള സമ്പന്നവും വികസിതവുമായ ഭാഷയാണ് ഇംഗ്ലീഷ്. പക്ഷേ അത് രണ്ട് നൂറ്റാണ്ടുകളോളം കാലം ലോകത്തിന്റെ വലിയൊരു ഭാഗത്തിനുമേൽ ആ രാഷ്ട്രവും ഭാഷയും വഹിച്ച മേൽക്കോയ്മയുടേതായ പങ്കിന്റെ അനന്തരഫലമാണ്. സമത്വപൂർണ്ണമായ ഒരു വിദ്യാഭ്യാസസമ്പ്രദായം ഉറപ്പുവരുത്താൻ അത് ഉപയോഗപ്പെടുത്തുന്നതിലൂടെ സാധ്യമല്ല. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും അധ്യയനമാധ്യമമെന്ന നിലയിൽ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കു പരിവർത്തനം ചെയ്തേ ഇത് സാദ്ധ്യമാകൂ. സെക്കണ്ടറി, പോസ്റ്റ് സെക്കണ്ടറി ഘട്ടങ്ങളിൽ മലയാളം അധ്യയനമാധ്യമമാക്കുന്നതിനുള്ള ഗതിവേഗം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ പാഠപുസ്തകങ്ങളും മറ്റ് രേഖകളും നിർമ്മിക്കുന്നതിന് ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

6.10 മറ്റൊരു ചർച്ചയിലേക്കു നാം കടന്നിരിക്കുകയാണ്: ജനാധിപത്യത്തിൻെറ ഗുണവിശേഷങ്ങൾ എന്തെല്ലാമായിരിക്കണം? ഇവിടേയും കാലഘട്ടത്തിന്റെ ആവശ്യം സൗമനസ്യത്തോടെ അംഗീകരിക്കേണ്ടതുണ്ട്. പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ ഭൂരിപക്ഷാടിസ്ഥാനത്തിലാണ് രാഷ്ട്രീയതലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. അതേ തത്ത്വപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടർന്നായിരിക്കണം വലിയൊരളവോളം വിദ്യാഭ്യാസരംഗത്തെ മുൻഗണനകൾ കല്പിക്കേണ്ടതും. ഇതുവരേയും സാദ്ധ്യമായതിലും വേഗതയിൽ വിദ്യാഭ്യാസത്തിന്റേയും സാങ്കേതികപരിശീലനത്തിന്റേയും വ്യാപനത്തിനു് സംസ്ഥാനത്തെ മുഖ്യഭാഷ - ജനതയിൽ ഭൂരിപക്ഷത്തിന്റേയും മാതൃഭാഷ-ഉതകുമെങ്കിൽ ഈ ഭാഷയുടെ പ്രാമുഖ്യം സ്ഥാപിക്കുന്നതിനുള്ള പ്രായോഗികനടപടികൾക്കു സംസ്ഥാനം തുടക്കം കുറിക്കണം. വിദ്യാർത്ഥികളോട് സ്വീകരിക്കുവാനും സ്വാംശീകരിക്കുവാനും ആവശ്യപ്പെടുന്ന ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിനായി മലയാളത്തിന്റെ ഉപയോഗം അഭിവൃദ്ധിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും മതിയായ ഊന്നൽ നൽകണം. അസാധാരണ പരിത:സ്ഥിതികളിൽ മാത്രമേ ഇതര ഭാഷാപഠനമോ, അധ്യയനമാധ്യമമെന്ന നിലയിൽ ഇതരഭാഷകൾ ഉപയോഗപ്പെടുത്തുന്നതോ അനുവദിക്കാവൂ. സമൂഹത്തിലെ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഈ നിയന്ത്രണം സന്തോഷപ്രദമാകണമെന്നില്ല. എങ്കിലും, നിയമത്തിനുണ്ടാക്കുന്ന അപവാദങ്ങൾ ഉപയോഗിച്ച് പുതിയ കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കുന്ന പ്രവണതക്കെതിരേ മുൻകരുതലെടുക്കണം. സാമൂഹ്യ യാഥാർത്ഥ്യത്തിന്റെ പ്രേരണയെന്ന നിലയിൽ എല്ലാവരും അംഗീകരിക്കേണ്ടതായുള്ള

സ്ഥിതിവിശേഷമാണിത്. സൗകര്യങ്ങളുള്ളയിടങ്ങളിൽ കൂടുതൽ ഭാഷകളുടെ പഠനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നതിൽ തർക്കമില്ലതാനും. എങ്കിലും അധ്യയനമാധ്യമവും ഇതര ഭാഷകളുടെ അധ്യാപനവും തമ്മിലുള്ള അന്തരം വ്യക്തമാക്കേണ്ടതുണ്ട്. ഗവൺമെന്റ് സംവിധാനത്തിന് അതീതമായി പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന - ഉദാഹരണത്തിന് ധർമ്മസ്ഥാപനങ്ങളോ തികഞ്ഞ വാണിജ്യാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ തന്നെയോ-അധ്യയനമാധ്യമമായി ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷയോ ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവർക്കതിന് വിഭവശേഷി ഉണ്ടെങ്കിൽ പോലും, അത്തരം ശ്രമങ്ങളെ പ്രോത്സാഹിപ്പിച്ചു കൂടാ. മുൻകാലങ്ങളിൽ നിന്നു സമാഹരിച്ചതോ ചൂഷണോപാധികളിലൂടെ സമാഹരിച്ചുകൊണ്ടിരിക്കുന്നതോ ആയ മൂലധനം വിദ്യാഭ്യാസ സമ്പ്രദായത്തിലെ അസമത്വം മൂർച്ഛിക്കുന്നതിന് ഉപയോഗപ്പെടുത്താൻ അനുവദിക്കരുത്. അധ്യയനമാധ്യമത്തിന്റെ കാര്യത്തിൽ ആവിഷ്കരിക്കപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കാൻ വിദ്യാഭ്യാസ സമ്പ്രദായത്തിലെ സർക്കാർ ഇതരമേഖല വൈമുഖ്യം പ്രകടിപ്പിക്കുകയാണെങ്കിൽ അച്ചടക്കം പരിപാലിക്കാൻ സർക്കാരിന് തികഞ്ഞ അവകാശം ഉണ്ടായിരിക്കും.

6.11 ജനാധിപത്യത്തിന് പരമമായ സ്ഥാനം ഉള്ള അഥവാ ഉണ്ടാവേണ്ട പരിത:സ്ഥിതിയിൽ തുറന്ന ചർച്ചക്ക് വിധേയമാക്കേണ്ടതായുള്ള തുല്യ പ്രാധാന്യമാർന്ന മറ്റുപല പ്രശ്നങ്ങളുമുണ്ട്. വിദ്യാഭ്യാസപദ്ധതിയിൽ മലയാളത്തിന് അഭിമാനാവഹമായ സ്ഥാനം ഉണ്ടായിരിക്കും. എന്നാൽ സംസ്ഥാനത്തു ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയും ഇതരസമിതികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൈമാറ്റം ചെയ്യപ്പെടുന്നവ അനുപൂരകമായി ഉപയോഗപ്പെടുത്തിയും മറ്റു ഭാഷകളുടെ പഠനത്തേയും പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സാമൂഹ്യമായ ഉദ്ബുദ്ധതയും മാനവികപുരോഗതിയും കാംക്ഷിക്കുന്ന ഒരു വിദ്യാഭ്യാസവ്യവസ്ഥക്കും ഭാഷകളെ അവഗണിക്കാനാവില്ല. ഭാഷകൾ സാഹിത്യത്തിലേക്ക് പ്രവേശനകവാടം തുറക്കുന്നു; കവിത ഉൾപ്പടെയുള്ള സാഹിത്യമാണ് എല്ലാ ഭാവനയുടേയും പ്രഭവധാര. സർഗ്ഗാത്മകമായ ഒരു സമൂഹത്തിന് ഭാവന കൂടാതെ സാധ്യമല്ല. അതിനാൽ സാഹിത്യവും ഭാഷകളുടെ പരിപോഷണവും അതിനൊഴിവാക്കാനാകില്ല. കേരളത്തിൽ നിർദ്ദേശിക്കപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ മൊത്തം ഘടനയിലെ സന്തുലനം എന്തുതന്നെയായാലും, ഭാഷകളുടേയും സാഹിത്യത്തിന്റേയും വൈവിധ്യമാർന്ന സമ്പത്ത് പഠനവിധേയമാക്കുന്നതിന് മതിയായ അവസരം അത് പ്രദാനം ചെയ്യുമെന്ന് പ്രത്യാശിക്കപ്പെടുന്നു. ജീവിതദർശനങ്ങളിലേക്ക് കടക്കുന്നതിനും സാമൂഹ്യ ബലതന്ത്രം അനാവരണം ചെയ്യുന്നതിനും അതു സഹായിക്കും.

അധ്യായം 7

വിദ്യാഭ്യാസത്തിന്റെ കൈകാര്യകർത്തൃത്വം

7.1 "വളർച്ചയുടെ ഗതിവേഗം ത്വരിതപ്പെടുത്താൻ ശ്രമിക്കുന്ന ഒരു ദരിദ്ര സമ്പദ്ഘടന മുഖ്യമായും ശ്രദ്ധപതിപ്പിക്കേണ്ടത് വിദ്യാഭ്യാസരംഗത്താണ്" എന്നത് പൊതുവേ അംഗീകരിക്കപ്പെടുന്ന ഒരു പ്രമാണമത്രേ. സ്ഥായിയായ വളർച്ചയ്ക്ക് നിർണ്ണായകമായ മെച്ചപ്പെട്ട ഉല്പാദന പ്രക്രിയകളും സാങ്കേതിക വിദ്യയുമായി പരിചയപ്പെടാൻ ബഹുജനങ്ങൾക്ക് അവസരം സിദ്ധിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. മറ്റെല്ലാം അതേപടി തുടരുമ്പോൾ, വരുമാനത്തിന്റെ ഉയർന്ന വിതാനങ്ങളിലേക്ക് നീങ്ങാൻ അധ്വാനിക്കുന്ന ജനങ്ങൾക്കു കഴിവേകുന്നത് വിദ്യാഭ്യാസമാണ്.

7.2 ഈ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ ഇന്ത്യൻയൂണിയനിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ ഭാഗ്യം സിദ്ധിച്ച നാടാണ് കേരളം. ഈ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് പരാമർശിച്ച ഘടകങ്ങൾ കാരണം, സാക്ഷരതയുടേയും പ്രാഥമിക വിദ്യാഭ്യാസത്തിന്റേയും വ്യാപ്തിയിലും സ്ത്രീകൾക്കിടയിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളവും ഇതര സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലാണ് കേരളം. സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തും സംസ്ഥാനത്തിന്റെ നില നിരാശാജനകമല്ല. സംസ്ഥാന ഗവൺമെന്റും സർവകലാശാലാ ധനകാര്യ കമ്മീഷനും ധനസഹായം നൽകുന്ന നിരവധി സർവകലാശാലകളും, സംസ്ഥാന ഗവൺമെന്റോ സ്വകാര്യ സ്ഥാപനങ്ങളോ പണം മുടക്കി സ്ഥാപിച്ച ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തുണ്ട്. എങ്കിലും ഈ സർവകലാശാലകളും സ്ഥാപനങ്ങളും നൽകുന്ന വിദ്യാഭ്യാസത്തിന് പ്രകടമായ ന്യൂനതകളുണ്ട്.

7.3 കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ചില സവിശേഷ പ്രശ്നങ്ങൾ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. വിദ്യാഭ്യാസധാരയുടെ ഉത്പന്നങ്ങളും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടാണ് ആദ്യത്തേത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു ബിരുദധാരികളും ബിരുദാനന്തരബിരുദധാരികളും വൻതോതിൽ പുറത്തുവരുന്നുണ്ടെങ്കിലും അവരെ ഉടൻ ഉൾക്കൊള്ളാനുള്ള ഇടം ഉണ്ടാകുന്നില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി വൈദേശികവും ആഭ്യന്തരവുമായ സംഭവവികാസങ്ങൾ മൂലം സാങ്കേതികവും പ്രൊഫഷണലുമായ നിരവധി പുതിയ തൊഴിലവസരങ്ങൾ തുറന്നുകൊടുക്കുകയുണ്ടായെങ്കിലും അനുയോജ്യമായ പരിജ്ഞാനവും വൈദഗ്ദ്ധ്യവും പരിശീലനവും സിദ്ധിച്ച സ്ത്രീപുരുഷന്മാരെ നൽകുവാൻ സർവകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാധിക്കുന്നില്ല. വനിതാ വിദ്യാഭ്യാസം ഉൾപ്പെടെ ഇതര തലങ്ങളിലും ആവശ്യകതയും ലഭ്യതയും തമ്മിലുള്ള ഈ പൊരുത്തക്കേട് പ്രകടമാണ്. സംസ്ഥാനത്ത് പുരുഷന്മാരിലേക്കാളും വളരെക്കൂടുതലാണ് സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മയും അർഹതയനുസരിച്ചുള്ള തൊഴിൽ ലഭിക്കായ്കയും. ബിരുദ-ബിരുദാനന്തരബിരുദ പരിശീലനത്തിലൂടെ സിദ്ധിക്കുന്ന വിജ്ഞാനം തൃപ്തികരമായി ഉപയോഗപ്പെടുത്തുന്നതിന് സ്ത്രീകൾക്കു സാധിക്കാത്തതിന്റെ പല കാരണങ്ങളിലൊന്ന് സമൂഹത്തിന്റെ യാഥാസ്ഥിതികത്വമാണ്.

7.4 ഈ പ്രതിസന്ധിക്ക് പല മാനങ്ങളും ഉണ്ടെന്നു തോന്നുന്നു. ഒന്നുകിൽ മുൻകാലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ആസൂത്രണം ഇല്ലായിരുന്നു, അഥവാ ആസൂത്രണത്തിന് ശ്രമിച്ചിരുന്നുവെങ്കിലും സാങ്കേതികവിദ്യാഭ്യാസപരമായി യോഗ്യരായ വ്യക്തികളുടെ ആവശ്യത്തിനും ലഭ്യതക്കും ഇടയിലുള്ള വിടവ് നികത്തുന്നതിൽ അതു പരാജയപ്പെട്ടു. വിദ്യാഭ്യാസ ധാരയിലൂടെ കടന്നുവന്ന സ്ത്രീകൾക്ക് പ്രയോജനകരമായ തൊഴിലിന് മാർഗ്ഗങ്ങളേകുന്നതിലും വ്യവസ്ഥിതി വിജയം വരിച്ചില്ല.

സർക്കാരിന്റെ പങ്ക്

7.5 ഈ പശ്ചാത്തലത്തിൽ വിദ്യാഭ്യാസത്തിന്റേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈകാര്യകർതൃത്വത്തെ സംബന്ധിച്ച ചർച്ചയിലേക്ക് നമുക്ക് കടക്കാം. ഈ റിപ്പോർട്ടിലാകെ ആസ്പദമാക്കിയത്, സമൂഹത്തിലെ

അംഗങ്ങൾക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുകയെന്നത് സമൂഹത്തിന്റെ ചുമതലയാണെന്നും, സ്വകാര്യ സംഘടനകളുടേയും വ്യക്തികളുടേയും മുൻകൈ നടപടികളെ മൊത്തം സമൂഹത്തിന്റെ ചുമതലകൾക്കുള്ളിൽപ്പെടുത്തി പരിഗണിക്കേണ്ടതാണെന്നുമുള്ള അടിസ്ഥാനപരമായ ആശയമാണ് എന്ന വസ്തുത തുടക്കത്തിൽ തന്നെ ഊന്നിപ്പറയേണ്ടതുണ്ട്. ഒരു ജനാധിപത്യസമൂഹത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സാമൂഹിക ഉത്തരവാദിത്വമായ ഗതാഗതവുമായി വിദ്യാഭ്യാസത്തെ താരതമ്യപ്പെടുത്താവുന്നതാണ്. വ്യക്തികൾക്ക് സ്വന്തം വാഹനങ്ങളുടെ ഉടമസ്ഥതയാവാം, അവർക്കത് ഓടിക്കുകയും ചെയ്യാം; എന്നാൽ ഗതാഗത പ്രവാഹത്തെ ക്രമീകരിക്കുന്ന 'റോഡ് നിയമങ്ങൾ' സമൂഹത്തിന്റെയാകെ ചുമതലയാണ്. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് പൂർണ്ണമായും അത് വിട്ടുകൊടുത്താൽ തെരുവുകളിലാകെ അരാജകത്വമാകും. ഒരു ജനാധിപത്യ വ്യവസ്ഥക്ക് അംഗീകരിക്കാനാകാത്തതാവും അത്തരമൊരു സ്ഥിതിവിശേഷം. ഇടതുവശം ചേർന്നുപോകണമോ വലതുവശം ചേർന്നുപോകണമോ എന്നു തീരുമാനിക്കുന്നതിൽ പരിമിതപ്പെടുന്നതല്ല നിരത്തുകളുടെ ഉപയോഗം സംബന്ധമായ സമൂഹത്തിന്റെ ഉത്തരവാദിത്വം. വേഗതാ നിയന്ത്രണം, ട്രാഫിക്ക് ലൈറ്റുകൾ സ്ഥാപിക്കൽ, വാഹനങ്ങളുടെ പോക്ക് ക്രമീകരിക്കുന്നതിന് ട്രാഫിക് പോലീസിനെ അധികാരപ്പെടുത്തൽ തുടങ്ങി പലതും അതിലുൾപ്പെടുന്നു. മിക്ക സന്ദർഭങ്ങളിലും നിരത്തുകളും പാലങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതും സമൂഹത്തിന്റെ ചുമതലയിൽപ്പെടുന്നു. സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥരും തങ്ങളുടെ വാഹനങ്ങൾ ഓടിക്കാനും ഗതാഗതപ്രവാഹം സുഗമമാക്കാനും പോലീസുകാരേക്കാൾ കൂടുതലായി തങ്ങൾക്ക് അറിയാമെന്ന അവകാശവാദം ഉന്നയിച്ചേക്കാവുന്നവരും ഉൾപ്പെടെ, നിരത്തുകൾ ഉപയോഗപ്പെടുത്തുന്ന എല്ലാവരും സമൂഹത്തിന്റേതായ ഈ ക്രമീകരണങ്ങൾ അംഗീകരിച്ചേ മതിയാകൂ.

7.6 വിദ്യാഭ്യാസത്തെ സംബന്ധിച്ച സമൂഹത്തിന്റെ ചുമതലയും ഇതുപോലെയാണ്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ മാനദണ്ഡങ്ങൾ, വിവിധ തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്ന വിപുലമായ ചട്ടക്കൂട് എന്നിവ സമൂഹം നിശ്ചയിക്കണം; സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും കൂട്ടായ പ്രതിനിധി എന്ന നിലയിൽ ഭരണകൂടം അത് നിർവഹിക്കണം. അതിനാൽ കേരളത്തിലെ സാഹചര്യത്തിൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ (രാഷ്ട്രീയ കക്ഷികളും മതവിഭാഗങ്ങളും) അംഗീകരിക്കേണ്ടതും പാലിക്കേണ്ടതുമായ പൊതുവായ സാമൂഹിക ലക്ഷ്യങ്ങളും വിദ്യാഭ്യാസ തത്ത്വങ്ങളും വ്യക്തമാക്കേണ്ടത് (നേരത്തെ പരാമർശിച്ചതു പോലെ) അതിപ്രധാനമായതാകുന്നു. ഇത് സുഗമമായ കാര്യമല്ല. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം പോലുള്ള അടിസ്ഥാനവശങ്ങളെ സംബന്ധിച്ച് അഭിപ്രായ ഭിന്നതകൾ ഉള്ളതുമാത്രമല്ല ഇതിനു ഹേതു. സമൂഹം പരിവർത്തന വിധേയമാകുന്നതോടെ വിദ്യാഭ്യാസത്തിന്റെ സാമൂഹികലക്ഷ്യങ്ങളും തത്ത്വങ്ങളും മാറുന്നതും ഇതിനു കാരണമാണ്. ജനതയുടെ പ്രതിനിധി എന്ന നിലയിൽ ഭരണകൂടമാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച സാമൂഹിക സമന്വയം രൂപപ്പെടുത്തുകയെന്ന പങ്ക് നിരന്തരം നിർവഹിക്കേണ്ടത്. പ്രായോഗികമായി ഈ ചുമതല അധികവും അർപ്പിതമാകുന്നത് അതാതു കാലത്തെ സർക്കാരിലാണ്. ജനാധിപത്യപരമായ പരിത:സ്ഥിതി കണക്കിലെടുത്ത് വിദ്യാഭ്യാസരംഗത്തെ കാര്യപരിപാടി നിറവേറ്റുമ്പോൾ സർക്കാരിന് വ്യത്യസ്ത അഭിപ്രായഗതികൾ കണക്കിലെടുക്കേണ്ടി വരും. വിദ്യാഭ്യാസഘടനയെയാകെ വിളക്കിച്ചേർക്കുകയും ഉദ്ഗ്രഥിപ്പിക്കുകയും ചെയ്യുന്ന പരിപാടിയുടെ യുക്തി ശ്രദ്ധാപൂർവം ആവിഷ്ക്കരിക്കേണ്ടതുണ്ട്. അറകളായി തിരിക്കുന്ന വീക്ഷണങ്ങളൊന്നിനേയും പ്രാമുഖ്യം നേടാൻ അനുവദിച്ചുകൂടാ. പൊതുനന്മയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ, വ്യത്യസ്ത വീക്ഷണങ്ങളെ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യേണ്ടതുമുണ്ടുതാനും. വിദ്യാഭ്യാസ കൈകാര്യകർത്തൃത്വത്തിന്റെ സ്ഥൂലവശങ്ങളാണ് ഇവയെല്ലാം.

ഒറ്റയൊറ്റ സ്ഥാപനങ്ങളുടെ കൈകാര്യകർത്തൃത്വം

7.7 വിദ്യാഭ്യാസത്തിന്റെ കൈകാര്യകർത്തൃത്വത്തിന് സൂക്ഷ്മ വശവുമുണ്ട്; ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റേയും കൈകാര്യ കർത്തൃത്വവുമായി ബന്ധപ്പെട്ടതാണത്. ഈ രംഗത്തും സാമൂഹികതാത്പര്യങ്ങളുടെ രക്ഷാധികാരി എന്ന നിലയിൽ ഭരണകൂടത്തിന് പ്രത്യേക ചുമതലകളുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ മുഴുവൻ സ്ഥാപനങ്ങളും ഉയർന്ന നിലവാരം പുലർത്തേണ്ടത് സമൂഹത്തിന്റെ താത്പര്യമാണ്. എന്തു കാരണത്താലായാലും ഈ ഉത്തരവാദിത്വത്തെ അവഗണിക്കുവാൻ ഒരു സ്ഥാപനത്തേയും ഭരണകൂടം അനുവദിച്ചുകൂടാ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടവർക്കെല്ലാം ന്യായമായ സേവന വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടത് സമൂഹത്തിന്റെ താത്പര്യമാണ്; പക്ഷേ തങ്ങളുടെ ജീവനക്കാരെ ഇഷ്ടം പോലെ കൈകാര്യം ചെയ്യുവാൻ തങ്ങൾക്ക് സവിശേഷ അവകാശങ്ങളുണ്ടെന്ന് ചില സ്ഥാപനങ്ങൾ വാദിച്ചേക്കാം.

7.8 കാലാകാലങ്ങളിൽ ആവിഷ്കരിക്കപ്പെടുന്ന മൊത്തത്തിലുള്ള സാമൂഹിക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഭ്യന്തര കൈകാര്യകർത്തൃത്വം അതതു സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാം. ഇന്ത്യയുടെ ഇതര ഭാഗങ്ങളിലെന്നപോലെ കേരളത്തിലും 'പൊതു', 'സ്വകാര്യ' സ്ഥാപനങ്ങൾ മുഖേനയാണ് എല്ലാതലങ്ങളിലും വിദ്യാഭ്യാസം നൽകുന്നത്. വ്യത്യസ്ത സാഹചര്യങ്ങളിൽ വിഭിന്നമായ അർത്ഥങ്ങളിലാണ് 'പൊതു' - 'സ്വകാര്യം' എന്നീ പദങ്ങൾ പ്രയോഗിക്കുന്നത്. സാധാരണയായി ഒരു പൊതു വിദ്യാഭ്യാസസ്ഥാപനം സർക്കാർ ഏജൻസികളുടെ കൈകാര്യകർത്തൃത്വത്തിലായിരിക്കും. സ്വകാര്യമെന്നു വിശേഷിപ്പിക്കപ്പെടുന്നവ സർക്കാരിതര ഏജൻസികളുടെ നിയന്ത്രണത്തിലുമാകും. എങ്കിലും ചില സ്ഥലങ്ങളിൽ 'പബ്ലിക് സ്കൂൾ' എന്നു വിളിക്കപ്പെടുന്നത് സ്വകാര്യ (അതായത് സർക്കാരിതര) ഏജൻസിയുടെ കൈകാര്യകർത്തൃത്വത്തിലുള്ളതും പക്ഷേ പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്നതുമായിരിക്കും. ഈ അർത്ഥത്തിൽ കേരളത്തിലെ മിക്ക സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളും 'പബ്ലിക്' ആണ്. ചുരുങ്ങിയ പക്ഷം, ഏതെങ്കിലും പ്രത്യേക മത - സമുദായ വിഭാഗത്തിലൊതുങ്ങാത്തതുകൊണ്ട് ഒരു വിദ്യാലയത്തിലെ വിദ്യാർത്ഥികൾ പൊതുസമൂഹത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ളവരായിരിക്കും. മറ്റൊരർത്ഥത്തിലും 'എയ്ഡഡ്' സ്ഥാപനങ്ങൾ സ്വകാര്യമെങ്കിലും 'പബ്ലിക്' ആണ്; അവയുടെ ധനാഗമമാർഗ്ഗം വലിയൊരളവോളം പൊതുഖജനാവാണ്.

7.9 പൊതുവായതായാലും സ്വകാര്യമായതായാലും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മാനേജീരിയൽ പ്രവർത്തനത്തിന്റെ സ്വഭാവം എന്താണെന്ന് പരിശോധിക്കാം. ഒരു ചെറിയ സ്കൂളിന്റെ കൈകാര്യകർത്തൃത്വവും ഒരു സർവകലാശാലയുടേതും തമ്മിലുള്ള അന്തരം എടുത്തുപറയേണ്ടതില്ലാത്ത വിധം സ്പഷ്ടമാണല്ലോ. എങ്കിലും എല്ലാറ്റിലും തന്നെ അനുപേക്ഷണീയമായ മാനേജീരിയൽ ചുമതല എന്നു വിശേഷിപ്പിക്കാവുന്ന ഒന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒരു സ്ഥാപനത്തിൽ, ഒരു ആർട്സ് ആന്റ് സയൻസ് കോളേജിൽ, ഈ പ്രവർത്തനങ്ങൾ വ്യക്തമായി കാണുന്നതു കൊണ്ട് നമുക്ക് അവിടെ ശ്രദ്ധകേന്ദ്രീകരിക്കാം.

7.10 വിദ്യാർത്ഥികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, രക്ഷാകർത്താക്കൾ, പൊതുജനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾക്ക് അവരവരുടേതായ താത്പര്യവും സമീപനവുമുള്ള ഒരു സംരംഭമാണ് ഒരു വിദ്യാഭ്യാസ സ്ഥാപനമെന്നത് അംഗീകരിക്കേണ്ടതുണ്ട്. ഇത് അനുപേക്ഷണീയമായ മാനേജീരിയൽ ചുമതല എന്തെന്നു ഗ്രഹിക്കുന്നതിന് നിർണായകമാണ്. പ്രസ്തുത സ്ഥാപനം പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസത്തിലാണ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒന്നാമതായും താത്പര്യം. അതിൽത്തന്നേയും അന്തരങ്ങളുണ്ടാകും: തങ്ങൾ പഠിച്ചത് കൈമാറുന്നതിലായിരിക്കും അധ്യാപകർക്ക് കൂടുതൽ താത്പര്യം; വിദ്യാർത്ഥികൾക്കുത്സാഹം പുതിയ വിജ്ഞാനം ആർജ്ജിക്കുന്നതിലുമായിരിക്കും. അല്ലെങ്കിൽ,

വിജ്ഞാനം തേടുന്നതിൽ അധ്യാപകർക്ക് കൂടുതൽ സ്ഥായിയായ താത്പര്യമുണ്ടായിരിക്കും. വിദ്യാർത്ഥികളുടെ ശ്രദ്ധ പരീക്ഷയിൽ നല്ല പ്രകടനം കാഴ്ചവെക്കാനുതകുന്ന വിജ്ഞാനമാർജ്ജിച്ചുകൊണ്ട് ജീവിതത്തിന്റെ പിൽക്കാല ഘട്ടത്തിൽ എന്തു കൈവരിക്കാൻ സാധിക്കുമെന്നതിലായിരിക്കും. തങ്ങൾ സേവിക്കുന്ന സ്ഥാപനം മുഖേന ഉപജീവനമാർഗം കണ്ടെത്തുന്ന അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും പ്രസ്തുത സ്ഥാപനത്തോട് കൂടുതൽ വിധേയത്വമുണ്ടാകും. എന്നാൽ വിദ്യാർത്ഥികൾക്ക്; തങ്ങൾ പരിശീലനം നേടിയ സ്ഥാപനത്തോട് ജീവിതത്തിന്റെ ശിഷ്ടകാലത്ത് വൈകാരികമായ ബന്ധങ്ങൾ ഉണ്ടാകുന്നതായി പൊതുവേ കാണപ്പെടുന്നുവെങ്കിലും പഠനകാലത്ത് അത്തരം പ്രതിബദ്ധതയുണ്ടാകില്ല. അധ്യാപകേതര ജീവനക്കാരുടെ പ്രധാന ഉൽക്കണ്ഠ സേവന വ്യവസ്ഥകളെ സംബന്ധിച്ചതായിരിക്കും: ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം തങ്ങളുടെ പ്രദേശത്തിനേകുന്ന അന്തസ്സിലായിരിക്കും തദ്ദേശീയർക്ക് കൂടുതൽ താത്പര്യം. അനുപേക്ഷണീയമായ മാനേജീരിയൽ ചുമതല എന്നു നാം വിവക്ഷിച്ചത് ഈ വിഭിന്ന വിഭാഗങ്ങളെ ഒത്തൊരുമിപ്പിച്ച് നിർത്തുക എന്നതാണ്. വ്യത്യസ്ത പാർട്ടികളുടെ കൂട്ടുകക്ഷി ഭരണത്തെ ഏകോപിപ്പിക്കുന്നതിന് സദൃശമാണിത്. പഠനം എന്ന പ്രഥമ കടമയോട് ഈ സഖ്യത്തെ പ്രതിജ്ഞാബദ്ധമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ മാനേജീരിയൽ കൃത്യനിർവഹണം എളുപ്പമല്ല, അത് പലപ്പോഴും പ്രയാസകരമായിത്തീരുകയും ചെയ്യാം. ഒരു പരിധിവരെ ഔപചാരികമായ നിയമങ്ങളും ക്രമീകരണങ്ങളും മുഖേനയാണ് അതു കൈവരിക്കുന്നത്. (അധ്യാപകരുടെ അധ്യയനത്തെ സംബന്ധിച്ച നിയമങ്ങൾ, വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടോ എന്നതു പരിശോധിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ മുതലായവ അക്കൂട്ടത്തിൽപ്പെടുന്നു). സ്ഥാപനത്തിന്റെ 'ധാർമികത'ക്ക് സംഭാവനയേകുന്ന അനൗപചാരിക ധാരണകളും ആരോഗ്യകരമായ വ്യവസ്ഥകളും മുഖേന അത് കൈവരിക്കപ്പെടുന്നുണ്ട്.

7.11 മാനേജീരിയൽ ചുമതലകൾക്ക് സ്വതവേ ജീർണ്ണിക്കുന്നതിനുള്ള ഒരു പ്രവണതയുണ്ട്. വിഭിന്ന മാർഗ്ഗങ്ങളിലൂടെ ഇത് സംഭവിക്കുന്നു. ഏറ്റവും പ്രബലവും ഏറ്റവും ഒച്ചവയ്ക്കുന്നതുമായ ഘടകങ്ങളിൽ ഏതെങ്കിലുമൊന്നിനോട് മാനേജ്മെന്റ് താദാത്മ്യം പ്രാപിക്കുന്നതാണ് ഒരുദാഹരണം. മാനേജ്മെന്റ് ഒരു നിക്ഷിപ്ത താത്പര്യമായി മാറുന്നതാണ് രണ്ടാമത്തെ സാധ്യത. തങ്ങൾ കൈകാര്യകർത്തൃത്വം വഹിക്കുന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ച് അത് സ്വന്തമായ നിർവചനം നൽകുകയും, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റെല്ലാ ഘടകങ്ങളേയും അടിച്ചമർത്തുന്നതിന് സ്വന്തം അധികാരം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രക്രിയക്കിടയിൽ പഠനത്തോടും വിജ്ഞാനത്തോടുമുള്ള പ്രതിബദ്ധത സ്പഷ്ടമായും അവഗണിക്കപ്പെടുന്നു. അതൊരു ജീർണ്ണനം മാത്രമല്ല, വൈകൃതവുമാണ്. ഈ വികൃത രൂപത്തിൽ 'മാനേജ്മെന്റ്' എന്നത് പണമുണ്ടാക്കുന്നതിനോ ഏതെങ്കിലും പ്രത്യേക 'സമുദായ' താത്പര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനോ, എന്തെങ്കിലും പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിനോ ഉള്ള ഏജൻസിയായി മാറുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെയൊഴിച്ച് മറ്റെന്തിനേയും സേവിക്കുന്ന ഒന്നാകും അത്.

7.12 'മാനേജ്മെന്റ്' ആയി ജീർണ്ണിക്കാനനുവദിക്കാതെ കൈകാര്യകർത്തൃത്വം എന്ന ചുമതല എങ്ങനെ നിറവേറ്റാമെന്നതാണ് നിർണ്ണായകവശം. അതിന് ആഭ്യന്തരവും ബാഹ്യവുമായ ഘടകങ്ങളുണ്ട്. ആഭ്യന്തരഘടകം കൈകാര്യകർത്തൃത്വമെന്ന ചുമതലയുടെ ജനാധിപത്യവത്കരണമാണ്. ജനാധിപത്യമെന്നതിന് സംഖ്യാബലത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളിലെത്തിച്ചേരുക എന്ന് ഇവിടെ വിവക്ഷയില്ല. ശ്രദ്ധാപൂർവമായ പരിചിന്തനത്തിന് വിധേയമായതും, സുതാര്യവുമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേക്കും അവ നടപ്പിലാക്കുന്നതിലേക്കും നയിക്കുന്ന, വിപുലമായ അടിത്തറയോടുകൂടിയ, പര്യാലോചനാപ്രക്രിയ ഉറപ്പു വരുത്തുക എന്നാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങളുടെ സാധുവായ താത്പര്യങ്ങൾ അംഗീകരിക്കപ്പെടുകയും നിറവേററപ്പെടുകയും ചെയ്യുന്നുവെന്ന് ഓരോ ഘടകത്തിനും ബോധ്യപ്പെടണം. തർക്കപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ

ഘടകങ്ങളും ഉൾപ്പെടുന്ന, യഥാർത്ഥത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ള ഒരു സമിതി രൂപീകരിക്കപ്പെടണം. വിദ്യാഭ്യാസത്തിന്റെ എല്ലാ ആഭ്യന്തര ഘടകങ്ങളുടേയും പ്രവർത്തനം കാലികമായി മൂല്യനിർണയത്തിന് വിധേയമാക്കുകയും ചെയ്യണം.

7.13 മാനേജീരിയൽ ചുമതല നിർവഹിക്കപ്പെടുന്നതിനുള്ള ബാഹ്യഘടകം വിദ്യാഭ്യാസത്തിലെ സാമൂഹികമാനം സാക്ഷാത്ക്കരിക്കപ്പെടുക എന്നതാണ്. സ്ഥാപനത്തിന്റെ ആഭ്യന്തര സ്വയംഭരണാധികാരത്തിന്മേൽ മേധാവിത്വം സ്ഥാപിക്കുന്നതിനുള്ള യാതൊരാഗ്രഹവും കൂടാതെയുള്ള വിദ്യാഭ്യാസരംഗത്തെ ഉദ്ബുദ്ധമായ സാമൂഹിക പങ്കാളിത്തത്തെ, ആഭ്യന്തര ഘടകങ്ങളുടെ കാഴ്ചപ്പാട് വിപുലീകരിക്കുന്നതിനും, സാമൂഹികാഭിലാഷങ്ങളോടും ആവശ്യങ്ങളോടും പ്രതികരിക്കുന്ന വിധത്തിലാക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.

7.14 മാനേജീരിയൽ ചുമതലയുടെ ഒരു പ്രധാന വശം, ധനം സ്വരൂപിക്കുകയും അത് അനുയോജ്യമായ വിധത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന് തീരുമാനമെടുക്കുക എന്നതാണ്. ബാഹ്യവും ആഭ്യന്തരവുമായ ഘടകങ്ങളെ കൂട്ടിയിണക്കുന്ന ഒരു കർത്തവ്യമാണത്. തങ്ങൾ ഇടപെടുന്ന സ്ഥാപനങ്ങളുടെ ധനപരമായ ആവശ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളും ജനങ്ങൾ പൊതുവേയും ഉദ്ബുദ്ധരാവുക എന്നത് ആരോഗ്യകരമായ നടപടിക്രമമാണ്. ധനം സമാഹരിക്കുന്നതിന് അല്പം ഉത്തരവാദിത്വം അവരും ഏറ്റെടുക്കേണ്ടതുണ്ട്. സമൂഹത്തിലെ ഇതര ഘടകങ്ങൾ തങ്ങളുടെ ഉദ്യമങ്ങൾ എത്രത്തോളം സാക്ഷാത്കരിക്കുന്നുവെന്നത് ആഭ്യന്തര ഘടകങ്ങൾ തിരിച്ചറിയേണ്ടതുമുണ്ട്.

7.15 സ്ഥാപനത്തിന്റെ അധിപതിക്ക് (ഹെഡ്മാസ്റ്ററോ പ്രിൻസിപ്പളോ) മാനേജീരിയൽ ചുമതല വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നതിൽ നിർണായകമായ പങ്കു വഹിക്കാനുണ്ട്. തൽസ്ഥാനത്തേക്കുള്ള വ്യക്തിയെ തെരഞ്ഞെടുക്കുന്നത് പ്രത്യേക ശ്രദ്ധയോടെയാവണം. ചുരുങ്ങിയത് രണ്ടു ദശകക്കാലമെങ്കിലും അധ്യാപനവൃത്തിയിൽ അനുഭവജ്ഞാനമുള്ള വ്യക്തിയാവണം അത്. ഒരു വകുപ്പു മേധാവിയെന്ന നിലയിലോ മറ്റോ ഭരണപരമായ പരിചയ സമ്പത്തുണ്ടാകുന്നതും ഉചിതമായിരിക്കും. ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും സേവനകാലാവധി ബാക്കിയുണ്ടാവുകയും വേണം. ആഭ്യന്തര ഘടകങ്ങളെ ഒത്തൊരുമിപ്പിക്കുവാനും അവരേയും പൊതുവിൽ ജനങ്ങളെയാകെയും തമ്മിൽ ബന്ധപ്പെടുത്തുവാനുമുള്ള ശേഷി അദ്ദേഹത്തിന് ഉണ്ടായിരിക്കണം.

7.16 മുകളിൽ വിവരിച്ച മാനേജീരിയൽ ചുമതലയുടെ സ്വഭാവവും 'മാനേജ്മെന്റ്' എന്ന നിലയിൽ ജീർണിക്കുന്നതിനുള്ള സാധ്യതയും സർക്കാർ നിയന്ത്രണത്തിലുള്ളതും സ്വകാര്യ ഏജൻസിയുടെ നിയന്ത്രണത്തിലുള്ളതുമായ സ്ഥാപനങ്ങളിൽ പൊതുവേ കാണാവുന്നതാണ്. ജീർണ്ണിക്കൽ സദൃശമായിക്കൊള്ളണമെന്നില്ല. 'മാനേജ്മെന്റി'ന്റെ രാഷ്ട്രീയ സ്വാധീനം വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വകാര്യ ഏജൻസികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയേക്കും. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലാവട്ടെ അന്നന്നു ഭരണത്തിലുള്ള രാഷ്ട്രീയകക്ഷികളുടെ പ്രത്യയശാസ്ത്രവും സ്വാധീനവും ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഉണ്ടായേക്കും. സ്വകാര്യ സ്ഥാപനങ്ങളിലായാലും പൊതുമേഖലാ സ്ഥാപനങ്ങളിലായാലും സംഭവിക്കുന്ന അത്തരം വൈകൃതങ്ങളെ തുറന്നുകാട്ടുകയും എതിർക്കുകയും ചെയ്യുക എന്നതാണ് ജനാധിപത്യപരമായ കടമ. ഈ നിലപാടും, വിദ്യാഭ്യാസത്തിൽ ഭരണകൂടത്തിന് നിർണായക പങ്കുണ്ടായിരിക്കണമെന്ന നാം നിരന്തരം ഉയർത്തിപ്പിടിച്ച നിലപാടും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ല. സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിലുള്ള ഭരണകൂടത്തേയും അന്നന്നു ഭരിക്കുന്ന സർക്കാർ എന്ന നിലയിലുള്ള ഭരണകൂടത്തേയും, തമ്മിൽ വേർതിരിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ് നാം ചെയ്തത്. ഭരണകൂടത്തിന്റെ പ്രവർത്തനവിഭാഗമെന്ന നിലയിലുള്ളതാണെങ്കിലും, സർക്കാർ, അതിനെ അധികാരത്തിലേറ്റുന്നതിന് പിന്തുണ നൽകിയ സമൂഹത്തിലെ പ്രത്യേക വിഭാഗങ്ങളുടെ

താത്പര്യങ്ങളെയായിരിക്കും കൂടുതലായി പരിരക്ഷിക്കുക. വിദ്യാഭ്യാസത്തിൽ ഭരണകൂടത്തിന്റെ പങ്ക് വിപുലീകരിക്കുകയും നിശിതമാക്കുകയും ചെയ്യുക എന്നതാണ് ജനാധിപത്യപരമായ കടമ. അന്നന്നത്തെ സർക്കാരിന് പിന്തുണ നൽകുന്നതിനെ സംബന്ധിച്ചിടത്തോളം വിമർശനാത്മകമാവുകയും വേണം. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ചുമതല നിർവഹിക്കുന്നത് ഭരണകൂടമല്ല അന്നന്നത്തെ സർക്കാരാണ് എന്നത് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. അതാതു കാലത്തെ ഭരിക്കുന്ന സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങളും രീതികളും സ്വാഭാവികമായി പിന്തുണയ്ക്കപ്പെടേണ്ടതാണെങ്കിൽ പോലും അവ പക്ഷപാതപരമാണെങ്കിൽ എതിർക്കപ്പെടേണ്ടതുമുണ്ട്. നാം കൈക്കൊള്ളുന്ന നിലപാടും നാം ശുപാർശ ചെയ്യുന്നതും സംബന്ധമായി കൂടുതൽ വ്യക്തമായ ധാരണ ലഭിക്കുന്നതിന് ഗതാഗതവുമായുള്ള ഉപമയിലേക്ക് തിരിച്ചുപോകാം. ഗതാഗതത്തിൽ അനുപേക്ഷണീയമായ സർക്കാരിന്റെ പങ്ക് അംഗീകരിക്കുക എന്നതിനർത്ഥം എല്ലാ വാഹനങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലും അതിന്റെ പ്രവർത്തന സംവിധാനത്തിലും ഉൾപ്പെടണം എന്നല്ല. ഗതാഗതത്തിന്റെ എല്ലാ വശങ്ങളും പൊതു അധികാരസ്ഥാനങ്ങൾ നിറവേറ്റേണ്ടതുമില്ല. ശരിയായ ഗതാഗത സംവിധാനം പ്രവർത്തിക്കുവാൻ ട്രാഫിക് പോലീസിന്റെ അധികാരം കൂടാതെ സാധ്യമല്ല. ട്രാഫിക് പോലീസുകാരന്റെ അശ്രദ്ധയോ പക്ഷപാതിത്വമോ തുറന്നുകാട്ടേണ്ട സന്ദർഭങ്ങളുമുണ്ടാകാമെന്നിരിക്കിലും.

ഏജൻസികളുടെ ബഹുത്വം

7.17 കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള വിവിധ ഏജൻസികളുടെ പങ്ക് ഈ പശ്ചാത്തലത്തിൽ അവലോകനം ചെയ്യാവുന്നതാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചരിത്രം തെളിയിക്കുന്നത് വിവിധ കാലഘട്ടങ്ങളിൽ പാശ്ചാത്യ മിഷണറിമാരും നാടുവാഴികളായ മഹാരാജാക്കന്മാരും സാമൂഹിക പരിഷ്ക്കർത്താക്കളും മത സംഘടനകളും വിപുലമായ അടിത്തറയോടുകൂടിയ ജനകീയ പ്രസ്ഥാനങ്ങളും വിദ്യാഭ്യാസത്തിന്റെ പ്രചാരകരാവുകയും വിവിധ തലങ്ങളിലായി വിവിധ തരത്തിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. സംസ്ഥാനത്ത് വിദ്യാഭ്യാസ സമ്പ്രദായം കെട്ടിപ്പടുക്കുന്നതിനും സാക്ഷരതയിലും വിദ്യാഭ്യാസത്തിന്റെ മറ്റനേകം വശങ്ങളിലും ഇന്ത്യൻ യൂണിയനിലെ ഇതര സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും വികസിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും അവരെല്ലാം തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. എങ്കിലും വിദ്യാഭ്യാസ രംഗത്ത് വിവിധ ഏജൻസികളുടെ മാനേജ്മെന്റ് രീതികൾ എല്ലായ്പ്പോഴും അഭിലഷണീയമായ വിധത്തിലായിരുന്നില്ല. ജീർണ്ണിക്കുന്നതിനുള്ള പ്രവണതയിൽ നിന്ന് ഒരേജൻസിയും വിമുക്തവുമായിരുന്നില്ല.

7.18 ഭാവിയിലേക്കുള്ള നയം എന്തായിരിക്കണം? വിദ്യാഭ്യാസ രംഗത്തെ ഏജൻസികളുടെ ബഹുത്വം തുടരേണ്ടതുണ്ടോ അതോ ഉടനെയല്ലെങ്കിൽ വൈകാതെ ഒരു നിശ്ചിത സമയത്തിനകം പടിപടിയായി അവയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കേണ്ടതുണ്ടോ? ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ സുചിന്തിതമായ തീരുമാനം, സ്ഥൂലതലത്തിൽ വിദ്യാഭ്യാസത്തിന്റെ കൈകാര്യകർത്തൃത്വത്തെ സംബന്ധിച്ചിടത്തോളം, മുകളിൽ സൂചിതമായ വിധത്തിൽ മൊത്തത്തിലുള്ള സാമൂഹിക നിരീക്ഷണത്തിനും ക്രമീകരണത്തിനും വിധേയമാവുകയാണെങ്കിൽ, കൈകാര്യകർത്തൃത്വമെന്ന ചുമതല നിറവേറ്റുന്നതിലെ നാനാത്വവും ബഹുത്വവും അനുവദനീയമാണെന്നു മാത്രമല്ല, ആശാസ്യവുമാണ് എന്നാണ്. ഉന്നതതലങ്ങളിൽ, വിശേഷിച്ചും കൊളീജിയറ്റ് തലത്തിലും അതിനു മുകളിലും, ഓരോ സ്ഥാപനത്തിനും കൈകാര്യകർത്തൃത്വത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തരമായ സ്വയംഭരണാധികാരം ഉണ്ടായിരിക്കുകയാണ് ഉത്തമമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. പൊതുവേ അംഗീകരിക്കപ്പെട്ട അക്കാദമികപരവും സാമൂഹികവുമായ മാനദണ്ഡത്തിന് വിധേയമായിരിക്കണം അതെന്നു മാത്രം.

7.19 കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവേ മനസ്സിലാക്കുന്ന രീതിയിൽ 'പബ്ലിക്', 'പ്രൈവറ്റ്' എന്നീ പദങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതു - സ്വകാര്യ മാനേജ്മെന്റുകളുടെ സ്വഭാവം നമുക്ക് ആദ്യം പരിശോധനാ വിധേയമാക്കാം.

7.20 ഏറ്റവും താഴ്ന്ന തലമായ പ്രാഥമിക വിദ്യാഭ്യാസത്തിൽ സ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ ചുമതല വർദ്ധമാനമായും പൊതു അധികാരത്തിൻ കീഴിലായിരിക്കും. ഇതിന്റെ പ്രധാന ഹേതു മുഴുവൻ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസത്തിന് അവസരവും ഉപാധികളും ഉറപ്പു വരുത്തുക എന്ന ചുമതല പൊതുവേ സമൂഹത്തിനായതാണ് . അതിനുംപുറമേ പ്രൈമറി വിദ്യാഭ്യാസത്തിലേക്കു കൂടുതലായി കടന്നുചെല്ലുന്നത് പ്രയോജനകരമായി സ്വകാര്യ ഏജൻസികൾ കണക്കാക്കാനിടയുമില്ല. സ്വകാര്യ ഏജൻസികളാണ് മുൻകാലങ്ങളിൽ 'മിഷനറി' മനോഭാവത്തോടെ പ്രാഥമിക വിദ്യാഭ്യാസം പ്രദാനം ചെയ്തിരുന്നത് എന്നത് അവഗണിച്ചുകൊണ്ടല്ല ഇതു പറയുന്നത്. മിക്കപ്പോഴും സ്ഥലത്തിനും കെട്ടിടത്തിനും മറ്റു പ്രധാന ചെലവുകൾക്കും അതാതിടത്തെ ജനസമൂഹങ്ങളെ രംഗത്തിറക്കുകയായിരുന്നു ഈ ഏജൻസികളെന്നതും ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്. തുച്ഛമായ ശമ്പളം പറ്റിക്കൊണ്ട് സ്ഥലത്തെ അധ്യാപകരും തങ്ങളുടെ സേവനമർപ്പിച്ചു. സ്ഥിതിഗതികൾ അങ്ങേയറ്റം മാറിയിരിക്കുന്നു. ഇനിയങ്ങോട്ട് പ്രാഥമിക വിദ്യാഭ്യാസം പൊതു ഏജൻസികളുടെ പ്രധാന ചുമതലയിലായിരിക്കും. കനത്ത ഫീസീടാക്കുകയും മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്ന, വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട സ്വകാര്യ സ്ഥാപനങ്ങൾ കുറച്ചു കാലത്തേക്ക് അങ്ങിങ്ങായി കാണാമെങ്കിലും, പൊതുവേ, ഭാവിയിൽ പ്രാഥമിക വിദ്യാലയങ്ങൾ പഞ്ചായത്ത് സമിതികൾ ആവിഷ്കരിക്കുന്ന പൊതുവായ മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതുണ്ട്. ധർമ്മസ്ഥാപനങ്ങളുടെ വകയായ സ്കൂളുകൾ പോലും അതാതു പ്രദേശത്തെ ജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന ചട്ടങ്ങൾ അംഗീകരിക്കേണ്ടതായി വരും.

7.21 വൊക്കേഷണൽ സ്കൂളുകളെ സംബന്ധിച്ചിടത്തോളവും ഇതുതന്നെ പറയുവാൻ സാധിക്കും. പ്രാദേശികാവശ്യങ്ങളും വിഭവങ്ങളുമായി അവ അടുത്തു ബന്ധപ്പെട്ടിരിക്കും. അതിനാൽ പ്രാദേശിക ജനസമൂഹത്തിന് സക്രിയമായ പങ്കു വഹിക്കാൻ കഴിയും.

7.22 സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉന്നത തലങ്ങളിൽ, പ്രാദേശിക ബന്ധങ്ങൾ പ്രസക്തമായിരിക്കുമെങ്കിലും, സംസ്ഥാനത്തെയാകെ കണക്കിലെടുത്തുകൊണ്ടുള്ള കൂടുതൽ പൊതുവായ പാഠ്യപദ്ധതി ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. പൊതു അധികാര സ്ഥാപനങ്ങളുടേയോ സ്വകാര്യ ഏജൻസികളുടേയോ നിയന്ത്രണത്തിലുള്ളത് എന്ന ഭേദമില്ലാതെ സ്റ്റേറ്റ് ബോർഡിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും - എസ്.എസ്.എൽ.സി പരീക്ഷവരെ ഒരു പൊതു പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. അതിനാൽ സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ രൂപപരിണാമമാണ് മാനേജീരിയൽ ഘടനയിലുള്ള വ്യത്യാസം പൊതുവേ പ്രതിഫലിപ്പിക്കുന്നത്. സി ബി എസ് ഇ പോലുള്ള അഖിലേന്ത്യാ സമിതികളുടെ അംഗീകാരമുള്ളതും മിക്കവാറും സ്വകാര്യ ഏജൻസികളുടെ നിയന്ത്രണത്തിലുള്ളതുമായ സ്കൂളുകളാണ് ഇതിന് അപവാദം.

7.23 കൊളീജിയറ്റ് തലത്തിലും ടെക്നിക്കൽ - പ്രൊഫഷണൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളവും ഓരോ സ്ഥാപനത്തിനും പരമാവധി അക്കാദമിക സ്വയംഭരണാധികാരത്തിലേക്ക് നീങ്ങാനാവുക എന്നതായിരിക്കണം തത്ത്വം. സർവകലാശാല പോലുള്ള ഉന്നത സമിതികൾ ആവിഷ്കരിക്കുന്ന പൊതുവായ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കണം ഇത്.

7.24 മൂല്യനിർണ്ണയത്തിന് പര്യാപ്തമായ ക്രമീകരണങ്ങൾ, സംവിധാനങ്ങൾ ഏർപ്പെടുത്തുക, പഠിപ്പിക്കേണ്ട ഓരോ കോഴ്സിന്റേയും ഉള്ളടക്കം വിശദമായി ആവിഷ്കരിക്കുക തുടങ്ങിയവ ആവശ്യപ്പെടുന്ന ഇത്തരം

സ്വയംഭരണാധികാരത്തെ എല്ലാ സ്ഥാപനങ്ങളും ഉടൻ തന്നെ സ്വീകരിക്കുവാൻ സന്നദ്ധമാകണമെന്നില്ല. ഇപ്പോൾ നിലവിലുള്ള സർവകലാശാലയുമായുള്ള അഫിലിയേഷൻ രീതി പ്രകാരം തന്നെ ബാഹ്യ ഏജൻസികൾ ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളണമെന്നാണ് അവയിൽ മിക്കവയും ആഗ്രഹിക്കുക. അധ്യാപകർക്ക് യോഗ്യതയും പ്രതിബദ്ധതയും ഉള്ളിടങ്ങളിലെല്ലാം ആഭ്യന്തരമായ അക്കാദമിക് സ്വയംഭരണാധികാരം അനുവദിക്കാവുന്നതാണ്. സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ-പ്രൊഫഷണൽ വിദ്യാഭ്യാസ വകുപ്പുകൾക്ക് കീഴിലുള്ളവയ്ക്കും അതുപോലെ സ്വകാര്യ ഏജൻസികളുടെ കൈകാര്യകർത്തൃത്വത്തിലുള്ളതുമായ സ്ഥാപനങ്ങൾക്കും ഇതു ബാധകമാണ്. വൈജ്ഞാനിക മണ്ഡലത്തിൽ അതിദ്രുതം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒത്തുപോകാൻ സാധിക്കുന്നതിനുള്ള ഏക മാർഗ്ഗം ഇതാണ്. ബാഹ്യ ഏജൻസികളുടെ മേധാവിത്വത്തിൻ കീഴിലുള്ളതും വിദൂര നിയന്ത്രണങ്ങൾക്ക് വിധേയമായതുമായ സംവിധാനത്തിന് അയവാർന്ന സ്വഭാവമോ പുതിയ കണ്ടെത്തലുകൾക്കുള്ള സ്വാതന്ത്ര്യമോ ഉണ്ടായിരിക്കുകയില്ല. അതേ സമയം അധ്യാപകർ തങ്ങളുടെ വിഷയങ്ങളിലെ പരിവർത്തനങ്ങൾ ഉൾക്കൊള്ളാൻ സജ്ജരായില്ലെങ്കിൽ സ്വയംഭരണാധികാരത്തിനു കീഴിൽ നിലവാരമിടിയുകയും ചെയ്യും. അക്കാദമികവും സ്ഥാപനപരവുമായ വ്യവഹാരങ്ങളുടെ അടിത്തറ സുതാര്യവും ന്യായവുമായില്ലെങ്കിൽ ഏകപക്ഷീയതയും കള്ളക്കളികളും നടമാടുകയും ചെയ്യും.

7.25 സർവകലാശാലകളുടെ ഭരണപരവും നടത്തിപ്പുപരവുമായ വശങ്ങൾ മൊത്തം അഴിച്ചുപണിക്ക് വിധേയമാക്കേണ്ടതുണ്ട്. താഴെ പറയുന്ന മാററങ്ങൾ പരിഗണിക്കാവുന്നതാണ് : (എ) ഓരോ വകുപ്പിനും ഇപ്പോഴത്തേതിലും കൂടുതലായി അക്കാദമികപരവും ധനപരവുമായ സ്വയംഭരണാധികാരം നൽകാം. (ബി) ഓരോ വകുപ്പിൽ നിന്നും ഒരു പ്രതിനിധി വീതമടങ്ങുന്ന ഫാക്കൽറ്റി കമ്മിറ്റി രൂപീകരിക്കപ്പെടും. മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ട ഈ സമിതി പതിവു നടപടികളെല്ലാം കൈകാര്യം ചെയ്യണം. ഫാക്കൽറ്റി, ഡീൻ സമിതിയുടെ അധ്യക്ഷത വഹിക്കുകയും ചെയ്യും. (സി) പൊതുവായ അക്കാദമിക പ്രശ്നങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസ് ശ്രദ്ധിക്കും. പുറത്തു നിന്നുള്ള വിദഗ്ദ്ധരെ അംഗങ്ങളെന്ന നിലയിൽ ഔപചാരികമായി ഉൾപ്പെടുത്തണം. (ഡി) അക്കാദമിക് വിഷയങ്ങളിൽ എല്ലാ തീരുമാനങ്ങളും കൈക്കൊള്ളേണ്ടത് അക്കാദമിക് കൗൺസിലായിരിക്കണം. പുറത്തു നിന്നുളള വിദഗ്ദ്ധർക്കൊപ്പം എല്ലാ വകുപ്പുകളിൽ നിന്നുമുള്ള പ്രാതിനിധ്യവും അതിൽ ഉണ്ടാകണം. (ഇ) സിൻഡിക്കേറ്റും സെനറ്റും ഭരണപരമായ കാര്യങ്ങൾ മാത്രമേ കൈകാര്യം ചെയ്യേണ്ടതുള്ളൂ. അക്കാദമിക് കൗൺസിൽ തീരുമാനങ്ങൾ ഈ സമിതികളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെങ്കിലും അറിയിക്കുന്ന ഒരു തീരുമാനവും നിരാകരിക്കാനുള്ള അധികാരം അവയ്ക്ക് ഉണ്ടായിരിക്കരുത്. ചില തീരുമാനങ്ങൾ രണ്ടാമതും പരിശോധിക്കണമെന്ന് അക്കാദമിക് കൗൺസിലിനോട് അപേക്ഷിക്കാൻ മാത്രമേ സിൻഡിക്കേറ്റിനും സെനറ്റിനും പരമാവധി അധികാരമുണ്ടാകാവൂ.

7.26 സമൂഹം പൊതുവായി നിർണയിക്കുന്ന ലക്ഷ്യങ്ങളുടേതും മുൻഗണനകളുടേതുമായ വിപുലമായ മാനദണ്ഡത്തിൻ കീഴിൽ വികേന്ദ്രീകരണം, ഉദ്യോഗസ്ഥ മേധാവിത്വത്തിന് അറുതി വരുത്തൽ, സ്വയംഭരണാധികാരം എന്നിവ ആയിരിക്കണം വിദ്യാഭ്യാസ മാനേജ്മെന്റിന്റെ മാർഗ്ഗനിർദ്ദേശക തത്ത്വങ്ങൾ. അന്വേഷണ സ്വാതന്ത്ര്യം ഉറപ്പു വരുത്തുകയും വിദ്യാഭ്യാസപ്രക്രിയ ആവേശകരമാക്കുകയും ചെയ്യുക എന്നതായിരിക്കണം മാനേജ്മെന്റിന്റെ ലക്ഷ്യങ്ങൾ. അതിനാൽ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും അക്കാദമിക് ഘടകത്തിന്, വിശേഷിച്ചും അധ്യാപകർക്ക്, വിദ്യാഭ്യാസ മാനേജ്മെന്റിൽ നിർണായക പങ്കുണ്ടായിരിക്കണം. വിദ്യാർത്ഥികളുടെ നന്മക്കായാണ് വിദ്യാഭ്യാസ സംവിധാനം നിലകൊള്ളുന്നത്; അന്തിമ വിശകലനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം അവരാണെന്നത് ഓർത്തിരിക്കണം. അക്കാദമികേതര ഉദ്യോഗസ്ഥരുടെ സേവനങ്ങളെക്കൂടി ആശ്രയിച്ചാണ് വിദ്യാഭ്യാസസംവിധാനം പ്രവർത്തിക്കുന്നത് എന്ന കാര്യം അംഗീകരിക്കേണ്ടതും അത്രതന്നെ പ്രധാനമാണ്. വിദ്യാഭ്യാസ

സംവിധാനം സുഗമമായി പ്രവർത്തിക്കുന്നതിന് അവരുടെ വൈദഗ്ദ്ധ്യവും അർപ്പണബോധത്തോടെയുള്ള സേവനവും ആവശ്യമാണ്. അവരോടുള്ള മെച്ചപ്പെട്ട സമീപനവും വിദ്യാഭ്യാസ മാനേജ്മെന്റിന്റെ സുപ്രധാന ഘടകമാകണം.

ന്യൂനപക്ഷ സ്ഥാപനങ്ങൾ

7.27 കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ മാനേജ്മെന്റിന് പ്രത്യേക പ്രാധാന്യമുള്ള രണ്ടു വശങ്ങളിലേക്ക് ഇനി കടക്കാം. ഇവയിലൊന്ന് പഴയതാണെങ്കിൽ മറ്റേത് താരതമ്യേന പുതിയതാണ്. മതന്യൂനപക്ഷങ്ങളുടെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സ്വാശ്രയസ്ഥാപനങ്ങളേയുമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഇവ രണ്ടിനേയും ചൊല്ലി പൊരിഞ്ഞ വിവാദങ്ങൾ പലപ്പോഴും നടക്കുന്നു. നാം ഇതിനകം ചൂണ്ടിക്കാട്ടിയ വിപുലമായ സാമൂഹിക പരിഗണനകളുടെ അടിസ്ഥാനത്തിൽ നിഷ്പക്ഷമായി അവയെ സമീപിക്കാം.

7.28 ഇപ്പോൾ ന്യൂനപക്ഷാവകാശങ്ങളെ ചൊല്ലി വാദമുന്നയിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലെ ഏറ്റവും പഴക്കം ചെന്നവയും മികച്ചവയുമാണ്. മിഷനറിമാർ ആരംഭിച്ചതും വിവിധ ക്രൈസ്തവസഭകൾ നടത്തിക്കൊണ്ടിരിക്കുന്നവയുമാണവ. ക്രൈസ്തവർ സ്ഥാപിച്ചവയെപ്പോലെ പഴക്കം ചെന്നവയല്ലെങ്കിലും പല മുസ്ലീം വിദ്യാഭ്യാസസ്ഥാപനങ്ങളും പഠനകേന്ദ്രങ്ങളെന്ന നിലയിൽ പ്രശസ്തങ്ങളാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിലായി ഈ സ്ഥാപനങ്ങളുടെ പദവി ഇടിഞ്ഞിട്ടുണ്ടെന്നതും അത്രതന്നെ വാസ്തവമാണ്. കൂടുതൽ പുതിയതായ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ - അപൂർവം അപവാദങ്ങളൊഴികെ - അക്കാദമികമായി മുൻ കാലങ്ങളിലുണ്ടായവയെപ്പോലെ യശസ്സുറ്റവയല്ല. മുൻകാലങ്ങളിലേതു പോലെ പൊതുജനങ്ങളുടെ ആദരവും അവയ്ക്കില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംഖ്യ അതിദ്രുതം വർദ്ധിച്ചത് മൊത്തത്തിലുളള ഗുണനിലവാരത്തകർച്ചയ്ക്ക് ഭാഗിക കാരണമാകാം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശമ്പളം നൽകേണ്ട ചുമതല ഗവൺമെന്റേറ്റെടുക്കുകയും അക്കാദമിക് - അക്കാദമികേതര ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അവകാശം മാനേജ്മെന്റിന് വിട്ടുകൊടുക്കുകയും ചെയ്തുകൊണ്ട് 1972ൽ ഉണ്ടാക്കിയ ഒത്തുതീർപ്പും ന്യൂനപക്ഷ സ്ഥാപനങ്ങളുടെ സ്വഭാവത്തെ ബാധിച്ചു. പല ന്യൂനപക്ഷസ്ഥാപനങ്ങളും പലപ്പോഴും അക്കാദമിക് നിലവാരം അവഗണിച്ചുകൊണ്ട് 'സ്വന്തം' ആളുകൾക്ക് നിയമനം നൽകുവാൻ ഈ അവകാശം ഉപയോഗപ്പെടുത്തി. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് അനാരോഗ്യകരമായ സാമുദായികവത്കരണത്തിലേക്ക് ഇതു നയിച്ചു. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ നേതാക്കൾ പോലും അംഗീകരിക്കുന്നതാണ് ഈ വസ്തുത. മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നുള്ള ഏകപക്ഷീയതയ്ക്കും സ്റ്റാഫിന്റെ സാധുവായ ജനാധിപത്യാവകാശങ്ങൾ അടിച്ചമർത്തുന്നതിനുള്ള മറയെന്ന നിലയിൽ ന്യൂനപക്ഷാവകാശ വാദങ്ങൾ ഉന്നയിക്കുന്നതിന്റേയും ഉദാഹരണങ്ങൾ വിരളമല്ല. ചുരുക്കത്തിൽ ചില ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നല്ലതും മാതൃകാപരവും ആണെങ്കിൽ മറ്റു ചിലതാകട്ടെ മോശവും അഴിമതി നിറഞ്ഞതുമാണ്. ഈ അർത്ഥത്തിൽ അവ ഇതര സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നോ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ളവയിൽ നിന്നോ ഒട്ടും ഭിന്നമല്ല.

7.29 വിദ്യാഭ്യാസ രംഗത്തെ ന്യൂനപക്ഷാവകാശങ്ങളിൽ പലതും ഇപ്പോഴും കോടതിയുടെ പരിഗണനയിലാകയാൽ ഭരണഘടനാപരമായ വശങ്ങളുടെ പരിശോധനക്ക് ഇവിടെ തുനിയുന്നില്ല. ഇപ്പോൾ ന്യൂനപക്ഷാവകാശ വാദങ്ങൾ ഉന്നയിക്കുന്ന സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന് സുപ്രധാന സംഭാവനകളർപ്പിച്ചുവെന്നും, ഇപ്പോഴും അവയുടെ സംഭാവനകൾ ഗണനീയമാണെന്നതും ഞങ്ങൾ ആവർത്തിച്ചു പറയുന്നു. ഒരു ജനാധിപത്യവ്യവസ്ഥയിൽ

വിദ്യാഭ്യാസരംഗത്തോട് ബഹുത്വമാർന്ന സമീപനം ഉണ്ടായിരിക്കുമെന്നതിനാൽ ഭാവിയിലും അവ സുപ്രധാന പങ്ക് തുടരും. ഈ പരിത:സ്ഥിതിയിൽ ന്യൂനപക്ഷ സ്ഥാപനങ്ങളെ അന്യമെന്നു കണക്കാക്കി പെരുമാറുന്നത് അനാവശ്യമായ കുഴപ്പങ്ങൾ ക്ഷണിച്ചു വരുത്തലായിരിക്കും. തങ്ങൾക്കെതിരേ വിവേചനമുണ്ടെന്നു തോന്നിയാൽ അവ തങ്ങളുടെ പക്കലുള്ള വിപുലമായ വിഭവശേഷി നിലവിലുളള വഴക്കങ്ങൾക്കനുസരിച്ച് വിനിയോഗിക്കാതാകും. സംസ്ഥാനത്തെ വിദ്യാഭ്യാസ പുരോഗതിക്ക് അതു സഹായകമാകുകയില്ല. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രത്യേകതകൾ പരിഗണിക്കുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. ന്യൂനപക്ഷങ്ങൾ നടത്തുന്ന നിരവധി സ്കൂളുകൾ മതപരമോ, പ്രത്യേക വിധത്തിലുള്ള സദാചാരപരമോ ആയ പാഠങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നു. ഇതര വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന വിദ്യാർത്ഥികൾക്കുമേൽ അവ അടിച്ചേല്പിക്കാതിരിക്കുകയും, പൊതുവായ പാഠ്യപദ്ധതിക്ക് വിഘാതമാകാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം അത്തരം കോഴ്സുകൾ തുടരാൻ അനുവദിക്കാവുന്നതാണ്. സ്വകാര്യ മേഖലയിലെ മറ്റു സ്ഥാപനങ്ങൾക്കൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ വിഭവസമാഹരണം നടത്തുന്നതിന് ന്യൂനപക്ഷങ്ങൾക്ക് സാധിക്കുവാൻ ഇതാവശ്യമാണ്. ഇക്കാര്യം നമുക്ക് പിന്നീട് പരിഗണിക്കാം.

7.30 ഈ സ്ഥാപനങ്ങളെ 'കയറൂരി വിടണ'മെന്നല്ല ഈ ശുപാർശക്കർത്ഥം. സമൂഹത്തിന്റെ വിപുലമായ ലക്ഷ്യങ്ങളുടേയും തത്ത്വങ്ങളുടേയും വിദ്യാഭ്യാസ നടപടിക്രമങ്ങളുടേയും ചട്ടക്കൂടിനകത്തായിരിക്കണം ന്യൂനപക്ഷ സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടത്. ഇവ ഒന്നാമതായി വിദ്യാഭ്യാസ സ്ഥാപനങ്ങളും, രണ്ടാമതായി മാത്രം, ന്യൂനപക്ഷ സ്ഥാപനങ്ങളും ആണ്. വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസത്തെ സംബന്ധിച്ച് സമൂഹത്തിന്റേതായ വ്യവസ്ഥകളുമായി പൊരുത്തപ്പെടാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ന്യൂനപക്ഷ പദവി എന്ന ന്യായവാദം ഉന്നയിക്കുവാൻ കഴിയില്ലെന്ന് അത്തരം സ്ഥാപനങ്ങളെ നാം ഓർമ്മിപ്പിക്കേണ്ടതുണ്ട്. ഇതിൽ ഏറ്റവും വ്യക്തമായ വശം അധ്യാപകനിയമനമാണ്. സ്വന്തം സമുദായാംഗങ്ങൾക്ക് തൊഴിലേകുന്നതിനുള്ള ഏജൻസി എന്ന നിലയിൽ ഇത്തരം സ്ഥാപനങ്ങളെ കണക്കാക്കുവാൻ പ്രചോദനമേകുന്ന പല വശങ്ങളും നിലവിലുള്ള സാമൂഹിക - സാമ്പത്തിക പരിത:സ്ഥിതിയിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കും. പണമുണ്ടാക്കുന്നതിനോ അധികാരം ബലപ്പെടുത്തുന്നതിനോ ഉള്ള അവസരമായി തൊഴിലേകുന്നതിനെ മാറ്റിയാൽ പ്രസ്തുത സമുദായത്തോടുള്ള ബാധ്യത തന്നെ മറന്നുപോകാനും ഇടയാകും. ചില ന്യൂനപക്ഷസ്ഥാപനങ്ങളിൽ അധ്യാപകനിയമനം ഇത്തരത്തിലായി 'മാറ്റപ്പെട്ടു'വെന്നത് പരക്കെ അറിവുളള കാര്യമാണ്. ന്യൂനപക്ഷാവകാശങ്ങളുടെ പേരിൽ ഇതു തുടരാൻ അനുവദിച്ചുകൂടാ. ഇത്തരം ബാധ്യതകളും ആരോപണങ്ങളും ഒഴിവാക്കുന്നതിനായി, അധ്യാപകരാകാൻ ആഗ്രഹിക്കുന്നവരെല്ലാം പൊതുവായ യോഗ്യതാപരീക്ഷ പാസായിരിക്കണമെന്നും, ഇതിൽ വിജയികളാകുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമേ ന്യൂനപക്ഷസ്ഥാപനങ്ങളിലും അധ്യാപകരെ നിയമിക്കാൻ പാടുള്ളൂവെന്നും വ്യവസ്ഥചെയ്യണമെന്നാണ് ഞങ്ങളുടെ ശുപാർശ. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ സാധുവായ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനായി, പൊതുവായ പൂളിൽ നിന്ന് ഒന്നാമത്തെ പരിഗണന നൽകാവുന്നതാണ്. ഒരു പ്രത്യേക വിദ്യാഭ്യാസ വർഷത്തിൽ മൊത്തമുള്ള ഒഴിവുകൾക്ക് അനുസൃതമായ അധ്യാപകരുടെ പേർവിവരങ്ങൾ മാത്രമേ പൂളിൽ ഉൾപ്പെടുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുകയും വേണം. ഈ ശുപാർശയുടെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ അതിന് ആസ്പദമായ തത്ത്വം സ്പഷ്ടമായിരിക്കണം. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്നവരുടെ സേവനവ്യവസ്ഥകൾ പൊതുവേ അംഗീകരിക്കപ്പെട്ട സാമൂഹിക മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കുകയും വേണം. സർക്കാരിൽ നിന്ന് ധനസഹായം പറ്റുന്ന ന്യൂനപക്ഷ സ്ഥാപനങ്ങളെ പൊതുവായി അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസസംബന്ധമായ മുന്നുപാധികളിൽ നിന്ന് ഒഴിഞ്ഞുമാറാൻ അനുവദിക്കരുത്. ന്യൂനപക്ഷ സ്ഥാപനങ്ങൾ അക്കാഡമിക് നിലവാരം ഉയർത്തിപ്പിടിച്ചാൽ തങ്ങളോടുള്ള സംശയങ്ങളും വിദ്വേഷങ്ങളും

ഒഴിവാക്കാൻ സാധിക്കുമെന്ന് അവ മനസ്സിലാക്കേണ്ടതുണ്ട്. തങ്ങൾ നിയമനം നൽകിയവരോട് പുലർത്തേണ്ടുന്ന നീതിയും പണമിടപാടുകളിൽ ഉണ്ടാവേണ്ട സുതാര്യതയും ഇതുപോലെ പ്രധാനമാണ്. മഹനീയോദ്ദേശ്യങ്ങളോടെ വിദ്യാഭ്യാസരംഗത്തേക്കു പ്രവേശിക്കുന്നുവെന്ന് അവകാശപ്പെടുന്നവരിൽ നിന്ന് ഇത്രയും പ്രതീക്ഷിക്കുന്നത് അധികമാകുമോ? പല ന്യൂനപക്ഷ സ്ഥാപനങ്ങളും തെളിയിക്കുന്നതുപോലെ, ഇവ കൈവരിക്കുക പ്രയാസമല്ല താനും. കേരളത്തിൽ നല്ല രീതിയിൽ പ്രകടനം കാഴ്ചവെക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയാൽ (ഏതു തലത്തിലുള്ളതായാലും) അവയിൽ നിരവധി എണ്ണം ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്നവയായിരിക്കുമെന്നു പറഞ്ഞാൽ അതിശയോക്തിയല്ല.

സ്വാശ്രയ സ്ഥാപനങ്ങൾ

7.31 ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പ്രശ്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇപ്പോൾ പ്രകടമാവുന്ന വിധത്തിലുള്ള സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പുതിയതാണ്. എങ്കിലും സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾക്കും കേരളത്തിൽ സുദീർഘമായ ചരിത്രമുണ്ടെന്നത് സ്മരണീയമാണ്. ടൈപ്പ്റൈറ്റിംഗിലും ഷോർട്ട്ഹാൻഡിലും കോച്ചിംഗ് നൽകുന്ന ഒട്ടേറെ സ്ഥാപനങ്ങൾ 1940കളിലും 1950കളിലുമായി കേരളത്തിൽ പട്ടണപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നിലവിൽ വന്നു. സംസ്ഥാനത്തിനകത്തും ബോംബെ, മദ്രാസ് തുടങ്ങിയ വൻനഗരങ്ങളിലും ടൈപ്പ്റൈറ്റിംഗിലും ഷോർട്ട്ഹാൻഡിലും അഭിജ്ഞരായവർ വൻതോതിൽ ആവശ്യമുണ്ടെന്നും ഒരു സാമൂഹികാവശ്യം നിറവേറ്റാൻ വേണ്ടിയുള്ള ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നത് ലാഭസാധ്യതയുള്ള ഏർപ്പാടാണെന്നും പല സംരംഭകരും കണക്കാക്കിയതിനെത്തുടർന്നാണ് ഇത്തരം സ്ഥാപനങ്ങൾ ഉയർന്നു വന്നത്. തുടക്കത്തിൽ ഓരോ സ്ഥാപനത്തിനും കോഴ്സിന്റെ ഉള്ളടക്കം സ്വന്തമായിരുന്നു, പ്രവേശന വ്യവസ്ഥകളും ഫീസ് ഘടനയും പരിശീലകരുടെ സേവന വ്യവസ്ഥകളും ഇവയ്ക്ക് ഓരോന്നിനും പ്രത്യേകമായിരുന്നു. സമൂഹത്തിന്റേതായ യാതൊരുവിധ മേൽനോട്ടവും ഇവയ്ക്ക് ഉണ്ടായിരുന്നില്ല. പിന്നീട് കോഴ്സിന്റെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഒരുതരം ഐകരൂപ്യം ഉളവായി. സംസ്ഥാനത്തുടനീളമായി അവയിൽ പരിശീലനം സിദ്ധിച്ച ലക്ഷക്കണക്കിന് യുവതീ യുവാക്കൾക്ക് കേരളത്തിനകത്തും പുറത്തുമായി നിരവധി സ്ഥലങ്ങളിൽ ജോലി ലഭിച്ചു. 'സെൽഫ് ഫിനാൻസിംഗ്' സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളായിരുന്നു അവർ.

7.32 ചരിത്രപരമായ ഈ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന സവിശേഷതകൾ തിരിച്ചറിയാൻ സാധിക്കും. ലാഭസാധ്യതയുള്ളവയായി സംരംഭകർ കണക്കാക്കുന്ന വ്യാപാര പ്രവർത്തനങ്ങളാണവ എന്നതാണ് പ്രഥമവും പ്രധാനവുമായ വസ്തുത. തെല്ലും നിറവേറ്റപ്പെട്ടിട്ടില്ലാത്തതോ അപര്യാപ്തമായ തോതിൽ മാത്രം നിറവേറ്റപ്പെട്ടതോ ആയ ആവശ്യങ്ങളോടുള്ള പ്രതികരണം എന്നതാണ് രണ്ടാമത്തെ വശം. സ്ഥാപിച്ചവരുടെ മുഖ്യ ഉദ്ദേശ്യം മറ്റൊന്നാകാമെങ്കിലും സാമൂഹിക പ്രാധാന്യവും പ്രയോജനവും അവകൊണ്ടുണ്ട്. ചുരുക്കത്തിൽ വിദ്യാഭ്യാസരംഗത്തെ കമ്പോളവത്ക്കരണത്തിന്റെ ലക്ഷണങ്ങളാണ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ.

7.33 അതിനാൽ 1990കളിൽ സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസസ്ഥാപനങ്ങൾ പുനരാവിർഭവിച്ചത് മനസ്സിലാക്കാൻ എളുപ്പമാണ്. സാമൂഹികാവശ്യങ്ങൾ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്നത് കമ്പോളാവശ്യങ്ങൾ എന്ന നിലയിലാണെന്നുള്ളതും പരോക്ഷമായും (പലപ്പോഴും പ്രകടമായ വാദഗതിയുമായി വന്നതും) 1991ൽ ആരംഭിച്ചതുമായ 'കമ്പോള സൗഹൃദപരമായ' സാമ്പത്തിക

പരിഷ്കരണങ്ങളുമായി അടുത്തു ബന്ധപ്പെട്ടതാണ് ഇത്. ഇത്തരം ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിലയും കമ്പോളം തന്നെ നിശ്ചയിക്കുമെന്നാണ് മറ്റൊരു വാദം. വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തുമ്പോൾ ഈ വാദത്തിനർത്ഥം ഒരു വൈദഗ്ദ്ധ്യം ആവശ്യമുള്ളവർ അതിന്റെ വില പൂർണ്ണമായും നൽകണമെന്നാണ്, മറ്റു രംഗങ്ങളിൽ നിന്നുള്ള പിൻബലമോ ധനസഹായമോ അതിനുണ്ടായിക്കൂടാ. ഈ തത്ത്വത്തെ ആധാരമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനമായി മാറുന്നത്.

7.34 സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ മുഖ്യമായും ആവിർഭവിക്കുന്നത് സാങ്കേതിക - പ്രൊഫഷണൽ കോഴ്സുകളിലായത് (പൊതു വിദ്യാഭ്യാസ കോഴ്സുകളിലല്ലാത്തത്) എന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ എളുപ്പമാണ്.

സാങ്കേതിക - പ്രൊഫഷണൽ കോഴ്സുകൾ വ്യക്തികളെ വിദഗ്ദ്ധരാക്കുന്നുവെന്നതും അതിനാൽ വൈയക്തിക നേട്ടങ്ങൾ തിട്ടപ്പെടുത്താൻ എളുപ്പമാണെന്നതുമാണ് കാരണം. കമ്പോളാടിസ്ഥാനത്തിലുള്ള വിലനിർണയത്തിന്റെ ഭാഗമായി ഓരോ വ്യക്തിയും നൽകുന്ന വിലയും തിട്ടപ്പെടുത്താനെളുപ്പമാണ്. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് മികച്ച അവസരം ഇത് പ്രദാനം ചെയ്യുന്നു.

7.35 സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളുടെ കമ്പോളോന്മുഖത അവയുടെ വൈകൃതങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്നു. ഭാവിയിൽ കമ്പോള സാധ്യതകളുള്ള വൈദഗ്ദ്ധ്യമാർജ്ജിക്കുന്നതിന് ഒരു പ്രത്യേക കോഴ്സിലെ പരിശീലനം ഉതകുമെന്ന് വിദ്യാർത്ഥികൾ (അവരുടെ രക്ഷിതാക്കളും) ശരിയായോ തെറ്റായോ ചിന്തിക്കുമ്പോൾ ആ കോഴ്സിനു വേണ്ടി വൻതുകകൾ നൽകാൻ അവർ സന്നദ്ധരാകും. സ്ഥാപനത്തിന്റെ നടത്തിപ്പുകാർ പണം കൈപ്പറ്റുമെങ്കിലും കൊള്ളാവുന്ന എന്തെങ്കിലും തിരികെ നൽകുവാൻ അവർ സാമൂഹികമായി ബാധ്യസ്ഥരാവുന്നില്ല. പ്രൊഫഷണൽ പരിശീലനം നേടിയ വിദഗ്ദ്ധരുടെ ഗുരുതരമായ തൊഴിലില്ലായ്മ കാരണം സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിലെ അധ്യാപക തസ്തികകൾ സ്വീകരിക്കാൻ സന്നദ്ധരായി നിരവധി പേരുണ്ടാകും. അത്തരം ആളുകളെ ഞെക്കിപ്പിഴിയാനും സ്ഥാപനം നടത്തിപ്പുകാർക്ക് കഴിയും. ഇങ്ങനെ സാമൂഹിക നിരീക്ഷണമോ നിയന്ത്രണമോ ഇല്ലാത്ത സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ സംബന്ധമായ എല്ലാവിധ പരിഗണനകളും മാറ്റിവെച്ച് വിദ്യാർത്ഥികളേയും അധ്യാപകരേയും ചൂഷണം ചെയ്യാൻ സാധിക്കും. ചിരകാലം ഇത് നിലനിൽക്കുകയില്ല എന്ന വാദം തീർച്ചയായും ഉയർന്നേക്കാം. എന്നാൽ ഹ്രസ്വകാലത്തിനകം തന്നെ ഗണ്യമായ കെടുതികൾ ഇത് വരുത്തിവെച്ചേക്കും. ഇത്തരമൊരു സാഹചര്യത്തിൽ സമൂഹം മൂകസാക്ഷിയാകേണ്ടതുണ്ടോ എന്നതാണ് ചോദ്യം. സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാധ്യതകളും വൈകല്യവും കണക്കിലെടുത്തുകൊണ്ട് അവയെ എങ്ങനെ കൈകാര്യം ചെയ്യാം എന്നു നാം പരിഗണിക്കണം. അത്തരം സ്ഥാപനങ്ങൾ ഉയർന്നു വരുന്നതിന് ഒരു 'സ്വാഭാവിക' പ്രവണതയുണ്ടെന്ന് ആദ്യമേ തന്നെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. കമ്പോളത്തിലെ അച്ചടക്കത്തിന് അവ വിധേയമാണെന്നതുകൊണ്ടും ഏറ്റവും നന്നായി അറിയുക കമ്പോളമാണ് എന്നതു കൊണ്ടും സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹികമായ യാതൊരു ഇടപെടലും ആവശ്യമില്ലെന്നും തന്നിഷ്ടം പോലെ പ്രവർത്തിക്കുവാൻ അവയെ അനുവദിക്കുക എന്നതാണ് ശരിയായ നയമെന്നും വാദിക്കപ്പെടുന്നുണ്ട്. ഈ വാദം അംഗീകരിക്കാൻ, വിദ്യാഭ്യാസത്തിന് ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന സംഭാവനയിൽ താത്പര്യമുള്ള ആർക്കും സാധിക്കുകയില്ല. ഒരു സാമൂഹിക സ്ഥാപനമെന്ന നിലയിൽ കമ്പോളം 'അറിയുന്നി'ല്ല അറിയാൻ സാധിക്കുകയുമില്ല. കമ്പോളം ഒരിക്കലും സ്വയമേവ പ്രവർത്തിക്കുന്നില്ല; അവയെ പ്രവർത്തിപ്പിക്കുകയാണ്. വിഭവശേഷിയുടേതായ അധികാരം കൊണ്ട് പ്രവർത്തിക്കുന്ന കമ്പോളം ഏറ്റവും ഉത്തമമായ പരിഹാരമേകുന്നുവെന്ന് സമർത്ഥിക്കുന്ന യാതൊരു സാമൂഹിക സിദ്ധാന്തവും നിലവിലില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാകട്ടെ

വിജ്ഞാനാർജ്ജനത്തിനുള്ള അവസരത്തെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിൽ ഒരു വ്യക്തിയുടെ വിവേചശേഷി നിർണായക ഘടകമാവാൻ അനുവദിച്ചുകൂടതാനും. മുകളിൽ സൂചിപ്പിച്ചതു പോലെ വിപുലമായ സാമൂഹ്യ മേൽനോട്ടത്തിന് വിധേയമായല്ലാതെ പ്രവർത്തിക്കാൻ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെ അനുവദിച്ചാൽ പണമുണ്ടാക്കുന്നതിനുള്ള ഗൂഢസംഘങ്ങളായി അവ അധ:പതിക്കും.

7.36 രണ്ടാമതായി, സർവകലാശാലാ സമ്പ്രദായത്തിനകത്ത് സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസസ്ഥാപനങ്ങളെ മതിയായ സാമൂഹിക നിയന്ത്രണമില്ലാതെ പ്രവർത്തിക്കാനനുവദിച്ചുകൂടാ; കാരണം സർവകലാശാലാസമ്പ്രദായത്തിന്റെ ഭാഗമാവുന്നതോടെ അവ ആ സംവിധാനത്തിനുളള സാമൂഹികാംഗീകാരത്തിലും അന്തസ്സിലും പങ്കാളിയാവുന്നു. കർക്കശമായ വ്യവസ്ഥകൾ കൂടാതെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് സർവകലാശാലയുടെ ബിരുദത്തിന്റെ സാക്ഷ്യപത്രം നൽകുകയോ വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനുളള അവകാശാനുകൂല്യങ്ങൾ നൽകുകയോ ചെയ്യുന്നത് സർവകലാശാലയുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയായിരിക്കും. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ സർവകലാശാലാ സംവിധാനത്തിന്റെ പരിധിക്കുള്ളിലാണെങ്കിൽ പ്രസ്തുത സംവിധാനത്തിലെ മറ്റെല്ലാ സ്ഥാപനങ്ങളും നിറവേറ്റേണ്ടതായുള്ള എല്ലാ അക്കാഡമിക് വ്യവസ്ഥകൾക്കും തീർച്ചയായും അവയും വിധേയമാകേണ്ടതുണ്ട്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ പുതിയ കോഴ്സുകളാരംഭിക്കാൻ ഉദ്ദേശിക്കുമ്പോൾ ആ സ്ഥാപനത്തിന് ആ കോഴ്സ് നടത്തുന്നതിനായി യോഗ്യതയാർന്ന ഫാക്കൽറ്റി ഉണ്ടെന്നും മറ്റെല്ലാ മുന്നുപാധികളും പാലിക്കപ്പെടുന്നുണ്ടെന്നും സർവകലാശാല ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത്രയും അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ ഫാക്കൽററിയുടെ (മറ്റു ജീവനക്കാരുടേയും) സേവന വ്യവസ്ഥകൾ നിജപ്പെടുത്തുകയെന്നത് ചെറിയൊരു ചുവടുവെയ്പു മാത്രമാണ്. സ്ഥാപനങ്ങൾ നടത്തുന്നവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിട്ടുകൊടുക്കാവുന്നതല്ല അവ. പൊതുവേ അംഗീകരിക്കപ്പെട്ട സാമൂഹിക നിബന്ധനകൾ പാലിക്കണമെന്നത് നിഷ്കർഷിക്കണം.

7.37 സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളും സർവകലാശാലാ സംവിധാനത്തിനകത്തെ സ്ഥാപനങ്ങളും തമ്മിലുള്ള അന്തരം പണം മുടക്കുന്ന രീതിയെ സംബന്ധിച്ചിടത്തോളം മാത്രമാണെന്നു വരുന്നു. 'സഹായം ലഭിക്കാത്ത സ്വകാര്യ സ്ഥാപനങ്ങൾ' (Unaided Private Institutions) എന്നു മാത്രമായി അവയെ പരിഗണിക്കാവുന്നതാണ്. അത്തരമൊരു വിഭാഗം ആവശ്യമാണെങ്കിൽ വിദ്യാഭ്യാസത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിൽ സർക്കാരിന് പരിമിതികളുണ്ടെന്നതിനാൽ അവയുടെ ധനപരമായ ആവശ്യങ്ങളും മതിയായ വിധത്തിൽ തിട്ടപ്പെടുത്തേണ്ടതുണ്ട്. മൊത്തം ചെലവിന്റെ ഏതനുപാതം വരെ ഫീസിന്റെ രൂപത്തിൽ വിദ്യാർത്ഥികളിലേക്ക് കൈമാറാം എന്നതിനെ സംബന്ധിച്ച് അവധാനതയോടെ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. സ്ഥാപനത്തിന്റെ നടത്തിപ്പുകാർക്ക് വിദ്യാഭ്യാസത്തിൽ യഥാർത്ഥ താത്പര്യമുണ്ടെങ്കിൽ മൊത്തം ചെലവിന്റെ ഒരോഹരി വഹിക്കുവാൻ അവർ സന്നദ്ധരാവുകയും ബാധ്യസ്ഥരാവുകയും ചെയ്യേണ്ടതുണ്ട്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ കാര്യത്തിൽ അല്പമെങ്കിലും ശ്രദ്ധ ചെലുത്തുവാൻ ഈ സ്ഥാപനങ്ങളെ, വിശേഷിച്ചും, അവയിൽ കൂടുതൽ പ്രബുദ്ധമായവയെ പ്രേരിപ്പിക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വിഷമമില്ല. അത്തരം വിഭാഗങ്ങൾക്ക് അനുകൂലമായി വിഭിന്നമായ ഫീ ഘടന ആവിഷ്കരിക്കാവുന്നതാണ്.

7.38 കുബുദ്ധികളായ സംരംഭകർ വിദ്യാഭ്യാസ മണ്ഡലത്തിലേക്ക് പ്രവേശിക്കുകയും കമ്പോളതത്ത്വത്തിന് അനുസൃതമായി വിദ്യാഭ്യാസത്തെ വിറ്റഴിക്കുകയും ചെയ്യുന്നത് തടയുക എളുപ്പമല്ലെങ്കിലും, വ്യക്തമായി ആവിഷ്കരിക്കപ്പെട്ട സാമൂഹിക നിബന്ധനകൾ അംഗീകരിക്കുമ്പോൾ മാത്രമേ അവയ്ക്ക് സാമൂഹികാംഗീകാരം നൽകാവൂ എന്നതാണ് നാം കൈക്കൊള്ളുന്ന നിലപാട്.

7.39 കേരളത്തിലെ സാമൂഹിക പരിത:സ്ഥിതിയേയും കേരളത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യകതകളേയും സംബന്ധിച്ച വിശദമായ പഠനങ്ങൾ മേൽസൂചിപ്പിച്ച നിബന്ധനകൾ രൂപപ്പെടുത്താൻ ആവശ്യമാണ്. ദൗർഭാഗ്യവശാൽ അത്തരത്തിൽ വളരെക്കുറച്ചു പഠനങ്ങളേ നടന്നിട്ടുള്ളൂ. 1997 ന്റെ രണ്ടാം പകുതിയിൽ നടന്ന 'Entry Barriers to Professional Education in Kerala' എന്ന ഒരു സർവേയാണ് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടത്.

7.40 കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് എന്ന സ്ഥാപനം നടത്തിയ ഈ പഠനം റഗുലർ കോളേജുകളും സെൽഫ് ഫിനാൻസിംഗ് കോളേജുകളും നടത്തുന്ന എഞ്ചിനീയറിംഗ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്നിവയിലെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സാമ്പിൾ സർവേയുടെ അടിസ്ഥാനത്തിലാണ്. ധനപരമായ വശങ്ങളിലാണ് അത് ശ്രദ്ധ കേന്ദ്രീകരിച്ചത്. റഗുലർ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രതിവർഷം 1200 രൂപ ഫീസായി ഈടാക്കുമ്പോൾ സെൽഫ് ഫിനാൻസ്ഡ് കോളേജുകളിൽ 12500 രൂപ വരെയാണ് ഫീസ്. പ്രവേശന വേളയിൽ പിരിച്ചെടുക്കുന്ന 'ഡെപ്പോസിറ്റി'ന്റെ പലിശ കൂടി കണക്കാക്കിയാൽ 24500 രൂപ വരെ അതെത്തുന്നു. റഗുലർ കോളേജുകളിൽ എം ബി എ ക്ക് പ്രതിവർഷം 3000 രൂപ ഈടാക്കുമ്പോൾ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ 40000 രൂപ വരെയാണ് ഫീസ്. എം സി എ ക്ക് ഇത് യഥാക്രമം 4000 രൂപയും 15000 രൂപയുമാണ്. ഒടുവിൽ പറഞ്ഞ സംഖ്യ ചിലപ്പോൾ പലിശ കൂടി ഉൾപ്പെടുത്തിയാൽ 27000 രൂപ വരെയാകും.

7.41 ഈ സംഖ്യകളെ സംബന്ധിച്ച രണ്ട് നിരീക്ഷണങ്ങൾ സാധ്യമാണ്. കേരളത്തിൽ പ്രതിശീർഷവരുമാനം വർഷത്തിൽ 8000 രൂപ (1995-96) ആണെങ്കിൽ റഗുലർ കോളേജുകളിലെ ഫീസ് ഈ സംഖ്യയിലും വളരെ താഴെയാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലേതാകട്ടെ ഗണ്യമായ തോതിൽ ഉയർന്നതും. ഈ പരിത:സ്ഥിതിയിൽ റഗുലർ കോളേജുകളിലേയും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലേയും ഫീ ഘടന പുന:പരിശോധിക്കേണ്ടതുണ്ട്.

7.42 രണ്ടാമതായി, കോളേജ് ഫീസിനു പുറമേ വിദ്യാർത്ഥികൾ - സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിലുള്ളവർ പ്രത്യേകിച്ചും - ഹോസ്റ്റൽ ഫീസ്, ഗതാഗതം മുതലായവയ്ക്ക് ഗണ്യമായൊരു സംഖ്യ ചെലവഴിക്കേണ്ടി വരും. അതിനാൽ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ (അഥവാ അവരുടെ രക്ഷാകർത്താക്കളുടെ) മൊത്തം പഠനച്ചെലവ് വളരെ ഉയർന്നതാണ്.

7.43 സെൽഫ് ഫിനാൻസ്ഡ് കോഴ്സുകൾക്ക് ചേരുന്നവരെല്ലാം 'അതിസമ്പന്നരായ' വിഭാഗത്തിൽ പെടുന്നവരല്ല എന്നതാണ് പഠനത്തിലൂടെ തെളിഞ്ഞ മറ്റൊരു വശം. അച്ഛൻ (പലപ്പോഴും അമ്മയും) എളിയ തോതിൽ ശമ്പളം പറ്റുന്ന ഉദ്യോഗങ്ങളിലേർപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവരാണ് അവരിൽ മിക്കവരും. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉന്നതവിദ്യാഭ്യാസത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ കുടുംബങ്ങളിൽ നിന്നുള്ളവരാണ് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളുടെ പറ്റുകാരായി മാറുന്നത്. വരും തലമുറക്ക് നിരവധി അവസരങ്ങൾ പ്രദാനം ചെയ്യുന്നതാണ് പ്രൊഫഷണൽ വിദ്യാഭ്യാസം എന്നും അവർ കരുതുന്നു.

കേരളത്തിലെ വിദ്യാഭ്യാസരംഗത്തിന് സെൽഫ് ഫിനാൻസ്ഡ് കോളേജുകൾ നൽകുന്ന സംഭാവന മൊത്തത്തിൽ തിട്ടപ്പെടുത്തുന്നതിന് അവയുടെ അക്കാഡമിക് നിലവാരത്തെ സംബന്ധിച്ച പ്രത്യേക പഠനങ്ങളും ആവശ്യമായി വരും.

അധ്യായം 8

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ധനവിനിയോഗം

വിദ്യാഭ്യാസത്തിലെ സർക്കാർ ചെലവ്

8.1 കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് സ്കൂൾ തലത്തിൽ 54.14 ലക്ഷം വിദ്യാർത്ഥികളും ഉന്നത തലത്തിൽ 5.25 ലക്ഷം വിദ്യാർത്ഥികളും 2.04 ലക്ഷം അധ്യാപകരും ഉണ്ട്. വിവിധ തലങ്ങളിലായി വിഭിന്ന സംഘടനകളുടെ ആഭിമുഖ്യത്തിൽ 13000 സ്ഥാപനങ്ങളുമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഗണ്യമായ പങ്കാളിത്തത്തോടെ നിലനിൽക്കുന്ന ഈ സംരംഭം അതി ബൃഹത്താണ്.

8.2 നേരിട്ടുള്ള ഗുണഭോക്താക്കൾ (അഥവാ അവരുടെ മാതാപിതാക്കളോ ബന്ധുക്കളോ) വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് മൊത്തത്തിൽ വഹിക്കുന്ന വാർഷിക ചെലവിനെ സംബന്ധിച്ച ഒരു കണക്കും ലഭ്യമല്ല; സർക്കാരിന്റേയും വിവിധ ഏജൻസികളുടേയും ചെലവിനെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളുമില്ല. കേരളത്തിൽ വിദ്യാഭ്യാസത്തിന് വ്യക്തികളും പൊതുവിൽ സമൂഹവും കല്പിക്കുന്ന പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഇത് ഗണ്യമായ ഒരു തുകയാകുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസരംഗത്തെ സർക്കാർ ചെലവിനെ സംബന്ധിച്ചതാണ് പ്രധാനമായും ഈ ഭാഗം. സർക്കാർ മുഖേന വിദ്യാഭ്യാസരംഗത്തേക്ക് തിരിച്ചുവിടുന്ന സാമൂഹികവ്യയമാണ് വിദ്യാഭ്യാസത്തിന്റെ മൊത്തം ചെലവിലെ പ്രധാനഭാഗം എന്നതും സുവിദിതമാണ്.

8.3 1994-95ൽ സംസ്ഥാനത്ത് മൊത്തം സർക്കാർ ചെലവ് 1350 കോടി രൂപയായിരുന്നു. ഇതിൽ 662 കോടി രൂപ (49%) പ്രാഥമിക വിദ്യാഭ്യാസത്തിനു വേണ്ടിയാണ് ചെലവഴിച്ചത്. 406 കോടി രൂപ (30%) സെക്കണ്ടറി വിദ്യാഭ്യാസത്തിനായും ബാക്കി (282 കോടി രൂപ) സർവകലാശാല- ഉന്നത വിദ്യാഭ്യാസത്തിനായും ചെലവഴിച്ചു. അതിൽ 62 കോടി രൂപയാണ് സാങ്കേതിക വിദ്യാഭ്യാസത്തിനായി വിനിയോഗിക്കപ്പെട്ടത്. ആ വർഷം സർക്കാരിന്റെ മൊത്തം ചെലവിന്റെ 28 ശതമാനത്തോളം വിദ്യാഭ്യാസത്തിനായാണ് ചെലവഴിച്ചത്. വിദ്യാഭ്യാസത്തിനുള്ള ചെലവ് വർദ്ധിക്കുന്ന രീതിയാണ് ശ്രദ്ധേയം. 1990-91നും 1994-95നുമിടയിലുള്ള ഹ്രസ്വകാലഘട്ടത്തിനകം മൊത്തം ചെലവ് 751 കോടി രൂപയിൽ നിന്ന് 1350 കോടി രൂപയായി ഉയർന്നുവെന്ന് പട്ടിക 8.1 വ്യക്തമാക്കുന്നു. 1996-1997ൽ അത് 1652 കോടിയായി ഉയർന്നു. 1996-97ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെലവ് 1644 കോടി രൂപയായും ഉയർന്നു.

പട്ടിക 8.1

വിദ്യാഭ്യാസത്തിനായുള്ള കേരളസർക്കാരിന്റെ ചെലവ് 1990-91 മുതൽ 1996-97 വരെ
(രൂപ കോടിയിൽ)

No	Stage	1990-91	1991-92	1992-93	1993-94	1994-95	1995-96	1996-97*
1	പ്രൈമറി വിദ്യാഭ്യാസം	384.16	409.00	591.12	530.46	660.87	675.10	890.10
2	സെക്കണ്ടറി വിദ്യാഭ്യാസം	229.51	242.00	273.41	339.10	406.83	675.64	547.38
3	സർവകലാശാല ഉന്നതവിദ്യാഭ്യാസം	95.14	122.00	156.62	214.82	212.80	227.02	278.19
4	വയോജന വിദ്യാഭ്യാസം	0.87	0.32	0.43	1.60	1.03	0.60	0.10
5	ഭാഷാ വികസനം	3.72	3.91	4.13	4.86	5.40	5.38	9.08
6	സാങ്കേതിക വിദ്യാഭ്യാസം	38.08	38.00	32.61	59.25	62.23	68.53	85.51
	ആകെ	**751.48**	**815.23**	**1058.32**	**1150.09**	**1349.16**	**1652.27**	**1810.36**

* പുതുക്കിയ എസ്റ്റിമേറ്റ്

അവലംബം : കേരള സർക്കാരിന്റെ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ കേരള-കാലിക്കറ്റ്-മഹാത്മാഗാന്ധി സർവകലാശാലകളിലെ ധനസ്ഥിതി സംബന്ധിച്ച ഒരു പഠനം. 1996 മെയ്. പട്ടിക 7 & ഇക്കണോമിക് റിവ്യൂ 97.

8.4 കേവല സംഖ്യകളിലെ ഈ വർദ്ധനവ് കൊണ്ട് സംസ്ഥാന സർക്കാരിന്റെ മൊത്തം ബജറ്റിൽ വിദ്യാഭ്യാസ ചെലവിന്റെ തോതോ സംസ്ഥാന ആഭ്യന്തരോത്പാദനത്തിലെ (എസ്.ഡി.പി) അനുപാതമോ വർദ്ധിച്ചുവെന്ന് അർത്ഥമില്ല. എങ്കിലും കേരളത്തിൽ ഈ തോതും ഉയർന്ന നിലയിലാണ് പരിപാലിക്കപ്പെടുന്നത്. വിദ്യാഭ്യാസത്തിനുള്ള വകയിരുത്തലിനെ സംബന്ധിച്ച അന്താരാഷ്ട്ര ചർച്ചകളിൽ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ (ജി.ഡിപി) 6 ശതമാനവും ബജറ്റിന്റെ 20 ശതമാനവും വിദ്യാഭ്യാസത്തിനായി വകയിരുത്തുന്നതാണ് ആശാസ്യമെന്ന് പറയപ്പെടാറുണ്ട്. രാജ്യങ്ങൾക്കാകെ ബാധകമായ ഈ മാനദണ്ഡങ്ങൾ ഒരു രാജ്യത്തെ ഒരു സംസ്ഥാനത്തിനായി ബാധകമാക്കുന്നത് തികച്ചും ഉചിതമായിരിക്കുകയില്ല. കേരളത്തിൽ മൊത്തം സംസ്ഥാന ബജറ്റിന്റെ ശതമാനത്തോതിലും എസ്.ഡി.പിയുടെ അനുപാതമെന്ന നിലയിലും 1960-61 മുതൽ 1993-94 വരെയുള്ള സർക്കാർ ചെലവിന്റെ കണക്കുകൾ പട്ടിക 8-2ൽ കോളം. എ, കോളം.ബി എന്നിവയിലായി സൂചിപ്പിക്കുന്നു.

പട്ടിക 8.2

വിദ്യാഭ്യാസ വകുപ്പിന്റേയും ഇതര വകുപ്പുകളുടേയും വിദ്യാഭ്യാസത്തിനായുള്ള ചെലവ് (റവന്യൂ കണക്കുകൾ) (എ), മൊത്തം സംസ്ഥാന ബഡ്ജറ്റിന്റെ ശതമാനം എസ്.ഡി.പി യുടെ തോത് (ബി) - കേരളം.

വർഷം	എ	ബി	വർഷം	എ	ബി
1960-61	35.1	3.7	1981-82	34.8	6.5
1965-66	34.7	4.0	1982-83	37.2	6.2
1970-71	36.7	4.8	1983-84	33.7	6.1
1971-72	35.0	5.1	1984-85	33.2	6.2
1972-73	34.5	4.8	1985-86	32.1	7.1
1973-74	34.7	4.5	1986-87	31.5	7.1
1974-75	35.9	5.0	1987-88	31.1	6.7
1975-76	28.3*	5.8	1988-89	29.1	6.5
1976-77	36.2	5.9	1989-90	30.2	6.5
1977-78	38.0	6.3	1990-91	29.9	7.0
1978-79	38.7	5.9	1991-92	28.6	n.a
1979-80	20.5*	6.5	1992-93	28.1	n.a
1980-81	34.9	6.1	1993-94	29.5	7.5

** സംസ്ഥാന ബജറ്റിൽ നിശിതമെങ്കിലും നിലനില്ക്കാത്ത വർദ്ധനവാണ് ഈ രണ്ടു വർഷങ്ങളിലും ഉണ്ടായത്.*

അവലംബം : *മാനവ വിഭവ വികസന മന്ത്രാലയം തയ്യാറാക്കിയ 1951-52 മുതൽ 1993-94 വരെയുള്ള വിദ്യാഭ്യാസത്തിനായുള്ള ബജറ്റ് കണക്കുകൾ.*

എ-യിലെ കണക്കുകൾ എല്ലായ്പ്പോഴും 20 ശതമാനത്തിനു മുകളിലും കാലയളവിന്റെ ആദ്യഭാഗങ്ങളിൽ 30 ശതമാനത്തിനു മുകളിലും ചിലപ്പോഴെല്ലാം 40 ശതമാനത്തിനോടടുത്തും ആണെന്ന് കാണുവാൻ കഴിയും, പിൽക്കാലത്ത്, തോതിൽ കുറവു വരുന്ന പ്രവണത ഉണ്ടെങ്കിലും മുപ്പതിനോടടുത്താണ് അത് നിലകൊണ്ടത്. മറുവശത്ത് ബി കോളത്തിലെ കണക്കുകൾ വ്യക്തമാക്കുന്നത് ആദ്യവർഷങ്ങളിൽ

ശതമാനം താഴ്ന്നതായിരുന്നു. 1980കൾക്ക് ശേഷം അത് 6 ശതമാനത്തിന് മുകളിലായി എന്നതാണ്. 1980കളിൽ കേരളത്തിന്റെ എസ്.ഡി.പി വളർച്ച വളരെ താഴ്ന്നതായിരുന്നുവെന്നതും ശ്രദ്ധേയമായാണ്.

8.5 ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ നില വ്യക്തമാക്കുന്നതാണ് പട്ടിക 8.3. വിദ്യാഭ്യാസരംഗത്ത് കേരളത്തിന്റെ പൊതുവ്യയം വളരെ ഉയർന്ന തോതിലാണ്. പ്രമുഖ സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന്റെ നില ഏറ്റവും ഉയർന്ന തോതിലാണെന്നതും എടുത്തു പറയാവുന്നതാണ്.

പട്ടിക 8.3

വിദ്യാഭ്യാസത്തിനായുള്ള വകുപ്പിന്റെ ചെലവുകൾ (റവന്യൂ ബോർഡ്)
സംസ്ഥാനബഡ്ജറ്റിന്റെ ശതമാനത്തിൽ (A) എസ്.ഡി.പി. (B)

ക്രമ നമ്പർ	സംസ്ഥാനങ്ങൾ	1970-71		1975-76		1980-81		1985-86		1990-91		1993-94	
		എ	ബി	എ	ബി	എ	ബി	എ	ബി	എ	ബി	എ	ബി (ലഭിച്ചിട്ടില്ല)
1.	ആന്ധ്രാപ്രദേശ്	20.9	2.5	23.0	2.8	25.1	4.0	19.1	4.0	18.0	3.3	21.0	
2.	ആസ്സാം	20.8	3.3	24.5	3.4	28.2	3.7	22.6	4.2	22.9	5.1	24.1	
3.	ബീഹാർ	18.7	2.1	26.6	2.6	23.8	3.4	24.4	4.1	24.5	5.3	20.1	
4.	ഗുജറാത്ത്	20.2	2.0	23.2	2.4	22.2	3.1	23.9	3.9	21.8	3.7	20.8	
5.	ഹരിയാന	19.8	2.1	18.7	2.2	20.0	2.7	17.7	2.6	16.4	2.6	16.1	
6.	കർണ്ണാടകം	21.3	2.9	21.5	3.0	21.7	3.5	17.7	3.6	19.7	3.8	21.4	
7.	കേരളം	36.7	4.7	28.3	5.8	34.9	6.1	28.4	6.3	27.7	6.3	26.3	
8.	മദ്ധ്യപ്രദേശ്	24.2	2.5	17.9	2.7	21.0	3.1	17.5	3.1	18.4	3.3	18.2	
9.	മഹാരാഷ്ട്ര	21.3	2.5	21.1	2.5	23.4	3.0	17.8	3.1	19.5	3.0	17.8	
10.	ഒറീസ്സ	16.8	2.3	21.2	3.4	22.3	3.7	16.8	2.8	20.6	4.0	19.8	
11.	പഞ്ചാബ്	22.1	2.1	23.0	2.5	28.4	3.5	20.1	2.8	19.8	3.0	17.2	
12.	രാജസ്ഥാൻ	18.9	2.5	22.4	3.0	24.9	10.8	22.0	4.3	22.9	4.5	20.9	
13.	തമിഴ്നാട്	22.6	3.0	21.5	3.2	23.6	3.8	21.5	3.8	22.4	4.9	21.3	
14.	ഉത്തർ പ്രദേശ്	18.2	1.8	24.9	2.8	21.6	2.7	20.8	3.1	21.8	4.3	18.8	
15.	പശ്ചിമ ബംഗാൾ	22.9	2.2	22.1	2.2	23.6	3.0	23.6	3.4	26.4	4.3	26.9	

അവലംബം: വിദ്യാഭ്യാത്തിനായുള്ള ബജറ്റുവിഭവങ്ങൾ 1951-2 1993-4 ഭാരത സർക്കാർ, വിദ്യാഭ്യാസവകുപ്പ്, മാനവവിഭവശേഷി വകുപ്പ് 1995ൽ നിന്നും സംഗ്രഹിച്ചത്.

8.6 വിദ്യാഭ്യാസത്തിനകത്ത് വിവിധ മേഖലകൾക്കായി പൊതുവ്യയം പങ്കിട്ടിരിക്കുന്നത് എങ്ങനെയെന്ന് പട്ടിക 8.1 വ്യക്തമാക്കുകയുണ്ടായി. കൂടുതൽ നീണ്ടകാലയളവിലേതുൾപ്പെടെ വിശദാംശങ്ങൾ പട്ടിക 8.4 നൽകുന്നു.

പട്ടിക 8.4

വിദ്യാഭ്യാസത്തിനായുള്ള മൊത്തം ചെലവിൽ വിദ്യാഭ്യാസത്തിന്റെ ഓരോ ഉപമേഖലക്കുമുള്ള ചെലവിന്റെ ശതമാനം (റവന്യൂ അക്കൗണ്ട്) കേരളം.

വർഷം	ഇ.ഇ	എസ്.ഇ	എ.ഇ	ടി.ഇ	ഉന്നത വിദ്യാഭ്യാസം	മറ്റുള്ളവ	മൊത്തം
1951–52	45.21	26.44	1.33	..	13.25	13.77	100.00
1952–53	40.91	29.17	1.11	..	15.70	13.11	100.00
1953–54	41.00	31.22	1.19	..	11.54	15.04	100.00
1954–55	39.12	34.90	1.12	..	9.77	15.10	100.00
1955–56	32.57	36.68	0.81	..	6.67	23.26	100.00
1956–57	39.25	32.73	1.06	..	5.53	21.43	100.00
1957–58	48.77	29.36	3.28	..	5.39	13.20	100.00
1958–59	43.28	32.10	3.61	..	5.33	15.68	100.00
1959–60	62.75	21.12	2.75	..	5.50	7.88	100.00
1960–61	67.31	18.10	3.01	..	5.34	6.23	100.00
1961–62	62.06	16.77	3.56	..	6.57	11.04	100.00
1962–63	63.37	18.86	4.17	..	6.24	7.36	100.00
1963–64	59.96	18.97	5.61	..	6.26	9.20	100.00
1964–65	58.87	19.51	1.52	6.05	4.42	9.62	100.00
1965–66	60.47	19.59	1.33	5.08	4.18	9.35	100.00
1966–67	57.58	19.14	2.30	5.13	7.53	8.31	100.00
1967–68	59.46	20.93	2.32	4.34	5.66	7.29	100.00
1968–69	61.43	21.04	2.23	2.86	5.09	2.34	100.00
1969–70	59.75	21.16	2.15	4.05	5.00	7.89	100.00
1970–71	58.25	21.25	2.13	3.77	7.08	7.51	100.00
1971–72	57.77	21.50	2.11	2.80	7.40	8.42	100.00
1972–73	58.36	23.84	0.97	2.78	11.82	2.22	100.00
1973–74	55.92	25.39	1.24	2.78	13.12	1.56	100.00
1974–75	57.70	25.82	0.61	3.21	10.92	1.75	100.00
1975–76	57.15	24.80	0.95	3.50	12.16	1.44	100.00
1976–77	57.40	25.36	0.74	3.57	11.55	1.37	100.00
1977–78	56.87	25.60	0.01	4.01	11.36	2.15	100.00
1978–79	56.87	25.60	0.01	4.01	11.36	2.15	100.00
1979–80	55.27	27.60	0.10	4.25	10.50	2.29	100.00
1980–81	54.48	28.37	0.04	4.22	10.63	2.28	100.00
1981–82	53.82	28.68	0.03	4.01	11.28	2.18	100.00
1982–83	53.25	29.22	0.04	3.51	12.07	1.92	100.00
1983–84	52.38	28.74	0.04	3.80	12.99	2.05	100.00
1984–85	51.70	29.07	0.04	3.98	13.20	2.00	100.00
1985–86	50.97	29.65	0.23	4.67	12.93	1.54	100.00
1986–87	51.20	28.87	0.26	4.78	12.79	2.11	100.00
1987–88	52.34	29.11	0.29	3.98	13.53	0.75	100.00
1988–89	52.77	28.46	0.23	3.79	13.41	1.34	100.00
1989–90	51.93	29.09	0.37	3.97	13.16	1.48	100.00
1990–91	52.40	29.92	0.11	4.08	12.23	1.25	100.00
1991–92	49.88	29.62	0.04	4.65	14.98	0.82	100.00
1992–93	47.80	30.83	0.07	4.24	16.16	0.90	100.00
1993–94	47.46	31.01	0.06	4.32	16.06	1.09	100.00

ഇഇ-എലിമെന്ററി എജ്യുക്കേഷൻ; എസ്.ഇ-സെക്കണ്ടറി വിദ്യാഭ്യാസം; എ.ഇ-വയോജന വിദ്യാഭ്യാസം; ടി.ഇ.- സാങ്കേതിക വിദ്യാഭ്യാസം.

അവലംബം : ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ 1951-52 മുതൽ 1993-94 വരെയുള്ള ബജറ്റ് വിഭവ കണക്കുകൾ എം.എച്ച്.ആർ.ഡി - 1995.

8.7 പ്രതീക്ഷിക്കാവുന്നതു പോലെ ഈ കാലഘട്ടത്തിലുടനീളം പ്രാഥമിക വിദ്യാഭ്യാസത്തിനാണ് ഏറ്റവും ഉയർന്ന തോതിലുള്ള അടങ്കലുണ്ടായത് - 1950 കളിൽ 40 ശതമാനത്തോളമായിരുന്നത് 1960 കളുടെ ആദ്യത്തിൽ 60 ശതമാനത്തിന് മേൽ കുതിച്ചുയർന്നു. 1970 കളിൽ 55 ശതമാനത്തിനു മേലെയായിരുന്നത് 1980 കളിൽ ഇടിഞ്ഞു തുടങ്ങുകയും 1990 കളിൽ 50 ശതമാനത്തിന് താഴെയാവുകയും ചെയ്തു. ഇതിന്റെ അനന്തരഫലം സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് കാണാവുന്നതാണ്. 1960 കളിൽ അത് 20 ശതമാനത്തിൽ താഴേയോ അല്പം മുകളിലോ മാത്രം ആയിരുന്നത് 1970 കളോടെ ക്രമേണയായി ഉയർന്നു. 1980 കളിൽ 30 ശതമാനത്തോളമായിരുന്നത് 1990 കളിൽ അതിലും കവിഞ്ഞു. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ തോതിലും അല്പം ചില ഏറ്റക്കുറച്ചിലുകൾ കാണാം. എങ്കിലും 1980 കളിലും 1990 കളിലും ഏതാണ്ട് 4.5 ശതമാനമായി സ്ഥിരമായ തോതിൽ നിലനിന്നു; വാർഷിക കണക്കുകളിൽ തീർച്ചയായും അന്തരങ്ങളുണ്ട്.

8.8 സർവകലാശാല - ഉന്നത വിദ്യാഭ്യാസത്തിന്റെ തോത് 1950 കളുടെ ആദ്യത്തിൽ രണ്ടക്കത്തിലായിരുന്നത് 1950 കളുടെ മധ്യത്തിൽ ഒരക്കത്തിലേക്ക് കുറഞ്ഞു. 1965-66 ൽ ഏറ്റവും കുറഞ്ഞ് 4 ശതമാനത്തിൽ പരം മാത്രമായി. 1970 കളുടെ ആദ്യം വരെ കുറഞ്ഞതോതിൽ തുടർന്നു. 1971-72ൽ 7.4 ശതമാനമായിരുന്നത് 1972-73 ൽ വീണ്ടും രണ്ടക്കത്തിലെത്തിയത് എല്ലാ വിഭാഗങ്ങളിലുംപെട്ട കോളേജധ്യാപകർക്ക് (സർക്കാർ കോളേജുകളിലും സ്വകാര്യ കോളേജുകളിലും) ആ വർഷം മുതൽ സംസ്ഥാന സർക്കാർ ശമ്പളം നൽകുന്ന ഏർപ്പാട് നിലവിൽ വന്നതിനെയാണ് പ്രതിഫലിപ്പിക്കുന്നത്. അതിനുശേഷം അടിക്കടിയുള്ള വർദ്ധനവിന്റേതായിരുന്നു പ്രവണത. 1990 കളിൽ 16 ശതമാനവും കവിഞ്ഞു.

8.9 വയോജന വിദ്യാഭ്യാസം, ഭാഷാ വികസനം മുതലായ ഇനങ്ങളുൾപ്പെടുന്നതാണ് 'മറ്റുളളവ' എന്ന കോളം. 1970 കളുടെ ആദ്യം വരെ സർവകലാശാല-ഉന്നത വിദ്യാഭ്യാസത്തിന്റേതിലും ഉയർന്നതായിരുന്നു അവയുടെ വിഹിതം. (1950 കളുടെ രണ്ടാം പകുതിയിൽ ഇത് ഗണ്യമായ തോതിലുയർന്നു). എന്നാൽ പിന്നീടത് കുത്തനെ ഇടിയുകയും സമീപ വർഷങ്ങളിലായി ഒരു ശതമാനത്തോളമാവുകയും ചെയ്തു. കണക്കുകളിലെ ഇനങ്ങളിലെ പുനർവർഗ്ഗീകരണത്തെയാണ് ഒരുപക്ഷേ ഇത് പ്രതിനിധാനം ചെയ്യുന്നത്.

8.10 ഇതിനോടനുബന്ധമായി 9-ാം ധനകാര്യ കമ്മീഷൻ നടത്തിയ ഒരു പരിശോധന - 1986-87 വർഷത്തിലേക്കാണെങ്കിലും - പ്രയോജനകരമാവും. പ്രാഥമികം, സെക്കണ്ടറി, ഉന്നതതലം എന്നീ മൂന്നു തലങ്ങളിലുള്ള വിദ്യാഭ്യാസത്തിന്റെ 'മാനദണ്ഡാടിസ്ഥാനത്തിലുള്ള ചെലവ്' ഓരോ സംസ്ഥാനത്തിനുമായി കമ്മീഷൻ കണക്കാക്കി. ഈ മൂന്നു ഘട്ടങ്ങളിലേക്കുമായി യഥാർത്ഥ പദ്ധതിയിതര ചെലവുകളുമായി - മൊത്തത്തിലും ആളോഹരിയായും - ഈ കണക്കുകളെ താരതമ്യപ്പെടുത്തുകയും ചെയ്തു. ഗ്രാമപ്രദേശങ്ങളിൽ പ്രവേശനം നേടുന്നവരുടെ തോത്, ഓരോ പ്രായവിഭാഗത്തിലും ഉൾപ്പെടുന്ന കുട്ടികളുടെ സാന്ദ്രതയുടെ തോത്, സ്കൂളുകളുടെ മൊത്തം എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുടെ തോത് മുതലായ മാനദണ്ഡങ്ങളെ ആധാരമാക്കിയതായിരുന്നു 'മാനദണ്ഡാടിസ്ഥാനത്തിലുള്ള ചെലവ്'. കേരളത്തിൽ മാനദണ്ഡാടിസ്ഥാനത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ചെലവായി കണക്കാക്കിയത് 135.61 കോടി രൂപ ആയിരുന്നുവെങ്കിലും യഥാർത്ഥ ചെലവ് 232.62 കോടി രൂപയായിരുന്നു. ആളോഹരി തലത്തിൽ 48.22 രൂപ വ്യവസ്ഥ ചെയ്യപ്പെട്ടപ്പോൾ യഥാർത്ഥ ചെലവ് 82.71 രൂപയായിരുന്നു. പതിനാല് പ്രമുഖ സംസ്ഥാനങ്ങൾക്കിടയിൽ ശതമാനാടിസ്ഥാനത്തിൽ രചനാത്മക ഭിന്നതയാണ് മൊത്തത്തിലുള്ള ചെലവിന്റേയും ആളോഹരി ചെലവിന്റേയും കാര്യത്തിൽ കേരളം പ്രകടമാക്കിയത്. എങ്കിലും സെക്കണ്ടറി തലത്തിൽ മൊത്തത്തിലും ആളോഹരി വിഹിതത്തിന്റെ കാര്യത്തിലും വ്യവസ്ഥ ചെയ്യപ്പെട്ട ചെലവിലും കുറവായിരുന്നു യഥാർത്ഥ

ചെലവ്. (മൊത്തം : യഥാർത്ഥത്തിൽ 134.74 കോടി രൂപ, വ്യവസ്ഥ ചെയ്യപ്പെട്ടത് 177.78 കോടി രൂപ: ആളോഹരി : യഥാർത്ഥം 31.95 രൂപ. വ്യവസ്ഥ - 49.91 രൂപ.) ഉന്നത വിദ്യാഭ്യാസത്തിൽ കേരളത്തിന്റെ യഥാർത്ഥ ചെലവ് വ്യവസ്ഥപ്പെട്ട ചെലവിലും ഉയർന്നതായിരുന്നു. മൊത്തത്തിലുള്ള ചെലവിന്റെ കാര്യത്തിൽ യഥാക്രമം 72.02 കോടി രൂപയും 58.36 കോടി രൂപയും: ആളോഹരി ഇനത്തിൽ 26.67 രൂപയും 20.75 രൂപയും. പതിനാല് പ്രമുഖ സംസ്ഥാനങ്ങളിൽ തമിഴ്നാടിന് തൊട്ടടുത്തായി രണ്ടാം സ്ഥാനത്ത് കേരളം നിലകൊണ്ടു.

8.11 ഓരോ വിദ്യാർത്ഥിക്കുമുള്ള ചെലവിന്റെ തോത് ഈ കാലഘട്ടത്തിനിടയിൽ ഗണ്യമായി വർദ്ധിച്ചു. പ്രാഥമികഘട്ടത്തിൽ ഓരോ വിദ്യാർത്ഥിക്കുമുള്ള ചെലവ് 1965-66ൽ 43.8 രൂപയായിരുന്നത് 1992-93ൽ 1074 രൂപയായി; 24 മടങ്ങിന്റെ വർദ്ധനവ്. സെക്കണ്ടറി തലത്തിൽ ഈ കാലഘട്ടത്തിൽ 20 മടങ്ങിലേറെ വർദ്ധനവുണ്ടായി. 90.37 രൂപയിൽ നിന്ന് 1856 രൂപയായി. ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ (പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല) തെളിയിക്കുന്നത് 1995-96ൽ ഓരോ വിദ്യാർത്ഥിക്കുമുള്ള ചെലവ് പ്രാഥമികതലത്തിൽ 2006 രൂപയും സെക്കണ്ടറി തലത്തിൽ 3102 രൂപയുമാണെന്നാണ്.

പട്ടിക 8.5

വിവിധ ഘട്ടങ്ങളിൽ ഓരോ വിദ്യാർത്ഥിക്കുമായുള്ള വിദ്യാഭ്യാസ ചെലവ്

വർഷം	ഓരോ വിദ്യാർത്ഥിക്കുമുള്ള ചെലവ് (രൂപ)		വർഷം	ഓരോ വിദ്യാർത്ഥിക്കുമുള്ള ചെലവ് (രൂപ)	
	പ്രാഥമിക ഘട്ടം	സെക്കണ്ടറി ഘട്ടം		പ്രാഥമിക ഘട്ടം	സെക്കണ്ടറി ഘട്ടം
1965-66	43.80	90.37	1981-82	298.18	536.37
1966-67	54.17	103.81	1982-83	326.13	589.41
1967-68	65.07	130.07	1983-84	372.62	657.60
1968-69	73.23	139.71	1984-85	414.43	737.60
1969-70	82.38	164.08	1985-86	479.23	906.91
1970-71	85.91	176.25	1986-87	563.03	1043.00
1971-72	89.26	187.29	1987-88	596.03	1130.00
1972-73	94.51	194.15	1988-89	638.32	1137.00
1973-74	102.24	211.70	1989-90	804.93	1268.67
1974-75	117.52	217.90	1990-91	872.69	1600.00
1975-76	170.02	361.32	1991-92	953.40	1600.00
1976-77	186.16	386.02	1992-93	1074.41	1856.00
1977-78	193.61	363.02	1993-94	1239.68	2134.05
1978-79	206.21	356.34	1994-95	1576.88	2517.51
1979-80	238.27	369.34	1995-96	1965.14	3084.56
1980-81	265.24	454.25	1996-97	2265.00	3413.00

അവലംബം : '2001-ാമാണ്ട് എ.ഡിയിലെ ജനസംഖ്യയും വിദ്യാഭ്യാസ നയത്തിലും ആസൂത്രണത്തിലും അതുളവാക്കുന്ന സ്വാധീനവും'. സ്കൂൾ പ്രായ ഗ്രൂപ്പിനെ സംബന്ധിച്ച വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് 1994 ജൂൺ: സംസ്ഥാന ആസൂത്രണ ബോർഡ് രേഖ:

8.12 ഈ കണക്കുകൾ സർക്കാരിന്റെ ചെലവിനങ്ങൾ സൂചിപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ വഹിക്കേണ്ടി വരുന്ന ചെലവിനെ സംബന്ധിച്ച കണക്കുകളാണ് ദേശീയ സാമ്പിൾ സർവേ സംഘടന നൽകുന്നത്.

1986 ജൂലൈ മുതൽ 1987 ജൂൺ വരെയുള്ള ഈ കണക്കുകൾ ട്യൂഷൻ ഫീസ്, (ബാധകമായവർക്ക്) പരീക്ഷാ ഫീസ്, മറ്റു ഫീസുകളും വിഹിതങ്ങളും, പുസ്തകങ്ങൾ, സ്റ്റേഷനറി, ഉപകരണങ്ങൾ, യൂണിഫോം, ഗതാഗതം, പ്രൈവറ്റ് കോച്ചിംഗ് എന്നിവയ്ക്കും ഓരോരുത്തരുടേയും മറ്റു ചെലവുകളും ആണ് സൂചിപ്പിക്കുന്നത്. ഏതാണ്ട് ഒരു ദശകം മുമ്പ് ലഭിച്ചതും സാമ്പിളിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെട്ടതുമായ ഈ കണക്കുകൾ പട്ടിക 8-6, 8-7, 8-8 എന്നിവയിൽ കൊടുത്തിരിക്കുന്നു. വിവിധ തലങ്ങളിലെ വിദ്യാഭ്യാസം, സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. വിവിധ തലങ്ങളിലെ ഓരോ വിദ്യാർത്ഥിയുടേയും വിദ്യാഭ്യാസത്തിനായി സ്വകാര്യതലത്തിൽ വരുന്ന വാർഷിക ചെലവാണ് പട്ടിക 8.8 സൂചിപ്പിക്കുന്നത്.

പട്ടിക 8.6

പൊതു വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്കായി ഓരോ വിദ്യാർത്ഥിക്കും വേണ്ട ശരാശരി വാർഷിക ചെലവിന്റെ സംഖ്യ

പുരുഷൻ — കേരളം

	പൊതുധാര						സാങ്കേതിക സ്ഥാപനം				
	സർക്കാർ			സ്വകാര്യ			സർക്കാർ		സ്വകാര്യ		അനധികൃതം
വിഭാഗം	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	
1	2	3	4	5	6	7	8	9	10	11	12
0–20	48	181	1705	51	256	542		500	752	3230	174
10–20	76	163	628	123	219	807					
0–20	60	170	828	86	233	688		500	752	3230	174
20–40	88	196	568	112	230	717		1097		844	25
40–60	133	195	642	127	239	760		450		312	
60–80	133	238	424	85	301	743	405	872	1110	1647	111
80–90	139	372	541	142	362	1151		1163		988	
90–100	255	352	1112	581	750	905		1585		1420	242
80–100	170	367	936	365	598	981		1405		1249	242
മൊത്തം	103	224	724	125	302	821	405	1089	999	1329	129

അവലംബം : സർവേക്ഷണ ലക്കം, 55 വോള്യം 16, നമ്പർ 4, 1993–ഏപ്രിൽ–ജൂൺ. പട്ടിക 12.

പട്ടിക 8.7

പൊതുവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി ഓരോ വിദ്യാർത്ഥിക്കും വേണ്ട ശരാശരി പ്രതിവർഷ ചെലവ്

സ്ത്രീകൾ | കേരളം

വിഭാഗം	പൊതുധാര						സാങ്കേതിക സ്ഥാപനം				അനധികൃതം
	സർക്കാർ			സ്വകാര്യ			സർക്കാർ		സ്വകാര്യ		
	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	
0-10	61	136	807	73	223	687	-	530	-	-	-
10-20	86	166	635	91	214	577				475	51
0-20	71	153	727	82	219	620		530		475	51
20-40	75	237	523	70	237	671		456		628	
40-60	106	249	639	130	259	621		770	786		
60-80	91	355	585	143	302	832		1820	575		330
80-90	72	497	1086	324	392	788		529		484	380
90-100	201	536		545	625	912		310		498	
80-100	132	514	1086	426	485	840		391		490	380
മൊത്തം	86	268	740	134	297	752		720	681	528	270

അവലംബം : സർവേക്ഷണ ലക്കം, 55 വോള്യം 16, നമ്പർ 4, 1993 ഏപ്രിൽ – ജൂൺ. പട്ടിക 12.

പട്ടിക 8.8

പൊതുവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി ഓരോ വിദ്യാർത്ഥിക്കുമുള്ള വാർഷിക ചെലവിന്റെ ശരാശരി സംഖ്യ

വ്യക്തികൾ | കേരളം

വിഭാഗം	പൊതുധാര						സാങ്കേതിക സ്ഥാപനം				അനധികൃതം
	സർക്കാർ			സ്വകാര്യ			സർക്കാർ		സ്വകാര്യ		
	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രൈമറി	സെക്കണ്ടറി	മറ്റുള്ളവ	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	പ്രീ സെക്കണ്ടറി	പോസ്റ്റ് സെക്കണ്ടറി	
0-10	55	159	1157	62	236	640		517	752	3230	174
10-20	81	164	630	106	216	641				475	51
0-20	66	162	792	84	225	640		517	752	1903	93
20-40	82	213	556	91	233	691		836		711	25
40-60	119	221	641	129	247	673		607	786	312	
60-80	112	280	519	110	302	790	405	1444	909	1647	213
80-90	118	412	899	247	382	880		957		689	380
90-100	228	438	1112	562	693	908		1101		1051	242
80-100	156	421	992	399	535	895		1042		872	327
മൊത്തം	95	243	730	130	299	780	405	927	854	969	199

അവലംബം : സർവേക്ഷണ ലക്കം, 55 വോള്യം 16, നമ്പർ 4, 1993 ഏപ്രിൽ – ജൂൺ 1993. പട്ടിക 12.

8.13 പട്ടിക 8-6 മുതൽ 8-8 വരെയുള്ളവയിലെ കണക്കുകൾ വ്യക്തമാക്കുന്നത് വിദ്യാഭ്യാസത്തിനുള്ള സ്വകാര്യ ചെലവുകളാണ്. ഓരോ വിദ്യാർത്ഥിക്കുമുള്ള പൊതു വിദ്യാഭ്യാസചെലവാണ് പട്ടിക 8- 5ൽ കൊടുത്തത്. 1986-87ൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സ്വകാര്യചെലവ് ഓരോ കുട്ടിക്കും 95 രൂപയായിരുന്നപ്പോൾ പൊതുചെലവ് 563 രൂപയായിരുന്നു. സെക്കണ്ടറി തലത്തിൽ തദനുസൃതമായ കണക്കുകൾ 243 രൂപ, 1043 രൂപ എന്നിങ്ങനെയാണ്. സ്കൂൾതലത്തിൽ സാമൂഹ്യ വകയിരുത്തൽ എത്രത്തോളമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു.

8.14 ഇനി ചില പ്രത്യേക പ്രശ്നങ്ങൾ പരിഗണിക്കാം. വിദ്യാഭ്യാസത്തിനുള്ള സാമൂഹ്യ ചെലവുമായി ബന്ധപ്പെട്ടതാണ് ആദ്യത്തേത്. ജസ്റ്റിസ് കെ. പുന്നയ്യ കമ്മിറ്റി 1992-93 ൽ സമർപ്പിച്ചതും സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രസിദ്ധീകരണമായ 'കേരള-കാലിക്കറ്റ്-മഹാത്മാഗാന്ധി സർവകലാശാലകളിലെ ധനസ്ഥിതിയെ സംബന്ധിച്ച പഠനം' 1996ൽ പുന:പ്രസിദ്ധീകരിക്കപ്പെട്ടതിലെ കണക്കുകളാണ് പട്ടിക 8-9ലുള്ളത്. ഉന്നത വിദ്യാഭ്യാസത്തിനുള്ള വരുമാന സ്രോതസ്സുകളെ സംബന്ധിച്ച അന്താരാഷ്ട്ര താരതമ്യപഠനമാണ് അതിലടങ്ങുന്നത്.

പട്ടിക 8.9

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വരുമാന സ്രോതസ്സ് (ശതമാനത്തിൽ)

സ്ഥാപനങ്ങൾ	വർഷം	പൊതുഖജനാവ്	ഫീസ്	മറ്റുവരുമാനം
ഫ്രാൻസ്*	1975	93.80	2.90	4.20
ജർമ്മനി* എല്ലാ സ്ഥാപനങ്ങളും	1984	89.50	4.70	5.30
ജപ്പാൻ, എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും	1986	68.50	0.00	31.50
സ്വകാര്യ ചതുർവർഷ സ്ഥാപനങ്ങൾ	1971	9.00	75.90	15.10
പൊതു സ്ഥാപനങ്ങൾ	1985	15.00	65.80	19.10
	1970	83.10	2.00	14.90
എല്ലാ സ്ഥാപനങ്ങളും	1987	63.10	8.80	28.00
	1971	53.06	31.69	15.20
	1985	41.99	35.78	22.20
എല്ലാ സ്ഥാപനങ്ങളും നെതർലാന്റ്സ്*	1985	80.00	12.00	8.00
നോർവെ *	1975	95.00	ഇല്ല	5.00
പൊതു സ്ഥാപനങ്ങൾ	1987	90.00		10.00
സ്പെയിൻ സർവകലാശാലകൾ		80.00	20.00	ഇല്ല
യു.കെ സർവകലാശാലകൾ	mid1980s	71.20	6.30	22.40
പോളിടെക്നിക്സ്	1970-71	55.00	13.70	31.30
(ഇംഗ്ലണ്ട് മാത്രം)	1986-87	72.40	16.20	11.40
	1986-87			
യു.എസ്.എ		20.70	38.60	40.60
സ്വകാര്യ സ്ഥാപനങ്ങൾ	1969-70			
	1984-85	18.40	38.70	42.90

ഫ്രാൻസ് : ദേശീയ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചെലവുകൾ

ജപ്പാൻ : മറ്റു വരുമാനങ്ങളുടെ 73% സർവകലാശാലകളുമായി ബന്ധപ്പെട്ട ആശുപത്രികളുടെ വരുമാനം.

നോർവെ : ഫീസ് കണക്കുകൾ ലഭ്യമല്ലെങ്കിലും തീരെ തുച്ഛം.

യു.കെ : അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ ഏതാണ്ട് മുഴുവൻ ഫീസും പൊതു നിധിയിൽ നിന്നാണ്. സർവകലാശാലകളുടെ ഫീസ് വരുമാനത്തിൽ ഏതാണ്ട് പകുതിയോളമാണിത്. പോളിടെക്നിക്കുകളുടെ വരുമാനത്തിൽ കൂടുതൽ ഉയർന്ന വരുമാനം ഫീസായിരിക്കും.

യു.എസ്.എ : എല്ലാ തലങ്ങളിലേയും എല്ലാ സർക്കാർ ചെലവും ഉൾപ്പെടുന്നതാണ് കണക്കുകൾ. 1969-70ൽ ഫീസിന്റെ 80 ശതമാനത്തോളം വിദ്യാർത്ഥികൾക്കുള്ള വായ്പകളും ഗ്രാന്റുമായിരുന്നു. 1984-85ൽ ഇത് 95 ശതമാനമായി.

അവലംബം : ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള യു.ജി.സി ധനസഹായം. ജസ്റ്റിസ് കെ. പുന്നയ്യ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്. 1992-93.

8.15 വിദ്യാഭ്യാസത്തിനുള്ള ചെലവ്-ഉന്നതവിദ്യാഭ്യാസത്തിനു പോലും - ഫീസുകൊണ്ടു മാത്രമായി നിറവേറ്റാൻ എവിടെയുമാവുന്നില്ലെന്നു സ്വയം വിശദീകരിക്കുന്നതാണ് ഈ പട്ടിക. കേരള സർവകലാശാലയുടെ ആഭ്യന്തരവരുമാനം (വിവിധതരം ഫീസുകൾ) മൊത്തം വരുമാനത്തിന്റെ 28 ശതമാനവും കാലിക്കറ്റ് സർവകലാശാലയുടേത് 34 ശതമാനവും മഹാത്മാഗാന്ധി സർവകലാശാലയുടേത് 35 ശതമാനവും ആയിരുന്നുവെന്ന് മുകളിൽ പരാമർശിക്കപ്പെട്ട പ്രസിദ്ധീകരണം വ്യക്തമാക്കുന്നു. (1992-93ലെ കണക്കുകളാണിത്.

പൊതുചെലവിന്റെ പരിമിതികൾ

8.16 കേരളത്തിൽ വിദ്യാഭ്യാസത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ചെലവ് മറ്റു മിക്ക സംസ്ഥാനങ്ങളിലേതിലും വളരെ ഉയർന്ന തോതിലാണെന്ന് വിദ്യാഭ്യാസത്തിന്റെ പൊതുചെലവുകളെ സംബന്ധിച്ച മുകളിൽ കൊടുത്ത ചർച്ചയിൽ നിന്ന് വ്യക്തമാവുന്നു. ഇപ്പോഴാകട്ടെ, സർക്കാരിന്റെ മൊത്തം ബജറ്റിനെ സംബന്ധിച്ചിടത്തോളവും വിദ്യാഭ്യാസത്തിനായുള്ള അതിന്റെ വിഹിതത്തിനെ സംബന്ധിച്ചിടത്തോളവും സംസ്ഥാനത്ത് ഒരുതരം ധനപ്രതിസന്ധി നിലവിലുള്ളതിന്റെ സൂചനകൾ പ്രകടമാണ്. പൊതു ചെലവിനുള്ള സമാഹരണത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനം ഉയർന്ന പരിധിയിലെത്തിക്കഴിഞ്ഞുവെന്ന് തോന്നുന്നു. സർക്കാരിന്റെ കമ്മി സംഭ്രമജനകമായ തോതിലെത്തിയിരിക്കുകയാണ്. ധനപ്രതിസന്ധിയുടെ കാരണങ്ങളിലൊന്ന് പൊതുവിൽ സാമൂഹ്യസേവനത്തുറകൾക്കായുള്ള ഉയർന്ന തോതിലുള്ള പൊതുചെലവ് പ്രത്യേകിച്ച്, വിദ്യാഭ്യാസത്തിന്റെ ചെലവ്, ആണെന്ന് കരുതപ്പെടുന്നു.

8.17 ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾ ആഭ്യന്തരമായി വിഭവസമാഹരണത്തിലേർപ്പെടുകയും കേന്ദ്രം ശേഖരിക്കുന്ന വരുമാനങ്ങളിൽ (ആദായ നികുതി പോലുള്ളവ) ഒരു വിഹിതം കൈപ്പറ്റുകയും ചെയ്യുന്നു. മറ്റു വിധത്തിലും കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്ക് വിഭവകൈമാറ്റം നടത്തുന്നുണ്ട്. വിഭവസമാഹരണത്തിന് ഓരോ സംസ്ഥാനവും നടത്തുന്ന പരിശ്രമങ്ങളുടെ ഫലമാണ് ആഭ്യന്തരവരുമാനം. കേരളത്തിന്റെ മൊത്തം പൊതുവ്യയത്തിന്റെ തോത് എന്ന നിലയിൽ സ്വന്തം വിഭവങ്ങൾ എല്ലാ സംസ്ഥാനങ്ങളുടേയും ഒന്നിച്ചുള്ളതിന്റെ ശരാശരിയേക്കാളും വളരെ ഉയർന്നതാണെന്ന് പട്ടിക 8-10 വ്യക്തമാക്കുന്നു.

പട്ടിക 8.10

സംസ്ഥാനത്തെ ചെലവിന്റെ പണം വകയിരുത്തുന്നതിൽ തനത് ഫണ്ടിന്റെ ഓഹരി (1974- 97) (ശതമാന കണക്കിൽ)

വർഷം	റവന്യൂ ചെലവ്		മൂലധന ചെലവ്		മൊത്തം ചെലവ്	
	കേരളം	എല്ലാ സംസ്ഥാനങ്ങളും	കേരളം	എല്ലാ സംസ്ഥാനങ്ങളും	കേരളം	എല്ലാ സംസ്ഥാനങ്ങളും
74-75	61.2	69.3	58.4	42.9	61.2	61.4
75-76	62.7	73.5	43.9	51.7	58.3	66.5
76-77	65.3	73.7	40.1	37.6	58.8	61.9
77-78	70.7	70.5	46.1	30.0	64.7	57.4
78-79	72.3	68.7	41.9	37.2	65.2	58.3
79-80	77.4	67.4	37.3	27.7	67.4	54.5
80-81	65.4	66.7	37.8	35.1	59.3	56.3
81-82	80.4	67.2	24.1	35.1	63.2	57.1
82-83	70.8	64.8	51.0	36.5	66.6	56.6
83-84	61.0	62.7	51.2	44.3	58.6	57.4
84-85	66.3	59.3	36.2	44.3	58.0	55.0
85-86	60.3	60.8	55.9	39.5	59.2	55.0
86-87	59.1	60.2	40.1	41.2	54.6	55.2
87-88	62.6	58.4	75.8	44.8	65.3	55.0
88-89	62.8	56.9	71.5	44.3	64.4	54.0
89-90	61.4	55.7	68.6	53.0	62.8	55.1
94-95	63.1	60.3	105.6	73.9	69.4	63.1
95-96	59.9	57.6	94.8	56.2	65.1	57.3
96-97	57.3	56.3	92.8	55.0	62.3	56.1

അവലംബം : കെ.കെ. ജോർജ്ജ് : 'കേരള വികസന മാതൃകയുടെ പരിമിതികൾ'. പട്ടിക III-1. ഗ്രന്ഥകാരൻ നൽകിയ കണക്കുകളുമായി ആധുനികീകരിച്ചത്.

8.18 റവന്യൂ ചെലവിൻെറയും മൂലധന ചെലവിന്റെയും അടിസ്ഥാനത്തിൽ ഇതാണ് സ്ഥിതി. സംസ്ഥാനത്തെ ആഭ്യന്തരോത്പാദനത്തിന്റെ (എസ്.ഡി.പി.) തോത് എന്ന നിലയിൽ കേരളത്തിന്റെ തനത് വിഭവങ്ങളുടെ അനുപാതം എല്ലാ സംസ്ഥാനങ്ങളുടേയും ശരാശരിയിലും ഉയർന്നതാണെന്ന് പട്ടിക 8-11 വ്യക്തമാക്കുന്നു.

പട്ടിക 8.11

സംസ്ഥാന ആഭ്യന്തരോത്പാദനവും വിഭവങ്ങളും തമ്മിലുള്ള അനുപാതം (ശതമാനത്തിൽ)

വർഷം	നികുതി വരുമാനം		നികുതിയിതരവരുമാനം		മൊത്തം വരുമാനം	
	കേരളം	എല്ലാ സംസ്ഥാനങ്ങളും*	കേരളം	എല്ലാ സംസ്ഥാനങ്ങളും	കേരളം	എല്ലാ സംസ്ഥാനങ്ങളും
74–75	5.9	5.4	2.7	2.3	8.6	7.7
75–76	7.2	6.5	2.8	2.7	10.0	9.2
76–77	7.8	6.7	2.8	2.9	10.6	9.6
77–78	8.5	6.3	3.2	2.8	11.7	9.1
78–79	9.2	6.8	3.4	3.0	12.6	9.8
79–80	9.2	7.1	3.9	3.0	13.1	10.1
80–81	9.4	7.0	2.8	2.9	12.2	9.9
81–82	10.1	7.7	6.2	2.9	16.3	10.6
82–83	9.3	7.7	2.5	2.9	11.8	10.6
83–84	8.8	7.3	2.2	2.8	11.0	10.1
84–85	9.7	7.6	2.1	2.8	11.8	10.4
85–86	12.3		2.4		14.7	
86-87 P	12.0		2.5		14.5	
87–88 P	11.8		2.4		14.1	
88–89 Q	12.3		2.0		14.4	

** പതിനാല് പ്രമുഖ സംസ്ഥാനങ്ങൾക്ക് മാത്രം ബാധകമായത്.*
പി:- എസ്.ഡി.പി.യുടെ താൽകാലിക എസ്റ്റിമേറ്റ്, ക്യൂ-എസ്.ഡി.പി.യുടെ താൽകാലിക എസ്റ്റിമേറ്റ്
അവലംബം ; 'കേരള വികസനമാതൃകയുടെ പരിമിതികൾ' ടേബിൾ III.2 കെ.കെ. ജോർജ്ജ്
പട്ടിക III-2.

8.19 ആളോഹരി അടിസ്ഥാനത്തിലും ആഭ്യന്തര വിഭവസമാഹരണത്തിനുള്ള കേരളത്തിന്റെ പരിശ്രമങ്ങൾ മികച്ചു നിൽക്കുന്നു. ആഭ്യന്തര വിഭവസമാഹരണത്തെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാ ശരാശരിയേക്കാളും ഉയർന്നതാണ് കേരളത്തിന്റെ നില എന്ന് ഇവ സൂചിപ്പിക്കുന്നു. നികുതിവരുമാനം സൂചികയായെടുക്കുമ്പോൾ 1980കളിൽ എല്ലാ സംസ്ഥാനങ്ങളിലും വെച്ച് ഒന്നാം സ്ഥാനത്തായിരുന്നു കേരളം. 1990 കളുടെ ആദ്യത്തിൽ തമിഴ്നാട് കേരളത്തേക്കാൾ അല്പം മുൻപന്തിയിലെത്തി. എന്നിട്ടും സമീപവർഷങ്ങളിലായി കേരളം രൂക്ഷമായ ബജറ്ററി പ്രതിസന്ധി നേരിടുന്നു. മിക്ക സംസ്ഥാന ഗവൺമെന്റുകളും ഈ പ്രശ്നം നേരിടുന്നുവെങ്കിലും റവന്യൂ കണക്കിൽ കേരളം മുൻപന്തിയിലാണെന്ന് പട്ടിക 8-12 വ്യക്തമാക്കുന്നു.

പട്ടിക 8.12

റവന്യൂ മിച്ചം/കമ്മിയും റവന്യൂ ചെലവും തമ്മിലുള്ള അനുപാതം (1974-97-ശതമാനത്തിൽ)

വർഷം	കേരളം	22 സംസ്ഥാനങ്ങൾ
1974-75	0.1	6.5
1975-76	1.0	13.9
1976-77	0.8	13.8
1977-78	7.0	11.4
1978-79	9.0	10.8
1979-80	10.9	12.8
1980-81	4.1	10.8
1981-82	12.7	8.1
1982-83	3.4	4.4
1983-84	5.9	0.9
1984-85	1.2	3.3
1985-86	5.1	2.0
1986-87	9.2	0.1
1987-88	10.9	2.4
1988-89	6.9	4.2
1989-90	8.3	7.5
1994-95	7.9	4.8
1995-96	13.2	5.8
1996-97	16.0	6.8

അവലംബം : കെ.കെ. ജോർജ്ജ്, 'കേരളവികസനമാതൃകയുടെ പരിമിതികൾ', പട്ടിക II-2. ഗ്രന്ഥകാരൻ നൽകിയ കണക്കുകളുമായി ആധുനികീകരിച്ചത്.

8.20 കേരളത്തിന്റെ കമ്മി ഒന്നാമതായും റവന്യൂ കണക്കിലാണ് എന്നതാണ് വസ്തുത. സാമൂഹ്യസേവന തുറകൾക്കായി-ഏറ്റവും ഉയർന്ന ഓഹരി വിദ്യാഭ്യാസത്തിനാണ് - ഏറ്റവും ഉയർന്ന തോതിൽ ചെലവഴിക്കുന്നതിന്റെ പ്രതിഫലനമാണ് മുഖ്യമായും ഇത്. ഈ വശങ്ങളെല്ലാം ഒരുമിച്ചു കണക്കിലെടുക്കുമ്പോൾ വരും വർഷങ്ങളിലും ദശകങ്ങളിലും സംസ്ഥാനത്തെ വിദ്യാഭ്യാസത്തിനുള്ള വിഭവങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യം സർക്കാരിൽനിന്ന് നിറവേറ്റാമെന്ന് പ്രതീക്ഷിക്കുന്നത് അന്യായമായിരിക്കുമെന്ന് വ്യക്തമാവുന്നു. എങ്കിലും വിദ്യാഭ്യാസത്തിനുള്ള വകയിരുത്തലിൽ ഏറ്റവും വലിയ ഘടകം തുടർന്നും പൊതുവ്യയമായിരിക്കുമെന്നതിൽ സംശയമില്ല. അതിനാൽ വിദ്യാഭ്യാസത്തിന് സർക്കാരിന്റേതല്ലാത്ത വരുമാനമാർഗ്ഗങ്ങൾക്കുള്ള സാധ്യതകളാരായേണ്ടത് ആവശ്യമാണ്.

വിദ്യാഭ്യാസത്തിന് പണം വകയിരുത്തുന്നതിന് നിലവിലുള്ള രീതികൾ

8.21 വിദ്യാഭ്യാസത്തിന് പണം വകയിരുത്തുന്നതിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്ത് പൊതുവിലായി മൂന്ന് മേഖലകളാണുള്ളത്. സർക്കാർ മേഖല, എയ്ഡഡ് സ്വകാര്യ മേഖല, അൺഎയ്ഡഡ് സ്വകാര്യമേഖല. സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ പൂർണ്ണമായും സർക്കാരിന്റെ ധനസഹായത്തോടെയും നിയന്ത്രണത്തിലും നടത്തപ്പെടുന്നു. സ്വകാര്യ ഏജൻസികളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നവയും (എയ്ഡഡ്

സ്വകാര്യ മേഖല) സർക്കാരിൽ നിന്ന് യാതൊരു വിധത്തിലുള്ള ധനപരമായ പിന്തുണയും ലഭിക്കാത്തവയും ഉൾപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ വിവിധതലങ്ങളിൽ ഈ മേഖലകളുടെ ആപേക്ഷികശേഷി വ്യത്യസ്തമാണ്. പട്ടിക 8-13 ഏറ്റവും ഒടുവിലത്തെ സ്ഥിതി വിവരിക്കുന്നു.

പട്ടിക 8.13

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വർഗീകരണം 1996-97(വർഷം)

മേഖലാ തലങ്ങൾ	സർക്കാർ	സ്വകാര്യം	
		എയ്ഡഡ്	അൺഎയ്ഡഡ്
1. പ്രൈമറി	3481	5915	296
2. സെക്കണ്ടറി	976	1394	203
3. കൊളീജിയറ്റ് എജ്യുക്കേഷൻ			
(a) ആർട്സ് & സയൻസ് പൊതുവിൽ	* 38	148	25
(b) പ്രൊഫഷണൽ**	25	18	–

*ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളുൾപ്പെടെ

** സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെ.

ഈ വിഭിന്ന നിലവാരങ്ങളിൽ വിദ്യാഭ്യാസത്തിന് പണം വകയിരുത്തുന്നതിനുള്ള ഇപ്പോഴത്തെ രീതിയും മൂന്ന് മേഖലകളിലെ സ്ഥിതിയും ചുവടെ ചർച്ചചെയ്യുന്നു.

പ്രാഥമിക വിദ്യാഭ്യാസം

8.22 1994-95 ലെ കണക്കുകൾ പ്രകാരം സർക്കാർ-സ്വകാര്യ എയ്ഡഡ് സ്കൂളുകളിലായി സർക്കാരിന്റെ ചെലവ് ഏതാണ്ട് 619.75 കോടി രൂപ വരും. ഇതിൽ 239.87 കോടി രൂപ സർക്കാർ സ്കൂളുകളിൽ ചെലവഴിക്കപ്പെടുകയും 379.88 കോടി രൂപ സ്വകാര്യ എയ്ഡഡ് സ്കൂളുകൾക്ക് സഹായമായി വിതരണം ചെയ്യുകയും ചെയ്തു. ട്യൂഷൻ ഫീസിനത്തിൽ യാതൊന്നും ശേഖരിക്കുന്നില്ല. വിവരിക്കപ്പെട്ടിട്ടില്ലാത്ത 'മറ്റു വരുമാനങ്ങൾ' എന്ന ഒരിനമാണ് പ്രാഥമിക വിദ്യാലയങ്ങളിലെ വരുമാനം. ഇത് 43.98 ലക്ഷം രൂപയാണ്. ചെലവഴിക്കപ്പെടുന്ന തുകയുടെ 0.07 ശതമാനം മാത്രം വരുന്ന തുച്ഛമായ തുകയാണത്. പ്രാഥമിക വിദ്യാഭ്യാസത്തിന് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ പണം വിനിയോഗിക്കുന്നതിനെ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല. എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് നൽകപ്പെടുന്ന സഹായത്തിൽ അധ്യാപന ഗ്രാന്റ് എന്നയിനത്തിലേക്കുള്ള 368.06 കോടി രൂപ ഉൾപ്പെടുന്നു. ശമ്പളം നൽകുന്നതിനാണ് ഈ തുക. 88.09 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റായും, ഗ്രാന്റ്സ് ഇൻ എയ്ഡ് ആയി 10.94 രൂപയും ഉൾപ്പെടുന്നു. എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് നൽകുന്ന മൊത്തം തുകയുടെ 3.1 ശതമാനമാണ് ഗ്രാന്റ്സ് ഇൻ എയ്ഡും മെയിന്റനൻസ് ഗ്രാന്റും.

സെക്കണ്ടറി വിദ്യാഭ്യാസം

8.23 1994-95ലെ കണക്കുകൾ പ്രകാരം സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സർക്കാർ ചെലവ് 360.50 കോടി രൂപയാണ്. സർക്കാർ വക സെക്കണ്ടറി സ്കൂളുകൾക്കായി 141.09 കോടി രൂപ ചെലവഴിച്ചപ്പോൾ എയിഡഡ് സെക്കണ്ടറി സ്കൂളുകൾക്ക് ഗ്രാന്റുകളായി 217.41 കോടി രൂപ ചെലവാക്കി. സ്കോളർഷിപ്പുകളായും മറ്റ് പ്രോത്സാഹനങ്ങളായും 1.99 കോടി രൂപയാണ് നൽകിയത്. ട്യൂഷൻ

ഫീസായും മറ്റ് വിവിധ ഫീസുകളായും 33.84 രൂപ ലഭിച്ചു. 1.02 കോടി രൂപ വരുന്ന 'മറ്റു വരവു'കളുമുണ്ട്. ഇതുകൂടി ചേർത്താലും മൊത്തം വരവ്, ചെലവിന്റെ 10% മാത്രമാണ്..

സ്കൂളുകൾക്കുള്ള ഗ്രാൻറിൽ 201.18 കോടി രൂപ ടീച്ചിങ്ങ് ഗ്രാന്റും 2.22 കോടി രൂപ മെയിന്റനൻസ് ഗ്രാന്റും 14.02കോടി രൂപ ഗ്രാന്റ്സ് ഇൻ എയ്ഡുമാണ്. സെക്കണ്ടറി സ്കൂളുകൾക്കുള്ള മൊത്തം ചെലവിന്റെ 7.4% മെയിന്റനൻസ് ഗ്രാന്റും ഗ്രാന്റ്സ് ഇൻ എയ്ഡുമാണ്.

ഉന്നത വിദ്യാഭ്യാസം

എ) ആർട്സ് - സയൻസ് കോളേജുകൾ

8.24 1994-95ലെ കണക്കുകൾ പ്രകാരം ആർട്സ്-സയൻസ് കോളേജുകൾക്കായി മൊത്തം സർക്കാർ ചെലവ് 166.23 കോടി രൂപയാണ്. (ഏതാനും പരിശീലന സ്ഥാപനങ്ങൾക്കായുള്ള ചെലവും ഇതിലുൾപ്പെടുന്നു.) ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം, (17.20 ലക്ഷം രൂപ), സ്കോളർഷിപ്പുകൾ (45.50 ലക്ഷം രൂപ), തുടങ്ങിയ ചില ചെലവുകളും ഈ ഇനത്തിൽപെടുത്താം. അപ്പോൾ ചെലവുകൾ 166.85 കോടി രൂപയാകുന്നു. സർക്കാർ വക ആർട്സ്-സയൻസ് കോളേജുകൾക്കായി 31.06 കോടി രൂപ ചെലവഴിച്ചപ്പോൾ സ്വകാര്യ എയ്ഡഡ് കോളേജുകൾക്കായി 135.17 കോടി രൂപ നൽകി. ആർട്സ് - സയൻസ് കോളേജുകളിൽ നിന്ന് ട്യൂഷൻ ഫീസായി മൊത്തം 4.74 കോടി രൂപ പിരിച്ചു; ഇതിൽ 1.36 കോടി രൂപ സർക്കാർ കോളേജുകളിൽ നിന്നും 3.38 കോടി രൂപ സ്വകാര്യ കോളേജുകളിൽ നിന്നുമായിരുന്നു. ഇങ്ങനെ സർക്കാർ കോളേജുകൾക്കായുള്ള ചെലവിന്റെ 4.4% ട്യൂഷൻ ഫീസായി ലഭിച്ചപ്പോൾ സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് സർക്കാർ നൽകിയ ഗ്രാന്റിന്റെ 2.5% ആയിരുന്നു ട്യൂഷൻ ഫീസ് വകയിൽ ഈടാക്കിയത്.

എയ്ഡഡ് കോളേജുകൾക്കുള്ള ധനസഹായത്തിൽ 135.13 കോടി രൂപ ടീച്ചിങ്ങ് ഗ്രാന്റായി നൽകി. കോളേജുകൾക്ക് നൽകിയ ഏതാണ്ട് മൊത്തം തുകയോളം ഇത് വരും. കണ്ടിൻജൻസി-മെയിന്റനൻസ് ഗ്രാന്റ് 3.83 ലക്ഷം രൂപയായിരുന്നു. ലൈബ്രറി-ലാബറട്ടറി ഗ്രാന്റായി 1994-95ൽ ചെലവഴിച്ച തുക 13430 രൂപയാണ് എന്നു കണക്കാക്കുന്ന ഒരു അക്കൗണ്ടുമുണ്ട്! 1995-96ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റായി 10 ലക്ഷം രൂപയും ലാബറട്ടറി-ലൈബ്രറി ഗ്രാന്റായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതൊരഭിവൃദ്ധിയായി കണക്കാക്കാനാവില്ല.

ബി) പ്രൊഫഷണൽ കോളേജുകൾ

8.25 പ്രൊഫഷണൽ കോളേജുകളിലെ ചെലവിനങ്ങളുടെ രീതി കുറച്ചുകൂടി സങ്കീർണ്ണമാണ്. കേന്ദ്രാഭിമുഖ്യത്തിലുള്ള വിവിധ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ തന്നെ വിവിധ സാങ്കേതിക സഹായ പരിപാടികളും ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് പണം വരുന്നു. ആരോഗ്യവകുപ്പ് എന്ന വ്യത്യസ്തവകുപ്പിനു കീഴിൽ പ്രവർത്തിക്കുകയും മെഡിക്കൽ കോളേജ് ആശുപത്രി എന്ന സംവിധാനത്തിന്റെ പിന്തുണ ഉപയോഗപ്പെടുത്തുകയും, അതിനും പുറമേ വിവിധ പദ്ധതികൾ പ്രകാരമുള്ള സഹായം നേടുകയും ചെയ്യുന്ന മെഡിക്കൽ കോളേജുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഇതാണ് സ്ഥിതി.

'എഞ്ചിനീയറിങ്ങ് കോളേജുകൾ, ടെക്നിക്കൽ കോളേജുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ' എന്നിവക്കായുള്ള മൊത്തം ചെലവ് 9.52 കോടി രൂപയായിരുന്നുവെന്ന് 1994-95ലെ കണക്കുകൾ വ്യക്തമാക്കുന്നു. സ്വകാര്യ

സ്ഥാപനങ്ങൾക്കുള്ള സഹായം 9.72 കോടി രൂപയായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് (ഐ.എച്ച്.ആർ. ഡി), ലാൽ ബഹദൂർ ശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (എൽ.ബി.എസ്.ഐ.എസ്.ടി) എന്നിവ നടത്തുന്ന പല എഞ്ചിനീയറിംഗ് കോളേജുകൾക്കും പ്രത്യേകമായാണ് പണം നൽകുന്നത്. അവയും ഗവൺമെന്റ് സ്ഥാപനങ്ങളാകയാൽ ഈ രംഗത്തെ യഥാർത്ഥ സർക്കാർ ചെലവ് കൂടുതൽ വരും.

ഈ രംഗത്തെ ട്യൂഷൻ ഫീസും മറ്റു ഫീസുകളും 1.13 കോടി രൂപ വരുമെന്ന് കണക്കുകൾ കാണിക്കുന്നു. ഇങ്ങനെ സർക്കാർ ചെലവിന്റെ 5.9% ഫീസുകളായി ഈടാക്കുന്നു. ഈ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന 'മറ്റു വരുമാനങ്ങൾ' എന്നയിനത്തിൽ വേറെ 2.19 കോടി രൂപയും ലഭിക്കുന്നു. ഈ 'മറ്റു വരുമാനങ്ങൾ' എന്തെന്നത് വ്യക്തമല്ല. അവ കൂടി കൂട്ടുമ്പോൾ ചെലവിന്റെ 17 ശതമാനമാണ് വരവ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സർക്കാർ ചെലവിന്റെ സിംഹഭാഗത്തെയും സംബന്ധിച്ച് മുകളിൽ കൊടുത്ത കണക്കുകൾ വ്യക്തമാക്കുന്നത്, അധ്യാപകർക്കുള്ള ശമ്പളം എന്ന രീതിയിലുള്ള 'ടീച്ചിംഗ് ഗ്രാന്റ്'ാണ് കൂടുതലും എന്നാണ്. സർക്കാർ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളവും ഇതു തന്നെയാണ് സ്ഥിതി; കാരണം വകയിരുത്തലുകളിൽ അധികഭാഗവും പദ്ധതിയിതര ചെലവുകൾക്കാണ്. പദ്ധതി വിഹിതമെന്ന നിലയിലുള്ള ചെലവ് വളരെ കുറവാണ്. അതാകട്ടെ ഉപയോഗപ്പെടുത്തുന്നത് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മെച്ചപ്പെടുത്തലിനുമാണ്. എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും മെയിന്റനൻസ് ഗ്രാന്റ് എന്ന നിലയിൽ വളരെക്കുറച്ചു മാത്രമാണ് ലഭിക്കുന്നത്. ലൈബ്രറികളും ലാബറട്ടറികളും മെച്ചപ്പെടുത്തുന്നതിന് ഫലത്തിൽ ഒന്നും തന്നെ ലഭിക്കുന്നില്ല. വിദ്യാർത്ഥികളിൽ നിന്ന് പിരിക്കുന്ന ഫീസ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം തീരെ തുച്ഛമാണ്.

8.27 ധനസ്ഥിതി വ്യക്തമാക്കുന്നതിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള മറ്റേതാനും ചെലവുകളുടെ രൂപങ്ങളും പഠന വിധേയമാക്കുന്നത് പ്രയോജനകരമായിരിക്കും. സർക്കാരിന്റെ ചെലവുകളിലൊന്ന് പാഠപുസ്തകങ്ങൾക്കുള്ളതാണ്. 1994-95ൽ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള പാഠപുസ്തകങ്ങൾക്ക് സർക്കാർ ചെലവ് 14.97 കോടി രൂപയായിരുന്നു. സ്കൂളുകൾ മുഖേന പാഠപുസ്തകങ്ങൾ വിറ്റ വകയിൽ 11.90 കോടി രൂപ ലഭിക്കുകയും ചെയ്തു. നോട്ട് പുസ്തകങ്ങളും സർക്കാർ വിറ്റഴിക്കുകയുണ്ടായി. ഈയിനത്തിൽ 1.50 കോടി രൂപ ലഭിക്കുകയും ചെയ്തു. പരീക്ഷാ നടത്തിപ്പാണ് മറ്റൊന്ന്. സെക്കണ്ടറി വിദ്യാഭ്യാസത്തിൽ പരീക്ഷാ നടത്തിപ്പിന് സർക്കാർ ചെലവ് 5.80 കോടി രൂപയായിരുന്നു. പരീക്ഷാ ഫീസിനത്തിൽ 1.29 കോടി രൂപ ലഭിച്ചു. ചെലവിന്റെ 25 ശതമാനത്തിൽ താഴെയാണിത്. ശമ്പളം നൽകുന്നതിനു പുറമേ, പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും പരീക്ഷകൾ നടത്തുകയും ചെയ്യുന്നതിന്റെ ധനപരമായ ഭാരത്തിൽ മുഖ്യഭാഗവും സർക്കാർ വഹിക്കുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്.

8.28 ധനപരമായ ഈ സ്ഥിതിയിൽ ചെറിയ വ്യത്യാസങ്ങൾ സാധ്യമായേക്കുമെന്നല്ലാതെ ചെലവിന്റെ സിംഹഭാഗത്തേയും സംബന്ധിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ഗവൺമെന്റിന് പിന്മാറാനാവില്ല എന്നത് വ്യക്തമാണ്. അധ്യാപകർക്കുള്ള ശമ്പളം, പരീക്ഷകളുടെ നടത്തിപ്പ് എന്നിവക്കു പുറമേ അധ്യാപകർക്കുള്ള പരിശീലനം, പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും അച്ചടിക്കുകയും ചെയ്യുക എന്നിവയും ഉത്തരവാദിത്വങ്ങളിൽ പെടുന്നു. അനുപേക്ഷണീയമായ ഈ വശങ്ങൾ ഉറപ്പുവരുത്തുമ്പോൾ തന്നെ എയ്ഡഡ് കോളേജുകൾക്കുള്ള ഗ്രാന്റ്സ് ഇൻ എയ്ഡ്, കെട്ടിടങ്ങൾക്കും മറ്റു സൗകര്യങ്ങൾക്കുമുള്ള മൂലധനച്ചെലവ്, ലാബറട്ടറികൾക്കും ലൈബ്രറികൾക്കുമുള്ള ഗ്രാന്റ് തുടങ്ങിയ തുല്യപ്രാധാന്യമുള്ള മറ്റു ചെലവിനങ്ങൾക്ക് വക കണ്ടെത്താനാകാതെ സർക്കാർ വിഷമിക്കുന്നു. നേരത്തെ വിവരിച്ചതു പ്രകാരമുള്ള കേരളത്തിന്റെ ധനസ്ഥിതി കണക്കിലെടുക്കുമ്പോൾ നിലവിലുള്ള സാഹചര്യങ്ങളിൽ സർക്കാരിന് കൂടുതൽ വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത തീരെയില്ല.

സർവകലാശാലകൾക്കുള്ള ധനവിനിയോഗം

8.29 കേരളത്തിലെ സർവകലാശാലകളുടെ വരുമാന മാർഗങ്ങളിൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ, ഫീസ് മുതലായ ആഭ്യന്തര വരുമാനങ്ങൾ, യു.ജി.സി.യിൽ നിന്നും ഇതര സാങ്കേതിക-ഗവേഷണ സംഘടനകളിൽ നിന്നുമുള്ള സഹായം എന്നിവ ഉൾപ്പെടുന്നു. സ്റ്റാഫിനുള്ള ശമ്പളം, പരീക്ഷണശാലകളിലെ ഉപകരണങ്ങളുടെ ചെലവ്, ലൈബ്രറി പുസ്തകങ്ങൾക്കുള്ള ചെലവ്, നിർമ്മാണ-അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവയാണ് സർവകലാശാലകളുടെ ചെലവിൽ ഉൾപ്പെടുന്നത്.

8.30 1980–81ൽ കേരള സർവകലാശാലയുടെ മൊത്തം വരുമാനം 465.67 ലക്ഷം രൂപയായിരുന്നു. ഇതിൽ 86 ലക്ഷം രൂപ (18.46%) സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റായും 317.98 ലക്ഷം രൂപ (68.28%). സ്വന്തം വിഭവങ്ങളിൽ നിന്നും 61.69 ലക്ഷം രൂപ (13.25%) യു.ജി.സി.യിൽ നിന്നും മറ്റുമുള്ള സഹായമായും ലഭിച്ചു. 1993–94ലെ ബന്ധപ്പെട്ട കണക്കുകൾ ഇപ്രകാരമാണ്: 1389.16 ലക്ഷം രൂപ (62.22%); 642.60 ലക്ഷം രൂപ (28.78%); 208.88 ലക്ഷം രൂപ (9.0%). കാലിക്കറ്റ് സർവകലാശാലയെ സംബന്ധിച്ചിടത്തോളം 1980–81ലെ കണക്കുകൾ ഇപ്രകാരമാണ് : 82 ലക്ഷം രൂപ (32.17%), 133.83 ലക്ഷം രൂപ (52.50%); 39.09 ലക്ഷം രൂപ (57.17%); 1993–94ലെ കണക്കുകൾ ഇപ്രകാരമാണ് : 563.85 ലക്ഷം രൂപ (34.03%); 145.71 ലക്ഷം രൂപ (8.8%).

8.31 12 വർഷങ്ങൾക്കിടയിൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളോടുള്ള കേരള സർവകലാശാലയുടെ ആശ്രിതത്വം മൂന്നു മടങ്ങായും കാലിക്കറ്റ് സർവകലാശാലയുടേത് ഇരട്ടിയായും വർദ്ധിച്ചുവെന്നാണ് ഇത് തെളിയിക്കുന്നത്. ഈ പ്രവണത പിന്നീടും ശക്തിപ്പെടുകയാണ്.

8.32 ആഭ്യന്തര വിഭവസമാഹരണം ചുരുങ്ങിക്കൊണ്ടിരുന്നു. യു.ജി.സി.യിൽ നിന്നും മറ്റു മാർഗങ്ങളിൽ നിന്നുമുള്ള സഹായവും ചുരുങ്ങി; രൂപക്കണക്കിൽ നോക്കിയാൽ ഇവ പലമടങ്ങ് വർദ്ധിച്ചിട്ടുണ്ടെങ്കിലും, മൂന്നു സർവകലാശാലകൾ (കേരള, കാലിക്കറ്റ്, എം.ജി). 1993–94ൽ ഫീസുകളായി മൊത്തം സംഭരിച്ചത് 298.47 ലക്ഷം രൂപയാണ്. അവയുടെ മൊത്തം വരുമാനത്തിന്റെ 6.44% മാത്രമായിരുന്നു ഇത്.

8.33 സർവകലാശാലകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ മൊത്തം ഗ്രാന്റ് 1993–94 മുതൽ 1996–97 വരെയുള്ളത് പട്ടിക 8.14ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8.14

സർവകലാശാലകൾക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതി-പദ്ധതിയേതര ഗ്രാന്റുകൾ (ലക്ഷത്തിൽ)

വർഷം	പദ്ധതി	പദ്ധതിയേതരം	മൊത്തം
1993–94	1425	5157.02	6582.02
1994–95	1725	5672.73	7397.73
1995–96	2375	5956.36	8331.36
1996–97	2975	6630.72	9605.72

അവലംബം ; സംസ്ഥാന ആസൂത്രണ ബോർഡ് 1996 മേയിൽ പ്രസിദ്ധീകരിച്ച കേരള-കാലിക്കറ്റ്-മഹാത്മാഗാന്ധി സർവകലാശാലകളുടെ ധനസ്ഥിതിയെ സംബന്ധിച്ച ഒരു പഠനം.

പട്ടിക 8.15

സർവകലാശാലാവിദ്യാഭ്യാസത്തിനുള്ള പദ്ധതിയേതര ചെലവ് (ലക്ഷത്തിൽ)

1992-93	1993-94	1994-95	1995-96(ആർ.ഇ)	1996-97(ബി.ഇ)	മൊത്തം
2652	2522	2752	2893	3379	14198

അവലംബം ; സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഉന്നത വിദ്യാഭ്യാസ സംബന്ധമായ ടാസ്ക് ഫോഴ്സ് 1997 ജൂണിൽ സമർപ്പിച്ച 9-10 പഞ്ചവത്സര പദ്ധതി റിപ്പോർട്ട്.

8.34 കേരള-കാലിക്കറ്റ്-മഹാത്മാഗാന്ധി സർവകലാശാലകളുടെ മൊത്തം ചെലവ് 1988-89 ൽ 2521.75 ലക്ഷം രൂപയായിരുന്നത് 1992-93 ൽ 5169.70 ലക്ഷം രൂപയായി. കേരള സർവകലാശാലയുടെ സ്റ്റാഫിനുള്ള ശമ്പളം 1988-89 ൽ 501 ലക്ഷം രൂപയായിരുന്നത് 1993-94 ൽ 1231 ലക്ഷം രൂപയായി. കാലിക്കറ്റ് സർവകലാശാലയുടെ മൊത്തം ശമ്പള ചെലവ് 1988-89 ൽ 418 ലക്ഷം രൂപയായിരുന്നത് 1994 ൽ 1614 ലക്ഷം രൂപയായി.

8.35 1988-89 ൽ മൊത്തം ചെലവിന്റെ 49% സ്റ്റാഫിന്റെ ശമ്പളമായിരുന്നു. രൂപയായി കണക്കാക്കിയാൽ ഈയിനത്തിലുള്ള ചെലവ് 1993-94 ഓടെ ഇരട്ടിയായി (5.61 കോടി രൂപയിൽ നിന്ന് 12.31 കോടി രൂപയായി). ശതമാനക്കണക്കെടുക്കുമ്പോൾ 49% തന്നെയായി തുടർന്നു. സർവകലാശാലകളുടെ മുഖ്യമായ മറ്റ് ചെലവ് പരീക്ഷകളാണ്. 1988-89 ൽ ഇത് 158.13 ലക്ഷം രൂപ (13%) ആയിരുന്നത് 1993-94ൽ 358.88 ലക്ഷം രൂപയായി (14%). ലൈബ്രറിക്കുള്ള ചെലവ് 1993-94ൽ 75.5 ലക്ഷം രൂപയായിരുന്നു (7%).

8.36 വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ചെലവിനങ്ങളെ തഴഞ്ഞ് ശമ്പളം, പരീക്ഷ, നിർമ്മാണം തുടങ്ങിയ സ്ഥാപനപരമായ ചെലവുകൾക്ക് പ്രാമുഖ്യം കല്പിക്കുന്നതാണ് സർവകലാശാലകളിലെ പ്രവണത. ലൈബ്രറി, ലാബറട്ടറി എന്നിവക്കായി കേരള സർവകലാശാല ചെലവഴിച്ചിരുന്ന തുക 1980കളുടെ ആദ്യത്തിൽ മൊത്തം ചെലവിന്റെ 20 ശതമാനമായിരുന്നത് ദശകത്തിന്റെ അന്ത്യമായപ്പോഴേക്കും 6 ശതമാനമായി കുറഞ്ഞതിൽ നിന്ന് ഇത് സ്പഷ്ടമാണ്. 1993-94ൽ ഇത് വീണ്ടും ഇടിഞ്ഞ് 3 ശതമാനമായി. കാലിക്കറ്റ് സർവകലാശാലയുടേത് 1992-93ൽ 1.3 ശതമാനമായിരുന്നു. എം.ജി. സർവകലാശാലയിൽ ലൈബ്രറി-ലാബറട്ടറി ചെലവ് 1993-94ൽ മൊത്തം ചെലവിന്റെ 3.79 ശതമാനമായിരുന്നു.

8.37 സർവകലാശാലകളിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഒരു സവിശേഷത അധ്യാപകേതര ജീവനക്കാരുടെ വൈപുല്യമാണ്. കേരള സർവകലാശാലയിൽ 1993-94ൽ അധ്യാപകരായി 243 പേരും അധ്യാപകേതര ജീവനക്കാരായി 2250 പേരുമാണ് ഉണ്ടായിരുന്നത്. കാലിക്കറ്റ് സർവകലാശാലയിൽ 1980-81ൽ അധ്യാപകരുടെ സംഖ്യ 140ഉം അനധ്യാപകരുടേത് 809ഉം ആയിരുന്നത് 1993-94ൽ യഥാക്രമം 178 ഉം 1808 മായി. രണ്ട് സർവകലാശാലകളിലും അധ്യാപകരുടേയും അനധ്യാപക ജീവനക്കാരുടേയും അനുപാതം ഏതാണ്ട് 1:10 ആണ്. മഹാത്മാഗാന്ധി സർവകലാശാലയിൽ അധ്യാപകരുടെ സംഖ്യ 1985-86ൽ 10ഉം അനധ്യാപകർ 237മായിരുന്നു. 1993-94 ൽ ഇത് 88 ഉം 1436 ഉം ആയി ഉയർന്നു. സർവകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ സംഖ്യ ഭീമമാവുന്നതിന് ഒരു കാരണം പ്രീഡിഗ്രി കോഴ്സുകളാണ്. സർവകലാശാലകളിൽ വിദ്യാർത്ഥികളുടെ 60 ശതമാനത്തിലെറെ ഈ വിഭാഗക്കാരാണ്.

പ്രീഡിഗ്രി കോഴ്സുകൾ വേർപെടുത്തുന്നതോടെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഇപ്പോഴത്തെ ഘടനയിൽ ഗണ്യമായ മാറ്റം ഉണ്ടാകും.

8.38 സർവകലാശാലകളിലെ പരീക്ഷാ ചെലവുകൾ വർദ്ധിച്ചു വരികയാണ്; ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലും ഒട്ടേറെ വിമർശനങ്ങൾ ഇതിനു നേരെ ഉയർന്നു വരുന്നുണ്ടെങ്കിലും. ആഭ്യന്തര മൂല്യനിർണ്ണയത്തിന് ഊന്നൽ നൽകിക്കൊണ്ട് സമഗ്രമായ പരീക്ഷാ പരിഷ്കരണം അടിയന്തിരാവശ്യമായി തീർന്നിരിക്കുന്നു.

8.39 ഫലപ്രദമായ വിധത്തിലുളള നടത്തിപ്പിന് ആവശ്യമായത്ര പണം ഉറപ്പ് വരുത്താതെ സർവകലാശാലകളിൽ പുതിയ കോഴ്സുകളാരംഭിക്കുന്നതിനും പുതിയ വകുപ്പുകളേർപ്പെടുത്തുന്നതിനും അനർഹമായ ഊന്നൽ ഈയിടെയായി നൽകപ്പെടുന്നു. പരിമാണത്തിന് നൽകപ്പെടുന്ന ഈ ഊന്നൽ സർവകലാശാലാവകുപ്പുകളുടെ ഗുണനിലവാരത്തിന് അതീവ ഹാനികരമാകുകയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിയുന്നതിലേക്കു നയിക്കുകയും ചെയ്യുന്നു.

8.40 ചെലവുകളിൽ അല്പം കുറവുവരത്തക്ക വിധത്തിൽ ക്രമീകരണം ഏർപ്പെടുത്താമെങ്കിലും അത് സർവകലാശാലകളുടെ അധികരിച്ചു വരുന്ന ബജറ്റ് ആവശ്യങ്ങൾ നിറവേറ്റാൻ മതിയാവില്ല. സർവകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസത്തിനുമുളള സംസ്ഥാന സർക്കാരിന്റെ ധനസഹായം 1989-90ൽ 93.21 കോടി രൂപയായിരുന്നത് 1996-97ൽ 278.19 കോടി രൂപയായി. വിദ്യാഭ്യാസത്തിനു മൊത്തത്തിലുളള ധനസഹായം 1989-90ൽ 603.69 കോടി രൂപയായിരുന്നത് 1996-97ൽ 1810.36 കോടി രൂപയായതിന്റെ ചുവടൊപ്പിച്ചാണ് മൂന്ന് മടങ്ങ് കണ്ടുളള ഈ വർദ്ധനവ്. ഈ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി കൂടുതൽ പണം വകയിരുത്തണമെന്ന സർവകലാശാലകളുടെ ആവശ്യം നിറവേറ്റാൻ സംസ്ഥാന സർക്കാരിനു നിർവാഹമില്ലാതാകും.

8.41 യു.ജി.സി.യിൽ നിന്നും അതുപോലുളള അഖിലേന്ത്യാ സ്രോതസ്സുകളിൽ നിന്നുമുളള സഹായം സമീപവർഷങ്ങളിലായി ഇടിഞ്ഞുകൊണ്ടിരിക്കേ, സർവകലാശാലകൾക്കു മുന്നിലുളള ഏക പോംവഴി അഭ്യന്തര വരുമാനം വർദ്ധിപ്പിക്കുക എന്നതാണ്. കോളേജ് വിദ്യാർത്ഥികൾക്കുളള ചെലവിന്റെ രീതികൾ സംബന്ധമായി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 1992ൽ നടത്തിയ സർവ്വെയുടെ ഫലങ്ങൾ പലതും വെളിവാക്കുന്നു. തിരുവനന്തപുരത്തെ കോളേജുകളിലായി 500 വിദ്യാർത്ഥികളാണ് സർവേക്കു വിധേയരായത്. ഈ വിദ്യാർത്ഥികളുടെ മൊത്തം ചെലവുകളെ താഴെ പറയുന്ന ഇനങ്ങളായി തരംതിരിച്ചു. വസ്ത്രധാരണം - 22%; സ്വകാര്യ ട്യൂഷൻ - 18%; പുസ്തകങ്ങൾ - 8%; കോളേജ് ഫീസ് - 4%. പ്രീഡിഗ്രി വിദ്യാർത്ഥികളിൽ 90 ശതമാനവും സ്വകാര്യ ട്യൂഷനെ ആശ്രയിക്കുന്നു. ബിരുദ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും, വിശേഷിച്ചും പെൺകുട്ടികൾ, ട്യൂഷനു പോകുന്നവരാണ്. മുഴുവൻ വിദ്യാർത്ഥികളുടേയും പ്രതിവർഷ ചെലവ് 150 കോടി രൂപയോളമാണ്. ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ വഹിക്കുന്ന ചെലവിലും അധികമാണിത്.

8.42 ഫലപ്രദമായ ധനമാനേജ്മെൻറിനായി സർവകലാശാലകൾക്കകത്ത് സംവിധാനം ഏർപ്പെടുത്തുന്നതും അക്കാദമികവും ധനപരവുമായ കൈകാര്യകർതൃത്വങ്ങളെ ഉചിതമായ വിധത്തിൽ സംയോജിപ്പിക്കുന്നതും പ്രയോജനകരമായിരിക്കും. സർവകലാശാലകളും സെന്റേഴ്സ് ഓഫ് എക്സലൻസും നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ കണക്കിലെടുത്ത് അവയെ നിരീക്ഷണ വിധേയമാക്കുന്നതിനും മാർഗ്ഗ ദർശനമേകുന്നതിനുമായി സംസ്ഥാന തലത്തിലുളള ഒരു പരമോന്നത സംവിധാനം ശുപാർശ ചെയ്യുന്നു.

പട്ടിക 8.16

എട്ടാം പദ്ധതിക്കാലത്തു സർവകലാശാലകളുടെ അടങ്കലും ചെലവും

സർവകലാശാലയുടെ പേർ	എട്ടാം പദ്ധതി അടങ്കൽ	1992-93 കണക്കുകൾ	1993-94 കണക്കുകൾ	1994-95 കണക്കുകൾ	1995-96 റവന്യൂ കണക്കുകൾ	1996-97ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്	മൊത്തം (പ്രതീക്ഷിക്കുന്ന ചെലവ്)
കേരള	500.00	100.00	120.30	150.00	200.00	250.00	820.30
കാലിക്കറ്റ്	400.00	80.00	100.00	150.00	200.00	200.00	730.00
എം.ജി.	800.00	50.00	250.00	300.00	400.00	525.00	1525.00
സംസ്കൃതം	50.00	230.28	100.00	410.00	200.00	100.00	1040.28

അവലംബം : സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഉന്നത വിദ്യാഭ്യാസകാര്യ ടാസ്ക് ഫോഴ്സ് തയ്യാറാക്കിയ ഒമ്പതാം പഞ്ചവത്സര പദ്ധതി റിപ്പോർട്ട്, 1997 ജൂൺ.

8.43 യു.ജി.സി സഹായത്തോടെയുള്ള നിർമ്മാണ പരിപാടികൾ, ശാസ്ത്ര വകുപ്പുകളുടെ ലാബറട്ടറികളും ലൈബ്രറി സൗകര്യങ്ങളും മെച്ചപ്പെടുത്തലും വികസിപ്പിക്കലും, പുതിയ വകുപ്പുകളുടെ വികസനം, നിലവിലുള്ള വകുപ്പുകൾ ശക്തിപ്പെടുത്തൽ എന്നിവക്കായുള്ള സഹായത്തിന് അനുസൃതമായാണ് അവയുടെ സംസ്ഥാന പദ്ധതി സഹായം പൊതുവെ വകയിരുത്തുന്നത്.

8.44 സർവകലാശാലകൾ സ്വന്തം കാലിൽ നിൽക്കാൻ സജ്ജമാകണമെന്ന് പ്രഖ്യാപിക്കപ്പെടാറുണ്ടെങ്കിലും സർക്കാരിൽ നിന്നുള്ള ഗണ്യമായ ധനസഹായത്തെ ആശ്രയിച്ചാണ് സർവകലാശാലകളുടെ പ്രവർത്തനം എന്നതാണ് യഥാർത്ഥ വസ്തുത. ഇന്ത്യാ ഗവൺമെന്റ്, ഇതര സംസ്ഥാന സർക്കാരുകൾ, യു.ജി.സി, യുണെസ്കോ, വിവിധ ദേവസ്വങ്ങൾ, ശൃംഗേരിമഠം മുതലായ ഏജൻസികളിൽ നിന്നു ധനസഹായമുണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെട്ട സംസ്കൃത സർവകലാശാലയെ പോലുള്ള സർവകലാശാലകൾ പോലും പൂർണ്ണമായും സംസ്ഥാന പിന്തുണയെ ആശ്രയിച്ചാണ് കഴിയുന്നത്. കേരളം, കാലിക്കറ്റ് എം.ജി സർവകലാശാലകളുടെ തനത് വരുമാനം 45 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കപ്പെട്ടത്. പ്രസ്തുത കാലഘട്ടത്തിലെ മൊത്തം ചെലവിന്റെ പകുതി പോലും നിറവേറ്റാൻ അത് ഉതകുമായിരുന്നില്ല.

8.45 സർവകലാശാലകളിലെ വിവിധ വികസന പദ്ധതികൾക്കായി വകയിരുത്തിയ പണം പോലും ഉദ്ദിഷ്ട പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും ചെലവഴിക്കപ്പെട്ടില്ലെന്നും കാണാവുന്നതാണ്. ലൈബ്രറികളുടേയും ലാബറട്ടറികളുടേയും വികസനം, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ മുതലായ നിർണ്ണായകമായ അക്കാദമിക് പ്രവർത്തനങ്ങൾ, സർവകലാശാലകൾക്കകത്ത് പണം യഥാർത്ഥത്തിൽ ചെലവഴിക്കുന്ന വേളകളിൽ അവഗണിക്കപ്പെടുകയാണ്. ഗവേഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന യു.ജി.സി., വിവിധ ഗവേഷണ സ്ഥാപനങ്ങൾ, ഫൗണ്ടേഷനുകൾ ഇതര ഏജൻസികൾ മുതലായവയിൽ നിന്ന് പണം സ്വരൂപിക്കാൻ സർവകലാശാലകൾ യാതൊരു ശ്രമവും നടത്തുന്നുമില്ല. ഗവേഷണ-വികസന പ്രവർത്തനങ്ങളെ ഇത് ഗുരുതരമായി ബാധിക്കുന്നു. സർവകലാശാലകൾ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പോലും അപൂർണ്ണമാകുന്നു.

8.46 സർവകലാശാലകൾ നിലനിർത്തുന്നതിൽ, പ്രത്യേകിച്ചും പശ്ചാത്തല വികസന രംഗത്തെ സംബന്ധിച്ചിടത്തോളം, തങ്ങൾക്കുള്ള ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാരിന് പിന്മാറാൻ കഴിയില്ല. അതിനാൽ ഉടൻ പ്രാബല്യത്തോടെ സർവകലാശാലകളെ സ്വന്തംകാലിൽ നിൽക്കാറാക്കണമെന്ന ആഹ്വാനം സ്വാഗതാർഹമായ ഒന്നല്ല. അതേസമയം

ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഗവേഷണവും വികസനവും, ലൈബ്രറിയും ലാബറട്ടറിയും മുതലായവക്കായി സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിൽ നിന്നും പണം ലഭ്യമാക്കുവാൻ സർവകലാശാലകൾ സർവശ്രമവും നടത്തുകയും ചെയ്യണം. മഹാത്മാഗാന്ധി, കൊച്ചിൻ തുടങ്ങിയ സർവകലാശാലകൾ വൻതോതിൽ സെൽഫ് ഫിനാൻസിങ്ങ് കോഴ്സുള്ള കോളേജുകൾ പോലും ആരംഭിക്കുക എന്ന കുറുക്കുവഴി തേടുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ പരിപ്രേക്ഷ്യത്തിൽ നോക്കുമ്പോൾ ഇത് സാദ്ധ്യമായ പരിഹാരമാർഗ്ഗമല്ല. സർവകലാശാലകൾക്ക് ഫീസു വർദ്ധിപ്പിക്കാമെങ്കിലും മുഖ്യപരിശ്രമം ധർമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസപരമായ നേട്ടത്തിന്റെ ഏതെങ്കിലും പ്രത്യേകരൂപത്തിൽ തത്പരരായ വ്യവസായസ്ഥാപനങ്ങൾ, ഗവേഷണ-വിപുലീകരണ സേവനത്തുറകൾക്കായി ധനസഹായം നൽകുന്ന ഏജൻസികൾ മുതലായവയെ സമീപിക്കുന്നതിനാകണം. അനധ്യാപക ജീവനക്കാരുടെ ഗണ്യമായ തോതിലുള്ള വർദ്ധനവ് നിയന്ത്രിച്ചുകൊണ്ട് അധ്യാപകരേയും അനധ്യാപക ജീവനക്കാരേയും നിയമിക്കുന്നത് സർവകലാശാലകൾ യുക്തിസഹമാക്കേണ്ടതുണ്ട്. സർവകലാശാലയുടെ ചെലവിൽ വലിയൊരു ഭാഗം വരുന്ന പരീക്ഷാരംഗം ചിട്ടയോടെ പരിഷ്കരിക്കുന്നതിനും സർവകലാശാലകൾ യത്നിക്കണം. ഇവയിൽ നിന്ന് പ്രീഡിഗ്രി കോഴ്സ് വേർപെടുത്തിയതോടെ ഇതെല്ലാം സാദ്ധ്യമായിട്ടുണ്ട്. പണത്തിന് സാദ്ധ്യമായ ഓരോ മാർഗ്ഗവും കണ്ടെത്തി ഓരോ സർവകലാശാലയും വിശദമായ പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. അതാത് സെനറ്റുകൾക്ക് അംഗീകരിക്കാൻ കഴിയുന്ന മാസ്റ്റർപ്ലാൻ ആവിഷ്കരിക്കുന്നതിന് സർവകലാശാലകൾക്ക് സ്വന്തം കമ്മീഷനുകളെ നിയോഗിക്കാവുന്നതാണ്.

ധനവിനിയോഗം സംബന്ധമായ ശുപാർശ

8.47 സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് പണം ചെലവഴിക്കുന്ന രീതിയിൽ ചില പ്രധാന മാറ്റങ്ങൾ അനിവാര്യമാണെന്ന് മുകളിൽ കൊടുത്ത ചർച്ച വ്യക്തമാക്കുന്നു. ഇതു സംബന്ധമായി വിശദമായ ശുപാർശകൾ നൽകാൻ ഞങ്ങൾക്കു നിർവാഹമില്ല. എന്നാൽ താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

8.48 ജനറൽ ഫീസ്: സംസ്ഥാനത്ത് കോളേജ്തലം വരെ വിദ്യാഭ്യാസം സൗജന്യമാണ്; എല്ലാ തലങ്ങളിലും ഫീസ് ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും. അത്തരം ഫീസ് നൽകാൻ സന്നദ്ധമായ ഒരു ജനവിഭാഗമുണ്ടെന്നതും സ്പഷ്ടമാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് വരെയുള്ള ഘട്ടം സൗജന്യമാക്കുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണെന്നാണ് ഞങ്ങളുടെ പക്ഷം. സാമാന്യം ഉയർന്നതലം വരെ വിദ്യാഭ്യാസത്തിന് കേരളസമൂഹം കല്പിക്കുന്ന അതീവപ്രാധാന്യമാണ് അത് സൂചിപ്പിക്കുന്നത്. സാമ്പത്തിക പരിത:സ്ഥിതികളിലെ ഭേദമെന്യേ മുഴുവൻ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ കഴിയുംവിധം, ഇതര ചെലവുകൾ (പുസ്തകങ്ങൾക്കും യാത്രക്കും മറ്റും) താങ്ങാൻ കഴിയാത്ത കുട്ടികളുടെ ഉത്തരവാദിത്വം കൂടി സമൂഹം ഏറ്റെടുക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

8.49 ആ തലത്തിനപ്പുറം വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ വിദ്യാഭ്യാസച്ചെലവുകളും പങ്കിടണം. എങ്കിലും ഈ തലത്തിൽ തന്നെയും, വിലയ്ക്കു വാങ്ങാൻ കഴിവുള്ളവർക്കു മാത്രമായി ലഭ്യമാകുന്ന ചരക്കായി വിദ്യാഭ്യാസത്തെ മാറ്റാൻ അനുവദിച്ചുകൂടാ. പലപ്പോഴും പ്രകടമായല്ലെങ്കിലും സമൂഹത്തിനാകെ പ്രയോജനകരമാണ് എല്ലാ നിലവാരങ്ങളിലുമുള്ള വിദ്യാഭ്യാസം എന്നതുകൊണ്ടാണിത്. ഇപ്പോൾ കോളേജ് തലത്തിൽ വിദ്യാഭ്യാസച്ചെലവിന്റെ ചെറിയൊരു ഭാഗം മാത്രമാണ് ഫീസിലൂടെ ലഭ്യമാകുന്നത്. കഴിഞ്ഞ നാല്പതു വർഷങ്ങൾക്കകം കോളേജ് ഫീസ് കേവലാർത്ഥത്തിൽ ഉയർന്നിട്ടുണ്ടെങ്കിലും (ഒരുപക്ഷേ ഇരട്ടിച്ചു) ആളോഹരി വരുമാനവുമായി ബന്ധപ്പെടുത്തുമ്പോൾ അത് ഇടിഞ്ഞിരിക്കുകയാണ്. 1950-51ൽ ആളോഹരി വരുമാനത്തിന്റെ 50 ശതമാനമായിരുന്നത് ഇപ്പോൾ 10 ശതമാനത്തിലും താഴെയാണ്. കോളേജ് തലത്തിൽ ഫീസ് ഉയർത്താവുന്നതാണെന്നാണ് ഞങ്ങളുടെ ശക്തമായ അഭിപ്രായം. ഘട്ടങ്ങളായാണെങ്കിലും, എത്രയും വേഗം ബി.എ, ബി.എസ് എസി, ബി.കോം തലങ്ങളിലെ ഫീസ്

സംസ്ഥാനത്തെ ആളോഹരി വരുമാനത്തിന്റെ 20 ശതമാനത്തോളം ആക്കാവുന്നതാണ്. ബിരുദാനന്തര ബിരുദ തലത്തിലാകട്ടെ, അണ്ടർ ഗ്രാജ്വേറ്റ് നിലവാരത്തിലേതിന്റെ ഇരട്ടി ഫീസ് ഈടാക്കാം.

അതോടൊപ്പം തന്നെ അർഹരായ വിദ്യാർത്ഥികൾക്ക് അവരുടെ കുടുംബങ്ങളിൽ അമിതഭാരം വെച്ചുകെട്ടാതെ കോളേജ് പഠനം പൂർത്തീകരിക്കാൻ കഴിയുന്നതിനായി സ്കോളർഷിപ്പ് തുക ഗണ്യമായി വർദ്ധിപ്പിക്കണമെന്നും ഞങ്ങൾ ശുപാർശ ചെയ്യുന്നു. ബിരുദാനന്തര ബിരുദതലത്തിൽ വായ്പാസമ്പ്രദായവും ആവിഷ്കരിക്കാവുന്നതാണ്.

8.50 സ്പെഷ്യൽ ഫീസ്: സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പ്രതിനിധികളുമായുള്ള ഞങ്ങളുടെ ചർച്ചകളിൽ ആവർത്തിച്ചു കേട്ട പല്ലവി; ലൈബ്രറികൾ, ലാബറട്ടറികൾ, പൊതുവായ അറ്റകുറ്റപ്പണികൾ എന്നിവക്കുള്ള ധനസഹായം തീർത്തും തുച്ഛമാണെന്നും അത് വിട്ടുകിട്ടുന്നത് വളരെ പതുക്കെയാണെന്നുമാണ്. മുകളിൽ വിവരിച്ചതു പ്രകാരമുള്ള സർക്കാരിന്റെ ചെലവു രീതി ഈ വസ്തുത എടുത്തുകാട്ടുന്നു. വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് കോളേജുകൾ സാധുവും അവിഹിതവുമായ മാർഗ്ഗങ്ങളിലൂടെ ധനം സ്വരൂപിക്കുന്നുവെന്നതും സുവിദിതമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വകാര്യ എയ്ഡഡ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജില്ലാ നിലവാരത്തിൽ ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കണമെന്നാണ് ഞങ്ങളുടെ ശുപാർശ. ഓരോ കോളേജിനും അതാതിന്റെ പ്രത്യേക ആവശ്യങ്ങൾ അവയിൽ ഉന്നയിക്കാം. സാമാന്യം വസ്തുനിഷ്ഠമായി തന്നെ ഇത് അളന്നു തിട്ടപ്പെടുത്താനാവും; ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധികൾ നിർദ്ദേശിക്കാനും ഇതുവഴി സാധിക്കും. ഏതു സ്ഥാപനവുമായും ബന്ധപ്പെട്ട അധ്യാപക-രക്ഷാകർതൃ സമിതിക്കും മറ്റു പൊതുസംഘടനകൾക്കും അറ്റകുറ്റപ്പണികൾക്കും വികസനത്തിനും മറ്റുമായി കുറേ പണം സമാഹരിക്കാൻ കഴിയും. ധനസമാഹരണത്തിനു പുറമേ ഇത്തരം ഇടപഴകലുകൾ പ്രാദേശികസമൂഹവുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടാൻ സഹായകമാകും. സമൂഹത്തിന് പ്രസ്തുതസ്ഥാപനത്തിൽ താത്പര്യം ജനിപ്പിക്കുന്നതിനും അത് ഉതകും. ലൈബ്രറികളുടേയും ലാബറട്ടറികളുടേയും കാര്യത്തിൽ സ്പെഷ്യൽ ഫീസ് സംബന്ധമായി തീരുമാനമെടുക്കാൻ കമ്മീഷനുകൾക്കു സാധിക്കും. ഓരോ സ്ഥാപനത്തിന്റേയും ആവശ്യം കണക്കിലെടുത്തായിരിക്കണം ഇത് നിർവ്വഹിക്കേണ്ടത്. ഓഡിറ്റ് ചെയ്ത കണക്കുകളും, അനുവദനീയമായ തോതിൽ ശേഖരിച്ച ധനം ഉപയോഗപ്പെടുത്തിയതു സംബന്ധമായ സർട്ടിഫിക്കറ്റുകളും കമ്മീഷനുകൾക്ക് സമർപ്പിക്കണം. പ്രവേശനവേളയിൽ 'സംഭാവനകൾ' ആവശ്യപ്പെടുകയോ നൽകുകയോ ചെയ്തതു സംബന്ധമായ പരാതികൾ അന്വേഷിക്കുവാനും കമ്മീഷനുകളെ അധികാരപ്പെടുത്തണം.

8.51 ഈ നടപടിക്രമം കോളേജുകളുടെ ധനപരമായ ഉത്തരവാദിത്വം വർദ്ധിപ്പിക്കുമെന്നും, ധനപരമായ കാര്യങ്ങളിൽ അവയ്ക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്നതിനൊപ്പം തന്നെ സാമൂഹികാംഗീകാരത്തിനും ഓഡിറ്റിനും അവയെ വിധേയമാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ശുപാർശ ചെയ്യപ്പെട്ട ഈ നടപടിക്രമം നടപ്പിലാക്കപ്പെട്ടാൽ സംസ്ഥാന സർക്കാരിന്റെ ചുമതല എല്ലാ എയ്ഡഡ് കോളേജുകളിലേയും അധ്യാപകരുടേയും അനധ്യാപകരുടേയും ശമ്പളച്ചെലവുകൾ വഹിക്കുക മാത്രമാകും. (കോളേജുകൾ പിരിച്ചെടുക്കുന്ന ട്യൂഷൻ ഫീസ് മുഴുവനായും തുടർന്നും ഖജനാവിൽ അടക്കണം). ഓരോ കോളേജിന്റെയും ധനപരമായ മറ്റ് ആവശ്യങ്ങൾ നിറവേറ്റുന്നത് അയൽപക്കസമൂഹത്തിന്റെ ചുമതലയാകും.

8.52 ജില്ലാതല കോളേജ് ധനകാര്യകമ്മീഷന്റെ ഘടനയെ സംബന്ധിച്ച വിശദാംശങ്ങളിലേക്ക് ഞങ്ങൾ കടക്കുന്നില്ല. എങ്കിലും ഓരോന്നിന്റേയും അധ്യക്ഷൻ റിട്ടയർ ചെയ്ത ജഡ്ജി ആകുന്നത് നന്നായിരിക്കും. അനൗദ്യോഗിക പ്രതിനിധികളേയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അതാതു ജില്ലയിൽ നിന്നുള്ള ഒരു ഔദ്യോഗിക പ്രതിനിധിയേയും ഉൾപ്പെടുത്താവുന്നതാണ്.

അധ്യായം ഒമ്പത്

പുതുയുഗത്തിൻെറ പൂമുഖപ്പടിയിൽ

വികേന്ദ്രീകരണം

9.1 കേരളീയർ, വിശേഷിച്ചും നാട്ടിൻപുറങ്ങളിലുള്ളവർ, ഒരു പുതുയുഗത്തിന്റെ മുറ്റത്താണിപ്പോൾ. വിവിധ തട്ടിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഊർജ്ജസ്വലമാക്കിക്കൊണ്ട് അധികാരം ജനങ്ങളിലേക്ക് കൈമാറുന്ന ആസൂത്രണ പ്രക്രിയ നടന്നുവരുന്നു. രാഷ്ട്രീയാഭിപ്രായഭേദങ്ങൾക്ക് അതീതമായി അതിന് പിന്തുണ ലഭിക്കുന്നു. സംസ്ഥാനം ഇതിനകം സാക്ഷ്യംവഹിച്ച ജനാധിപത്യപരവും ജനാധിപത്യവൽകരണപരവുമായ പ്രസ്ഥാനങ്ങളിൽ വച്ചേറ്റവും പ്രധാനപ്പെട്ടവയിൽ ഒന്നാണിത്. പ്രാദേശിക തലത്തിൽ ആരംഭിച്ച് മുകളിലോട്ട് ഉയരുന്ന വിധത്തിൽ സംസ്ഥാനത്തിന്റെ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ ആവിഷ്കരണം ഇതിന്റെ മൂർത്തമായ ബഹിർപ്രകടനമാണ്; ജനങ്ങൾക്കിടയിൽ വളരെയേറെ ആവേശം ഉളവാക്കിയ ഒന്നാണത്.

9.2 ഈ വികാസത്തിന്റെ അനുബന്ധമായി വിദ്യാഭ്യാസസമ്പ്രദായവും വികേന്ദ്രീകരിക്കപ്പെടുമെന്നു കരുതുന്നതായിരിക്കും യുക്തിസഹം. ഏറ്റവും താഴത്തെ തട്ടിലുള്ള പഞ്ചായത്ത് സമിതികൾ വരെയുള്ളവ സ്കൂൾ വിദ്യാഭ്യാസത്തിന്റേയും മറ്റുപല മേഖലകളുടേയും ഭരണപരമായ ചുമതല ഏറ്റെടുക്കുന്ന പ്രക്രിയ തുടങ്ങിക്കഴിഞ്ഞു.

9.3 വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിൽ കേരളം കൈവരിച്ച ഗംഭീരപുരോഗതി രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ കാണാത്ത അന്തസ്സും ആത്മവിശ്വാസവും സംസ്ഥാനത്തെ ജനതയിലുളവാക്കിയിട്ടുണ്ട്. എങ്കിലും പല പ്രധാന പ്രശ്നങ്ങളും അവശേഷിക്കുന്നു. വിദ്യാഭ്യാസ പ്രക്രിയയും സമൂഹത്തിന്റെ ആവശ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് ഏറ്റവും പ്രകടമായവയിൽ ഒന്ന്. 'അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന യുവജനങ്ങളുടെ ഒരു വിഭാഗം പെരുകിവരുന്നത് ഇതിന് ദൃഷ്ടാന്തമാണ്. കേരളത്തിൽ ഈ പ്രതിഭാസം പുതുമയാർന്ന ഒന്നല്ല. ഗൾഫ് രാജ്യങ്ങളിൽ പ്രയോജനകരമായ തൊഴിലിനുള്ള അവസരങ്ങൾ സമീപകാലത്ത് ലഭ്യമായിരുന്നതിനാൽ തൊഴിലില്ലായ്മ എന്ന പ്രശ്നം പരിഹരിക്കപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ തിരിച്ചുള്ള ഒഴുക്ക് ആരംഭിച്ചിരിക്കുകയാണ്. വർഷംതോറും യുവതീയുവാക്കൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. അവരിൽ ഒരളവോളം സമ്പാദ്യത്തോടെയും, അതേ സമയം ഒന്നും നേടാതെയും തിരിച്ചുവരുന്നവരുണ്ട്. അവരെ സാമ്പത്തികമായി പ്രയോജനകരമായതും സാമൂഹികമായി സാർത്ഥകവുമായ പ്രവർത്തനങ്ങളിൽ ഉൾപെടുത്തുന്നത് ഒരു വെല്ലുവിളിയായി തീർന്നിരിക്കുന്നു. തിരിച്ചുവരുന്ന കുടിയേറ്റക്കാരെ മിക്കവരേയും ഏതെങ്കിലും പ്രത്യേക തൊഴിലുകളുമായി ബന്ധപ്പെടുത്തേണ്ടി വരും. അവരെ പുനർവിന്യസിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ പരിശീലനവും വിദ്യാഭ്യാസവും നൽകുക എന്നത് പ്രത്യേകതരത്തിലുള്ള വിതരണസംവിധാനങ്ങൾ ആവശ്യമാക്കി തീർക്കും. സമൂഹത്തിന്റെ മറ്റു വശങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ടായിരിക്കണം ഇത്.

9.4 ഈ പ്രശ്നം പരിഹരിക്കാൻ ആരംഭിക്കുന്നതേ ഉള്ളൂ. അപ്പോൾത്തന്നെ വർഷംതോറും യുവാക്കളുടെ പുതിയ ബാച്ചുകൾ തൊഴിൽ വിപണിയിലേക്ക് കടന്നുവരുന്നു. പതിനാലു വയസ്സുമുതൽ മുകളിലോട്ടുള്ള പ്രായക്കാരാണവർ. മിക്കവരുടേയും വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.യോ അതിനു മുകളിലോ ആണ്. എസ്എസ്എൽ.സി ക്കു മുകളിൽ വിദ്യാഭ്യാസയോഗ്യതയുള്ള തൊഴിലന്വേഷകരുടെ സംഖ്യ സമീപവർഷങ്ങളിലായി അതിദ്രുതം വർദ്ധിക്കുന്നുവെന്ന് പട്ടിക 9.1 ൽ നിന്ന് വ്യക്തമാകും.

പട്ടിക 9.1

കേരളത്തിലെ തൊഴിലന്വേഷകരുടെ - വിദ്യാഭ്യാസനിലവാരത്തിന്റെ അടിസ്ഥാനത്തിലുള്ള - വിതരണം

വർഷം	മൊത്തം ജോലി അന്വേഷിക്കുന്നവർ	എസ്.എസ്.എൽ.സിക്കു താഴെയുളളവർ (ലക്ഷങ്ങളിൽ)	എസ്.എസ്.എൽ.സിക്കു മുകളിലുളളവർ (ലക്ഷങ്ങളിൽ)	എസ്.എസ്.എൽ.സിയും അതിനു മുകളിലുമുളള വരുടെ ശതമാനം
1985	25.74	12.09	13.65	53.05
1986	27.05	12.09	14.96	55.30
1987	29.91	12.71	17.20	57.50
1988	29.01	11.85	17.16	59.10
1989	30.92	12.05	18.87	61.04
1990	33.20	12.27	20.93	63.03
1991	36.39	13.19	23.20	63.76
1992	38.47	13.45	25.02	65.00
1993	41.57	14.13	27.44	66.00
1994	41.69	13.78	27.91	67.00
1995	32.26	9.29	22.97	71.00
1996	32.98	8.26	24.72	75.00

അവലംബം : ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിങ്. (31-08-96 വരെ)

9.5 ഉപജീവനമാർഗങ്ങളൊന്നും ഇപ്പോൾ അവരെ കാത്തിരിക്കുന്നില്ല. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന വിധത്തിലല്ല വിദ്യാഭ്യാസഘടന. മുമ്പ് ഈ പ്രായപരിധിയിൽ പെട്ട അനേകം യുവാക്കൾ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്ക് കടന്ന് വൈദഗ്ദ്ധ്യം ആർജ്ജിക്കുകയും ഏതെങ്കിലും തൊഴിലിൽ വിജയകരമായി പ്രവേശിക്കുകയും ചെയ്തിരുന്നു. കേരളീയർ ഗണ്യമായ തോതിൽ ഇങ്ങനെ ഇന്ത്യയിൽ മറ്റെവിടെയെങ്കിലുമായി പ്രയോജനകരമായ തൊഴിൽ നേടുന്നു. എങ്കിലും ഈ തലത്തിലെ ആവശ്യകതകളും പരിവർത്തന വിധേയമാവുകയാണ്. ഇപ്പോഴത്തെ സ്കൂൾവിദ്യാഭ്യാസ സമ്പ്രദായം പുതിയ വൈദഗ്ദ്ധ്യങ്ങൾ, വിശേഷിച്ചും ഉത്പാദന പ്രവർത്തനങ്ങളിൽ, പ്രദാനം ചെയ്യുന്നതല്ല. സംസ്ഥാനത്തിനകത്തും പുറത്തും പ്രയോജനകരമായ തൊഴിൽ നേടുന്നതിനായി കേരളത്തിലെ വിദ്യാർത്ഥികളേയും യുവാക്കളേയും സജ്ജമാക്കണമെന്നുണ്ടെങ്കിൽ പുതിയതരം പരിശീലനങ്ങൾ അവർക്ക് നല്കേണ്ടതുണ്ട്. ആസന്ന ഭാവിയിൽ കേരളത്തിലെ വിദ്യാഭ്യാസഘടന നേരിടുന്ന രണ്ടുവെല്ലുവിളികൾ താഴെപറയുന്നവയാണ്: ഒരു വശത്ത് സാക്ഷരതയുടേയും ഉത്പാദനപരമായ വൈദഗ്ദ്ധ്യങ്ങളുടേയും ഉറച്ച അടിത്തറ പാകുക. മറുവശത്ത്, അനുയോജ്യമായ തൊഴിലവസരം കണ്ടെത്തുന്നതിനായി പ്രൊഫഷണലും സാങ്കേതികവുമായ വിവിധതരത്തിലുള്ള വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കുക.

9.6 14 മുതൽ 24 വയസ്സുവരെയുള്ള 2.5-3 ലക്ഷം വ്യക്തികൾ വീതം ഓരോ വർഷവും സംസ്ഥാനത്തെ തൊഴിൽവിപണിയിലേക്ക് കടന്നുവരുന്നുവെന്നാണ് ഏകദേശകണക്ക്. അതേപടി സംസ്ഥാനത്തിനു പുറത്തേക്ക് കയറ്റുമതി ചെയ്യപ്പെടാവുന്ന അസംസ്കൃത പദാർത്ഥങ്ങൾ എന്ന നിലയിലാണ് അവരിൽ മിക്കവരും ഇപ്പോൾ തൊഴിൽ വിപണിയിലെത്തുന്നത്. കേരളത്തിന്റെ വികസനാവശ്യങ്ങൾക്ക് വൈദഗ്ദ്ധ്യമാർന്ന, വിശേഷിച്ചും ഉത്പാദനപരമായ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഒട്ടേറെ വ്യക്തികളുടെ സേവനം ആവശ്യമുണ്ട്. ഇതു കൂടാതെ വരുംവർഷങ്ങളിൽ സംസ്ഥാനത്തിന്റെ

അതിരുകൾക്കകത്തു നിന്ന് പ്രയോജനകരമായ തൊഴിൽ ലഭിക്കണമെന്ന ആവശ്യം തൊഴിൽരഹിതരായ ജനവിഭാഗങ്ങളുടെ ഭാഗത്തുനിന്ന് ശക്തമായി ഉന്നയിക്കപ്പെട്ടേക്കും.

9.7 പ്രയോജനകരമായ അത്തരം തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന സാമൂഹ്യ ചട്ടക്കൂട് വാർത്തെടുക്കുകയെന്നത് സംസ്ഥാനത്തെ നയാവിഷ്കർത്താക്കളുടെ ചുമതലയാണ്. വാണിജ്യ ഇടപാടുകൾ മാത്രം നടക്കുന്ന ഭീമമായൊരു കമ്പോളസ്ഥലമായി കേരളത്തെ മാറ്റുന്ന ഇപ്പോഴത്തെ പ്രവണത മാറ്റേണ്ടതുണ്ട്. കൃഷിയിലും വ്യവസായത്തിലും ഉത്പാദനത്തിന്റെ വ്യാപനത്തിന് ഊന്നൽ നൽകപ്പെടണം. അതിന് വേണ്ടി തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന സാങ്കേതികവിദ്യകൾക്ക് പ്രാമുഖ്യം കൽപിക്കണം. കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സമുദ്രോല്പന്ന വ്യവസായം, വിവിധതരം കൈവേലകൾ എന്നിവയുൾപ്പടെയുള്ള പരമ്പരാഗത മേഖലകൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക വൈദഗ്ദ്ധ്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സർഗ്ഗാത്മക വൈദഗ്ദ്ധ്യങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കാൻ ഇത് ആവശ്യപ്പെടുന്നു. പ്രാദേശിക സാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണത് വികസിപ്പിക്കേണ്ടത്. വർഷംതോറും രണ്ടരലക്ഷത്തിലേറെ പേർക്ക് പ്രയോജനകരമായ ജോലി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കപ്പെടുകയെന്നതാകണം ലക്ഷ്യം. അവരുടെ ക്ഷേമത്തോട് സമൂഹം ഇതുവരേയും പൂർണ്ണമായ പ്രതിബദ്ധത പ്രകടിപ്പിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കാര്യപരിപാടിയിൽ വലിയൊരു സ്ഥാനം ഇതിനായിരിക്കും. ഇത്തരത്തിലുള്ള പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വകയിരുത്തപ്പെടുന്ന മൂലധന വിഭവങ്ങൾ അതീവ പരിമിതമായിരിക്കും. അതിനാൽ വിദ്യാഭ്യാസശൃംഖലയുടെ വലിയൊരു ഭാഗം മൂലധനം മിച്ചം പിടിക്കുന്ന പ്രക്രിയകളിലേക്ക് മാറേണ്ടി വരും.

9.8 സമൂഹത്തിന്റെയാകെ ഉത്പാദനപരമായ ആവശ്യങ്ങളുമായി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തുന്നതിന് കുറഞ്ഞ മുതൽമുടക്കോടെയുള്ള നടപടിക്രമങ്ങളുടെ അടിയന്തിരാവശ്യം അംഗീകരിക്കപ്പെടുന്നതോടെ, സംസ്ഥാനത്തുടനീളം ഇപ്പോൾ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ഭരണസംവിധാനം തുറന്നു തരുന്ന സാധ്യതകളിലേക്ക് അനിവാര്യമായും ശ്രദ്ധ തിരിയും. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചുമതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ അർപ്പിക്കുന്നതുമൂലം ഒരേസമയം നിരവധി ഉദ്ദേശ്യങ്ങൾ നിറവേറ്റപ്പെടും. തൊഴിലാളികളാകാൻ സാദ്ധ്യതയുള്ളവർ ആർജ്ജിക്കേണ്ട വിദ്യാഭ്യാസം വൈദഗ്ദ്ധ്യത്തെ ഉല്പാദനോപാധികളുമായി ബന്ധിപ്പിക്കണം. അതിനാൽ സ്കൂൾ വിദ്യാഭ്യാസമെന്നതിനർത്ഥം ഭാഷയും കണക്കും ശാസ്ത്രവും മാത്രം പഠിക്കുക എന്നതല്ല. സംസ്ഥാനം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ, വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തെ വിവിധ രീതികളിലും തലങ്ങളിലുമുള്ള ഉത്പാദനപ്രവർത്തനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തുവാൻ അത് ലക്ഷ്യമിടണം. ഒരു കുട്ടിക്ക് സ്വാംശീകരിക്കാൻ സാധിക്കുന്ന ദൈനംദിനാനുഭവങ്ങളെ സംബന്ധിച്ച മൂർത്തവിവരങ്ങളുമായി പഠനകോഴ്സിന്റെ ഉള്ളടക്കത്തെ ബന്ധപ്പെടുത്താൻ അവസരങ്ങൾ ഉണ്ടാകും തോറും അത് അവനെ അല്ലെങ്കിൽ അവളെ വളരെയേറെ സ്വാധീനിക്കുന്നു. തനിക്കു ചുറ്റുപാടുമുള്ള ഭൗതികവും ജൈവതന്ത്രപരവും സാമൂഹികവുമായ പരിത:സ്ഥിതിയെ അറിയുന്നതിനും തൊട്ടടുത്ത പരിസ്ഥിതിയിൽ ലഭ്യമാകുന്ന വിഭവങ്ങൾ പ്രത്യേകമായി ഉപയോഗപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ് പാഠ്യപദ്ധതിയെങ്കിൽ ആവശ്യവും ലഭ്യതയും തമ്മിലുള്ള ഒത്തുചേരൽ പ്രതീക്ഷിക്കാം. പ്രവർത്തിച്ചുകൊണ്ട് പഠിക്കുവാനും, പ്രകൃതി സമ്മാനിക്കുന്നതും സാമൂഹികമായ പരിത:സ്ഥിതി ആവശ്യപ്പെടുന്നതുമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും ഈ പ്രക്രിയ. പൊതുവായ പരിത:സ്ഥിതിയുടെ മാന്ത്രികതയും നിഗൂഢതകളുമായും, അതിലെ ജൈവവൈവിധ്യവുമായും ഈ വിധത്തിൽ ബന്ധപ്പെടുത്തുക എന്നത് കുട്ടിയുടെ ബോധനിലവാരം ഉയർത്തുന്നതിലേക്കുള്ള ഒരു

സുപ്രധാന ചുവടുവെയ്പ്പാണ്. സ്കൂൾ പാഠ്യപദ്ധതിയുടെ പതിവ് ഉള്ളടക്കം തീർച്ചയായും തുടരും. എന്നാൽ ഇതിനും പുറമേയായി പരിസ്ഥിതിയിൽ ഒളിഞ്ഞിരിക്കുന്ന ഉത്പാദനസാദ്ധ്യതകളുമായി പരിചയപ്പെടുന്നതിനും കായികാദ്ധ്വാനത്തോട് ആഭിമുഖ്യം വളർത്തുന്നതിനും ഒരു വികേന്ദ്രീകൃത സംവിധാനം ഉതകും. ഇതിന്റെ സാമൂഹികപ്രാധാന്യം കാണാതിരുന്നു കൂടാ. അടിസ്ഥാനതലത്തിൽ ജനങ്ങളുടെ വിപുലമായ പ്രാതിനിധ്യത്തോടുകൂടിയ, പഞ്ചായത്ത് ഭരണസംവിധാനത്തിനു മേൽ പ്രാദേശിക സിദ്ധിവിശേഷങ്ങളേയും പ്രാദേശിക വിഭവങ്ങളേയും അടിസ്ഥാനപ്പെടുത്തിയ സാങ്കേതികവിദ്യയേയും അത്തരം ക്രിയാത്മകപ്രവർത്തനത്തിന് ആവശ്യമായ മാനുഷികശേഷിയേയും ബന്ധപ്പെടുത്തുന്ന സംവിധാനം സജ്ജമാക്കുന്നതിന് അനുസ്യൂതമായ സമ്മർദ്ദം ഉണ്ടായിരിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രാദേശികവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, പ്രാദേശികമായി ലഭ്യമായ അധ്വാനശേഷിയെ സമന്വയിപ്പിക്കുന്നതിനുമുള്ള ഒരു മാർഗ്ഗം തുറക്കാൻകൂടിയാണ് ഇത്. വൻകിട ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പോലുള്ള മുതൽമുടക്ക് ആവശ്യമായ പ്രവൃത്തികൾക്കുള്ള ചെലവ് ലാഭിക്കുന്നത് ഉൾപ്പെടെ, പഞ്ചായത്ത് സംവിധാനത്തിനകത്ത് വികേന്ദ്രീകൃത വിദ്യാഭ്യാസം മുഖേന ഉളവാകുന്ന മറ്റുപല നേട്ടങ്ങൾക്കും പുറമേയാണിത്. ഈ വിധത്തിൽ മിച്ചംവെയ്ക്കാൻ കഴിയുന്ന വിഭവങ്ങൾ പഞ്ചായത്തുകളുടെ മറ്റ് അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വകയിരുത്തലിനായി ഉപയോഗപ്പെടുത്താം.

9.9 നിർദിഷ്ടമായ വികേന്ദ്രീകൃത സ്കൂൾ വിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രാഥമിക വിദ്യാഭ്യാസം ഗ്രാമപഞ്ചായത്തുകളുടേയും സെക്കണ്ടറി വിദ്യാഭ്യാസം ജില്ലാ പഞ്ചായത്തുകളുടെയും ചുമതലയായിരിക്കും. ബ്ലോക്ക് പഞ്ചായത്തുകൾ സെക്കണ്ടറി സ്കൂളുകളുടെ നേരിട്ടുള്ള ചുമതല ഏറ്റെടുക്കുകയും ജില്ലാ പഞ്ചായത്തുകൾ മൊത്തത്തിലുള്ള മേൽനോട്ടം വഹിക്കുകയും ചെയ്തുകൊണ്ടുള്ള ത്രിതല സമ്പ്രദായവും വിഭാവനം ചെയ്യാവുന്നതാണ്. പഞ്ചായത്ത് സംവിധാനത്തിന്റെ അധികാരപരിധിക്കകത്തായി കൊണ്ടുവരാവുന്ന സെക്കണ്ടറി ഘട്ടത്തിൽ വൊക്കേഷണൽ പരിശീലനത്തിനുള്ള പാഠ്യപദ്ധതി ഏർപ്പെടുത്തുന്നത് ആശാസ്യമായിരിക്കും. പരമ്പരാഗതമായ പ്രാദേശിക തൊഴിലുകളുടെ പ്രകടനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഉത്പാദനപരമായ പ്രവർത്തനത്തിനുള്ള വൈദഗ്ദ്ധ്യത്തിന്റെ സഞ്ചയിക വിപുലീകരിക്കുകയായിരിക്കണം തൊഴിൽ പരിശീലനത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, കോഴ്സുകളുടെ ഉള്ളടക്കത്തിന് അന്തിമരൂപം നൽകൽ, വിദ്യാർത്ഥികളുടെ പരിശീലനം, അധ്യാപകരുടെ നിയമനം എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതുൾപ്പെടെ ഭരണപരമായ പരിപാടിയുടെ ആവിഷ്കരണം വികേന്ദ്രീകരിക്കപ്പെട്ടാൽ ഇത് സാധ്യമാകും.

9.10 ഭരണനിർവഹണവും ഉള്ളടക്കവും സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനുള്ള പ്രാദേശിക ഏർപ്പാടുകൾ മാത്രമല്ല വികേന്ദ്രീകരണം കൊണ്ടുദ്ദേശിക്കുന്നത്. വിദ്യാഭ്യാസത്തിൽ ഫലപ്രദമായ ജനകീയ പങ്കാളിത്തത്തിന് മതിയായ സംവിധാനമുണ്ടാകണം. സാമൂഹികാവശ്യത്തിന്റെ സ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നതിലും വിതരണത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിലും ജനകീയപങ്കാളിത്തം അനുപേക്ഷണീയമാണ്. താഴെത്തട്ടിൽ നിന്നാരംഭിക്കുന്ന ക്രമീകൃതമായ നിരീക്ഷണത്തിന്റേയും ഓഡിറ്റിംഗിന്റേയും പ്രക്രിയ അത് അവശ്യമാക്കിത്തീർക്കുന്നു. പ്രാദേശിക സമൂഹവുമായി സമ്പർക്കത്തിനുള്ള മാർഗ്ഗങ്ങൾ തുറക്കേണ്ടതുണ്ട്. അധ്യാപന-പഠന പ്രക്രിയയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ച് അയൽപക്കത്തെ ജനങ്ങളെ സ്കൂളുകൾ ഉദ്ബുദ്ധമാക്കുകയും ചെയ്യണം. ഉപദേശനിർദേശങ്ങളുൾപ്പെടെ ജനങ്ങളിൽ നിന്നുള്ള പ്രതികരണം പാഠ്യപദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ വിലയേറിയ സാമഗ്രികളാകും. സൗകര്യങ്ങളും വിഭവങ്ങളും വിന്യസിക്കുകയും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതിൽ സ്കൂളുകളുടെ

കാര്യക്ഷമത പരമാവധി വർദ്ധിപ്പിക്കുന്നതിനും ജനകീയപങ്കാളിത്തം അനുപേക്ഷണീയമാണ്. പ്രതിപ്രവർത്തിക്കുന്നതും ജനാധിപത്യപരവുമായ തീരുമാനങ്ങൾ എല്ലാ തലങ്ങളിൽ നിന്നും ഉയർന്നുവരുന്നതിന് സഹായകമായ വിധത്തിൽ വികേന്ദ്രീകൃത സംവിധാനത്തിന്റെ വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന സമിതികൾ മുഖേന ജനകീയപങ്കാളിത്തം ഉറപ്പുവരുത്തണം.

9.11 ഈ ഘട്ടത്തിൽ ഒരു പ്രത്യേക പ്രശ്നം ഉയർന്നുവരാനിടയുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ പ്രബലമായി നിലകൊള്ളുന്ന സമാന്തര സംവിധാനങ്ങളുണ്ട്. സർക്കാർ സ്കൂളുകളും മതസംഘടനകളുടെ വകയായ സ്ഥാപനങ്ങളും തികച്ചും വാണിജ്യാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളും നിലനിൽക്കുന്നു. വിശേഷിച്ചും ഗ്രാമപ്രദേശങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭരണനിർവഹണ ചുമതല ഉടൻ തന്നെ പഞ്ചായത്ത് സമിതികൾക്ക് വിട്ടുകൊടുക്കണമെന്ന നിർദ്ദേശത്തോട് അധികമൊന്നും ചെറുത്തുനില്പ് ഉയരാനിടയില്ല. എങ്കിലും പട്ടണപ്രദേശങ്ങളിൽ അത്തരമൊരു തീരുമാനത്തോട് എതിർപ്പുളവായേക്കും. പഞ്ചായത്ത് സമിതികളുടെ മേൽനോട്ടത്തിലാകുമ്പോൾ തങ്ങളുടെ സ്വയംഭരണാധികാരം ഹനിക്കപ്പെട്ടേക്കുമെന്ന് ഒരു വിഭാഗം മതസംഘടനകളുടെ ആഭിമുഖ്യത്തിലുള്ള സ്കൂളുകളും വാണിജ്യാടിസ്ഥാനത്തിലുള്ള സ്കൂളുകളും ഭീതി പ്രകടിപ്പിച്ചേക്കും. വികേന്ദ്രീകരണമെന്ന കാഴ്ചപ്പാടിനെ ബാധിക്കാതെ ഈ ആശങ്കകളിൽ പലതും ദൂരീകരിച്ചുകൊണ്ട് നിയമവ്യവസ്ഥകളുണ്ടാക്കിയാൽ ഈ പ്രശ്നം പൊതുവേ പരിഹരിക്കാൻ സാധിക്കും.

9.12 ബന്ധപ്പെട്ട ഓരോ കക്ഷിയും വിവിധതലങ്ങളിൽ വികേന്ദ്രീകരണത്തിന്റെ ബാധ്യതകൾ പാലിക്കുന്നുവെന്ന് സംസ്ഥാന സർക്കാർ ഉറപ്പു വരുത്തേണ്ടതുണ്ട്. വിവിധ തത്പരകക്ഷികളുടെ വീക്ഷണങ്ങൾ കണക്കിലെടുത്തുകൊണ്ടും വികേന്ദ്രീകരണത്തിന്റെ തത്ത്വങ്ങളിൽ വിട്ടുവീഴ്ച കൂടാതെ പരമാവധി സമരസപ്പെടുത്തിയും അനുരഞ്ജന പ്രക്രിയയിലൂടെ ഇത് പാലിക്കപ്പെടുമെന്ന് ഉറപ്പുവരുത്താം. തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പ്രാഥമികഘട്ടത്തിൽ തന്നെ ഇംഗ്ലീഷ് അധ്യയനമാധ്യമമാക്കാൻ ഏതെങ്കിലും മതസ്ഥാപനമോ വാണിജ്യസ്ഥാപനമോ അമിതോത്സാഹം പ്രകടിപ്പിക്കുന്നത് ഒരുദാഹരണമാണ്. അധികൃതർ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് നയപരവും സുദൃഢവുമായ മാർഗങ്ങളിലൂടെയായിരിക്കണം. വിഭാഗീയമോ കച്ചവടപരമോ ആയ താത്പര്യങ്ങളാൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ നീക്കങ്ങൾക്ക് തടയിടുന്ന ധാർമികമായ പ്രേരണ ചെലുത്താൻ കഴിവുറ്റ ശക്തികളെ ഒരളവോളം വികേന്ദ്രീകരണം തന്നെ കെട്ടഴിച്ചുവിടും.

വിദ്യാഭ്യാസത്തിലെ ജനാധിപത്യപ്രക്രിയ

9.13 ജനാധിപത്യ പ്രക്രിയയുടെ അവിഭാജ്യഭാഗവും അതിന്റെ വിപുലീകരണവുമാണ് അധികാരവികേന്ദ്രീകരണം. പ്രാരംഭത്തിൽത്തന്നെ ജനാധിപത്യപരമായ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഗുണവിശേഷം ഞങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ജാതി, വർഗ്ഗം, മതം, ലിംഗഭേദം, സാമ്പത്തികപദവി എന്നിങ്ങനെയുള്ള ഭേദങ്ങൾ കൂടാതെ എല്ലാവർക്കും ലഭ്യമാവുന്ന ഒന്നായിരിക്കണം അത്. ശക്തമായ ഒരു സന്ദേശം ചുറ്റുപാടും പ്രസരിപ്പിക്കേണ്ടതുണ്ട് എന്നതാണിതിന്റെ വിവക്ഷ: ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയെന്നത് ഏതെങ്കിലും സാമൂഹികവിഭാഗത്തിന്റെ മേൽത്തട്ടിലുള്ളവരുടെ സവിശേഷമായ അധികാരാവകാശങ്ങളല്ല; മറ്റുള്ളവരേയും അതിലേക്ക് ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഈ ജനാധിപത്യാദർശം വിദ്യാഭ്യാസ മണ്ഡലത്തിൽ മാനിക്കപ്പെടണമെങ്കിൽ ഓരോ വിദ്യാഭ്യാസസ്ഥാപനവും അധ്യാപകർ, ഭരണ നിർവഹണാധികാരികൾ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പൊതുജനങ്ങൾ എന്നിവരെ പങ്കാളികളാക്കി ഉചിതമായ സമിതികൾ രൂപീകരിച്ച് എല്ലാ പ്രശ്നങ്ങളെയും സംബന്ധിച്ച് പര്യാലോചന നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും

ചെയ്യേണ്ടതുണ്ട്. സ്ഥാപനത്തിന്റെ മേധാവി – പ്രിൻസിപ്പാളോ ഹെഡ്മാസ്റ്ററോ – അധ്യാപകരുമായും ഭരണ നിർവ്വഹണാധികാരികളുമായും സഹകരിച്ചുകൊണ്ട് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. അധ്യാപകർ പരസ്പര വീക്ഷണങ്ങളുൾക്കൊള്ളുക മാത്രമല്ല, അതോടൊപ്പം തന്നെ വിദ്യാർത്ഥികളുമായും ഭരണപരമായ നടപടിക്രമങ്ങൾ, കോഴ്സിന്റെ ഉള്ളടക്കം, ക്ലാസിലെ അച്ചടക്കം മുതലായവയെ സംബന്ധിച്ച് ആശയ വിനിമയം നടത്തുകയും അനുരഞ്ജനത്തിന് സന്നദ്ധരാവുകയും ചെയ്യണം. വിദ്യാർത്ഥികളുന്നയിക്കുന്ന പരസ്യവിമർശനങ്ങൾക്ക് വല്ലപ്പോഴും വിധേയരായാൽ അവർ പരിഭവിക്കേണ്ടതില്ല. ജനാധിപത്യാദർശങ്ങളുടെ വ്യാപനം കണക്കിലെടുക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുൻകാലങ്ങളിലെ പോലെ കൈകാര്യം ചെയ്യാനാവുമെന്ന് ധരിക്കുന്നത് അബദ്ധമായിരിക്കും. അധ്യാപകർ കൂട്ടായ സമിതി രൂപീകരിച്ച് തങ്ങളുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളുമായി സ്ഥാപനങ്ങളെ സമീപിക്കും. അക്കാഡമിക് ചുമതലയുള്ള അധികാരിയുടേയും ഭരണസമിതിയുടേയും മുമ്പാകെ അധ്യാപകർ, പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ച, തങ്ങളുടെ ശക്തമായ വികാരങ്ങൾ പ്രകടിപ്പിച്ചുവെന്ന് വരും. ഇതുപോലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ അധ്യാപകസമൂഹത്തിന്റേയും ഭരണസമിതിയുടേയും മുമ്പാകെ പരാതികൾ സമർപ്പിച്ചേക്കും. ആവശ്യമെങ്കിൽ അധ്യാപനത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് വീക്ഷണങ്ങൾ പ്രകടിപ്പിക്കുവാനും അധ്യാപകരെ വിലയിരുത്തുവാനും അവർക്ക് ശരിയായ വിധത്തിൽ അവകാശമുണ്ടായിരിക്കും.

9.14 ഇതെല്ലാം ആശയക്കുഴപ്പത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കുമോ ? ഇവിടെ അക്കാഡമിക് സ്ഥാപനങ്ങളുടെ സമീപനം വളരെ പ്രധാനമാണ്. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, ഭരണസമിതി, സ്ഥാപനത്തിന്റെ അധിപതി, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരിൽ ഓരോരുത്തർക്കും മറ്റുള്ളവരുടെ വീക്ഷണങ്ങളിലും ഉദ്ദേശ്യങ്ങളിലും വിശ്വാസമുണ്ടെങ്കിൽ സമീപനങ്ങളിലെ അന്തരങ്ങളേയും ഭിന്നവീക്ഷണങ്ങളേയും സമന്വയിപ്പിക്കുക ദുഷ്കരമാവില്ല. ആഭ്യന്തര ജനാധിപത്യത്തിന്റെ ശക്തി വിഭാഗീയ പ്രവണതകളെ തടയാൻ മതിയാകും. തുടക്കം മുതൽക്കേ തന്നെ ഒന്നോ പലതോ ആയ കക്ഷികൾ പരസ്പരാദരവിന്റേയും പരസ്പരം ഉൾക്കൊള്ളുന്നതിന്റേയും മനോഭാവം പ്രകടിപ്പിക്കാതിരുന്നാൽ മാത്രമേ പ്രയാസം ഉളവാകൂ.

9.15 ക്ലേശകരമായ ഒരു പ്രത്യേക പ്രശ്നമെടുക്കാം. സ്കൂളുകളിലേക്ക് അധ്യാപകരെ തെരഞ്ഞെടുക്കുന്ന രീതി ഇനിമേൽ അധികതരമായി ജില്ലാതല സമിതികളിലേക്കായി വികേന്ദ്രീകരിക്കപ്പെടും. പ്രൈമറി-സെക്കണ്ടറി തലങ്ങളിലുള്ള സ്ഥാപനങ്ങൾക്കായുള്ള ഭരണപരമായ ചട്ടങ്ങളുടേയും നടപടിക്രമങ്ങളുടേയും സ്ഥിതിയും അപ്രകാരമായിരിക്കും. സർക്കാരിന്റെ പരിധിയിലുള്ള വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇത് പ്രയാസകരമായിരിക്കുകയില്ല. സംസ്ഥാന അധികൃതരുടെ അംഗീകാരമുള്ള, പ്രാഥമിക വിദ്യാഭ്യാസത്തിന്റേയും തൊഴിൽ പരിശീലനത്തിന്റേയും കോഴ്സ് പിന്തുടരുവാൻ സന്നദ്ധമാകുന്ന, മതസ്ഥാപനങ്ങളുടേയും വാണിജ്യ സംഘടനകളുടേയും ആഭിമുഖ്യത്തിലുള്ള സ്കൂളുകളേയും, സംസ്ഥാനത്തിൽ പൊതുവേ അംഗീകരിക്കുന്ന അധ്യാപകനിയമന രീതിയും ജീവനക്കാരുടെ ശമ്പള സ്കെയിലും അംഗീകരിക്കാൻ നിർബന്ധിക്കേണ്ടിവരും. സംസ്ഥാന വ്യവസ്ഥ പ്രകാരമുള്ള പാഠ്യപദ്ധതിക്ക് പുറമേയായിരിക്കും ഇത്.

9.16 ഇതിലെ മാർഗതടസങ്ങൾ അവഗണിക്കുന്നത് അബദ്ധമായിരിക്കും. അധ്യാപക നിയമനത്തിനായി ഇപ്പോൾ പിന്തുടരുന്ന വ്യത്യസ്തങ്ങളായ നടപടിക്രമങ്ങളുടെ സമന്വയവും അവർക്കും ഇതര ജീവനക്കാർക്കും നൽകപ്പെടേണ്ട വേതനത്തിന്റെ നിർണ്ണയവും എളുപ്പത്തിൽ നിർവഹിക്കാവുന്ന കാര്യങ്ങളല്ല. ഒരുകാര്യം വീണ്ടും വീണ്ടും ഊന്നിപ്പറയേണ്ടിവരും. ജനാധിപത്യവത്കരണം എന്നതിനർത്ഥം യോഗ്യതയെ സംബന്ധിച്ച തത്ത്വം ഉപേക്ഷിക്കുകയെന്നല്ല. ജനാധിപത്യത്തിന്റെ സന്ദേശവ്യാപനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണെങ്കിലും വിജ്ഞാനത്തിന്റേയും വൈദഗ്ദ്ധ്യത്തിന്റേയും വിവിധരംഗങ്ങളിൽ

പ്രാഗത്ഭ്യം വളർത്തിയെടുക്കുകയെന്നതും അതിന്റെ ലക്ഷ്യമാണ്. വികേന്ദ്രീകൃത വിദ്യാഭ്യാസഘടനയുടേയും, പഞ്ചായത്ത് ശ്രേണിയുമായുള്ള അതിന്റെ ബന്ധത്തിന്റേയും മറ്റുകാര്യങ്ങൾ എന്തുതന്നെയായാലും വ്യക്തികളെ തെരഞ്ഞെടുക്കുകയും നിശ്ചയിക്കുകയും ചെയ്യുന്ന രീതിയെ സംബന്ധിച്ചിടത്തോളം യോഗ്യതയ്ക്കാണ് മുഖ്യപരിഗണന കല്പിക്കേണ്ടത്.

9.17 ഉന്നത വിദ്യാഭ്യാസം പഞ്ചായത്ത് സംവിധാനപ്രകാരം ആവിഷ്കരിക്കപ്പെടുന്ന ഘടനയുടെ പരിധിയിലൊതുങ്ങണമെന്ന് വിഭാവനം ചെയ്യപ്പെട്ടിട്ടില്ല, എങ്കിലും അതിനേയും വികേന്ദ്രീകൃത സംവിധാനത്തിൽ നിന്ന് പൂർണ്ണമായും ഒഴിച്ചുനിർത്താനാവില്ല. പ്രാദേശികാവശ്യങ്ങളും ബാധ്യതകളും നിറവേറ്റുന്നതിനുള്ള വൈദഗ്ദ്ധ്യവും വിജ്ഞാനവും ആവിഷ്കരിക്കാൻ ഉദ്ദേശിച്ചുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് അത്യാവശ്യമാണ്. ഒരു സ്ഥാപനത്തിലെ ആഭ്യന്തര ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും, രക്ഷാകർത്താക്കളുമായി അനുസ്യൂതമായ ഇടപെടൽ നടത്തുന്നതിനും ഗണ്യമായ സാമൂഹിക പ്രാധാന്യമുണ്ട്.

9.18 വൈശിഷ്ട്യം വളർത്തുന്നതിനു വേണ്ടിത്തന്നെ ആഴത്തിലുള്ളതും വ്യാപകവുമായ ജനാധിപത്യസംവാദം ആവശ്യമായ വിപുലമായൊരു മേഖല വിദ്യാഭ്യാസ മണ്ഡലത്തിനകത്തു തന്നെയുണ്ട്. ഭരണസമിതി ചെയർമാനോ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രിൻസിപ്പലോ ഹെഡ്മാസ്റ്ററോ ആരുംതന്നെ ഒറ്റപ്പെട്ട ഒരു ദ്വീപല്ല. അവർ സമൂഹത്തിന്റെ ഭാഗമാണ്. തങ്ങളുടെ മാത്രം അധികാര മേഖലയിൽപെടുന്നതാണെന്നു കരുതപ്പെടുന്ന വിഷയങ്ങളിൽപോലും മറ്റു ജീവനക്കാരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ട സാമൂഹ്യ ബാധ്യത അവർക്കുണ്ട്. ഒരു അക്കാഡമിക് പ്രശ്നത്തിൽ വിദ്യാർത്ഥികൾ ഒരു വീക്ഷണം ഉന്നയിക്കുമ്പോൾ തങ്ങൾക്കുമേൽ അത് അടിച്ചേല്പിക്കപ്പെടുകയാണെന്ന് അധ്യാപകർ കരുതരുത്; ഏതാനും ആവശ്യങ്ങളുടെ പത്രികയുമായി ഒരു സംഘം അധ്യാപകർ സമീപിച്ചാൽ തങ്ങളെ സാമൂഹ്യ സമ്മർദ്ദങ്ങൾക്കു കീഴ്പ്പെടുത്തുകയാണെന്ന് സ്ഥാപനത്തിന്റെ ഭരണസമിതി അധ്യക്ഷനും കണക്കാക്കരുത്. അധ്യാപകർ വിദ്യാർത്ഥിസമൂഹത്തിൽ നിന്ന് അകലരുതെന്നതും അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ്. പാഠ്യപദ്ധതിയുടെ വിശാലമായ രൂപരേഖക്കകത്തു തന്നെ അധ്യാപനത്തേയും പരിശീലന രീതികളേയും കോഴ്സിന്റെ ഉള്ളടക്കത്തേയും സംബന്ധിച്ച പരീക്ഷണങ്ങൾക്ക് എല്ലായ്പ്പോഴും അവസരമുണ്ടാകണം. പ്രാഥമിക വിദ്യാഭ്യാസത്തിന്റേയും തൊഴിൽ പരിശീലനത്തിന്റേയും കാര്യത്തിൽ ഇത് ബാധകമാകണം. ഈ പരീക്ഷണങ്ങൾ അധ്യാപക-വിദ്യാർത്ഥി സമൂഹങ്ങളുടെ കൂട്ടായ യത്നമായിരിക്കണം. ക്രിയാത്മകമായ അത്തരം സംരംഭങ്ങൾക്ക് ഉന്നതാധികാരികൾ, അവർ ആരുതന്നെ ആയാലും, ഔപചാരികമായ അനുമതി നൽകണം. അധ്യാപകർ, വിദ്യാർത്ഥികൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവർ തമ്മിൽ അടുത്തുള്ള ഇടപഴകൽ സാദ്ധ്യമാകുന്ന ഉന്നതവിദ്യാഭ്യാസ രംഗത്ത് ഈ തരത്തിലുള്ള പരീക്ഷണങ്ങൾ പരമപ്രധാനമാണ്. സിദ്ധാന്തങ്ങളും നിഗമനങ്ങളും അടിത്തട്ടിലേക്കു കൊണ്ടുവന്ന് അവയുടെ നേട്ടങ്ങളും ദൗർബല്യങ്ങളും അപഗ്രഥിക്കാൻ അതുവഴി കഴിയും. തന്റെ അയൽപക്കത്തെ സസ്യജന്തുജാലങ്ങളെ കുറിച്ച് പരിചിതനായ ഒരു വിദ്യാർത്ഥിക്ക് പ്രാദേശികമായി ലഭ്യമായ പദാർത്ഥങ്ങളുടെ ഉപയോഗം അടിസ്ഥാനമാക്കിയുള്ള പുതിയ ഉത്പാദന സാദ്ധ്യതകളെ സംബന്ധിച്ച മൂർത്ത നിർദ്ദേശങ്ങൾ ഉന്നയിക്കുവാൻ സാധിക്കുമെന്നത് വിഭാവനം ചെയ്യാം.

9.19 ചുരുക്കത്തിൽ ജനാധിപത്യം എന്നത് ജനാധിപത്യം എന്തു ചെയ്യുന്നുവെന്നതാണ്. രാഷ്ട്രഘടനയുടേയോ സമൂഹത്തിന്റേയോ സ്വഭാവവുമായി ബന്ധപ്പെട്ട മൗലിക പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുന്ന, സാമൂഹികാസ്തിത്വത്തിന്റെ തലത്തിൽ, സ്വന്തം ആദർശങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ വ്യക്തികൾക്ക് പ്രയാസകരമാകും. എന്നാൽ വിദ്യാഭ്യാസരീതികളേയും വിദ്യാഭ്യാസപരമായ ഉള്ളടക്കത്തേയും സംബന്ധിച്ച പരീക്ഷണങ്ങൾ നടത്തുന്നതിന്റെ കാര്യം ഉയർന്നു വരുമ്പോൾ പ്രശ്നങ്ങൾ അത്രത്തോളം സങ്കീർണ്ണമല്ല;

മറ്റുള്ളവരുടെ വീക്ഷണങ്ങൾക്കു ചെവികൊടുക്കുന്നത് ഒരാളുടെ അടിസ്ഥാനനിലപാടിന് വിപത്കരമാകുന്നില്ല. പാഠ്യപദ്ധതിയുടേയും ബോധനരീതിയുടേയും കൈകാര്യകർതൃത്വത്തിന്റേയും വശങ്ങളെ സംബന്ധിച്ചിടത്തോളം നിശിതമായ വിയോജിപ്പുണ്ടായാൽ പോലും പൊതുവായ മേഖലകൾ കണ്ടെത്തുക സാധ്യമാണ്. അതു കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഫലപ്രദമാകുകയില്ല.

രാഷ്ട്രീയത്തിന്റെ പങ്ക്

9.20 വിദ്യാഭ്യാസരംഗത്ത് രാഷ്ട്രീയത്തിന്റെ പങ്കിനെ സംബന്ധിച്ച ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. രാഷ്ട്രീയകക്ഷികൾ നേരിട്ട് നേതൃത്വം നൽകുകയും, വിഭാഗീയ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തന മേഖലകളായിരിക്കുകയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അത്തരം സംഘടനകളുടെ സമീപനങ്ങൾ കാമ്പസ്സുകളിലെ അക്കാഡമിക് അന്തരീക്ഷം വഷളാക്കിയെന്നും, ചേരിപ്പോരിനും പലപ്പോഴും കായികസംഘട്ടനങ്ങൾക്കും ഇടയാക്കിയെന്നും ആരോപിക്കപ്പെടുന്നു. വിവിധ രാഷ്ട്രീയകക്ഷികളും ദർശനങ്ങളും തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ പക്വതയാർന്നിട്ടില്ലാത്ത സ്കൂൾ കുട്ടികൾക്കിടയിലുള്ള രാഷ്ട്രീയ ചർച്ച അവരുടെ പഠനത്തെ ബാധിക്കുകയും പൗരന്മാർ എന്നനിലയിലുള്ള വളർച്ച തടസ്സപ്പെടുത്തുകയും ചെയ്യുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

9.21 മുൻപേജുകളിൽ അവതരിപ്പിക്കപ്പെട്ട പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വാദഗതികളെ പരിശോധിക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം കാര്യപരിപാടിയുടെ ഭാഗമാണ്. ഇതിനർത്ഥം സ്ഥാപനങ്ങൾ മാത്രം ജനാധിപത്യവത്കരിച്ചാൽ മതിയെന്നല്ല. കുട്ടികൾക്കിടയിൽ ജനാധിപത്യാവബോധവും ജനാധിപത്യത്തിന്റെ പ്രവർത്തനരീതിയെ കുറിച്ചുള്ള ധാരണയും വളർത്തേണ്ടതുണ്ട്. സമൂഹത്തിൽ ചർച്ചയും വാദപ്രതിവാദങ്ങളും നടക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങളെ സംബന്ധിച്ച ഭിന്ന പരിപ്രേക്ഷ്യങ്ങളേയും നിലപാടുകളേയും കുറിച്ച് വിമർശനാത്മകമായ വീക്ഷണം അവർക്കിടയിൽ വളർത്തേണ്ടതുണ്ട്. സാമൂഹിക സമ്മർദ്ദങ്ങളിൽ നിന്നെല്ലാം പാടെ അകറ്റപ്പെട്ട അന്തരീക്ഷത്തിൽ ഇത് വളർത്താനാവില്ല. ഒരു വിദ്യാഭ്യാസ സ്ഥാപനവും അതിലെ അധ്യാപകരും വിദ്യാർത്ഥികളും രാഷ്ട്രഘടനയുടെ ഭാഗമാണല്ലോ. അതിനാൽ ഒരു ജനാധിപത്യവ്യവസ്ഥയിൽ രാഷ്ട്രീയത്തിന്റെ ഒരളവോളമുള്ള സ്വാധീനം അനിവാര്യമാണ്. പ്രായപൂർത്തി സമ്മതിദാനാവകാശത്തിന്റെ അടിസ്ഥാനത്തിൽ വളർന്നുവരികയും, പതിനെട്ട് വയസ്സ് പ്രായമുള്ളവർക്ക് - അവരിൽ വലിയൊരു ഭാഗം വിദ്യാർത്ഥികളാണ്-സമ്മതിദാനാവകാശം നൽകുകയും ചെയ്ത ഒരു സമൂഹത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രാഷ്ട്രീയം നിരോധിക്കുന്നത് അസംബന്ധമാണ്.

9.22 അപ്പോൾ പ്രശ്നം രാഷ്ട്രീയം നിരോധിക്കണമോ, സ്ഥാപനങ്ങളെ രാഷ്ട്രീയത്തിൽ നിന്ന് വിമുക്തമാക്കണമോ എന്നതല്ല, മറിച്ച് നീതിപൂർവമായ സമൂഹവികാസത്തിന് ഉതകുന്ന വിധത്തിൽ യഥാർത്ഥ ജനാധിപത്യാവബോധവും പ്രയോഗവും വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങളും പരിധികളും നിർണ്ണയിക്കുക എന്നതാണ്. അതിലേക്കുള്ള ആദ്യപടിയാണ് നേരത്തെ വിവരിക്കപ്പെട്ട, സ്ഥാപനതലത്തിലുള്ള ജനാധിപത്യവത്കരണം. ജനാധിപത്യസ്ഥാപനങ്ങളുടെ യഥാർത്ഥ പ്രയോഗരീതി വിദ്യാർത്ഥിയെ പരിചയപ്പെടുത്തുക എന്നതാണ് രണ്ടാമത്തെ ചുവടുവെപ്പ്. ഇത്തരം സ്ഥാപനങ്ങളിൽ പലതിനകത്തുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെട്ടതാണ് യഥാർത്ഥത്തിൽ പാഠനപ്രക്രിയ.

ഇവിടെ നിന്ന് അവിടേക്ക്

കേരളത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച വിമർശനാത്മകമായ അപഗ്രഥനത്തിനും ഭാവിയിൽ സംസ്ഥാനത്ത് രൂപം കൊള്ളേണ്ടതായുള്ള വിദ്യാഭ്യാസരീതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമാണ് മുൻ അധ്യായങ്ങളിലും ഭാഗങ്ങളിലും ശ്രമിച്ചത്. നാം ഇപ്പോൾ നിൽക്കുന്നിടത്ത് നിന്ന് നാം എത്തേണ്ടിടത്തേക്ക് എങ്ങനെ നീങ്ങും എന്നതാണ് പ്രധാന ചോദ്യം. ഈ ചോദ്യത്തിന് എളുപ്പത്തിലുള്ള ഉത്തരങ്ങളൊന്നുമില്ല. ഒരു ജനാധിപത്യ സമൂഹത്തിൽ ജനങ്ങളുടെ പൊതുവേയുള്ള മുൻകൈ നടപടികളുടേയും നേട്ടങ്ങളുടേയും ഫലമായി മാറ്റങ്ങൾ സംഭവിക്കുന്നുവെന്നതാണ് വ്യക്തമായ ഒരു കാര്യം. നാം സൂചിപ്പിച്ച നിരവധി പരിവർത്തനങ്ങൾ സർക്കാരിന്റെ നിർണായക നടപടി ആവശ്യപ്പെടുന്നതാണ്. ഒരു ജനാധിപത്യഘടനയിൽ സർക്കാരിനെ കർമ്മരംഗത്തെത്തിക്കുന്നതിനുള്ള അവകാശവും ബാധ്യതയും ജനങ്ങൾക്കുണ്ട്. എന്തെല്ലാം കൈവരിക്കാമെന്ന് സ്വന്തം നടപടികളിലൂടെ അവർക്ക് തെളിയിക്കാനും കഴിയും.

വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ കേരളം കൈവരിച്ച ഉജ്ജ്വല നേട്ടങ്ങൾക്ക് അനുസൃതമായി അടുത്ത ഏതാനും ദശകങ്ങളിൽ വിദ്യാഭ്യാസ പുരോഗതിയുണ്ടാവുമെന്നും രാഷ്ട്രത്തിന്റെ ഇതര ഭാഗങ്ങൾക്കെല്ലാം ഉത്തമമാതൃക പ്രദാനം ചെയ്തുകൊണ്ട് പുതിയ മേഖലകൾ വെട്ടിത്തുറക്കുന്നതിൽ വിജയം വരിക്കുമെന്നുമുള്ള നിറഞ്ഞ പ്രത്യാശയോടെയാണ് ഞങ്ങൾ ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നത്.

അധ്യായം പത്ത്

പുതിയ വിദ്യാഭ്യാസ സംവിധാനം ഉണ്ടാവാൻ

10.1 ഇന്ത്യയിലെ മറ്റു ഭാഗങ്ങളുമായും, ചില മൂന്നാം ലോക രാജ്യങ്ങളുമായും താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പൊതു വിദ്യാഭ്യാസം വിപുലമാണ്. അഭിമാനാർഹമായ ഈ നേട്ടത്തിനിടയിലും ഉള്ളടക്കം, സംഘാടനം, നടത്തിപ്പ് എന്നീ മേഖലകളിൽ അത് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നിലവിലുള്ള ഘടനയും പ്രവർത്തനങ്ങളും വിമർശനബുദ്ധ്യാ വിലയിരുത്തിയതിലൂടെ, അവസരസമത്വവും വൈശിഷ്ട്യവും സമ്മേളിക്കുന്ന ഒരു ജനകീയ വിദ്യാഭ്യാസസംവിധാനം കമ്മീഷൻ നിർദ്ദേശിക്കുകയാണ്.

10.2 ഭൂരിപക്ഷം കുട്ടികൾക്കും പ്രയോജനപ്പെടുന്ന പൊതു വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു മാതൃക വികസിപ്പിക്കുന്നതിലാണ് കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാവി നിലകൊള്ളുന്നതെന്ന് കമ്മീഷൻ കരുതുന്നു. ഈ മാതൃക മറ്റു പലതിനുമൊപ്പം, അവസരസമത്വത്തേയും വൈശിഷ്ട്യത്തേയും സമന്വയിപ്പിക്കുന്നു. മതേതരത്വവും ജനാധിപത്യ ബോധവും ഉയിർപ്പിക്കുന്നു. പാഠ്യപദ്ധതിയിൽ കായികവും മാനസികവുമായ പ്രവർത്തനങ്ങളെ ഉദ്ഗ്രഥിക്കുന്നതിലൂടെ തൊഴിലിന്റെ മഹത്വം ഉദ്ഘോഷിക്കുന്നു. പൊതു വിദ്യാലയങ്ങളിലെ വിദ്യാഭ്യാസനിലവാരം തൃപ്തികരമല്ല. 'മികച്ച വിദ്യാലയ'ങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എമ്പാടും പൊട്ടിമുളക്കാൻ ഇത് കാരണമാകുന്നു. കേരളവിദ്യാഭ്യാസ രംഗത്ത് ധനികർക്കും ദരിദ്രർക്കുമുള്ള രണ്ടുതരം സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതായി കാണപ്പെടുന്നു. പൊതു വിദ്യാലയങ്ങളെ അഭിവൃദ്ധിപ്പെടുത്തുക മാത്രമാണ് ഇതിനുള്ള പ്രതിവിധി.

10.3 കേരളത്തിലെ സമൂഹത്തിന്റേയും സാമ്പത്തിക സ്ഥിതിയുടേയും വികസനത്തിനും, വികസനത്തിനാവശ്യമായ മനുഷ്യശേഷിയുടെ വികാസത്തിനും വിദ്യാഭ്യാസ സംവിധാനം സന്നദ്ധമാവേണ്ടതുണ്ട്. ഉത്പാദനമേഖലയുടെ വികസനമെന്നത് മനുഷ്യവിഭവശേഷിയുടെ സ്വഭാവവുമായി വലുതായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ സ്വഭാവവും സമൂഹത്തിനാവശ്യമായ മനുഷ്യശേഷിയും തമ്മിൽ ഇപ്പോൾ യാതൊരു ബന്ധവുമില്ല. ഈ ബന്ധമില്ലായ്മ, മനുഷ്യശേഷിയുടെ പാഴ്ച്ചെലവിലേക്ക് നയിക്കുന്നു. ഇത് ഒഴിവാക്കാവുന്നതേയുള്ളൂ. സമൂഹത്തിന്റെ പൊതുതാത്പര്യത്തിന് വിധേയമായി കായികവും മാനസികവും നിർമ്മാണാത്മകവും ഉത്പാദനപരവുമായ പ്രവർത്തനങ്ങൾക്കു വേണ്ട നൈപുണികളും നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. ഇതിനു വേണ്ട രീതിയിൽ വിദ്യാഭ്യാസസംവിധാനത്തെ ചിട്ടപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

10.4 ഗവൺമെന്റും സ്വകാര്യ വ്യക്തികളുമാണല്ലോ വിദ്യാഭ്യാസ മാനേജ്മെന്റിലെ മുഖ്യപങ്കാളികൾ. മാനേജ്മെന്റിന്റെ ഈ ബഹുത്വം കേരളത്തിൽ ഒരു യാഥാർത്ഥ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിന്റേയും നടത്തിപ്പിന്റേയും കാര്യത്തിൽ സർക്കാരും സ്വകാര്യ ഏജൻസികളും തമ്മിൽ മനസ്സിലാക്കാവുന്ന ഒരു സംഘർഷം നിലനിൽക്കുന്നുണ്ട്. സമൂഹത്തിന്റെ വിശാലമായ ഉദ്ദേശ്യങ്ങളുടേയും മുൻഗണനകളുടേയും അടിസ്ഥാനത്തിൽ മാത്രമേ ഇത് പരിഹരിക്കാനാവൂ. ജനങ്ങളുടെ ഇച്ഛയിലൂടെയാണ് ഇത് പ്രകടമാവുക. അങ്ങനെ ചെയ്യുമ്പോൾ ന്യൂനപക്ഷങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ, സ്ത്രീകൾ എന്നിവരുടെ ആവശ്യങ്ങളും താത്പര്യങ്ങളും പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്.

10.5 ഇപ്പോൾ നടന്നുവരുന്ന അധികാര വികേന്ദ്രീകരണപ്രക്രിയയെ വിദ്യാഭ്യാസത്തിന്റെ മതനിരപേക്ഷതയ്ക്കും ജനാധിപത്യവത്കരണത്തിനും കൂടി ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ അയൽക്കൂട്ടങ്ങളിലൂടെയും സ്കൂൾ സമിതികളിലൂടെയുമുള്ള സാമൂഹിക ഇടപെടലും ദിശാഗതി നിയന്ത്രണവും സഹായകമാവും. അതിനാകട്ടെ, വികേന്ദ്രീകരണമെന്നത് ഭരണപരവും നടത്തിപ്പുപരവുമായ ഘടനകൾക്കപ്പുറത്തേക്ക് വ്യാപിക്കണം. അക്കാദമിക നടപടികളിലേക്കും രീതികളിലേക്കും കൂടി കടന്നുചെല്ലണം.

പൊതുവായ ഇത്തരം പര്യാലോചനകളുടെ വെളിച്ചത്തിൽ രൂപപ്പെട്ട പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളും ശുപാർശകളും താഴെ സൂചിപ്പിക്കുന്നു.

പാഠ്യപദ്ധതി

10.6 സംസ്ഥാനം നൽകുന്ന, വിദ്യാഭ്യാസത്തെ സംബന്ധിച്ച നയരേഖയോ ഒരുകൂട്ടം നിർദ്ദേശങ്ങളോ മാത്രമായി പാഠ്യപദ്ധതിയെ കാണാനാവില്ല. മറിച്ച് സമൂഹത്തിന്റെ ആവശ്യങ്ങളുമായി ഇഴയടുപ്പമുള്ള ഒരു സാമൂഹികരേഖയാണ് പാഠ്യപദ്ധതി. സ്ഥിരമായി ഒരു പാഠ്യപദ്ധതി ഇല്ല. സാമൂഹിക മാറ്റങ്ങളുടെ ഭാഗമായി ഉയർന്നു വരുന്ന വെല്ലുവിളികളെ നേരിടുവാൻ അത് രൂപാന്തരപ്പെട്ടു കൊണ്ടേയിരിക്കും. എന്നിരിക്കിലും, വിഭിന്ന താത്പര്യങ്ങൾ നിറഞ്ഞ നമ്മുടെ സമൂഹത്തിൽ, ജനങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റാനുതകുന്ന ഒരു പാഠ്യപദ്ധതി രൂപീകരിക്കാൻ ശ്രമിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ കടമയാണ്. അങ്ങനെ രൂപപ്പെടുന്ന പാഠ്യപദ്ധതി, മുഴുവൻ അധ:സ്ഥിതരും ഉൾക്കൊള്ളുന്ന ഭൂരിപക്ഷത്തിന്റെ സാമൂഹികവികസനം ലക്ഷ്യം വെക്കുന്നതായിരിക്കും. അത്തരമൊരു പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന മറ്റുകാര്യങ്ങൾ:

a) അധ്യയന മാധ്യമം മാതൃഭാഷയായിരിക്കും

b) കുട്ടികൾ ഇടപെടുന്ന, അവരുടെ പഠനം ആരംഭിക്കുന്ന, ഏറ്റവുമടുത്ത ചുറ്റുപാടുകളിൽ നിന്നാവും പഠനപ്രക്രിയ ആരംഭിക്കുക.

c) മാനസികവും കായികവുമായ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തിൽ ഊന്നും. പാഠ്യപദ്ധതിയിൽ രണ്ടു വശങ്ങളേയും ഉദ്ഗ്രഥിക്കും.

d) കുട്ടിയുടെ സർഗാത്മകശേഷി യാഥാർത്ഥ്യമാക്കുവാനുള്ള ഒരു മാർഗമായി പാഠ്യപദ്ധതിയുടെ ചട്ടക്കൂടിനെ പ്രയോജനപ്പെടുത്തും.

e) മതനിരപേക്ഷവും ജനാധിപത്യ പൂർണ്ണവുമായ ഒരു സമൂഹത്തിൽ തന്റെ സ്ഥാനം എന്താണെന്ന് തിരിച്ചറിയാൻ അത് കുട്ടിയെ പ്രാപ്തനാക്കും. സാമൂഹ്യ പ്രക്രിയയിൽ വിമർശനപരമായും സർഗാത്മകമായും ഇടപെടാനുള്ള കഴിവു നൽകും.

മേൽ സൂചിപ്പിച്ച പരിപ്രേക്ഷ്യത്തെ ഉൾക്കൊള്ളിക്കാൻ നിലവിലുള്ള പാഠ്യപദ്ധതിയെ പുന:ക്രമീകരിക്കേണ്ടതുണ്ട് അതിനുള്ള നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്.

മൂല്യനിർണ്ണയം

10.7 വിജയികളെ വേർതിരിക്കാനും പരാജിതരെ അരിച്ചു മാറ്റാനുമുള്ള ഒരു മാർഗമായി മൂല്യനിർണ്ണയം അധികമധികം മാറിക്കൊണ്ടിരിക്കുകയാണ്. ഈ കാഴ്ചപ്പാടിനനുസരിച്ച് രൂപപ്പെടുത്തിയതാണ് നിലവിലുള്ള പരീക്ഷാരീതി. ഈ രീതിയിൽ മൗലികമായ മാറ്റം വേണമെന്നും തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയസമ്പ്രദായം സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി, നിലവിലുള്ള പാസ്സാക്കൽ/തോല്പിക്കൽ രീതി പുന:പരിശോധിക്കേണ്ടതുണ്ട്. ഒരു പ്രത്യേക വിഷയത്തിൽ എത്ര മാർക്കു നേടി എന്നതു നോക്കാതെ, പൊതുവായി ഒരു നിശ്ചിത മിനിമം നേടിയിട്ടുണ്ടോ എന്നതു പരിഗണിച്ച് ക്ലാസ് കയറ്റം നൽകാവുന്നതാണ്. ചില വിഷയങ്ങളിൽ താഴ്ന്ന ഗ്രേഡാണ് കുട്ടിക്ക് കിട്ടുന്നതെങ്കിലും, കോഴ്സ് പൂർത്തിയാക്കിയതായി കണക്കാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, മാർക്കിനു പകരം ഗ്രേഡ് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

അധ്യാപകന്റെ പങ്കും അധ്യാപക പരിശീലനവും

10.8 കുട്ടികളും അധ്യാപകരും സൃഷ്ടിപരമായി പങ്കുകൊള്ളുന്ന ഒരു പഠനരീതി സാധിതമാക്കുവാൻ

അധ്യാപകന്റെ പങ്ക് പുനഃരാവിഷ്കരിക്കേണ്ടതുണ്ട്. അതു സാധ്യമാകാൻ അധ്യാപകൻ അറിവിന്റേയും ശേഷികളുടേയും ഉറവിടം ആയാൽ മാത്രം പോരാ. കുട്ടിയുടെ പഠന പ്രക്രിയയുമായി അർത്ഥപൂർണ്ണമായി സ്വയം ബന്ധപ്പെടുത്തണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, വെറുമൊരു ക്ലാസ് റൂം ഉപദേശകൻ എന്നതിനപ്പുറത്തേക്ക് പോകണം.

നിലനിൽക്കുന്ന അധ്യാപകപരിശീലനസങ്കല്പം മാറ്റാതെ ഇത് സാധ്യമല്ല. അധ്യാപക പരിശീലനം തൊഴിൽപരമാക്കിയതുകൊണ്ട് മാത്രമായില്ല. പുതിയ തലമുറയുടെ സാമൂഹികമായ അഭിലാഷങ്ങളുമായും അതിനു രൂപം നൽകുന്ന സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളുമായും പ്രതികരിക്കുവാനുള്ള കഴിവ്, അധ്യാപകരിൽ വളർത്തേണ്ടതുണ്ട്.

സ്കൂൾ-കോളേജ് തലങ്ങളിൽ ഇൻ-സർവീസ് പരിശീലനം അത്യാവശ്യമാണ്. അഞ്ചു വർഷത്തിലൊരിക്കലെങ്കിലും പരിശീലനം നൽകിയിരിക്കണം.

ഭാഷയും അധ്യയന മാധ്യമവും

10.9 എല്ലാ തലങ്ങളിലും ഉചിതമായ ബോധനമാധ്യമം മാതൃഭാഷ തന്നെയാണെന്ന് കമ്മീഷൻ കരുതുന്നു. അതേ സമയം, മൂന്നു ഭാഷകളിൽ കഴിവു നേടാനുള്ള അവസരം നൽകിയിരിക്കണം. മാതൃഭാഷക്കു പുറമേയുള്ള രണ്ടു ഭാഷകൾ ഏതൊക്കെയാവണമെന്നത് കുട്ടി തന്നെ തെരഞ്ഞെടുക്കട്ടെ.

ഭാഷാബോധനം സ്കൂൾഘട്ടം കൊണ്ട് അവസാനിപ്പിക്കാം. അതാത് ഭാഷകളിൽ അവശ്യം വേണ്ട ശേഷികൾ നേടുവാൻ കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാവണം ഭാഷാബോധനം.

സാംസ്കാരിക സ്രോതസ്സ് എന്ന നിലയിലോ സാഹിത്യമെന്ന നിലയിലോ ഉയർന്ന തലങ്ങളിൽ 'ഭാഷ' പഠിപ്പിക്കാവുന്നതാണ്.

മൂല്യങ്ങളുടെ രൂപീകരണം

10.10 വിദ്യാഭ്യാസത്തിലൂടെ മൂല്യങ്ങൾ പകരേണ്ടത് അത്യാവശ്യമാണ്. നമ്മുടേതു പോലുള്ള, വിഭിന്ന മതങ്ങൾ നിലനിൽക്കുന്നതും ബഹുസാംസ്കാരികവുമായ സമൂഹത്തിൽ, എന്തൊക്കെ മൂല്യങ്ങളാണ് വളർത്തിയെടുക്കേണ്ടത് എന്നത് ഗൗരവമായ പരിഗണന അർഹിക്കുന്ന കാര്യമാണ്. അവ ഏതെങ്കിലും പ്രത്യേക മതവുമായി ബന്ധപ്പെട്ടതാവരുത്. ജനാധിപത്യം, മതനിരപേക്ഷത, സ്ത്രീ-പുരുഷ സമത്വം, തൊഴിൽ, സംസ്കാരം, സാമൂഹ്യ നീതി തുടങ്ങിയവ പാഠ്യപദ്ധതിയുമായി ഉദ്ഗ്രഥിക്കാവുന്ന സാർവലൗകിക മൂല്യങ്ങളാണ്.

തുല്യതയും മികവും

10.11 സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ പ്രധാന ഘടകങ്ങളിലൊന്ന് സാമൂഹികനീതിയും അക്കാദമിക മികവും തമ്മിലുള്ള ബന്ധമാണ്. അവയുടെ പരസ്പരചേർച്ചയെ കുറിച്ച് പലപ്പോഴും സംശയം ഉയരാറുണ്ട്. തുല്യതയുടെ അഭാവത്തിൽ മികവ് നേടുക സാധ്യമല്ലെന്ന് കമ്മീഷൻ വിശ്വസിക്കുന്നു. ഏതൊരു പരിവർത്തനാത്മകവിദ്യാഭ്യാസത്തിന്റെയും മുഖ്യലക്ഷ്യം പരമാവധിയാളുകൾ പരമാവധി നേട്ടങ്ങളിലെത്തലാവണം. ആകയാൽ മികവു നേടുന്നതിനും മികവ് ഉത്പാദിപ്പിക്കുന്നതിനുമുള്ള അവശ്യ ചുവടുവെയ്പ്പ് വിദ്യാഭ്യാസത്തിന്റെ സാർവത്രികവത്കരണത്തെ കണക്കാക്കുന്നു.

അക്കാദമികവും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസം

10.12 സ്കൂൾ പാഠ്യപദ്ധതിയിൽ അറിവിന്റേയും ശേഷികളുടേയും ഉദ്ഗ്രഥനമുണ്ടാവണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ചുരുങ്ങിയത് എട്ടാംതരം വരെയെങ്കിലും എല്ലാം കുട്ടികളും തൊഴിൽപരമായ ശേഷികൾ നേടേണ്ടതുണ്ട്. കായികാധ്വാനത്തോടുള്ള നിലവിലുള്ള അവജ്ഞ അവസാനിപ്പിക്കാനും കായികവും മാനസികവുമായ പ്രവൃത്തികൾ തമ്മിലുള്ള അകൽച്ച ഇല്ലായ്മ ചെയ്യാനും വേണ്ടിയാണ് ഈ മാറ്റം.

എല്ലാ കുട്ടികളും ഉന്നതവിദ്യാഭ്യാസത്തിന് പോകുമെന്ന് സങ്കല്പിക്കുന്നില്ല. തെരഞ്ഞെടുത്ത ഒരു മേഖലയിൽ അറിവ് നേടുന്നതിലേക്കും നിർമിക്കുന്നതിലേക്കും ഉന്നതവിദ്യാഭ്യാസം നയിക്കണം. ഈ ലക്ഷ്യം നേടാൻ, അക്കാദമികവും തൊഴിലധിഷ്ഠിവുമായ കോഴ്സുകളിൽ വൻതോതിലുള്ള വൈവിധ്യവത്കരണം ആവശ്യമായി വരും. അങ്ങനെയായൽ കുട്ടികൾക്ക് സ്വന്തം മേഖല തെരെഞ്ഞെടുക്കാൻ മതിയായ അവസരമുണ്ടാകും. അത് വിദ്യാഭ്യാസ സംവിധാനം അടിച്ചേൽപ്പിച്ചതാവരുത്.

വിദ്യാഭ്യാസ മാനേജ്മെന്റ്

10.13 വിദ്യാഭ്യാസ മാനേജ്മെന്റിൽ നിലവിലുള്ള വൈവിധ്യം കമ്മീഷൻ തിരിച്ചറിയുകയും ആദരിക്കുകയും ചെയ്യുന്നു. എങ്കിലും, സാമൂഹിക ഉത്തരവാദിത്വത്തിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം നിർദ്ദേശിക്കാൻ കമ്മീഷൻ താത്പര്യപ്പെടുന്നു. വിദ്യാഭ്യാസ സംവിധാനത്തിനകത്ത് നിലവിലുള്ള വിവിധ ധാരകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനുദ്ദേശിച്ചല്ല ഇത്. മറിച്ച്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർധിച്ച പരമാധികാരത്തിന് വേണ്ടിയാണ് കമ്മീഷൻ വാദിക്കുന്നത്. സാമൂഹിക മൂല്യനിർണ്ണയത്തിന്റേയും ദിശാഗതി നിയന്ത്രണത്തിന്റേയും പരിധിക്കുള്ളിൽ ആവണമിത്. വിവിധ ഏജൻസികളുമായുള്ള കൂടിയാലോചനകളിലൂടെയാണ് ഈ പരിധി ഉരുത്തിരിയേണ്ടത്.

സംസ്ഥാനത്തിന്റെ പങ്ക്

10.14 വിദ്യാഭ്യാസ സംവിധാനത്തിൽ സംസ്ഥാനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ടതില്ല. എങ്കിലും, ഉദാരവത്കരണത്തിന്റെ സാഹചര്യത്തിൽ സംസ്ഥാനസർക്കാർ വിദ്യാഭ്യാസത്തിൽ നിന്നും പിൻവാങ്ങാൻ ശ്രമിക്കും. അതിലൂടെ സ്വകാര്യ ഏജൻസികൾക്ക് വർധിച്ച സ്വാതന്ത്ര്യം ലഭ്യമാകും. സ്വകാര്യ ഏജൻസികൾക്ക് തിരിച്ചുകിട്ടുമെന്നുറപ്പുള്ള മേഖലയിൽ മുതൽ മുടക്കാനാണ് താത്പര്യം. വിലകൂടിയ അത്തരം വിദ്യാഭ്യാസം സാധാരണക്കാർക്ക് എത്തിപ്പിടിക്കാനാവില്ല. പൊതുവിദ്യാലയങ്ങൾ വർധിതമായ തോതിൽ പ്രാന്തവൽക്കരിക്കപ്പെടാനാണ് ഇത് ഇടയാക്കുക. ആകയാൽ, വിദ്യാഭ്യാസ സംവിധാനത്തിന്റെ സംഘാടനത്തിന്റേയും നടത്തിപ്പിന്റേയും ചുമതല സംസ്ഥാനത്തിനു തന്നെയാവണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. നിലവിലുള്ള പൊതുഘടനയുടെ പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭങ്ങളോട് കമ്മീഷന് യാതൊരു വിദ്വേഷവുമില്ല.

ധനവിനിയോഗം

10.15 വിദ്യാഭ്യാസ മേഖലയിലെ മുതൽ മുടക്കിന്റെ കാര്യത്തിൽ വഹിക്കേണ്ട പങ്കിന് കമ്മീഷൻ അടിവരയിടുന്നു. മറ്റ് സ്രോതസ്സുകളിൽ നിന്നും ധനസമാഹരണം നടത്തേണ്ടതിന്റെ പ്രാധാന്യം കുറച്ചുകാണുന്നുമില്ല. എന്നാൽ സ്വാശ്രയകോഴ്സുകളെ കമ്മീഷൻ പിന്തുണക്കുന്നില്ല. അവ നിർത്തിവെക്കുന്നതു തന്നെയാണ് നല്ലത്.

ഫീസിന്റെ പുന:പരിശോധനയ്ക്ക് കമ്മീഷൻ എതിരല്ല. മാത്രമല്ല, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് അവരുടെ നിലയനുസരിച്ചുള്ള തട്ടുതട്ടായ ഒരു ഫീസ്സംവിധാനം ഏർപ്പെടുത്തണമെന്നു തന്നെയാണ് കമ്മീഷന്റെ ശുപാർശ. വിഭവസമാഹരണത്തേയും ഫീസ് ഘടനയേയും വിദ്യാർത്ഥികളുടെ പ്രവേശനവുമായും അധ്യാപകരുടെ നിയമനവുമായും ഒട്ടും തന്നെ ബന്ധപ്പെടുത്തരുത്.

മുഴുവൻ സ്ഥാപനങ്ങളുടേയും ധനപരമായ മാനേജ്മെന്റ് മോണിറ്റർ ചെയ്യാൻ ജില്ലാതലത്തിൽ രൂപീകരിച്ച ഒരു പൊതുസംവിധാനം ഉണ്ടാവണം.

വികേന്ദ്രീകരണം

10.16 സാമൂഹിക പങ്കാളിത്തം വർധിപ്പിക്കാൻ വിദ്യാഭ്യാസ മാനേജ്മെന്റിൽ വികേന്ദ്രീകരണം അത്യാവശ്യമാണ്. വികേന്ദ്രീകരണമെന്നത് കേവലമായ അധികാര കൈമാറ്റമോ, അധികാരശക്തിയുടെ പ്രാദേശികവത്കരണമോ അല്ല. മറിച്ച്, അതാത് സ്ഥാപനങ്ങളുടെ കാര്യത്തിൽ അയൽപക്ക സമൂഹത്തിനുള്ള സൃഷ്ടിപരമായ പങ്കാളിത്തമാണ്. വിദ്യാഭ്യാസ സാമഗ്രികളെ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ നിന്നും വിമോചിപ്പിക്കൽ അതിന്റെ ഭാഗമാണ്. പ്രാദേശിക തലത്തിലുള്ള അധ്യാപക പരിശീലനവും അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനവും അതിൽ ഉൾപ്പെടുന്നു. പ്രാദേശിക അനുഭവങ്ങളുടേയും അക്കാദമിക പരിശ്രമങ്ങളുടേയും അടിസ്ഥാനത്തിലുള്ള ബോധന ശാസ്ത്രപരമായ തന്ത്രങ്ങളുടെ വൈവിധ്യവൽക്കരണത്തിന് ഇത് സന്ദർഭമൊരുക്കും.

മേൽ സൂചിപ്പിച്ച നിർദേശങ്ങളും ശുപാർശകളും ഗൗരവതരമായ ഒരു ചർച്ചക്ക് പ്രേരകമാകുമെന്നും അതുവഴി ഒരു പുതിയ വിദ്യാഭ്യാസപദ്ധതി ഉരുത്തിരിയുമെന്നും പ്രതീക്ഷിക്കുന്നു. റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞ പല വിഷയങ്ങളിലും ഇനിയും ചർച്ച നടക്കേണ്ടതുണ്ട്. അവയിൽ ചിലത് താഴെ സൂചിപ്പിക്കുന്നു.

a) സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി സാമൂഹിക തുല്യതയേയും അക്കാദമിക മികവിനേയും ബന്ധപ്പെടുത്തേണ്ട കാര്യം കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ അതിന്റെ പ്രായോഗികവത്കരണത്തിന് പലവിധപ്രശ്നങ്ങൾ തടസ്സം നിൽക്കുന്നു. കുട്ടികളുടെ പഠനവേഗത വ്യത്യസ്തമാണല്ലോ. ചിലർ വേഗത്തിൽ പഠിക്കുമ്പോൾ മറ്റു ചിലർ വളരെ മന്ദഗതിക്കാരാണ്. ചില സാമൂഹിക വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികളുടെ തുടർച്ചയായ നിലവാരത്താഴ്ച മറ്റൊരു പ്രശ്നമാണ്. പ്രത്യേകിച്ച് പട്ടികജാതിയിലും വർഗത്തിലും പെട്ട വിടവു നികത്താൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. പിന്നോക്കക്കാർക്ക് പൊതുവിദ്യാലയങ്ങളും പ്രതിഭാശാലികൾക്ക് 'മികവിന്റെ കേന്ദ്രങ്ങളും' (centres of excellence) എന്നതാണ് പൊതുവെ പലർക്കും സ്വീകാര്യമായി കാണുന്ന പ്രതിവിധി. ഇതിന് മറ്റെന്തു ബദലാണ് ഉള്ളത്.

b) സ്കൂൾതലത്തിൽ അക്കാദമികവും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസം ഉദ്ഗ്രഥിക്കണമെന്നാണ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇത് യാഥാർത്ഥ്യമാക്കുക എളുപ്പമല്ല. ചില വിദ്യാലയങ്ങളിൽ അത്തരമൊരു സംവിധാനം വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. എങ്കിലും അതിന്റെ സാർവത്രികവത്കരണം പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു. ഹ്രസ്വകാല പരിശീലനം എന്നതിലപ്പുറമുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാധ്യമല്ലെന്ന് പലരും കരുതുന്നു. അക്കാദമികമായി മികച്ച പല കുട്ടികളും തൊഴിൽ പരിശീലനത്തെ അല്പം അവജ്ഞയോടെയാണ് കാണുന്നത് എന്ന വസ്തുതയും നിലനിൽക്കുന്നു. ആകയാൽ, അത്തരമൊരു സംവിധാനം എങ്ങിനെ സാധിതമാക്കാം എന്നത് വിശദപരിശോധന അർഹിക്കുന്നു.

c) മൂല്യനിർണ്ണയത്തിലും പ്രമോഷൻ സമ്പ്രദായത്തിലും അടിസ്ഥാനപരമായ വ്യതിയാനങ്ങൾ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നതിനാൽ വ്യാപകമായ ചർച്ച ഇതിന്റെ മേൽ നടക്കേണ്ടതുണ്ട്.

d) ഉദാരവത്കരണവും ആഗോളവത്കരണവും വിദ്യാഭ്യാസ സംവിധാനത്തെ എങ്ങനെയാണ് ബാധിക്കുകയെന്നത് മുഴുവനായും വ്യക്തമല്ല. എങ്കിലും ചില പ്രവണതകൾ ഇപ്പോൾത്തന്നെ ദൃശ്യമാണ്. ലാഭമുണ്ടാക്കുകയെന്ന ഒറ്റലക്ഷ്യം മുൻനിർത്തി ഒട്ടേറെ സ്ഥാപനങ്ങൾ മുളച്ചുപൊന്തിയിട്ടുണ്ട്. അക്കാദമിക ഉള്ളടക്കത്തിന്റെ തകർച്ചയിലേക്കും മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യനീതി എന്നീ തത്ത്വങ്ങളുടെ അടിയിളക്കുന്നതിലേക്കും ഇത് നയിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസ നിലവാരം ബലികൊടുക്കപ്പെടുന്നു. അത്തരം സ്ഥാപനങ്ങളുടെ പെരുപ്പം പൊതുവിദ്യാഭ്യാസസമ്പ്രദായത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായിരിക്കുന്നു. തുറന്ന ഒരു സംവാദത്തിലൂടെ മാത്രമേ പുതുതായി ഉയർന്നുവരുന്ന ഈ സാഹചര്യത്തോടുള്ള പ്രതികരണം രൂപപ്പെടുത്താനാവൂ.

f) നിലവിലുള്ള കരിക്കുലം പരിഷ്കരിക്കേണ്ടത് പൊതുവിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്താൻ ആവശ്യമായ മുന്നുപാധിയാണ്. കരിക്കുലത്തിന്റെ ഒരു പൊതുഘടന കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ കുട്ടികളുടേയും അധ്യാപകരുടേയും അനുഭവങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തേണ്ടതുണ്ട്. ഇത് ഉടൻ ശ്രദ്ധ പതിയേണ്ട വമ്പിച്ച ഒരു യത്നമാണ്.

വിദ്യാഭ്യാസമാനേജ്മെന്റ് ആണ് ഇത്രതന്നെ പ്രാധാന്യമുള്ള മറ്റൊരു പ്രശ്നം. ഒന്നിലധികം മാനേജ്മെന്റ് എന്നതുതന്നെ അസ്വീകാര്യമായ ഒരു സാഹചര്യമാണ്. എന്തായാലും സ്ഥാപനങ്ങളുടെ സംഘാടനപരവും നടത്തിപ്പുപരവുമായ കാര്യങ്ങളിലുള്ള ചില പൊതു ആദർശങ്ങളോട് അവയ്ക്കുള്ള പ്രതിബദ്ധത ഉറപ്പുവരുത്തേണ്ടതുണ്ട്. അത്തരമൊരു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

g) നിലവിലുള്ള സാമൂഹിക സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്ഥാനം നിശ്ചയിക്കേണ്ടതുണ്ട്. അതത് പ്രദേശത്ത് ലഭ്യമായ അറിവുകളുമായും ശേഷികളുമായും അവയെ ബന്ധപ്പെടുത്തേണ്ടതുണ്ട്. സംഘാടനപരവും ബോധനശാസ്ത്രപരവുമായ അത്തരമൊരു ബന്ധം വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടിയുടെ വിശദാംശങ്ങൾ സൂക്ഷ്മമായ പരിഗണന അർഹിക്കുന്നുണ്ട്.

അനുബന്ധം

വിദ്യാഭ്യാസത്തിൽ ജനങ്ങളുടെ മുൻകൈ

1. സംസ്ഥാനത്തെ വിദ്യാഭ്യാസരീതിയിൽ മാറ്റം വരുത്തുന്നതിന് വിവിധ ഏജൻസികൾ വിവിധ തലങ്ങളിലായി ഇപ്പോൾ നടത്തിവരുന്ന ചില മുൻകൈ നടപടികളിലേക്ക് ഉപസംഹാരമെന്ന നിലയിൽ ശ്രദ്ധക്ഷണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടെ പരാമർശിക്കുന്ന ഉദാഹരണങ്ങൾ തീർച്ചയായും സമ്പൂർണ്ണമല്ല. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ഇത്തരത്തിൽ മറ്റു നിരവധി പരിശ്രമങ്ങൾകൂടി നടക്കുന്നുണ്ടാകും. ഞങ്ങൾക്ക് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചില ഉദാഹരണങ്ങൾ മാത്രമാണ് നൽകുന്നത്. ഇച്ഛാശക്തിയുണ്ടെങ്കിൽ എന്തൊക്കെ ചെയ്യാമെന്നും നേടാമെന്നും അവ വ്യക്തമാക്കുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനം

2. രാജാവും സംഗീതജ്ഞനുമായിരുന്ന സ്വാതിതിരുനാൾ 1889ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച ഒരൊറ്റ പബ്ലിക് ലൈബ്രറിയിൽ നിന്ന് ആരംഭിച്ച് ഇപ്പോൾ സംസ്ഥാനത്തുടനീളം പടർന്ന് പന്തലിച്ചു നിൽക്കുന്നതാണ് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം. ക്രമേണ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ, പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ, പൊതുവായനശാലകൾ ആവിർഭവിക്കുകയും കേരള ഗ്രന്ഥശാലാ സംഘം രൂപം കൊള്ളുന്നതിലേക്ക് നയിച്ച ചലനാത്മകമായ പ്രസ്ഥാനമാവുകയും ചെയ്തു. കേരളാ പബ്ലിക് ലൈബ്രറീസ് ആക്ട് 1989-ൽ പ്രാബല്യത്തിൽ വരികയും താലൂക്ക് - ജില്ല - സംസ്ഥാന തലത്തിൽ ഗ്രന്ഥശാലകളെ നിയന്ത്രിക്കുന്നതിനുള്ള അധികാരത്തോടു കൂടിയ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 1994ൽ സ്ഥാപിതമാവുകയും ചെയ്തു. ഗ്രന്ഥശാലകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശമടങ്ങുന്ന ഒരു ഭാഗം 9-ാം പദ്ധതിയിലുണ്ട്. കുട്ടികൾക്കായി പുസ്തകങ്ങളും മാധ്യമങ്ങളും ആവിഷ്കരിക്കുന്നതിന് പദ്ധതിയൊരുക്കുന്ന ബാലകൈരളിക്ക് അതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസരംഗത്തെ പരീക്ഷണങ്ങൾ

3. സമീപകാലങ്ങളിലായി വിവിധ ജനകീയസംഘടനകളും - ഉദാഹരണത്തിന്, കേരള ശാസ്ത്ര സാഹിത്യ പരിഷത് - വ്യക്തികളും സ്കൂൾ വിദ്യാഭ്യാസത്തിൽ നിരവധി പരീക്ഷണങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. 1960കൾ മുതൽ സ്കൂളുകളിൽ ശാസ്ത്രക്ലബുകൾ ഏർപ്പെടുത്തിയിരുന്നു. 70കൾ മുതൽക്ക് പ്രൈമറി സ്കൂൾ കുട്ടികൾക്കായി യുറീക്കാ പ്രതിഭാപരീക്ഷയും ഹൈസ്കൂൾ കുട്ടികൾക്കായി ശാസ്ത്രകേരളം ക്വിസും സംഘടിപ്പിക്കപ്പെട്ടു. ഇവ പിന്നീട് 'വിജ്ഞാനോത്സവ'മായി പരിഷ്കരിക്കപ്പെട്ടു. കുട്ടികൾക്കുള്ള സംഘടനകളായ യുറീക്കാ ബാലവേദിയും ശാസ്ത്രകേരളം ക്ലബും ആദ്യം സ്കൂളുകളിലാണ് സ്ഥാപിതമായതെങ്കിലും ഏതാനും വർഷങ്ങൾക്കു ശേഷം അവ സ്കൂൾ സമ്പ്രദായത്തിൽ നിന്ന് സമൂഹത്തിലേക്ക് മാറ്റപ്പെട്ടു.

4. 1986ലെ പുതിയ വിദ്യാഭ്യാസനയത്തെത്തുടർന്ന് പഠനത്തിന് പുതിയ സമീപനങ്ങൾ ആവിഷ്കരിക്കുവാൻ ശാസ്ത്ര സാഹിത്യ പരിഷത് നേതൃത്വം നൽകി. 'പഠനം രസകരം', 'ബാലോൽസവം', 'ബാലോൽസവ ജാഥകൾ' എന്നിവ ഈ പരിശ്രമത്തിന്റെ ഭാഗമായിരുന്നു. വേനൽക്കാല അവധിവേളയിൽ 'ശാസ്ത്രസഹവാസ ക്യാമ്പുകൾ' എന്ന പേരിൽ പരിഷത്ത് പ്രത്യേക പഠനപരിഹാര ക്യാമ്പുകളും സംഘടിപ്പിച്ചു.

5. ഈ പരിശ്രമങ്ങൾക്കിടയിൽ ഉയർന്നുവന്ന ആശയങ്ങളും, എറണാകുളത്തും (1989-90) പിന്നീട് കേരളത്തിലാകെയും നടപ്പിലാക്കിയ (1989-90) സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയും യഥാർത്ഥ സ്കൂൾ സാഹചര്യങ്ങളിലുള്ള പരീക്ഷണങ്ങൾക്ക് പ്രചോദനമേകി. സ്കൂളുകളിൽപ്പോകുന്ന കുട്ടികൾക്കിടയിലെ

നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉദ്ദേശിച്ചുള്ള പരിപാടിയായിരുന്നു ഇതിലേറ്റവും പ്രധാനം. തിരിവനന്തപുരം ജില്ലയിൽ 'അക്ഷരവേദി' എന്ന നിലയിലാരംഭിച്ച ഇത് പിന്നീട് കാസർഗോഡ് ജില്ലയിൽ 'അക്ഷരപുലരി'യായി വികസിപ്പിച്ചു. സംസ്ഥാന സർക്കാർ പിന്നീട് ഈ പരിപാടി ഏറ്റെടുത്തു.

6. ജനകീയ പങ്കാളിത്തത്തോടെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായുള്ള യത്നത്തിലെ മറ്റൊരു പരീക്ഷണമായിരുന്നു പ്രാദേശിക ഘടകമെന്ന നിലയിൽ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സ്ഥാപിക്കൽ. 15–30 എൽ.പി. യു.പി സ്കൂളുകളുമായി ബന്ധപ്പെട്ടുകൊണ്ട് പ്രാദേശിക ഹൈസ്കൂളിനെ ലീഡ് സ്കൂളായി നിശ്ചയിച്ചുകൊണ്ടായിരുന്നു ഈ പരിപാടി. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവക്കെല്ലാമായി ഒരു പൊതുപരിപാടി ആവിഷ്കരിക്കപ്പെട്ടു. കാസർഗോഡ് ജില്ലയിലെ മടിക്കൈയിലും കണ്ണൂർ ജില്ലയിലെ ശിവപുരം, ധർമ്മടം, കല്യാശ്ശേരി എന്നിവിടങ്ങളിലും തൃശൂർ ജില്ലയിലെ പെരിഞ്ഞനത്തും പരീക്ഷിച്ച ഈ മാതൃക ഗംഭീര ഫലങ്ങൾ ഉളവാക്കി.

7. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ആഭിമുഖ്യത്തിൽ പുതിയ ലോവർ പ്രൈമറി പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കിയതായിരിക്കും ഒരുപക്ഷെ ഏറ്റവും പ്രധാനപ്പെട്ട ഇടപെടൽ. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഈ യത്നത്തിൽ അർപ്പണ ബോധമുള്ള ഒരു സംഘം അധ്യാപകർ ആകൃഷ്ടരായി. ശിശു കേന്ദ്രീകൃതവും, പ്രവർത്തനാധിഷ്ഠിതവുമായ പ്രക്രിയാധിഷ്ഠിതവുമായ പഠന/ബോധന പ്രക്രിയയെ സംബന്ധിച്ച ആധുനിക കാഴ്ചപ്പാടുകൾക്ക് അനുസൃതമായ ഒരുകൂട്ടം പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ലഭ്യമായ എല്ലാ സാമഗ്രികളും വൈദഗ്ദ്ധ്യവും അവർ ഉപയോഗപ്പെടുത്തുകയുണ്ടായി. വിവാദപരമെങ്കിലും, പ്രസ്തുത ഗ്രന്ഥങ്ങൾ പ്രൈമറി വിദ്യാഭ്യാസത്തിൽ കൊണ്ടുവന്ന പ്രവണത ഒരു തിരിച്ചുപോക്ക് അസാധ്യമാണെന്ന് തോന്നിക്കുന്നു.

8. വ്യക്തിപരമായ ചില മുൻകൈ നടപടികളും പ്രസ്താവ്യമാണ്. പരിസരാധിഷ്ഠിതവും തൊഴിലുന്മുഖവുമായ വിദ്യാഭ്യാസം നൽകുന്ന ആദിവാസി കുട്ടികൾക്കുള്ള ചിറ്റൂർ (അട്ടപ്പാടിയിലെ) 'സാരംഗ്' എന്ന സ്കൂളാണ് ഒന്ന്. ഒരു ദശകത്തിലധികമായി ഈ സ്കൂൾ വിജയകരമായി പ്രവർത്തിക്കുന്നു. വയനാട്ടിൽ ആരംഭിച്ചിട്ടുള്ള 'കനവ് എന്ന വിദ്യാലയം ആദിവാസി വിദ്യാർത്ഥികൾക്ക് റെസിഡൻഷ്യൽ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം നൽകുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്തെ പരീക്ഷണങ്ങൾ

9. ഉന്നതവിദ്യാഭ്യാസ രംഗത്തെ അക്കാഡമിക പുന:സംഘടന സംബന്ധമായി ഓൾ കേരള പ്രൈവറ്റ് കോളേജ് ടിച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ.) ഒരു നയരേഖ തയ്യാറാക്കുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെ തത്വശാസ്ത്രത്തെ സംബന്ധിച്ച് വ്യക്തമായൊരു വീക്ഷണം ഈ രേഖ അവതരിപ്പിക്കുന്നു. സംസ്കാര വ്യാപനത്തിലും സാമൂഹ്യപരിവർത്തനത്തിന് പ്രാരംഭം കുറിക്കുന്നതിലും ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രപരമായ പങ്ക് അത് ഊന്നിപ്പറയുകയും ചെയ്യുന്നു. സാധാരണജീവിതത്തിൽ നിന്ന് അകന്നുനില്ക്കുന്ന ദന്തഗോപുരമല്ല സർവകലാശാലയെന്നും ജീവിതത്തിന്റെ അഭേദ്യഭാഗമാണെന്നും രേഖ വിലയിരുത്തുന്നു. നീതിപൂർവമായ സമൂഹം സ്ഥാപിക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനും വിജ്ഞാനം സൃഷ്ടിക്കുന്നതിനുമുള്ള ഉത്തരവാദിത്വം സർവകലാശാലകൾക്കുണ്ട്.

10. എ.കെ.പി.സി.ടി.എ യുടെ മുൻകൈയെ തുടർന്ന് മഹാത്മാഗാന്ധി സർവകലാശാലയിലെ അധികൃതർ വിവിധ വിജ്ഞാനശാഖകളിൽ പാഠ്യപദ്ധതിയും പാഠ്യവിഷയങ്ങളും പുന:ക്രമീകരിക്കുന്നതിനായി അധ്യാപകസമിതികൾ രൂപികരിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസം കൂടുതൽ സാർത്ഥകവും സമൂഹാവശ്യങ്ങളോട് പ്രതികരിക്കുന്നതുമാക്കാനുള്ള അധ്യാപകരുടെ മുൻകൈ എന്ന നിലയിൽ പ്രാധാന്യമേറിയതാണ് ഈ ഉദ്യമം.

മിത്രാനികേതൻ :

11 തിരുവനന്തപുരത്തിനടുത്ത് വെള്ളനാട് സ്ഥാപിതമായ 'മിത്രാനിതേകൻ' ദരിദ്രരായ ഗ്രാമീണ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള പരിപാടികളുടെ വിപുലമായൊരു ശൃംഖലയാണ്. കേരളത്തിലെ സന്നദ്ധപ്രവർത്തനത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലുമാണത്. ഈ സ്ഥാപനത്തിൽ വിദ്യാഭ്യാസവും കൈവേലകളും കലയും സാങ്കേതികവിദ്യയും കൃഷിയും വികസനവും അന്യോന്യം ബന്ധമില്ലാതെ ഒറ്റപ്പെട്ടല്ല നിലകൊള്ളുന്നത്. മറിച്ച് എല്ലാം ചേർന്ന് ജീവിതത്തേയും ജോലിയേയും സംബന്ധിച്ച മൊത്തത്തിലുള്ള ഒരു സമീപനം രൂപപ്പെടുത്തുന്നു.

12. മുകളിൽ വിവരിച്ച രീതിയിലുള്ള മുൻകൈ നടപടികളും – നവീന രീതികളും – സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി വേറേയും പലതുമുണ്ടാവും – വെളിപ്പെടുത്തുന്നത് എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസ സമ്പ്രദായം ഉടച്ചുവാർക്കുന്നതിൽ കേരളത്തിലെ ജനങ്ങൾക്കുള്ള ആത്മാർത്ഥമായ താല്പര്യമാണ്. അവരെ പ്രോത്സാഹിപ്പിക്കേണ്ടതും അവരുടെ ശ്രമങ്ങൾക്കു വഴികാട്ടുന്ന സമഗ്രമായ ഒരു പരിപ്രേക്ഷ്യം നൽകേണ്ടതും പ്രധാനമാണ്. മിക്കവരും അഭിലഷിക്കുന്ന പുതുയുഗത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നത് വിജയിക്കാൻ ജനങ്ങളുടെ ബോധ്യവും പ്രതിബദ്ധതയും ആവശ്യമാണ്.

13. ഒരു ജനകീയ വിദ്യാഭ്യാസസംവിധാനം കൈവരിക്കുന്നതിന് വ്യാപകമായ ജനപങ്കാളിത്തം ആവശ്യമാണ്. വിദ്യാഭ്യാസത്തിൽ നേരിട്ട് പ്രവർത്തിക്കുന്നവർക്ക്, വിശേഷിച്ചും അധ്യാപകർക്ക്, ഇക്കാര്യത്തിൽ പ്രത്യേകമായ ചുമതലയുണ്ട്. വിജ്ഞാനം വളർത്തുകയും പരത്തുകയും ചെയ്യുന്നതിനോട് പ്രതിബദ്ധരാണവർ. പലപ്പോഴും ചോർന്നു പോകുന്ന ഈ പ്രതിബദ്ധത ശക്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അത് നിർവ്വഹിക്കപ്പെട്ടാൽ വിദ്യാർത്ഥികളേയും പൊതുവിൽ ജനങ്ങളേയും കർമ്മരംഗത്തേക്ക് നയിക്കാൻ അവർക്ക് സാധിക്കും.

ബന്ധപ്പെട്ട വ്യക്തികളുടെ വിവരം

ക്ര.നം.	പേര്	വിലാസം
1.	ശ്രീ. അബ്ദുൾ റസാക്ക്	ഡിസ്ട്രിക്റ്റ് കൗൺസിലർ, ഡി.പി.ഇ.പി. മലപ്പുറം.
2.	ശ്രീ. അബ്ദുൾ സലീം എൻ.കെ	ചെറുമോത്ത്, വളയം - 673 517.
3.	ഡോ. എം.എ. അബ്ദുള്ള	മുസ്‌ലിം എജ്യുക്കേഷൻ സൊസൈറ്റി, കോഴിക്കോട്.
4.	ശ്രീ. അബ്ദുള്ളക്കുട്ടി എ.പി.	മെമ്പർ, കണ്ണൂർ ഡിസ്ട്രിക്റ്റ് പഞ്ചായത്ത്, കളക്ട്രേറ്റ്, കണ്ണൂർ.
5.	പ്രൊഫ. അബ്രഹാം വി.എ.	ലക്ചറർ ഇൻ കോമേഴ്സ്, ഗവ:കോളേജ്, മടപ്പള്ളി, മടപ്പള്ളി പി.ഒ, കോഴിക്കോട്.
6.	പ്രൊഫ. പി.പി. അബ്രഹാം	സി.എസ്.ഐ. മധ്യ കേരള ഡയോസിസ്.
7.	ഡോ. അജിത് കുമാർ. എൻ	സി.എസ്.ഇ.എസ്., പോസ്റ്റോഫീസ് റോഡ്, കൊച്ചി - 17.
8.	ശ്രീമതി. പി.എം. അൽഫോൺസ	ലക്ചറർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം.
9.	എം. അമീനുള്ള	എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.
10.	ശ്രീമതി. റ്റി.കെ.ആനന്ദി	റിസർച്ച് സ്കോളർ, മാംഗ്ലൂർ സർവകലാശാല
11.	ഡോ. ജി. അനിൽ കുമാർ	ലക്ചറർ, എസ്.എൻ കോളേജ്, കണ്ണൂർ.
12.	ഡോ. ആർ. അനിൽ കുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
13.	ശ്രീ. അനിൽ കെ.എം.	കുളക്കാത്തുചായൽ.
14.	സിസ്റ്റർ. ആനി പുന്നൂസ്	സെന്റ് റോക്ക്സ് കോൺവെന്റ്, തിരുവനന്തപുരം - 8.
15.	ശ്രീ. അപ്പൻ	ബി.ആർ.സി. മലപ്പുറം
16.	ശ്രീ. സി.പി. അരവിന്ദാക്ഷൻ	ഡയറക്ടർ, ശ്രമിക് വിദ്യാപീഠം, തിരുവനന്തപുരം.
17.	ശ്രീ. കെ. അരവിന്ദാക്ഷൻ	റിട്ട. പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്, എറണാകുളം.
18.	ശ്രീ. അരുൺ വർഗീസ് തോമസ്	കോർപ്പസ് ക്രിസ്റ്റി സ്കൂൾ, കൊളത്തൂപ്പടി.
19.	ശ്രീ. സി.എച്ച്. ആഷിക്	എസ്.എഫ്.ഐ. തിരുവനന്തപുരം.
20.	ശ്രീ. സി.ഡി. അഗസ്റ്റിൻ	ശാസ്ത്രസാഹിത്യ പരിഷത്ത്, ഇടുക്കി.
21.	ഡോ. കെ.ജി. അടിയോടി	മെമ്പർ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ.
22.	ഡോ. എൻ. ബാബു	വൈസ് ചാൻസലർ, കേരള സർവകലാശാല
23.	പ്രൊഫ. കെ.എം. ബഹാവുദ്ദീൻ	ഫോർമർ എക്സി. ഡയറക്ടർ, എൻ.ഐ.ഇ.പി.എ., വെണ്ണല, കൊച്ചി.
24.	ശ്രീ. ജി. ബാലമോഹൻ തമ്പി	ഡയറക്ടർ, ഐ.എം.ജി. തിരുവനന്തപുരം.
25.	ശ്രീ. കെ.എൻ. ബാലഗോപാൽ	സെക്രട്ടറി, എസ്.എഫ്.ഐ. സി.ഇ.എസ്., ന്യൂഡൽഹി.

26.	പ്രൊഫ. കാവുമ്പായി ബാലകൃഷ്ണൻ	എസ്.കെ.വി. കോളേജ്, തൃശൂർ.
27.	ശ്രീ. സി.എച്ച്. ബാലകൃഷ്ണൻ	പ്രസിഡന്റ്, ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
28.	ഡോ. ജി. ബാലകൃഷ്ണൻ നായർ	ഉള്ളാനൂർ
29.	ഡോ. പി. ബാലകൃഷ്ണൻ	ഉഷസ്, ഇളയാവൂർ റോഡ്, താഴെ ചൊവ്വ, കണ്ണൂർ–18.
30.	ഡോ. കെ.വി. ബാലകൃഷ്ണൻ	ഡിപ്പാർമെന്റ് ഓഫ് കെമിസ്ട്രി, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
31.	ശ്രീ. കെ.കെ. ബാലകൃഷ്ണൻ നായർ	എൻ.എസ്.എസ്. ഹെഡ് കോട്ടേഴ്സ്, ചങ്ങനാശ്ശേരി.
32.	പി. ബാലൻ	റിട്ട. ടീച്ചർ, പ്രിയദ, വടകര – 5.
33.	പ്രൊഫ. ബാലസുബ്രഹ്മണ്യം	കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ.
34.	പ്രൊഫ. സി.പി.എസ്. ബാനർജി	സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസ്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എജ്യുക്കേഷൻ, എം.ജി സർവകലാശാല, ചങ്ങനാശ്ശേരി.
35.	ഡോ. എം. ബാവകുട്ടി	യൂണിവേഴ്സിറ്റി ലൈബ്രേറിയൻ, കാലിക്കറ്റ് സർവകലാശാല.
36.	ശ്രീ. എൻ.പി. ഭാസ്കരൻ	പുത്തൂർ, കൊഴുമ്മൽ, കണ്ണൂർ.
37.	ശ്രീ. പി. ഭാസ്കരൻ നായർ	സർഗ, ധർമടം, തലശ്ശേരി.
38.	ശ്രീ. റ്റി. ഭാസ്കരൻ	മുൻ പ്രസിഡന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ.
39.	ശ്രീ. എം.പി ഭട്ടതിരിപ്പാട്	ഹെഡ്മാസ്റ്റർ, ശിവപുരം എച്ച്.എസ്., കണ്ണൂർ.
40.	ശ്രീ. ബിജികുമാർ കെ.ബി	റിസർച്ച് അസിസ്റ്റന്റ്, ഐ.എം.ജി.
41.	ശ്രീമതി. ബിന്ദു എ.	ഗ്രാമപഞ്ചായത്ത് മെമ്പർ, താമരശ്ശേരി.
42.	ശ്രീമതി. എം. ബിന്ദു	സോഷ്യൽ ആക്റ്റിവിസ്റ്റ്, തൃശൂർ.
43.	ശ്രീമതി. ആർ. ബിന്ദു	ലക്ചറർ, എസ്.കെ.വി കോളേജ്, തൃശൂർ.
44.	ശ്രീ. ബോബി ജെയിംസ്	അസിസ്റ്റന്റ് ലക്ചറർ, ഗവ:പോളിടെക്നിക്, കോട്ടയം.
45.	കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ	
46.	പ്രൊഫ. ബി. ചക്രപാണി	ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് സയൻസ്, കൊച്ചി യൂണിവേഴ്സിറ്റി.
47.	ഡോ: എൻ. ചന്ദ്രമോഹനകുമാർ	സ്കൂൾ ഓഫ് മറൈൻ സയൻസ്, കൊച്ചി യൂണിവേഴ്സിറ്റി.
48.	ശ്രീ. എ.പി. ചന്ദ്രൻ	വാഴയൂർ ഭവനം, അഴിഞ്ഞിലം പി.ഒ, മലപ്പുറം.
49.	ശ്രീ. കെ.ചന്ദ്രൻ	പ്രസിഡന്റ്, കെ.എസ്.ടി.എ.
50.	ശ്രീ. എ.കെ. ചന്ദ്രൻ	കെ.എസ്.ടി.എ., കണ്ണൂർ.
51.	പ്രൊഫ. കെ. ചന്ദ്രശേഖരൻ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്, ബസിലിയസ് കോളേജ്, കോട്ടയം.
52.	ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ	സെക്രട്ടറി, ഹയർ എജ്യുക്കേഷൻ.
53.	ശ്രീ. ചന്ദ്രശേഖരൻ നായർ	ശാസ്ത്രസാഹിത്യ പരിഷത്ത്, കോട്ടയം.

54.	പ്രൊഫ. എൻ. ചന്ദ്രശേഖരൻ നായർ	ജോയിന്റ് രജിസ്ട്രാർ, എം.ജി. യൂണിവേഴ്സിറ്റി.
55.	പ്രൊഫ. വി. എൽ. ഷാർലറ്റ്	പ്രൊ. വൈസ് ചാൻസലർ, എം.ജി. യൂണിവേഴ്സിറ്റി.
56.	പ്രൊഫ. ഒ.എ. ചെറിയാൻ	ഓർഗനൈസേഷൻ ഓഫ് പ്രിൻസിപ്പൽസ് ഓഫ് ക്രിസ്ത്യൻ കോളേജസ്.
57.	ഡോ. പി.ജെ. ചെറിയാൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, യു.സി. കോളേജ്, ആലുവ.
58.	ശ്രീ. ടി.പി. ദാമോദരൻ	ദീപ്തി, നടുവണ്ണൂർ, കോഴിക്കോട്-673 614.
59.	ഡോ. ആർ. ദാമോദരൻ	പ്രസിഡന്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ.
60.	ഡോ. എസ്. ദാമോദരൻ	ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ സയൻസ്, കൊച്ചി യൂണിവേഴ്സിറ്റി.
61.	ശ്രീ. കെ.വി. ദേവദാസ്	മെമ്പർ, സിൻഡിക്കേറ്റ്, യൂണിഴേസിറ്റി ഓഫ് കേരള.
62.	ശ്രീ. പി.എസ്. ധർമ്മപാലൻ	അന്തിക്കാട്, തൃശൂർ.
63.	പ്രൊഫ. എം. ദിവാകരൻ നായർ	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, വി.ടി.എം. എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം, തിരുവനന്തപുരം.
64.	പ്രൊഫ. കെ.പി. ദിവാകരൻ നായർ	എം.ജി. കോളേജ്, തിരുവനന്തപുരം.
65.	ശ്രീ. കെ.പി. ദിവാകരൻ	കൊട്ടാരത്തിൽ, കട്ടപ്പന, ഇടുക്കി.
66.	Sr.എമിലിൻ	പ്രിൻസിപ്പൽ, സെന്റ് തെരേസസ് കോളേജ്, എറണാകുളം.
67.	ഡോ. കെ.പി. ഗണേശൻ	ബയോമാസ് റിസർച്ച് സെന്റർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കോഴിക്കോട്.
68.	ശ്രീ. പി. ഗാംഗുലി	സി-ഡിറ്റ്, തിരുവല്ലം പി.ഒ, തിരുവനന്തപുരം.
69.	ശ്രീമതി. ഗീത എം.എം.	കീരിയാടത്ത് പറമ്പ്, അരക്കിണർ, കോഴിക്കോട്.
70.	ശ്രീമതി. ഗീത എം.എസ്	സോമഗീതം, ടി.സി. 19/1982(2), പൂജപ്പുര, തിരുവനന്തപുരം - 12.
71.	പ്രൊഫ. കെ.വി ജോർജ്ജ്	മഹാരാജാസ് കോളേജ്, എറണാകുളം.
72.	പ്രൊഫ. കെ.കെ. ജോർജ്ജ്	സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി കൊച്ചി - 22.
73.	ഡോ. ജോർജ്ജ് ഗീവർഗീസ് ജോസഫ്	മുല്ലമംഗലം, നാലാഞ്ചിറ പി.ഒ. തിരുവനന്തപുരം - 695 015.
74.	പ്രൊഫ. ജോർജ്ജ് എം. വർഗീസ്	മുൻ പി.എസ്.സി മെമ്പർ, തിരുവനന്തപുരം.
75.	ശ്രീമതി. ഗിരിജ	ഹൈസ്കൂൾ ടീച്ചർ, തൃപ്രയാർ, തൃശൂർ.
76.	ശ്രീ. ഗോപകുമാർ കെ.	കാട്ടൂർ, കോഴഞ്ചേരി, പത്തനംതിട്ട.
77.	ശ്രീ. കെ.പി. ഗോപാലകൃഷ്ണൻ	ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടയം.
78.	ശ്രീ. ഗോപാലകൃഷ്ണൻ നായർ	കാലാരി, പ്ലായ്ക്കൽ, കോട്ടയം.
79.	ശ്രീ. ഗോപാലകൃഷ്ണൻ	സാരംഗ്, ചിറ്റൂർ, പാലക്കാട്.
80.	ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ	മണിയൂർ എൽ.പി.എസ്, കുളചേരി, കണ്ണൂർ.
81.	ഡോ. ജി. ഗോപിക്കുട്ടൻ	എൻ.എസ്.എസ്. കോളേജ്, പന്തളം.
82.	ശ്രീ. പി. ഗോവിന്ദപിള്ള	ചെയർമാൻ, കെ.എസ്.എഫ്.ഡി.സി. തിരുവനന്തപുരം.

83.	ഡോ. ഐ.എസ് ഗുലാത്തി	വൈസ് ചെയർമാൻ, പ്ലാനിങ്ങ് ബോർഡ്, തിരുവനന്തപുരം.
84.	ശ്രീ. വി. ഹരിലാൽ	ലാൽ നിവാസ്, പ്രാവച്ചമ്പലം. തിരുവനന്തപുരം–695 020.
85.	പ്രൊഫ. ബി. ഹൃദയകുമാരി	എജ്യുക്കേഷനിസ്റ്റ് ആൻഡ് റൈറ്റർ, തിരുവനന്തപുരം.
86.	ശ്രീമതി. ഹൈമവതി തായാട്ട്	കോർപ്പറേഷൻ കൗൺസിലർ, കോഴിക്കോട്.
87.	ശ്രീ. ഇബ്രാഹിം കുട്ടി	ഡിസ്ട്രിക്റ്റ് കൗൺസിലർ, ഡി.പി.ഇ.പി. മലപ്പുറം.
88.	പ്രൊഫ. എം.എ. ഇട്ടിയച്ചൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, എം.ജി. യൂണിവേഴ്സിറ്റി.
89.	ശ്രീ. എൻ. ജഗജീവൻ	ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം.
90.	പ്രൊഫ. പി.എം. ജലീൽ	മുൻ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം.
91.	ഫാദർ. ജെയിംസ്	പ്രിൻസിപ്പൽ, ദേവഗിരി കോളേജ്, കോഴിക്കോട്.
92.	ശ്രീ. ജെയിംസ് മാത്യു	ചെയർമാൻ, സോഷ്യൽ വെൽഫെയർ സ്റ്റാന്റിങ്ങ് കമ്മിറ്റി, ഡിസ്ട്രിക്റ്റ് പഞ്ചായത്ത്, കണ്ണൂർ.
93.	ശ്രീമതി. ജാനമ്മ കുഞ്ഞുണ്ണി	ഗവ:ഗണപത് ബി.എച്ച്.എസ്., കോഴിക്കോട്.
94.	പ്രൊഫ. കെ.ആർ. ജനാർദ്ദനൻ	ചിത്ര, വാരിയം ലെയിൻ, തൃശൂർ – 680 001.
95.	ശ്രീ. പി.ജനാർദ്ദനൻ	കാഞ്ഞിലേരി, കണ്ണൂർ.
96.	ശ്രീ. കെ. ജയകുമാർ ഐ.എ.എസ്	സെക്രട്ടറി, ജനറൽ എജ്യുക്കേഷൻ, കേരള ഗവൺമെന്റ്.
97.	ഡോ. ഡി. ജയദേവദാസ്	പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻസ്, കേരള യൂണിവേഴ്സിറ്റി.
98.	ശ്രീ. കെ. ജയകുമാർ	ഗവ: വിമൻസ് കോളേജ്, തിരുവനന്തപുരം.
99.	ശ്രീമതി. ജീജ വിജയൻ	ടീച്ചർ പ്രൈവറ്റ് ട്യൂഷൻ സെന്റർ, ബേപ്പൂർ.
100.	ശ്രീ. എം.എസ് ജോൺ	സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റി.
101.	ഡോ. ജോൺ വർഗീസ്	എം.ജി.യൂണിവേഴ്സിറ്റി, കോട്ടയം.
102.	പ്രൊഫ. ജോൺ വർഗീസ്	സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ് എം.ജി.യൂണിവേഴ്സിറ്റി.
103.	ശ്രീ. ജോൺ പുൽപ്പറമ്പിൽ	ചെയർമാൻ, പ്രോഗ്രാം കമ്മിറ്റി, ഐ.എം.ജി.
104.	ഡോ. കെ.പി. ജോണി	പ്രിൻസിപ്പൽ, സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി.
105.	ഡോ. ജോസ് ചാത്തുകുളം	എക്സ്പേർട്ട് മെമ്പർ, ഡിസ്ട്രിക്റ്റ് പ്ലാനിങ്ങ് കമ്മിറ്റി, കോട്ടയം.
106.	ശ്രീ. പി.ജെ. ജോസഫ്	എജ്യുക്കേഷൻ മിനിസ്റ്റർ, കേരള സർക്കാർ.
107.	ഡോ. ജോസഫ് എ. തോമസ്	ഡിപ്പാർട്ട്മെന്റ് ഓഫ് എക്ണോമിക്സ്, കോട്ടയം.
108.	ശ്രീ. കെ. ജെ. ജോഷി	ഫിനാൻസ് ഓഫീസർ, എം.ജി. യൂണിവേഴ്സിറ്റി.

109.	ഡോ. ജോയി ഇളമൺ	ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം.
110	പ്രൊഫ. ജോയി ജോബ് കുളവേലിൽ	മുൻ സിന്റിക്കേറ്റ് മെമ്പർ, എം.ജി. യൂണിവേഴ്സിറ്റി.
111.	ശ്രീ. കൈലാസ്. ജി	ഉഷാഭവനം, വെല്ലൂർ, കോട്ടയം.
112.	ഡോ. എം.കെ. കൈമൾ	ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ്, കേരള സർവകലാശാല.
113.	ശ്രീ. സി.വി.ജി കൈമൾ	കേരള സ്കൂൾ പി.ജി. ടീച്ചേഴ്സ് കോൺഫെഡറേഷൻ, ചൊവ്വ, കണ്ണൂർ.
114.	ശ്രീ. ടി.പി. കലാധരൻ	ഡയറ്റ്, തിരുവല്ല പി.ഒ, പത്തനംതിട്ട.
115.	ശ്രീമതി. കെ.വി. കമലം	ചിന്മയ പാരലൽ കോളേജ്, തൃശൂർ.
116.	ഡോ. എൻ.എ. കരീം	മഞ്ചരി, ഇന്ദിരാ നഗർ, തിരുവനന്തപുരം.
117.	ശ്രീ. വി.കാർത്തികേയൻ നായർ	എ.കെ.ജി.സി.ടി. ഭവൻ, പനവിള, തിരുവനന്തപുരം-14.
118.	ഡോ. പി. കേളു	എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്, കോഴിക്കോട് സർവകലാശാല.
119.	ശ്രീമതി. ഖദീജ കെ.	എച്ച്.എസ്.എ., എം.സി. ക്യാമ്പസ്സ് എച്ച്.എസ്. കോഴിക്കോട്.
120.	ശ്രീ. പി. കൃഷ്ണപ്രസാദ്	എസ്.എഫ്.ഐ., സി.ഇ.സി., ന്യൂ ഡെൽഹി.
121.	പ്രൊഫ. കൃഷ്ണപ്രഭ	ലക്ചറർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, പി.എം.ജി. കോളേജ്, ചാലക്കുടി.
122.	പ്രൊഫ. വി.എൻ. കൃഷ്ണചന്ദ്രൻ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്സ്, ഗവ:എൻജിനീയറിംഗ് കോളേജ്, തൃശൂർ.
123.	ഡോ. കൃഷ്ണകുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്, കോഴിക്കോട് സർവകലാശാല.
124.	ശ്രീ. ടി.എസ്. കൃഷ്ണമൂർത്തി	ജനറൽ സെക്രട്ടറി, എം.ജി. യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘം.
125.	ശ്രീ. ആർ. കൃഷ്ണൻ	സംസ്കൃത അധ്യാപകൻ, ജി.യു.പി.എസ്., പായം, കണ്ണൂർ.
126.	പ്രൊഫ. കെ.പി. കൃഷ്ണൻകുട്ടി	ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, ഗവ:കോളേജ്, കോട്ടയം.
127.	ഡോ. ഇ. കൃഷ്ണൻ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്സ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
128.	ശ്രീ. വി.കെ. കൃഷ്ണൻ	വടക്കേടത്ത് മന, പി.ഒ നെട്ടിശ്ശേരി, തൃശൂർ-680 657.
129.	ഡോ. കെ. കൃഷ്ണൻ	സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം.ജി. യൂണിവേഴ്സിറ്റി.
130.	ശ്രീ. എൻ. കൃഷ്ണൻകുട്ടി നായർ	ശാസ്ത്രസാഹിത്യ പരിഷത്ത്. തിരുവനന്തപുരം.
131.	ഡോ. കൃഷ്ണപ്രസാദ് ശ്രീധർ	പ്രൊഫസർ ഓഫ് സൈക്കോളജി, കേരള യൂണിവേഴ്സിറ്റി.
132.	ശ്രീ. കെ.വി. കുഞ്ഞിക്കണ്ണൻ	പാനൂർ എച്ച്.എസ്.എസ്. കണ്ണൂർ.
133.	ശ്രീ. ടി.പി. കുഞ്ഞിക്കണ്ണൻ	ശാസ്ത്രസാഹിത്യ പരിഷത്ത്, ചാലപ്പുറം, കോഴിക്കോട്.

134.	ശ്രീ. കെ. കുഞ്ഞികൃഷ്ണൻ	പ്രിൻസിപ്പൽ, എസ്.എൻ.ടി.ടി.ഐ., നീലേശ്വർ.
135.	പ്രൊഫ. കെ. കുഞ്ഞികൃഷ്ണൻ	ഡയറക്ടർ ഓഫ് ഡിസ്റ്റന്റസ് എജ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്.
136.	പ്രൊഫ. വി. കുഞ്ഞാലി	കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ.
137.	പ്രൊഫ. കെ.കെ.എൻ. കുറുപ്പ്	വൈസ് ചാൻസലർ, കോഴിക്കോട് സർവകലാശാല.
138.	ശ്രീ. ഒ.എൻ.വി കുറുപ്പ്	ഇന്ദീവരം, വഴുതക്കാട്, തിരുവനന്തപുരം.
139.	ശ്രീ. കെ.കെ. കുര്യൻ	ബീമൗണ്ട്, ചാരാച്ചിറ, തിരുവനന്തപുരം-3.
140.	പ്രൊഫ. എം.എം. കുട്ടപ്പൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, കൊച്ചി യൂണിവേഴ്സിറ്റി.
141.	ശ്രീ. എം. ലക്ഷ്മീനാരായണഭട്ട്	റിട്ട. ടീച്ചർ, വടക്കാഞ്ചേരി, തൃശൂർ.
142.	ശ്രീമതി. ലളിത പ്രസാദ്	വിദ്യോദയ സ്കൂൾ, താവയ്ക്കൽ.
143.	ശ്രീമതി. ലില്ലി വർഗീസ്	റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. പൂജപ്പുര, തിരുവനന്തപുരം.
144.	പ്രൊഫ. മാധവൻ നായർ	എക്സിക്യൂട്ടീവ് സിൻഡിക്കേറ്റ് മെമ്പർ.
145.	മാമ്പറ്റ മാധവൻ	പുൽവട്ട, മലപ്പുറം.
146.	പ്രൊഫ. പി. മാധവൻ പിള്ള	ഡിപ്പാർട്ട്മെന്റ് ഓഫ് അപ്ലൈഡ് കെമിസ്ട്രി, കൊച്ചി യൂണിവേഴ്സിറ്റി.
147.	ശ്രീ. എ.വി. മാധവൻ	ഡയറ്റ്. പാലയാട്, കണ്ണൂർ.
148.	ശ്രീ. കെ. മാധവൻ	റിട്ട. എച്ച്.എം., ചപ്പാരപ്പടവ്, കണ്ണൂർ.
149.	ശ്രീ. മധു വെങ്ങാട്ട്	പ്രസിഡന്റ്, പി.എസ്.എസ്.ടി.യു, ഡിസ്ട്രിക്റ്റ് കമ്മിറ്റി, കണ്ണൂർ.
150.	ശ്രീ. സി. മധുസൂദനൻ	സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് യൂണിയൻ, കണ്ണൂർ.
151.	ഡോ. പി. മധുസൂദനൻ പിള്ള	സ്പെഷ്യൽ സെൽ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
152.	ശ്രീ. ജി. മഹാദേവൻ	ദി ഹിന്ദു, തിരുവനന്തപുരം.
153.	ഡോ. മാമൻ വർക്കി	പ്രിൻസിപ്പൽ, ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര.
154.	പ്രൊഫ. മാമൻ ജോർജ്ജ്	സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി.
155.	ശ്രീമതി. മംഗള എം	എച്ച്എസ്.എ., ഗവ:വി.എച്ച്.എസ്.എസ്. ചാത്തമംഗലം.
156.	ശ്രീ. കെ. മനോജ് കുമാർ	പി.ആർ.ഒ., എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം - 12.
157.	മനു ഭാസ്കർ	ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, കേരള സർവകലാശാല.
158.	Sr.മരിറ്റ	മാനേജർ, സെന്റ് തെരേസസ് കോളേജ്, എറണാകുളം.
159.	ശ്രീമതി. മേരി റോയി	കോർപ്പസ് ക്രിസ്റ്റി സ്കൂൾ, കുളത്തൂപ്പടി.
160.	ഡോ. എം.പി. മത്തായി	സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ്, എം.ജി. സർവകലാശാല.
161.	ഫാദർ. മാത്യു മലാപ്പറമ്പിൽ	സെന്റ് തോമസ് കോളേജ് പാലാ. (സെക്രട്ടറി, പ്രൈവറ്റ് കോളേജ്, മാനേജ്മെന്റ് അസോസിയേഷൻ).

162.	പ്രൊഫ. കെ. മാത്യു	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, ബെസിലിയേഴ്സ് കോളേജ്, കോട്ടയം.
163.	പ്രൊഫ. കെ.എം. മാത്യു	കേരള സെന്റർ ഫോർ ക്രിസ്ത്യൻ ഹയർ എജ്യുക്കേഷൻ, സി.എം.എസ്. കോളേജ് ക്യാമ്പസ്, കോട്ടയം.
164.	ശ്രീ. പി.ഒ. മാത്യു	റിട്ട. പ്രൊഫസർ, കെ.ആർ.പി. കൺവീനർ, ബി.എൽ.ഇ.സി., കൂത്തുപ്പറമ്പ്, കണ്ണൂർ.
165.	ഡോ. വി. മാത്യു കുര്യൻ	ഡിപ്പാർട്ട്മെന്റ് ഓഫ് എക്ണോമിക്സ്, ബെസിലിയസ് കോളേജ്.
166.	പ്രൊഫ. പി.വി. മീനാക്ഷി അമ്മാൾ	ലക്ച്ചറർ, സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസ്.
167.	ശ്രീമതി. മിനി സുകുമാർ	സ്ത്രീ പഠനകേന്ദ്രം, കുടമാളൂർ, കോട്ടയം.
168.	ശ്രീ. സി.കെ. മുഹമ്മദ്	മുസ്ലിം എജ്യുക്കേഷൻ സൊസൈറ്റി, മലപ്പുറം.
169.	ശ്രീ. എൻ. മുഹമ്മദ്	പ്രസിഡന്റ്, പി.ടി.എ., ജി.എം.എൽ. പി.എസ്. മഞ്ചേരി.
170.	ഡോ. മുഹമ്മദ് ഷാഫി	ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, കോഴിക്കോട് സർവകലാശാല.
171.	ശ്രീ. പി.എസ് മുഹമ്മദ് ബിസ്വ	പ്രസിഡന്റ്, തനലൂർ, ഗ്രാമപഞ്ചായത്ത്, മലപ്പുറം.
172.	പ്രൊഫ. മോഹൻ	കോഴിക്കോട് സർവകലാശാല ടീച്ചേഴ്സ് അസോസിയേഷൻ.
173.	ശ്രീ. കെ. മോഹനചന്ദ്രൻ	സെക്രട്ടറി, കൊച്ചി സർവകലാശാല എംപ്ലോയീസ് അസോസിയേഷൻ.
174.	ശ്രീ. എം.എസ്. മോഹനൻ	ഡയറ്റ്. തിരൂർ - 2, ബി.പി. അങ്ങാടി, മലപ്പുറം.
175.	ശ്രീ. എം. മോഹനകൃഷ്ണൻ	തേഞ്ഞിപ്പാലം.
176.	പ്രൊഫ. എം.കെ. മൂസാദ്	സെന്റർ ഫോർ അഡ്വാൻസ്ഡ് സോഫറ്റ്വെയർ എൻജിനീയറിംഗ്, കോഴിക്കോട്.
177.	ശ്രീ. കെ. മുരളി	ലക്ച്ചറർ, ഗവ: ആയുർവേദിക് കോളേജ്, കണ്ണൂർ.
178.	പ്രൊഫ. വി.എൻ. മുരളി	എം.ജി. കോളേജ്, തിരുവനന്തപുരം.
179.	ശ്രീ. വി. മുരളീധരൻ	ഡയറ്റ്. കാസർഗോഡ്.
180.	പ്രൊഫ. കെ. നാഗപ്പൻ പിള്ള	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, വി.ടി.എം. എൻ.എസ്.എസ്. കോളേജ്. ധനുവച്ചപുരം, തിരുവനന്തപുരം.
181.	പ്രൊഫ. എം.എൻ.വി. നായർ	ഇ-15, ജവഹർ നഗർ, തിരുവനന്തപുരം - 695 041.
182.	പ്രൊഫ. കെ.ജി. നായർ	ഗവ. എൻജിനീയറിംഗ് കോളേജ് ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷൻ.
183.	ശ്രീ. എസ്.കെ. നായർ	ഇടവട്ടം, തലയോലപ്പറമ്പ്.
184.	ശ്രീ. ടി.കെ.ജി.നായർ	എൻ.എസ്.എസ്., കോളേജ്, പന്തളം.
185.	ശ്രീമതി. നളിനി. എസ്	റിട്ട. ഡി.ഡി. വില്ലടം.

186.	ശ്രീമതി. കെ. നളിനി	എച്ച്.എസ്.എ., എം.സി ക്യാമ്പസ്സ്. എച്ച്.എസ്., കോഴിക്കോട്.
187.	ശ്രീ. വി.എം.കെ. നമ്പൂതിരി	പി.ജി.ടി.എ., എച്ച്.എസ്.എ. മലപ്പുറം.
188.	ശ്രീ. ടി.കെ.നാരായണദാസ്	ആർദ്ര, ഞങ്ങാട്ടിരി പി.ഒ, പട്ടാമ്പി-11.
189.	ഡോ. ടി.കെ. നാരായണൻ	അസോസിയേഷൻ ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ്.
190.	ശ്രീ. ഇ.ടി. നാരായണൻ	വട്ടോളി, കോഴിക്കോട്.
191.	പ്രൊഫ. കെ.വി. നാരായണൻ	ടീച്ചേഴ്സ് എജ്യുക്കേഷൻ സെന്റർ, കണ്ണൂർ.
192.	ഡോ. എം.വി. നാരായണൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, കോഴിക്കോട് യൂണിവേഴ്സിറ്റി.
193.	പ്രൊഫ. ഇ.കെ. നാരായണൻ	അപ്പൂഘർ, എസ്.എൻ. നഗർ, ഇരിങ്ങാലക്കുട.
194.	ഡോ. കെ.പി. നാരായണൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചി യൂണിവേഴ്സിറ്റി, കൊച്ചിൻ - 22.
195.	ശ്രീ. സി. നാരായണൻ കുട്ടി	ശാസ്ത്രസാഹിത്യ പരിഷത്ത്, പാലക്കാട്.
196.	പ്രൊഫ. വി. നാരായണൻ കുട്ടി	മുൻ പ്രസിഡന്റ് എ.കെ.പി.സി.ടി. എറണാകുളം.
197.	ശ്രീ. ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ	കൊടുങ്ങല്ലൂർ, തൃശൂർ.
198.	ശ്രീ. സി.എ. നസീർ	4 എ.,വിൽക്രെസ്റ്റ് പോയിന്റ്, ഗോൾഫ് ലിങ്ക്സ് റോഡ്, തിരുവനന്തപുരം-4.
199.	ഡോ. നൈനാൻ കോശി	അസിസ്റ്റന്റ് പ്രൊഫസർ.
200.	ശ്രീമതി. എസ്. നൂർജഹാൻ	എസ്.സി.ഇ.ആർ.ടി. പൂജപ്പുര, തിരുവനന്തപുരം.
201.	ശ്രീ. നുജും എ.	കെ.എസ്.എസ്.പി., പരിഷത്ത് ഭവൻ, തിരുവനന്തപുരം - 35.
202.	ശ്രീമതി. ഓമനക്കുട്ടി	ഡീൻ, ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സ്, കേരള സർവ്വകലാശാല.
203.	ഡോ. എം.എ. ഉമ്മൻ	ഐ.എം.ജി. തിരുവനന്തപുരം.
204.	ശ്രീ. കെ.വി. പത്മനാഭൻ	ഡയറ്റ്. പാലയാട്, കണ്ണൂർ.
205.	ശ്രീ. കെ.കെ. പത്മനാഭൻ	നരേന്ദ്രദേവ് നഗർ.
206.	ശ്രീ. പി. പത്മനാഭൻ നായർ	വിജയമന്ദിരം, തേഞ്ഞിപ്പാലം, മലപ്പുറം.
207.	ശ്രീ. കെ.കെ. പത്മനാഭൻ നമ്പ്യാർ	പളളിക്കുന്ന്, കണ്ണൂർ.
208.	ഡോ. പി.ജി. പണിക്കർ	മുൻ ഡയറക്ടർ, സി.ഡി.എസ്.
209.	ശ്രീമതി. വി. പങ്കജാക്ഷി	എസ്.സി.ഇ.ആർ.ടി. പൂജപ്പുര, തിരുവനന്തപുരം.
210.	ശ്രീ. വി.ജെ. പാപ്പു.	പ്രൊ. വി.സി., കൊച്ചി യൂണിവേഴ്സിറ്റി.
211.	പ്രൊഫ. കെ. പാപ്പൂട്ടി	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, ഗവ: കോളേജ്, മടപ്പളളി, വടകര.
212.	ശ്രീമതി. ആർ. പാർവ്വതീദേവി	ന്യൂസ് എഡിറ്റർ, ഏഷ്യാനെറ്റ്, തിരുവനന്തപുരം.
213.	ശ്രീ. കെ.പി. പോൾ	ഡെപ്യൂട്ടി റജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്.
214.	ഡോ. പി. പവിത്രൻ	റിസർച്ചർ ഇൻ മലയാളം, കോഴിക്കോട് യൂണിവേഴ്സിറ്റി.

215.	ശ്രീ. പി.ജെ. ഫിലിപ്പ്	സെന്റ് തോമസ് കോളേജ് കോഴഞ്ചേരി.
216.	പ്രൊഫ. എ.ആർ.വി. പിളള	ഗവ:എൻജിനീയറിംഗ് കോളേജ് ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷൻ.
217.	പ്രൊഫ. കെ.കെ.ജി. പിളള	ദീപ്തി, തീർത്ഥപാദപുരം, വാഴൂർ.
218.	പ്രൊഫ. പി.ആർ. പൊതുവാൾ	സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കൊച്ചി യൂണിവേഴ്സിറ്റി.
219.	ഡോ. പി.കെ. പോക്കർ	ലക്ചറർ ഇൻ ഫിലോസഫി, കോഴിക്കോട് സർവ്വകലാശാല.
220.	ശ്രീ. കെ. പ്രഭാകരൻ	ഡയറ്റ്, പാലയാട്, കണ്ണൂർ.
221.	ശ്രീ. എ.പി. പ്രഭാകരൻ	ജവഹർ നവോദയ വിദ്യാലയ, മടവൂർ പി.ഒ., കോട്ടയം - 10.
222.	ശ്രീ. പ്രദിപ് കുമാർ കെ.	അഗ്രി. കൾച്ചർ സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ്, കണ്ണൂർ.
223.	ശ്രീ. പ്രത്യുഷ ചന്ദ്രൻ	ജനറൽ സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് യൂണിയൻ, എം.ജി. യൂണിവേഴ്സിറ്റി.
224.	ശ്രീ.പി.വി. പുരുഷോത്തമൻ	അക്ഷര, സി.ആർ.സിക്കു സമീപം, കല്ല്യാശ്ശേരി പി.ഒ. കണ്ണൂർ - 670 562.
225.	ശ്രീ. പുഷ്പേന്ദ്ര കെ. ത്യാഗി	എസ്.എഫ്.ഐ., സി.ഇ.സി., ന്യൂഡൽഹി.
226.	ഡോ. പുഷ്പിതാ ജോൺ	റിട്ട. പ്രൊഫസർ, എജ്യൂക്കേഷൻ, കേരള യൂണിവേഴ്സിറ്റി.
227.	ഡോ. കെ. രാധ	ഹെഡ് ഓഫ് ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ഡീൻ, ഫാക്കൽറ്റി ഓഫ് ആർട്സ്, കേരള സർവകലാശാല.
228.	ശ്രീ. കെ.ടി. രാധാകൃഷ്ണൻ	പ്രസന്നം, ഇടക്കുളം പി.ഒ., കോഴിക്കോട് - 673 306.
229.	ഡോ. ടി.ഡി. രാധാകൃഷ്ണൻ നായർ	ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്.
230.	ഡോ. എസ് രാധാകൃഷ്ണൻ ചെട്ടിയാർ	യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
231.	ശ്രീമതി. രാധാമണി	ടീച്ചർ, എച്ച്.എസ്. കീഴുമുളളിക്കര, തൃശൂർ.
232.	ശ്രീമതി. ടി. രാധാമണി	ശാസ്ത്രസാഹിത്യ പരിഷത്ത്. തിരുവനന്തപുരം.
233.	ശ്രീ. രാഘവൻ കെ.കെ.	ബി.ആർ.സി., ട്രെയിനർ, ബി.ആർ.സി ചിറ്റാരിക്കൽ, പരപ്പ, കാസർഗോഡ്.
234.	ശ്രീ. കെ.വി. രഘുനന്ദൻ	റിട്ട. ടീച്ചർ, കണ്ണൂർ
235.	ശ്രീമതി. എ.വി. റാഹേലമ്മ	യൂണിവേഴ്സിറ്റി ലൈബ്രേറിയൻ, കേരള സർവകലാശാല.
236.	ഡോ. കെ.എൻ. രാജ്	സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, പ്രശാന്ത് നഗർ, മെഡിക്കൽ കോളേജ് പി.ഒ. തിരുവനന്തപുരം.
237.	ശ്രീ. രാജഗോപാൽ വാകത്താനം	വാകത്താനം, കോട്ടയം.
238.	പ്രൊഫ. ടി.എൻ. രാജഗോപാൽ	മുൻ പ്രസിഡന്റ്, എ.കെ.ജി.സി.ടി.
239.	ശ്രീ. ടി. രാജഗോപാൽ	എക്സിക്യൂട്ടീവ് എൻജിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, പഴശ്ശി സർക്കിൾ, കണ്ണൂർ.

240.	ശ്രീ. രാജഗോപാല മേനോൻ	പുലാമന്തോൾ, കോട്ടയം.
241.	ഡോ. ആർ.ബി.രാജലക്ഷ്മി	സുരഭി, എൻ.പി. – 6/389, നിറമൺകര, കൈമനം പി.ഒ. തിരുവനന്തപുരം.
242.	ഡോ. ജെ. രാജൻ	Sr. ലക്ച്ചറർ ഇൻ കോമേഴ്സ്, ഗവ. കോളേജ്, കല്പറ്റ.
243.	ഡോ. പി.കെ. രാജൻ	കാര്യവട്ടം പി.ഒ., തിരുവനന്തപുരം.
244.	ഡോ. രാജൻ ഗുരുക്കൾ	സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, എം.ജി. യൂണിവേഴ്സിറ്റി.
245.	ശ്രീ. പി.വി. രാജൻ	എച്ച്. എം. ജി.എൽ.പി.എസ്., കുനിത്തല, കണ്ണൂർ.
246.	ഡോ. എ.ആർ. രാജൻ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്, കേരള സർവ്വകലാശാല.
247.	ശ്രീ. രാജശേഖര വാര്യർ	ശാസ്ത്രസാഹിത്യ പരിഷത്ത്, കൊല്ലം.
248.	ഡോ. വി.എൻ. രാജശേഖരൻ പിള്ള	വൈസ് ചാൻസലർ, എം.ജി. സർവകലാശാല.
249.	ഡോ. ഡി. രാജേന്ദ്രൻ	യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
250.	ശ്രീമതി. രാജി. എ.എസ്.	ഗവ: എച്ച്.എസ്. വാഴക്കോട്.
251.	ശ്രീ. എ. രാമചന്ദ്രൻ	എൻ.ജി.ഒ. യൂണിയൻ, തിരുവനന്തപുരം.
252.	ഡോ. എം. രാമചന്ദ്രകൈമൾ	ഡീൻ, കമ്പ്യൂട്ടർ സയൻസ്, കേരള സർവകലാശാല.
253.	ഡോ. കെ. രാമചന്ദ്രൻ	റിട്ട. ഡി.ഡി.ഇ. തിരുവനന്തപുരം.
254.	ഡോ. എൻ. രാമചന്ദ്രൻ	കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, എം.ജി. സർവകലാശാല.
255.	പ്രൊഫ. രാമകൃഷ്ണൻ	കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ.
256.	ശ്രീ. രമണൻ കെ.പി.	കെ.എസ്.ടി.എ. തിരുവനന്തപുരം.
257.	ശ്രീമതി. രമണി	ഗവ: എച്ച്.എസ്. വാഴക്കോട്.
258.	ശ്രീ. എസ്. രാമനുണ്ണി	സുജനിക, കുണ്ടൂർകുന്ന്, മണ്ണാർക്കാട് – 678 583.
259.	ശ്രീ. കെ.എസ്. രഞ്ജിത്ത്	എ.കെ.ജി സെന്റർ, തിരുവനന്തപുരം.
260.	ശ്രീ. രഞ്ജിത്ത് ഇ.ആർ	പി.ഡി. ടീച്ചർ, എൽ.പി.എസ്. ഇടയാർ, കണ്ണൂർ.
261.	ശ്രീമതി. രതി എം.	പ്രീ-പ്രൈമറി ടീച്ചർ, ബേപ്പൂർ.
262.	ശ്രീ. രവീന്ദ്രൻ	ഡിസ്ട്രിക്ട് കൗൺസിൽ, ഡി.പി.ഇ.പി., മലപ്പുറം.
263.	ശ്രീ. എം.വി. രവീന്ദ്രൻ	പരീക്ഷാ ഭവൻ, കാലിക്കറ്റ് സർവകലാശാല.
264.	ശ്രീ. വി. രവീന്ദ്രൻ	ഹരിതം, വെള്ളനാട് പി.ഒ., തിരുവനന്തപുരം.
265.	പ്രൊഫ. പി.കെ. രവീന്ദ്രൻ	ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, മഹാരാജാസ് കോളേജ്, എറണാകുളം.
266.	ശ്രീമതി. കെ. രമ	ഗവ: എൽ.പി.എസ്, മാമ്പ്ര, കറുകുറ്റി പി.ഒ., തൃശൂർ.
267.	പ്രൊഫ.എൻ.രമാകാന്തൻ	മഹാരാജാസ് കോളേജ്, എറണാകുളം.
268.	ശ്രീമതി. ടി. രുഗ്മിണി	ടെയിലറിംഗ് ടീച്ചർ, ഇക്കാരൂൾ പി.ഒ, കോഴിക്കോട്.

269.	ശ്രീ. സദാശിവൻ	വാടോച്ചാൽ, പനമരം, വയനാട്.
270.	ഡോ. എസ്. സജീവ്	ഫാക്കൽറ്റി മെമ്പർ, ഐ.എം.ജി.
271.	പ്രൊഫ. എ. സലാവുദ്ദീൻ കുഞ്ഞ്	ഉഷസ്, ടി.സി. 15/2047, വിമൻസ് കോളേജ് ലെയിൻ, വഴുതക്കാട്, തിരുവനന്തപുരം - 14.
272.	പ്രൊഫ. എം. സാലീഹു	പ്രൊ. വി.സി., കേരള സർവകലാശാല.
273.	ശ്രീ. സി.ജി. ശാന്തകുമാർ	ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
274.	ശ്രീമതി. ശാന്തമ്മ കെ.	ശാസ്ത്രസാഹിത്യ പരിഷത്ത്, കണ്ണൂർ.
275.	ശ്രീമതി. ശാന്തമ്മാ സക്കറിയ	എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം.
276.	ഡോ. ശാരദാമണി	ഇ.2, ശ്രീവിലാസ ലെയിൻ, കവടിയാർ, തിരുവനന്തപുരം.
277.	ശ്രീ. ടി. ശശിധരൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിയോളജി, കാലിക്കറ്റ് സർവകലാശാല പി.ഒ.
278.	ശ്രീമതി. ശശികല.	ടീച്ചർ, യു.പി., തൃശൂർ.
279.	ശ്രീ. ജെ. ശശികുമാർ	എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.
280.	ശ്രീ. ശശികുമാർ എം.പി.	കൺവീനർ, താടന്നൂർ ബ്ലോക്ക് എജ്യൂക്കേഷൻ കമ്മിറ്റി, മണിയൂർ നോർത്ത് എൽ.പി.എസ്, പി.ഒ.മണിയൂർ - 673 525.
281.	പ്രൊഫ. പി.കെ. ശശി	യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
282.	ശ്രീ. എൻ.കെ. സത്യപാലൻ	അസിസ്റ്റന്റ് പൊഫസർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
283.	സെക്രട്ടറി	കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ, കാലിക്കറ്റ് സർവകലാശാല.
284.	സെക്രട്ടറി	കൊച്ചിൻ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ.
285.	ശ്രീമതി. കെ.കെ. ഷാഹിന	ഏഷ്യാനെറ്റ്, തിരുവനന്തപുരം.
286.	ശ്രീ. എം. ഷാജഹാൻ	ഗവ: എച്ച്.എസ്. കൊടുവാഴന്നൂർ, തിരുവനന്തപുരം.
287.	ഡോ. എൻ. ഷാജി	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, മഹാരാജാസ് കോളേജ്, എറണാകുളം.
288.	ഡോ. ഷാജി വർക്കി	ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്സ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
289.	ഡോ. കെ.സി. ശങ്കരനാരായണൻ	കൊച്ചിൻ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ.
290.	ശ്രീ. എം. എൻ. ശങ്കരനാരായണൻ	ടി.സി. 25/1635, കുമിളി ലെയിൻ, തമ്പാനൂർ, തിരുവനന്തപുരം.
291.	ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്	എ.കെ.ജി. സെന്റർ, തിരുവനന്തപുരം-1.
292.	ശ്രീ. സി.എൻ. ശങ്കരൻ നമ്പൂതിരി	ചൂരക്കാട്ട് ഇല്ലം, കുമാരനെല്ലൂർ, കോട്ടയം.
293.	ശ്രീ. ടി.എം. ശങ്കരൻ	ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കോളേജ്

		ഓഫ് ഫിഷറീസ്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി.
294.	പ്രൊഫ. ഷിബു. എസ്	ലക്ച്ചറർ ഇൻ ഫിസിക്സ്, എസ്.എൻ.കോളേജ്, വർക്കല.
295.	ശ്രീ. ഷിബു. വി.സി.	എൽ.എൽ.ബി. സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം.
296.	ശ്രീ. പി. ശിവശങ്കരൻ	ഗവ:ടി.ടി.ഐ. കണ്ണൂർ.
297.	ശ്രീമതി. ഷൈല	അനർട്ട്, ഇടശ്ശേരി.
298.	ശ്രീമതി. സിസിലി പി.പി.	ഖാദി ബോർഡ്, വടകര.
299.	ശ്രീമതി. പി.ഡി. സീതാ ദേവി	പ്രോഗ്രാം ഓഫീസർ, ഐ.എം.ജി. തിരുവനന്തപുരം.
300.	ഡോ. എസ്. ശിവദാസ്	ടി.സി.24/1312, ലെനിൻ നഗർ, പാളയം, തിരുവനന്തപുരം – 14.
301.	ശ്രീ. പി. ശിവദാസൻ	ഡി.ഐ.എ.ടി., മലപ്പുറം, തിരൂർ–2,
302.	ശ്രീ. സി.പി. ശിവൻ	റിട്ട. എച്ച്.എം., കല്ല്യാശ്ശേരി, കണ്ണൂർ.
303.	ശ്രീ. ശിവരാമകൃഷ്ണൻ	ശാസ്ത്രസാഹിത്യ പരിഷത്ത്. വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം–35.
304.	ശ്രീ. ശിവരാമൻ ആചാരി	ബി.ആർ.സി. മലപ്പുറം.
305.	പ്രൊഫ. ശിവരാമൻ	ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, കേരള ഗവൺമെന്റ്.
306.	ഡോ. കെ. സോമൻ	മുൻ എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് കമ്മീഷണർ, കേരള ഗവൺമെന്റ്.
307.	ശ്രീ. പി. സോമനാഥൻ	പൗർണ്ണമി, മുണ്ടയ്ക്കൽ, കൊല്ലം–1.
308.	ശ്രീമതി. സോണിയ ഇ.പി.	കുളക്കാട്ടുച്ചായൽ.
309.	ശ്രീമതി. സോഫി ജോസ്	സെന്റ് സേവിയേഴ്സ് കോളേജ്, തുമ്പ.
310.	ശ്രീ. കൊടക്കാട് ശ്രീധരൻ	മേലടി, വടകര, കോഴിക്കോട്.
311.	ശ്രീ. ശ്രീധരൻ നായർ	പ്രസിഡന്റ്, റക്കഗ്നൈസ്ഡ് സ്കൂൾസ് അസോസിയേഷൻ, എൻ.എസ്.എസ്. ഹെഡ്ക്വാട്ടേഴ്സ്. ചങ്ങനാശ്ശേരി.
312.	പ്രൊഫ. കെ. ശ്രീധരൻ	പുലരി, പി.ഒ. ചേവായൂർ, കോഴിക്കോട് – 673 007.
313.	ശ്രീ. ശ്രീകുമാർ. ആർ	റിസർച്ച് സ്കോളർ, സ്കൂൾ ഓഫ് ബയോസയൻസ്, എം.ജി. സർവകലാശാല.
314.	ശ്രീ. വി. ശ്രീകുമാർ	അസി. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിറ്ററേച്ചർ, തിരുവനന്തപുരം – 695 003.
315.	ശ്രീമതി. ശ്രീകുമാരിഅമ്മ. ബി	എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.
316.	ശ്രീ. ജി. സ്റ്റാലിൻ	ജയപുരം, ഐക്കാട്, കൊടുമൺ പി.ഒ. പിൻ–691 555.
317.	ശ്രീ. വി. സ്റ്റാലിൻ	ജനറൽ സെക്രട്ടറി, കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ.

318.	ശ്രീ. എൻ. സുബ്രഹ്മണ്യം	സോഷ്യലിസ്റ്റ് പാത, കാർട്ടർലി, പയ്യന്നൂർ.
319.	ഡോ. എം.ആർ. സുദർശനകുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, എം.ജി. കോളേജ്, തിരുവനന്തപുരം-4.
320.	ശ്രീ. വി.കെ. സുധീന്ദ്രകുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്, കേരള യൂണിവേഴ്സിറ്റി.
321.	ശ്രീമതി. സുദർശനാഭായി. കെ.	ഗവ: ഹൈസ്കൂൾ, പി.ഒ. കല്പകഞ്ചേരി, മലപ്പുറം.
322.	ശ്രീമതി. സി.എം.സുധ	അനർട്ട്, ഇടശ്ശേരി.
323.	ശ്രീ. ടി.പി. സുധാകരൻ	കോ.ഓർഡിനേറ്റർ (ഡി.പി.ഇ.പി.), സി-ഡിറ്റ്, തിരുവല്ലം പി.ഒ., തിരുവനന്തപുരം - 27.
324.	ശ്രീ. ആർ. സുധൻ	രാമാജിൻ, റെയിൽവേസ്റ്റേഷൻ, കഴക്കൂട്ടം.
325.	പ്രൊഫ. പി.വി.സുഗതൻ	ഗവ: എൻജിനീയറിംഗ് കോളേജ് ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷൻ.
326.	ഡോ. എം.കെ. സുകുമാരൻ നായർ	ഡിപ്പാർട്ട്മെന്റ് ഓഫ് അപ്ലൈഡ് എക്കണോമിക്സ്, കൊച്ചി യൂണിവേഴ്സിറ്റി.
327.	ശ്രീ. ടി.പി. സുകുമാരൻ	എച്ച്.എസ്.എ., പൊയിൽകാവ് എച്ച്.എസ്, ഇടക്കുളം പി.ഒ., കൊയിലാണ്ടി.
328.	ശ്രീമതി. സുലോചന. എസ്.	എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.
329.	ശ്രീമതി. സുമംഗലാദേവി. ജെ.	ഹെഡ്മിസ്ട്രസ്, ചിന്മയവിദ്യാലയ, കഴക്കൂട്ടം.
330.	ശ്രീമതി. എൽ. സുമതി	അസി. പ്രൊഫസർ, പി.ഇ.സി., എസ്.സി.ഇ.ആർ.ടി., പൂജപ്പുര, തിരുവനന്തപുരം.
331.	ശ്രീ. വി.എസ്. സുനിൽകുമാർ	എ.ഐ.എസ്.എഫ്, തൃശൂർ.
332.	ശ്രീ. സുനിൽ. കെ.	റിസർച്ച് സ്റ്റുഡന്റ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം.
333.	ശ്രീ. കെ.റ്റി. സുരേന്ദ്രൻ	പ്രിൻസിപ്പൽ, വെള്ളനാട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, വെള്ളനാട് പി.ഒ., തിരുവനന്തപുരം.
334.	ശ്രീ. സി.വി. സുരേന്ദ്രൻ	ടി.സി. 13/370(1), കുന്നുകുഴി പി.ഒ, തിരുവനന്തപുരം.
335.	ഡോ. കെ.വി. സുരേന്ദ്രൻ	നവനീത്, തലശ്ശേരി - 6, കണ്ണൂർ.
336.	പ്രൊഫ. എം.ആർ. സുരേന്ദ്രനാഥ്	വി.ടി.എം. എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം, തിരുവനന്തപുരം.
337.	ശ്രീ. ബി. സുരേഷ് ബാബു	പ്രസിഡന്റ്, തോടന്നൂർ ബ്ലോക്ക്പഞ്ചായത്ത്.
338.	ശ്രീ. കെ. സുരേഷ് കുമാർ ഐ.എ.എസ്	മുൻ ഡയറക്ടർ, ഡി.പി.ഇ.പി.
339.	ശ്രീ. സുരേഷ്	സെക്ഷൻ ഓഫീസർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.
340.	ശ്രീ. ആർ. സൂര്യനാരായണസ്വാമി	പി.എസ്. റ്റു വി.സി., എം.ജി. യൂണിവേഴ്സിറ്റി.
341.	ശ്രീ. തമ്പാൻ സി.വി.	ശാസ്ത്രസാഹിത്യ പരിഷത്ത്., കാനായി പി.ഒ.
342.	ശ്രീ. എം. ടി. തരിയൻ	സി.എസ്.ഐ. മദ്ധ്യകേരള ഡയോസൈസ്
343.	പ്രൊഫ. തോമസ് ഉഴുവത്ത്	പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, മാവേലിക്കര.

344.	ശ്രീമതി. ത്രേസ്യാമ്മ ചാക്കോ	വിമൻസ് കോളേജ്, അങ്കമാലി.
345.	ശ്രീ. തുളസീധരൻ ആചാരി	ലക്ചറർ, ഗവ: കോളേജ്, തൃശൂർ.
346.	ശ്രീ. എം.എം. ടോണി	മലിച്ചാലിൻ, പുൽപ്പള്ളി പി.ഒ., കബനിഗിരി.
347.	ശ്രീ. പി.കെ. ഉബൈദുള്ള	സോളിഡാരിറ്റി ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ്.
348.	എം.എസ്. ഉമാദേവി	വിദ്യാർത്ഥി, എസ്.കെ.വി. കോളേജ്, തൃശൂർ.
349.	ഡോ. എസ്. ഉമാദേവി	ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്ണോമിക്സ്, കേരള സർവകലാശാല.
350.	ഡോ. കെ. ഉണ്ണികൃഷ്ണൻ	അസോസിയേഷൻ ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ്.
351.	ഡോ. ഉണ്ണികൃഷ്ണൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി, കാലിക്കറ്റ് സർവ്വകലാശാല.
352.	ഡോ. പി.വി. ഉണ്ണികൃഷ്ണൻ	കേരള ഫിലോസഫി അസോസിയേഷൻ, കോഴിക്കോട്.
353.	ഡോ. എൻ.വി.പി. ഉണിത്തിരി	ഡിപ്പാർട്ട്മെന്റ് ഓഫ് സാൻസ്ക്രീറ്റ്, കാലിക്കറ്റ് സർവകലാശാല.
354.	ശ്രീമതി. കെ. ഉഷ	C/o. എ.പി. പ്രഭാകരൻ, ജവഹർ നവോദയ വിദ്യാലയ, കോട്ടയം - 10.
355.	ശ്രീമതി. ഉഷ ശ്രീനിവാസ്	ബേപ്പൂർ ഓർഫനേജ് സ്കൂൾ, ബേപ്പൂർ.
356.	ശ്രീ. കെ. വരദരാജൻ	പ്രസിഡന്റ്, എൻ.ജി.ഒ. യൂണിയൻ, തിരുവനന്തപുരം.
357.	ശ്രീ. കെ.എം. വർഗീസ്	സെന്റ് മേരീസ് കോളേജ്, മണക്കാട്, കോട്ടയം.
358.	ഡോ. വർഗീസ് പാലമറ്റം	പ്രിൻസിപ്പൽ, സെന്റ് സേവിയേഴ്സ് കോളേജ്, വൈക്കം.
359.	ശ്രീ. സി.പി. വർക്കി	ക്രൈസ്റ്റ് ഹാൾ, കോഴിക്കോട്.
360.	ഡോ. വർമ്മ	ആയുർവേദ കോളേജ്, കണ്ണൂർ.
361.	പ്രൊഫ. വി.എസ്. വർമ്മ	ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, ഡൽഹി യൂണിവേഴ്സിറ്റി, ഡൽഹി-7.
362.	ശ്രീമതി. പി.വി. വസന്തകുമാരി	ഗവ: എച്ച്. എസ്., അഷ്ടമിച്ചിറ.
363.	ശ്രീമതി. വസന്താ രാംകുമാർ	ഡീൻ, ഫാക്കൽറ്റി ഓഫ് എജ്യുക്കേഷൻ, കേരള സർവകലാശാല.
364.	ശ്രീ. എം.കെ. വാസുദേവൻ	കൊടുവള്ളി, കോഴിക്കോട്.
365.	പ്രൊഫ. പി.എ. വാസുദേവൻ	അക്ഷരം, വിദ്യാനഗർ, പാലക്കാട്.
366.	ശ്രീ. വാസുദേവൻ ഉണ്ണി	പ്രിൻസിപ്പൽ, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.
367.	ശ്രീമതി. വസുമതി.പി.	എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം.
368.	ശ്രീ. വേലായുധൻ	പന്തീരാങ്കാവ് എച്ച്.എസ്.എ., രാമനാട്ടുകര ഹൈസ്കൂൾ, വൈദ്യരങ്ങാടി - 673 633.
369.	ശ്രീ. ടി.വി. വെങ്കിടേശ്വരൻ	Sr. ലക്ച്ചറർ (സയൻസ് കമ്മ്യൂണിക്കേഷൻ), സി-ഡിറ്റ്, തിരുവനന്തപുരം - 695 027.
370.	ഡേ. കെ.പി. വിജയകുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് മാത്സ്, കൊച്ചിൻ യൂണിവേഴ്സിറ്റി.
371.	ഡോ. ബി. വിജയകുമാർ	ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം.

372.	ഡോ. കെ.സി. വിജയകുമാർ	ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ്, കാലിക്കറ്റ് സർവകലാശാല.
373.	ശ്രീമതി. വിജയലക്ഷ്മി	സാരംഗ്, ചിറ്റൂർ, പാലക്കാട്.
374.	ശ്രീ. കെ. വിക്രമൻ നായർ	സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, എം.ജി. യൂണിവേഴ്സിറ്റി.
375.	ഡോ. ഡി. വിനയചന്ദ്രൻ	സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം.ജി. യൂണിവേഴ്സിറ്റി.
376.	ശ്രീ. പി.വി വിനോദ് കുമാർ	ശാസ്ത്രസാഹിത്യ പരിഷത്ത്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം-35.
377.	ഡോ. വിനോദ് റെയ്ന	ബി.ജി.വി.എസ്., വെസ്റ്റ് ബ്ലോക്ക് II, വിങ്ങ്-6, സെക്ടർ-1, ആർ.കെ.പുരം, ന്യൂഡൽഹി - 110 066.
378.	ശ്രീ. കെ.കെ. വിശ്വനാഥൻ	എ.കെ.ജി.സി.ടി., തിരുവനന്തപുരം.
379.	ഡോ. എം.എസ്. വിശ്വംഭരൻ	ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി, കാലിക്കറ്റ് സർവകലാശാല.
380.	പ്രൊഫ. ടി.കെ. വിശ്വംഭരൻ	കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ.
381.	ശ്രീ. ടി.പി. വിശ്വനാഥൻ	തെക്കേപുറത്ത്, കാരാണിപ്പറമ്പ്, മാവൂർ, കോഴിക്കോട്.
382.	ശ്രീ. യശോദരൻ മംഗലത്ത്	ടീച്ചർ, കോഴിക്കോട്.

പട്ടികകൾ

1.1 കേരളത്തിലെ സാക്ഷരതാ വളർച്ച ➢ 19

1.2 തിരുവിതാംകൂറിലെ മലയാള വിദ്യാഭ്യാസത്തിൻെറ വളർച്ച ➢ 20

1.3 തിരുവിതാംകൂറിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും സ്കൂൾ പ്രവേശനത്തിൻേറയും വളർച്ച (1884–1947) ➢ 21

1.4 കേരളത്തിൽ വിവിധതലങ്ങളിലെ പ്രവേശനത്തിൻെറ ഘടന 1960–61 മുതൽ 1996–97 വരെ ➢ 23

3.1 സാക്ഷരതാതോത് (ശതമാനം) 1991 ➢ 37

3.2 ഓരോ പത്ത് ച.കി.മീറ്ററിലും ഓരോ ലക്ഷം ജനസംഖ്യയ്ക്കും ലഭ്യമായ സ്കൂളുകളുടെ എണ്ണം ➢ 38

3.3 സ്കൂളുകളിലെ വിദ്യാർഥി പ്രവേശനം (ലക്ഷങ്ങളിൽ) ➢ 39

3.4 വിവിധഘട്ടങ്ങളിലുള്ള സ്കൂളുകളുടെ സ്ഥാനവും ദൂരവും സൗകര്യം ലക്ഷ്യമാകുന്ന ജനങ്ങളുടെ തോതും (ഗ്രാമങ്ങളിൽ) ➢ 40

3.5 ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സ്കൂൾ പ്രവേശനം (1–10) ➢ 40

3.6 ഗവൺമെൻറ്, എയ്ഡഡ്, അൺ-എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ നിലനിൽപ് പുരോഗതിയുടെ സാമ്പിൾ ➢ 41

3.7 കേരളത്തിലെ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ ➢ 43

3.8 അധ്യാപക-വിദ്യാർഥി അനുപാതം ➢ 45

3.9 സ്കൂൾ പ്രായക്കാരുടെ ജനസംഖ്യാപരമായ പ്രവണതകൾ ➢ 45

3.10 കേരളത്തിൽ ആദായകരമല്ലാത്ത സ്കൂളുകൾ ➢ 46

3.11 കേരളത്തിൽ സംരക്ഷിതാധ്യാപകർ (1996–97) ➢ 47

3.12 എസ്.എസ്.എൽ.സി. ഫലം 1993–1998 ➢ 49

3.13 കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ➢ 52

3.14 എസ്.എസ്.എൽ.സി. പാസാകുന്നവരുടെ തുടർന്നുള്ള വിദ്യാഭ്യാസം ➢ 52

3.15 1998-99ലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ബാച്ചുകളുടെയും എണ്ണം ➢ 53

3.16 1998-99ൽ ഹയർ സെക്കണ്ടറി തലത്തിൽ പ്രവേശനം നേടിയവരുടെ എണ്ണം ➢ 54

3.17 കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പ്രവേശനം ➢ 60

8.1 വിദ്യാഭ്യാസത്തിനായുള്ള കേരളസർക്കാരിൻെറ ചെലവ് 1990–91 മുതൽ 1996–97 വരെ (രൂപ കോടിയിൽ) ➢ 144

8.2 വിദ്യാഭ്യാസവകുപ്പിൻെറയും ഇതര വകുപ്പുകളുടെയും വിദ്യാഭ്യാസത്തിനായുള്ള ചെലവ് (റവന്യൂ കണക്കുകൾ) (എ). മൊത്തം സംസ്ഥാന ബഡ്ജറ്റിൻെറ ശതമാനം എസ്.ഡി.പി.യുടെ തോത് (ബി) - കേരളം ➢ 145

8.3 വിദ്യാഭ്യാസത്തിനായുള്ള വകുപ്പിൻെറ ചെലവുകൾ (റവന്യൂ ബോർഡ്) സംസ്ഥാന ബഡ്ജറ്റിൻെറ ശതമാനത്തിൽ (എ) എസ്.ഡി.പി. (ബി) ➢ 146

8.4 വിദ്യാഭ്യാസത്തിനായുള്ള മൊത്തം ചെലവിൽ വിദ്യാഭ്യാസത്തിൻെറ ഓരോ ഉപമേഖലയ്ക്കുമുള്ള ചെലവിൻെറ ശതമാനം (റവന്യൂ അക്കൗണ്ട്) കേരളം ➢ 147

8.5 വിവിധ ഘട്ടങ്ങളിൽ ഓരോ വിദ്യാർഥിക്കുമായുള്ള വിദ്യാഭ്യാസ ചെലവ് ➢ 149

8.6 പൊതുവിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്കായി ഓരോ വിദ്യാർഥിക്കും വേണ്ട ശരാശരി വാർഷിക ചെലവിൻെറ സംഖ്യ ➢ 150

8.7 പൊതു വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി ഓരോ വിദ്യാർഥിക്കും വേണ്ട ശരാശരി പ്രതിവർഷ ചെലവ് ➢ 151

8.8 പൊതുവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി ഓരോ വിദ്യാർഥിക്കുമുള്ള വാർഷികച്ചെലവിൻെറ ശരാശരി സംഖ്യ ➢ 151

8.9 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വരുമാന സ്രോതസ്സ് (ശതമാനത്തിൽ) ➢ 152

8.10 സംസ്ഥാനത്തെ ചെലവിൻെറ പണം വകയിരുത്തുന്നതിൽ തനത് ഫണ്ടിൻെറ ഓഹരി (1974–97) (ശതമാനക്കണക്കിൽ) ➢ 153

8.11 സംസ്ഥാന ആഭ്യന്തരോത്പാദനവും വിഭവങ്ങളും തമ്മിലുള്ള അനുപാതം (ശതമാനത്തിൽ.) ➢ 154

8.12 റവന്യൂ മിച്ചം / കമ്മിയും റവന്യൂ ചെലവും തമ്മിലുള്ള അനുപാതം (1974–97 ശതമാനത്തിൽ) ➢ 155

8.13 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വർഗീകരണം 1996–97 (വർഷം) ➢ 156

8.14 സർവകലാശാലകൾക്ക് സംസ്ഥാന സർക്കാരിൻെറ പദ്ധതി-പദ്ധതിയേതര ഗ്രാൻറുകൾ (ലക്ഷത്തിൽ) ➢ 159

8.15 സർവകലാശാല വിദ്യാഭ്യാസത്തിനുള്ള പദ്ധതിയേതര ചെലവ് (ലക്ഷത്തിൽ) ➢ 160

8.16 എട്ടാം പദ്ധതിക്കാലത്ത് സർവകലാശാലകളുടെ അടങ്കലും ചെലവും ➢ 162

9.1 കേരളത്തിലെ തൊഴിലന്വേഷകരുടെ - വിദ്യാഭ്യാസ നിലവാരത്തിൻെറ അടിസ്ഥാനത്തിലുള്ള - വിതരണം ➢ 166